# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 10, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 194 –നമ്പർ 1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 10, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ* |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

* 18-ാം ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് 18-06-2024 പ്രാബല്യത്തിൽ അംഗത്വം രാജിവച്ചു.

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ) (എസ്.സി.)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ) (എസ്.സി.)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര) (എസ്.സി.)
17. ശ്രീമതി സി. കെ. ആശ (വൈക്കം) (എസ്.സി.)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി) (എസ്.ടി.)

25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. ചാണ്ടി ഉമ്മൻ (പുതുപ്പള്ളി)

28. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)

29. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)

30. ശ്രീമതി ദെലീമ (അരൂർ)

31. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

32. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

33. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ) (എസ്.സി.)

34. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)

35. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

36. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

37. ഡോ. കെ. ടി. ജലീൽ (തവനൂർ)

38. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)

39. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

40. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

41. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

42. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)

43. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

44. ശ്രീ. വി. ജോയി (വർക്കല)

45. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി) (എസ്.ടി.)

46. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

47. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

48. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)

49. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)

50. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ) (എസ്.സി.)

51. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

52. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

53. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

54. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

55. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

56. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

57. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

58. ശ്രീ. മാണി സി. കാപ്പൻ (പാലാ)

59. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

60. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

61. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

62. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

63. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

67. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

68. ശ്രീ. എം. മുകേഷ് (കൊല്ലം)

69. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക) (എസ്.സി.)

70. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

73. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

74. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

82. ശ്രീമതി യു. പ്രതിഭ (കായംകുളം)

83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര) (എസ്.സി.)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

87. ശ്രീ. എ. രാജ (ദേവികുളം) (എസ്.സി.)

88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

89. ശ്രീ. കെ. രാജൻ (ഒല്ലൂർ)

90. ശ്രീ. പി. രാജീവ് (കളമശ്ശേരി)

91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

92. ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

97. ശ്രീമതി കെ. കെ. രമ (വടകര)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി) (എസ്.സി.)

101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്) (എസ്.സി.)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്) (എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)*

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)

118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്) (എസ്.സി.)

119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

120. ഡോ. സുജിത് വിജയൻപിള്ള (ചവറ)

121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)

122. ശ്രീ. പി. പി. സുമോദ് (തരൂർ) (എസ്.സി.)

* 18-ാം ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് 12-06-2024 പ്രാബല്യത്തിൽ അംഗത്വം രാജിവച്ചു.

123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)

126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)

129. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

130. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)

131. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ (വൈപ്പിൻ)

132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)

133. ശ്രീമതി വീണാ ജോർജ് (ആറന്മുള)

134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)

137. ശ്രീ. എം. വിൻസെന്റ് (കോവളം)

138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)

140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തിരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷുറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ,

ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവെ

സോയിൽ കൺസർവേഷൻ

കാർഷിക സർവകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി***

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ

സർവെയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

* 18-ാം ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് 18-06-2024 പ്രാബല്യത്തിൽ അംഗത്വം രാജിവച്ചു.

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി**

രജിസ്ട്രേഷൻ

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: തുറമുഖ-സഹകരണ വകുപ്പുമന്ത്രി**

തുറമുഖം

സഹകരണം

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.8704/Table-1/2024/Leg Thiruvananthapuram, 26th May, 2024.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Eleventh Session at 09.00 a.m. on Monday, 10th June, 2024 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ പതിനൊന്നാം സമ്മേളനത്തിലേയ്ക്കായി 2024 ജൂൺ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

Shaji C. Baby,
Secretary-in-Charge,
Kerala Legislative Assembly

**ഉള്ളടക്കം** **പേജ്**


**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II അറിയിപ്പ്**

**III അനുമോദനം**

ശ്രീ. പ്രഭാവർമ്മയ്ക്ക് അനുമോദനം

**IV ചെയർപേഴ്സൺമാരുടെ പാനൽ**

**V അടിയന്തരപ്രമേയം**

ബാർ കോഴ

- ശ്രീ. റോജി എം. ജോൺ
(അവതരണാനുമതി നിഷേധിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

ദേശീയപാതാ നിർമ്മാണംമൂലമുണ്ടാകുന്ന ട്രാഫിക് പ്രശ്നങ്ങൾ
- ശ്രീ. ടി. പി. രാമകൃഷ്ണൻ

**VII സബ്മിഷൻ**

1. വൈപ്പിനിലെ വെള്ളപ്പൊക്ക നിവാരണ നടപടികൾ
- ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

2. അഴീക്കലിൽ പുതിയ ബോട്ടുകൾ അനുവദിക്കൽ
- ശ്രീ. കെ. വി. സുമേഷ്

3. അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി

- ശ്രീ. ഇ. ചന്ദ്രശേഖരൻ

4. ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കൽ

- ശ്രീ. വി. ആർ. സുനിൽ കുമാർ

5. പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

- ശ്രീ. പി. പി. സുമോദ്

6. കാസർഗോഡ് വീരമലക്കുന്നിന്റെ സംരക്ഷണം

- ശ്രീ. എം. രാജഗോപാലൻ

**VIII റിപ്പോർട്ട് സമർപ്പണം**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ നാലാമത് റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി X-ന്റെ വനമേഖലയിലെ ഇക്കോ ടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും

**IX നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:**

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ
(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2024 ജൂൺ 10, തിങ്കൾ

---

വാല്യം 194}    ഔദ്യോഗിക റിപ്പോർട്ട്    {നമ്പർ 1

---

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*1)

### പൊതുവിതരണ ശൃംഖലയിലെ കേന്ദ്ര ഇടപെടൽ

1 (*1) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയോടുള്ള കേന്ദ്ര സർക്കാർ നിലപാട് പൊതുവിതരണത്തെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യ വിഹിതം അനുവദിക്കാതിരിക്കുകയും എഫ്.സി.ഐ. ഗോഡൗണിലെ നേരിട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിൽനിന്നും സർക്കാരിനെയും സർക്കാർ ഏജൻസികളെയും വിലക്കുകയും ചെയ്തിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ ഇടപെടൽ നിമിത്തം സപ്ലൈകോയും കൺസ്യൂമർഫെഡും മുഖേന കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യം പൊതുവിപണിയിൽ ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെ അതിജീവിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) ഉണ്ട്. 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്കുള്ള റേഷൻ മുൻഗണനാ അംഗങ്ങളുടെ പരിധി കേന്ദ്രം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. എന്നാൽ നിലവിൽ സംസ്ഥാനത്തെ ജനസംഖ്യയും റേഷൻ കാർഡുകളുടെ എണ്ണവും വർദ്ധിച്ചിട്ടുള്ളതനുസരിച്ച് മുൻഗണനാപരിധി വർദ്ധിപ്പിച്ചിട്ടില്ല. അനർഹർ സ്വമേധയാ സറണ്ടർ ചെയ്തതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവരുടെ കൈകളിൽ യഥാസമയം എത്തിച്ചുവരുന്നു.

സംസ്ഥാനത്തെ റേഷൻ മണ്ണെണ്ണ വിതരണം ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ വിഹിതത്തിൽ ഗണ്യമായ കുറവുവന്നതിനാൽ, മണ്ണെണ്ണ മൊത്തവ്യാപാരികൾ വിതരണമുപേക്ഷിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ജില്ലകളിൽ മണ്ണെണ്ണ മൊത്തവ്യാപാരികൾ കുറയുന്നത് റേഷൻ മണ്ണെണ്ണ വിതരണത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. റേഷൻ പഞ്ചസാര സബ്സിഡി നിലവിൽ എ.എ.വൈ. വിഭാഗത്തിനുമാത്രമായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) 2013-ലെ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുൻപ് പ്രതിവർഷം 16 ലക്ഷത്തോളം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭിച്ചിരുന്നു. എന്നാൽ നിലവിൽ സംസ്ഥാനത്തിന് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് പ്രതിവർഷം ലഭിക്കുന്നത്. ടൈഡ് ഓവർ വിഹിതമായി ലഭിച്ചിരുന്ന ഭക്ഷ്യധാന്യത്തിലും കുറവ് വന്നിരിക്കുകയാണ്. പ്രസ്തുത വിഹിതം വർദ്ധിപ്പിച്ചുനൽകണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട്

അഭ്യർത്ഥിച്ചെങ്കിലും സംസ്ഥാനത്തിന്റെ ആവശ്യം നാളിതുവരെ പരിഗണിച്ചിട്ടില്ല.

Open Market Sales Scheme (OMSS) പ്രകാരമുള്ള ഭക്ഷ്യധാന്യം എഫ്.സി.ഐ.-ൽനിന്നും ടെൻഡർ നടപടി മുഖേന വാങ്ങാൻ സംസ്ഥാന ഏജൻസികൾക്ക് മുൻപ് സാധിക്കുമായിരുന്നു. പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോയപ്പോൾ ഒ.എം.എസ്. സ്കീമിൽ ഭക്ഷ്യധാന്യം വാങ്ങി വിതരണം ചെയ്താണ് സംസ്ഥാനത്ത് അതിജീവന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. എന്നാൽ നിലവിൽ എഫ്.സി.ഐ.-യുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ സംസ്ഥാന ഏജൻസികളെ അനുവദിക്കുന്നില്ല.

സപ്ലൈകോയുടെയും കൺസ്യൂമർഫെഡിന്റെയും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ യാതൊരുവിധ സഹായവും ലഭിക്കുന്നില്ല. ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിലെ ഉപഭോഗത്തിന് പ്രതിവർഷം ഉദ്ദേശം 40 ലക്ഷം മെട്രിക് ടൺ അരി ആവശ്യമാണ്. 14.25 ലക്ഷം മെട്രിക് ടൺ മാത്രമാണ് പൊതുവിതരണ സംവിധാനത്തിലൂടെ

വിതരണം ചെയ്യുന്നത്. ഇതിൽ സംസ്ഥാനത്തെ കർഷകരിൽനിന്ന് നെല്ലുസംഭരണ പദ്ധതിയിലൂടെ സംഭരിച്ച് അരിയാക്കി വിതരണം ചെയ്യുന്ന ഉദ്ദേശം 5 ലക്ഷം മെട്രിക് ടൺ കഴിച്ച് ബാക്കിയാണ് എഫ്.സി.ഐ.-ൽനിന്ന് വിട്ടെടുക്കുന്നത്. നെല്ലുൽപാദകരായ കർഷകർക്ക് താങ്ങുവില (എം.എസ്.പി.) ഇനത്തിൽ നൽകേണ്ട 1079.51 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികൾ സംസ്ഥാനത്തെ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

(ഡി) ഉണ്ട്. എന്നാൽ സംസ്ഥാനത്തെ ജനങ്ങളെ ഇത് ബാധിക്കാതിരിക്കാൻ ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നു. എൻ.എഫ്.എസ്.എ. (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ്) പ്രകാരമുള്ള മുൻഗണനാ വിഭാഗങ്ങൾക്കുപുറമേ മുൻഗണനേതര വിഭാഗങ്ങൾക്കും സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിവരുന്നു. ഇതിന് വേണ്ടിവരുന്ന സംഭരണ-ഗതാഗത ചെലവുകളുൾപ്പെടെ എല്ലാ അനുബന്ധ ചെലവുകളും പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുവരുന്നു.

ഇതിനുപുറമെയാണ് സപ്ലൈകോയുടെയും കൺസ്യൂമർഫെഡിന്റെയും വിപണി ഇടപെടൽ പ്രവർത്തനങ്ങൾ. പൊതുവിപണിയിൽനിന്ന് 41-42 രൂപ നിരക്കിൽ വാങ്ങുന്ന അരിയാണ് കിലോഗ്രാമിന് 12 രൂപ നഷ്ടം സഹിച്ച് സപ്ലൈകോ 'കെ-റൈസ്' എന്ന പേരിൽ 29-30 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നത്.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 23-11-2023-ലെ ജി.ഒ. (ആർ.ടി.)നം.470/2023/എഫ്.&സി.എസ്.ഡി. പ്രകാരം ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും കളക്ടർമാർ, ഭക്ഷ്യ-കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർക്ക് നൽകിവരുന്നു. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിൻമേൽ ഭക്ഷ്യ-പൊതുവിതരണ കമ്മീഷണറുടെ ശിപാർശകൾ സഹിതം തുടർനടപടി

സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു.

ശ്രീ. എം. എം. മണി: സർ, ജനസംഖ്യയിലുണ്ടായ വർദ്ധനവ് പരിഗണിച്ച് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്; അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണനാ കാർഡുകൾ കണ്ടെത്തി അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികളിലൂടെ കണ്ടെത്തിയ മുൻഗണനാ കാർഡുകളുടെ വിതരണം സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് 1,54,80,040 പേരെ മാത്രമാണ് നിലവിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് രണ്ടുതവണ കേന്ദ്ര പൊതുവിതരണ വകുപ്പുമന്ത്രിയെ കാണുകയും നിരവധി തവണ കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ അടുത്ത ജനസംഖ്യാ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമെ ഇതുസംബന്ധിച്ച നടപടികളെക്കുറിച്ച് ആലോചിക്കാൻ കഴിയൂയെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ വികലമായ നയസമീപനം കാരണം സംസ്ഥാനത്തെ ലക്ഷക്കണക്കിനാളുകൾക്ക് അർഹമായ റേഷൻ വിഹിതം ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്.

അനർഹമായി മുൻഗണനാ കാർഡുകൾ കൈവശംവച്ചിരുന്ന 1,48,467 പേർ സ്വമേധയാ കാർഡുകൾ സറണ്ടർ ചെയ്യുകയുണ്ടായി. അതിനുശേഷമുള്ള വകുപ്പുതല പരിശോധനകളിലൂടെ 67,738 മുൻഗണനാ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിലൂടെ 9,944 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയുണ്ടായി. 'ഓപ്പറേഷൻ യെല്ലോ' പദ്ധതിയിലൂടെ 17,596 മുൻഗണനാ കാർഡുകൾ പിടിച്ചെടുക്കുകയുണ്ടായി. സർക്കാരിന്റെ കൈവശമുണ്ടായിരുന്നതും സറണ്ടർ, പരിശോധന എന്നിവയിലൂടെ സർക്കാരിലേയ്ക്ക് ലഭിച്ചതുമായ 4,21,863 മുൻഗണനാ കാർഡുകൾ

അർഹരായവർക്ക് ഈ കാലയളവിൽ വിതരണം ചെയ്യുകയുണ്ടായി. ഇതിൽ എ.എ.വൈ. (അന്ത്യോദയ അന്നയോജന) മഞ്ഞ കാർഡ് 42,858-ഉം പിങ്ക് കാർഡ് 3,79,005-ഉം വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. എം. മണി</u>: സർ, തെരുവോരത്ത് താമസിക്കുന്ന ഭവനരഹിതർക്കുൾപ്പെടെ സ്വന്തമായി റേഷൻ കാർഡ് ലഭ്യമാക്കിയ സർക്കാരാണിത്. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ നിലവിലുണ്ടായിരുന്ന റേഷൻ കാർഡുകളുടെ എണ്ണം ഇനംതിരിച്ച് വിശദീകരിക്കാമോ; ഈ സർക്കാർ ചുമതലയേറ്റശേഷം വിവിധ ഇനങ്ങളിലായി ആകെ എത്ര പുതിയ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ നൽകുകയെന്നതാണ് ഈ സർക്കാരിന്റെ നയം. തെരുവോരത്ത് താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെയും വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടകച്ചീട്ടിന്റെയും അടിസ്ഥാനത്തിൽ കാർഡുകൾ നൽകാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 459409 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. പിങ്ക് കാർഡ് 103971-ഉം

വെള്ള കാർഡ് 347655-ഉം ബ്രൗൺ കാർഡ് 7783-ഉം ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി 7774 കാർഡുകളും ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ കാണിക്കുന്ന ക്രൂരമായ അവഗണനയുടെ ഭാഗമായി പൊതുവിതരണ ശൃംഖലയിലും ഭക്ഷ്യ മേഖലയിലും കടുത്ത പ്രതിസന്ധി നിലനിൽക്കുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ, മണ്ണെണ്ണ മൊത്ത വിതരണ വ്യാപാരികൾ, റേഷൻ വ്യാപാരികൾ എന്നിവർ കടുത്ത പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകേണ്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം കാർഡുടമകൾക്ക് നൽകാൻ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കൂടുതൽ മണ്ണെണ്ണ വേണമെന്ന സംസ്ഥാന സർക്കാരിന്റെ ന്യായമായ ആവശ്യത്തോട് കേന്ദ്ര സർക്കാർ എടുക്കുന്ന നിലപാടെന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിവരുന്ന ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിൽ വൻതോതിലുള്ള വെട്ടിക്കുറവാണ് വരുത്തിയിട്ടുള്ളത്. 13-05-2022-ലെ കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം ടൈഡ് ഓവർ വിഹിതമായി സംസ്ഥാനത്തിന് നൽകിയിരുന്ന 6459.74 മെട്രിക് ടൺ ഗോതമ്പ് നിർത്തലാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലൂടെ സംസ്ഥാനത്തെ 57 ശതമാനം ജനവിഭാഗങ്ങൾക്ക്, അതായത് മുൻഗണനേതര വിഭാഗത്തിലുൾപ്പെട്ട ഏകദേശം 50 ലക്ഷം കാർഡുടമകൾക്ക് പൊതുവിതരണ സമ്പ്രദായത്തിൽനിന്നും ഗോതമ്പ് ലഭ്യമാകാത്ത സാഹചര്യമാണ്. സംസ്ഥാനത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 37,056 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചിരുന്ന സ്ഥാനത്ത് 2023-24-ൽ 7,776 കിലോ ലിറ്റർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 2024-25-ൽ അനുവദിക്കാവുന്ന മണ്ണെണ്ണയുടെ അളവ് 3,120 കിലോ ലിറ്റർ മാത്രമാണ്. മണ്ണെണ്ണ വിഹിതത്തിലുള്ള വെട്ടിക്കുറവ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ, മണ്ണെണ്ണ മൊത്ത വ്യാപാരികൾ, റേഷൻ വ്യാപാരികൾ എന്നിവർക്ക് കടുത്ത

തൊഴിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. മത്സ്യബന്ധന/കാർഷിക ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചുവരുന്ന നോൺസബ്സിഡി മണ്ണെണ്ണയുടെ വിഹിതത്തിലും വൻതോതിലുള്ള വെട്ടിക്കുറവാണുണ്ടായിട്ടുള്ളത്. 2021-22-ൽ 21,888 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിച്ച സ്ഥാനത്ത് നിലവിൽ 2,592 കിലോ ലിറ്റർ മാത്രമാണ് അനുവദിക്കാനിടയുള്ളത്.

ശ്രീ. എ. പ്രഭാകരൻ: സർ, എൻ.എഫ്.എസ്.എ. പ്രകാരം നമ്മുടെ സംസ്ഥാനത്തെ നഗര മേഖലയിൽ 39 ശതമാനവും ഗ്രാമീണ മേഖലയിൽ 52.23 ശതമാനവുംപേർക്ക് മാത്രമാണ് കേന്ദ്ര സർക്കാർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം അനുവദിക്കുന്നത്. ദേശീയ ശരാശരി നഗര മേഖലയിൽ 50-ഉം ഗ്രാമീണ മേഖലയിൽ 75-ഉം ശതമാനമാണ്. ഭക്ഷ്യോല്പാദനത്തിൽ മുന്നിൽ നിൽക്കുന്നതടക്കമുള്ള ഇതര സംസ്ഥാനങ്ങളിൽപ്പോലും മുൻഗണനാ വിഭാഗത്തിന്റെ അനുപാതം കേരളത്തേക്കാൾ മെച്ചപ്പെട്ട നിലയിലാണ് കാണുന്നത്. സംസ്ഥാനത്തെ മുൻഗണന/മുൻഗണനേതര വിഭാഗങ്ങളുടെ അനുപാതത്തിൽ മാറ്റംവരുത്തി

കൂടുതൽ അംഗങ്ങളെ കൊണ്ടുവരാൻ സർക്കാർ നടത്തിയ ഇടപെടലുകളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനങ്ങൾക്കുള്ള റേഷൻ മുൻഗണനാ അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിൽ അപാകതയുണ്ടെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശത്തോട് ഞാനും യോജിക്കുകയാണ്. 2016-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതോടുകൂടി റേഷൻ സമ്പ്രദായം മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ 43% ജനവിഭാഗങ്ങൾക്ക് മാത്രമാണ് റേഷന് അർഹതയുള്ളതെന്നാണ് കേന്ദ്ര സർക്കാർ കണ്ടെത്തിയിട്ടുള്ളത്. കേരളം ഒരു ഭക്ഷ്യകമ്മി സംസ്ഥാനമാണെന്ന വസ്തുത പരിഗണിക്കാതെയാണ് അത്തരമൊരു തീരുമാനത്തിൽ എത്തിയത്. മുൻഗണനാ കാർഡിന് അർഹമായ ഗ്രാമ, നഗര അനുപാതത്തിന്റെ ദേശീയ ശരാശരിയിൽ കേരളം വളരെ താഴെയാണ്. ബീഹാറിൽ 85.12% ഗ്രാമീണരും 74.53% നഗരവാസികളും മുൻഗണനാ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഛത്തീസ്ഗഢിൽ ഇത് 84.25%, 59.98% എന്നിങ്ങനെയും മധ്യപ്രദേശിൽ

80.10%, 62.61% എന്നിങ്ങനെയുമാണ്. സംസ്ഥാനത്ത് മുൻഗണനാ പരിധി നിശ്ചയിച്ചത് അശാസ്ത്രീയമായിട്ടാണെന്നും ഇത് ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് രണ്ടുതവണ കേന്ദ്ര മന്ത്രിയെ നേരിൽ കാണുകയും നിരവധി തവണ കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, സർക്കാർ ഏജൻസികൾക്ക് ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ? പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും സമയത്ത് നമുക്ക് സഹായകരമായിരുന്നത് ഒ.എം.എസ്. സ്കീമാണ്. എന്നാൽ ഇത്തരം സ്കീമുകൾ ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അതിനാൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം ഒഴിവാക്കുന്നതിനുവേണ്ടി

സംസ്ഥാന സർക്കാർ ഏതെല്ലാം തലത്തിലുള്ള ഇടപെടലുകളാണ് നടത്തിയതെന്ന് വിശദീകരിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഒ.എം.എസ്. സ്കീമിൽ പങ്കെടുത്തുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യലഭ്യതയെ ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസി എന്ന നിലയിൽ 2022-23 വരെ സപ്ലൈകോ സ്ഥിരമായി ലേലത്തിൽ പങ്കെടുത്തുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിരുന്നു. എന്നാൽ നിലവിൽ സർക്കാരിനോ സർക്കാർ ഏജൻസികൾക്കോ ഒ.എം.എസ്. സ്കീമിൽ പങ്കെടുക്കാൻ അനുവദിക്കാത്ത സാഹചര്യമാണുള്ളത്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഈ വിലക്കുമൂലം പൊതുവിപണിയിൽ അരിയുടെ ലഭ്യത കുറയുകവഴി വിലവർദ്ധനവിനും കാരണമായേക്കാം. ഒ.എം.എസ്. സ്കീമിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തെ ഏജൻസികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് അടിയന്തരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽ കാണുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യ

വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കഴിഞ്ഞ നവംബറിൽ കൊയ്തെടുത്ത നെല്ല് പാലക്കാട് ജില്ലയിലുൾപ്പെടെയുള്ള ചില സ്ഥലങ്ങളിൽ ഫെബ്രുവരിയിലാണ് സംഭരിച്ചത്. അതിന്റെ വില ഇപ്പോഴും കിട്ടാത്തതായി കർഷകർ പരാതിപ്പെടുന്നുണ്ട്. പാലക്കാട് ജില്ലയിൽനിന്നുള്ള ഒരു കർഷകൻ വേദനയോടെ ഇക്കാര്യം പറയുകയുണ്ടായി. ഈ പണം എപ്പോൾ കൊടുത്തുതീർക്കാൻ സാധിക്കും; ഇനി എത്രതുക നൽകാൻ ബാക്കിയുണ്ട്?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ സീസണിൽ വീഴ്ചയില്ലാതെ നെല്ല് സംഭരിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. നെല്ല് സംഭരിച്ച ഇനത്തിൽ ആയിരത്തി ഒരുന്നൂറോളം കോടി രൂപ നൽകിയിട്ടുണ്ട്. ഇനി അഞ്ഞൂറ്റി ശിഷ്ടം കോടി രൂപയാണ് കൊടുക്കാനുള്ളത്. കൃത്യമായ കണക്ക് ഞാൻ എടുത്തിട്ടില്ല. ഈ ഇനത്തിൽ 1070 കോടി രൂപ കേന്ദ്ര സർക്കാർ നൽകാനുണ്ടെന്ന വസ്തുത നമ്മൾ അറിയാതെ പോകരുത്. ഇത്തരം പ്രതിസന്ധികളുണ്ടെങ്കിൽപ്പോലും കൃത്യമായി തുക നൽകാനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. ബാങ്കുമായുള്ള പി.ആർ.എസ്. (പാഡി റെസീപ്റ്റ് സ്ലിപ്) വായ്പയുടെ കാര്യത്തിൽ പലഘട്ട ചർച്ച നടത്തിയതനുസരിച്ച് പണം നൽകിക്കൊണ്ടിരിക്കുകയാണ്. 15 ദിവസത്തിനുള്ളിൽ പണം നൽകുന്ന രീതിയാണ് ആദ്യമുണ്ടായിരുന്നത്. പക്ഷേ, പിന്നീട് കുറച്ച് വൈകുന്ന അവസ്ഥ വന്നുവെങ്കിലും എത്രയുംവേഗം പണം കൊടുത്തുതീർക്കുന്നതാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഭക്ഷ്യ വിതരണ രംഗത്ത് പ്രധാന പങ്കുവഹിക്കുന്ന ഒരു വിഭാഗമാണ് എൻ.എഫ്.എസ്.എ.-യുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾ. അവരുടെ കൂലി സംബന്ധിച്ച ഒരു എഗ്രിമെന്റ് കോടതി ഇടപെട്ടതിനെത്തുടർന്ന് തടസ്സപ്പെട്ടിരുന്നു. പ്രസ്തുത തടസ്സം കോടതിതന്നെ ഇപ്പോൾ നീക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് കരാറുകാരാണ് കരാർപ്രകാരമുള്ള കൂലി നൽകേണ്ടത്. ഈ കൂലി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം വളരെയധികം ഗൗരവമുള്ളതാണ്. ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് പലവിധ ചർച്ചകൾ നടത്തിയിരുന്നു. ലേബർ

കമ്മീഷണറുമായുള്ള ചർച്ചയിലുണ്ടായ ധാരണ നടപ്പാക്കുന്നതിനെതിരെ ചില കോൺട്രാക്ടർമാരാണ് കോടതിയെ സമീപിച്ചത്. പ്രസ്തുത കേസ് കുറച്ച് നീണ്ടുപോയിട്ടുണ്ട്. അവരുമായി ചർച്ച നടത്തി ആ വിഷയം എത്രയുംവേഗം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, സർക്കാർ സബ്സിഡി നൽകാത്തതുകൊണ്ട് 2500 കോടി രൂപയുടെ വായ്പാക്കെണിയിലാണ് സപ്ലൈകോ അകപ്പെട്ടിരിക്കുന്നത്. പലിശയടക്കം ഇപ്പോൾ 5000 കോടി രൂപയായിരിക്കുകയാണ്. ജീവനക്കാർക്ക് പത്താം തീയതിയായിട്ടും ശമ്പളം ലഭിച്ചിട്ടില്ല. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പ്രധാനപ്പെട്ട പല സാധനങ്ങളും ലഭിക്കുന്നില്ല. സപ്ലയേഴ്സിന് കോടിക്കണക്കിന് രൂപ കൊടുക്കാനുള്ളതുകൊണ്ട് അവർ ടെൻഡറിൽപ്പോലും പങ്കെടുക്കുന്നില്ല. 15 ദിവസത്തിനകം പണം നൽകിയില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നാണ് മഹാരാഷ്ട്രയിൽനിന്നുള്ള ഒരു പഞ്ചസാര സപ്ലയർ സർക്കാരിനെ അറിയിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സപ്ലയർമാർക്ക് എന്നാണ്

പണം നൽകാൻ സാധിക്കുന്നത്; സപ്ലൈകോയെ മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ദീർഘ വിശദീകരണത്തിനനുസൃതമായ ചോദ്യമാണ് ചോദിച്ചിട്ടുള്ളത്. പൊതുവിൽ സാമ്പത്തികമായ ചില പ്രയാസങ്ങൾ സപ്ലൈകോ അനുഭവിക്കുന്നുണ്ട്. എന്നാൽ അതിനുള്ളിൽനിന്നുകൊണ്ട് ജനങ്ങളെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള പരമാവധി ഇടപെടൽ നടത്തിയിട്ടുണ്ടെന്ന വസ്തുത മറന്നുപോകരുത്. രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും ആയതുകൊണ്ടാണ് ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്തത്. ഇന്നും നാളെയുമായി നടപടി പൂർത്തിയാക്കി ശമ്പളം നൽകുന്നതാണ്. സപ്ലയർമാർക്ക് കുറച്ച് പണം നൽകിയിട്ടുണ്ട്. നമ്മൾ പഴയ രീതിയിലല്ല; മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ ചില കേന്ദ്രങ്ങളിൽനിന്ന് സാധനം സപ്ലൈ ചെയ്താൽ അടുത്ത ദിവസംതന്നെ പണം കിട്ടണമെന്ന വാശികാണിക്കുന്നവരുമുണ്ട്; അതുതന്നെയാണ് കോൺട്രാക്ടർമാർക്കുമുള്ളത്. അവരുടെ നിലപാടെന്താണ്? ഒരു വർഷത്തേയ്ക്കാണ് ട്രാൻസ്പോർട്ടേഷൻ

കരാറുണ്ടാക്കുന്നത്. എന്നാൽ പണം നൽകാൻ ഒരു മാസം വൈകിയാൽ ഉടൻ പണിമുടക്കുന്ന പുതിയൊരു ശൈലി വന്നിരിക്കുകയാണ്. അതുമൂലം കുറച്ച് പ്രയാസങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവർക്ക് രണ്ടര മാസക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നത് കൊടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് അതിനുള്ള പണം അനുവദിച്ചിട്ടുണ്ടെങ്കിലും അത് മാറിയെടുക്കുന്നതിന് കാലതാമസമുണ്ടാകും. അത് എത്രയുംപെട്ടെന്ന് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

2 (*2) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതു പ്രകാരം

ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ വിതരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നത് കേരളത്തിന്റെ സാമൂഹിക സുരക്ഷാ പദ്ധതിയിലെ സുപ്രധാന ഘടകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വകുപ്പ് നടപ്പിലാക്കിയ ഏറ്റവും പുതിയ പദ്ധതിയായ ശബരി കെ-റൈസ് ഉൾപ്പെടെയുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളിലൂടെ ഭക്ഷ്യ-പൊതുവിതരണ വകുപ്പിനുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ&ബി) ഉണ്ട്. പൊതുവിതരണ സംവിധാനം സാമൂഹിക സുരക്ഷാ പദ്ധതിയുടെ സുപ്രധാന ഘടകമെന്ന് കണ്ടുകൊണ്ടാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

- മുൻഗണനാപട്ടിക ശുദ്ധീകരിച്ച് അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണനാ കാർഡുകൾ പിടിച്ചെടുക്കാൻ ഓപ്പറേഷൻ യെല്ലോ
- ഗോത്രവർഗ്ഗ മേഖലകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻകടകൾ

•റേഷൻകടകളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്ന കെ-സ്റ്റോർ പദ്ധതി

•അതിദരിദ്രരെ കണ്ടെത്തി റേഷൻകാർഡ് വിതരണം ചെയ്യുന്ന പദ്ധതി

•തെരുവോരത്ത് കഴിയുന്നവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് 459409 പുതിയ റേഷൻ കാർഡുകൾ

•വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ

•കിടപ്പുരോഗികൾക്ക് ഓട്ടോ തൊഴിലാളികൾ റേഷൻ വീട്ടിലെത്തിച്ച് നൽകുന്ന ഒപ്പം പദ്ധതി

•വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വഴി കെ-റൈസ് വിതരണം

•100% റേഷൻ ഗുണഭോക്താക്കളെയും ആധാറുമായി ബന്ധിപ്പിച്ചത്

•ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് കേരളത്തിലെ റേഷൻകടകളിൽനിന്ന് ഭക്ഷ്യധാന്യ വിഹിതം വാങ്ങാൻ റേഷൻ റൈറ്റ്സ് കാർഡ്

•റേഷൻകട വഴി പത്തുരൂപയ്ക്ക് കുപ്പി വെള്ളം ലഭ്യമാക്കുന്ന സുജലം പദ്ധതി

•പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി റാഗിപ്പൊടി വിതരണം

•ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യധാന്യ വിതരണം

•റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്ന തെളിമ പദ്ധതി

•എ.ടി.എം. രൂപത്തിലുള്ള പി.വി.സി. റേഷൻ കാർഡ്

എന്നിവയെല്ലാംതന്നെ ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളവയാണ്.

ഇതിനെല്ലാം പുറമേ പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്താനും സപ്ലൈകോയിൽ ഇ.ആർ.പി. (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) സംവിധാനം നടപ്പിലാക്കാനും റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ലഭ്യമായ എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തിനാല് (7581224) ഓൺലൈൻ അപേക്ഷകളിൽ എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് (7564973) അതായത് 99.79% അപേക്ഷകൾ തീർപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ പൊതുവിതരണ മേഖല പല ഘട്ടങ്ങളിലൂടെയുള്ള മാറ്റത്തിന് വിധേയമായിട്ടാണ് നിലവിലെ സംവിധാനം രൂപപ്പെട്ടിട്ടുള്ളത്. അനൗപചാരിക റേഷനിംഗ് സംവിധാനം 1964-ൽത്തന്നെ സംസ്ഥാനത്തുണ്ടായിരുന്നു. 24-10-1965 മുതൽ സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ആരംഭിച്ചു. 1965-ൽ കേരളാ റേഷനിംഗ് ഓർഡർ നിലവിൽ വരികയും ചെയ്തു. സംസ്ഥാനത്തെ റേഷനിംഗ് സമ്പ്രദായം

സാർവത്രികമായിരുന്നതിൽനിന്ന് ലക്ഷ്യാധിഷ്ഠിതമായി മാറിയത് 01-06-1997 മുതലാണ്. അതായത് ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ-താഴെയുള്ളവർ (എ.പി.എൽ.- ബി.പി.എൽ.) എന്ന വിഭജനം അന്നുമുതലാണ് നിലവിൽവന്നത്.

2013-ലെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് 2016-ൽ നടപ്പിലാക്കുന്നതിനുമുമ്പ് സംസ്ഥാനത്ത് 3.34 കോടി ജനങ്ങൾ പൂർണ്ണമായും സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനത്തിന്റെ ഭാഗമായിരുന്നു. അതിനുശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43% പേർക്ക് മാത്രമാണ് സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തുവരുന്നത്. ബാക്കിയുള്ള 57% കാർഡുടമകൾക്ക് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത് എ.എ.വൈ., പി.എച്ച്.എച്ച്. (പ്രയോരിറ്റി ഹൗസ്ഹോൾഡ്) വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ നൽകുന്ന ടൈഡ് ഓവർ വിഹിതത്തിൽനിന്നും സംസ്ഥാന സർക്കാർ സബ്സിഡി നൽകി

എൻ.പി.എസ്.(നോൺ പ്രയോരിറ്റി സബ്സിഡി) - നീല കാർഡുകാർക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലാണ് അരി വിതരണം ചെയ്യുന്നത്. മുൻഗണനേതര വിഭാഗക്കാരായ നീല, വെള്ള കാർഡുകാർക്ക് സംഭരണവും ഗതാഗതവും ഉൾപ്പെടെയുള്ള അനുബന്ധ ചെലവുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് ഭക്ഷ്യധാന്യ വിതരണം നിർവഹിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തിനാവശ്യമായ ആകെ ഭക്ഷ്യധാന്യ വിഹിതത്തിന്റെ കേവലം 20% മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. ശേഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തിച്ചാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്.

(സി&ഡി) ശബരി കെ-റൈസ് - പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിൽ സബ്സിഡി നിരക്കിൽ ജയ അരി

കിലോഗ്രാമിന് 29 രൂപയ്ക്കും കുറുവ, മട്ട അരി കിലോഗ്രാമിന് 30 രൂപ നിരക്കിലും വിൽപ്പന നടത്തിവരുന്നു.

മേൽപ്പറഞ്ഞ പ്രകാരമുള്ള പദ്ധതികൾ നടപ്പിൽ വരുത്താൻ സാധിച്ചതിലൂടെ ഭക്ഷ്യഭദ്രത എന്ന മഹത്തായ ലക്ഷ്യം സംസ്ഥാനത്ത് ഉറപ്പുവരുത്താൻ സാധിച്ചു. നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാക്കാവുന്ന പൊതുവിതരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചതിലൂടെ സംസ്ഥാനത്തിന് ദേശീയതലത്തിൽ മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, കേന്ദ്രസർക്കാരിന്റെ ' ഭാരത് റൈസ് ' -ന് ബദലായി സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന 'കെ-റൈസ്" വിതരണം ചെയ്യാനുള്ള പ്രത്യേക സാഹചര്യം വിശദീകരിക്കാമോ; പ്രസ്തുത പദ്ധതി വിജയകരമായിരുന്നോ; കെ-റൈസ് പദ്ധതി മുഖേന ജനങ്ങളിലേയ്ക്ക് എത്ര കിലോ അരി എത്തിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ ജനങ്ങൾക്ക് ഉച്ചഭക്ഷണത്തിന്  ഉപയോഗിക്കാൻ കഴിയുന്ന നല്ലയിനം അരി വിതരണം ചെയ്യുക എന്നതാണ് കെ-റൈസ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. 41-42 രൂപ നിരക്കിൽ പൊതുവിപണിയിൽനിന്നും അരി സംഭരിക്കുകയും 12 രൂപയുടെ ബാദ്ധ്യത സപ്ലൈകോ ഏറ്റെടുക്കുകയും ചെയ്തുകൊണ്ടാണ് കെ-റൈസ് വിതരണം പുരോഗമിക്കുന്നത്. ശബരി കെ-റൈസ് - ജയ കിലോയ്ക്ക് 29 രൂപയ്ക്കും ശബരി കെ-റൈസ്- കുറുവ, ശബരി കെ-റൈസ്- മട്ട എന്നിവ കിലോയ്ക്ക് 30 രൂപ നിരക്കിലുമാണ് സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ വിതരണം ചെയ്യുന്നത്. നാളിതുവരെ 23.68 ലക്ഷം പേർ സപ്ലൈകോ വില്പനശാലകളിൽനിന്നും കെ-റൈസ് കൈപ്പറ്റിയിട്ടുണ്ട്.  കഴിഞ്ഞ ദിവസം വരെയുള്ള കണക്കനുസരിച്ച് 117600 കിന്റൽ കെ-റൈസ് വില്പന നടത്തുകയും 34,71,000,00/- രൂപ ലഭ്യമാകുകയും ചെയ്തപ്പോൾ 14,12,000,00/- രൂപയുടെ വിപണി ഇടപെടൽ ബാദ്ധ്യത സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിലവിലുള്ള റേഷൻ കടകളുടെ പശ്ചാത്തല സൗകര്യം വികസിപ്പിച്ചുകൊണ്ട് ആധുനിക

സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ സേവനങ്ങളും ഉൽപന്നങ്ങളും ലഭ്യമാക്കുന്ന കെ-സ്റ്റോർ പദ്ധതിയിൽ നാളിതുവരെ എത്ര റേഷൻ കടകളെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; കെ-സ്റ്റോറുകളിൽ നൽകുന്ന സേവനങ്ങൾ മുഖേന അധിക വരുമാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; കെ-സ്റ്റോറിലെ മൊത്തം വില്പന സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്താനാണ് കെ-സ്റ്റോർ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. റേഷൻ കടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തുകയും മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ് എന്നീ സർവീസുകളും മിൽമ, സപ്ലൈകോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളും ലഭ്യമാക്കിക്കൊണ്ട് റേഷൻ കടകളെ ഘട്ടംഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ വ്യവസായ-കൃഷി വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളും കെ-സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 488 റേഷൻ കടകൾ കെ-സ്റ്റോറുകളായി പ്രവർത്തിച്ചുവരികയാണ്. 427 റേഷൻ കടകൾ കെ-സ്റ്റോറുകളാക്കി മാറ്റുന്ന നടപടി അന്തിമഘട്ടത്തിലാണ്. ഓണത്തിനുമുമ്പ് 1000 കെ-സ്റ്റോറുകൾ കേരളത്തിൽ പ്രവർത്തനസജ്ജമാകും. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള റേഷൻ വ്യാപാരികൾക്ക് ഇതിലൂടെ അധിക വരുമാനം നേടാൻ കഴിയുന്നുണ്ട്. സംസ്ഥാനത്ത് കെ-സ്റ്റോർ പദ്ധതി പ്രകാരം ഏപ്രിൽ 30 വരെ 4,26,000,00/- രൂപയുടെ വില്പന നടന്നിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, നവകേരള സദസ്സിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങൾ എത്രയെണ്ണമാണ്; ലഭിച്ച നിവേദനങ്ങൾക്ക് പൂർണ്ണമായും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, നവകേരള സദസ്സിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 19527 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 19082 അപേക്ഷകൾ (97.72%) തീർപ്പാക്കിയിട്ടുണ്ട്. ബാക്കിവരുന്ന

അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ലഭ്യമായ അപേക്ഷകളിൽ കൂടുതലും മുൻഗണനാ വിഭാഗത്തിലേയ്ക്ക് കാർഡ് തരംമാറ്റുന്നതിനുള്ളതാണ് ; അവയെല്ലാം തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ രാജ്യത്ത് ഏറ്റവും മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ സമീപകാലത്ത് വലിയതോതിലുള്ള കുറവുണ്ടായിട്ടുണ്ടെന്നും പൊതുവിതരണ സമ്പ്രദായം സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുകയാണെന്നും ചില പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച വസ്തുതയും വിശദാംശങ്ങളും വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ റേഷൻ വിതരണം താറുമാറായിരിക്കുകയാണെന്ന് വരുത്തിത്തീർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം നടത്തുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ആറുമാസത്തെ റേഷൻ വിതരണത്തിന്റെ തോത് പരിശോധിച്ചാൽ മഞ്ഞ കാർഡുടമകളിൽ 97 ശതമാനവും പിങ്ക് കാർഡുടമകളിൽ 94

ശതമാനവും നീല കാർഡുടമകളിൽ 82 ശതമാനവും വെള്ള കാർഡുടമകളിൽ 64 ശതമാനവും അർഹതപ്പെട്ട റേഷൻവിഹിതം വാങ്ങിയതായി കാണാവുന്നതാണ്. 2023 ഡിസംബർ മാസത്തിൽ 82.07%, 2024 ജനുവരി മാസത്തിൽ 83.47%, ഫെബ്രുവരി മാസത്തിൽ 83.30%, മാർച്ച് മാസത്തിൽ 81.98%, ഏപ്രിൽ മാസത്തിൽ 80%, മേയ് മാസത്തിൽ 81.26% എന്നീ തോതുകളിൽ റേഷൻ വിതരണം ചെയ്തിട്ടുണ്ട്. AePDS (Aadhaar enabled Public Distribution System) വെബ്സൈറ്റ് പരിശോധിച്ചാൽ റേഷൻ വിതരണം സംബന്ധിച്ച ഓരോ മിനിട്ടിലെയും വിവരങ്ങൾ അറിയാവുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, റേഷൻ കടകൾ മുഖാന്തരം 10.90 രൂപയ്ക്ക് വിതരണം ചെയ്യുന്ന അതേ അരി തന്നെ കേന്ദ്ര സർക്കാർ 'ഭാരത് അരി' എന്ന പേരിൽ വിപണിയിൽ 29 രൂപയ്ക്ക് നൽകുന്നുവെന്നത് ജനങ്ങളെ ചൂഷണം ചെയ്യുന്ന നടപടിയാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും

സൗജന്യമായി നൽകുന്നതും അതിന്റെ വിതരണത്തിനുള്ള ചെലവ് വഹിക്കുന്നതും കേന്ദ്ര സർക്കാരാണെന്ന തെറ്റായ പ്രചാരണം വ്യാപകമായി നടക്കുന്നുണ്ടെന്നതിനാൽ പ്രസ്തുത വിഷയത്തിലെ വസ്തുത ബോദ്ധ്യപ്പെടുത്താമോ?

ശ്രീ. ജി. ആർ. അനിൽ: സർ, പ്രസ്തുത ചോദ്യവുമായി ബന്ധപ്പെടുന്ന ചില കാര്യങ്ങൾ നേരത്തെതന്നെ വിശദീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിൽ പ്രചാരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇത് പൂർണ്ണമായും വാസ്തവവിരുദ്ധമാണ്. 2016-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതോടുകൂടി സംസ്ഥാനത്തെ ജനസംഖ്യയുടെ 57 ശതമാനം പേർ റേഷനിംഗ് സമ്പ്രദായത്തിൽനിന്നും പുറത്തായിരിക്കുകയാണ്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട 23 ലക്ഷത്തോളം വരുന്ന നീല കാർഡുടമകൾക്കായി സംസ്ഥാന സർക്കാർ എഫ്.സി.ഐ.-യിൽനിന്നും കിലോഗ്രാമിന് 8 രൂപ 30 പൈസ നിരക്കിൽ വാങ്ങുന്ന അരി സബ്സിഡി നൽകി കേവലം നാല് രൂപയ്ക്ക് വിതരണം ചെയ്തുവരികയാണ്. പ്രസ്തുത സബ്സിഡി ബാദ്ധ്യത കൂടാതെ 53 ലക്ഷം മുൻഗണനേതര വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക്

റേഷൻ വിതരണം ചെയ്യുന്നതിനായി വരുന്ന ചെലവുകൾ പൂർണ്ണമായും മുൻഗണനാവിഭാഗക്കാരുടെ റേഷൻ വിതരണത്തിന്റെ ചെലവ് ഭാഗികമായും സംസ്ഥാന സർക്കാർ വഹിച്ചുവരികയാണ്. സംസ്ഥാനത്തെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഭക്ഷ്യധാന്യങ്ങളുടെ വില ഇനത്തിൽ 336 കോടി രൂപയും റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ ഇനത്തിൽ 324 കോടി രൂപയും ഗതാഗത-കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 254 കോടി രൂപയുമുൾപ്പെടെ ഒരു വർഷം 914 കോടി രൂപ പൊതുവിതരണ സമ്പ്രദായത്തിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. ഇതിൽ കേവലം 86 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ ധനസഹായമായി ലഭ്യമാക്കുന്നതെന്ന വസ്തുത പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്യാറില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ന് ജനങ്ങൾ രൂക്ഷമായ വിലക്കയറ്റം നേരിടുകയാണ്. നിത്യോപയോഗ സാധനങ്ങളുൾപ്പെടെ വിപണിയിൽ കിട്ടാതെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. ദൈനംദിന ജീവിതത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ഈ പ്രയാസങ്ങൾ നേരിടാനാണ്

നമ്മുടെ സംസ്ഥാനത്ത് പൊതുവിതരണമേഖല ശക്തിപ്പെടുത്തേണ്ടതായിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനത്തിന് സർക്കാർ എത്ര തുകയാണ് നൽകുന്നത്? പലപ്പോഴും ഉയരുന്ന പ്രശ്നം വേണ്ടത്ര തുക വകയിരുത്താത്തതുകൊണ്ടാണ് പൊതുവിതരണമേഖല ശക്തിപ്പെടുത്താൻ കഴിയാത്തത് എന്നുള്ളതാണ്. അങ്ങ് ഇവിടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചു; ആ പദ്ധതികൾ നടപ്പാക്കണമെങ്കിൽ പണം വേണം. അങ്ങയുടെ വകുപ്പ് ധനകാര്യ വകുപ്പിനോട് എത്ര തുകയാണ് ആവശ്യപ്പെട്ടത്; ഈ സാമ്പത്തിക വർഷം എത്ര തുക ലഭിച്ചു, ഇനി എത്ര തുക ലഭിക്കാനുണ്ട് എന്നത് വ്യക്തമാക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ:</u> സർ, അതിന്റെ കൃത്യമായ കണക്ക് ഞാൻ അദ്ദേഹത്തെ അറിയിക്കുന്നതാണ്. എന്നാൽ ഗവൺമെന്റിന്റെ പൊതുവായ സാമ്പത്തികാവസ്ഥയെക്കുറിച്ച് നമുക്കെല്ലാം അറിയാവുന്നതാണ്. അതിന്റേതായ ചില പ്രയാസങ്ങൾ ഭക്ഷ്യവകുപ്പിലുമുണ്ട്. എങ്കിലും അത് തരണം ചെയ്യാനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേക

പരിഗണന നൽകി ഇടപെടുന്നുണ്ടെന്നുള്ള വസ്തുത താങ്കൾ മനസ്സിലാക്കണം. വലിയ കുറവുകളൊന്നുമില്ലാതെ ഭക്ഷ്യ-പൊതുവിതരണ രംഗത്ത് 80-82% പേർക്ക് എല്ലാ മാസവും മുടക്കമില്ലാതെ അരി വിതരണം ചെയ്യാൻ കഴിയുന്ന സംവിധാനമുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ട്രാൻസ്പോർട്ടേഷനുമായി ബന്ധപ്പെട്ട കരാറുകൾ ഒരു വർഷത്തേയ്ക്കാണ് നൽകുന്നത്. എന്നാൽ ഒരു വർഷത്തെ കരാറിന് അവർ ഓരോ മാസവും പേമെന്റ് നടത്തണമെന്നുള്ള വാശിയിലാണ്. അതെല്ലാം അടുത്ത നാളിലുണ്ടായ പുതിയ ശീലങ്ങളാണ്. അതൊന്നും സാധാരണയുള്ളതല്ല. അതുകൊണ്ട് അതെല്ലാം പർവതീകരിച്ചുള്ള വാർത്തകൾ വരുമ്പോൾ ഭക്ഷ്യ-പൊതുവിതരണരംഗമാകെ താറുമാറായെന്നൊരു പ്രചാരണമാണ് മാധ്യമങ്ങളിലൂടെ നമുക്ക് അറിയാൻ കഴിയുന്നത്. എന്നാൽ നിലവിലെ സ്ഥിതി പരിശോധിച്ചാൽ 17% പേർ കഴിഞ്ഞ ആറുദിവസമായി റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിരിക്കുകയാണ്; അതിലൊരു കുറവും വന്നിട്ടില്ല. എന്നാൽ കേരളത്തിലെ റേഷൻ കടകളിൽ സാധനങ്ങളില്ലെന്നും അരി വിതരണം നടക്കുന്നില്ലെന്നുമാണ് പത്രവാർത്തകൾ സൂചിപ്പിക്കുന്നത്.

70 ശതമാനത്തോളം കടകളിലും 2 മാസത്തേയ്ക്ക് വിതരണം ചെയ്യാനുള്ള സാധനങ്ങൾ സ്റ്റോക്കുണ്ട്. ഒന്നോ രണ്ടോ ദിവസമോ ഒരാഴ്ചയോ ഏതെങ്കിലും ഒരു വിഭാഗം സമരം ചെയ്താൽ അത് ബാധിക്കാത്ത തരത്തിലുള്ള സംവിധാനം കേരള സർക്കാർ ഒരുക്കിയിട്ടുണ്ടെന്നുള്ള വസ്തുതകൂടി സഭ അറിയണം. സാമ്പത്തിക പ്രയാസങ്ങളുള്ളതിനാൽ അതിന്റേതായ ചില പ്രശ്നങ്ങൾ അലട്ടുന്നുണ്ടെന്നുള്ളത് വസ്തുതയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ ഏതെങ്കിലും മാവേലി സ്റ്റോറുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം സർക്കാർ തലത്തിലോ കോർപ്പറേഷൻ തലത്തിലോ എടുത്തിട്ടുണ്ടോ; അങ്ങനെ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ? വില്പനയില്ലെന്ന കാരണത്താൽ പിറവം നിയോജകമണ്ഡലത്തിലെ മുത്തോലപുരത്തെ ഒരു മാവേലി സ്റ്റോർ അടച്ചുപൂട്ടാനുള്ള തീരുമാനം കഴിഞ്ഞദിവസം കോർപ്പറേഷനിൽനിന്നും വന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. സബ്സിഡി സാധനങ്ങളുണ്ടായാൽ സ്വാഭാവികമായും വില്പന വർദ്ധിക്കും. ഏതെങ്കിലും മാവേലി സ്റ്റോർ

അടച്ചുപൂട്ടാൻ തീരുമാനമെടുത്തിട്ടുണ്ടോ; മുത്തോലപുരത്തെ മാവേലി സ്റ്റോർ അടയ്ക്കാനുള്ള തീരുമാനത്തിൽനിന്നും സർക്കാർ പിന്മാറുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിൽ 1700-ഓളം മാവേലി സ്റ്റോറുകളും സപ്ലൈകോ ഔട്ട്‌ലെറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എഴുപതിലധികം സപ്ലൈകോ ഔട്ട്‌ലെറ്റുകൾ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും എം.എൽ.എ.മാരുടെ നിർദ്ദേശത്തിന്റെയും കത്തിന്റെയും അടിസ്ഥാനത്തിൽ പല കേന്ദ്രങ്ങളിലും പുതിയ കടകൾ ആരംഭിക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ വാടക, സേഫ്റ്റിയില്ലായ്മ തുടങ്ങിയ ചില പ്രശ്നങ്ങൾ കാരണം ചില കടകൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. അതിന് ചില ക്രമീകരണങ്ങൾ വരുത്തുകയല്ലാതെ ഒരു പ്രദേശത്തെയോ ഒരു പഞ്ചായത്തിനെയോ മാവേലി സ്റ്റോറിൽനിന്നും മുക്തമാക്കുന്ന നിലപാടല്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. അപൂർവമായ ചില കേന്ദ്രങ്ങളിൽനിന്നും ക്രമീകരണങ്ങൾക്കുവേണ്ട പ്രൊപ്പോസലുകൾ വന്നിട്ടുണ്ട്. സാധനങ്ങളില്ലെങ്കിൽ കടകൾ അടച്ചുപൂട്ടുന്ന അവസ്ഥ

സംസ്ഥാനത്തുണ്ടാകില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പരിശോധിക്കാം.

ശ്രീ. ഡി. കെ. മുരളി: സർ, ചില പി.ഡി.എസ്.-കൾ അനന്തരാവകാശികളില്ലാത്തതിന്റെയും മറ്റും കാരണത്താൽ സ്ഥിരമായി സസ്പെന്റ് ചെയ്തിരിക്കുകയാണ്. അത് പുനരാരംഭിക്കാത്തതിന്റെ ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുകയാണ്. അതിന് ചില കാലവിളംബങ്ങൾ വരുന്നുണ്ട്. അത് ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ ചില പ്രശ്നങ്ങളുണ്ട്. ചില കടകളിലെ ലൈസൻസി മരണപ്പെടുന്നതുപോലുള്ള ഘട്ടത്തിൽ സസ്പെന്റ് ചെയ്ത് മറ്റ് കടകളിലേയ്ക്ക് അറ്റാച്ച് ചെയ്ത് കൊടുക്കും. പുതിയ കടയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ കോടതിയുടെ കൂടി ഉത്തരവനുസരിച്ച് റിസർവേഷൻ കൃത്യമായി പാലിക്കുക എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗം/ സ്ത്രീകൾ/ മറ്റ് ജനവിഭാഗങ്ങൾ എന്നിവർക്ക് അർഹമായ റിസർവേഷൻ കൊടുക്കുന്നില്ലെന്ന പ്രചാരണം ഒരു ഘട്ടത്തിലുണ്ടായിരുന്നു.

എന്നാൽ ഈ ഗവൺമെന്റ് അത് കൃത്യമായി പാലിച്ചുകൊണ്ടാണ് നോട്ടിഫിക്കേഷൻ നടത്തുന്നത്. അതിനനുസരിച്ച് അപേക്ഷകർ വരാത്തതുൾപ്പെടെയുള്ള പ്രശ്നങ്ങൾകൊണ്ടാണ് റേഷൻ കടകൾ ആരംഭിക്കാൻ വൈകുന്നത്. മനഃപൂർവ്വമായി വൈകിക്കുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ വസ്തുതകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

3 (*3) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ എന്നുമുതൽ പ്രാബല്യത്തിലുള്ളതാണെന്ന് അറിയിക്കാമോ; സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഫാമിലി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവയായി ഉയർത്തിയിട്ടുള്ള നിരവധി ആശുപത്രികൾ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേണിലും ബെഡ് കപ്പാസിറ്റിയിലും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജനസംഖ്യാവർദ്ധനവും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനവും കണക്കിലെടുത്ത് കാലാനുസൃതമായി സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ&സി) സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961-ലാണ് ഒരു സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്വങ്ങളിലും വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്.

സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി, ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കാൻ തുടങ്ങിയതുമുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളുൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി. (നാഷണൽ മെഡിക്കൽ കമ്മീഷൻ) മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുവരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാദമിക നിലവാരം ഉയർത്താനും അതോടൊപ്പംതന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പി.എസ്.സി. വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി./എച്ച്.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കാസ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക് വ്യവസ്ഥ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ നിലവിൽ 6342 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 3391 അധ്യാപക വിഭാഗം ഡോക്ടർമാരും ഉൾപ്പെടെ മൊത്തം 9733 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിനുപുറമേ വിവിധ മെഡിക്കൽ കോളേജുകളിലായി 2961 റസിഡന്റ് ഡോക്ടർമാരും 1255 ഹൗസ് സർജന്മാരുമുണ്ട്. ആരോഗ്യ വകുപ്പിൽ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമായി നിലവിലെ കിടക്കകളുടെ എണ്ണം 54,000-നു മുകളിലാണ്. ആരോഗ്യ വകുപ്പ് നിലവിൽ പിന്തുടരുന്നത് ആർദ്രം മാനദണ്ഡമാണ്. ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലും ഓരോ ജില്ലാതല ആശുപത്രി, ഓരോ താലൂക്കിലും ഓരോ

താലൂക്കുതല ആശുപത്രി, ഓരോ ബ്ലോക്കിലും ഓരോ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രം, കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റൽ എന്നിവ വഴി മികവാർന്ന രോഗീപരിചരണവും ആരോഗ്യ സേവനവും ഉറപ്പാക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ തുടർന്നുപോരുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പകർച്ചവ്യാധികൾക്കെതിരായുള്ള പ്രതിരോധവും എൻ.സി.ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ്) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാരക രോഗങ്ങളിൽനിന്നുള്ള സംരക്ഷണവും സമാന പ്രാധാന്യമുള്ള ആരോഗ്യദൗത്യങ്ങളാകുന്ന സാഹചര്യത്തിൽ വാർഡുകളിൽ 1:4; ഐ.സി.യു., ഓപ്പറേഷൻ തിയേറ്ററുകൾ എന്നിവിടങ്ങളിൽ 1:1 എന്ന നിലയിൽ രോഗീ-നഴ്സ് അനുപാതം വർദ്ധിപ്പിക്കണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്ന സാഹചര്യത്തിൽ കരുണയാലും കനിവിനാലും രോഗീപരിചരണ മികവിനെ കേരളത്തിന്റെ ആരോഗ്യരംഗത്തിന്റെ മുഖമുദ്രയാക്കിയ നഴ്സുമാരുടെ ജോലിഭാരം

കുറയ്ക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി നഴ്സുമാരുടെ റേഷ്യോ പ്രൊമോഷനുൾപ്പെടെയുള്ള സ്റ്റാഫ് പരിഷ്കരണ നടപടികൾ ഊർജിതമാക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, രാജ്യത്ത് നീതി ആയോഗിന്റെ അവലോകനത്തിൽ ഏറ്റവും മികച്ച ഡോക്ടർ-പേഷ്യന്റ്/ഡോക്ടർ-നഴ്സ് അനുപാതം മികച്ച നിലയിൽ നിലനിൽക്കുന്നത് കേരളത്തിലാണ്. ലോകാരോഗ്യ സംഘടന ഉൾപ്പെടെ ഇത് അംഗീകരിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട് 1961-ലെ ഉത്തരവുണ്ടെങ്കിൽപ്പോലും അവിടെനിന്നും കേരളത്തിലെ ആരോഗ്യരംഗം ഒരുപാട് മുന്നോട്ടുവന്നിട്ടുണ്ട്. അന്നത്തെക്കാളും നാലിരട്ടിയോളം വർദ്ധനവ് ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണത്തിലുണ്ടായിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികളുടെ എണ്ണം ദിവസംതോറും കൂടിവരുന്ന സാഹചര്യത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യമാണുണ്ടാകുന്നത്. അത് കൃത്യമായി ചെയ്തുപോരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡ് ഉൾപ്പെടെയുള്ള വ്യാധികൾക്കെതിരായ പോരാട്ടത്തിലും കേരളീയ സമൂഹത്തിൽ അഗാധമായ ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിലും ആശാ പ്രവർത്തകരുടെ സമർപ്പിത സേവനത്തെ ആദരവോടെയാണ് നാം കാണുന്നത്. വിരമിക്കൽ പ്രായം കൃത്യമായി നിശ്ചയിച്ചും അർഹതപ്പെട്ട വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയും സമഗ്ര ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പാക്കിയും അസംഘടിത മേഖലയിൽ നിന്നുള്ളതല്ലാതെയുള്ള ക്ഷേമനിധി ഏർപ്പെടുത്തിയും സർക്കാർ അവരുടെ തൊഴിൽ സംരക്ഷണം മെച്ചപ്പെടുത്തുമോ?

ശ്രീമതി വീണാ ജോർജ്: സർ, ആശാ പ്രവർത്തകരെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. രാജ്യത്തിന്റെ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ ആശാ പ്രവർത്തകർക്കുള്ള ഇൻസെന്റീവും സംസ്ഥാനം നൽകേണ്ട വിഹിതവും ഏറ്റവും ഉയർന്ന നിലയിൽ നൽകുന്ന സംസ്ഥാനം കേരളമാണ്. ഇക്കഴിഞ്ഞ ബജറ്റിലുൾപ്പെടെ ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. ആരോഗ്യ പരിരക്ഷ ഇപ്പോൾ അവരിൽ കുറച്ചധികം പേർക്ക് ഉറപ്പാക്കുന്നുണ്ട്. ബാക്കിയുള്ളവർക്ക്

ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോവിഡ് കാലത്ത് നമ്മുടെ പോരാളികളായിരുന്ന ആരോഗ്യ പ്രവർത്തകർ. മുഖ്യമന്ത്രി-മന്ത്രി തലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ താഴെതലത്തിൽ ഫലപ്രദമായി എത്തിക്കണമെങ്കിൽ ആശാ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ ഒരു ചങ്ങലയുടെ കണ്ണികൾപോലെ പ്രവർത്തിക്കേണ്ടതുണ്ട്. കേരളത്തിന്റെ പൊതുജനാരോഗ്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ ഫീൽഡ് പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. ഈ സർക്കാരിന്റെ കാലയളവിൽ ഫീൽഡ് പ്രവർത്തനം കൃത്യമായി നിശ്ചയിച്ചുകൊണ്ട് അവർ എവിടെ പോകണം, ഹൈറിസ്ക് കാറ്റഗറിയിലുള്ളവരിൽ ആരെ സന്ദർശിക്കണം എന്നൊക്കെയുള്ള കൃത്യമായ വേർതിരിവുണ്ടാക്കി ഗൈഡ്‌ലൈൻ ഉൾപ്പെടെ പുറപ്പെടുവിച്ചുകൊണ്ട് അവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പൊതു ആരോഗ്യ മേഖലയിൽ സാമൂഹികാരോഗ്യ

കേന്ദ്രത്തിന് മുകളിലുള്ള ഒരു ആശുപത്രിയുമില്ല എന്നത് പരിഗണിച്ചും ഈരാറ്റുപേട്ട നഗരസഭയിലെ അൻപതിനായിരത്തിലധികം വരുന്ന ജനങ്ങൾക്കും ചുറ്റുമുള്ള പഞ്ചായത്തുകളിലെ രണ്ട് ലക്ഷത്തോളം ജനങ്ങൾക്കും ആശ്രയിക്കാവുന്ന ഏക പൊതു ആരോഗ്യകേന്ദ്രം ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രമാണെന്നുള്ളതിനാലും പ്രസ്തുത കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ദീർഘകാല ആവശ്യം ഈ ഘട്ടത്തിൽ പരിഗണിക്കാൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ആശുപത്രിയുടെ സ്റ്റാറ്റസ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട അംഗം നിയമസഭാംഗമായതുമുതൽ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഈരാറ്റുപേട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്നത് മീനച്ചിൽ താലൂക്കിലാണ്. അവിടെ പാലാ ജനറൽ ഹോസ്പിറ്റൽ, കുറവിലങ്ങാട് താലൂക്കാശുപത്രി എന്നിങ്ങനെ രണ്ട് ആശുപത്രികൾ നിലവിലുണ്ട്. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്നതാണ് ആർദ്രം മിഷന്റെ മാനദണ്ഡം. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആ പ്രദേശത്തിന്റെ

പ്രത്യേകതകൂടി കണക്കിലെടുത്തുകൊണ്ട് ഈരാറ്റുപേട്ട സി.എച്ച്.സി.യെ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ വളരെ പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളും താലൂക്കാശുപത്രികളും ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ ആവശ്യമായ തസ്തിക സൃഷ്ടിക്കാത്തതുമൂലം ആശുപത്രികളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രി ജനറൽ ആശുപത്രിയായി വർഷങ്ങൾ കഴിഞ്ഞിട്ടും അതിനാനുപാതികമായ സ്റ്റാഫ് പാറ്റേൺ ഇതുവരെ അനുവദിച്ചിട്ടില്ല. അതിന് പരിഹാരമുണ്ടാകുമോ? അതോടൊപ്പം കുറിച്ചി സചിവോത്തമപുരം സി.എച്ച്.സി.-യിൽ 1,38,00,000/- രൂപ മുടക്കി 90% പണി പൂർത്തീകരിച്ച കിടത്തി ചികിത്സാകേന്ദ്രത്തിന്റെ ബാക്കി പണികൂടി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, കർഷകത്തൊഴിലാളികൾ കൂടുതലും ആശ്രയിക്കുന്ന ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയുടെ പ്രാധാന്യം

ഉൾക്കൊണ്ടാണ് അവിടെ ഇപ്പോൾ 80 കോടി രൂപയുടെ ഒരു പ്രോജക്ട് കിഫ്ബിയിലൂടെ അനുവദിച്ചത്. അടുത്ത മാസം അത് ടെൻഡർ ചെയ്യാൻ പോകുകയാണ്. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 400 ബെഡ്ഡിന് 8 ഡോക്ടർമാരാണ് വേണ്ടത്. അവിടെനിന്നൊക്കെ നാം ഒരുപാട് മുന്നോട്ടുപോയിട്ടുണ്ട്. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ തസ്തികകൾ സംബന്ധിച്ച കാര്യത്തിൽ പി.എസ്.സി. വഴിയുള്ള നിയമനം കൂടാതെ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) എന്നിവ വഴി ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ചിട്ടുണ്ട്. അവിടെയൊരു ഡയാലിസിസ് യൂണിറ്റില്ലാത്തതിനാൽ അത് ആരംഭിക്കാൻ പോകുകയാണ്. ആശുപത്രികളിൽ ഏർപ്പെടുത്തുന്ന പുതിയ സംവിധാനങ്ങളിൽ ആവശ്യമായ തസ്തികകൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രണ്ടാമത്തെ വിഷയം മുമ്പ് അദ്ദേഹം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിന്മേൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാത്ത് ലാബ്, നഴ്സിംഗ് കോളേജ് ഉൾപ്പെടെ അനുവദിച്ചുകൊണ്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയോട് സംസ്ഥാന സർക്കാരും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും കാണിക്കുന്ന പ്രത്യേക താൽപര്യത്തിന് നന്ദി അറിയിക്കുന്നു. 2011-ലാണ് അവിടത്തെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിച്ചത്. നിലവിൽ 1500-ഓളം ഒ.പി. രാവിലെയും 400-ഓളം ഒ.പി. വൈകുന്നേരവുമുണ്ടാകാറുണ്ട്. എന്നാൽ അതിനാവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണം കുറവാണ്. എല്ലാ ജനറൽ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുമെന്ന് സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അതിനായി കാഞ്ഞിരപ്പള്ളി ആശുപത്രിയെ പരിഗണിക്കുമ്പോൾ ടെക്നീഷ്യൻസ് ഉൾപ്പെടെയുള്ളവരുടെ ആവശ്യമുണ്ടാകും. അതുകൊണ്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകി സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിച്ചതും പുതിയ കെട്ടിടം നിർമ്മിച്ച്

ഉദ്ഘാടനം ചെയ്തതും ഈ സർക്കാരിന്റെ കാലത്താണ്. നിലവിൽ മോർച്ചറിയുടെ നിർമ്മാണം നടക്കുകയാണ്. ആർദ്രം മിഷന്റെ മാനദണ്ഡപ്രകാരം ഡയാലിസിസ് യൂണിറ്റ് ഇല്ലാത്ത എല്ലാ താലൂക്കാശുപത്രികളിലും ഈ വർഷം തന്നെ അത് പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. 28-ഓളം ആശുപത്രികൾ മാത്രമാണ് അവശേഷിക്കുന്നത്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുമായി ചേർന്ന് അതിനാവശ്യമായ സ്ഥലം കണ്ടുപിടിച്ചിട്ടുണ്ട്. അതിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്, ഡയാലിസിസ് മെഷീനുകൾക്ക് ഒരു കോടി രൂപ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുമുണ്ട്. സെപ്റ്റംബർ മാസത്തോടുകൂടിതന്നെ അവിടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതോടൊപ്പം അവിടെ കാത്ത് ലാബ് ആരംഭിച്ചെങ്കിലും കാർഡിയോളജിസ്റ്റിന്റെ തസ്തികയില്ല. എങ്കിൽപോലും ഡി.എം. കാർഡിയോളജി യോഗ്യതയുള്ള ഡോക്ടറെ നിയോഗിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. തസ്തിക

സൃഷ്ടിക്കലിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്കും തീർച്ചയായും പരിഗണന നൽകുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരോഗ്യരംഗം ഏറ്റവും സുപ്രധാനമാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. പക്ഷേ ആരോഗ്യരംഗത്ത് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ജനങ്ങളെ ഭയപ്പെടുത്തുന്നതാണ്. കൈയ്ക്കുള്ള ഓപ്പറേഷൻ നാവിന് ചെയ്യുക, അങ്ങനെ ഓരോ കാര്യവും പരിശോധിച്ചുനോക്കൂ. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിയുടെ കുഴപ്പംകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല, ജനങ്ങളുടെ താൽപര്യങ്ങൾക്കൊത്ത് പോകുന്നില്ല എന്നുള്ള പൊതുവായ ഒരു വികാരം വന്നിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിന് മാത്രമായി 450 കോടി രൂപ കൊടുക്കാനുള്ളതിനാൽ അവിടേയ്ക്കുള്ള മെഡിക്കൽ സപ്ലൈ ഇപ്പോൾ നടക്കുന്നില്ല. ധനകാര്യ വകുപ്പിൽനിന്നും പണം ലഭിച്ചാലേ ആരോഗ്യ വകുപ്പിന് അത് കൊടുക്കാൻ സാധിക്കൂ. പക്ഷേ അത് കിട്ടുന്നില്ലെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ഇത് കേരളത്തിലെ

ആരോഗ്യസ്ഥാപനങ്ങളെ വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. ഇത് മെച്ചപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. നിയമസഭയായതുകൊണ്ട് ഭരണ-പ്രതിപക്ഷ കക്ഷികളിൽനിന്നുള്ള ഒരു ചോദ്യവും ഉത്തരവുമായി മാത്രം ബഹുമാനപ്പെട്ട മന്ത്രി അതിനെ കണക്കാക്കരുത്. ഇത് കേരളീയ ജനസമൂഹത്തിന്റെ സുപ്രധാന പ്രശ്നമായി കണ്ട് വിമർശനാതീതമായി കൊണ്ടുപോകുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിക്കാൻ സാധിക്കും?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കോട്ടയം മെഡിക്കൽ കോളേജ് രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയോളജി ഇന്റർവെൻഷനും സർജിക്കൽ പ്രൊസീജ്യറും നടക്കുന്ന ഒരു സർക്കാർ മെഡിക്കൽ കോളേജാണ്. 2023-ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സർക്കാർ ആശുപത്രിക്കുള്ള ദേശീയ പുരസ്കാരം (ഒന്നാം സ്ഥാനം) ലഭിച്ചത് കോട്ടയം മെഡിക്കൽ കോളേജിനാണ്. ലക്ഷക്കണക്കിനാളുകളാണ് കേരളത്തിലെ സർക്കാർ ആശുപത്രികളെ

ആശ്രയിക്കുന്നത്. ചികിത്സാ പിഴവിനെ തെറ്റായിത്തന്നെ കാണുകയും അതിന് കർശന നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു കുട്ടിയുടെ ആറാം വിരൽ മാറ്റുന്നതുമായി ബന്ധപ്പെട്ട ശസ്ത്രക്രിയയ്ക്കുപകരം tongue-tie surgery നടത്തിയതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അതൊരു മൈനർ സർജറിയായിരുന്നു എന്നിരുന്നാൽ പോലും ചെയ്തത് തെറ്റാണ്. തെറ്റ് തെറ്റായി കണ്ടുകൊണ്ട് അന്ന് സൂര്യൻ അസ്തമിക്കുന്നതിനുമുമ്പുതന്നെ ബന്ധപ്പെട്ട ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അങ്ങനെയല്ല, കേരളത്തിന്റെ ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം ഇങ്ങനെ സംഭവിക്കുന്നു എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി വ്യാപക പ്രചാരണം നടക്കുകയാണ്. എല്ലാ കാലഘട്ടങ്ങളിലും ചികിത്സാപിഴവ് ഉണ്ടായിട്ടുണ്ട്, സർക്കാർ ആശുപത്രികളിൽ മാത്രമല്ല, സ്വകാര്യ ആശുപത്രികളിലും ഉണ്ടാകുന്നുണ്ട്. അങ്ങനെയുണ്ടാകാൻ പാടില്ല എന്നുള്ളതാണ് ആരോഗ്യ വകുപ്പ് കാണുന്നത്.

2011 മുതൽ മൂന്ന് വർഷക്കാലയളവിൽ ചികിത്സാ പിഴവുമൂലം സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണത്തെക്കുറിച്ച് 2014-ൽ യു.ഡി.എഫ്.ന്റെ അന്നത്തെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയ്ക്ക് കൊടുത്ത ഒരു മറുപടിയുണ്ട്. അതിൽ പറയുന്നത്, ആരോഗ്യ വകുപ്പിൽ 12-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 5-ഉം ഉൾപ്പെടെ 17 മരണങ്ങൾ ചികിത്സാ പിഴവുമൂലമുണ്ടായിട്ടുണ്ട് എന്നാണ്. ഒരു തെറ്റിനെ തെറ്റുകൊണ്ട് മറയ്ക്കുന്നതല്ല. ഒരു ചികിത്സാപിഴവുപോലുമുണ്ടാകാൻ പാടില്ല, അതിനെ കർശനമായിത്തന്നെ നേരിടും. കൃത്യമായ നടപടികൾ സ്വീകരിക്കുന്നതിനാൽ ഇപ്പോൾ ചികിത്സാപിഴവുമൂലമുണ്ടാകുന്ന മരണങ്ങളിൽ ഗണ്യമായ കുറവുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. ജയകുമാറിനെപോലെ സ്വന്തം കൈയിൽനിന്ന് കാശുകൊടുത്ത് രോഗിയെ വീട്ടിലെത്തിക്കുന്ന ഡോക്ടർമാർ നമ്മുടെ സംവിധാനത്തിലുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ആദ്യമായിട്ടാണ് ഒരു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യമായി നടത്തിയത്. 40-45 ലക്ഷം രൂപ ചെലവ് വരുന്ന ശസ്ത്രക്രിയയാണത്. അങ്ങനെ നമ്മൾ മുന്നോട്ടുപോകുമ്പോൾ

സർക്കാർ ആശുപത്രികൾക്കും ഡോക്ടർമാർക്കും വേണ്ട ആത്മവിശ്വാസം പകർന്നുനൽകണം. അതിനേക്കാളും വളരെ പ്രധാനമാണ് രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നുള്ളത്. കണ്ടെത്തിയ പിഴവുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. പിഴവുകൾ ആവർത്തിക്കാൻ പാടില്ലെന്ന നിലയിൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൃത്യവും ശാസ്ത്രീയവുമായ പ്രോട്ടോകോൾ പാലിക്കണമെന്ന കർശന നിർദേശവും നൽകിയിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് നിലനിൽക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ താലൂക്കാശുപത്രിയുടെ പാറ്റേണിലായിരുന്നപ്പോൾ 170 ഐ.പി.-യും ആയിരത്തിനടുത്ത് ഒ.പി.യുമാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 2500-3000 ഒ.പി.യും 500-ലധികം ഐ.പി.യുമുണ്ട്. അതുകൊണ്ട് അവിടെ അധിക ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിക്കണമെന്ന നിർദേശം നൽകിയിരുന്നു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, നെയ്യാറ്റിൻകര ആശുപത്രിയിൽ ഒ.പി., ഐ.പി. എന്നിവ ഗണ്യമായി വർദ്ധിക്കുന്നതോടൊപ്പം വാർഡുകളുടെ എണ്ണവും കൂട്ടുന്നുണ്ട്. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ പ്രസ്തുത ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

**വെറ്ററിനറി സർവകലാശാല വിദ്യാർത്ഥിയുടെ മരണം സംബന്ധിച്ച അന്വേഷണം**

**4 (*4)** ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ രണ്ടാംവർഷ വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ റാഗിംഗിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിന്മേലുള്ള അന്വേഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ സി.ബി.ഐ. അന്വേഷണത്തിനായുള്ള നടപടികൾ വൈകിപ്പിച്ച് പ്രതികളെ സംരക്ഷിക്കാൻ സർക്കാർ

ശ്രമിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം വൈകിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണം അത്യധികം ദൗർഭാഗ്യകരമായ സംഭവമാണ്. 18-02-2024-ൽ ഉണ്ടായ സംഭവവുമായി ബന്ധപ്പെട്ട് വയനാട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹോസ്റ്റലിൽ സഹപാഠികൾ സിദ്ധാർത്ഥനെ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയായിരുന്നു. പോലീസ്, കോളേജിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ സിദ്ധാർത്ഥൻ റാഗിംഗിന് ഇരയായതായും ദിവസങ്ങൾക്കുമുമ്പ് മർദനമേറ്റതായും കണ്ടെത്തുകയും കേസിൽ IPC

സെക്ഷൻ 341, 323, 324, 342, 306 r/w 34, Prohibition of Ragging Act 3, 4 എന്നീ വകുപ്പുകൾ ചേർത്ത് കേസന്വേഷണം വിപുലപ്പെടുത്തി.

23-04-2024-ൽ കൽപ്പറ്റ ഡിവൈ.എസ്.പി.-യുടെ ചുമതലയിൽ പ്രത്യേക സംഘം അന്വേഷണം ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ 29-02-2024-ന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ഒളിവിൽ പോയവരുൾപ്പെടെ ആരോപണവിധേയരായ 20 വിദ്യാർത്ഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികളാണ് പോലീസ് സ്വീകരിച്ചത്.

09-03-2024-ൽ (രണ്ടാം ശനിയാഴ്ച) സിദ്ധാർത്ഥന്റെ മാതാവ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ ലഭിച്ച അന്നേ ദിവസംതന്നെ സർക്കാർ ഉത്തരവ് (എം.എസ്.) നം.70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐ.-യ്ക്ക് നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് സി.ബി.ഐ. കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്.

ഇക്കാര്യത്തിൽ വളരെ കാര്യക്ഷമവും സുതാര്യവുമായ അന്വേഷണ നടപടികളാണ് പോലീസും സർക്കാരും സ്വീകരിച്ചത്.

(ബി&സി) അന്വേഷണം വൈകിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നുംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. എന്നാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ചില ഉദ്യോഗസ്ഥർക്ക് ജാഗ്രതക്കുറവുണ്ടായിയെന്ന് കണ്ടതിനാൽ ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവർ നൽകിയ വിശദീകരണം പരിശോധിച്ചശേഷം സർവീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, പോലീസിന്റെ റിപ്പോർട്ടിൽ പറയുന്ന ഒരു പ്രധാനപ്പെട്ട വാചകം, ഹോസ്റ്റലിൽ നിലനിന്നിരുന്ന അലിഖിതമായ നിയമമനുസരിച്ച് വിചാരണയും നടപടിയും സ്വീകരിച്ച് സിദ്ധാർത്ഥനെ കൊലപ്പെടുത്തിയെന്നാണ്. ഒരു സമാന്തരമായ നിയമവ്യവസ്ഥയാണ് അവിടെയുള്ളത്. എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ അവർ മാത്രം പ്രവർത്തിക്കുന്ന ഒരു കാമ്പസ്സാണ് പൂക്കോട് വെറ്ററിനറി കോളേജ്.

കേസിലെ പ്രധാന പ്രതികൾ മുഴവൻ യൂണിയൻ ഭാരവാഹികളും എസ്.എഫ്.ഐ. നേതാക്കളും ഉൾപ്പെടെയുള്ളവരാണ്. സമാന്തരമായിട്ടുള്ള നിയമവ്യവസ്ഥയെന്ന അതീവ ഗൗരവതരമായ ഈ നടപടി കേരളത്തിലെ പല കാമ്പസ്സുകളിലും നിലനിൽക്കുകയാണ്. ഇത്തരത്തിലുള്ള സംവിധാനത്തിൽനിന്നും കേരളത്തിലെ കാമ്പസ്സുകളെ മുക്തമാക്കാനുള്ള എന്തെങ്കിലും നടപടി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗിനെതിരെ ശക്തമായ നടപടിയാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. മരണപ്പെട്ട നിലയിൽ കണ്ട സിദ്ധാർത്ഥന് നേരെ റാഗിംഗ് നടന്നുവെന്നത് അവിടത്തെ പരിശോധനയുടെ ഭാഗമായി പിന്നീട് കാണുകയും അതിന്റെ ഭാഗമായി 12 വിദ്യാർത്ഥികളെ കോളേജിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. കമ്മിറ്റി റിപ്പോർട്ടിന്റെയും പോസ്റ്റ്മോർട്ടം നടത്തിയ മെഡിക്കൽ ഓഫീസർ നൽകിയ വിശദാംശങ്ങളുടെയും അടിസ്ഥാനത്തിലാണ് കേസിൽ കേരള റാഗിംഗ് നിരോധന നിയമത്തിന്റെ 3-ഉം 4-ഉം വകുപ്പുകൾ ചേർത്ത് 12 പേരെ പ്രതി ചേർക്കുന്ന നിലപാട്

സ്വീകരിച്ചത്. ഇതിന് ശക്തമായ നടപടിതന്നെ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ അനുഭവത്തിൽ കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്യും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സിദ്ധാർത്ഥന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഏറ്റവും പ്രധാനപ്പെട്ട 18 antemortem injuries പ്രതിപാദിക്കുന്നുണ്ട്. The urinary bladder were empty, The stomach were filled with brownish fluid എന്നൊക്കെയാണ് അതിൽ പരാമർശിച്ചിരിക്കുന്നത്. ഒരു തുള്ളി വെള്ളമോ ഒരു ചെറിയ ഭക്ഷണ പദാർത്ഥമോ നൽകാതെ ആ കുട്ടിയെ മൂന്നുദിവസം പട്ടിണിക്കിട്ട് പീഡിപ്പിച്ചു. സി.ബി.ഐ. അന്വേഷണത്തിന് ശിപാർശ നൽകുന്നതിൽ വന്നിരിക്കുന്നതായ ഗൗരവതരമായിട്ടുള്ള കാലതാമസവും വീഴ്ചയും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ് ആൻഡ് പെൻഷൻ മന്ത്രാലയത്തിനാണ് ഈ ശിപാർശ നൽകേണ്ടതെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ശിപാർശ നൽകിയത് സി.ബി.ഐ.-യുടെ കൊച്ചിയിലെ യൂണിറ്റിനാണ്. ഇതിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെ ഇപ്പോൾ സർവീസിലേയ്ക്ക്

തിരിച്ചെടുത്തിരിക്കുകയാണ്. ഇതിനുപിറകിൽ ഒരു വലിയ ഗൂഢാലോചന നടന്നിട്ടുണ്ട്. ആ ഗൂഢാലോചനയെപ്പറ്റി അന്വേഷിക്കാനുള്ള നേതൃത്വം കൊടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിൽ വലിയ ഗൂഢാലോചനയൊന്നും സാംഗത്യമില്ല. ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടുന്നോ ഇല്ലയോയെന്നതാണ് പ്രശ്നം. സിദ്ധാർത്ഥന്റെ അമ്മയുടെ പരാതിയുമായി പിതാവും മറ്റ് ചിലരുംകൂടി എന്നെ കാണാൻ വന്നു. ഞാൻ ആ ഹർജി വാങ്ങി വായിച്ചുനോക്കി. കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്നാണ് അതിൽ അവസാനം പറയുന്നത്. നിങ്ങളുടെ അഭിപ്രായം അങ്ങനെയാണെങ്കിൽ സി.ബി.ഐ.-യ്ക്ക് വിടാമെന്ന് അത് വായിച്ചയുടൻ ഞാൻ പറഞ്ഞു. അന്നുതന്നെ അതുസംബന്ധിച്ച സർക്കാർ ഉത്തരവും ഇറങ്ങി. ഏതാനും ഉദ്യോഗസ്ഥർ രണ്ടോ മൂന്നോ ദിവസം വൈകിപ്പിച്ചുവെന്നതുകൊണ്ട് കേസ് അട്ടിമറിക്കാൻ പറ്റുമോ? അതൊക്കെ പ്രചാരണപരമായി എടുത്തുപറയാമെന്നല്ലാതെ അടിസ്ഥാനപരമായി കേസിന്റെ സ്വഭാവത്തെ മാറ്റാൻ കഴിയില്ല. സി.ബി.ഐ.-യ്ക്ക് വിടുകയെന്നത് സർക്കാർ

തീരുമാനിച്ചുകഴിഞ്ഞില്ലേ. വീഴ്ചവരുത്തിയെന്ന് പ്രാഥമികമായി കണ്ടെത്തുകൊണ്ടാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത്. ഇതിൽ കൃത്യമായ നടപടി പാലിച്ചിട്ടുമുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ആന്റി റാഗിംഗ് കമ്മിറ്റിയെ നിയോഗിച്ചു. ഇരുപത് മാസക്കാലത്തിലധികമായി ഈ കുട്ടി നിരന്തര പീഡനത്തിന് വിധേയമായിയെന്നുള്ളതാണ് ആ റിപ്പോർട്ടിൽ പറയുന്നത്. എന്നിട്ടുപോലും അവിടത്തെ സ്ഥാപന മേധാവിയോ ഡീനോ ഇത് അറിഞ്ഞില്ലെന്നുള്ളത് വളരെ ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്. രാഷ്ട്രീയ സപ്പോർട്ട് അവർക്ക് ലഭിക്കുകയോ അല്ലെങ്കിൽ വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐ.-യെ ഭയന്നിട്ടോ ആണ് അവർ റിപ്പോർട്ട് ചെയ്യാത്തതെന്നാണ് പറഞ്ഞുവരുന്നത്. കേരളത്തിലെ ഹോസ്റ്റലുകളിൽ പലയിടങ്ങളിലും ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. അത് നിയന്ത്രിക്കാനാവശ്യമായ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം ക്രൂരത എവിടെ നടന്നാലും ആരുടെ ഭാഗത്തുനിന്നുമുണ്ടായാലും അതിന് ഒരു തരത്തിലുള്ള സംരക്ഷണവും സർക്കാരോ ബന്ധപ്പെട്ട വകുപ്പുകളോ നൽകില്ല. അക്കാര്യം ഉറപ്പായി കണക്കാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ എല്ലായിടങ്ങളിലുമെടുക്കണമെന്ന് പൊതുവേ നിർദേശിച്ചിട്ടുമുണ്ട്.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്)

**10.00 a.m]**

**II അറിയിപ്പ്**

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ബഹുമാനപ്പെട്ട അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോയെടുക്കുന്നതിനായി സഭ അൽപസമയത്തേയ്ക്ക്

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിർത്തിവയ്ക്കുകയാണ്. സഭ നിർത്തിവച്ചാൽ ഉടൻ ബഹുമാനപ്പെട്ട അംഗങ്ങൾ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ എത്തിച്ചേരണമെന്നും ഫോട്ടോ സെഷനിൽ പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കുമായി നിയമസഭാ മന്ദിരത്തിലെ ഒന്നാം നിലയിലെ മെമ്പേഴ്സ് ക്യാന്റീന് സമീപം ചായസൽക്കാരം ഒരുക്കിയിട്ടുണ്ട്. ഫോട്ടോ സെഷനുശേഷമുള്ള ചായസൽക്കാരത്തിലേയ്ക്കും എല്ലാവരെയും ക്ഷണിക്കുന്നു.

ഓർഡർ....... ഓർഡർ..... സഭ അൽപസമയത്തേയ്ക്ക് പിരിയുന്നു.

(അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനായി രാവിലെ 10.01-ന് നിർത്തിവച്ച സഭ 10.42-ന് പുനരാരംഭിച്ചു.)

**III അനുമോദനം**

ശ്രീ. പ്രഭാവർമ്മയ്ക്ക് അനുമോദനം

മി. സ്പീക്കർ: ഓർഡർ.... ഓർഡർ...

ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ വീണ്ടുമൊരിക്കൽക്കൂടി മലയാളത്തിന്

ലഭിച്ചിരിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സാഹിത്യകൃതിക്കുള്ള ഈ പുരസ്കാരം കവി പ്രഭാവർമ്മയാണ് കേരളത്തിലേയ്ക്കും മലയാള ഭാഷയിലേയ്ക്കും എത്തിച്ചത്. 'രൗദ്രസാത്വികം' എന്ന കൃതിക്ക് ലഭിച്ച ഈ അംഗീകാരത്തിലൂടെ കവി പ്രഭാവർമ്മയ്ക്കൊപ്പം നമ്മുടെ നാടും ഭാഷയുംകൂടിയാണ് ആദരിക്കപ്പെടുന്നത്.

ക്ലാസിക്കൽ പദവി നേടിയ മലയാള ഭാഷാ സാഹിത്യം ഇന്ത്യയിലെ മറ്റെല്ലാ ഭാഷാ സാഹിത്യങ്ങൾക്കും മുകളിൽ സ്ഥാനം നേടുന്ന മഹത്വത്തിന്റെ ശ്രേഷ്ഠ മുഹൂർത്തമാണിത്. ഹരിവംശറായി ബച്ചനിൽ തുടങ്ങിയ സരസ്വതി സമ്മാൻ ബാലാമണിയമ്മ, അയ്യപ്പപ്പണിക്കർ, സുഗതകുമാരി എന്നിവർക്കാണ് ഇതിനുമുമ്പ് മലയാളത്തിൽ ലഭിച്ചിട്ടുള്ളത്.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ചലച്ചിത്ര ഗാനരചനയ്ക്കുള്ള രജത് കമൽ ദേശീയ പുരസ്കാരം എന്നിവയടക്കമുള്ള ദേശീയ പുരസ്കാരങ്ങൾ മുമ്പ് നേടിയിട്ടുള്ള ശ്രീ. പ്രഭാവർമ്മ, സരസ്വതി സമ്മാനിലൂടെ ദേശീയ സാഹിത്യ വ്യക്തിത്വങ്ങളുടെ നിരയിലേയ്ക്ക് ഉയർന്നുനിൽക്കുന്നുവെന്നത് ഓരോ മലയാളിക്കും അഭിമാനകരമാണ്.

പാരമ്പര്യത്തെയും ആധുനികതയെയും സംയോജിപ്പിക്കുന്ന ശക്തിചൈതന്യങ്ങളുടെ കണ്ണി എന്ന നിലയിൽ കാവ്യചരിത്രം അടയാളപ്പെടുത്തിയിട്ടുള്ള കാവ്യ വ്യക്തിത്വത്തിനുടമയാണ് ശ്രീ. പ്രഭാവർമ്മ. 'ശ്യാമമാധവം' പോലുള്ള കാവ്യ ആഖ്യായികകളടക്കം അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നിരവധി കൃതികളുണ്ട്. സരസ്വതി സമ്മാൻ ലബ്ധിയിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. നാടിന്റെയും ഭാഷയുടെയും സന്തോഷത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന് ലഭിച്ച ഏറ്റവും ഉദാത്തമായ ഒരു പുരസ്കാരമാണിത്. ശ്രീ. പ്രഭാവർമ്മയിലൂടെ നമ്മുടെ നാടും മലയാള ഭാഷയും ധന്യമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. അങ്ങ് പ്രകടിപ്പിച്ച എല്ലാ വികാരത്തോടും യോജിക്കുന്നു. ശ്രീ. പ്രഭാവർമ്മയ്ക്ക് ഇനിയും കൂടുതൽ സംഭാവനകൾ നൽകാൻ കഴിയുമാറാകട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രിയങ്കരനായ കവി ശ്രീ. പ്രഭാവർമ്മയ്ക്ക് ലഭിച്ച പുരസ്കാരത്തെ മലയാള ഭാഷയ്ക്കും മലയാള

കവിതയ്ക്കും ലഭിച്ച സമ്മാനമായാണ് നമ്മളെല്ലാവരും കാണുന്നത്. വ്യത്യസ്ത വഴികളിലൂടെ സഞ്ചരിച്ച് കവിതയെഴുതിയ വ്യക്തിയാണ് ശ്രീ. പ്രഭാവർമ്മ. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ പേരുകൾതന്നെ വളരെ ശ്രദ്ധേയമായ വാക്കുകൾ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. മേഘദീപകം, അർക്കപൂർണ്ണിമ, ചന്ദനനാഴി, ശ്യാമമാധവം, രൗദ്രസാത്വികം എന്നിങ്ങനെ പേരുകളിൽത്തന്നെ വൈരുദ്ധ്യങ്ങൾ കാണാൻ സാധിക്കും. മഴപെയ്യിക്കുകയും വിളക്ക് തെളിയിക്കുകയും ചെയ്യുന്ന രണ്ട് ഹിന്ദുസ്ഥാനി രാഗങ്ങളുടെ പേരുകൾ ചേർത്താണ് മേഘദീപകം എന്ന പേര് ഉണ്ടാക്കിയിരിക്കുന്നത്. അതുപോലെ ശ്യാമമാധവത്തിൽ ശ്രീകൃഷ്ണന്റെ സങ്കടങ്ങളെയും വ്യക്തിപരമായ നിരാശകളെയും പ്രശ്നങ്ങളെയും കുറിച്ചാണ് അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നത്. രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന ആശയങ്ങളെയും വൈരുദ്ധ്യങ്ങളെയും അല്ലെങ്കിൽ ബൈനറി ഓപ്പോസിറ്റുകളെ ഒരുമിപ്പിച്ച് ചേർക്കുന്ന ഒരു കലാവൈഭവമാണ് ശ്രീ. പ്രഭാവർമ്മയുടെ കവിതകളിലൂടെ വളരുന്നത്. ഏകാന്തത എന്ന വിഷത്തെ അമൃതാക്കി മാറ്റാൻ കഴിയുന്നതാണ് കവിതയെന്ന് കുമാരനാശാൻ

പറഞ്ഞിട്ടുണ്ട്. നമ്മുടെ പുരാണ കഥാപാത്രങ്ങളെ നിരവധിപേർ നോവലുകളിലൂടെയും മറ്റും വിശേഷിപ്പിച്ചിട്ടുണ്ട്. കർണ്ണനെ കഥാപാത്രമാക്കി ശിവാജി സാവന്ത് എഴുതിയ 'മൃത്യുഞ്ജയ്", ഭീമനെ കഥാപാത്രമാക്കി ശ്രീ. എം. ടി. വാസുദേവൻ നായർ എഴുതിയ 'രണ്ടാമൂഴം', പി. കെ. ബാലകൃഷ്ണൻ എഴുതിയ 'ഇനി ഞാൻ ഉറങ്ങട്ടെ', പാഞ്ചാലിയെ കഥാപാത്രമാക്കി ശ്രീമതി ചിത്ര ബാനർജി ദിവാകരുണി എഴുതിയ 'ദി പാലസ് ഓഫ് ഇല്യൂഷൻസ് എന്നിവയെല്ലാം പുരാണ കഥാപാത്രങ്ങളെ വളരെ വ്യത്യസ്ത രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന നോവലുകളാണ്. അതുപോലെയാണ് ശ്രീ. പ്രഭാവർമ്മയുടെ കവിതകൾ; പുരാണ കഥാപാത്രങ്ങളെ ഇന്നത്തെ സാമൂഹികഘടനയിൽനിന്നുകൊണ്ടും വിമർശിച്ചുകൊണ്ടും എഴുതിയ വ്യത്യസ്തമായ കവിതകളാണ് അദ്ദേഹത്തിന്റേത്. ആ കവിതയാണ് ഇവിടെ ആദരിക്കപ്പെട്ടിരിക്കുന്നത്. മലയാള ഭാഷയ്ക്കും മലയാള കവിതയ്ക്കും ലഭിച്ച അംഗീകാരമാണിത്. കവി ശ്രീ. പ്രഭാവർമ്മയെ എല്ലാവർക്കുംവേണ്ടി ഞാൻ അഭിനന്ദിക്കുന്നു.

**10.47 p.m]**

**IV ചെയർപേഴ്സൺമാരുടെ പാനൽ**

മി. സ്പീക്കർ: സർവ്വശ്രീ വി. കെ. പ്രശാന്ത്, ജി. എസ്. ജയലാൽ, ടി. സിദ്ദിഖ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**V അടിയന്തരപ്രമേയം**

**ബാർ കോഴ**

മി. സ്പീക്കർ: സംസ്ഥാനത്തെ മദ്യനയം അട്ടിമറിച്ചുവെന്നും അതിനായി നടത്തിയ നിയമവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പുറത്തുവന്നിട്ടും കാര്യക്ഷമമായ അന്വേഷണം നടത്തിയിട്ടില്ലെന്നും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മദ്യനയം രൂപീകരിക്കുന്നതിന്റെ ഏറ്റവും പ്രാഥമികഘട്ടം എക്സൈസ്

വകുപ്പുമന്ത്രി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സുമായി നടത്തുന്ന ചർച്ചയാണ്. ഈ വർഷം നയം ആവിഷ്ക്കരിച്ചിട്ടില്ലെന്നുമാത്രമല്ല, അതുസംബന്ധിച്ച പ്രാഥമിക ചർച്ചപോലും ഇതുവരെ നടത്തിയിട്ടില്ല. ജൂൺ 11, 12 തീയതികളിലാണ് പ്രസ്തുത ചർച്ച നടത്താനിരിക്കുന്നത്. മാത്രമല്ല, ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് നയം തയ്യാറാക്കി, നയപരമായ പ്രശ്നമാണെന്നതുകൊണ്ട് രാഷ്ട്രീയചർച്ചകൾകൂടി നടത്തിയതിനുശേഷം ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടിയാണ് മദ്യനയം നിലവിൽ വരുന്നത്. അതിനാൽ ഏറ്റവും പ്രാഥമിക ഘട്ടംപോലും നടത്തിയിട്ടില്ല. രണ്ട് യോഗങ്ങൾ നടന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന്, ചീഫ് സെക്രട്ടറി നടത്തിയ യോഗമാണ്. അത് സംസ്ഥാനത്തിന്റെ വിഭവസമാഹരണവും ഭരണകാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുള്ള സെക്രട്ടറിമാരുടെ യോഗമായിരുന്നു. ആ യോഗത്തിൽ അനേകം കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ടാകും. അത് മദ്യനയവുമായി ബന്ധപ്പെട്ട യോഗമല്ലെന്ന കാര്യം ചീഫ് സെക്രട്ടറിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊന്ന്, ടൂറിസം ഡയറക്ടർ സംഘടിപ്പിച്ച ഒരു

യോഗത്തെക്കുറിച്ചാണ് പറയുന്നത്. അതും പതിവായി നടക്കുന്ന ഇൻഡസ്ട്രി കണക്ട് യോഗങ്ങളുടെ ഭാഗമാണ്. മദ്യവ്യവസായവും ടൂറിസവും തമ്മിലുള്ള ബന്ധം കേരളത്തിലെ എല്ലാ സർക്കാരുകളും ഇതിനുമുമ്പ് കണക്കിലെടുത്തിട്ടുള്ളതാണ്. ഡയറക്ടർ തലത്തിൽമാത്രം നടന്ന ആ യോഗത്തെ സംബന്ധിച്ച് ടൂറിസം ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. അത് ടൂറിസം വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരമല്ലെന്ന കാര്യവും ഡയറക്ടറും ബഹുമാനപ്പെട്ട മന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ പ്രാഥമിക നടപടിപോലും സ്വീകരിക്കാത്ത മദ്യനയത്തെ സംബന്ധിച്ച് കഴിഞ്ഞ ഒരുമാസമായി നിരന്തരം വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ആ വാർത്തകളുടെകൂടി പശ്ചാത്തലത്തിലാണ് ഒരാൾ മദ്യനയത്തിന്റെ പേരിൽ ആർക്കെന്നില്ലാതെ പണം ആവശ്യപ്പെടുന്ന ഒരു വാട്ട്സാപ്പ് വോയിസ് ക്ലിപ് ശ്രദ്ധയിൽപ്പെടുന്നത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ സർക്കാർ ശക്തമായ നടപടിയെടുത്തു. അതുസംബന്ധിച്ച് എന്റെ ഓഫീസ് തന്നെ ഡി.ജി.പി.-ക്ക് പരാതി നൽകി. അതിന്മേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ അന്വേഷണം നടക്കുന്നില്ലെന്ന

നോട്ടീസിലെ പരാമർശവും അടിസ്ഥാനരഹിതമാണ്. അതുകൊണ്ട് ഇല്ലാത്ത ഒരു മദ്യനയത്തിന്റെ പേരിൽ, പ്രാഥമിക നടപടികൾപോലും സർക്കാർ ആരംഭിച്ചിട്ടില്ലാത്ത ഒരു കാര്യത്തിന്മേൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഈ സർക്കാരിന്റെ അഴിമതിക്കും ദുർഭരണത്തിനുമെതിരായി പ്രതിപക്ഷം നടത്തുന്ന പോരാട്ടങ്ങൾക്ക് കരുത്തുപകരുന്ന ഒരു ജനവിധിയാണ് ഈ തിരഞ്ഞെടുപ്പിലുണ്ടായിരിക്കുന്നത്. ആ ജനവിധി ഉൾക്കൊണ്ടുകൊണ്ട് ഈ സർക്കാരിന്റെ അഴിമതികൾ ഓരോന്നായി നിയമസഭയ്ക്കകത്തും പുറത്തും തുറന്നുകാട്ടാൻ പ്രതിപക്ഷമുണ്ടാകുമെന്ന് ഞാൻ ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. 2015 മാർച്ച് 10-ാം തീയതി അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഏതാനും വാചകങ്ങൾ ഞാനിവിടെ വായിക്കുകയാണ്. "ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി. സി. ജോർജ്ജുമൊക്കെ വിശുദ്ധഗ്രന്ഥം നന്നായി വായിച്ച്

പഠിച്ചിട്ടുള്ളവരല്ലേ? അതിൽ മത്തായിയുടെ സുവിശേഷത്തിൽനിന്നും ഒരു വാചകം ഉദ്ധരിക്കാം: 'ഒരു മനുഷ്യൻ ഈ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം?' എന്നാണ് പറയുന്നത്. വചനം സത്യമായി അനുഭവപ്പെടുന്ന ഒരു കാലംവരും മിസ്റ്റർ മാണി, കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ മാണി വീണുപോകുന്നത് എനിക്ക് ഓർക്കാൻപോലും കഴിയുന്നില്ല. കെടാത്ത തീയും ചാകാത്ത പുഴുവും." ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരായ ശ്രീ. എം. ബി. രാജേഷിനോടും ശ്രീ. പി. എ. മുഹമ്മദ് റിയാസിനോടും ഞങ്ങൾക്ക് പറയാനുള്ളതും ഇതുതന്നെയാണ്. കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ നിങ്ങൾ വീണുപോകരുതെന്നുള്ളതാണ്. കഴിഞ്ഞദിവസങ്ങളിൽ ഒരു ശബ്ദസന്ദേശം പുറത്തുവന്നിരിക്കുകയാണ്. അത് എങ്ങനെയാണ് വന്നത്? സമാനരീതിയിൽവന്ന ചില ശബ്ദരേഖകളുടെയൊക്കെ അടിസ്ഥാനത്തിലാണ് കെ. എം. മാണിക്കെതിരെ അന്ന് ബാർക്കോഴ ആരോപണം ഇപ്പോഴത്തെ ഭരണപക്ഷം ഉന്നയിച്ചതും കേരളത്തിൽ മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധത്തിലുള്ള കോലാഹലങ്ങൾക്ക്

സാക്ഷ്യം വഹിക്കുകയും ചെയ്തത്. അന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ കമ്പ്യൂട്ടറുൾപ്പെടെ തല്ലിത്തകർത്ത, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ നാണക്കേടുണ്ടാക്കിയ സംഭവവികാസങ്ങൾക്ക് നിയമസഭ സാക്ഷ്യം വഹിച്ചത് ഇതുപോലൊരു ബാർക്കോഴ അഴിമതി ആരോപണത്തിന്റെ പേരിലായിരുന്നു. 2015 മാർച്ച് 12-ാം തീയതി ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ നടത്തിയ മറ്റൊരു പ്രസ്താവന കൂടിയുണ്ടായിരുന്നു. "കോഴ വാങ്ങിയ മാണി, കോഴപ്പണമെണ്ണാൻ സ്വന്തമായി യന്ത്രം വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മാണി, ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന മാണി, ഇത്രയും കൊള്ളരുതായ്മകൾകൊണ്ട് മുഖം വികൃതമാക്കിയ മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല" എന്നാണ് പറഞ്ഞത്. ഇത്തരുണത്തിൽ, അദ്ധ്യാത്മ രാമായണത്തിലെ വളരെ പ്രസക്തമായ നാലുവരികൾ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്.

"നിത്യവും ചെയ്യുന്ന കർമ്മ ഗുണഫലം
കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താന്താനനുഭവിച്ചീടുകന്നേ വരൂ."

ഏറ്റവും പുതുതായി ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. ബാർ ഉടമകൾക്കനുകൂലമായി മദ്യനയം രൂപീകരിക്കുന്നതിന് കോഴ നൽകാനായി ബാറുടമകൾ രണ്ടര ലക്ഷം രൂപ വീതം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷന്റെ സംസ്ഥാന നേതാവും ഇടുക്കി ജില്ലാ പ്രസിഡന്റുമായ ഒരു വ്യക്തിയുടെ വളരെ കൃത്യമായ ശബ്ദസന്ദേശമാണ് 2024 മേയ് 23-ന് പുറത്തുവന്നിരിക്കുന്നത്. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? "മേയ് 23-ന് എറണാകുളം റിനൈസൻസ് ഹോട്ടലിൽവച്ച് യോഗം നടക്കുകയാണ്. ആ സ്ഥലത്തുനിന്നും യോഗം കഴിഞ്ഞതിനുശേഷമാണ് ഞാൻ ഈ സന്ദേശം അയയ്ക്കുന്നത്. തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ പുതിയ മദ്യനയം വരുന്നതാണ്. അതിനകത്ത് ഒന്നാം തീയതി ഡ്രൈ ഡേ എടുത്തുകളയുന്നതടക്കമുള്ള കാര്യങ്ങളുണ്ടാകും." ഇത് പറയുന്നത് ഒരു ബാർ മുതലാളിയാണ്. അദ്ദേഹം വീണ്ടും പറയുകയാണ്, "ഇതൊക്കെ

ചെയ്യുതരണമെങ്കിൽ നമ്മൾ കൊടുക്കേണ്ടുന്ന കാര്യങ്ങൾ കൊടുക്കണം. ഇടുക്കി ജില്ലയിൽനിന്ന് ഒരു ഹോട്ടൽ മാത്രമാണ് രണ്ടര ലക്ഷം രൂപ നൽകിയത്. വലിയൊരു ഗ്രൂപ്പ് നാല് ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഇതുവരെ വൺതേർഡാണ് ടോട്ടൽ കളക്ഷനായി സ്റ്റേറ്റിൽനിന്നും കിട്ടിയത്. പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല. രണ്ടര ലക്ഷം രൂപവച്ച് കൊടുക്കാൻ സാധിക്കുന്നവർ നൽകുക. പണ്ടത്തെ അവസ്ഥവന്നാൽ! ഇനി നമ്മളെല്ലാവരും അതിനെക്കുറിച്ച് ചിന്തിക്കണം." അതിലെ ഏറ്റവും പ്രസക്തമായ ഭാഗം ഇതാണ്: "ഇലക്ഷൻ കഴിഞ്ഞ് ഒരു പാർട്ടിയും സാധാരണനിലയിൽ പണം വാങ്ങുന്നതല്ല. എന്നിട്ടും അതിനുള്ള ഓപ്ഷൻ നമ്മളുണ്ടാക്കിയിട്ടുണ്ട്." അതെന്താണ്? ഇലക്ഷൻ കഴിഞ്ഞാൽ സാധാരണ പണം വാങ്ങുന്നതല്ല, എന്നിട്ടും അത് കൊടുക്കാനുള്ള സംവിധാനം/ഓപ്ഷൻ നമ്മൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള ഒരു സംഘടനാ ഭാരവാഹിയുടെ ശബ്ദസന്ദേശം ഗ്രൂപ്പുകളിലേയ്ക്ക് പോകുകയാണ്. ഇവിടെപ്പറയുന്ന ഓപ്ഷൻ ആരുണ്ടാക്കി; ആ ഓപ്ഷൻ എന്താണ്; അതറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമില്ലേ; അതിന്റെ പുറത്തുള്ള കറുത്ത കരങ്ങൾ

ആരുടേതാണെന്ന് അറിയാനുള്ള അവകാശം ഈ നാട്ടിലെ ജനങ്ങൾക്കില്ലേ? ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്, ഡി.ജി.പി.-ക്ക് ഒരു പരാതി കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് പ്രാഥമികാന്വേഷണം പൂർത്തീകരിക്കാൻ പോകുകയാണെന്നാണ് അറിയാൻ സാധിച്ചത്. എന്നാൽ ആ പരാതിയിന്മേൽ അന്വേഷിക്കുന്നത് എന്താണ്? ഈ ശബ്ദസന്ദേശം എങ്ങനെ പുറത്തുവന്നുവെന്നതിനെ സംബന്ധിച്ച അന്വേഷണമാണ് നടക്കുന്നത്. ഇവിടെ കോഴ നൽകാനായി പിരിച്ചെടുത്ത പണം ബാർ ഉടമകളുടെ അസോസിയേഷന്റെ രജിസ്റ്ററിലുണ്ടോയെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; അതിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആരെയെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ; അവരുടെ ആരുടെയെങ്കിലും ബാങ്ക് അക്കൗണ്ട് പരിശോധിച്ചിട്ടുണ്ടോ? എല്ലാ തെളിവുകളും ഇവിടെയുണ്ട്. അതായത് മൂന്നിലൊന്ന് പണപ്പിരിവ് നടന്നുവെന്ന് ഒരാൾ കൃത്യമായി പറയുന്നുണ്ട്. ഈ പിരിവ് നടത്താനുപയോഗിച്ച മാർഗ്ഗങ്ങളും അതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളുമൊക്കെ നാട്ടിൽ പാട്ടാണ്. ഇതൊക്കെ

നടന്നുവെന്നിരിക്കെ അഴിമതി നിരോധന നിയമപ്രകാരം ഒരു എഫ്.ഐ.ആർ. ഇട്ട് കേസെടുക്കാൻ ഈ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്? അഴിമതി നടന്നിട്ടില്ലെന്നാണ് സർക്കാർ പറയുന്നത്. അതെങ്ങനെ പറയാൻ സാധിക്കും? ഒരു അഴിമതിയുടെ സുപ്രധാനഘടകമെന്ന് പറയുന്നത് quid pro quo ആണ്. അതായത് ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഒരു ബാറിൽനിന്നും രണ്ടര ലക്ഷം രൂപവീതം പിരിച്ചെടുക്കണമെന്ന് വളരെ കൃത്യമായി പറയുകയാണ്. മൂന്നിലൊന്ന് തുക ലഭിച്ചുവെന്നും കൊടുക്കേണ്ടവർക്ക് കൊടുക്കണമെന്നും പറയുന്നുണ്ട്. ആർക്ക് കൊടുക്കണമെന്നുപോലും പറയാത്ത ഒരു സന്ദേശത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം ഇവിടെ പറഞ്ഞു. ആർക്ക് കൊടുക്കണമെന്നാണ് പറഞ്ഞതെന്ന് മനസ്സിലാകാത്തത് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് മാത്രമാണ്. ഇത് ഞങ്ങൾക്കാർക്കെങ്കിലും തരാൻ വേണ്ടിയാണോ? ആർക്ക് കൊടുക്കാൻവേണ്ടിയാണ് ഈ പിരിവ് നടത്തിയതെന്നുള്ള കാര്യം വളരെ വ്യക്തമാണ്. അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 12 അനുസരിച്ച്, അഴിമതിക്കുവേണ്ടിയിട്ടുള്ള

abetment-ഉം ശിക്ഷയർഹിക്കുന്ന ഒരു കുറ്റമാണ്. സെക്ഷൻ 12-ൽ പറയുന്നത്, "Whoever abets any offence punishable under this Act, whether or not that offence is committed in consequence of that abetment, shall be punishable with imprisonment for a term which shall be not less than three years, but which may extend to seven years and shall also be liable to fine." എന്നാണ്. ഒരു അഴിമതിക്ക് പ്രേരകമായി ആരെങ്കിലും എന്തെങ്കിലും ചെയ്താൽ ആ അഴിമതി നടന്നോ ഇല്ലയോ, അതിന് പ്രേരകമായിട്ടുള്ള ഇടപെടൽപോലും കുറ്റകരമാണെന്ന് അഴിമതി നിരോധന നിയമത്തിൽ വളരെ വ്യക്തമായി പറയുമ്പോൾ, അതിനെക്കുറിച്ച് ഒരന്വേഷണം നടത്താൻ തയ്യാറാകാതെ ശബ്ദസന്ദേശം എങ്ങനെ പുറത്തുപോയി; ഈ ശബ്ദസന്ദേശം എങ്ങനെ സർക്കാരിന് മാനക്കേടുണ്ടാക്കി; അതിനകത്ത് ഗൂഢാലോചനയുണ്ടോ തുടങ്ങിയ കാര്യങ്ങൾ മാത്രമാണ് ഈ സർക്കാർ അന്വേഷിക്കുന്നത്. ഇതുസംബന്ധിച്ച അഴിമതിയിലേയ്ക്ക് ഈ അന്വേഷണം കൺതുറക്കില്ല, ഈ അന്വേഷണം എങ്ങുമെത്തുകയില്ലെന്നുള്ള കാര്യം സുവ്യക്തമായിരിക്കുകയാണ്. ഇതൊക്കെ പുറത്തുവന്നപ്പോൾ

ആസ്ഥാനമന്ദിരം നിർമ്മിക്കാൻ വേണ്ടിയാണ് പണപ്പിരിവ് നടത്തിയതെന്നൊക്കെ സംഘടനാ ഭാരവാഹികൾ പറഞ്ഞു. സംഘടനയുടെ ആസ്ഥാനമന്ദിരം നിർമ്മിക്കാൻവേണ്ടി ഒരു ലക്ഷം രൂപവീതമുള്ള പിരിവൊക്കെ ജനുവരി മാസത്തിൽ നടന്നതാണ്. അതൊക്കെ പലതവണ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. സംഘടനയുമായി ബന്ധപ്പെട്ട അവരുടെ മീറ്റിംഗിന്റെ മിനിട്ട്സും കാര്യങ്ങളുമൊക്കെ പുറത്തുവന്നിട്ടുള്ളതാണ്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യമെന്താണ്? ശബ്ദസന്ദേശം പുറത്തുവന്നപ്പോഴാണ് വിഷയം മാറ്റുന്നതിനായി, ഓഫീസ് നിർമ്മിക്കാനാണെന്ന കാര്യം പറഞ്ഞത്. ജനുവരി മാസത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപവീതം പിരിച്ചതൊക്കെ ഞാനിവിടെ സൂചിപ്പിച്ചതാണ്. ഇപ്പോൾ രണ്ടര ലക്ഷം രൂപവീതം പിരിക്കുന്നത് ആർക്കുവേണ്ടിയാണെന്നുള്ളത് വളരെ വ്യക്തമാണ്. മദ്യനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു ആലോചനയും പ്രാഥമിക ചർച്ചയും നടന്നിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഇവിടെ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ഇതുസംബന്ധിച്ച് ജനുവരി, മാർച്ച് മാസങ്ങളിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയും മേയ് മാസം 21-ന് ടൂറിസം ഡയറക്ടറും യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അത് നമ്മൾ പരിശോധിക്കണം. സ്റ്റേക്ക്ഹോൾഡേഴ്സുമായി ബന്ധപ്പെട്ട് യാതൊരു ആലോചനയും നടന്നിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷേ, കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി വിശദീകരണം നല്കിയ പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്, "ഡ്രൈ ഡേ ഒഴിവാക്കണമെന്ന ആവശ്യം വ്യവസായം, ടൂറിസം മേഖലകളിലെ സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്ന് വളരെ മുമ്പുതന്നെ ഉയർന്നുവന്നിട്ടുള്ളതാണ്. എക്സൈസ് വകുപ്പിലും സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്നും സമാനമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനുവരി 4-ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി മദ്യവ്യവസായവുമായി ബന്ധപ്പെട്ട് സ്റ്റേക്ക്ഹോൾഡേഴ്സ് ഉന്നയിച്ച വിഷയങ്ങളും ഡ്രൈ ഡേ ഒഴിവാക്കുന്ന കാര്യവും ഉയർന്നുവന്നിരുന്നു" എന്നാണ്. പക്ഷേ അങ്ങ്

പറയുന്നത് സ്റ്റേക്ക്ഹോൾഡേഴ്സുമായി ബന്ധപ്പെട്ട് യാതൊരു ചർച്ചയും നടന്നിട്ടില്ലെന്നാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ സമയം എക്സീഡ് ചെയ്യുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ചുരുക്കാം. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ജനുവരി മാസത്തിൽ ആദ്യ യോഗവും മാർച്ച് മാസത്തിൽ രണ്ടാമത്തെ യോഗവും വിളിച്ചുചേർക്കുന്നു. ഇത് ചീഫ് സെക്രട്ടറിതന്നെ സ്ഥിരീകരിച്ചിട്ടുള്ളതാണ്. അതിനുശേഷം ടൂറിസം ഡയറക്ടർ മേയ് 21-ാം തീയതി സൂം മീറ്റിംഗ് കൂടുകയാണ്. എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ടൂറിസം വകുപ്പിന് എന്താണ് കാര്യമെന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ടൂറിസം വകുപ്പിന് എന്തിനാണ് ഇക്കാര്യത്തിൽ അമിത താല്പര്യം; എന്തിനാണ് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന്റെ കാര്യത്തിൽ കൈകടത്തുന്നത്? ഇതെല്ലാം സാധാരണയായി നടക്കുന്ന യോഗമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ടൂറിസം വകുപ്പ് വിളിച്ച് ചേർത്ത യോഗത്തിന്റെ സബ്ജക്ട്/അജണ്ട എന്താണ്: 'The subject is the excise policy renewal and suggestions to

Kerala Tourism'. സംസ്ഥാനത്തിന്റെ എക്സൈസ് പോളിസിയെ സംബന്ധിച്ച് ഇവിടെ യോഗം വിളിച്ചുചേർക്കുന്നത് ടൂറിസം ഡയറക്ടറാണ്. എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നത് ശ്രീ. എം. ബി. രാജേഷ് ആണോ അതോ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ആണോയെന്ന് കേരളത്തിലെ ജനങ്ങൾക്ക് സംശയമുണ്ട്. വകുപ്പ് ആരുടെ കൈയിലാണെന്ന് ഈ രണ്ട് മന്ത്രിമാരോ അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വ്യക്തമാക്കിയാൽ നന്നായിരിക്കും. ഇവിടെ കാര്യങ്ങൾ വ്യക്തമാണ്. ജനുവരി മാസത്തിൽ ചീഫ് സെക്രട്ടറി യോഗം വിളിക്കുന്നു, മാർച്ച് മാസത്തിൽ വീണ്ടും വിളിക്കുന്നു. അതിനുശേഷം മേയ് 21-ാം തീയതി ടൂറിസം ഡയറക്ടർ യോഗം വിളിക്കുന്നു. 21-ാം തീയതിയിലെ യോഗത്തിനുശേഷം 23-ാം തീയതി ബാർ ഓണേഴ്സ് അസോസിയേഷന്റെ യോഗം ചേരുന്നു. ആ യോഗത്തിന്റെയും അജണ്ട എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടും ഡ്രൈ ഡേ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കുന്നതും സംബന്ധിച്ചാണ്. ആ യോഗത്തിനുശേഷമാണ് അതേ ഹോട്ടലിൽ വച്ചുതന്നെ പ്രസ്തുത ശബ്ദരേഖ പുറത്തുവിട്ടയാൾ കാര്യങ്ങൾ വിശദമായി പറയുന്നത്. അതായത് ഇത്തരം കാര്യങ്ങളൊക്കെ നമ്മൾ

സംസാരിച്ചിട്ടുണ്ട്, ഇക്കാര്യങ്ങളെല്ലാം നടന്നിട്ടുണ്ട്, ഇവിടെ ഇത്രയേറെ യോഗങ്ങളെല്ലാം കഴിഞ്ഞു, സ്റ്റേക്ക്ഹോൾഡേഴ്സിനെയെല്ലാം വിളിച്ചുചേർത്തു, കാര്യങ്ങൾ നടക്കണമെങ്കിൽ കൊടുക്കേണ്ടവർക്ക് കൊടുക്കണം, അത് എല്ലാവരും തരണം എന്നൊക്കെ പറഞ്ഞിരിക്കുന്നത് സുപ്രധാനമായ ഒരാളാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടക്കണ്ടേ? ബഹുമാനപ്പെട്ട മന്ത്രിയുടെ അന്നത്തെ ഫേസ് ബുക്ക് പോസ്റ്റിൽ പറഞ്ഞിരിക്കുന്നത്, "ജനിക്കാത്ത മദ്യനയത്തിന്റെ ജാതകം ചമയ്ക്കുന്നവരോട്" എന്നാണ്. ഒരുകാര്യം മനസ്സിലാക്കണം. അങ്ങയുടെ വകുപ്പിൽ മദ്യ നയത്തിന്റെ കുഞ്ഞ് ജനിച്ചു, അതിന്റെ അച്ഛൻ ആരാണെന്ന് അന്വേഷിച്ചാൽ മതി. വേറെ ആളുകളാണ് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ശ്രദ്ധിക്കണ്ടേ അമ്പാനേ.

<u>മി. സ്പീക്കർ</u>: പ്ലീസ്...സമയം എക്സീഡ് ചെയ്തു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുകാര്യം ശ്രദ്ധിക്കണം. കേരളത്തിൽ എണ്ണൂറോളം ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടാം പിണറായി വിജയൻ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 130 ബാറുകൾക്ക് ലൈസൻസ് കൊടുത്തിരിക്കുകയാണ്. എന്നുവച്ചാൽ കേരളത്തിൽ മദ്യം ഒഴുക്കുന്നതിനുള്ള നടപടിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിരിക്കുന്നത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പഴയ ഫേസ് ബുക്ക് പോസ്റ്റ് എന്റെ കൈവശമുണ്ട്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് അദ്ദേഹം മദ്യനയവുമായി ബന്ധപ്പെട്ട് ചോദിച്ച കാര്യങ്ങളെല്ലാം എന്റെ കൈവശമുണ്ട്. അതിനെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബാർ കോഴയുമായി ബന്ധപ്പെട്ടുകൊണ്ട് സി.പി.ഐ.-യുടെ നേതാവും എൽ.ഡി.എഫ്.-ന്റെ ഇടുക്കി ജില്ലാ കൺവീനറുമായ ശ്രീ. കെ. കെ. ശിവരാമന്റെ ഒരു ഫേസ് ബുക്ക് പോസ്റ്റുണ്ട്. അതിന്റെ തലക്കെട്ട് 'വീണ്ടും ഒരു ബാർ കോഴയോ?" എന്നാണ്. അതിൽ അദ്ദേഹം എഴുതിയിരിക്കുന്നത് ഞാൻ വായിക്കാം. "ഇന്ന് രാവിലെ മുതൽ കേരളത്തിലെ ദൃശ്യമാധ്യമങ്ങൾ പുറത്തുവിടുന്ന ഒരു വാർത്ത അത്യന്തം ഗൗരവമുള്ളതാണ്. നിലവിലുള്ള മദ്യ നയത്തിൽ ഇളവ് വരുത്തുന്നതിന്

ബാറുടമകൾ രണ്ടര ലക്ഷം രൂപ വീതം ഉടനടി നല്കണമെന്നാണ് ബാർ ഉടമ സംഘത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ്......"

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഇതുകൂടി വായിച്ച് അവസാനിപ്പിക്കാം. "......നമുക്കായി ഇളവുകൾ നല്കുമ്പോൾ കൊടുക്കേണ്ടത് കൊടുക്കണമെന്നാണ് ഇതിൽ പറയുന്നത്. എന്നുപറഞ്ഞാൽ സർക്കാരിന്റെ മദ്യനയത്തിൽ നമുക്ക് അനുകൂലമായ മാറ്റം വരണമെങ്കിൽ കൊടുക്കേണ്ടത് കൊടുക്കണം! ആർക്ക്?" ആരാണ് ഈ ചോദ്യം ചോദിച്ചിരിക്കുന്നത്. ആർക്ക് കൊടുക്കണമെന്ന ചോദ്യം ചോദിച്ചിരിക്കുന്നത് എൽ.ഡി.എഫ്. ജില്ലാ കൺവീനർ ശ്രീ. കെ. കെ. ശിവരാമനാണ്. ഞങ്ങൾക്കൊരു സംശയമുണ്ട്. ഇപ്പോൾ നോട്ടെണ്ണുന്ന മെഷീനിരിക്കുന്നത് എ.കെ.ജി. സെന്ററിലാണോ അതോ ക്ലിഫ് ഹൗസിലാണോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയാൽ നന്നായിരിക്കും. ഈ വെളിപ്പെടുത്തലുകളെക്കുറിച്ച് അടിയന്തരമായ അന്വേഷണം വേണമെന്ന് എൽ.ഡി.എഫ്. കൺവീനർ തന്നെ പറയുകയാണ്. അതുതന്നെയാണ്

ഞങ്ങളുടെയും ആവശ്യം. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണവും വിജിലൻസിന്റെ പരിശോധനയും കൃത്യമായ ജുഡീഷ്യൽ അന്വേഷണവും നടക്കണം. ഇതിലെ അഴിമതിയുടെ ചുരുളുകൾ നമുക്ക് പുറത്തുകൊണ്ടുവരണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രമേയാവതാരകൻ ഉന്നയിച്ച കാര്യങ്ങൾ ഏറക്കുറെ അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. ഞാൻ ഓരോന്നും വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാം. അത് കേൾക്കാനുള്ള ക്ഷമയും സഹിഷ്ണുതയും നിങ്ങൾ കാണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മദ്യനയത്തിന്റെ പ്രാഥമിക കാര്യങ്ങൾപോലും ആലോചിച്ചിട്ടില്ലെന്ന് ഞാനിവിടെ ആരംഭത്തിൽ വ്യക്തമാക്കിയിരുന്നു. മദ്യനയം ആവിഷ്കരിക്കുന്നത് എക്സൈസ് വകുപ്പാണ്; എക്സൈസ് വകുപ്പുമന്ത്രി സ്റ്റേക്ക്ഹോൾഡേഴ്സുമായി നടത്തുന്ന ചർച്ചയിലൂടെയാണ്. അതിന്റെ തീയതിപോലും ആലോചിച്ചിട്ടില്ലാത്ത സമയത്താണ് ഇത്തരം വാർത്തകൾ

വന്നുകൊണ്ടിരിക്കുന്നത്. ആ വാർത്തകളെത്തുടർന്നാണ് ഇത്തരമൊരു വോയിസ് ക്ലിപ്പും വന്നിട്ടുള്ളത്. ഈയടുത്ത ദിവസമാണ് അതിനുള്ള തീയതി നിശ്ചയിച്ചത്. ജൂൺ 11, 12 തീയതികളിൽ പുതിയ മദ്യനയം ആവിഷ്കരിക്കുന്നതിന്റെ ആദ്യത്തെ ചുവടുവയ്പെന്ന നിലയിൽ സ്റ്റേക്ക്ഹോൾഡേഴ്സുമായുള്ള ചർച്ച നടക്കാനിരിക്കുന്നതേയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ജനിക്കാത്ത കുഞ്ഞിന്റെ ജാതകം ചമയ്ക്കുകയാണെന്ന്. ഞാൻ അക്കാര്യങ്ങൾ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ടൂറിസം ഡയറക്ടർ, ചീഫ് സെക്രട്ടറി എന്നിവരുടെ യോഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ചീഫ് സെക്രട്ടറിയുടെ പത്രക്കുറിപ്പ് ഇവിടെ വായിക്കുകയുണ്ടായി. എന്താണ് അതിൽ പറയുന്നത്? സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്ന് ഈ ആവശ്യം ഉയർന്നുവന്നിട്ടുണ്ടെന്നാണ്. അതിപ്പോൾ വന്നതാണോ; എത്രയോ കാലമായി ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതല്ലേ? ഇവിടെ പ്രധാനമായും ഉന്നയിച്ച ആരോപണം ടൂറിസം വകുപ്പ് മദ്യനയത്തിൽ ഇടപെട്ടുവെന്നാണ്. ഞാൻ അതിന്റെ അധിക്ഷേപം, പരിഹാസം തുടങ്ങിയ കാര്യങ്ങളിലേയ്ക്കൊന്നും

പോകുന്നില്ല, വസ്തുതകളിലേയ്ക്ക് മാത്രം വരാം. ടൂറിസം വകുപ്പ് ഇടപെട്ടുവെന്നാണല്ലോ ആക്ഷേപം. ടൂറിസം ഇൻഡസ്ട്രിയും മദ്യ വ്യവസായവും തമ്മിൽ ഏതുകാലത്താണ് ബന്ധമില്ലാത്തത്? എല്ലാ സർക്കാരുകളും ആ ബന്ധം കണക്കിലെടുത്തുകൊണ്ടല്ലേ നയം ആവിഷ്കരിച്ചിട്ടുള്ളത്. 2015 മാർച്ച് 17-ന് നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152-ന് അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടിയാണ് ഞാൻ ഉദ്ധരിക്കുന്നത്. അദ്ദേഹം ഇപ്പോഴും സഭയിൽ അംഗമാണ്. "സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു." നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയാൽ അത് പ്രശ്നമില്ല. എന്നാൽ ഇപ്പോൾ പ്രശ്നമാണ്. ഈ മറുപടി എന്തിനെക്കുറിച്ചാണെന്ന് ഞാൻ വിശദമാക്കാം. 2014-ലെ നിങ്ങളുടെ മദ്യനയത്തെക്കുറിച്ചാണ് ചോദ്യം ഉന്നയിച്ചിരിക്കുന്നത്. 'ടൂറിസം-തൊഴിൽ മേഖലയിൽ മദ്യനയം സൃഷ്ടിച്ച

തിരിച്ചടികൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;' എന്നതാണ് ചോദ്യം. ആ ചോദ്യത്തിന് ഉത്തരം നൽകിയ വ്യക്തി ഇവിടെയുണ്ട്. അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഒരു സംശയവുമുണ്ടാകില്ല. അദ്ദേഹം നൽകിയ മറുപടിയുടെ മുഴുവൻ ഭാഗങ്ങളും വായിച്ച് സമയം കളയാതെ അവസാനഭാഗം മാത്രമാണ് ഞാൻ വായിക്കുന്നത്. "മദ്യനയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പാക്കുമ്പോൾ പ്രവർത്തിച്ചുവരുന്ന ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകളുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെടും എന്നതിനാലും സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു." ടൂറിസം ഡയറക്ടർ ഒരു യോഗം വിളിച്ചുചേർത്തതിനാണ് നിങ്ങൾ ഇപ്പോൾ കോലാഹലമുണ്ടാക്കുന്നത്.

നിങ്ങൾ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. (...ബഹളം......) നിങ്ങൾ അസ്വസ്ഥരാകേണ്ട കാര്യമില്ല.

മി. സ്പീക്കർ: നിങ്ങൾ സംസാരിച്ചപ്പോൾ ഭരണപക്ഷം ബഹളം വച്ച് പ്രശ്നമുണ്ടാക്കിയില്ലല്ലോ.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു വസ്തുത മാത്രമാണ് ഇപ്പോൾ പറഞ്ഞത്. ഇനിയും പല വസ്തുതകൾ പറയാനുണ്ട്. നിങ്ങളുടെ അക്ഷമയും അസഹിഷ്ണുതയും ജനങ്ങൾ കാണട്ടെ; ഞാൻ ഓരോന്നായി എല്ലാ കാര്യങ്ങളും വായിക്കുന്നുണ്ട്. (...ബഹളം..) ശ്രീ. പി. കെ. ബഷീർ എം.എൽ.എ.-യുടെ ശബ്ദമാണ് ഇവിടെ ഉയർന്നുകേൾക്കുന്നത്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ മുഖ്യമന്ത്രിക്ക് ഫോർവേഡ് ചെയ്ത സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഒരു നിവേദനമാണ് ഞാൻ വായിക്കുന്നത്. 'Request to save tourism industry from the crisis evolved due to the implementation of the new liquor policy in the State'. അതായത്, നിങ്ങളുടെ അന്നത്തെ മദ്യനയം ക്രൈസിസ് ഉണ്ടാക്കിയെന്ന് സ്റ്റേക്ക്ഹോൾഡേഴ്സ് പറയുകയും അത് പഠിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. കെ. ഇബ്രാഹിം

കുഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്യുന്നു. തുടർന്ന് അതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാനായി ടൂറിസം വകുപ്പുമന്ത്രി മുഖേന ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തി. (....ബഹളം.....) അപ്പോൾ അതിനൊന്നും തെറ്റില്ല, ഇവിടെ നമ്മൾ യോഗം ചേർന്നാൽ തെറ്റാണല്ലേ?

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്..... ബഹുമാനപ്പെട്ട റോജി എം. ജോൺ പ്രമേയം അവതരിപ്പിച്ചപ്പോൾ ആരും ശബ്ദമുണ്ടാക്കിയിട്ടില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, പ്രമേയാവതാരകന്റെ അത്യന്തം അധിക്ഷേപകരമായ ധാർഷ്ട്യവും പുച്ഛവും നിന്ദയും നിറഞ്ഞ പ്രസംഗം ക്ഷമയോടുകൂടിയാണ് ഞങ്ങളെല്ലാം കേട്ടിരുന്നത്. ഞാൻ അതുപോലുള്ള ഏതെങ്കിലും വാക്കുകൾ ഉപയോഗിച്ചോ; ഇതെന്ത് അസഹിഷ്ണുതയാണ്; വസ്തുതകൾ പുറത്തുവരുമ്പോഴാണ് അസഹിഷ്ണുത കാണിക്കുന്നത്. ഓരോന്നിനും കമന്റ് പറയുകയാണ് ചെയ്യുന്നത്. ഇനിയും പല കാര്യങ്ങളും പറയാനിരിക്കുന്നതേയുള്ളൂ. ടൂറിസം മേഖലയിൽ തകർച്ചയുണ്ടാക്കിയെന്ന് ഇവിടെ പറഞ്ഞ വിദഗ്ദ്ധ സമിതിയുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. MICE

(Meetings, Incentives, Conferences and Exhibitions) ടൂറിസത്തിന്റെ പ്രധാന ഡെസ്റ്റിനേഷനായി കേരളം ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. MICE ടൂറിസം കേരളത്തിന് വലിയ വരുമാന സാധ്യതയുണ്ടാക്കുന്ന ഒന്നാണെന്ന് നിങ്ങളുടെ വിദഗ്ദ്ധ സമിതി ചൂണ്ടിക്കാണിച്ചതാണ്. സമയമില്ലാത്തതുകാരണമാണ് റിപ്പോർട്ട് വായിക്കാത്തത്. അന്നത്തെ ടൂറിസം വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. MICE ടൂറിസത്തിന് ഏറ്റവും വലിയ പ്രതിസന്ധിയുണ്ടാക്കിയ ഒന്നാണ് നിങ്ങളുടെ മദ്യനയമെന്ന് അക്കാലത്തുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. അതിനെക്കുറിച്ച് പഠിക്കാൻ നിങ്ങൾ നിയോഗിച്ച വിദഗ്ദ്ധ സമിതിയിലുള്ള ഒരാൾ ടൂറിസം വകുപ്പ് സെക്രട്ടറിയായിരുന്നു. 2014-ലെ യു.ഡി.എഫ്.-ന്റെ മദ്യനയത്തെത്തുടർന്ന് MICE വ്യവസായത്തിലുണ്ടായ തിരിച്ചടിയുടെ കണക്കുകൾ ആ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2014-ൽ 4.8 ശതമാനമായിരുന്ന കേരളത്തിന്റെ MICE ടൂറിസത്തിന്റെ വളർച്ചാനിരക്ക്. എന്നാൽ അത് 2013-ൽ 9.1 ശതമാനമായി. ഒറ്റ വർഷംകൊണ്ട് നിങ്ങളുടെ മദ്യനയം MICE ടൂറിസത്തെ തകർത്തു. 2015-ൽ വളർച്ചാനിരക്ക് 0.6 ശതമാനമായി മാറി. കേരളത്തിൽ ഏറ്റവും കൂടുതൽ

തൊഴിൽ നൽകുന്നതും വരുമാനമുണ്ടാക്കുന്നതും സമ്പദ്ഘടനയുടെ നട്ടെല്ലുമായ ഒരു മേഖലയെ തകർത്തു തരിപ്പണമാക്കിയ നയം നിങ്ങളുടേതാണ്. ആ മദ്യനയത്തെക്കുറിച്ച് നിങ്ങളുടെ മന്ത്രി മറുപടി നൽകിയിട്ടുണ്ട്. ആ പ്രത്യാഘാതങ്ങൾ പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കണമെന്ന് നിങ്ങളുടെ മന്ത്രി മുഖ്യമന്ത്രിക്കും ടൂറിസം വകുപ്പുമന്ത്രിക്കും ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ അതിനായി ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ടൂറിസം വകുപ്പാണോ എക്സൈസ് പോളിസിയുണ്ടാക്കുന്നതെന്ന ചോദ്യം മുൻകാല പ്രാബല്യത്തോടെ ചോദിക്കേണ്ടിവരും. വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടായ 'Report on Impact Assessment of New Liquor Policy on Tourism and Labour Sectors' എന്നതിൽ പറയുന്നത്, 'Kerala's strength in MICE tourism is yet to be tapped. The stakeholders have pointed out that, since most of the MICE and wedding packages last for five to seven days or are limited to weekends, the Sunday ban has forced many to replan or search for

competing destinations.' ഞാൻ ഈ റിപ്പോർട്ട് മുഴുവനും വായിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഇത് നൽകാം, നിങ്ങൾ വായിച്ചാൽ മതിയാകും. നിങ്ങളുടെ കാലത്തെ മദ്യനയം ടൂറിസം വകുപ്പിന് വരുത്തിയ തിരിച്ചടിയെക്കുറിച്ച് പഠിച്ച കമ്മിറ്റിയുടെ റിപ്പോർട്ടാണിത്. അതിനുവേണ്ടിയാണ് ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. ഇനി ഡ്രൈ ഡേയുടെ കാര്യത്തിലേയ്ക്ക് വരാം. നിങ്ങൾ ഉന്നയിച്ച വലിയൊരു ആക്ഷേപം അതാണല്ലോ? ഈ സർക്കാർ ഡ്രൈ ഡേ പിൻവലിച്ചിട്ടില്ലെന്ന് മാത്രമല്ല അതുസംബന്ധിച്ച പ്രാഥമിക ആലോചനപോലും നടത്തിയിട്ടില്ല. പക്ഷേ കേരളത്തിൽ ഡ്രൈ ഡേ പിൻവലിച്ചവരുണ്ട്. അത് ഞങ്ങളല്ല. ഡ്രൈ ഡേ കേരളത്തിൽ പിൻവലിച്ചത് നിങ്ങൾ ഭരിച്ചിരുന്ന 2014 കാലയളവിലാണ്. കേരളത്തിൽ മുമ്പുണ്ടായിട്ടുണ്ടോയെന്ന് അറിയില്ല. 2014-ൽ മൂന്ന് മദ്യനയങ്ങളുണ്ടായിട്ടുണ്ട്. അത് മൂന്ന് പിരിവ് നടത്താനായിരുന്നോ എന്ന് ഞാൻ ചോദിക്കുന്നില്ല. 2014 ഫെബ്രുവരി, ആഗസ്റ്റ്, ഡിസംബർ എന്നിങ്ങനെ മൂന്നുമാസം കൂടുമ്പോൾ മദ്യനയമുണ്ടാക്കിയ കാര്യം നിങ്ങളല്ലാതെ മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ?

അന്നത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. 2014 ആഗസ്റ്റ് 22-ാം തീയതിയിലെ മദ്യനയത്തിൽ എല്ലാ ഞായറാഴ്ചകളും ഡ്രൈ ഡേയായി പ്രഖ്യാപിച്ചു. ഒരു വർഷം 52 ഞായറാഴ്ച വരും. തുടർന്ന് നാല് മാസം കഴിഞ്ഞ് ഡിസംബർ 20-ാം തീയതി വീണ്ടുമൊരു മദ്യനയമുണ്ടാക്കി. ഡ്രൈ ഡേ മുഴുവൻ പിൻവലിക്കാൻവേണ്ടിമാത്രമാണ് മൂന്നാമത്തെ മദ്യനയമുണ്ടാക്കിയത്. 52 ഡ്രൈ ഡേ പിൻവലിക്കുന്നതിനായി എത്ര പിരിച്ചു, എത്ര വാങ്ങി എന്നൊന്നും ഞാൻ ചോദിക്കുന്നില്ല. പക്ഷേ നിങ്ങളുടെ ചോദ്യം തിരിഞ്ഞുകുത്തുമെന്ന് നിങ്ങൾ മനസ്സിലാക്കണം. കോൺഗ്രസിന്റെ ബഹുമാന്യനായ അംഗമാണല്ലോ ഈ പരാതി ഉന്നയിക്കുന്നത്? കേരളത്തിൽ 18 ഡ്രൈ ഡേകളാണുള്ളത്. അത് ഏതൊക്കെയാണെന്ന് സമയക്കുറവുമൂലം വിശദീകരിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ എത്ര ഡ്രൈ ഡേയുണ്ടെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? അവിടെ ഒരു ഡ്രൈ ഡേ മാത്രമാണുള്ളത്. അത് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2-നാണ്. ഇക്കാര്യം മുസ്ലീംലീഗും മനസ്സിലാക്കുന്നത് നല്ലതാണ്. ഇവിടത്തെ കാര്യം പറഞ്ഞപ്പോൾ കൂട്ടത്തിൽ കർണ്ണാടകയുടെ കാര്യംകൂടി

പറയുന്നവെന്നേയുള്ളൂ. നിങ്ങൾക്ക് കർണ്ണാടകഎന്ന് കേൾക്കാനേ പറ്റാത്ത സ്ഥിതിയാണോ? ഗോവയിൽ ഒന്നും തമിഴ്നാട്ടിൽ എട്ടും ഡ്രൈ ഡേയാണുള്ളത്. ദക്ഷിണേന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും കൂടുതൽ ഡ്രൈ ഡേ കേരളത്തിലാണുള്ളത്. കളക്ഷന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 52 ഡ്രൈ ഡേ പിൻവലിച്ചതിന് എത്ര കളക്ഷൻ എന്ന ചോദ്യമാണ് ഉന്നയിക്കേണ്ടിയിരുന്നത്. ഞങ്ങൾ ഡ്രൈ ഡേ പിൻവലിച്ചിട്ടില്ല. ഇല്ലാത്ത ആക്ഷേപം നിങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കും. പിൻവലിച്ചവർ കോൺഗ്രസുകാരാണ്. 52 ഡ്രൈ ഡേ പിൻവലിക്കുന്നതിനുവേണ്ടിമാത്രം ഒരു വർഷം മൂന്നാമത്തെ മദ്യനയം കൊണ്ടുവന്നവരാണ് കോൺഗ്രസുകാർ. അതിന് മറുപടി പറയണ്ടേ? എന്റെ കൈവശം നിങ്ങളുടെ മൂന്നാമത്തെ മദ്യനയത്തിന്റെ കോപ്പിയുണ്ട്. വിശ്വാസമില്ലെങ്കിൽ ഞാൻ വായിച്ചുതരാം.

യു.ഡി.എഫ്. സർക്കാരിന്റെ ബാർ പൂട്ടലിന്റെ ഒരു കഥയുണ്ട്. യു.ഡി.എഫ്. 418 ബാറുകൾ പൂട്ടിയത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നപ്പോഴാണ്. ഈ 418 ബാറുകൾക്കും നിലവാരമില്ലാത്തതുകൊണ്ട് അതിന് പ്രവർത്തനാനുമതി നൽകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ വിധി വരുന്നതിനുമുമ്പ് എക്സൈസ് കമ്മീഷണറുടെ ശിപാർശയുണ്ടായിരുന്നെങ്കിലും ഇവർ അത് അവഗണിച്ചിരുന്നു. അക്കാര്യം സുപ്രീംകോടതിയുടെ വിധിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിനുള്ള തിരിച്ചടി സുപ്രീംകോടതിയിൽ നിന്നും കിട്ടിയപ്പോഴാണ് നിങ്ങൾക്ക് ബാർ പൂട്ടേണ്ടി വന്നത്. പക്ഷേ പ്രസ്തുത 418 ബാറുകൾക്കും FL 11 ലൈസൻസ് (ബിയർ/വൈൻ പാർലറുകളുടെ ലൈസൻസ്) കൊടുത്ത് പ്രായശ്ചിത്തം ചെയ്തുകൊണ്ടാണ് അവരോടുള്ള നിങ്ങളുടെ പ്രതിബദ്ധതയും കൂറും പ്രകടിപ്പിച്ചത്. തുടർന്ന് നിങ്ങൾ റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷനെ നിയമിച്ചുവെങ്കിലും, ത്രീ സ്റ്റാറും അതിനുമുകളിലുമുള്ള ബാറുകൾക്കേ ലൈസൻസ് കൊടുക്കാവൂ എന്ന കമ്മീഷന്റെ ശിപാർശ നടപ്പാക്കിയില്ല. എന്നാൽ 2017-ൽ എൽ.ഡി.എഫ്. സർക്കാർ മദ്യനയത്തിൽ നിങ്ങളുടെ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കി. ഇതുമായി ബന്ധപ്പെട്ട് നിങ്ങളുടെ നിലപാട് എന്തായിരുന്നു; നിങ്ങൾക്ക് മദ്യനയവുമായി ബന്ധപ്പെട്ട് എന്തെല്ലാം തർക്കങ്ങളാണുണ്ടായിരുന്നത്? അന്ന് ഇന്ത്യ ടുഡേയിൽ വന്നൊരു വാർത്ത ഞാൻ വായിക്കാം. 'However, Chandy, Home Minister

Ramesh Chennithala, KPCC Vice President V. D. Satheesan and Excise Minister K. Babu opposed Sudheeran and said his stand was impractical. Sudheeran was of the view that the bars with only two-star status should be allowed to function in the State.' മിനിമം രണ്ട് സ്റ്റാറിനേ ലൈസൻസ് കൊടുക്കാവൂ എന്നാണ് ശ്രീ. വി. എം. സുധീരൻ പറഞ്ഞത്. അതുപോലും പറ്റില്ല; അതും impractical ആണെന്നായിരുന്നു നിങ്ങളുടെ നിലപാട്. എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ മൂന്ന് സ്റ്റാറിനും അതിന് മുകളിലും മാത്രമെ ലൈസൻസ് കൊടുക്കാവൂ എന്ന റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കി. ഇതിൽനിന്ന് ആരാണ് ബാറുകാരെ സഹായിച്ചതെന്ന് ഞാൻ കൂടുതൽ പറയേണ്ട കാര്യമുണ്ടോ? '....though Chandy pressured him to accept a case for providing six-month license to the substandard bars...' സബ്സ്റ്റാൻഡേർഡായിട്ടുള്ള ബാറുകൾക്ക് ആറുമാസത്തെ ലൈസൻസ് കൊടുക്കാൻ അന്നത്തെ മുഖ്യമന്ത്രി പ്രഷർ ചെയ്തുവെന്നാണ് ഇന്ത്യാ ടുഡേയുടെ റിപ്പോർട്ട്.

നിങ്ങൾക്ക് വിശ്വാസമുള്ള വേറൊരു രേഖയെടുക്കാം. പ്രതിപക്ഷനേതാവിനെ നിങ്ങൾക്ക് വിശ്വാസമായിരിക്കുമല്ലോ; പ്രതിപക്ഷനേതാവിന്റെ വീഡിയോ എന്റെ ഫോണിലുണ്ട്. പക്ഷേ അത് സഭയിൽ പ്രദർശിപ്പിക്കാൻ നിർവ്വാഹമില്ല. ടൂറിസം, തൊഴിൽ, സാമൂഹിക മേഖലകളിലെ തിരിച്ചടിയെക്കുറിച്ച് പരസ്യമായി അദ്ദേഹം പ്രതികരിച്ച വീഡിയോ ആണുള്ളത്. 2014 മേയ് രണ്ടിനാണ് അദ്ദേഹത്തിന്റെ പ്രതികരണം വരുന്നത്. ബാറുകളെല്ലാം അടച്ചുപൂട്ടി മദ്യനിരോധനത്തിന് ശില പാകിയെന്ന് ഇപ്പോൾ ബഹു. പ്രതിപക്ഷനേതാവ് വീമ്പുപറയുകയാണ്. എന്നാൽ അന്ന് അദ്ദേഹം ആ തീരുമാനത്തിനെതിരായിരുന്നു. അന്ന് ശ്രീ. വി. എം. സുധീരനും ശ്രീ. വി. ഡി. സതീശനും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. ആദ്യം പൂട്ടിയ 418 ബാറുകളിലും ബാക്കിയുള്ള ബാറുകളിലും നിലവാരമുള്ളവ തുറക്കണമെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. നിങ്ങളുടെ മദ്യനയത്തെക്കുറിച്ച് അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എന്താണ്? (.......ബഹളം..........)

മി. സ്പീക്കർ: പ്ലീസ്.... അദ്ദേഹം പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, അന്നത്തെ മന്ത്രിയുടെ പ്രസംഗമാണ്. മന്ത്രി ആരാണെന്ന് അറിയാമല്ലോ, പേര് ഞാൻ പറയേണ്ട കാര്യമില്ല. "Mr. Sudheeran was the first to tell me that less availability of liquor would lead to hooch tragedies. He had told this in the presence of Home Minister Ramesh Chennithala and Chief Minister Oommen Chandy while we were waiting at Thoppumpady to take part in a function being attended by the then Prime Minister Shri Manmohan Singh. But when I uttered the same point, it was misinterpreted that I was intimidating people,...." നിങ്ങളുടെ മദ്യനയം സംബന്ധിച്ച തർക്കത്തെക്കുറിച്ചാണ് പറയുന്നത്. നിങ്ങളുടെ മദ്യനയത്തിലെ തർക്കം, വീതംവയ്പ്പ്/പങ്കുവയ്പ്പ് എന്നിവയെ സംബന്ധിച്ചായിരുന്നു. ആ തർക്കമാണ് 418 ബാറുകൾ പൂട്ടിയിട്ടും അവർക്ക് പ്രായശ്ചിത്തം ചെയ്യുന്നതിന് ഇടയാക്കിയത്. ആ തർക്കത്തെ തുടർന്നാണ് കേരളത്തിന്റെ സാമ്പത്തികമേഖലയ്ക്കും സമ്പദ്ഘടനയ്ക്കും ടൂറിസത്തിനും തൊഴിൽമേഖലയ്ക്കും അപരിഹാര്യമായ തിരിച്ചടിയും പ്രത്യാഘാതങ്ങളുമുണ്ടായത്. ഇനി രണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്.

ഒന്ന്, ഈ സർക്കാർ സംസ്ഥാനത്തെ മദ്യത്തിൽ മുക്കിക്കൊല്ലുകയാണെന്ന ആരോപണം വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണ്. നമ്മുടെ മുമ്പിലുള്ള കണക്കുകളെല്ലാം ഞാൻ ഈ സഭയിൽ നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2012-13-ൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന 244.33 ലക്ഷം കെയ്സാണ്. 2022-23-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 244.33-ൽ നിന്ന് 224.34 ലക്ഷം കെയ്സായി വില്പന കുറഞ്ഞു. അതായത് 2012-13-ൽ നിന്ന് 2022-23-ലേയ്ക്ക് പത്ത് വർഷത്തെ വ്യത്യാസത്തിൽ രണ്ട് സാമ്പത്തിക വർഷത്തെ താരതമ്യമെടുത്താൽ 20 ലക്ഷം കെയ്സിന്റെ അതായത് 8.1 ശതമാനത്തിന്റെ കുറവാണുണ്ടായത്. മൂന്ന് സർക്കാരുകളുടെ കാലത്തെ കണക്ക് പരിശോധിച്ചാൽ, വിദേശമദ്യവും ബിയറുമുൾപ്പെടെ കൂട്ടിയാൽ, 2015-16-ൽ നിങ്ങളുടെ ബാർ അടച്ചുപൂട്ടലിനുശേഷം വിറ്റത് 355.95 ലക്ഷം കെയ്സാണ്. എന്നാൽ 2022-23 എത്തുമ്പോൾ, നിങ്ങൾ മദ്യമൊഴുക്കുന്നു എന്നുപറയുമ്പോഴും അത് വെറും 337.54 ലക്ഷം കെയ്സാണ്. മദ്യശാലകളുടെ കണക്കെടുത്താൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്

എല്ലാം കൂടി 842 മദ്യശാലകളുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 802 ബാറുകളാണുള്ളത്. അതുകൊണ്ടാണ് നിങ്ങൾക്ക് കൂടുതൽ അസ്വസ്ഥതയുണ്ടാക്കുന്ന വസ്തുതകളുണ്ടെന്ന് ഞാൻ പറഞ്ഞത്.

സർക്കാരിന്റെ വരുമാനം മുഴുവൻ മദ്യത്തെ ആശ്രയിച്ചാണ് എന്നതാണ് മറ്റൊരു വാദം. കേരളത്തിൽ, പ്രതിപക്ഷം സഭയിലും സാമൂഹിക മാധ്യമങ്ങളിലൂടെയും വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കണക്ക് വസ്തുതാവിരുദ്ധമാണ്. 2012-13-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എക്സൈസ് തീരുവയും വില്പന നികുതിയുമുൾപ്പെടെ മദ്യത്തിൽനിന്നുള്ള വരുമാനം ആകെ വരുമാനത്തിന്റെ 18.21 ശതമാനമായിരുന്നത് 2022-23-ൽ 13.4 ശതമാനമായി കുറഞ്ഞു. അതായത് മദ്യത്തിൽനിന്നുള്ള വരുമാനം 10 വർഷം കൊണ്ട് 4.8% കുറഞ്ഞതിലൂടെ മദ്യത്തിന്റെ ഉപഭോഗവും വരുമാനവും വില്പനയും കുറഞ്ഞു. അബ്കാരി കേസുകളുടെ കാര്യമെടുത്താൽ, മദ്യനിരോധനമുണ്ടായ 2015-16-ലാണ് ഏറ്റവും കൂടുതൽ കേസ്സുകളുണ്ടായത്; 26000 അബ്കാരി കേസുകളാണുണ്ടായത്. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനിരോധനം യഥാർത്ഥത്തിൽ ശ്രീ. വി. എം. സുധീരൻ പറഞ്ഞതുപോലെ

വ്യാപകമായി വ്യാജമദ്യം ഒഴുകാനിടയാക്കുകയാണ് ചെയ്തത്. ഞാൻ അതിന്റെ വിശദമായ കണക്കുകളിലേയ്ക്ക് പോകുന്നില്ല.

ഒരു സ്ക്വയർ കിലോമീറ്ററിനുള്ളിലെ മദ്യവില്പനശാലകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ 121 സ്ക്വയർ കിലോമീറ്ററിലാണ് ഒരു റീട്ടെയിൽ ഔട്ട്ലെറ്റുള്ളതെങ്കിൽ തമിഴ്നാട്ടിൽ 20 സ്ക്വയർ കിലോമീറ്ററിലും കർണ്ണാടകയിൽ 22 സ്ക്വയർ കിലോമീറ്ററിലും ആന്ധ്രാപ്രദേശിൽ 36 സ്ക്വയർ കിലോമീറ്ററിലും ഓരോ റീട്ടെയിൽ ഔട്ട്ലെറ്റുള്ളത്. കോൺഗ്രസ് ഭരിക്കുന്ന തെലങ്കാനയിൽ 50 സ്ക്വയർ കിലോമീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്ലെറ്റുണ്ട്. കർണ്ണാടകയിലെ മദ്യവില്പനശാലയുടെ എണ്ണത്തിന്റെ അഞ്ചിലൊന്നുമാത്രമെ കേരളത്തിലുള്ളൂ. അപ്പോൾ ഈ സർക്കാർ സംസ്ഥാനത്തെ മദ്യത്തിൽ മുക്കി എന്ന നിങ്ങളുടെ വാദം പൊളിക്കുന്ന മറ്റൊരു കണക്കാണിതിലൂടെ തെളിയുന്നത്.

ബാർ ഉടമകളെ സഹായിക്കുന്നുവെന്നതാണ് മറ്റൊരു ആക്ഷേപം. എന്നാൽ ഞങ്ങളല്ല ബാർ ഉടമകളെ സഹായിച്ചിട്ടുള്ളത്. 2015-16-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുന്ന സമയത്ത് ബാർ

ലൈസൻസ് ഫീസ് എത്രയായിരുന്നു? ലൈസൻസ് ഫീസ് കുറയ്ക്കണമെന്നതായിരുന്നു ബാർ ഉടമകളുടെ പ്രധാന ആവശ്യം. അന്നത്തെ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയാണ്. എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ കോപ്പി എന്റെ കൈവശമുണ്ട്. ഒരു വർഷം മൂന്നുലക്ഷം രൂപ കൂട്ടണമെന്നാണ് 2012-ൽ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിരുന്നത്. പക്ഷേ നിങ്ങൾ അഞ്ച് വർഷംകൊണ്ട് കൂട്ടിയത് ഒരു ലക്ഷം രൂപ മാത്രമായിരുന്നു. അത് ബാർ ഉടമകളെ സഹായിക്കാനാണോ എതിർക്കാനാണോയെന്ന് നിങ്ങൾ പറഞ്ഞാൽ മതിയാകും. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ലൈസൻസ് ഫീസ് ഇനത്തിൽ 7 ലക്ഷം രൂപയായിരുന്നു കൂട്ടിയത്. കഴിഞ്ഞ തവണത്തെ മദ്യനയ പ്രകാരം കൂട്ടിയത് 5 ലക്ഷം രൂപയാണ്. ആകെ 12 ലക്ഷം രൂപയാണ് വർദ്ധിപ്പിച്ചത്. ആരാണ് ബാർ ഉടമകളെ സഹായിക്കുന്നത്; ലൈസൻസ് ഫീസ് കൂട്ടിയാണോ എൽ.ഡി.എഫ്. സർക്കാർ ബാർ ഉടമകളെ സഹായിച്ചത്? എക്സൈസ് കമ്മീഷണറുടെ ശിപാർശപോലും തള്ളിക്കളഞ്ഞ് ഒരു ലക്ഷം രൂപ നാമമാത്രമായി വർദ്ധിപ്പിച്ചാണ് നിങ്ങൾ ബാർ ഉടമകളെ

~~നേരിട്ടത്.~~ സഹായിച്ചത്. ലൈസൻസ് ഫീസ് കുറച്ചുനൽകിയതിന്റെയും കമ്മീഷണറുടെ ശിപാർശ തള്ളിക്കളഞ്ഞതിന്റെയും പിന്നിലെ താൽപ്പര്യമെന്തായിരുന്നുവെന്ന് നിങ്ങൾ വ്യക്തമാക്കിയാൽ മതി. പ്രമേയാവതാരകന്റെ നിലവാരത്തിൽ ചോദിച്ചാൽ എന്തെല്ലാം quid pro quo ഉണ്ടായിട്ടുണ്ട്; ഞങ്ങൾ ശക്തമായ നടപടിയാണ് ഇക്കാര്യത്തിലെടുത്തിട്ടുള്ളത്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്തെ സ്ഥിതി എന്തായിരുന്നു? 2011-2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5 ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. എന്നാൽ 2016-21-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് അതിന്റെ ഏഴിരട്ടി, 37 ബാറുകളുടെ ലൈസൻസാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്. 2021-24 കാലഘട്ടത്തിൽ അതിന്റെ 17 ഇരട്ടി, 87 ബാറുകളുടെ ലൈസൻസാണ് സസ്പെൻഡ് ചെയ്തത്. ഈ വർഷം 2 മാസത്തിനിടയിൽ 15 ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. നിങ്ങൾ അഞ്ച് വർഷംകൊണ്ട് സസ്പെൻഡ് ചെയ്ത ബാറുകളുടെ മൂന്നിരട്ടി ഈ വിവാദമുണ്ടായെന്നുപറയുന്ന രണ്ടുമാസം കൊണ്ട് ഞങ്ങൾ സസ്പെൻഡ് ചെയ്തു. അപ്പോൾ ബാർ ഉടമകളെ ആരാണ്

സഹായിക്കുന്നത്? എത്ര കർക്കശമായ നിലപാടുകളാണ് ഇക്കാര്യത്തിൽ ഈ സർക്കാർ എടുത്തിട്ടുള്ളത്. എന്തെങ്കിലും വിളിച്ചുപറഞ്ഞതുകൊണ്ട് വസ്തുത വസ്തുതയല്ലാതാകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബാറുകളുടെ ക്രമക്കേടുകൾക്ക് ചുമത്തിയിരുന്ന പിഴ ഇരട്ടിയാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. രണ്ട് ബാറുകളുടെ ലൈസൻസ് റദ്ദാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. ധനകാര്യ വകുപ്പ് ടേൺ ഓവർ ടാക്സ് (ടി.ഒ.ടി.) പിരിച്ചെടുക്കുന്നില്ലെന്ന ആക്ഷേപം പ്രതിപക്ഷനേതാവ് എപ്പോഴും ഉന്നയിക്കാറുണ്ട്. ബാർ ഹോട്ടലുകളിൽ ജി.എസ്.ടി. വകുപ്പ് ഇൻസ്പെക്ഷൻ നടത്തിവരുന്നുണ്ട്. ഈ വർഷം ഇതുവരെ 21 ബാർ ഹോട്ടലുകളിൽ ജി.എസ്.ടി. വകുപ്പ് ഇൻസ്പെക്ഷൻ നടത്തുകയും റിട്ടേൺ ഫയൽ ചെയ്യാതെ ടി.ഒ.ടി. അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ കെ.ജി.എസ്.ടി. നിയമ പ്രകാരമുള്ള പെനാൽറ്റി ചുമത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുംകൂടി കേൾക്കേണ്ട കാര്യമാണിത്, ഈ വിവാദമുണ്ടായ സമയത്തുപോലും 16 ബാർ ഹോട്ടലുകളിൽ കെ.ജി.എസ്.ടി. നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ

ചെയ്ത ഗവൺമെന്റാണിത്. ഇതിന്റെയെല്ലാം ഫലമായി റിട്ടേൺ ഫയലിംഗിൽ പെൻഡൻസിയുണ്ടായിരുന്ന ചില ബാറുകൾ റിട്ടേൺ ഫയൽ ചെയ്ത് അപാകത പരിഹരിച്ചുതുടങ്ങി. ഇതാണ് ഞങ്ങൾ എടുത്തിട്ടുള്ള നിലപാട്. ഞങ്ങൾക്ക് ഇവരുടെ മുന്നിൽപോയി നിൽക്കേണ്ട ആവശ്യം വരുന്നില്ല. ഇവരോടൊന്നും ഒരു quid pro quo-യിലും ഞങ്ങളാരും ഏർപ്പെടാറില്ല. അതിന്റെ തെളിവാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ. അത് ശീലിച്ചവർക്ക് സംശയം തോന്നാം. നിങ്ങളുടെ കാലത്താണ് ലൈസൻസ് സസ്പെന്റ് ചെയ്യുക, ലൈസൻസ് റദ്ദാക്കുക, ഫൈൻ ചുമത്തുക തുടങ്ങിയ നടപടികളെടുക്കാത്തത്. എന്നാൽ രജിസ്ട്രേഷൻ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികളാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് ബാർ പ്രവർത്തനസമയം രാവിലെ 9.30 മുതൽ രാത്രി 10 മണിവരെ പന്ത്രണ്ടര മണിക്കൂർ ആയിരുന്നു. ഇപ്പോൾ രാവിലെ 11 മണിമുതൽ രാത്രി 11 മണിവരെയാണ് ബാറുകൾ പ്രവർത്തിക്കുന്നത്. ബാർ ഉടമകളുടെ പ്രധാന ആവശ്യം സമയം നീട്ടിത്തരണമെന്നതായിരുന്നു. എന്നാൽ ഞങ്ങൾ അരമണിക്കൂർ സമയം കുറയ്ക്കുകയാണ് ചെയ്തത്. നിങ്ങൾ

ഉന്നയിച്ച എല്ലാ കാര്യങ്ങളും വസ്തുതാവിരുദ്ധമാണെന്നും അടിസ്ഥാനരഹിതമാണെന്നും അസത്യമാണെന്നും ഞാൻ തുടക്കത്തിൽ പറഞ്ഞത് അതുകൊണ്ടാണ്. അസത്യങ്ങളുടെ മുകളിൽ കെട്ടിപ്പൊക്കിയ ഒരു വിവാദത്തിന് 48 മണിക്കൂർ മാത്രമെ ആയുസ്സുണ്ടായുള്ളൂ. ഇതിൽ എന്തെങ്കിലും സത്യം ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയായിരിക്കില്ലല്ലോ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്? അടിയന്തരപ്രമേയം ഇങ്ങനെ ചീറ്റിപ്പോകുമായിരുന്നോ; നിങ്ങളെ പിന്തുണയ്ക്കുന്ന ഒരു മാധ്യമ ശൃംഖലയും എല്ലാതരത്തിലുമുള്ള ശ്രമം നടത്തിയിട്ടുള്ളതാണല്ലോ?

ആനന്ദിന്റെ വിഖ്യാതമായ ഒരു നോവലാണ് 'ഗോവർധന്റെ യാത്രകൾ'. ഞാൻ പഠിക്കുന്ന സമയത്ത് വായിച്ചതാണ്. അതിൽ ഒരു ഭാഗമുണ്ട്. ഒരു കുരുക്കുമായി ചൗപട് രാജാവ് നടക്കുകയാണ്. ആ കുരുക്കിന് പറ്റിയ പാകമുള്ള കഴുത്ത് അന്വേഷിച്ചാണ് അദ്ദേഹം നടക്കുന്നത്. കേരളത്തിലെ പ്രതിപക്ഷം ആനന്ദിന്റെ നോവലിലെ ചൗപട് രാജാവിനെപ്പോലെ ഒരു കുരുക്കുമായി നടക്കുകയാണ്. ആദ്യം ആ കുരുക്ക് പാവം ആരോഗ്യ വകുപ്പുമന്ത്രിയുടെ കഴുത്തിൽ കുരുക്കാൻ നോക്കി. ആ കഴുത്തിന്

പാകമാകാത്തതിനാൽ അത് എക്സൈസ് വകുപ്പുമന്ത്രിയുടെ കഴുത്തിൽ കുരുക്കാൻ നോക്കി. ആ കഴുത്തും അതിന് പാകമാകുന്നില്ല. പിന്നെ ടൂറിസം വകുപ്പുമന്ത്രിയുടെ കഴുത്തിന് പാകമാകുമോയെന്ന് നോക്കി. അതും പാകമായില്ല. നിങ്ങൾ ഈ കുരുക്കുംകൊണ്ട് നടക്കാൻ തുടങ്ങിയിട്ട് കുറച്ചുനാളുകളായി. നിങ്ങൾക്കുവേണ്ടി കുരുക്ക് മുറുക്കാൻ കുറച്ചുപേർ പുറത്തുണ്ടല്ലോ; 'കുരുക്ക് മുറുകി' എന്ന പേരിൽ തലക്കെട്ടുകൾ സൃഷ്ടിക്കുന്ന ആളുകളുണ്ടല്ലോ; കുരുക്കുമായി കഴുത്ത് അന്വേഷിച്ച് ഇവിടെ നടന്നിട്ട് കാര്യമില്ല. അതിന് പാകമായ കഴുത്തുകൾ നിങ്ങളുടെ ഇടയിൽ ധാരാളമുണ്ടെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളും ഞങ്ങളും രണ്ട് രീതിയിൽ വളർന്നുവന്നിട്ടുള്ളവരാണെന്നും നിങ്ങളുടെ രീതിയും ശൈലിയും സംസ്കാരവുമല്ല ഞങ്ങളുടേതെന്നും മനസ്സിലാക്കണം. അതുകൊണ്ടാണ് ഇവിടെ നിവർന്നുനിന്ന് ഈ വസ്തുതകൾ മുഴുവൻ എണ്ണിപ്പറഞ്ഞ് മറുപടി പറയാൻ എനിക്ക് സാധിക്കുന്നത്. ഈ കുരുക്ക് ആത്യന്തികമായി ഒരു കഴുത്താണ് ലക്ഷ്യം വയ്ക്കുന്നത്. ഒറ്റ കഴുത്തിനുവേണ്ടിയാണ് എട്ട് വർഷമായി ഇവർ കുരുക്ക് മുറുക്കിക്കൊണ്ടിരിക്കുന്നത്. ഇതുവരെ അത് നടന്നിട്ടില്ല.

അതുകൊണ്ട് നിങ്ങൾ ഈ കുരുക്കുമായി അലഞ്ഞുകൊണ്ടിരിക്കുക. ഞങ്ങൾ ഈ അനിഷേധ്യമായ സത്യങ്ങളുടെ/വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതിനെ നേരിടുകതന്നെ ചെയ്യും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. റോജി എം. ജോൺ നോട്ടീസ് നൽകിയത് യു.ഡി.എഫ്. കാലത്തെ മദ്യനയം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണോയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടുകഴിഞ്ഞപ്പോൾ എനിക്ക് സംശയം തോന്നിയത്. യു.ഡി.എഫ്. കാലഘട്ടത്തിലെ മദ്യനയത്തെക്കുറിച്ചാണ് അദ്ദേഹം മറുപടി പറഞ്ഞിരിക്കുന്നത്. He was always beating around the bush. ആരോപണം ഉന്നയിച്ച വിഷയത്തിലേയ്ക്ക് അദ്ദേഹം കടന്നിട്ടില്ല, അതിന്റെ സമീപത്തുകൂടി

പോലും പോയിട്ടില്ല. വളരെ കൃത്യമായ മറുപടിയാണ് പറയേണ്ടത്. അതിന് അദ്ദേഹത്തിന് സാധിക്കില്ല. ഇങ്ങനെയൊരു ആരോപണം വന്നപ്പോൾ എന്റെ ഓഫീസ് ഡി.ജി.പി.-ക്ക് പരാതി നൽകിയെന്ന് എത്ര അഭിമാനത്തോടെയാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ശബ്ദസന്ദേശം എങ്ങനെ പുറത്തുപോയി എന്നാണ് പോലീസ് അന്വേഷിച്ചത്. യഥാർത്ഥത്തിലുള്ള ആക്ഷേപം ശ്രീ. റോജി എം. ജോൺ വളരെ വ്യക്തമായി പറഞ്ഞതാണ്. ബാർ ഉടമകളുടെ നേതാവിന്റെ വോയിസ് മെസേജാണ് പുറത്തുവന്നത്, അത് തെളിവല്ലേ; ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി അനുസരിച്ച് ഇത് എവിഡൻസ് ആക്റ്റ് പ്രകാരമുള്ള തെളിവാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത് കണക്കിലെടുത്തില്ലെങ്കിൽ, പ്രതിപക്ഷ ഉപനേതാവായിരുന്ന കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് ഇക്കാര്യത്തിൽ എവിഡൻസ് ആക്റ്റ് ബാധകമാണ്. ഈ വോയിസ് മെസേജ് എവിഡൻസാണ്. "തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉടൻ പുതിയ പോളിസി വരുന്നതാണ്, അതിനകത്ത് ഒന്നാം തീയതി ഡ്രൈ ഡേ എടുത്ത് കളയുന്നതടക്കമുള്ള കാര്യങ്ങളുണ്ടാകും. ഇതൊക്കെ

ചെയ്യുതരണമെങ്കിൽ നമ്മൾ കൊടുക്കേണ്ട കാര്യങ്ങൾ കൊടുക്കണം. ഇടുക്കി ജില്ലയിൽനിന്ന് ഒരു ഹോട്ടൽ മാത്രമാണ് ഇതുകൊടുത്തത്. പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല" എന്നാണ് ശബ്ദസന്ദേശത്തിലുള്ളത്. ഇതാണ് യഥാർത്ഥത്തിലുള്ള വിഷയം. ഡ്രൈ ഡേ എടുത്തുകളയാമെന്നുള്ള ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാർ ഉടമകൾ പണപ്പിരിവ് ആരംഭിച്ചു. കുറേ പണം കിട്ടി, മുഴുവൻ പണവും കിട്ടിയില്ലെന്നാണ് പരാതി. അബ്കാരി നയത്തിൽ മാറ്റമുണ്ടാകുമെന്ന് ഉറപ്പുകൊടുത്തതുകൊണ്ടാണ് പണം പിരിച്ചത്. അബ്കാരി മുതലാളിമാർ വെറുതെ പണം പിരിക്കുമോ? കെട്ടിട നിർമ്മാണത്തിനുവേണ്ടിയാണ് പണം കൊടുത്തതെന്ന ന്യായമൊക്കെ അവർ പറഞ്ഞു. അവരുടെ മീറ്റിംഗിന്റെ അജണ്ട എന്തായിരുന്നു; മദ്യവ്യവസായത്തിന്റെയും സംഘടനയുടെയും സ്ഥിതി വിലയിരുത്തുന്നതിനും ഇലക്ഷനുശേഷം വരാനിരിക്കുന്ന പുതിയ അബ്കാരി പോളിസിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുംവേണ്ടിയാണ് അവർ യോഗം ചേർന്നത്, അല്ലാതെ കെട്ടിടനിർമ്മാണത്തിനുവേണ്ടിയല്ല. പുതിയ അബ്കാരി പോളിസി നമുക്ക് അനുകൂലമായി നടപ്പാക്കണമെങ്കിൽ പണം

കൊടുക്കണം, അതിനുവേണ്ടിയുള്ള പണപ്പിരിവ് ആരംഭിച്ചു, പക്ഷേ, വേണ്ട രീതിയിൽ മുന്നോട്ടുപോകുന്നില്ല, ആവശ്യമായ പണം എല്ലാവരും തരുന്നില്ല, അതുകൊണ്ട് നിർബന്ധമായും രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ പണം തരണം, കാരണം പെരുമാറ്റച്ചട്ടം അവസാനിക്കാൻ പോകുകയാണ്, അത് അവസാനിച്ചാൽ അബ്കാരി പോളിസിയിൽ മാറ്റം വരും, പെരുമാറ്റ ചട്ടം അവസാനിക്കുന്നതിനുമുമ്പ് പെട്ടെന്ന് ഈ പണം കളക്ട് ചെയ്തുകൊടുക്കണം, പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല എന്നൊക്കെയാണ് ബാർ ഉടമകളുടെ നേതാവ് പറയുന്നത്. അതാണ് കേസ്. അവിടെയാണ് cause of action. അതുകൊണ്ട് ഇതിന്മേൽ 1988-ലെ Prevention of Corruption Act-ന്റെ 8, 9, 12 എന്നീ വകുപ്പുകളനുസരിച്ച് കേസ്സെടുക്കണം. പൈസ കൊടുത്തുവെന്ന് ഒരു ബാർ ഉടമ പറഞ്ഞതിന്റെ പേരിലല്ലേ മുൻ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ കൊടുത്ത പരാതിയിൽ കേസെടുത്തത്. പൈസ കൊടുക്കാതെ ഇത് നടക്കില്ല, അതുകൊണ്ട് ഞങ്ങൾ പൈസ കളക്ട് ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന് ബാർ ഉടമതന്നെയാണ് ഇവിടെയും പറയുന്നത്.

ടൂറിസം വകുപ്പിനെക്കുറിച്ച് പറഞ്ഞു. ഇതിൽ ഏറ്റവും രസകരമായ കാര്യം, ബഹുമാനപ്പെട്ട മന്ത്രി കുറെ ഡോക്യുമെന്റ്സ് വായിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് ബാറുകൾ പൂട്ടി. അതൊരു പോളിസിയായിരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തിയപ്പോൾ ഫൈവ് സ്റ്റാർ ഒഴികെയുള്ള മുഴുവൻ ബാറുകളും പൂട്ടാൻവേണ്ടി, അത് ശരിയായാലും തെറ്റായാലും ഒരു തീരുമാനമെടുത്തു. പോളിസി മാറ്റമാണ്. അത് ചെയ്തുകഴിഞ്ഞപ്പോൾ നിരവധി പരാതികൾ വന്നു. ഞാനും പരാതി പറഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. അത് നമ്മുടെ ടൂറിസം/ തൊഴിൽമേഖലകളെ ബാധിച്ചിട്ടുണ്ട്. ഒരുപാട് പേർക്ക് നേരിട്ടും അല്ലാതെയും ജോലി നൽകുന്ന ഒരു ഇൻഡസ്ട്രിയാണ്. ബാറുകൾ അടച്ചത് ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നുപറഞ്ഞ് എക്സൈസ് വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി ലഭിച്ചു. ഇതുസംബന്ധിച്ച് മുൻ മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന് ലഭിച്ച ഒരു കത്ത് പരിശോധിക്കാനായി മുഖ്യമന്ത്രിക്ക് ഫോർവേഡ് ചെയ്തു. അങ്ങനെയല്ലേ എല്ലാവരും ചെയ്യുന്നത്?ബഹുമാനപ്പെട്ട മന്ത്രിമാർക്ക് തീരുമാനമെടുക്കാൻ സാധിക്കാത്ത കാര്യങ്ങൾ സംബന്ധിച്ച്

ഒരു പരാതി കിട്ടിയാൽ നിങ്ങൾ മുഖ്യമന്ത്രിക്ക് കൊടുക്കില്ലേ; എന്നാൽ അത് വലിയ രേഖയാണെന്നുപറഞ്ഞാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചത്. താങ്കളെ സമ്മതിക്കണം. ഞങ്ങളുടെ ഗവൺമെന്റിന്റെ എക്സൈസ് പോളിസി കാരണം ടൂറിസം-തൊഴിൽ മേഖലകളിൽ ഇംപാക്ട് ഉണ്ടായിട്ടുണ്ടെന്നതിനെക്കുറിച്ച് എക്സൈസ് വകുപ്പുമന്ത്രിക്ക് ഒരു പരാതി ലഭിച്ചപ്പോൾ ടൂറിസം മേഖലയിലെ ഇംപാക്ട് പഠിക്കാൻ ടൂറിസം വകുപ്പുസെക്രട്ടറിക്കും തൊഴിൽ മേഖലയിലെ ഇംപാക്ട് പഠിക്കാൻ തൊഴിൽ വകുപ്പുസെക്രട്ടറിക്കും ചുമതല കൊടുത്തു. അല്ലാതെ ടൂറിസം മേഖലയിലെ ഇംപാക്ട് പഠിക്കാൻ ഹോം സെക്രട്ടറിക്കാണോ ചുമതല കൊടുക്കേണ്ടത്? അങ്ങ് പറഞ്ഞതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. ടൂറിസം വകുപ്പ് മദ്യനയത്തിൽ ഇടപെട്ടുവെന്നതാണ് ഇവിടത്തെ പരാതി. സ്റ്റേക്ക്ഹോൾഡേഴ്സുമായി ആലോചിച്ച് അബ്കാരി പോളിസി തീരുമാനിക്കുന്നത് എക്സൈസ് മന്ത്രിയാണെന്നും എക്സൈസ് വകുപ്പാണെന്നും അങ്ങ് പറഞ്ഞത് ശരിയാണ്. ഇവിടെ ശ്രീ. റോജി എം. ജോൺ ഉന്നയിച്ചതുപോലെ, ടൂറിസം വകുപ്പ് വിളിച്ച യോഗത്തിന്റെ വിഷയം

'എക്സൈസ് പോളിസി റിന്യൂവൽ മീറ്റിംഗ്' എന്നായിരുന്നു. അങ്ങ് പറഞ്ഞതുപോലെ അങ്ങയുടെ വകുപ്പ് സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ചുനടത്തേണ്ട യോഗമാണ് ടൂറിസം വകുപ്പ് നടത്തിയത്. എക്സൈസ് പോളിസി റിന്യൂവൽ എന്നത് സബ്ജക്ടായി വച്ച് ബാർ ഉടമകളെ വിളിച്ച് ടൂറിസം വകുപ്പ് യോഗം നടത്തി. എക്സൈസ് വകുപ്പിനെ ടൂറിസം വകുപ്പ് ഹൈജാക്ക് ചെയ്തു. അവരാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. ഞങ്ങൾ വേണ്ട രീതിയിൽ ചെയ്തോളാമെന്ന് പറഞ്ഞ് മേയ് 21-ാം തീയതിയിലെ മീറ്റിംഗിൽ അവർക്ക് ഉറപ്പുകൊടുത്തത് ടൂറിസം വകുപ്പാണ്. അതുകൊണ്ടാണ് മേയ് 23-ാം തീയതി ബാർ ഉടമകളുടെ യോഗം ചേർന്ന് പണം കൊടുക്കാൻ തീരുമാനിച്ചത്. അബ്കാരി പോളിസിയുടെ കാര്യം പഠിക്കാൻ വേണ്ടി ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തുന്നത് ടൂറിസം സെക്രട്ടറിയെയാണ്. ടൂറിസം വകുപ്പിന് അബ്കാരി പോളിസി റിവ്യൂ ചെയ്യാനും സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ച് മീറ്റിംഗ് നടത്താനും എന്ത് അധികാരമാണുള്ളത്? ഞാൻ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതിനോട് യോജിക്കുകയാണ്. അങ്ങ് പറഞ്ഞത് ടൂറിസം വകുപ്പുമന്ത്രിയോടാണെന്നാണ് ഞാൻ കരുതുന്നത്. എക്സൈസ് മന്ത്രിയെന്ന

നിലയിൽ ഞാനാണ് സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ച് മീറ്റിംഗ് നടത്തേണ്ടതെന്ന് അങ്ങ് ഞങ്ങളോടല്ല പറഞ്ഞത്, ടൂറിസം വകുപ്പുമന്ത്രിയോടാണെന്ന് എനിക്ക് മനസ്സിലായി. ആ മീറ്റിംഗ് നടത്താൻ അവർക്ക് എന്ത് അധികാരമാണുള്ളത്? അവർ അത് ചെയ്യാൻ പാടില്ലായിരുന്നു. അവർ നിങ്ങളുടെ വകുപ്പിലേക്കാണ് കടന്നുകയറിയത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ടൂറിസം ഡയറക്ടർ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് നിരന്തരം യോഗങ്ങൾ നടത്താറുണ്ട്. അത് ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും ചെയ്യാറുണ്ട്. ഒരുമാസം നാൽപ്പതിലധികം യോഗങ്ങൾ നടക്കാറുണ്ട്. ഇതൊക്കെ മന്ത്രി നിർദ്ദേശിച്ചിട്ടോ, അറിഞ്ഞിട്ടോ അല്ല. ഈ പ്രത്യേക യോഗത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ടൂറിസം ഡയറക്ടർ വിശദീകരിച്ചിട്ടുണ്ട്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട ഈ യോഗത്തിൽ ഹൗസ്ബോട്ട് ഓണേഴ്സ് ഉൾപ്പെടെ എല്ലാ വിഭാഗം ആളുകളും പങ്കെടുത്തിട്ടുണ്ട്. മദ്യ നയത്തെക്കുറിച്ച് ചർച്ച ചെയ്യാനാണെങ്കിൽ അവരെ പ്രത്യേകിച്ച് വിളിക്കേണ്ടതില്ല. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട

സംഘടനകൾ നൽകിയിട്ടുള്ള അപേക്ഷകൾ/നിവേദനങ്ങളിലെ നിരവധി വിഷയങ്ങളിൽ ഒന്നാണ് സബ്ജക്ടാക്കി വച്ചതെന്നുള്ളതും ടൂറിസം ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. കാര്യങ്ങളെല്ലാം വ്യക്തമാണ്. നിങ്ങളെപ്പോലെ പറയാനുള്ളത് വേറെയാരെയെങ്കിലും നോക്കി പറയില്ല, മുഖത്തുനോക്കിപ്പറഞ്ഞ് ശീലമുള്ളവരാണ് ഞങ്ങൾ. എന്തുകൊണ്ടാണ് എന്നെ ഇതിലേയ്ക്ക് വലിച്ചിഴക്കുന്നുവെന്നുള്ളത് എനിക്കും ജനങ്ങൾക്കും അറിയാം. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി കാര്യങ്ങളെല്ലാം കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തിപരവും വളരെ പ്രയാസകരവുമായൊരു സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവായി നേരത്തേതന്നെ ലീവിൽ പോയ വകുപ്പ് ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട് പോയതാണെന്ന വാർത്ത ചമച്ചു. ആ വാർത്ത കൊണ്ടുവന്നത് ഒരു പ്രധാനപ്പെട്ട വെബ്സൈറ്റാണ്. ആ വെബ്സൈറ്റും പ്രതിപക്ഷവും തമ്മിലുള്ള ബന്ധമെന്താണെന്ന് ഞാൻ ഇപ്പോൾ പറയേണ്ടതില്ല. ഇതൊക്കെ ജനങ്ങൾക്ക് വളരെ വ്യക്തമായി അറിയാം. പറയാനുള്ളത് ഡയറക്ടായി പറഞ്ഞുപോകുന്നത് തന്നെയാണ് നല്ലത്. അതാണ് ഞങ്ങളുടെ രീതി.

അല്ലാതെ വേറൊരാളെ ഉദ്ദേശിച്ച് മറ്റൊരാളോട് പറയുന്ന ശീലം ഞങ്ങൾക്കില്ല. ആ പട്ടം ചേരുന്നത് നിങ്ങൾക്കാണ്.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടെ പറഞ്ഞ ഒരു കാര്യത്തിലെ വസ്തുതാപരമായ പിശക് മാത്രം ചൂണ്ടിക്കാണിക്കുകയാണ്. ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി പരാതി കൊടുത്തതെന്ന തെറ്റായ കാര്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ പരാതിയിലെ അവസാനത്തെ വാചകം വായിക്കാം, 'ഈ സാഹചര്യത്തിൽ ഇല്ലാത്ത മദ്യനയത്തെക്കുറിച്ച് ഇത്തരം കിംവദന്തികൾ പ്രചരിപ്പിച്ചും തെറ്റിദ്ധാരണ സൃഷ്ടിച്ചും പണം പിരിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശാനുസരണം അഭ്യർത്ഥിക്കുന്നു', എന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ പരാതിയാണ്. പണം പിരിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചെന്നാണ് അതിൽ പറയുന്നത്. അങ്ങ് തിരുത്തുമെന്ന് ഞാൻ വിചാരിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ടൂറിസം വകുപ്പ് ഡയറക്ടർ ഇങ്ങനെയൊരു യോഗം വിളിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി സമ്മതിച്ചു. ഞങ്ങളുടെ ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു, അബ്കാരി പോളിസി റിവ്യൂ, എക്സൈസ് പോളിസി റിന്യൂവൽ എന്ന വിഷയത്തിന്മേൽ മീറ്റിംഗ് നടത്താൻ ടൂറിസം വകുപ്പിന് എന്ത് അധികാരമാണുള്ളത്? ടൂറിസം ഡയറക്ടർ ഒരു മാസം 40 മീറ്റിംഗ് വിളിക്കുമെന്നും അത് ഏതൊക്കെ വിഷയത്തിലാണെന്ന് അറിയില്ലെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. ഈ രീതിയിൽ പോയാൽ തിരുവനന്തപുരത്തെ ലാ ആൻഡ് ഓർഡർ സിറ്റ്വേഷനെക്കുറിച്ചുകൂടി ടൂറിസം ഡയറക്ടർ മീറ്റിംഗ് വിളിക്കുമല്ലോ? മന്ത്രി അറിയാതെയാണ് യോഗം വിളിച്ചതെന്ന് പറഞ്ഞാൽ ആ മന്ത്രിസ്ഥാനത്തിരിക്കാൻ അങ്ങ് യോഗ്യനല്ലെന്നാണ് അർത്ഥം. അല്ലെങ്കിൽ മീറ്റിംഗ് നടന്നത് അങ്ങയുടെ അറിവോടുകൂടിയാണ്. അല്ലാതെ ടൂറിസം ഡയറക്ടർ മന്ത്രിയുടെ അറിവില്ലാതെ അബ്കാരി പോളിസി റിന്യൂവലിനെക്കുറിച്ച് മീറ്റിംഗ് നടത്തുമോ; ഇങ്ങനെയാണോ വകുപ്പ്

ചെയ്യേണ്ടത്? അതിന് ഓരോ നടപടിക്രമങ്ങളുണ്ട്. നിയമസഭയിൽ നടപടിക്രമങ്ങളുള്ളതുപോലെ ക്യാബിനറ്റിനും വിവിധ വകുപ്പുകൾ തമ്മിലും ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങൾ വായിച്ചുനോക്കിയാൽ ടൂറിസം വകുപ്പിന് അതിന് അധികാരമില്ലെന്ന് മനസ്സിലാകും. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെക്കുറിച്ചാണ് ഇവിടെ കൂടുതൽ സംസാരിച്ചത്. ഇപ്പോൾ സർക്കാർ ബാർ ഉടമകൾക്ക് യാതൊരു സൗകര്യവും ചെയ്തുകൊടുത്തിട്ടില്ലെന്നും 2 ലക്ഷം മുതൽ 4 ലക്ഷം കെയ്സുവരെ മദ്യവില്പന കുറഞ്ഞുവെന്നുമാണ് പറയുന്നത്. രണ്ട് കാരണങ്ങൾ കൊണ്ടാണ് വില്പന കുറഞ്ഞിരിക്കുന്നത്. ഒന്ന്, പരിശോധനകൾ നടത്താത്തതുകൊണ്ട് ബിവറേജസ് കോർപ്പറേഷനിൽനിന്ന് വാങ്ങുന്ന മദ്യം കൂടാതെ ബാറുകളിൽ സെക്കന്റ്സിന്റെ വില്പനയും വ്യാപകമായി നടക്കുന്നുണ്ട്. ബിവറേജസ് കോർപ്പറേഷനിൽനിന്ന് ബാറുകൾ വാങ്ങി വിൽക്കുന്ന കെയ്സുകളുടെ എണ്ണമാണ് സർക്കാർ കണക്കാക്കുന്നത്. ഗവൺമെന്റിന്റെ പക്കൽ അതിന്റെ കണക്കുകളുണ്ടാകും. അതുകൂടാതെ വ്യാപകമായ സെക്കന്റ്സ് വില്പനയും നടക്കുന്നുണ്ട്. അതുകാരണം ഔദ്യോഗിക കണക്ക് കുറയും. രണ്ട്, Major

chunk of the youngsters shifted from liquor to drugs. എം.ഡി.എം.എ.-യാണ് വ്യാപകമായി ഉപയോഗിക്കുന്നത്. കേരളം ലഹരി മരുന്നിന്റെ കേന്ദ്രമായി, ലഹരിയുടെ കാര്യത്തിൽ ഈ രാജ്യത്തിന്റെ തലസ്ഥാനമായി മാറുകയാണ്. ഇക്കാരണങ്ങളാലാണ് മദ്യവില്പന കുറയുന്നത്. അല്ലാതെ നിങ്ങളുടെ പോളിസിയുടെ മിടുക്കുകൊണ്ടല്ല. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 130 ബാറുകൾക്ക് ലൈസൻസ് നൽകിയിരിക്കുകയാണ്. എന്നിട്ടാണ് മദ്യം വ്യാപിപ്പിക്കുന്നില്ലെന്ന് പറയുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 2016-ൽ പാർട്ടി സെക്രട്ടറിയായിരുന്ന അങ്ങ് ഫേസ്ബുക്കിൽ ഉമ്മൻ ചാണ്ടി സർക്കാരിനെതിരായി പറഞ്ഞത് എന്താണ്? "കൂടുതൽ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയ തീരുമാനം മദ്യനിരോധനം സാധ്യമാക്കാനുള്ളതാണോയെന്ന് ഉമ്മൻ ചാണ്ടി വ്യക്തമാക്കണം. ഇങ്ങനെ കൂടുതൽ മദ്യശാലകൾ അനുവദിച്ചുകൊണ്ടാണോ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുന്നത്? യു.ഡി.എഫ്.-ന്റെ മദ്യനയം തട്ടിപ്പാണ്. വോട്ട് നേടാനുള്ള വിലകുറഞ്ഞ തന്ത്രം മാത്രമാണ്. മദ്യം എന്ന വിപത്തിനെ

ചെറുക്കാനും ജനങ്ങളെ മദ്യത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കാനുമുള്ള നിശ്ചയദാർഢ്യം ഇടതുപക്ഷത്തിനാണുള്ളത്. മദ്യവിരുദ്ധ സമിതിയും മദ്യവർജ്ജന സമിതികളുമായി ചേർന്നുകൊണ്ട് മദ്യവ്യാപനത്തെ ഇടതുപക്ഷം ശക്തിയായി എതിർക്കും" എന്നാണ് പറഞ്ഞത്. എന്നാൽ എട്ട് വർഷംകൊണ്ട് 900 ബാറുകൾക്ക് ലൈസൻസ് നൽകിയാണ് എതിർത്തുകൊണ്ടിരിക്കുന്നത്. ബാറുകളിൽ ഒരു പരിശോധനയും നടക്കുന്നില്ലെന്ന് കേസുകൾ നോക്കിയാൽ അറിയാം. ടി.ഒ.ടി. വരുമാനം കുറയുന്നുവെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപടി എടുത്തില്ലായിരുന്നു. ഇപ്പോൾ 16 ബാർ ഹോട്ടലുകൾക്കെതിരെ കേസെടുത്തതിൽ സന്തോഷമുണ്ട്. ബിവറേജസ് കോർപ്പറേഷനിൽനിന്ന് വാങ്ങുന്ന മദ്യം നാലിരട്ടിയും അഞ്ചിരട്ടിയും രൂപയ്ക്ക് വിൽപ്പന നടത്തിയിട്ട് ടേൺ ഓവർ കാണിക്കാതെ ബാർ ഉടമകൾ വരുമാനമുണ്ടാക്കുകയാണ്. അതുമൂലം സർക്കാരിന് ടേൺ ഓവർ ടാക്സ് ലഭിക്കുന്നില്ല. ഒരു ദിവസം അഞ്ച് ലക്ഷം രൂപ വരുമാനമുള്ള ഒരു ബാറിന്റെ ടേൺ ഓവർ ഒരു ലക്ഷം രൂപയാണെന്നാണ് കാണിക്കുന്നത്. അങ്ങനെ ഒരു

മാസം 30 ലക്ഷം രൂപ മാത്രമാണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ ഒന്നര കോടി രൂപയുടെ ടേൺ ഓവറുണ്ട്. അതിന്റെ പത്ത് ശതമാനം വച്ച് ഒരു മാസം സർക്കാരിന് ലഭിക്കേണ്ടതാണ്. എന്നാൽ അത് ലഭിക്കുന്നില്ല. അങ്ങനെ രൂക്ഷമായ നികുതി വെട്ടിപ്പ് ഈ മേഖലയിൽ നടക്കുന്നുവെന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഞങ്ങളുടെ പാർട്ടിയിൽ ഇതൊക്കെ ചർച്ച ചെയ്യും. ഏതെങ്കിലും ഒരാളല്ല തീരുമാനിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയം വന്നപ്പോൾ  ഞങ്ങൾ വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്; ഞാനും അഭിപ്രായം പറഞ്ഞിട്ടുണ്ട്. മദ്യവ്യവസായത്തെ ഒരു ഇൻഡസ്ട്രിയെന്ന നിലയിൽ കാണണം, ആവശ്യമായ നിയന്ത്രണങ്ങൾ വേണം. നമുക്ക് ഒരു കൾച്ചറുണ്ടാക്കണം; റെസ്പോൺസിബിൾ ഡ്രിങ്കിംഗ് ഉണ്ടാകണം. ജനങ്ങൾ മുഴുവൻ കള്ളുകുടിച്ച് വഴിയിൽ കിടക്കുന്ന സ്ഥിതിയല്ല ഉണ്ടാകേണ്ടത്. വിദേശ രാജ്യങ്ങളിലേതുപോലെ കുറച്ചുകൂടി ലഹരി കുറഞ്ഞ പാനീയങ്ങൾ ഉപയോഗിക്കണം. ഒറ്റയടിക്ക് ചെയ്താൽ നേരത്തെ പറഞ്ഞതുപോലെ വ്യാജമദ്യം ഒഴുകും. ഞങ്ങളുടെ പാർട്ടി ഇതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഞങ്ങളുടെ മദ്യനയം കാരണം നികുതി, ടൂറിസം, തൊഴിൽ എന്നീ

മേഖലകളിലുണ്ടായ പ്രത്യാഘാതങ്ങളെന്താണെന്ന് വിദഗ്ദ്ധ സമിതി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപ്പോഴല്ലേ പുതിയ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. നിങ്ങൾ വന്നതിനുശേഷം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്താണ്? ഇപ്പോഴത്തെ ബാർ കോഴ സംബന്ധിച്ച് ഞങ്ങൾ പരാതി നൽകിയിട്ടുണ്ട്. ഇവിടെ ഒരു cause of action ഉണ്ടായിട്ടുണ്ട്, abetment നടത്തിയിട്ടുണ്ട്. അതിനാൽ അഴിമതി നിരോധന നിയമ പ്രകാരം നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഇതിനുപിന്നിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും ബാർ ഉടമകളുമുണ്ട്. എല്ലാവരും ചേർന്ന് നടത്തിയ ഒരു ക്രിമിനൽ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഇങ്ങനെയൊരു കളക്ഷൻ നടന്നത്. കളക്ഷൻ നടത്തിയ ഒരാളെ സസ്പെൻഡ് ചെയ്തിട്ട്, അതിനെക്കുറിച്ചല്ല അന്വേഷിക്കേണ്ടത്. പി.സി. ആക്ടിന്റെ പ്രൊവിഷൻ അനുസരിച്ച് എഫ്.ഐ.ആർ. എടുത്ത് കേസ് അന്വേഷിക്കണം. ഇതിന്റെ വിപുലമായ കാര്യങ്ങളെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം; അതാണ് ഞങ്ങളുടെ നിലപാട്. കാലം കണക്കുചോദിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കാലം വന്ന് കണക്ക് ചോദിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ളവർ കെ. എം. മാണിയെക്കുറിച്ച് എത്ര ഹീനമായ വാക്കുകളാണ് അന്ന് ഉപയോഗിച്ചത്? കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ വീഴുമെന്നാണ് പറഞ്ഞത്. വളരെ സഭ്യമായ ഭാഷയിൽ ശ്രീ. റോജി എം. ജോൺ പ്രമേയം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി പ്രകോപിതനായി. അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ ബൈബിൾ ക്വാട്ട് ചെയ്തുകൊണ്ട് എന്തെല്ലാം ഹീനമായ വാക്കുകളാണ് കെ. എം. മാണിക്കെതിരെ ഉന്നയിച്ചത്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി പ്രകോപിതനാകേണ്ട ഒരു വാക്കും ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞിട്ടില്ല. പക്ഷേ കാര്യങ്ങൾ പറയും. ഇത് അഴിമതിയാണ്, അഴിമതിയുടെ തുടക്കമാണ്, അഴിമതി നടത്താൻ വേണ്ടിയുള്ള abetment നടന്നിട്ടുണ്ട്. ക്രിമിനൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്നതിൽ സംശയമില്ല. 'ഗോവർധന്റെ യാത്രകൾ' എന്ന നോവലിലെ കഥാപാത്രമായ രാജാവ്

കുരുക്കുമായി നടക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പ്രതിപക്ഷമല്ല, ജനങ്ങളാണ് ആ രാജാവിന്റെ റോളിൽ എല്ലാവരുടെയും കഴുത്തിൽ കുരുക്കിട്ടത്. നന്നായി കുരുക്ക് വീണിട്ടുണ്ട്. ഞങ്ങളുടെ റോൾ ഇത്രമാത്രമേയുള്ളൂ. രാജാവ് നഗ്നനായി നടക്കുമ്പോൾ കൊച്ചുകുട്ടിയുടെ നിഷ്കളങ്കതയോടുകൂടി രാജാവ് നഗ്നനാണെന്ന് ഞങ്ങൾ ഉച്ചത്തിൽ വിളിച്ചുപറയും. അതാണ് അങ്ങ് പറഞ്ഞ രാജാവും ഞങ്ങളുടെ രാജാവും തമ്മിലുള്ള വ്യത്യാസം. അത് നിങ്ങൾ അറിയണം. ഇതുപോലെ കനത്ത ആഘാതം തിരഞ്ഞെടുപ്പിൽ ലഭിച്ചിട്ട് ജനപിന്തുണയെക്കുറിച്ച് ഇത്രയും വിശാലമായി സംസാരിക്കാനുള്ള അങ്ങയുടെ പവറിന് മുമ്പിൽ, ചങ്കുറപ്പിന് മുമ്പിൽ നമിക്കുകയാണ്. ഗൗരവതരമായി ഞങ്ങൾ ഉന്നയിച്ച ഒരു കാര്യത്തിന്മേൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അബ്കാരി പോളിസിയെക്കുറിച്ച് സംസാരിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്തത്. ഞാൻ ഇതുസംബന്ധിച്ച് ഒരു പരാതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ Prevention of Corruption Act-ന്റെ പ്രൊവിഷൻ അനുസരിച്ച് എഫ്.ഐ.ആർ. എടുക്കാനും കേസ് രജിസ്റ്റർ ചെയ്യാനും

ജുഡീഷ്യൽ അന്വേഷണം നടത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോ? അങ്ങ് സാധാരണ ഇത്തരം കാര്യങ്ങളിലൊക്കെ എഴുന്നേറ്റുനിന്ന് അപ്പോൾത്തന്നെ മറുപടി പറയുന്ന ആളാണ്. ഇപ്പോൾ മൗനമവലംബിക്കുന്നതിന്റെ അർത്ഥം മനസ്സിലായി. അതായത്, "ഞങ്ങൾക്ക് സൗകര്യമില്ല, ഞങ്ങൾ അന്വേഷിക്കില്ല" എന്നാണെന്ന്. അന്വേഷിച്ചാൽ എന്തായിരിക്കും സംഭവിക്കാൻ പോകുന്നതെന്ന് വ്യക്തമായി അറിയുന്ന ആളാണ് കേരളത്തിലെ മുഖ്യമന്ത്രി. അതുകൊണ്ട് പ്രതിപക്ഷം ഒറ്റക്കെട്ടായി കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ആവശ്യപ്പെടുന്നത് ഇതിൽ അന്വേഷണം നടത്തിയേ മതിയാകൂവെന്നാണ്. അതാണ് ഞങ്ങളുടെ നിലപാട്. അന്വേഷണം നടത്തണമെന്ന ആവശ്യം ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. അന്വേഷണം നടത്താൻ തയ്യാറുണ്ടോ ഇല്ലയോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. (...ബഹളം.....)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇല്ലാത്തൊരു കാര്യം കെട്ടിച്ചമച്ച് എന്തോ സംഭവിക്കുന്നു എന്നൊരു പ്രതീതിയുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കെട്ടിച്ചമച്ച ഒരു

വാദഗതിയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ മദ്യനയവുമായി ബന്ധപ്പെട്ട് ചില തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് പണം പിരിക്കുന്നുവെന്ന വാർത്ത വന്നപ്പോൾത്തന്നെ അത് ഗൗരവമായെടുത്ത് ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കണ്ടുപിടിക്കുന്ന കുറ്റകൃത്യങ്ങളിന്മേൽ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതാണ്. ആ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് കൂടുതൽ വിശദമായ അന്വേഷണം നടക്കേണ്ടത്. ആ അന്വേഷണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു തരത്തിലുള്ള തടസ്സവും അതിലുണ്ടാകില്ല. അത് തടസ്സപ്പെടുത്തലാണോ നിങ്ങളുടെ ഉദ്ദേശ്യം? അന്വേഷിച്ച് കണ്ടെത്തിയശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ പ്രതിതന്നെ വാദിയാകുകയാണ്. ആ വകുപ്പിന്റെ ചുമതല വഹിക്കുന്നതുകൊണ്ടാണ് എക്സൈസ് വകുപ്പുമന്ത്രി ആരോപണവിധേയനായത്. ആരോപണ വിധേയനായ എക്സൈസ്

വകുപ്പുമന്ത്രി കൊടുത്ത പരാതിയിൽ, അതായത് പ്രതിയാകേണ്ട ആൾ വാദിയായി കൊടുത്ത പരാതിയിൽ അങ്ങയുടെ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുന്നുണ്ടെന്ന് പറഞ്ഞു. അതിൽ എന്താണ് അന്വേഷിക്കുന്നതെന്ന് അദ്ദേഹംതന്നെ പറഞ്ഞു. അദ്ദേഹം ഇത് നിഷേധിക്കുകയാണ്. ആരെങ്കിലും ഇത് നിഷേധിക്കാതിരിക്കുമോ? അതുകൊണ്ട് അങ്ങ് പറഞ്ഞ ഈ അന്വേഷണം ഞങ്ങൾക്ക് സ്വീകാര്യമല്ല. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റിന്റെ വകുപ്പനുസരിച്ച് കേസ്സെടുത്തേ മതിയാകൂ. അല്ലെങ്കിൽ നിയമസഭയ്ക്കകത്തും പുറത്തും നിരന്തരമായ സമരത്തിലേക്ക് കേരളത്തിലെ പ്രതിപക്ഷം കടക്കുമെന്നതിൽ ഒരു വിട്ടുവീഴ്ചയുമില്ല. കൊള്ള നടത്തിയാൽ അത് നടത്തിയത് ആരെല്ലാമാണെന്നത് പുറത്തുവന്നേ മതിയാകൂ. അതിൽ ശക്തമായ നിലപാടാണ് ഞങ്ങൾ എടുക്കുന്നത്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കവെ

ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു)

**12.00 noon]**

**VI ശ്രദ്ധക്ഷണിക്കൽ**

ദേശീയപാതാ നിർമ്മാണംമൂലമുണ്ടാകുന്ന ട്രാഫിക് പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ റോഡുകളുടെ വികസനം നമ്മുടെ നാടിനും ജനങ്ങൾക്കുമാകെ അഭിമാനാർഹമായ നിലയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. കുടിവെള്ള വിതരണത്തിലും പ്രശംസനീയമായ നേട്ടമാണ് സർക്കാർ കൈവരിച്ചിരിക്കുന്നത്. അമൃത്, ജലനിധി, സിറ്റിഗ്യാസ്, നെറ്റ്‍വർക്ക് കേബിൾ, ഡ്രെയിനേജ് തുടങ്ങിയ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി റോഡുകൾ ഇന്ന് പരിതാപകരമായ സ്ഥിതിയിലാണ്. റോഡുകളുടെ സൈഡ് കുത്തിപ്പൊളിക്കുന്നതും കട്ട് ചെയ്യുന്നതും റോഡിന്റെ ഗുണമേന്മ ഇല്ലാതാക്കുന്നു. കുടിവെള്ള പദ്ധതിക്കുവേണ്ടി പൈപ്പ് സ്ഥാപിക്കുന്നതുമൂലം ഗുണമേന്മയുള്ള റോഡുകളുടെ പല ഭാഗങ്ങളും തകർന്ന സ്ഥിതിയിലാണ്. ദേശീയപാതയുടെ വികസനവും

ഗതാഗതതടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതോടൊപ്പം റോഡ് ഗതാഗതവും ഗ്രാമീണറോഡുകളുടെ ഇന്നത്തെ സ്ഥിതിയും പരിശോധിക്കണം. പൊതുമരാമത്ത് വകുപ്പ് മറ്റുബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നത്. (...ബഹളം.....)

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ ഗൗരവമേറിയതും പലതവണ ചർച്ച ചെയ്തതുമായ വിഷയത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ ടി. പി. രാമകൃഷ്ണൻ സഭയുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. കേരളത്തിൽ കുടിവെള്ള പൈപ്പ് ലൈൻ, ഡ്രെയിനേജ് പൈപ്പുകൾ, ഗ്യാസ് പൈപ്പ് ലൈൻ, ഇലക്ട്രിസിറ്റി കേബിളുകൾ, ഇന്റർനെറ്റ്-ഫോൺ കേബിളുകൾ തുടങ്ങിയവ പ്രധാനമായും കടന്നുപോകുന്നത് പൊതുമരാമത്ത് റോഡുകളിലൂടെയാണ്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലൂടെ യൂട്ടിലിറ്റി സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും റൈറ്റ് ഓഫ് വേ (RoW)

പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. RoW പോർട്ടലിനെ കൂടുതൽ ശക്തിപ്പെടുത്തി ഏകോപനം ഉറപ്പാക്കിയാണ് മുന്നോട്ടുപോകുന്നത്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ഈ പോർട്ടലിൽ ലഭ്യമാക്കുകവഴി പ്രവൃത്തിക്കുശേഷം റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് നല്ല ഏകോപനത്തോടുകൂടിയാണ് സർക്കാർ കാര്യങ്ങൾ നടപ്പാക്കി മുന്നോട്ടുപോകുന്നത്. ഇക്കഴിഞ്ഞ രണ്ടുവർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ യൂട്ടിലിറ്റി പ്രവൃത്തി നടന്ന സമയമാണ്; ഇപ്പോഴും അത് തുടരുന്നു. പ്രധാനമായും ജൽജീവൻ മിഷൻ പ്രവൃത്തികൾക്കാണ് റോഡുകൾ കൂടുതലും വിട്ടുനൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റി, ഗ്യാസ് പൈപ്പ് ലൈൻ, കെ.എസ്.ഇ.ബി.എൽ. എന്നിവയുടെ പ്രവൃത്തികൾക്കും റോഡ് മുറിക്കേണ്ടിവന്നിട്ടുണ്ട്. ഒരേ റോഡുതന്നെ തുടർച്ചയായി വിട്ടുനൽകേണ്ട സാഹചര്യവും ഇക്കാലയളവിലുണ്ടായി. ഇത്തരം റോഡുകളിൽ പ്രവൃത്തിക്കുശേഷമുള്ള റെസ്റ്റോറേഷൻ എങ്ങനെയാകണം

എന്നതുസംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദേശങ്ങളടങ്ങിയ പ്രത്യേക ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും യൂട്ടിലിറ്റി/റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയശേഷം ബന്ധപ്പെട്ട വകുപ്പ് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തതുസംബന്ധിച്ച് ചിലയിടങ്ങളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാൻ അവിടെ യോഗങ്ങളും നടക്കുന്നുണ്ട്. അക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ഇടപെടുകയും ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി സംസാരിച്ച് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അവിടെയും പരിഹാരം കാണാൻ കഴിയുന്നില്ലെങ്കിൽ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തി ഇടപെടുന്നുമുണ്ട്. യൂട്ടിലിറ്റി വകുപ്പുകളുടെ റെസ്റ്റൊറേഷൻ പ്രവൃത്തിക്ക് നിശ്ചയിച്ച ഗുണനിലവാരമില്ലെങ്കിൽ അക്കാര്യത്തിലും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാൻ വ്യത്യസ്ത തലങ്ങളിലുള്ള ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ

ചേരുന്ന ഡി.ഐ.സി.സി. (ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗത്തിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സെക്രട്ടറി തലത്തിലുള്ള പ്രത്യേക സമിതിയും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഏകോപനം ഉറപ്പാക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. മിഷൻ ടീം യോഗവും ആവശ്യമായ നിർദേശങ്ങൾ നൽകുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും ചിലയിടങ്ങളിലെ തെറ്റായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റെസ്റ്റോറേഷന് കൃത്യമായി പണം അടയ്ക്കാതെ റോഡ് കട്ടിംഗിന്റെ അനുമതിക്കുവേണ്ടി പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത് അനുവദിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ ഒരു കട്ടിംഗും പൊതുമരാമത്ത് റോഡിൽ അനുവദിക്കില്ലെന്ന പൊതുനിലപാട് തുടരുകയാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുമായി ചർച്ചകളും യോഗങ്ങളും നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ ശാശ്വത പരിഹാരം നമുക്ക് ആവശ്യമാണ്. ട്രഞ്ച്ലെസ്

ടെക്നോളജി ഇന്ന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. അതിൽ പൊതുമരാമത്ത് വകുപ്പിന് ഉപയോഗപ്പെടുത്താൻ കഴിയുന്നത് ഡക്ടുകളുടെ നിർമ്മാണമാണ്. സംസ്ഥാനത്ത് വീതി വർദ്ധിപ്പിച്ച് ഡിസൈൻഡ് റോഡുകളാക്കി മാറ്റുന്നവയിൽ ഡക്ട്ടുകൾ നിർമ്മിക്കണമെന്ന് തീരുമാനിച്ചിരുന്നു. 37 റോഡുകളിൽ ഡക്ട് നിർമ്മാണം സാധ്യമാക്കിയിട്ടുണ്ട്. ഡക്ട് നിർമ്മിച്ചാൽ അതുവഴി യൂട്ടിലിറ്റികൾ കടത്തിവിടാനാകും. നിരന്തരം റോഡ് കുഴിക്കുകയെന്ന പ്രശ്നവും അതുവഴി പരിഹരിക്കാൻ കഴിയും. റോഡ് വീതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇത്രയും വീതി എന്തിനാണെന്ന് പലരും ചോദിക്കാറുണ്ട്. ഇത്തരം ഡക്ടുകൾ നിർമ്മിക്കാനായാൽ റോഡിന് തന്നെയാണ് ഗുണം ചെയ്യുന്നത്; കൂടുതൽ കാലം റോഡ് നിലനിൽക്കാൻ അത് സഹായിക്കും. നിലവിലുള്ള റോഡുകളോടനുബന്ധിച്ച് പ്രത്യേക യൂട്ടിലിറ്റി കോറിഡോറുകൾ സാധ്യമാക്കാനാകുമോ എന്ന പരിശോധനകൂടി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പൊതുമരാമത്ത് വകുപ്പിന് മാത്രമായി നിർവ്വഹിക്കാൻ കഴിയുന്നതല്ല. മറ്റ് വകുപ്പുകളുമായി ചേർന്ന് ഇത്തരം കാര്യങ്ങൾ സാധ്യമാക്കാനാവശ്യമായ

ശ്രമം നടത്തും. അതോടൊപ്പം യൂട്ടിലിറ്റി ആവശ്യമുള്ള ഏജൻസികൾ ട്രഞ്ച്ലെസ് ടെക്നോളജി ഉപയോഗപ്പെടുത്തിയാൽ റോഡുകൾ തകരുന്നത് ഒഴിവാക്കാൻ കഴിയും. എച്ച്.ഡി.ഡി. (Horizontal Directional Drilling) പോലുള്ളവ കേരളത്തിൽ വ്യാപകമാക്കാൻ ആവശ്യമായ ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പ് നടത്തും. ഇപ്പോൾ ചില യൂട്ടിലിറ്റി ഏജൻസികളും ഇതിന് തയ്യാറാകുന്നുണ്ട്. എച്ച്.ഡി.ഡി. മെത്തേഡിൽ റോഡ് പൂർണ്ണമായും കുഴിക്കേണ്ടിവരില്ല. നിശ്ചിത ഇടവേളകളിൽ കുഴിയെടുത്ത് മണ്ണിനടിയിലൂടെ പൈപ്പുകൾ കടത്തിവിടാനാകും. അതുവഴി ഇപ്പോഴുള്ള നാശനഷ്ടം ഒഴിവാക്കാനും കഴിയും. ഇത് പരിശോധിക്കാൻ യൂട്ടിലിറ്റി ഏജൻസികളുടെ യോഗം വിളിച്ചുചേർക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. (...ബഹളം.....)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, റോഡുകളുടെ സംരക്ഷണത്തിന് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന ശ്രമം ശ്ലാഘനീയവും സ്വാഗതാർഹവുമാണ്. ഗ്രാമീണ മേഖലകളും പട്ടണപ്രദേശങ്ങളും ഒരുപോലെ നേരിടുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. ജനങ്ങളുടെ യാത്രാ പ്രശ്നങ്ങൾ

ഉൾപ്പെടെയുള്ളവയ്ക്ക് പരിഹാരമുണ്ടാക്കണം. അതുകൊണ്ട് റോഡ് റെസ്റ്റോറേഷൻ വർക്ക് പൂർത്തീകരിക്കുന്നതിന് പരാതിരഹിതമായി കാര്യങ്ങൾ നടപ്പാക്കാൻ കഴിയണം. ഈ ആവശ്യം മുൻനിർത്തി പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകൾ യോജിച്ച് ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം കേരളത്തിൽ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഒരു യോഗം നേരത്തെ വിളിച്ചുചേർത്തിരുന്നു. വിവിധ വകുപ്പുകളുമായി ബന്ധപ്പെടുന്ന പ്രശ്നമെന്ന നിലയിൽ ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പുതന്നെ മുൻകൈയെടുക്കാമെന്ന് പ്രത്യേകം അറിയിക്കുന്നു.

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

**12.08 p.m]**

**VIII സബ്മിഷൻ**

(1) <u>വൈപ്പിനിലെ വെള്ളപ്പൊക്ക നിവാരണ നടപടികൾ</u>

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രയാസങ്ങളും സഭയിൽ ഉന്നയിക്കുന്നതിനും പരിഹാരം കാണുന്നതിനുമാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കടലും കായലും അതിരുകൾ പങ്കിടുന്ന ഏഷ്യയിലെ ഏറ്റവും വലിയ ജനസാന്ദ്രതയുള്ള പ്രദേശമാണ് വൈപ്പിൻ. കടലാക്രമണവും വെള്ളപ്പൊക്കവും ജനങ്ങളുടെ ജീവനും നിലനിൽപ്പിനും നിരന്തരം ഭീഷണി ഉയർത്തുകയാണ്. അതുകൊണ്ട് വൈപ്പിൻകര പോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകി പ്രത്യേക പാക്കേജുകൾ നടപ്പാക്കേണ്ടതുണ്ട്. കടലാക്രമണം തടയാനാവശ്യമായ സംരക്ഷണഭിത്തികൾ, പുലിമുട്ടുകൾ എന്നിവ അടിയന്തരമായി നിർമ്മിക്കണം. കായലുകളിലും തോടുകളിലും അടിഞ്ഞുകൂടിക്കിടക്കുന്ന,

പ്രത്യേകിച്ച് പ്രളയാനന്തരം വന്നുചേർന്ന എക്കലും മണലും അടിയന്തരമായി ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യേണ്ടതാണ്. ഇതിലൂടെ കായലുകളുടെയും തോടുകളുടെയും സംഭരണശേഷിയും മത്സ്യസമ്പത്തും വർദ്ധിക്കാനും മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ സുഗമമായി കടന്നുപോകാനും സഹായിക്കും. മത്സ്യത്തൊഴിലാളികളുടെ വരുമാനവും ഇതിലൂടെ വർദ്ധിക്കുന്നതാണ്. പാർശ്വഭിത്തികൾ കെട്ടിയും കായലോര റോഡുകൾ നിർമ്മിച്ചും ആശങ്കകളുടെ മുനമ്പിൽ കഴിയുന്ന വൈപ്പിൻ ജനതയെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരിതങ്ങളിൽനിന്നും കരകയറ്റുന്നതിന് ഇറിഗേഷൻ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ ആവശ്യമായ പദ്ധതികൾ അടിയന്തരമായി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (...ബഹളം.....)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ, എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ എട്ട് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന വൈപ്പിൻ നിയോജകമണ്ഡലം നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ദ്വീപ് പ്രദേശമാണ്.

ഇതിൽ ആദ്യത്തെ ആറു പഞ്ചായത്തുകളിലായാണ് തീരപ്രദേശമുള്ളത്. പ്രസ്തുത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കാറുണ്ട്. വൈപ്പിൻകരയിലെ തോടുകളുടെ സംരക്ഷണത്തിനായി 2019-20 വർഷങ്ങളിൽ എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്), 2022-23 വർഷങ്ങളിൽ 'ഓപ്പറേഷൻ വാഹിനി' പദ്ധതികളിലുൾപ്പെടുത്തി ഡീസിൽറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. വല്ലാർപാടം-പനമ്പുകാട്-കായലോരം ഔട്ടർ ബണ്ടിന്റെയും റിംഗ്റോഡിന്റെയും നിർമ്മാണത്തിനായി 17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ വിഭാഗം ഇതിൽനിന്നും 5.04 കോടിയുടെ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 12.10 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന് അനുയോജ്യമായ രീതിയിൽ ഫൗണ്ടേഷൻ ഡിസൈൻ തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതം, കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ & റിസർച്ച്

ബോർഡ്) തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുള്ളതാണ്. ഈ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന മുളവുകാട് ദ്വീപിലെ ഹോസ്പിറ്റൽ ബോട്ട് ജെട്ടിക്കും പോഞ്ഞിക്കര ബോട്ട് ജെട്ടിക്കുമായി ഒരു കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. എളങ്കുന്നപ്പുഴ പഞ്ചായത്തിലെ വെള്ളക്കെട്ട് ലഘൂകരിക്കുന്നതിനായി ആർ.എം.പി. തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും ആഴം വർദ്ധിപ്പിക്കുന്നതിനുമായി 19.50 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കടലാക്രമണ ഭീഷണിയും വെള്ളപ്പൊക്ക ഭീഷണിയും നേരിടുന്ന വൈപ്പിൻ മണ്ഡലത്തിൽ പരിഹാരമായി നടത്തി വരുന്നതും ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ താഴെപ്പറയുന്നു:

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഭരണാനുമതിയോടുകൂടി തീരശോഷണം തടയുന്നതിനായി എടവനക്കാട്, കുഴിപ്പള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിലായി 65.53 ലക്ഷം രൂപയുടെ പദ്ധതികൾ ഷോർട്ട് ടെൻഡർ ചെയ്തിട്ടുണ്ട്. തീരശോഷണം തടയുന്നതിനായി മൺസൂൺ മുന്നൊരുക്കത്തിൽ ഉൾപ്പെടുത്തി എടവനക്കാട്, പള്ളിപ്പുറം

പഞ്ചായത്തുകളിൽ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 10.31 ലക്ഷം രൂപയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ തീരശോഷണം തടയുന്നതിന്റെ ഭാഗമായി എടവനക്കാട്, പള്ളിപ്പുറം, ഞാറക്കൽ പഞ്ചായത്തുകളിൽ 33.28 ലക്ഷം രൂപയുടെ താൽക്കാലിക സംരക്ഷണഭിത്തി നിർമ്മാണം പുരോഗമിച്ചുവരികയാണ്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ നദികളിലേയും തോടുകളിലേയും തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി നായരമ്പലം പഞ്ചായത്തിൽ 14 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ മേഖലയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് മോഡൽ പഠനം നടത്തുകയും അനുയോജ്യമായ ഡിസൈൻ ലഭ്യമാക്കുന്നതിനായി വിശദമായ റിപ്പോർട്ടും അനുബന്ധ രേഖകളും എൻ.സി.സി.ആർ. (നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്)-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. (...ബഹളം.....)

(2) <u>അഴീക്കലിൽ പുതിയ ബോട്ടുകൾ അനുവദിക്കൽ</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, കണ്ണൂർ ജില്ലയിലെ ജലഗതാഗത വകുപ്പിന് കീഴിലുള്ള രണ്ട് പ്രധാനപ്പെട്ട ബോട്ട് സർവ്വീസുകളാണ് അഴീക്കൽ-മാട്ടൂൽ ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ എന്നിവ. സാമ്പത്തികമായി നല്ല ലാഭമുള്ള ഈ സർവ്വീസ് ഒരുപാട് ജനങ്ങൾ ആശ്രയിക്കുന്നതാണ്. തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിലേയ്ക്കും അഴീക്കലിലുള്ളവർക്ക് മാട്ടൂൽ-പഴയങ്ങാടി ഭാഗങ്ങളിലേയ്ക്കും മാട്ടൂൽ ഭാഗങ്ങളിലുള്ളവർക്ക് കണ്ണൂരിലേയ്ക്കും പോകാനും ഈ രണ്ട് പ്രധാനപ്പെട്ട ബോട്ട് സർവ്വീസുകളെയാണ് ആശ്രയിക്കുന്നത്. രണ്ട് സർവ്വീസ് ബോട്ടുകളും കാലപ്പഴക്കം ചെന്നവയാണെന്നാണ് പ്രധാനമായും ഉയർന്നുവന്നിരിക്കുന്ന ആക്ഷേപം. അതിനാൽ പഴകിയ ബോട്ടുകൾ മാറ്റി ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കണ്ണൂർ-അഴീക്കൽ-മാട്ടൂൽ ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ എന്നീ റൂട്ടുകളിൽ ജലഗതാഗത വകുപ്പിന്റെ രണ്ട്

ബോട്ടുകളാണ് സർവ്വീസ് നടത്തിയിരുന്നത്. ഈ രണ്ട് ബോട്ടുകളും അപകടാവസ്ഥയിലായതിനാൽ മേജർ റിപ്പയറിംഗിനുവേണ്ടി കയറ്റിയിരിക്കുകയാണ്. അതിലൊരു ബോട്ടിന്റെ റിപ്പയറിംഗ് പൂർത്തിയായതിനാൽ അഴീക്കൽ-മാട്ടൂൽ ഫെറി സർവ്വീസ് ഉടൻ പുനരാരംഭിക്കും. ഡീസൽ ബോട്ടുകൾക്ക് പകരം സോളാർ ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ ജലഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് നിർമ്മിച്ചുവരുന്ന സോളാർ ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അതിൽ ആദ്യം നിർമ്മാണം പൂർത്തിയാക്കുന്ന സോളാർ ബോട്ട് പറശ്ശിനി സ്റ്റേഷനിലേയ്ക്ക് നൽകുന്നതാണ്. റിപ്പയർ ചെയ്തുകൊണ്ടിരിക്കുന്ന രണ്ടാമത്തെ ബോട്ടും ഉടൻ സർവ്വീസ് പുനരാരംഭിക്കും. കൂടുതൽ സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിനനുസരിച്ച് ഡീസൽ ബോട്ടുകൾ റീപ്ലേസ് ചെയ്യുന്നതാണ്.

**(...ബഹളം.....)**

**(3) <u>അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി</u>**

**<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:** സർ, കാസർഗോഡ് ജില്ലയിലെ എന്റെ നിയോജകമണ്ഡലമായ കാഞ്ഞങ്ങാടിൽപ്പെട്ട ചിത്താരി കടപ്പുറം ഉൾപ്പെടുന്ന

അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി ഇതിനുവേണ്ടി നടന്നുകൊണ്ടിരിക്കുന്ന ഗവേഷണവും പരിശോധനയുമെല്ലാം പൂർത്തിയായതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ മത്സ്യബന്ധന തുറമുഖത്തിന് ഇതുവരെ അനുമതി നൽകിയിട്ടില്ല. അജാനൂർ കടപ്പുറത്തെ മത്സ്യത്തൊഴിലാളികൾ ഈ പദ്ധതി അനുവദിച്ചു കിട്ടാത്തതുകാരണം ഏറെ ആശങ്കയിലും പ്രതിഷേധത്തിലുമാണ്. മത്സ്യബന്ധനത്തിനുപോയ തൊഴിലാളികളുടെ വള്ളം മറിഞ്ഞ് വള്ളവും വലയും നഷ്ടപ്പെടുകയും മാരകമായി പരിക്കേൽക്കുകയും ചെയ്ത സംഭവങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 28-05-2024-ന് മത്സ്യബന്ധനത്തിന് പോയ വള്ളം മറിഞ്ഞ് വലയും മറ്റും നശിച്ചെങ്കിലും തൊഴിലാളികൾ അത്ഭുതകരമായി രക്ഷപ്പെട്ടു. മത്സ്യബന്ധനത്തിനിറങ്ങുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും വലിയ പ്രയാസത്തിലാണ്. മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ

പരിശോധനകളും പൂർത്തീകരിച്ച ഘട്ടത്തിൽ എത്രയുംവേഗം തുറമുഖം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 30-03-2013-ന് 53 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പൂനെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തി നവംബർ 2016-ന് ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കി. അതനുസരിച്ച് 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി, പി.എം.എം.എസ്.വൈ. (പ്രധാൻമന്ത്രി മത്സ്യ സമ്പദ യോജന) പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. (...ബഹളം.....) 26-03-2022, 27-03-2022

തീയതികളിൽ ചേർന്ന കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ. സ്ക്രൂട്ടിണി കമ്മിറ്റിയും പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റിയും പദ്ധതി രൂപരേഖ പരിഗണിക്കുകയും ഫിഷിംഗ് ഹാർബറിന്റെ ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിനും ബ്രേക്ക് വാട്ടർ ക്രോസ് സെക്ഷൻ ഡ്രോയിംഗ് അന്തിമമാക്കുന്നതിന് flume studies നടത്തുന്നതിനും മാതൃകാ പഠനം നടത്തി ചിത്താരി പുഴയിലെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമാക്കുന്നതിനും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും നിർദേശിച്ചു. അതനുസരിച്ച് മാതൃകാ പഠനം നടത്തുന്നതിന് CWPRS-നെ ചുമതലപ്പെടുത്തിയിരുന്നു. ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിനുള്ള സ്റ്റഡി റിപ്പോർട്ട് ജൂലൈ 2022-ലും flume study റിപ്പോർട്ട് 2023-ലും CWPRS-ൽ നിന്നും ലഭിച്ചു. റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ പഠന റിപ്പോർട്ട് കൂടി ലഭിക്കാനുണ്ട്. അതോടൊപ്പംതന്നെ സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത

പഠനം നടത്തുന്നതിന് M/s. Ultratech Private Limited എന്ന സ്ഥാപനത്തെയും സി.ആർ.ഇസഡ്. സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), തിരുവനന്തപുരം എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തുകയും ആയത് പുരോഗമിക്കുകയും ചെയ്യുന്നു. പൂനെ CWPRS-ൽ നേരിൽ ചെന്ന് റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ റിപ്പോർട്ട് കൂടി CWPRS-ൽ നിന്നും ലഭ്യമാകുന്നതോടെ പദ്ധതി രൂപരേഖ പുതുക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. പദ്ധതിക്ക് സി.ആർ.ഇസഡ്. ക്ലിയറൻസും കേന്ദ്രസർക്കാരിന്റെ അനുമതിയും ലഭിക്കുന്ന മുറയ്ക്ക് അജാനൂർ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

## (4) ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ നിലവിലുള്ള രീതിയനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് എട്ട്, ഒൻപത് ക്ലാസുകളിലെ വിദ്യാർത്ഥികളെയും ഹയർ സെക്കൻഡറി ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർത്ഥികളെയും ഡിഗ്രി വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി വിദ്യാർത്ഥികളെയുമാണ് സ്ക്രൈബായി അനുവദിക്കുന്നത്. എന്നാൽ ഹയർ സെക്കൻഡറി, ഡിഗ്രി പരീക്ഷകൾ ഒരേ സമയത്തായതിനാൽ പ്ലസ് ടു വിദ്യാർത്ഥികളെ സ്ക്രൈബായി വിട്ടുനൽകുന്നതിന് അദ്ധ്യാപകരും രക്ഷിതാക്കളും സമ്മതം നൽകാറില്ല. അതിനാൽ ഭിന്നശേഷിക്കാരായ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി വിദ്യാർത്ഥികളെയും ഡിഗ്രി രണ്ട്, മൂന്ന് വർഷ വിദ്യാർത്ഥികൾക്ക് ഡിഗ്രി ഒന്ന്, രണ്ട് വർഷ വിദ്യാർത്ഥികളെയും യഥാക്രമം അനുവദിക്കുന്നതിനും സ്ക്രൈബിനെ നിയോഗിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

നൽകുന്നതിനും തീരുമാനമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. (...ബഹളം.....)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായിയായി തൊട്ടുതാഴെ ക്ലാസുകളിലുള്ള വിദ്യാർത്ഥിയോ പ്ലസ് ടു വിദ്യാർത്ഥിയോ വേണമെന്ന് സർവകലാശാലകൾ നിഷ്കർഷിച്ചിട്ടില്ല. സ്ക്രൈബിന്റെ സഹായം ആവശ്യപ്പെടുന്ന വിദ്യാർത്ഥിയേക്കാൾ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ സ്ക്രൈബായി പരിഗണിക്കുന്ന രീതിയാണ് നിലവിൽ സർവകലാശാലകൾ സ്വീകരിച്ചുവരുന്നത്. സർവകലാശാലകൾ നടത്തുന്ന പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിക്കാനുള്ള അധികാരം പരീക്ഷാ മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് പരീക്ഷാ കൺട്രോളർ, വകുപ്പ് മേധാവി, പ്രിൻസിപ്പാൾ, ചീഫ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥരാണ് നിലവിൽ സ്ക്രൈബിനെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ കുട്ടികൾക്ക് സ്ക്രൈബിന്റെ സഹായം ബുദ്ധിമുട്ടില്ലാതെ കണ്ടെത്താവുന്നതാണ്. ആവശ്യം വരുന്നപക്ഷം സ്ക്രൈബിനെ

നിയോഗിക്കുന്നതിന്റെ ഉത്തരവാദിത്വം അദ്ധ്യാപകർക്ക് നൽകുന്ന വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സർവകലാശാലകളെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(5) പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: സർ, എന്റെ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂളിനെയാണ് പുതുക്കോട്, കണ്ണമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. ഈ സ്കൂൾ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് തത്വത്തിൽ ഏറ്റെടുക്കുകയും കെട്ടിടത്തിന്റെ കാലപ്പഴക്കവും ശോച്യാവസ്ഥയും പരിഗണിച്ചുകൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കാൻ 2021-22 ബഡ്ജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ സ്കൂൾ ഏറ്റെടുക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജികൾ നിലനിൽക്കുന്നതിനാൽ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അദ്ധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പി.ടി.എ.-യുടെയും

സഹായത്തോടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ താൽക്കാലികമായി നടത്തിയാണ് നിലവിൽ ക്ലാസുകൾ നടത്തുന്നത്. അതിനാൽ ഹൈക്കോടതിയുടെ സ്റ്റേ നീക്കംചെയ്യുന്നതിന് അടിയന്തരമായി ഇടപെട്ട് സ്കൂൾ ഏറ്റെടുത്ത് കെട്ടിട നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. (...ബഹളം.....)

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2015 സെപ്റ്റംബർ 15-ലെ സർക്കാർ ഉത്തരവ് പ്രകാരം കോടതിയിൽ കേസില്ലാത്തപക്ഷം പാലക്കാട് ജില്ലയിലെ പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ സ്ഥിരമായി സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു. 2021 ഫെബ്രുവരി 17-ലെ സർക്കാർ ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്കൂൾ സ്ഥിരമായി ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്ന സ്കൂളുകളുടെ കൂട്ടത്തിൽ സർവജന ഹയർ സെക്കൻഡറി സ്കൂളിനെ കൂടി ഉൾപ്പെടുത്തുകയും 2021-22-ലെ ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തു. എന്നാൽ സ്കൂൾ ഏറ്റെടുക്കുന്ന

നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് നടുവിൽ മഠം ഗ്രൂപ്പ് ഓഫ് ടെമ്പിൾ ട്രസ്റ്റി അംഗമായ നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസ് പരിഗണിക്കവെ സർവജന ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി നിർത്തിവയ്ക്കാൻ ബഹുമാനപ്പെട്ട കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ സ്കൂൾ ഏറ്റെടുക്കുന്നതിനോ സ്കൂളിന്റെ പ്രവർത്തനത്തിനായി തുക വിനിയോഗിക്കുന്നതിനോ സർക്കാരിന് സാധിക്കുന്നില്ല. യാതൊരുവിധ ഗ്രാന്റും ലഭ്യമാകാത്ത സാഹചര്യത്തിൽ കെട്ടിടം പുതുക്കിപ്പണിയുന്നതിനോ കൂടുതൽ മെച്ചപ്പെടുത്തുന്നതിനോ കഴിയുന്നുമില്ല. അദ്ധ്യാപക-അനദ്ധ്യാപകരുടെയും പി.ടി.എ.-യുടെയും സഹായത്തോടെയാണ് സ്കൂളിന്റെ പ്രവർത്തനം നിലവിൽ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമവിധിന്യായം വരുന്നതുവരെ സ്കൂളിന്റെ പ്രവർത്തനം തടസ്സം കൂടാതെ കൊണ്ടുപോകുന്നതിനും സ്കൂൾ ഏറ്റെടുക്കുന്നതുസംബന്ധിച്ചും ബന്ധപ്പെട്ട എല്ലാവരുമായി ഉടനടി ഒരു ചർച്ച നടത്താനുദ്ദേശിക്കുന്നു.

## (6) കാസർഗോഡ് വീരമലക്കുന്നിന്റെ സംരക്ഷണം

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ നാഷണൽ ഹൈവേ 66-നോട് ചേർന്നുകിടക്കുന്നതും കാസർഗോഡ് ജില്ലയിലെ ടൂറിസം ഭൂപടത്തിൽ ഏറെ ശ്രദ്ധ നേടിയതും നേരത്തേതന്നെ ടൂറിസം വകുപ്പിന്റെ പരിഗണനയിൽപ്പെട്ടതുമായ പ്രദേശമാണ് ചെറുവത്തൂർ വീരമലക്കുന്ന്. ചരിത്ര സ്മൃതികൾ ഇരമ്പുന്ന തേജസ്വിനി പുഴയുടെ ഓരം ചേർന്ന് നിൽക്കുന്ന അതിമനോഹരമായ കുന്നിന്റെ താഴ്വാരത്തിലൂടെയാണ് നാഷണൽ ഹൈവേ 66 കടന്നുപോകുന്നത്. റോഡിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ അശാസ്ത്രീയത കാരണം കുന്നിന്റെ വലിയൊരു ഭാഗം തകർന്ന് പ്രകൃതിക്ക് കോട്ടം തട്ടിയിരിക്കുകയാണ്. ഈ വിഷയം യഥാസമയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും കുന്ന് സംരക്ഷണത്തിന് ചില നടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിലും ഈ പ്രവൃത്തി അപര്യാപ്തമായിരിക്കുകയാണ്. പ്രവൃത്തിക്കിടയിൽ കുന്ന് വീണ്ടും ഇടിയുന്ന സംഭവവികാസമുണ്ടാകുകയും ചെയ്തു. ഉരുൾപൊട്ടൽ സംജാതമാകുന്ന നിലയിൽ മഴവെള്ളവും ചെളിയും

റോഡിലേയ്ക്കും സമീപത്തുള്ള നെൽവയലിലേയ്ക്കും അനിയന്ത്രിതമായി കുത്തിയൊലിച്ചതുമൂലം പ്രദേശവാസികൾ വലിയ ഉത്കണ്ഠയിലാണ്. മണ്ണിടിച്ചിൽ നാഷണൽ ഹൈവേയ്ക്കുതന്നെ ഭാവിയിൽ ഭീഷണിയായി മാറും. കുന്നിന്റെ അരികിനെ പൂർണ്ണമായും സംരക്ഷിക്കുന്ന രീതിയിലുള്ള റീട്ടെയ്നിംഗ് വാൾ നിർമ്മിച്ചാൽ മാത്രമേ വീരമലക്കുന്നിനെയും നാഷണൽ ഹൈവേയെയും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ശാശ്വതമായ സംരക്ഷണ പ്രവൃത്തികൾ നടത്താൻ അടിയന്തരനടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച ചർച്ച നടത്തുന്നതിനായി ജനപ്രതിനിധികളെയും ജില്ലാ ഭരണകൂടത്തെയും നാഷണൽ ഹൈവേ അധികൃതരെയും പങ്കെടുപ്പിച്ച് പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്നും ആവശ്യപ്പെടുന്നു. (...ബഹളം.....)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയിൽ ദേശീയ പാത 66-ന്റെ നിർമ്മാണ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുകയാണ്. അതിന്റെ ഭാഗമായി

കഴിഞ്ഞ വർഷം കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിൽ കനത്ത മണ്ണിടിച്ചിൽ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ വീരമലക്കുന്ന് സംരക്ഷിക്കുന്നതിന് പദ്ധതിയുണ്ടാകണമെന്ന് ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകിയിരുന്നു. അതിന്റെ ഭാഗമായി 450 മീറ്റർ നീളത്തിൽ റീട്ടെയ്നിംഗ് വാൾ നിർമ്മിക്കുന്നുണ്ടെന്നും ഇതിൽ 400 മീറ്റർ പൂർത്തിയായതായും ബാക്കി 50 മീറ്റർകൂടി എത്രയും വേഗം പൂർത്തീകരിക്കുമെന്നും എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ) ഉറപ്പ് നൽകിയിട്ടുണ്ട്. സംരക്ഷണ ഭിത്തി പൂർത്തിയായതിനുശേഷം slope protection with soil nailing പ്രവൃത്തികൂടി അവിടെ നടപ്പിലാക്കുന്നതാണ്. ഭാവിയിലും മണ്ണൊലിപ്പ് തടയാൻ ഇത് സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്ന് മാസം കൊണ്ട് ആ പ്രവൃത്തി പൂർത്തീകരിക്കാമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്.

(നോട്ടീസ് നൽകിയ സർവ്വശ്രീ ചാണ്ടി ഉമ്മൻ, കുറുക്കോളി മൊയ്തീൻ, പി. സി. വിഷ്ണുനാഥ്, പി. അബ്ദുൽ ഹമീദ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

**12.26 p.m]**

**VIII റിപ്പോർട്ടുകളുടെ സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. മുരളി പെരുനെല്ലി: സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അംഗമായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി II-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ

ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി III-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി IV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

7. സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ

അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 8. സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (**ശ്രീ. കെ. എൻ. ബാലഗോപാൽ**): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 9. സബ്ജക്ട് കമ്മിറ്റി IX-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (**ശ്രീ. എം. ബി. രാജേഷ്**): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 10. സബ്ജക്ട് കമ്മിറ്റി X-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടും വനമേഖലയിലെ ഇക്കോടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടും ചട്ടം 235 (i) (iii) പ്രകാരം വനമേഖലയിലെ ഇക്കോടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമർപ്പിക്കുന്നു.

## 11. സബ്ജക്ട് കമ്മിറ്റി XI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക

വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

12. സബ്ജക്ട് കമ്മിറ്റി XII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

13. സബ്ജക്ട് കമ്മിറ്റി XIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 14. സബ്ജക്ട് കമ്മിറ്റി XIV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12.31 p.m]

**IX നിയമനിർമ്മാണകാര്യം**

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ
### (ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

### ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, “ സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം

ഭേദഗതി) ബിൽ എന്നിവ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ

കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു. (...ബഹളം.....)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഇല്ല.

<u>മി. സ്പീക്കർ</u>: 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) <u>2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) : സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) : സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു.)

**അനുബന്ധം**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**നിപ പ്രതിരോധ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം**

5 (*5) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) നിപ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഗവേഷണ കേന്ദ്രത്തെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിക്കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) 2023 സെപ്റ്റംബറിൽ നിപ ബാധയുണ്ടായ സമയത്തുതന്നെ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റേസിലിയൻസ് സംസ്ഥാനത്ത് ആരംഭിക്കുന്ന വിഷയം ഗൗരവമായി പരിശോധിക്കുകയും തുടർന്ന് 31-01-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2024/എച്ച്. & എഫ്.ഡബ്ല്യു.ഡി. പ്രകാരം പ്രസ്തുത സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതുസംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ അഡീഷണൽ പ്രൊഫസർ ഡോക്ടർ ടി. എസ്. അനീഷിനെ അദ്ദേഹത്തിന്റെ നിലവിലെ ചുമതലകൾക്കുപുറമെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തെ ആഗോള തലത്തിൽത്തന്നെ പ്രാധാന്യമുള്ള ഒരു പഠന-ഗവേഷണ-സാമൂഹിക സ്ഥാപനമായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാൽ അതിന്റെ രൂപകല്പന, പ്രവർത്തനരീതികൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ തുടങ്ങിയവ വിശദമാക്കിക്കൊണ്ട്

ഒരു ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ധരുടെ സേവനം ആവശ്യമായുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വേഗത്തിൽ നടന്നുവരുന്നു. നിപ രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ അത് വളരെ നേരത്തെ കണ്ടെത്തുകയും ലഭ്യമായ ഏറ്റവും മെച്ചപ്പെട്ട ചികിത്സ നൽകി അണുബാധയുണ്ടായവരെ രക്ഷിക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം നിലവിൽ നമുക്കുണ്ട്. 2023-ൽ നിപ അണുബാധയുണ്ടായ ആറുപേരിൽ നാലുപേരുടെയും ജീവൻ രക്ഷിക്കാൻ നമുക്കായി. നാളെ ഒരു മഹാമാരിയാകാൻപോലും സാധ്യത കല്പിക്കുന്ന ഒരു രോഗമാണ് നിപ എന്നതിനാൽ അണുബാധ കൂടുതൽ ആളുകളിലെത്തുന്നത് തടയുക, രോഗം കണ്ടെത്താനുള്ള സംവിധാനങ്ങളൊരുക്കുകയും അത് എത്രയും നേരത്തെ കണ്ടെത്തുകയും ചെയ്യുക, രോഗികൾക്ക് ലഭ്യമായ മികച്ച ചികിത്സ നൽകി കഴിയുന്നത്ര ആളുകളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വളരെ വലിയ പ്രാധാന്യമുണ്ട്. ഇതിനകം രോഗത്തെ അതിജീവിച്ചവരുടെ രക്തത്തിൽനിന്നും പ്രതിരോധകോശങ്ങൾ

വേർതിരിച്ചെടുത്ത് മോണോക്ലോണൽ ആന്റിബോഡികൾ ഉൽപാദിപ്പിക്കുന്ന പ്രക്രിയയും ആരംഭിക്കാൻ 2023-ൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാളെ മറ്റൊരു പ്രദേശത്ത് നിപ പടർന്ന് പിടിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെയുൾപ്പെടെ ജീവൻ രക്ഷിക്കുന്നതിനും തദ്ദേശീയമായി വികസിപ്പിക്കുന്ന മോണോക്ലോണൽ ആന്റിബോഡികൾക്ക് കഴിയും. നിപ അനുഭവങ്ങളുള്ള ഒരു പ്രദേശമെന്ന നിലയിൽ ആഗോളതലത്തിൽത്തന്നെ നമ്മുടെ കടമ നിറവേറ്റുന്നതിന്റെ ഭാഗംകൂടിയായാണ് ഈ ഗവേഷണ സ്ഥാപനത്തെ കാണുന്നത്. നിപ മാത്രമല്ല അതീവ പ്രഹരശേഷിയും അതീവ വ്യാപന ശക്തിയുമുള്ള ഹൈ ത്രെട്ട് പകർച്ചവ്യാധികളായ പക്ഷിപ്പനി, കുരങ്ങുപനി തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. നിപയുടെ പശ്ചാത്തലത്തിലാണ് രൂപപ്പെടുന്നതെങ്കിലും വലിയ മരണനിരക്കും അവശതകളുമുണ്ടാക്കാൻ കഴിയുന്ന മഹാമാരികളാകാൻ സാധ്യത കല്പിക്കുന്ന എല്ലാ രോഗങ്ങളെയും ഏകാരോഗ്യ സമീപനത്തോടെ പഠിക്കുകയും പ്രതിരോധ മാർഗങ്ങൾ ആരായുകയും അവ നടപ്പിലാക്കാൻ സർക്കാരിന് മാർഗനിർദേശം

നൽകുകയും ചെയ്യുകയെന്നതാണ് കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റേസിലിയൻസിന്റെ ലക്ഷ്യം.

(സി) ആരോഗ്യരംഗത്തെ ഏതെങ്കിലും ദേശീയ, അന്തർദേശീയ ഏജൻസികളുമായി സഹകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ സഹകരണം, ഗവേഷണം, പൊതുജന ബോധവൽക്കരണം എന്നിവ ഉൾക്കൊള്ളിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ ടി സ്ഥാപനം രാജ്യത്തെ ഐ.സി.എം.ആർ., എൻ.സി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങളുമായും സംസ്ഥാനത്തിനുള്ളിൽത്തന്നെ ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംവിധാനങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കില തുടങ്ങിയവയോട് ചേർന്ന് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ആവശ്യമായ നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിക്കൊണ്ട് രാജ്യത്തിന് പുറത്തുള്ള ഗവേഷണ

സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ നടന്ന നിപ പ്രതിരോധ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്ന പഠനങ്ങൾക്ക് ഇതോടൊപ്പം ഇതിനകംതന്നെ തുടക്കം കുറിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിൽ നിപയുണ്ടാക്കുന്ന സാഹചര്യങ്ങളെപ്പറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി ചേർന്നും വവ്വാലുകളുടെ സ്വഭാവ വ്യതിയാനങ്ങളെപ്പറ്റി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജിയുമായി ചേർന്നും പഠനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം നിപ ബാധയുണ്ടായ ഇടങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തെ പറ്റിയുള്ള പഠനങ്ങളും നടന്നുവരുന്നു. കേരളത്തിൽ എമ്പാടും വവ്വാലുകളിൽ നിപ വൈറസിനെ കണ്ടെത്തപ്പെടുന്ന സാഹചര്യമുള്ളതിനാൽ സംസ്ഥാന വ്യാപകമായി ഈ രോഗത്തിന് പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ള ഒരു പാർട്ടിസിപ്പേറ്ററി ആക്ഷൻ റിസർച്ചിനുള്ള ഫണ്ടിംഗ് അപേക്ഷ ഐ.സി.എം.ആർ.-ന് സമർപ്പിച്ചിട്ടുണ്ട്. നിപ ബാധയ്ക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളെയും

സമൂഹങ്ങളെയും കണ്ടെത്തി അണുബാധയ്ക്കെതിരെ സാമൂഹികമായ പ്രതിരോധം ഉയർത്തുകയെന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

(ഡി) നിർദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിപയ്ക്കുവേണ്ടിയുള്ള വൺ ഹെൽത്ത് സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. എന്നാൽ മെഡിക്കൽ കോളേജിലുള്ള സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ടും രോഗത്തിന്റെ എപ്പിഡെമിയോളജിക്കലായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടും കോഴിക്കോട് ജില്ലയിൽത്തന്നെ ഈ സ്ഥാപനം നിലനിർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആകയാൽ ഇക്കാര്യമെല്ലാം പരിഗണിച്ച് ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

6 (*6) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഭവനരഹിതരായ അർഹരായ എല്ലാ കുടുംബങ്ങൾക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ പദ്ധതി പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ലൈഫ് മിഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

വിവിധ കേന്ദ്ര/സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി കരാറിലേർപ്പെട്ട് നിർമ്മാണം

പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന 54116 വീടുകൾ പൂർത്തീകരിക്കാത്തതായി കണ്ടെത്തുകയുണ്ടായി. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിക്കപ്പെടാതെ അവശേഷിച്ചിരുന്ന ഈ വീടുകളിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കി. ഇത്തരത്തിലുള്ള 52680 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവരും സി.ആർ. ഇസഡ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ

പരിധിയിൽവരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടി ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

2017-ൽ തയ്യാറാക്കിയ ലൈഫ് ലിസ്റ്റിലുൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ മുഖേന 2019-ൽ തയ്യാറാക്കി ലൈഫ് മിഷന് കൈമാറുകയും ലൈഫ് അർഹതാ മാനദണ്ഡപ്രകാരം പരിശോധിച്ച് പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്നുള്ള ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

2017-ൽ ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2020-ൽ ലൈഫ്

2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൽ 920260 അപേക്ഷകൾ ലഭിച്ചു. ഈ അപേക്ഷകൾ ലൈഫ് മാനദണ്ഡപ്രകാരം പരിശോധനയും പുനഃപരിശോധനയും ഗ്രാമസഭ/വാർഡ്സഭ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ അന്തിമമാക്കുകയുണ്ടായി. ഇപ്രകാരം തയ്യാറാക്കിയ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അതിദരിദ്ര നിർമാർജന പദ്ധതിയുടെ (ഇ.പി.ഇ.പി.) പട്ടികയിലുൾപ്പെട്ടവരിൽ ഭൂമിയും വീടുമില്ലാത്തവർക്ക് ഭൂമി കണ്ടെത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31-05-2024 വരെ

507058 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 404278 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 102780 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവന സമുച്ചയങ്ങളുടെയും പാർട്ണർഷിപ്പിലൂടെ 3 ഭവന സമുച്ചയങ്ങളുടേയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച 4 ഭവനസമുച്ചയങ്ങളുടെയും (കണ്ണൂർ - കടമ്പൂർ, ഇടുക്കി-കരിമണ്ണൂർ, കോട്ടയം-വിജയപുരം, കൊല്ലം-പുനലൂർ) പാർട്ണർഷിപ്പിലൂടെ രണ്ട് ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു. ഇവയ്ക്കുപുറമെ 3 ഭവന സമുച്ചയങ്ങൾ (തിരുവനന്തപുരം-വെങ്ങാനൂർ, എറണാകുളം-കീഴ്മാട്, എറണാകുളം-അങ്കമാലി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഒരു ഭവനസമുച്ചയം (തിരുവനന്തപുരം നഗരസഭയിൽ) സ്പോൺസർഷിപ്പിലൂടെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭവനം

ഫൗണ്ടേഷൻ അടിമാലിയിൽ നിർമ്മാണം പൂർത്തീകരിച്ച 217 യൂണിറ്റുകളുള്ള ഭവനസമുച്ചയം ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങി ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട് ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും അങ്കണവാടിയുമുൾപ്പെടുന്ന ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 24.99 കോടി രൂപയുടെ ഭരണാനുമതിയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

ഭൂരഹിതരുടെ പുനരധിവാസത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയതിനാൽ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിതർക്കുകൂടി ലൈഫ് മിഷനുമായി ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് സമ്മതം അറിയിച്ചിട്ടുണ്ട്. ഇതിൽ ഇ.പി.ഇ.പി.

ഗുണഭോക്താക്കൾക്ക് പരിഗണന നൽകി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 2024 മേയ് മാസം വരെ 3156.739 സെന്റ് (31.56739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1689.815 സെന്റ് (16.89815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭൂമി ആർജ്ജിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയുടെ ജനകീയത സുമനസ്സുകളേയും സംഘടനകളേയും ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിന് പ്രേരിപ്പിക്കുന്നുണ്ട്. തൽഫലമായി മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ ലഭിച്ച ഭൂമിയിൽ 100 വീടുകൾ സൗജന്യമായി നിർമ്മിച്ച് നൽകുന്നതിന് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ എന്ന സംഘടന താൽപര്യം അറിയിക്കുകയും അതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിന്റെ ഫലമായി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തും കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) ലൈഫ് പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകിവരുന്ന വിഹിതം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകിവരുന്ന വിഹിതം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയുടെ ചെലവിലേക്കായി ഏതെങ്കിലും സ്ഥാപനങ്ങളിൽനിന്നും വായ്പകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വായ്പാ തിരിച്ചടവ് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് ഭവന പദ്ധതിയുടെ നിർവഹണത്തിനായി എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ഹഡ്കോ എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുണ്ട്. 2018-19-ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും സംസ്ഥാന സർക്കാർ ബ്രിഡ്ജ് ലോണായെടുത്ത 425 കോടി രൂപയുടെ ബാധ്യത സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്നു. ടി തുക സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽനിന്നും പലിശ സഹിതം പൂർണ്ണമായും തിരിച്ചടച്ചു. ഹഡ്കോ വായ്പാതിരിച്ചടവ് കാലയളവ് 15 വർഷമാണ്. ഹഡ്കോയിൽനിന്ന് കെ.യു.ആർ.ഡി.എഫ്.സി. മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വായ്പയുടെ മുതൽ തിരിച്ചടവ് സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽനിന്ന് ആനുപാതികമായി കുറവുചെയ്ത് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് നല്കുകയാണ് ചെയ്യുന്നത്. വായ്പയുടെ നിലവിലെ പലിശ നിരക്ക് 8.75 ശതമാനമാണ്. പലിശ തുക ഒരു സാമ്പത്തിക വർഷം 4 ഗഡുക്കളായി ഹഡ്കോയ്ക്ക് നല്കുന്നു. സർക്കാർ ഗാരന്റിയുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് ഹഡ്കോയിൽനിന്നും വായ്പ അനുദിച്ചിട്ടുള്ളത്. വായ്പയുടെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും ആനുപാതികമായി ഉറവിടത്തിൽവച്ചുതന്നെ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് നൽകേണ്ട ബാധ്യതയും ടി വായ്പയുടെ പലിശയുടെ ബാധ്യതയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

(ഇ) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

29-07-2020-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 112/2020/ത.സ്വ.ഭ.വ. പ്രകാരം മാർഗരേഖ നിലവിലുണ്ട്.

**അർഹതാ മാനദണ്ഡങ്ങൾ**

(എ) ഭൂമിയുള്ള ഭവനരഹിതർ

1. ഒരേ റേഷൻ കാർഡിലുൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. ആ റേഷൻ കാർഡിലുൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരുമാകണം. (പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

2. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടിക വർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവകൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങളെന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡംകൂടി പരിഗണിക്കും.

സ്വന്തമായി ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമിയുള്ളവർ.

ക്ലേശഘടകങ്ങൾ (മുൻഗണനാ മാനദണ്ഡങ്ങൾ)

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, അന്ധരോ, ശാരീരിക തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങളുള്ള കുടുംബങ്ങൾ

2. അഗതി/ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3. 40 ശതമാനത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരക രോഗമുള്ള (കാൻസർ/ഹൃദ്രോഗം/കിഡ്നി തകരാർമൂലം ഡയാലിസിസിന് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ

6.അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ

9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

**നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി**

7(*7) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിലെ നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) മഴക്കാല പൂർവ്വ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിച്ച വീഴ്ചയാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് കരുതുന്നുണ്ടോ?

(എ&ബി) അപ്രതീക്ഷിതമായ അതിതീവ്ര വേനൽ മഴയാണ് വെള്ളക്കെട്ട് രൂക്ഷമായതിന്റെ പ്രാഥമിക കാരണമായി വിലയിരുത്തുന്നത്. ജലാശയങ്ങളിലേക്ക് വെള്ളം ഒഴുകിയെത്തുന്നതിനുള്ള മാർഗങ്ങളിലൂടെ കടന്നുപോകാൻ കഴിയാത്തത്ര ജലമെത്തിച്ചേർന്നു. മൺസൂൺ കാലത്ത്

ഉണ്ടാകുന്നതുപോലെയുള്ള മഴ മൺസൂൺ എത്തുന്നതിനുമുമ്പായി ലഭിച്ചു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 16-03-2024-ലെ WM3/66/2024-എൽ.എസ്.ജി.ഡി. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മഴക്കാല ശുചീകരണവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം നടക്കാത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പരിശോധിച്ച ഡാറ്റ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസ്സുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് തൊഴിലുറപ്പുമായി ബന്ധപ്പെടുത്തി ജലാശയങ്ങളുടെ ശുചീകരണം, ജലാശയങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, ജലസ്രോതസുകളിലേക്ക് തുറന്നിട്ടുള്ള മലിനജല കുഴലുകൾ കണ്ടെത്തി അവ അടയ്ക്കുന്നതിനും മലിനജലം പുറത്തേയ്ക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളെയും വീടുകളെയും കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും ശുചീകരണവുമായി ബന്ധപ്പെട്ട ചെറിയ പ്രവൃത്തികളിൽ പൊതുമരാമത്ത് പണിയുടെ ഭാഗമായി ഉൾപ്പെടുത്താൻ

കഴിയുന്നവ അങ്ങനെ ഉൾപ്പെടുത്തുകയും ആസ്തികൾ ജിയോടാഗ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഊർജ്ജിതമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും സമയബന്ധിതമായി വൃത്തിയാക്കാത്തതും തോടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കാരണം ഒഴുക്ക് തടസപ്പെട്ട് വെള്ളക്കെട്ട് രൂക്ഷമായതെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും സമയബന്ധിതമായി വൃത്തിയാക്കാത്തതും തോടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതും മാത്രമാണ് വെള്ളക്കെട്ട് രൂക്ഷമായതെന്ന് കരുതുന്നില്ല. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി എല്ലാ വകുപ്പുകളുടേയും മിഷനുകളുടേയും ഏകോപനത്തിൽ ചെയ്യുന്നതിന് 16-03-2024-ലെ WM3/66/2024-എൽ.എസ്.ജി.ഡി. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനായി മലിനമായി കിടക്കുന്ന നീർച്ചാലുകൾ/തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യം പൊതു നിരത്തുകളിൽ ഉപേക്ഷിക്കാതിരിക്കുന്നതിലേക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും വാതിൽപ്പടി ശേഖരണം ശക്തിപ്പെടുത്തിയിട്ടുള്ളതും പൊതുനിരത്തുകളിൽ വേസ്റ്റ് കളക്ഷൻ ബിന്നുകൾ സ്ഥാപിച്ച് കൃത്യമായ ഇടവേളകളിൽ മാലിന്യ നീക്കം നടത്തിവരുന്നതുമാണ്.

എല്ലാ വാർഡുകളിലേയും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമികമായി വിലയിരുത്തി കൃത്യമായ കർമ്മപദ്ധതി തയ്യാറാക്കുക, ശുചിത്വ മാപ്പിംഗ് ചെയ്യൽ കൂടാതെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 വീടുകളുൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ മാലിന്യക്കൂനകൾ, വെള്ളക്കെട്ടുകൾ ഇവ കണ്ടെത്തി ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസ്സുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്രമസമാധാനപരിപാലനത്തിന് പോലീസ് നടത്തിവരുന്ന പ്രവർത്തനങ്ങൾ**

8(*8) ശ്രീ. എം. വിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനത്തിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിന്റെ നേട്ടങ്ങളെ അസ്ഥിരപ്പെടുത്തുന്നതിനായി നടത്തിവരുന്ന വ്യാജ പ്രചാരണങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. എല്ലാത്തരം വ്യാജ പ്രചാരണങ്ങളും കേരള പോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം നിരീക്ഷിക്കുകയും സാമൂഹ്യസൗഹാർദ്ദം തകർക്കുന്ന തരത്തിലോ ക്രമസമാധാനത്തിന് ഭംഗംവരുത്തുന്ന തരത്തിലോ വ്യാജപ്രചാരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഗുണ്ടാരാജാണെന്നുള്ള പ്രതീതി വരുത്താൻ നടത്തുന്ന ശ്രമങ്ങൾ പോലീസ് സേനയുടെ ആത്മവീര്യം തകർക്കാനും അതുവഴി സംസ്ഥാനത്തെ സമാധാന അന്തരീക്ഷത്തിന് ഭംഗം വരുത്താനുമുള്ള ബോധപൂർവമായ ശ്രമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. നവമാധ്യമങ്ങളിലൂടെ പോലീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള വ്യാജ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനെതിരെ പോലീസിന്റെ സോഷ്യൽ മീഡിയ പേജുകൾ

മുഖേന നിജസ്ഥിതി വിശദീകരിച്ച് വാർത്തകൾ നൽകുകയും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽകരണം നൽകുകയും ചെയ്തുവരുന്നു.

(സി) കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരെയും മയക്കുമരുന്ന് ഇടപാടുകാരെയും കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വ്യാപകമായി ഡി ഹണ്ട്, ആഗ് ഓപ്പറേഷനുകൾ വഴി പോലീസ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് സമാധാനപരമായ ജീവിതം ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും നിരോധിത മയക്കുമരുന്നുകളുടെ സംഭരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും പിടികൂടാനായി കേരള പോലീസ് ഓപ്പറേഷൻ ഡി ഹണ്ട്, ഓപ്പറേഷൻ ആഗ് എന്നീ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സ്വതന്ത്ര ജീവിതത്തിനും തടസ്സംനിൽക്കുന്ന കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണ്ടകളെയും

മയക്കുമരുന്ന് മാഫിയകളെയും മറ്റ് സാമൂഹിക വിരുദ്ധരെയും തുറുങ്കിലടയ്ക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് വ്യാപകമായ സ്വീകാര്യതയാണ് ലഭിച്ചത്. ഇതിന്റെ ഭാഗമായി നിരവധി ഗുണ്ടകൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടിയെടുക്കുന്നുണ്ട്. കൂടാതെ ക്രിമിനലുകളുടെ കേസുകളുടെ വിവരങ്ങൾ നിരന്തരം ശേഖരിച്ചും അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചും ടിയാൻമാരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ഓപ്പറേഷൻ ഡി ഹണ്ട്, ഓപ്പറേഷൻ ആഗ് എന്ന പേരിൽ 15-05-2024 മുതൽ 24-05-2024 വരെ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുതിയ ചുവടുവയ്പ്പുകൾ**

9 (*9) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ചുവടുവയ്പ്പുകളും പഠിക്കുന്നതിനും

മാതൃകയാക്കുന്നതിനുമായി കർണാടകയിലെ ഉന്നതതല സംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ?

കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും മനസ്സിലാക്കുന്നതിന് അഞ്ചാം കർണാടക ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. പി. നാരായണസ്വാമിയുടെ നേതൃത്വത്തിലുള്ള സംഘം 2024 മേയ് മാസം സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉന്നതതല സംഘവുമായി വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ചർച്ചയുടെ വിശദാംശം നൽകാമോ?

പ്രസ്തുത ഉന്നതതല സംഘവുമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മന്ത്രി വിശദീകരിക്കുകയും അധികാര വികേന്ദ്രീകരണത്തിൽ കേരളത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് സംഘം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുവിതരണം, തദ്ദേശസ്വയംഭരണം, തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ ഒട്ടേറെ മാതൃകകൾ കർണാടകം

പകർത്തിയിട്ടുള്ള അനുഭവങ്ങളും ചർച്ച ചെയ്യപ്പെട്ടു. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുവാൻ കേരളവും കർണാടകവും ഇതര സംസ്ഥാനങ്ങളും യോജിച്ച പ്രവർത്തനം നടത്തണമെന്നും കർണാടക ധനകാര്യ കമ്മീഷൻ അംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ, വികേന്ദ്രീകൃതാസൂത്രണം, അവ കേരളത്തിൽ നടപ്പിലാക്കുന്ന രീതി, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടു.

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ നിയമങ്ങളും നിബന്ധനകളുംമൂലം തദ്ദേശസ്ഥാപനങ്ങളുടെ വികസന പദ്ധതികളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പ്രസ്തുത ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ വിവിധ നയങ്ങൾമൂലം കർണാടകയും പരാധീനതകൾ അനുഭവിക്കുന്നുണ്ടെന്ന് സംഘം അറിയിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് കർണാടകയ്ക്ക് അനുവദിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ അധിക നിബന്ധനകൾപ്രകാരം തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും സംഘം

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരുകൾക്കുമേൽ സാമ്പത്തിക നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ കേരളവും കർണാടകയും നടത്തിയ ജനകീയ സമരങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായി. സാമ്പത്തിക വിവേചനത്തിനെതിരെ കേരളം സുപ്രീം കോടതിയിൽ നടത്തിയ നിയമപോരാട്ടത്തിന്റെ ഗുണം കർണാടകയ്ക്കും ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും സംഘം പ്രത്യാശ പ്രകടിപ്പിച്ചു.

(ഡി) സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളാണ് കർണാടകയിൽ മാതൃകാപദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് പ്രസ്തുത സംഘം അറിയിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് സംസ്ഥാനവുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ സംവിധാനം മികവുറ്റതാണെന്നും കേരളത്തിലെ ആസൂത്രണ സംവിധാനം സംബന്ധിച്ച് കൂടുതൽ പഠിക്കാനുണ്ടെന്നും സംഘം അറിയിച്ചിട്ടുണ്ട്. കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്-വെയർ കർണാടകയിൽ

നടപ്പാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനുമായി കർണാടക സർക്കാർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്.

**അന്തർസംസ്ഥാന അവയവ മാഫിയയ്ക്കെതിരെ നടപടി**

10 (*10) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തരതലത്തിൽ പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഇതുസംബന്ധിച്ച് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IPC & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ

അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലൻകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ ബ്ലൂ കോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ പാലക്കാടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) അന്തർസംസ്ഥാന ബന്ധങ്ങളുള്ള അവയവ മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേസന്വേഷണത്തിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ശസ്ത്രക്രിയാ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ നടപടി

11 (*11) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നാലുവയസ്സുകാരിയുടെ കയ്യിൽ ശസ്ത്രകിയ ചെയ്യുന്നതിനുപകരം നാവിൽ ശസ്ത്രക്രിയ നടത്തിയതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ഒരന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി 20-05-2024-ൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.എം.സി.എച്ച്. സൂപ്രണ്ട്, പീഡിയാട്രിക് സർജറി വിഭാഗം വകുപ്പ് മേധാവി, യൂണിറ്റ് 3-ലെ ഡോക്ടർമാർ, ഓപ്പറേഷൻ തീയേറ്ററിൽ 16-05-2024-ന്

ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരിൽനിന്നും അന്വേഷണ കമ്മിറ്റി മൊഴിയെടുക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തിരുന്നു. കുട്ടിയുടെ രക്ഷിതാവിനെ ശനിയാഴ്ച 18-05-2024-ന് വൈകിട്ട് 4 മണിക്ക് മൊബൈൽ നമ്പറിൽ ബന്ധപ്പെട്ട് 20-05-2024-ന് അന്വേഷണ സമിതിക്ക് മുമ്പാകെ ഹാജരാകണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും പോലീസിന് മൊഴി നൽകിയതുകൊണ്ട് ഡിപ്പാർട്ട്മെന്റുതല അന്വേഷണത്തിന് വരില്ലെന്ന് അറിയിച്ചിരുന്നു. സൂപ്രണ്ട് നൽകിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട്, ഒ.പി. ടിക്കറ്റ്, 16-05-2024-ലെ പീഡിയാട്രിക് സർജറിയിലെ ഓപ്പറേഷൻ ലിസ്റ്റ്, യൂണിറ്റ് ചീഫിന്റെ കൈവശമുള്ള ഓപ്പറേഷൻ തീയതി രേഖപ്പെടുത്തിയ ഡയറി, നഴ്സസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചു. മൈനർ കേസ് ആയതുകൊണ്ട് അനസ്തേഷ്യ വിഭാഗത്തിലെ ആരുംതന്നെ ഈ കുട്ടിയുടെ സർജറിയിൽ ഇടപെട്ടിട്ടില്ല. അന്വേഷണ കമ്മിറ്റി കണ്ടെത്തിയ തെളിവുകളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ സർജറിയിൽ പിഴവ് വരുത്തിയ ഡോ. ബിജോൺ ജോൺസനെ അന്നേ ദിവസംതന്നെ

സർവീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലുള്ള മറ്റ് കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശസ്ത്രക്രിയ ചെയ്യുന്നതിൽ പിഴവ് വരുത്തിയ ഡോക്ടർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പിഴവ് വരുത്തിയ ഡോക്ടറെ അന്നേ ദിവസംതന്നെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആരോഗ്യരംഗത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളത്തിൽ തുടർച്ചയായി ഇത്തരം ചികിത്സാ പിഴവുകൾ സംഭവിക്കുന്നുവെന്നത് ഗൗരവമായി പരിശോധിക്കുമോ;

(ഡി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്നത് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) ഇത്തരം ഒറ്റപ്പെട്ട ചികിത്സാ പിഴവുകൾ അതീവ ഗൗരവതരമായി കാണുന്നു. ആയതിനാൽ ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് ഡബ്ല്യൂ.എച്ച്.ഒ. നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും

മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ഡബ്ല്യൂ.എച്ച്.ഒ. മാർഗനിർദേശങ്ങളിലെ ചുവടെപ്പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

1. ഡബ്ല്യൂ.എച്ച്.ഒ. മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക.

2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനുമുമ്പായി കുറഞ്ഞത് രണ്ടുതവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം.

3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.

4. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.

5. എല്ലാ ഉപകരണങ്ങളും, സർജറിക്ക് വേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്കുമുമ്പ് ഉറപ്പുവരുത്തണം.

6. ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

**കാപ്പ നിയമം ഫലപ്രദമാക്കാൻ നടപടി**

12 (*12) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധരുടെയും അതിക്രമങ്ങൾ രൂക്ഷമായ സാഹചര്യത്തിൽ കേരള പോലീസിന്റെ കാപ്പ സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിൽ ചില മാധ്യമ പ്രചാരണങ്ങൾ ബോധപൂർവം ചിലർ സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാപ്പ ചുമത്തി നാടുകടത്തിയ ഗുണ്ടകളെ നിരീക്ഷിക്കുവാനും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാപ്പ ചുമത്തി നാടുകടത്തപ്പെടുന്ന പ്രതി ആ കാലയളവിൽ താമസിക്കുന്ന സ്ഥലത്തിന്റെ അഡ്രസ്സ് ശേഖരിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ച് നിരീക്ഷിച്ചുവരുന്നു. ഇതോടൊപ്പം ഇവരുടെ സഞ്ചലനവും നിരീക്ഷിച്ചുവരുന്നുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഫീൽഡ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി കാപ്പ ചുമത്തി നാടുകടത്തിയ ഗുണ്ടകളെ നിരീക്ഷിക്കുകയും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇത് ലംഘിക്കുന്നവരെ കണ്ടെത്തിയാൽ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് കാപ്പ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുജന സമാധാനം തകർക്കുന്ന പ്രതിയുടെ മുൻകാല കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങളും വ്യക്തി വിവരങ്ങളും ഫിംഗർ പ്രിന്റ്, ഫോട്ടോ, ഫോൺ നമ്പർ എന്നിവയും ശേഖരിച്ച് ടിയാനെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടാലുടൻ കാപ്പ നിയമത്തിലെ ഉചിതമായ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർ ശിപാർശകൾ നൽകിവരുന്നു. കൂടാതെ ഇവർക്കെതിരെ CrPC നിയമത്തിലെ 107, 109, 110 വകുപ്പുകൾ പ്രകാരം റിപ്പോർട്ട് തയ്യാറാക്കി സമാധാനത്തിനുള്ള ബോണ്ട് വയ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് സ്ഥിരമായി നിരീക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. ജില്ലാ പോലീസ് മേധാവിമാർ സമർപ്പിക്കുന്ന ശിപാർശകളിന്മേൽ അധികാരപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർ സഞ്ചലന നിയന്ത്രണ നടപടികളും അതത് ജില്ലാ കളക്ടർമാർ കരുതൽ തടങ്കൽ നടപടികളും സ്വീകരിക്കുന്നു. കാപ്പ നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം

നിക്ഷിപ്തമായിട്ടുള്ള മറ്റ് തുടർനടപടി സർക്കാരും സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

**മാനസികാരോഗ്യ പരിചരണ അതോറിറ്റി**

13 (*13) ശ്രീമതി ശാന്തകുമാരി കെ.:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാനസികാരോഗ്യ കേന്ദ്രങ്ങളുടെയും ചികിത്സകരുടെയും രജിസ്ട്രേഷൻ നിയന്ത്രിക്കുന്നതിനും മാനസികാരോഗ്യ പരിചരണ അതോറിറ്റിക്കുവേണ്ടി മെന്റൽ ഹെൽത്ത് കെയർ ചട്ടം തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

2017-ലെ മാനസികാരോഗ്യ പരിപാലന നിയമം പ്രകാരം രൂപീകരിച്ച കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ

സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചുവരുന്നു. മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, ആഭ്യന്തരവകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ് എന്നിവയുടെ പ്രതിനിധികൾ, കൂടാതെ മാനസികാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർ, സൈക്യാട്രിസ്റ്റ്, മെന്റൽ ഹെൽത്ത് നഴ്സ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മാനസികാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ, മാനസികരോഗികൾ/മാനസികരോഗമുക്തർ എന്നിവരെ പ്രതിനിധീകരിക്കുന്നവർ എന്നിവർ അംഗങ്ങളാണ്. മേൽ വകുപ്പുകളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് മാനസികാരോഗ്യ പരിപാലന മേഖലയിൽ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. സംസ്ഥാനത്തെ മാനസികാരോഗ്യ സ്ഥാപനങ്ങളുടെയും ചികിത്സകരുടെയും രജിസ്ട്രേഷൻ അനുവദിക്കുന്നതിന് 26-03-2023-ലെ സ.ഉ.(പി) 24/2023/H&FWD ഉത്തരവ് പ്രകാരം മെന്റൽ ഹെൽത്ത് കെയർ (കേരള

സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി) റൂൾസ്, 2023, എന്ന ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 502/2023 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) മാനസികാരോഗ്യ പരിചരണ അതോറിറ്റിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

സംസ്ഥാന അതോറിറ്റിയിൽ താഴെപ്പറയുന്ന ചെയർപേഴ്സണും അംഗങ്ങളും ഉൾപ്പെടുന്നു.

(എ) ആരോഗ്യവകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി - ചെയർപേഴ്സൺ (എക്സ്-ഒഫീഷ്യോ)

(ബി) മാനസികാരോഗ്യത്തിന്റെ ചുമതലയുള്ള ആരോഗ്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി - എക്സ്-ഒഫീഷ്യോ അംഗം

(സി) ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് അല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ-എക്സ്-ഒഫീഷ്യോ അംഗം

(ഡി) സാമൂഹ്യനീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറി- എക്സ്-ഒഫീഷ്യോ അംഗം

(ഇ) ബന്ധപ്പെട്ട സംസ്ഥാന സർക്കാർ മന്ത്രാലയങ്ങളിൽനിന്നോ വകുപ്പുകളിൽനിന്നോ ഉള്ള മറ്റ് എക്സ്-ഒഫീഷ്യോ പ്രതിനിധികൾ

1. അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്.

2. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

3. ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

(എഫ്) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന സംസ്ഥാനത്തെ ഏതെങ്കിലും മാനസിക ആശുപത്രിയുടെ തലവൻ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം തലവൻ- അംഗം

(ജി) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന സർക്കാർ സർവീസിലല്ലാത്ത ഒരു പ്രമുഖ സൈക്യാട്രിസ്റ്റ് - അംഗം

(എച്ച്) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന കുറഞ്ഞത് പതിനഞ്ച് വർഷത്തെ സേവന പരിചയമുള്ള ആയുർവ്വേദം, ഹോമിയോ, യുനാനി, സിദ്ധ എന്നീ വിഭാഗത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരു മാനസികാരോഗ്യ വിദഗ്ധൻ - അംഗം

(ഐ) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസികാരോഗ്യ പരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ - അംഗം

(ജെ) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസികാരോഗ്യ പരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് - അംഗം

(കെ) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസികാരോഗ്യ പരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു മെന്റൽ ഹെൽത്ത് നഴ്സ് - അംഗം

(എൽ) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസികരോഗമുള്ള/മാനസിക രോഗമുക്തർ ആയവരെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ - അംഗം

(എം) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസിക രോഗമുള്ളവർക്ക് പരിചരണം നൽകുന്നവരെ പ്രതിനിധീകരിക്കുന്ന

അല്ലെങ്കിൽ പരിചരണം നൽകുന്ന സംഘടനയെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ - അംഗം

(എൻ) സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്യുന്ന മാനസിക രോഗമുള്ളവർക്ക് സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സംഘടനകളെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ-അംഗം

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു:

1. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുൾപ്പെടാത്ത സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്ത് പരിപാലിക്കുകയും ആയതിന്റെ വിശദാംശങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

2. സംസ്ഥാനത്തെ വിവിധ തരത്തിലുള്ള മാനസികാരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരവും സേവന നിലവാരവും മെച്ചപ്പെടുത്തുക.

3. സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ സ്ഥാപനങ്ങളുടെയും മേൽനോട്ടം വഹിക്കുകയും ഇവ നൽകുന്ന സേവനങ്ങളുടെ പോരായ്മകളെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കുകയും ചെയ്യുക.

4. മാനസികാരോഗ്യ പ്രൊഫഷണലുകളായി പ്രവർത്തിക്കുന്നതിന് യോഗ്യതയുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മെന്റൽ ഹെൽത്ത് നഴ്സുമാർ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ എന്നിവരെ രജിസ്റ്റർ ചെയ്ത് അവരുടെ ലിസ്റ്റ് സ്റ്റേറ്റ് അതോറിറ്റിയുടെ നിയമാവലിക്കനുസൃതമായി പ്രസിദ്ധീകരിക്കുക.

5. നിയമ നിർവഹണ ഉദ്യോഗസ്ഥർ, മാനസികാരോഗ്യ വിദഗ്ധർ, മറ്റ് ആരോഗ്യ വിദഗ്ധർ എന്നിവരുൾപ്പെടെ ബന്ധപ്പെട്ട വ്യക്തികൾക്ക് 2017-ലെ മാനസികാരോഗ്യ പരിപാലന നിയമത്തിന്റെ വ്യവസ്ഥകളെക്കുറിച്ചും നടപ്പാക്കലിനെക്കുറിച്ചും പരിശീലനം നൽകുക.

6. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ നിർവഹിക്കുക.

(സി) മാനസിക പ്രശ്നങ്ങൾ നേരിടുന്നവരുടെ അവകാശലംഘനത്തിൽ നടപടിയെടുക്കുന്നതിന് നിയമപാലകർ, മാനസികാരോഗ്യ വിദഗ്ധർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കാവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മാനസിക പ്രശ്നങ്ങൾ നേരിടുന്നവരുടെ അവകാശലംഘനത്തിൽ നടപടിയെടുക്കുന്നതിന് നിയമപാലകർ, മാനസികാരോഗ്യ വിദഗ്ധർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കാവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കൊച്ചി ജലമെട്രോ പദ്ധതി**

14 (*14) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോ അത്യാധുനികവും പരിസ്ഥിതി സൗഹൃദവുമായ ജലഗതാഗത ശൃംഖലയായി വികസിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കൊച്ചി ജലമെട്രോയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ഉണ്ട്. പരിസ്ഥിതി സൗഹൃദ ജലഗതാഗത സംവിധാനമെന്ന നിലയിൽ ദേശീയ-അന്തർദേശീയ തലത്തിൽ സ്വീകാര്യത ലഭിച്ച പദ്ധതിയാണ് കൊച്ചി ജലമെട്രോ. എറണാകുളം ജില്ലയിലെ വിവിധ ദ്വീപുകളുമായി ബന്ധിപ്പിച്ച് ഗതാഗത സൗകര്യവും ടൂറിസവും മെച്ചപ്പെടുത്തുന്ന ഈ

പദ്ധതിയിൽ 38 ടെർമിനലുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 10 ടെർമിനലുകൾ നിലവിൽ പ്രവർത്തിച്ചുവരികയാണ്. 4 ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 24 ടെർമിനലുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഏതെല്ലാം റൂട്ടുകളിൽ എത്ര ബോട്ടുകൾ വീതം സർവീസുകൾ നടത്തിക്കൊണ്ടാണ് കൊച്ചി ജലമെട്രോ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഹൈക്കോർട്ട് - വൈപ്പിൻ, വൈറ്റില-കാക്കനാട് എന്നീ 2 റൂട്ടുകളിലായി ഹൈക്കോർട്ട്, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നീ 4 ടെർമിനലുകളെ ബന്ധിപ്പിച്ചുകൊണ്ട് 2023 ഏപ്രിൽ 7-ന് കൊച്ചി ജലമെട്രോ പ്രവർത്തനം ആരംഭിച്ചു.

(സി) കൊച്ചി ജലമെട്രോയെക്കുറിച്ച് പഠിക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിനുമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം ആളുകളെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇന്ത്യയിലെ 10 പ്രധാന നഗരങ്ങളിൽ വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയും

മുംബൈ നഗരത്തിൽ മുംബൈ പോർട്ട് അതോറിറ്റിയും കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്.

(ഡി) പ്രതിദിനം എത്ര സർവീസുകൾ നടത്താൻ സാധിക്കുന്നുണ്ടെന്നും കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

5 റൂട്ടുകളിലായി ശരാശരി 30 മിനിറ്റ് ഇടവേളകളിൽ 14 ബോട്ടുകളുപയോഗിച്ച് 150 ട്രിപ്പുകൾ പ്രതിദിനം സർവീസ് നടത്തിവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കിയ 23 ബോട്ടുകളിൽ ബാക്കിയുള്ള 9 ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. ബോട്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് കൂടുതൽ സർവീസുകൾ നടത്താൻ കഴിയും.

**നെല്ല് സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടി**

15 (*15) ശ്രീ. മാണി സി. കാപ്പൻ
ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി. ജെ. ജോസഫ്

<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം ഈ വർഷവും പൂർണ്ണമായും മുടങ്ങിയതിനാൽ ആയത് പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നെല്ലുസംഭരണ കാര്യത്തിൽ യാതൊരു മുടക്കവുമുണ്ടായിട്ടില്ല. എല്ലാവർഷവും ഒന്നാം വിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർ മാസം മുതലാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. 2023-24 സീസണിലും സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈകോ ചെയ്തിരുന്നു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താല്പര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താല്പര്യപത്രം പത്രമാധ്യമങ്ങൾവഴി പുറപ്പെടുവിച്ചു. നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ സൈറ്റ് (www.supplycopaddy.in)

കർഷകർക്കായി 2023 ആഗസ്റ്റ് ഒന്നുമുതൽ തുറന്നുകൊടുത്തു. 2023-24 സീസണിലെ നെല്ല് സംഭരിക്കുന്നതിന് 59 മില്ലുകളുമായി സപ്ലൈകോ കരാറിലേർപ്പെട്ട് നെല്ല് സംഭരിച്ചുവരുന്നു. 2023-24 ഒന്നാംവിള സീസണിൽ ആകെ 61,519 കർഷകരിൽനിന്ന് 1,54,170.354 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 2023-24 രണ്ടാം വിള സീസണിൽ ആകെ 1,35,860 കർഷകരിൽനിന്ന് 3,98,508.855 മെട്രിക് ടൺ നെല്ല് സംഭരിച്ചു. രണ്ടുംചേർത്ത് 1,97,379 കർഷകരിൽനിന്നായി 5,52,679.209 മെട്രിക് ടൺ നെല്ല് ഇതിനോടകം സംഭരിച്ചുകഴിഞ്ഞു. ഇപ്രകാരം നിലവിൽ 2023-24 സീസണിലെ നെല്ല് സംഭരണം തടസ്സമില്ലാതെ പുരോഗമിച്ചുവരുന്നു.

(ബി) കർഷകർക്ക് അനുവദനീയമായ ഇളവ് നൽകി നെല്ല് എത്രയുംവേഗം സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോയുടെ കർഷക രജിസ്ട്രേഷൻ പോർട്ടലിൽ നിബന്ധനകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരിൽനിന്നും കർഷക ഗ്രൂപ്പിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ 85-90% നെല്ല് സംഭരണം പൂർത്തിയായിട്ടുണ്ട്.

(സി) മഴയും പ്രതികൂല കാലാവസ്ഥയും കാരണം കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശത്തെ നെൽകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

2023-24 സീസണിൽ കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശത്തെ നെൽ കർഷകരിൽനിന്ന് 90% നെല്ലും സപ്ലൈകോ സംഭരിച്ച് കഴിഞ്ഞു. നിലവിൽ പരാതിരഹിതമായി നെല്ല് സംഭരണം പുരോഗമിക്കുന്നുണ്ട്.

**ഹരിത കേരള മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

16 (*16) ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകേരള മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗതീരുമാനപ്രകാരമാണ് ഈ ലാബ് സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുന്നത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 43 ലാബുകൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 234 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 294 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. സംസ്ഥാനത്തെ സ്കൂളുകളിൽ മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ

പ്രവർത്തനങ്ങളുൾപ്പെടുത്തി ഹരിതചട്ടം പാലിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഇടപെടലുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ പരിശോധനകൾ നടത്തി ഹരിതചട്ടം പാലനത്തിനായി ചെയ്യാവുന്ന കാര്യങ്ങൾ സംബന്ധിച്ച് നിർദേശങ്ങൾ നൽകുകയും അതിനാവശ്യമായ പിന്തുണ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത വിദ്യാലയങ്ങളിൽ പരിശോധന നടത്തി 4198 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജൈവ വൈവിധ്യത്തിന്റെ ചെറു പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുകയെന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ

സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പിലാക്കുന്നത്. മറ്റ് സ്ഥലങ്ങളോടൊപ്പം സംസ്ഥാനത്തെ 457 സ്കൂളുകളിലെ 67.69 ഏക്കർ സ്ഥലത്ത് ഇത്തരത്തിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് ജൈവവൈവിധ്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഈ പച്ചത്തുരുത്തുകൾ ഉപകരിക്കുന്നുണ്ട്.

മൂന്നാറിലും പരിസര പ്രദേശങ്ങളിലും സന്ദർശകരായെത്തുന്ന വിദ്യാർഥികൾക്ക് ഈ പ്രദേശത്തെ ജൈവവൈവിധ്യത്തിന്റെ സവിശേഷതകളെക്കുറിച്ച് അനുഭവാധിഷ്ഠിതമായ അറിവുപകരുകയെന്ന ലക്ഷ്യത്തിൽ ഒരു ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അടിമാലി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹൈസ്കൂളിലാണ് 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. 2023 സെപ്റ്റംബറിലാണ് ഈ കേന്ദ്രം പ്രവർത്തനമാരംഭിച്ചത്.

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിത ചട്ട പരിപാലനത്തിനായി ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ജൈവ, അജൈവ ആരോഗ്യത്തിന് ഹാനികരമാകുന്ന മാലിന്യങ്ങളുടെ അളവ് കുറച്ച് ഹരിതചട്ടം പാലിക്കുക, ഹരിതചട്ടം നടപ്പിലാക്കാൻ നോഡൽ ഓഫീസറെ നിയമിക്കുക, ജൈവ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള പ്രത്യേക ബിന്നുകൾ സ്ഥാപിക്കുക, ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കുക, അജൈവ പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുക, ഇ-മാലിന്യം, ഉപയോഗശൂന്യമായ ഫർണിച്ചറുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ നീക്കംചെയ്യുക, ദ്രവമാലിന്യ സംസ്കരണത്തിന് സംവിധാനങ്ങളൊരുക്കുക, ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കുക, പൊതു ശുചിത്വ നിലവാരമുറപ്പാക്കുക, മഴവെള്ള സംഭരണം, ജലസംരക്ഷണ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുക, ഹരിത വിദ്യാലയ നിർദേശക ബോർഡുകൾ സ്ഥാപിക്കുക, ജൈവവൈവിധ്യ പ്രവർത്തനങ്ങളേറ്റെടുക്കുക,

എന്നിവയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിതചട്ട പരിപാലനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ.

(സി) ഹരിത ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിലൂടെ ഹരിത സർട്ടിഫിക്കറ്റിന് അനർഹമായ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും ഹരിതചട്ടം പാലിക്കുന്ന രീതിയിലേക്ക് മാറണമെന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഇത്തരത്തിൽ ഹരിതചട്ടം പാലിക്കുന്നതിനായി സ്വീകരിക്കേണ്ടുന്ന നടപടി സംബന്ധിച്ച് വ്യാപകമായ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഇതിന് തുടർച്ചയായി ഹരിതചട്ട പാലനം സംബന്ധിച്ച് സംസ്ഥാനത്തെ 14096 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസ് കോംപ്ലക്സുകൾ, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സ്ഥാപനങ്ങളെയാണ് ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയത്. ഇതിൽ ഹരിതചട്ടം കർശനമായി പാലിക്കുന്ന 9210 സ്ഥാപനങ്ങൾ ഹരിതസർട്ടിഫിക്കറ്റിന് അർഹമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലും ജല-ഊർജ്ജ സംരക്ഷണത്തിലും വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിലുൾക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള സംസ്ഥാനത്തെ 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽപ്പെട്ട വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിവരുന്നു. ഇത്തരത്തിൽ പ്രവർത്തനമേറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ 'അംഗൻജ്യോതി' പദ്ധതിയിൽപ്പെടുത്തി ഊർജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദിനമായ ജൂൺ 5-ന് സ്കൂളുകളിൽ പ്രതിജ്ഞ ചൊല്ലൽ, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണ പ്രഭാഷണങ്ങൾ, ക്ലാസുകൾ മുതലായവ സംഘടിപ്പിക്കുക എന്നിവയ്ക്ക് ഹരിതകേരളം മിഷൻ ആവശ്യമായ പിന്തുണ

നൽകിവരുന്നു. അടിമാലിയിൽ ഹരിതകേരളം മിഷൻ സ്ഥാപിച്ചിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ കമ്മ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായി കുട്ടികളിൽ ജൈവ വൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായും എല്ലാ വേനലവധികളിലും കുട്ടികൾക്കായി പരിസ്ഥിതി ക്യാമ്പുകൾ, പഠനോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 2024 മേയ് 26, 27, 28 തീയതികളിൽ നടത്തിയ ക്യാമ്പിൽ 59 കുട്ടികൾ പങ്കെടുത്തു. ഈ പഠനോത്സവത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ജൈവ വൈവിധ്യ വിജ്ഞാനവുമായി ബന്ധപ്പെട്ട് മെഗാ ക്വിസ് സംഘടിപ്പിച്ചു. ഇതിൽ വിജയിച്ച 631 കുട്ടികൾ ജില്ലാതല മത്സരത്തിൽ പങ്കെടുത്തു. അതിൽനിന്നും തിരഞ്ഞെടുത്ത 59 കുട്ടികളാണ് നീലക്കുറിഞ്ഞി പഠനോത്സവ ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിൽ പങ്കെടുത്ത 59 കുട്ടികളെയും സംസ്ഥാന തലത്തിലുള്ള ഹരിതകേരളം 'ഗ്രീൻ അംബാസിഡർ'-മാരായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് നിരന്തരമായ പരിശീലനം നൽകുകയും അവരുടെ ജില്ലകളിലെ കുട്ടികളുടെ

ജൈവവൈവിധ്യ പരിപാലന പ്രവർത്തനങ്ങൾക്ക് ഇവർ നേതൃത്വം നൽകുകയും ചെയ്യും.

**പറമ്പിക്കുളം-ആളിയാർ നദീതട കരാർ**

17 (*17) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ (പി.എ.പി.) നദീതട കരാർ അനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട ജലവിഹിതം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1- ജൂൺ 30) മണക്കടവ് വിയറൽ പ്രളയജലം ഒഴികെ കേരളത്തിന് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും

സെപ്റ്റംബർ 2-നും ജനുവരി 31-നും ഇടയിലുള്ള കാലയളവിൽ കേരള ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണനിരപ്പിന് 5 അടിയിൽ താഴാതെ നിർത്തേണ്ടതുമാണ്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. പറമ്പിക്കുളം ഗ്രൂപ്പ് അണക്കെട്ടുകളിലും ലോവർ നീരാറിലുംകൂടി പ്രതിവർഷം 16.5 ടി.എം.സി.-യിൽ (ബാഷ്പീകരണം ഒഴികെ) കൂടുതലായി നീരൊഴുക്ക് ലഭിക്കുന്ന വർഷങ്ങളിൽ ആദ്യത്തെ 2.5 ടി.എം.സി. വരെയുള്ള ജലവിഹിതം പാലക്കാട് ചിറ്റൂർപ്പുഴയിൽ കൃഷി ആവശ്യത്തിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2.5 ടി.എം.സി.-യിൽ അധികംവരുന്ന ജലം ചാലക്കുടിപ്പുഴയിലൂടെ കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ വൻനീരൊഴുക്കുള്ള ചുരുക്കം ചില വർഷങ്ങളിൽ മാത്രമാണ് ഇവിടത്തെ നീരൊഴുക്ക് 16.5 ടി.എം.സി.-ക്ക് മുകളിൽ ലഭ്യമായിട്ടുള്ളത്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ജലം ഇടമലയാർ ജലസംഭരണിയിൽ ശേഖരിക്കാവുന്നതാണ്.

(ബി) പ്രസ്തുത കരാർപ്രകാരം രൂപീകരിച്ച സംയുക്ത ജല ക്രമീകരണ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി സംയുക്ത ജലക്രമീകരണ ബോർഡിൽ കേരളത്തിലെ ഉദ്യോഗസ്ഥർ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. സംയുക്ത ജലക്രമീകരണ ബോർഡിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും ഇടപെടലുകൾ നടത്തുന്നുണ്ട്. കൂടാതെ തീരുമാനങ്ങൾക്ക് വിരുദ്ധമായി തമിഴ്നാട് പ്രവർത്തിക്കുന്ന അവസരങ്ങളിലും ഇടപെടുന്നുണ്ട്.

(സി) പദ്ധതി പ്രദേശത്തെ സ്ഥിതിഗതികൾ കൃത്യമായി വിലയിരുത്തുന്നതിനും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ആവശ്യമായ സന്ദർഭങ്ങളിലെല്ലാം പ്രസ്തുത ബോർഡ് യോഗം ചേരാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരാറിന്റെ ഷെഡ്യൂൾ V-ൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം ആവശ്യമായ ഘട്ടങ്ങളിൽ എല്ലാം സംയുക്ത ജലക്രമീകരണ ബോർഡ് മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ഒന്നിടവിട്ട വർഷങ്ങളിൽ സംയുക്ത

ജലക്രമീകരണ ബോർഡിന്റെ ചെയർമാൻ സ്ഥാനം തമിഴ്നാട്ടും കേരളവും മാറിമാറിയാണ് വഹിച്ചുവരുന്നത്. ചെയർമാൻ സ്ഥാനം വഹിക്കുന്ന സംസ്ഥാനമാണ് ബോർഡ് മീറ്റിംഗ് നടപടികൾ ഏറ്റെടുത്ത് നടത്തേണ്ടത്. കേരളം ചെയർമാൻ സ്ഥാനം വഹിച്ചിരുന്ന വർഷങ്ങളിൽ യഥാസമയം മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. തമിഴ്നാട് ചെയർമാൻ സ്ഥാനം വഹിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം യോഗങ്ങൾ കൂടാൻ കേരളം തമിഴ്നാടിനോട് അഭ്യർത്ഥിക്കാറുണ്ട്. അവസാനമായി നടന്ന ബോർഡ് മീറ്റിംഗുകളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| JWRB Meeting | Date | Place of Meeting |
|---|---|---|
| 107th JWRB | 19-10-2023 | Palakkad |
| 106th JWRB | 10-01-2023 | Trichi Kalanai |
| 105th JWRB | 02-03-2022 | Bhoothathankettu |
| 104th JWRB | 11-06-2021 | Online meeting |
| 103th JWRB | 23-12-2020 | Coimbatore |

കൂടാതെ, അത്യാവശ്യഘട്ടങ്ങളിൽ അടിയന്തരമായി യോഗം കൂടാറുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനായി സംയുക്ത ജലക്രമീകരണ സമിതി

യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി ശ്രമിക്കാറുണ്ട്. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ വിഷയം യഥാസമയം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും സമയോചിതമായ ഇടപെടലുകൾ നടത്തി പരമാവധി ജലം നേടി എടുക്കാറുമുണ്ട്. കേരളത്തിന് പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമമാണ് കേരളം പൊതുവെ സ്വീകരിച്ചുവരുന്നത്.

(ഡി) ഇരു സംസ്ഥാനങ്ങളുടെയും പരസ്പര സഹകരണാന്തരീക്ഷം നിലനിർത്തികൊണ്ടുതന്നെ പ്രസ്തുത കരാറിലൂടെ കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരാർപ്രകാരമുള്ള ജലം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി

തുടർചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമമാണ് കേരളം പൊതുവെ സ്വീകരിച്ചുവരുന്നത്. രൂക്ഷമായ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലും നിരന്തരമായ ഇടപെടലുകളിലൂടെ കേരളത്തിന് അർഹമായ ജലം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. 107-ാമത് സംയുക്ത ജലക്രമീകരണ ബോർഡ് മീറ്റിംഗിൽ 2023-24 ജലവർഷം വരൾച്ച വർഷമായതിനാൽ രണ്ടാംവിളയ്ക്ക് 2.236 ടി.എം.സി. ജലം മാത്രമാണ് തമിഴ്നാട് നൽകുവാൻ സമ്മതിച്ചത്. എന്നാൽ സംസ്ഥാനത്തിന്റെ ഇടപെടലുകൾമൂലം 3.662 ടി.എം.സി. ജലം മേയ് 31 വരെ കേരളത്തിന് ലഭിച്ചിട്ടുണ്ട്. ചില ജലവർഷങ്ങളിൽ തമിഴ്നാട് കരാർ പ്രകാരമുള്ള ജലം മണക്കടവിലും (പ്രളയജലം ഒഴികെ 7.25 TMC ft) കേരള ഷോളയാറിലും (12.3 TMC ft) ലഭ്യമാക്കാത്ത അവസ്ഥയുണ്ട്.

കൂടാതെ ഷെഡ്യൂൾ II പ്രകാരം കേരള ഷോളയാറിൽ ഉറപ്പാക്കേണ്ട ജലനിരപ്പ് പാലിക്കുന്നതിലും തമിഴ്നാട് വീഴ്ച വരുത്തിയിട്ടുണ്ട്. കരാറിന്റെ 53 വർഷത്തെ ചരിത്രത്തിൽ 6 തവണ (2009-10, 2010-11, 2011-12, 2013-14, 2014-15, 2020-21) മാത്രമാണ് തമിഴ്നാടിന് കരാറിലെ വ്യവസ്ഥകൾ

പാലിച്ചുകൊണ്ട് കേരളത്തിന് ജലം ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളത്. 2023-24 ജലവർഷത്തിൽ 03-06-2024 വരെ കേരള ഷോളയാറിൽനിന്നും 12.11 ടി.എം.സി. ജലമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. 0.19 ടി.എം.സി. ജലമാണ് ഇനി കരാർപ്രകാരം ഉപയോഗിക്കാൻ ബാക്കിയുള്ളത്. പ്രസ്തുത ആവശ്യം നിറവേറ്റുന്നതിനായി 0.64 ടി.എം.സി. ഉപയോഗയോഗ്യമായ ജലം കേരള ഷോളയാറിൽ ലഭ്യമാണ്. ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡ് നൽകിയ കണക്കുകൾ പ്രകാരം ഒക്ടോബർ മുതൽ ജനുവരി വരെ നീരാറിൽനിന്നും ഈ ജലവർഷം 1.1 ടി.എം.സി. ജലം ഇടമലയാർ അണക്കെട്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കരാർ അനുസരിച്ച് നടപ്പ് ജലവർഷം സംസ്ഥാനത്തിന് ലഭിച്ച ജലത്തിന്റെ അളവ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പറമ്പിക്കുളം ആളിയാർ നദീജല കരാർ നിലവിൽ വന്നത് 1970 മേയ് 29-നാണ്. ഈ കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

- 2023-24 ജലവർഷത്തിൽ മേയ് 2nd Fortnight വരെ മണക്കടവ് വിയറിൽ ലഭിച്ചത് 5360 Mcft ജലം ആണ്.
- 2023-24 ജലവർഷത്തിൽ മേയ് 2nd Fortnight വരെ കേരള ഷോളയാർ പവർഹൗസിൽ 12033 Mcft ജലം ഉപയോഗിച്ചിട്ടുണ്ട്.
- 2023-24 ജലവർഷത്തിൽ അപ്പർ നീരാർ വിയറിൽനിന്ന് (ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ) കേരളത്തിന് ലഭ്യമായത്, 1111 Mcft ജലം ആണ്.

**സംസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷം നിലനിർത്താൻ നടപടി**

18 (*18) ശ്രീമതി കെ. കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോംബ് നിർമ്മാണം വ്യാപകമായി നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യാപകമായി ബോംബ് നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2024 ലോക്സഭ തിരഞ്ഞെടുപ്പുകാലത്ത് കണ്ണൂർ ജില്ലയിലെ പാനൂരിൽ ബോംബ് നിർമ്മിക്കുന്നതിനിടെയുണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

അതീവ ഗൗരവത്തോടെയാണ് കാണുന്നത്. കണ്ണൂർ, മുളിയത്തോടുണ്ടായ ബോംബ് സ്ഫോടനത്തെത്തുടർന്ന് ഷെറിൻ എന്നയാൾ മരണപ്പെടുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇക്കാര്യത്തിന് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 273/2024 U/s 3&5 ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി സംഭവത്തിലുൾപ്പെട്ട 15 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പാനൂരിലും പരിസര പ്രദേശങ്ങളിലും നാടൻ ബോംബ് നിർമ്മിക്കുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ട് പോലീസിന് ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് അവഗണിക്കാനുണ്ടായ കാരണം വിശദമാക്കാമോ?

സ്ഫോടകവസ്തുക്കളുടെ നിർമ്മാണവും മറ്റുംതടയുന്നതിന് ശക്തമായ നടപടികളും പരിശോധനയും പോലീസ് നടത്താറുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള നാടൻ ബോംബ് നിർമ്മാണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും അനധികൃത നിർമ്മാണവും ശേഖരണവും തടയുന്നതിനും കണ്ടെത്തുന്നതിനുമായി ക്വാറികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരന്തരം റെയ്ഡുകൾ നടത്തി അനധികൃതമായി സംഭരിച്ചിട്ടുള്ള വെടിമരുന്ന് ശേഖരം പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ അതിർത്തി സ്ഥലങ്ങളുൾപ്പെടെ ബി.ഡി.ഡി.എസ്., ഡോഗ് സ്ക്വാഡുകളെയുൾപ്പെടുത്തി വ്യാപകമായ വാഹന പരിശോധനകൾ കർശനമാക്കുകയും ഊർജിത പട്രോളിംഗ് നടത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള ഏതുതരം പ്രവർത്തികളും തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**ഹരിത കർമ്മസേനയുടെ പ്രവർത്തനം**

19(*19) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് രൂപീകരിച്ച ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് അജൈവമാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിൻതുണാ സംവിധാനമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2013 മുതൽ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള ഡയറക്ടർ ബോർഡാണ് ടി കമ്പനിക്കുള്ളത്. കമ്പനിയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും അജൈവമാലിന്യങ്ങളുടെ ശേഖരണം, സംഭരണം,

പുനഃചംക്രമണം, ശാസ്ത്രീയമായ സംസ്കരണം എന്നിവയാണ്. വിശദമായ പ്രവർത്തനം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 36510 പേർ കുടുംബശ്രീയിൽനിന്നും ഹരിത കർമ്മസേന അംഗങ്ങളായി പ്രവർത്തിക്കുന്നു. ഇവർ 4438 സംരംഭ ഗ്രൂപ്പുകളായാണ് പ്രവർത്തിക്കുന്നത്. ഇവരുടെ പ്രവർത്തന പുരോഗതി, യൂസർ ഫീ ലഭ്യത മുതലായവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കുടുംബശ്രീ സംവിധാനം മുഖേനയും പരിശോധിക്കുകയും പ്രവർത്തനത്തിൽ കൂടുതൽ പുരോഗതി ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് 7710853 വീടുകളിൽനിന്നും 711597 സ്ഥാപനങ്ങളിൽനിന്നും വാതിൽപ്പടി മാലിന്യ ശേഖരണം നടത്തിവരുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് 231 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

100 ശതമാനവും 321 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 90-99 ശതമാനവും 425 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 50-89 ശതമാനവും വാതിൽപ്പടി ശേഖരണം നടത്തിവരുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനഫലമായി അമ്പത് ശതമാനത്തിൽ താഴെ വാതിൽപ്പടി ശേഖരണം നടത്തുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എണ്ണം 57 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം പടിപടിയായി ഉയർത്തി നൂറ് ശതമാനം വാതിൽപ്പടി ശേഖരണത്തിലേക്കെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന് ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 19-03-2019-ലെ DB3-53/2012/CE/എൽ.എസ്.ജി.ഡി. സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ 20% പ്രവൃത്തികളെങ്കിലും പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നതിന് നിർദേശം

നൽകിയിട്ടുള്ളതാണ്. റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കളിൽ തരംതിരിവിനുശേഷം വരുന്നവയിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന പ്ലാസ്റ്റിക്കുകൾ ഐ.ആർ.സി. കോഡ് നിഷ്കർഷിക്കുന്ന പ്രകാരമാണ് ഉപയോഗിക്കുന്നത്. ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ പരിസ്ഥിതി മലിനീകരണമുണ്ടാകാത്ത രീതിയിലാണ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. ആവശ്യാനുസരണം ഇതുസംബന്ധിച്ച ട്രെയിനിംഗും നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി എന്നിവരുടെ പ്രസ്തുത പ്രവൃത്തികൾക്കായി ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരളാ കമ്പനി നൽകുന്നുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗിന് കൂടുതൽ ലൈഫുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു (മെട്രിക് ടണ്ണിൽ)

| വർഷം | നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ /മറ്റുള്ളവ | പൊതുമരാമത്ത് വകുപ്പ് | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | ആകെ |
|---|---|---|---|---|
| 2016-2017 | 0 | 5.11 | 18.71 | 23.82 |
| 2017-2018 | 0 | 52.4 | 122.38 | 174.78 |
| 2018-2019 | 0 | 136.09 | 143.86 | 279.95 |
| 2019-2020 | 5.03 | 303.92 | 305.92 | 614.87 |
| 2020-2021 | 6.15 | 379.8 | 529.8 | 915.75 |
| 2021-2022 | 2.528 | 370.659 | 361.578 | 734.765 |
| 2022-2023 | 0.226 | 273.695 | 96.173 | 370.094 |
| 2023-2024 | 0 | 107.94 | 92.64 | 200.58 |
| ആകെ | 13.934 | 1629.614 | 1671.061 | 3314.609 |

(ഡി) ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യം പൊതുനിരത്തിൽ ഉപേക്ഷിക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ?

ഉണ്ട്. ലഭിച്ചിട്ടുള്ള പരാതികളെ സംബന്ധിച്ച് പരിശോധിച്ചതിൽ ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം പൊതു നിരത്തുകളിലോ മറ്റു പൊതു ഇടങ്ങളിലോ ഉപേക്ഷിച്ച് പോകുന്നില്ലെന്നും മറിച്ച് ചിലയിടങ്ങളിൽ എം.സി.എഫ്.-ലേക്കുള്ള വാഹനത്തിലേക്ക് ലോഡ് ചെയ്യുന്നതിനായി സൗകര്യപ്രദമായ ചില ഭാഗങ്ങളിൽ ശേഖരിച്ചുവയ്ക്കുന്നതാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാഹന ലഭ്യത യഥാസമയം ഉറപ്പാക്കുന്നതിന് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കർമ്മസേന അനധികൃതമായി പണപ്പിരിവ് നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ?

അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഹരിത കർമ്മസേന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള ചില വ്യാജ പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള വ്യാജ പ്രചാരണങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ആയത് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും അതിന്റെയടിസ്ഥാനത്തിൽ 06-01-2023-ലെ സ.ഉ. (സാധാ) 41/2023/ത.സ്വ.ഭ. സർക്കാർ ഉത്തരവുപ്രകാരം ഇത്തരത്തിൽ വ്യാജ പ്രചാരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് അതത് സ്ഥാപനങ്ങൾക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**കൊച്ചി ജലമെട്രോ**

20 (*20) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോയ്ക്ക് ഇതുവരെ ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ 31-03-2024 വരെ ആകെ 552.81 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ സാങ്കേതികവും സാമ്പത്തികവുമായ എന്തെങ്കിലും വിധത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭിച്ചിട്ടില്ല. ജർമ്മൻ ഫണ്ടിംഗ് ഏജൻസി (KfW)-യിൽനിന്നും സർക്കാർ ഗ്യാരന്റിയോടുകൂടി വിദേശ വായ്പ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഓഹരികൾ എത്ര വീതമാണെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാരിന്റേയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റേയും ഓഹരി പങ്കാളിത്തം 74:26 അനുപാതത്തിലാണ്.

(ഡി) ജലമെട്രോയ്ക്ക് ആവശ്യമായ ബോട്ടുകൾ ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

100 പേർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകൾ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡാണ് നിർമ്മിച്ച് നൽകുന്നത്. എമർജൻസി റെസ്പോൺസ് വർക്കിനായുള്ള ഒരു ബോട്ട് നിർമ്മിച്ച് നൽകിയത് അൾട്രാ മറൈൻ യാട്ട്സ് ലിമിറ്റഡ് പോണ്ടിച്ചേരിയാണ്.

(ഇ) ഈ രംഗത്ത് രാജ്യത്തിലെ ഒന്നാംസ്ഥാനം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ജല മെട്രോയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ

വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെതന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമാണ്. കൊച്ചിയിലെ പത്ത് ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്. വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോൺടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്. യാത്രക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്. അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാപ്രവർത്തനം

നടത്തുന്നതിനും സുരക്ഷാ ബോട്ടുകളുടെ സംവിധാനമുണ്ട്. പദ്ധതിയുടെ തുടക്കത്തിലുണ്ടായിരുന്ന 4 ടെർമിനലുകളായ ഹൈക്കോടതി, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നിവയ്ക്കുപുറമെ ബോൾഗാട്ടി, സൗത്ത് ചിറ്റൂർ, ചേരാനെല്ലൂർ, ഏലൂർ, ഫോർട്ട് കൊച്ചി എന്നീ 5 ടെർമിനലുകൾകൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്-ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

**പുഴയിലേക്ക് രാസമാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയാൻ നടപടി**

21(*21) ശ്രീമതി ഉമ തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ?

20-05-2024-ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. ഡിസോൾവ്ഡ് ഓക്സിജൻ (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾവശത്തുനിന്ന് ഡിസോൾവ്ഡ് ഓക്സിജൻ ലെവൽ കുറഞ്ഞ ജലം കൂടിയ അളവിൽ റെഗുലേറ്ററിന് താഴേയ്ക്ക് ഒഴുകിയത് മത്സ്യനാശത്തിന് കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞുകിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിന് മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകിവരുന്ന ജൈവമാലിന്യങ്ങൾ പുഴയിലെത്തുന്നതും അവ റെഗുലേറ്ററിന് അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ ഡിസോൾവ്ഡ് (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്. പെരിയാർ നദിയിലേക്ക് ട്രീറ്റഡ് എഫ്ലുവന്റ് അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽനിന്നും മലിനജലം

പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേസമയം ഒരു സ്വകാര്യ ചിക്കൻ വേസ്റ്റ് റെൻഡറിംഗ് യൂണിറ്റിൽനിന്ന് മലിനജലം പുറത്തേയ്ക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെയടിസ്ഥാനത്തിൽ കമ്പനിക്ക് ക്ലോഷർ ഓർഡർ നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്.

(ബി) പെരിയാറിന്റെ തീരത്തുള്ള ഫാക്ടറികളിൽനിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടതാണ് ഇപ്രകാരം മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(സി) മഴ ശക്തിപ്രാപിക്കുമ്പോൾ പാതാളം ബണ്ടിന്റെ ഷട്ടറുകൾ തുറക്കുന്നത് മുന്നിൽകണ്ട് എടയാറിലും പരിസര പ്രദേശങ്ങളിലുമുള്ള ഫാക്ടറികൾ പുഴയിലേക്ക് മാലിന്യമൊഴുക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതുതടയാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) ഏലൂർ എടയാർ വ്യവസായ മേഖലയിലെ പെരിയാറിന്റെ ഏലൂർ ശാഖയുടെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന വ്യവസായ സ്ഥാപനങ്ങളിൽനിന്നുള്ള പാഴ്ജലം ശുദ്ധീകരണത്തിന് ശേഷമാണോ നിർമ്മാർജനം ചെയ്യുന്നതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻവയോൺമെന്റ് സർവൈലൻസ് സെന്റർ മുഖേന ഇത് നിരീക്ഷിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പുഴയിലെ 5 സ്റ്റേഷനുകളിൽനിന്ന് പ്രതിദിനം ജലസാമ്പിൾ ശേഖരിച്ച് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം നിരീക്ഷിച്ചുവരുന്നുണ്ട്. ഇതുകൂടാതെ നദീജലത്തിന്റെ തത്സമയ ഗുണനിലവാരം നിരീക്ഷിക്കുന്നതിന് റിയൽ ടൈം വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് വീഴ്ചകൾ കണ്ടെത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾക്കെതിരെ

നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നദിയിലേക്ക് സംസ്കരിച്ച മലിനജലം തുറന്നുവിടാൻ അനുമതിയുള്ള 5 വ്യവസായ സ്ഥാപനങ്ങളിൽ നേരിട്ടുള്ള പരിശോധനകളിലൂടെയും ഓരോന്നിലും സ്ഥാപിച്ചിട്ടുള്ള Online Continuous Effluent Monitoring Station ഡാറ്റ പരിശോധിച്ചും അനധികൃത നിർമ്മാർജനമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**ഗുണ്ടകളുമായുള്ള പോലീസുകാരുടെ അവിശുദ്ധകൂട്ടുകെട്ട് തടയാൻ നടപടി**

22 (*22) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം

ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പ നിയമം ചുമത്തുന്നതുൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉൻമൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും ആന്റി ഓർഗനൈസ്ഡ് ക്രൈം സെൽ (AOCC) ആരംഭിക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ആന്റി ഓർഗനൈസ്ഡ് ക്രൈം സെൽ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച്

ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തുന്നതിനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും എസ്.എച്ച്.ഒ.- മാർക്ക് പോലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ട പോലീസുതന്നെ ഗുണ്ടകളുടെ സൽക്കാരത്തിൽ പങ്കെടുക്കുന്ന സംഭവങ്ങൾ പോലീസ് സേനയ്ക്കാകമാനം നാണക്കേട് സൃഷ്ടിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഓപ്പറേഷൻ ആഗ്-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് പരിശോധന നടത്തവെ ഗുണ്ടാ ലിസ്റ്റിലുൾപ്പെട്ടയാളുടെ വീട്ടിൽ നടന്ന സൽക്കാരത്തിൽ ആലപ്പുഴ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. എം.ജി. സാബു, സി.പി.ഒ. ദീപക് സി. കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി.കെ. എന്നീ ഉദ്യോഗസ്ഥർ പങ്കെടുത്തതായി കണ്ടെത്തി. ഗുരുതരമായ അച്ചടക്കലംഘനവും പോലീസിന്റെ സൽപേരിന് കളങ്കം വരുത്തുന്ന പ്രവർത്തിയിലും ഏർപ്പെട്ട മേൽ ഉദ്യോഗസ്ഥരെ അച്ചടക്ക

നടപടിക്ക് വിധേയമായി സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഗുണ്ടകളുമായി ബന്ധം പുലർത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) ഗുണ്ടകളുമായി പോലീസുകാർ അവിശുദ്ധകൂട്ടുകെട്ടിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിലുൾപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടിയും നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ക്രിമിനൽ ബന്ധങ്ങളുണ്ടെന്ന് കണ്ടെത്തിയാൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പ് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**പൊതുജനാരോഗ്യമേഖലയെ വർഗ്ഗീയവത്കരിക്കാൻ ശ്രമം**

23 (*23) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യമേഖലയെ വർഗീയവത്കരിക്കാൻ കേന്ദ്രസർക്കാർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ ആരംഭിച്ച ആരോഗ്യകേന്ദ്രങ്ങളുടെ പേര് ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്ന് മാറ്റണമെന്ന് കേന്ദ്രസർക്കാർ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ 'ആരോഗ്യം പരമം ധനം' എന്ന മുദ്രാനാമത്തോടുകൂടി "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കോ-ബ്രാൻഡിംഗ് നടത്തിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം തടഞ്ഞുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങളുടെ മുൻഭാഗത്തെ ബ്രാൻഡിംഗ് (Facade branding) സംബന്ധിച്ച് കേന്ദ്ര സർക്കാർ 2018 മേയ് മാസത്തിൽ നിർദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം കോ-ബ്രാൻഡിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ സബ് സെന്റർ (ജനകീയ ആരോഗ്യ കേന്ദ്രം), പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, നഗര പ്രാഥമികാരോഗ്യ കേന്ദ്രം, അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ എന്നിവ ഉൾപ്പടെ 6903 സ്ഥാപനങ്ങളിൽ കോ-ബ്രാൻഡിംഗ് സാധ്യമായിരുന്ന 6298 സ്ഥാപനങ്ങളിൽ 6147 സ്ഥാപനങ്ങളിലും കോ ബ്രാൻഡിംഗ് പൂർത്തിയാക്കി വിവരങ്ങൾ ആയുഷ്മാൻ പോർട്ടലിൽ അപ്പ്ലോഡ് ചെയ്യുകയും നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ അംഗീകാരം ലഭിക്കുകയും

ചെയ്തിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിരുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ 98.3% സ്ഥാപനങ്ങളെയും കോ ബ്രാൻഡ് ചെയ്തിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട കാഷ് ഗ്രാന്റ് ഫണ്ട്, 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട ആദ്യ ഗഡു കേന്ദ്ര വിഹിതം എന്നിവ നാളിതുവരെ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല.

(ഡി) കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആശാവർക്കർമാരുടെ ഇൻസെന്റീവ്, സൗജന്യ പരിശോധന, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, 108 ആംബുലൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് വിവിധ ആരോഗ്യ സ്ഥാപനങ്ങളിലും ജില്ലാ-സംസ്ഥാന-കാര്യാലയങ്ങളിലുമായി നിയമിച്ചിരുന്ന പതിനയ്യായിരത്തിലധികം ജീവനക്കാരുടെ പ്രതിമാസ വേതനം, സംസ്ഥാനത്തുടനീളം ഇരുപത്തി ഒന്നായിരത്തിലധികം ആശാ പ്രവർത്തകരുടെ പ്രതിമാസ ഇൻസെന്റീവ് തുടങ്ങിയവയും, ദേശീയ ആരോഗ്യ ദൗത്യം പദ്ധതികളായ ഗർഭിണികളുടെ

സൗജന്യ ചികിത്സ, കുട്ടികളുടെ സൗജന്യ ചികിത്സ, ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുൾപ്പെടുത്തി സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന (പുതിയ കെട്ടിടങ്ങൾ, വാർഡുകൾ, ഓപ്പറേഷൻ തീയേറ്റർ സൗകര്യ വികസനം മുതലായവ) പ്രവർത്തനങ്ങൾ, വിവിധ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ, പകർച്ചേതരവ്യാധികളുടെ ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങൾ, മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പേവിഷബാധയെ പ്രതിരോധിക്കുന്നതിനുള്ള ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയവ വാങ്ങുക, കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനുള്ള പദ്ധതിയുടെ (Biomedical Equipment Maintenance Programme) നടത്തിപ്പ്, 108 ആംബുലൻസ് സർവീസ് തുടങ്ങിയവയും ഇപ്പോൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം

24 (*24) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. എം. മുകേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് നടത്തിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും കർശനമായ പരിശോധനകളുടെയും നിയന്ത്രണങ്ങളുടെയും ഫലമായി മദ്യ ഉപഭോഗം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് മദ്യ ഉപഭോഗം 2022-23 വർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തിൽ കുറവാണ്. 2022-23 വർഷത്തിൽ 224.34 ലക്ഷം കെയ്സ് മദ്യത്തിന്റെ വില്പന നടന്നിരുന്നു. എന്നാൽ 2023-24 വർഷത്തിൽ അത് 221.76 ലക്ഷം കെയ്സായി കുറഞ്ഞിട്ടുണ്ട്.

(ബി) സർക്കാരിന്റെ ആകെ വരുമാനത്തിൽ മദ്യത്തിൽനിന്നുള്ള വിഹിതം ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിന് 2022-23 വർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തിൽ വരുമാനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. എന്നാൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് ഈ കാലയളവിൽ വരുമാനത്തിൽ നേരിയ വർധനവുണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന് 2022-23 വർഷത്തിൽ 2992.74 കോടി രൂപയും 2023-24 വർഷത്തിൽ 2805.44 കോടി രൂപയും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് മദ്യത്തിൽനിന്നും നികുതിയിനത്തിൽ (KGST-ST/TOT/CESS etc) 2022-23 സാമ്പത്തിക വർഷത്തിൽ 14843.04 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 15170.82 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) മദ്യത്തിനും ലഹരി വസ്തുക്കൾക്കുമെതിരായി നടത്തിവരുന്ന ബോധവൽക്കരണം കൂടുതൽ വ്യാപിപ്പിക്കുന്നതിനും നിയമവും

നിബന്ധനകളും കൂടുതൽ കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവന്ന് മദ്യവർജ്ജനത്തിന് ഊന്നൽ നൽകി ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് ശരിയായ അവബോധം നൽകുന്നതിനും ലഹരിയുടെ വിപത്തിൽ വീഴാതെ സ്വയം സംരക്ഷണം തീർക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് സ്കൂളുകളിൽ 'ഉണർവ്'

എന്ന പേരിലും 'നേർവഴി' എന്ന പേരിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കോളേജുതലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗമില്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡ് തലങ്ങളിലും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആദിവാസി മേഖലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ

നൽകുന്നതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിലുള്ള റീജിയണൽ ജുഡീഷ്യൽ കൊളോക്കിയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിലവിലെ നിയമങ്ങളിലെ പോരായ്മകൾ പരിഹരിച്ച് നിയമവും നിബന്ധനകളും കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പകർച്ചവ്യാധികൾ തടയാൻ നടപടി**

25 (*25) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:

<u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ എലിപ്പനി, ജലജന്യരോഗങ്ങളായ വയറിളക്കം, ഹെപ്പറ്റൈറ്റിസ്-എ തുടങ്ങിയ പകർച്ചവ്യാധികളുടെ വ്യാപനതോത് കൂടാനുള്ള സാധ്യത മുൻനിർത്തി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 2024 വർഷത്തിലേക്കുള്ള ആരോഗ്യ ജാഗ്രതാ കലണ്ടർ വർഷാരംഭത്തിൽത്തന്നെ പ്രസിദ്ധീകരിക്കുകയും എല്ലാ ജില്ലകളിലും കലണ്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ തുടർന്നുവരികയും ചെയ്യുന്നു. ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ മഞ്ഞപ്പിത്തരോഗംമൂലം നിരവധിപേർ മരണമടഞ്ഞത് ഗൗരവത്തോടെ കാണുന്നുണ്ടോ?

മഞ്ഞപ്പിത്തരോഗംമൂലം മലപ്പുറം ജില്ലയിലും എറണാകുളം ജില്ലയിലും മരണങ്ങൾ സംഭവിച്ചത് സർക്കാർ അതീവ ഗൗരവത്തോടെ കാണുകയും നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മഴക്കാലപൂർവ ആരോഗ്യ പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടായിയെന്നത് വസ്തുതയാണോ; എങ്കിൽ ഇത് പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മഴക്കാലപൂർവ ആരോഗ്യ പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പ് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. 2024-ലെ ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം എല്ലാ ജില്ലകളിലും മഴക്കാലപൂർവ ആരോഗ്യ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി സഹകരണത്തോടെ ദ്രുതഗതിയിലാണ് നടത്തിവരുന്നത്. ആരോഗ്യ ബോധവൽക്കരണം, കൊതുകുകളുടെ ഉറവിട നശീകരണം,

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന, കിണറുകളുടെ ക്ലോറിനേഷൻ, ഹോട്ടലുകളിലെ പരിശോധന, എലിപ്പനി വരാൻ സാധ്യതയുള്ള ഹൈ റിസ്ക് വിഭാഗത്തിലുള്ളവർക്കുള്ള ഡോക്സിസൈക്ലിൻ വിതരണം എന്നിവ നടത്തുന്നതിനാവശ്യമായ നിർദേശങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. അവശ്യമരുന്നുകളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അനിവാര്യമായ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൺട്രോൾ സെൽ മേയ് മാസം അവസാനത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ പൊതുജനാരോഗ്യ നിയമം 2023 പ്രകാരമുള്ള സമിതിയുടെ ആദ്യ യോഗം 2024 മാർച്ച് 14-ന് കൂടുകയും ജില്ലാ/പ്രാദേശിക തലങ്ങളിൽ പ്രസ്തുത സമിതികൾ കൂടുവാൻ നിർദേശിക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പ്രസ്തുത നിയമത്തിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുകയും നിബന്ധനകൾ പാലിക്കാത്തവർക്ക് നോട്ടീസ് നൽകുകയും കേസുകൾ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും ഫീവർ ഒ.പി. രാത്രി എട്ട് മണി വരെ പ്രവർത്തിപ്പിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. പനി രോഗികളുടെ എണ്ണം വർധിക്കുകയാണെങ്കിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കാഷ്വാലിറ്റിയിൽ പനി ക്ലിനിക് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സിവിയർ ഹെപ്പറ്റൈറ്റിസ്-എ രോഗമുള്ളവരെ ചികിത്സിക്കുന്നത് സംബന്ധിച്ച് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ കഴിഞ്ഞ മാസം പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്മ എക്സ്ചേഞ്ച് ചികിത്സാ രീതി (PLEX) അനിവാര്യ ഘട്ടങ്ങളിൽ ശാസ്ത്രീയമായി നടത്തുന്നത് ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. സി.എം.സി. വെല്ലൂരുമായി ചേർന്നുകൊണ്ടാണ് ഈ പ്രൊസീഡ്യുവർ വികസിപ്പിച്ചിട്ടുള്ളത്.

**ബയോപാർക്ക്**

26 (*26) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന മാലിന്യം നീക്കംചെയ്ത് പ്രസ്തുത സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ വർഷങ്ങളായി മാലിന്യം കെട്ടിക്കിടക്കുന്ന 51 സ്ഥലങ്ങൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തി പട്ടികപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ 14 സ്ഥലങ്ങളിലെ മാലിന്യ നീക്കം ബയോമൈനിംഗ് മുഖേന പൂർണ്ണമായും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 37 സ്ഥലങ്ങളിൽ, 8 സ്ഥലങ്ങളിൽ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലുൾപ്പെടുത്തി ബയോ റെമഡിയേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നതും 20 എണ്ണം കെ.എസ്.ഡബ്ല്യൂ.എം.പി. മുഖേന നടപ്പാക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതും 9 എണ്ണത്തിൽ മാലിന്യ നീക്കം സ്വച്ഛ് ഭാരത് മിഷൻ (അർബൻ), കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

എന്നിവയിലുൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ വീണ്ടെടുത്ത് നഗരസഭയ്ക്ക് പ്രയോജനപ്പെടുന്നതാക്കി മാറ്റുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് പ്രകാരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഡബ്ല്യൂ.എം.പി. (കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്) -ടെ ഭാഗമായി 20 നഗരസഭകളിലെ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളാണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നത്. പൊതു ടെൻഡർ മുഖാന്തരം തിരഞ്ഞെടുത്ത കോൺട്രാക്ടറുമായി 2024 മാർച്ച് 6-ന് കരാർ ഒപ്പിടുകയും ചെയ്തു. കരാർ പ്രകാരം മഴക്കാലം ഒഴികെയുള്ള 270 ദിവസങ്ങളാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി.

(സി) യന്ത്രസഹായത്തോടെ മാലിന്യം നീക്കംചെയ്ത് അതത് സ്ഥലത്തുവച്ചുതന്നെ ജൈവ, അജൈവ മാലിന്യങ്ങളായി വേർതിരിച്ച് വിവിധ ആവശ്യങ്ങൾക്കായി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. ശാസ്ത്രീയമായി ബയോ റെമഡിയേഷൻ പൂർത്തിയാക്കിയിട്ടുള്ള സ്ഥലങ്ങളിലെ മാലിന്യങ്ങൾ യന്ത്രസഹായത്തോടെ നീക്കം ചെയ്ത് അതത് സ്ഥലത്തുവച്ചുതന്നെ ജൈവ-അജൈവ മാലിന്യങ്ങളായി വേർതിരിച്ച് പുനഃചംക്രമണ യോഗ്യമായവ റീസൈക്ലിംഗിനായും റിജക്ട് മാലിന്യം സിമന്റ് ഫാക്ടറികളിലേക്കും നീക്കംചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി മാലിന്യനീക്കം നടത്തുന്നതിനുള്ള നടപടി പുരോഗതിയിലാണ്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ നഗരങ്ങളിലെ ഭൂമി വീണ്ടെടുത്ത് ബയോപാർക്ക് പോലുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മാലിന്യം നീക്കം ചെയ്തതിനുശേഷം നികത്തിയെടുക്കുന്ന ഭൂമി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി കെ.എസ്.ഡബ്ല്യു.എം.പി.-യും നഗരസഭകളും ധാരണാപത്രം ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ പദ്ധതിയുടെ ഭാഗമായി ബയോറെമഡിയേഷൻ പദ്ധതി

നടപ്പിലാക്കുന്നത്. ബയോപാർക്ക് ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൊണ്ടുവരുന്നതിലേക്ക് ടി സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

**സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തന പുരോഗതി**

27(*27) ശ്രീമതി യു. പ്രതിഭ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിക്കൊണ്ട് മെഡിക്കൽ കോളേജുകളെ മികവിന്റെ

കേന്ദ്രങ്ങളാക്കാനുള്ള നടപടികളാണ് നടന്നുവരുന്നത്. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് രൂപം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കിയതിനെത്തുടർന്ന് മറ്റ് 5 മെഡിക്കൽ കോളേജുകളിൽകൂടി പദ്ധതി നടപ്പിലാക്കിവരുന്നു. അതോടൊപ്പം വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്നതിന് കൂടുതൽ അവസരം ലഭിക്കുന്നതിനും പൊതുജനങ്ങൾക്ക് മികച്ച ചികിത്സ നൽകുന്നതിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ മെഡിക്കൽ കോളേജുകളിൽ എൻ.എം.സി.-യുടെ അംഗീകാരത്തോടെ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുകയും കൊല്ലം, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് 2022-ൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും ഇതുകൂടാതെ കഴിഞ്ഞ വർഷം ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ സർക്കാർ മേഖലയിൽ 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ച്

കോഴ്സ് നടത്തിവരുന്നു. അതോടൊപ്പം തിരുവനന്തപുരം നഴ്സിംഗ് കോളേജിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി കാമ്പസിൽ 100 പേരടങ്ങുന്ന ഒരു ബി.എസ്.സി. നഴ്സിംഗ് ബാച്ചും ആരംഭിച്ചിട്ടുണ്ട്. പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ അധ്യാപക, അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി 21-12-2023-ലെ സ.ഉ. (കൈ)നം.3 46/2023/ആ.കു.വ. പ്രകാരം 270 പുതിയ അധ്യാപക, അനധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെച്ചേർക്കുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

- തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് തയ്യാറാക്കിയ 717 കോടി രൂപയുടെ

പദ്ധതിയുടെ ആദ്യഘട്ടമായ റോഡുകളുടെയും പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി.

- പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി, ജനറ്റിക്സ്, ജീറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ, പീഡിയാട്രിക് കാർഡിയോ വാസ്കുലർ തൊറാസിക് സർജറി, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് തസ്തിക സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു.
- കരൾ മാറ്റശസ്ത്രക്രിയ വിജയകരമായി നടപ്പാക്കി.
- ന്യൂറോളജി വകുപ്പിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ട്രോക്ക് ഐ.സി.യു. 0.97 കോടി രൂപ ചെലവിൽ സ്ഥാപിച്ചു.
- മസ്തിഷ്കവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കൃത്യമായ നിർണ്ണയത്തിന് 4.4 കോടി രൂപ ചെലവിൽ സി.റ്റി ആൻജിയോഗ്രാം ഉപകരണം പ്രവർത്തനക്ഷമമാക്കി.
- ന്യൂറോളജി വിഭാഗത്തിൽ 5.15 കോടി രൂപ ചെലവിൽ ന്യൂറോളജി കാത്ത് ലാബ് സ്ഥാപിച്ചു.

- ബേൺസ് യൂണിറ്റ് സ്ഥാപിച്ചു.
- ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിൽ സ്പെക്ട് സ്കാനർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ശ്വാസകോശ രോഗങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് തീവ്രപരിചരണത്തിനായി 12 കിടക്കകളുള്ള സെമി ഐ.സി.യു. പീഡിയാട്രിക്സ് വിഭാഗം തുടങ്ങി.
- ജനിതക രോഗങ്ങൾ ഗർഭസ്ഥാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും കൗൺസിലിംഗ് ചെയ്യുന്നതിനുമുള്ള ശ്രുദ്ധ പദ്ധതി നടപ്പിലാക്കി.
- എസ്.എം.എ. ക്ലിനിക് തുടങ്ങുകയും, എസ്.എം.എ. രോഗം ബാധിച്ച കുട്ടികൾക്ക് വിലയേറിയ മരുന്ന് നൽകുകയും അതിനുള്ള അനുബന്ധ ചികിത്സയും നൽകുന്നു.
- ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുവേണ്ടി സി.എച്ച്.സി. (Comprehensive Hemophilia Centre) ക്രമീകരിക്കുകയും 'ആശാധാര' പദ്ധതിവഴി അതിനുള്ള ചികിത്സ ലഭ്യമാക്കുന്നു.

- തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ 100 സീറ്റ് വർധിപ്പിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് വാങ്ങിയ പ്രധാനപ്പെട്ട ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | ഡിപ്പാർട്ട്മെന്റ് | വില |
|---|---|---|
| Portable USG | Cardiology | 25,00,000/- |
| Refrigerated Centrifuge | Transfusion Medicine | 45,00,000/- |
| Haemodialysis Machine | Nephrology | 59,42,000/- |
| Endobronchial Ultrasound | Pulmonary Medicine | 10,992,658/- |
| Introvascular USG | Cardiology | 70,00,000/- |
| Anaesthesia Work Station | OBG | 56,00,000/- |
| Laser with 60w and all accessories | Urology | 48,16,000/- |
| Committed Neonatal Ventilator | Neurology | 23,50,000/- |
| HFO Ventilator | Paediatrics | 21,36,960/- |
| Portable UCG Colar Doppler Type-C | Paediatric Nephrology | 20,61,300/- |

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം

- സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി മുതലായ പുതിയ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിച്ചുവരുന്ന മറ്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി 29 അധ്യാപക തസ്തിക സൃഷ്ടിച്ചു.
- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- നൂതന ചികിത്സ ഉറപ്പാക്കാനായി വിവിധ തരത്തിലുള്ള താക്കോൽദ്വാര ശസ്ത്രക്രിയകൾക്കായി 44 ലക്ഷം രൂപ ചെലവഴിച്ച് എച്ച്.ഡി. ലാപ്രോസ്കോപ്പി സിസ്റ്റം ജനറൽ സർജറി വിഭാഗത്തിൽ ലഭ്യമാക്കി.
- 15.96 ലക്ഷം രൂപ ചെലവഴിച്ച് Portable Green Laser Console with Leo Model B ഒഫ്ത്താൽമോളജി വിഭാഗത്തിൽ ലഭ്യമാക്കി.
- 4.5 ലക്ഷം രൂപ ചെലവഴിച്ച് Sound treated bera room ഉപകരണം ഇ.എൻ.റ്റി. വിഭാഗത്തിൽ ലഭ്യമാക്കി.

- 9.5 ലക്ഷം രൂപ ചെലവഴിച്ച് Fully Automated Coagulation Analyser ഉപകരണം പത്തോളജി വിഭാഗത്തിൽ ലഭ്യമാക്കി.
- 9.4 ലക്ഷം രൂപ ചെലവഴിച്ച് Operating Microscope ഉപകരണം ഇ.എൻ.റ്റി. വിഭാഗത്തിൽ ലഭ്യമാക്കി.
- 22 ലക്ഷം രൂപ ചെലവഴിച്ച് 30 Degree Arthroscope - 01 No., 70 Degree Arthroscope- 01 No. ഉപകരണങ്ങൾ ഓർത്തോപീഡിക്സ് വിഭാഗത്തിൽ ലഭ്യമാക്കി.
- 7.5 ലക്ഷം രൂപ ചെലവഴിച്ച് Rigid Nasal Endoscope ഉപകരണം ഇ.എൻ.റ്റി. വിഭാഗത്തിൽ ലഭ്യമാക്കി.
- 12 ലക്ഷം രൂപ ചെലവഴിച്ച് Five Part Hematology Analyzer ഉപകരണം പത്തോളജി വിഭാഗത്തിൽ ലഭ്യമാക്കി.
- 2.25 കോടി രൂപ ചെലവഴിച്ച് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് വിത്ത് കാലിബറേഷൻ ലബോറട്ടറിക്ക് വേണ്ടി 2 നില കെട്ടിടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി.

- 8.5 കോടി രൂപ കിഫ്ബിയിലുൾപ്പെടുത്തി ചെലവഴിച്ച കാത്ത് ലാബ് സമുച്ചയവും 10 കിടക്കകളുള്ള ഐ.സി.സി.യു.-വും പ്രവർത്തനക്ഷമമാക്കി.
- 1.5 കോടി രൂപ കിഫ്ബിയിലുൾപ്പെടുത്തി 12 ഡയാലിസിസ് മെഷീനോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി.
- പാത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ, തുടങ്ങിയ വിഭാഗങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് സാധ്യമായി.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി</u>

- 100 സീറ്റിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിച്ചു.
- കോന്നി മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 37 പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.

- ബോയിസ് ഹോസ്റ്റലും, ഗേൾസ് ഹോസ്റ്റലും, സ്റ്റാഫ് ക്വാർട്ടേഴ്സ്, Principal's quarters നിർമ്മാണം പൂർത്തിയാക്കി.
- 29,49,000 രൂപ ചെലവഴിച്ച് പി.എസ്.എ. ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യമൊരുക്കി. 18 ലക്ഷം രൂപ ചെലവഴിച്ച് ഹോർമോൺ അനലൈസർ, 15 ലക്ഷം രൂപ ചെലവഴിച്ച് ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം എന്നിവ ലാബിൽ സജ്ജമാക്കി. ഫാർമസി സൗകര്യം ലഭ്യമാക്കി.
- 5 കോടി രൂപ മുതൽ മുടക്കി റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 128 സ്ലൈഡ് സി.ടി. സ്കാൻ മെഷീൻ സ്ഥാപിച്ചു.
- എം.എൽ.എ. ഫണ്ടിൽനിന്നും 7 ലക്ഷം രൂപ മുടക്കി അൾട്രാസൗണ്ട് സ്കാൻ, 4 ലക്ഷം രൂപ മുടക്കി എക്സ്റേ എന്നിവ പ്രവർത്തനക്ഷമമാക്കി.
- കോന്നി എം.എൽ.എ. അഡ്വ. ജനീഷ് കുമാറിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 24,50,000/- രൂപ ചെലവിൽ എം.ബി.ബി.എസ്. വിദ്യാർഥികൾക്കുള്ള കോളേജ് ബസ്സ് അനുവദിച്ചു.

- ബ്ലഡ് ബാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ</u>

- ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ ചെലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- എമർജൻസി മെഡിസിൻ, പ്ലാസ്റ്റിക് സർജറി, നിയോനറ്റോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിനുള്ള അധ്യാപക തസ്തിക സൃഷ്ടിച്ചു.
- കാർഡിയോളജി വിഭാഗത്തിനായി 3D മാപ്പിംഗ് സൗകര്യങ്ങളോടുകൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചു.
- നവീന രീതിയിലുള്ള എക്കോ, ടി.എം.ടി., ഇ.സി.ജി., ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചു.
- യൂറോളജി വിഭാഗത്തിൽ  ഒരു കോടി രൂപ വില മതിക്കുന്ന 3 ഡി, 4 കെ ലാപ്രോസ്കോപ്പി സംവാധാനവും ഏർപ്പെടുത്തി.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം</u>

- മോഡുലാർ ഓപ്പറേഷൻ തിയേറ്റർ
- നവീകരിച്ച ന്യൂറോ സർജറി (വാർഡ്-7)
- കണ്ണിന്റെ സർജറി വാർഡ് (വാർഡ്-8)
- നെഫ്രോളജി ലാബ്
- 4 D Eco Machine, Portable Eco machine
- Material Collection Facility (MCF)
- Aerobic Composting Unit, Biogas plant
- ഐ.സി.യു. (കാഷ്വാലിറ്റി മൂന്നാം നില)
- Under ECRP II
- നഴ്സിംഗ് ഓഫീസ് നവീകരണം
- നവീകരിച്ച ഒ.പി. ഫാർമസി
- നവീകരിച്ച കാസ്പ് കൗണ്ടർ (പേയിംഗ് കൗണ്ടറിന് സമീപം)
- ലാപ്രോസ്കോപ്പി പ്രോജക്ട്
- ഐ.സി.യു. ആംബുലൻസ്

- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം
- ഇന്റഗ്രേറ്റഡ് അനലൈസർ
- സ്ട്രോക് യൂണിറ്റ്
- പാലിയേറ്റീവ് കെയർ യൂണിറ്റ്, റീഹാബിലിറ്റേഷൻ യൂണിറ്റ്, Grief care services.
- റുമറ്റോളജി വിഭാഗം ആരംഭിച്ചു.
- MRI, DSA, Linear Auxilerator, Cardiology വിഭാഗത്തിൽ Intra Vascular Ultrasound, Cardiology വിഭാഗത്തിൽ റോട്ടോബ്ലേറ്റർ, Cardiology Optical Coherrense Tomography, Negative Pressure operation theatre/ICU, കുട്ടികളുടെ ഹൃദയശസ്ത്രക്രിയ തിയേറ്റർ, സ്കിൽ ലാബ്, മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, ഓക്സിജൻ ജനറേറ്റർ കെട്ടിടം, ഗൈനക്കോളജി എച്ച്.ഡി.യു., ന്യൂറോ നാവിഗേഷൻ, ഇൻട്രാ ഓപ്പറേറ്റീവ് ന്യൂറോ മോണിറ്ററിംഗ് സിസ്റ്റം എന്നീ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കി.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഇടുക്കി</u>

- 2022 മുതൽ ഇടുക്കി മെഡിക്കൽ കോളേജിൽ ഒരു വർഷം 100 കുട്ടികളുടെ ബാച്ച് വീതം പ്രവേശനം നടത്തിവരുന്നു.
- ഇടുക്കി മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനും പുതിയ വിഭാഗങ്ങളായ എമർജൻസി മെഡിസിൻ, കാർഡിയോളജി എന്നിവ ആരംഭിക്കുന്നതിനുമായി 50 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- സെൻട്രൽ ലാബുകൾ, ഒ.പി., ഐ.പി. എന്നിവ സ്ഥാപിച്ചു.
- ആശുപത്രി ബ്ലോക്കിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.
- ബോയ്സ് ഹോസ്റ്റൽ, 3 BHK ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- 83 ലക്ഷം രൂപയുടെ മോഡുലാർ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം</u>

- പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനുൾപ്പെടെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 43 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- എമർജൻസി ഓപ്പറേഷൻ തിയേറ്റർ, ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, റെറ്റിനൽ ലേസർ മെഷീൻ, ടു വേ കമ്മ്യൂണിക്കേഷൻ സിസ്റ്റവും ഡിജിറ്റൽ പേയ്മെന്റ് സംവിധാനവും മൊബൈൽ റേഡിയോഗ്രാഫി യൂണിറ്റ്, ക്രഷ്, പ്രിവന്റീവ് ക്ലിനിക്ക്, ബ്ലഡ് കളക്ഷൻ യൂണിറ്റ്, സി-ആം മെഷീൻ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി.
- ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
- 11.35 കോടി രൂപ ചെലവിൽ എസ്.ടി.പി. പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- 40 ലക്ഷം രൂപ ചെലവിൽ Renovation of room behind the Cytology ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

- 85 ലക്ഷം രൂപ ചെലവിൽ Renovation of Existing Library for meeting MCI Requirement-ന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
- 50 ലക്ഷം രൂപ ചെലവിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരിച്ച് പ്രവർത്തനമാരംഭിച്ചു.
- ശിശുരോഗ വിഭാഗ വാർഡിൽ 2.50 കോടി രൂപ ചെലവിൽ Centre of Excellence-ന്റെ പണി പൂർത്തീകരിച്ചു.
- തിമിര ശസ്ത്രക്രിയ ആവശ്യം വരുന്നവർക്കായി നേത്രരോഗ വിഭാഗം ഓപ്പറേഷൻ തിയേറ്റർ പുനരാരംഭിച്ചു.
- ലേബർ റൂമിൽ അടിയന്തര ഓപ്പറേഷൻ തിയേറ്റർ സ്ഥാപിച്ചു.
- കാസ്പ് പദ്ധതി പ്രകാരം സ്റ്റാഫ് നഴ്സ് -1, ഡാറ്റാ എൻട്രി ഓപ്പറേറ്റർ -10, ലാബ് ടെക്നീഷ്യൻ - 13, റേഡിയോഗ്രാഫർ -3, ഇ.സി.ജി. ടെക്നീഷ്യൻ - 3, ഫാർമസിസ്റ്റ്-1, അറ്റൻഡർ-2 എന്നിങ്ങനെ 33 ജീവനക്കാരെ നിയമിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>

- കാമ്പസ് സി.സി.ടി.വി. സിസ്റ്റം -1.10 കോടി രൂപ

- കുട്ടികളുടെ ഐ.സി.യു.-90 ലക്ഷം രൂപ
- ലിക്വിഡ് ഓക്സിജൻ പ്ലാന്റ്-83 ലക്ഷം രൂപ
- അഞ്ച് കെട്ടിടങ്ങളിലായി 8 അപ്പാർട്ടുമെന്റുകൾ പി.ജി. വിദ്യാർഥികൾക്കായി പണി പൂർത്തിയാക്കി.
- സെൻട്രൽ ബയോമെഡിക്കൽ പ്ലാന്റ്-60 ലക്ഷം രൂപ
- തീപ്പൊള്ളൽ പരിചരണ യൂണിറ്റ്-2.69 കോടി രൂപ
- സോളാർ ഇലക്ട്രിക് പദ്ധതി-1 കോടി രൂപ
- ആംബുലൻസ് ട്രാക് നിർമ്മാണം-42 ലക്ഷം രൂപ
- സർജിക്കൽ ഓങ്കോളജി ഒ.പി.&ഒ.ടി.-2 കോടി രൂപ
- ടെലികൊബാൾട്ട് മെഷീൻ-3.50 കോടി രൂപ
- ബ്ലഡ് ബാങ്ക് നവീകരണം-56.5 ലക്ഷം രൂപ
- പാരാമെഡിക്കൽ എഡ്യൂക്കേഷൻ ബിൽഡിംഗ് - 2 കോടി രൂപ
- ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം -1.70 കോടി രൂപ

ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി

- എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ എന്നീ വിഭാഗങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, കാർഡിയോ വാസ്കുലർ തൊറാസിക് സർജറി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- 2.65 കോടി രൂപ ചെലവാക്കി കുട്ടികളുടെ ഐ.സി.യു., വാർഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയാക്കി.
- 1.78 കോടി രൂപ മുടക്കി പി.ഡബ്ല്യൂ.ഡി. മുഖാന്തരം കാഷ്വാലിറ്റി നവീകരിക്കുകയും കൂടുതൽ വിശാലമാക്കുകയും പുതിയ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.
- 1.20 കോടി രൂപ ചെലവഴിച്ച് എ ബ്ലോക്കും ബി ബ്ലോക്കും ബന്ധിപ്പിക്കുന്ന റാംപ് നിർമ്മിച്ചു.
- ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

- പി.ജി. കോഴ്സ് ആരംഭിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്

- കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്., സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ., സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് രണ്ട് കോടി രൂപ ചെലവഴിച്ച് ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിച്ചു.
- മിൽക്ക് ബാങ്ക് ആരംഭിച്ചു.
- 71.94 ലക്ഷം രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നെഞ്ച് രോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു.
- 2023-24 സാമ്പത്തിക വർഷത്തിൽ ബി.എസ്.സി. ആർ.ടി.ടി. (റേഡിയോ തെറാപ്പി ടെക്നോളജി) ബി.എസ്.സി. എം.ഐ.ടി.

(മെഡിക്കൽ ഇമേജിംഗ് ടെക്നോളജി) കോഴ്സുകൾ ആരംഭിച്ചു. ബി.എസ്.സി. NMT, BASLP കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകി.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, വയനാട്

- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ രണ്ട് നിലകളും പഴയ ആശുപത്രി കെട്ടിടത്തിലെ ഒഴിപ്പിച്ച ഏതാനും വാർഡുകളുംകൂടി ഉപയോഗപ്പെടുത്തി 2024-25 വർഷത്തിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ പുരോഗമിച്ചുവരുന്നു.
- ശിശുരോഗ വിഭാഗത്തിൽ PICU and HDU 2023-ൽ ആരംഭിച്ചു.
- OMFS വിഭാഗം പ്രവർത്തനം ആരംഭിച്ചു.
- കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചു.

- ജനറൽ മെഡിസിൻ, റെസ്പിറേറ്ററി മെഡിസിൻ, ഓർത്തോപീഡിക്സ്, റേഡിയോ ഡയഗ്നോസിസ്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, ഗൈനക്കോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., അനസ്തേഷ്യ, സൈക്യാട്രി, ഫോറൻസിക് മെഡിസിൻ, തുടങ്ങിയ വിഭാഗങ്ങൾ ആരംഭിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ</u>

- ഡിജിറ്റൽ റേഡിയോഗ്രഫി, ഐ.എ.ബി.പി. മെഷീൻ, ഹാർട്ട് ലംഗ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയവ ലഭ്യമാക്കി.
- 2.6 കോടി രൂപയുടെ ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.
- എം.എൽ.എ. ആസ്തി വികസന ഫണ്ട് (11.77 ലക്ഷം രൂപ) ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചു.
- എച്ച്.ഡി.എസ്. ഫണ്ടുപയോഗിച്ച് ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചു.

- പുതുതായി പ്ലാസ്റ്റിക്ക് സർജറി വിഭാഗം ആരംഭിച്ചു.
- എം.എൽ.എ. ആസ്തി വികസന ഫണ്ട് 35 ലക്ഷം രൂപ ഉപയോഗിച്ച് 49 സീറ്റ് ബസ്സ് വാങ്ങി.
- 15 പി.ജി. സീറ്റുകൾ അധികമായി ലഭിച്ചു.
- 35 ലക്ഷം രൂപ ചെലവഴിച്ച് പീസോ ഇലക്ട്രിക് സർജറി യൂണിറ്റ് സ്ഥാപിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കാസർഗോഡ്</u>

- 60 സീറ്റോടുകൂടി പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- അക്കാദമിക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- നിലവിൽ അക്കാദമിക് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒ.പി.-യും ഒന്നാമത്തെ നിലയിൽ നഴ്സിംഗ് കോളേജും പ്രവർത്തിക്കുന്നു.
- അക്കാദമിക് ബ്ലോക്കിൽ എലിവേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- കാസർഗോഡ് മെഡിക്കൽ കോളേജിന് പ്രിൻസിപ്പൽ തസ്തിക അനുവദിച്ച് നിയമനം നടത്തി.

- റേഡിയോളജി സേവനങ്ങൾക്ക് ആവശ്യമായ AERB രജിസ്ട്രേഷൻ ലഭിച്ചു.

കോഴ്സുകളും സീറ്റുകളും

| Course | Govt.Seats | Private/Co-operative Seats |
|---|---|---|
| MD/MS | 62 | 123 |
| DM/Mch. | 15 | 10 |
| MBBS | 200 | 310 |
| MSc MLT | 0 | 5 |
| BPT | 30 | 180 |
| BSc Optometry | 0 | 140 |
| BSc DT | 5 | 30 |
| BSc MLT | 0 | 240 |
| BSc RTT | 11 | 0 |
| Batchelor of Neurotechnology | 0 | 5 |
| BCVT | 0 | 2 |
| Bsc Perfusion Technology | 0 | 4 |
| BOT | 0 | 20 |
| BSc MIT | 30 | 15 |
| BASLP | 40 | 10 |
| BSc Nuclear medicine | 6 | 0 |
| MSc Nursing | 32 | 0 |
| BSc Nursing | 612 | 880 |

| | | |
|---|---|---|
| D Pharm | 0 | 420 |
| DMLT | 15 | 210 |
| DCSST | 0 | 9 |
| D-Respiratory Medicine | 0 | 5 |
| DRT | 0 | 50 |
| DOTAT | 0 | 100 |
| DRRT | 0 | 45 |
| DNT | 0 | 2 |
| DCVT | 0 | 4 |
| DORA | 10 | 20 |
| DCDM | 5 | 20 |
| DCDH | 0 | 10 |
| DDT | 0 | 40 |
| DET | 0 | 5 |

(ബി) വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവരുന്ന ഏതെല്ലാം സർജറികളും മറ്റ് ചികിത്സാ സംവിധാനങ്ങളുമാണ് പ്രസ്തുത കാലയളവിൽ സർക്കാർ ആശുപത്രികളിൽ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ എല്ലാംതന്നെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തിവരുന്നു.
- പീഡിയാട്രിക് കാർഡിയോളജിക്ക് കീഴിൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ, കാത്ത് ലാബ് ഇന്റർവെൻഷൻ, ECMO എന്നിവ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ശ്വാസകോശ രോഗങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് തീവ്രപരിചരണത്തിനായി 12 കിടക്കകളുള്ള സെമി ഐ.സി.യു. തുടങ്ങിയിട്ടുണ്ട്.
- ജനിതക രോഗങ്ങൾക്കുവേണ്ടി പ്രത്യേക വിഭാഗം രൂപീകരിക്കുകയും അതിനോടനുബന്ധിച്ച് ഇ.ആർ.ടി. (Enzyme Replacement Therapy) കൃത്യമായി നല്കിവരുന്നു.
- ജനിതക രോഗങ്ങൾ ഗർഭാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും കൗൺസിലിംഗ് ചെയ്യുന്നതിനുമുള്ള 'ശ്രദ്ധ' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

- എസ്.എം.എ. ക്ലിനിക് തുടങ്ങുകയും എസ്.എം.എ. രോഗ ബാധിതരായ കുട്ടികൾക്ക് വിലയേറിയ മരുന്ന് നൽകുകയും കുഞ്ഞിനുള്ള അനുബന്ധ ചികിത്സ (സ്പൈനൽ സർജറി) നൽകുകയും ചെയ്യുന്നു.
- ഹീമോഫീലിയ ബാധിച്ച കുട്ടികൾക്ക് സി.എച്ച്.സി. (Comprehensive Hemophilia Centre) ക്രമീകരിക്കുകയും ആശാധാര പദ്ധതി വഴി അതിനുള്ള ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.
- ഉദരരോഗ ബാധിതരായ കുട്ടികൾക്ക് വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനായി പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ 2 ദിവസം ലഭ്യമാക്കിയിട്ടുണ്ട്.
- സർക്കാർ ആശുപത്രിയിൽ ആദ്യമായി പീഡിയാട്രിക് വിഭാഗത്തിൽ അതിനൂതന ചികിത്സാ രീതിയായ ECMO ഒരു കുട്ടിക്ക് നല്കാൻ കഴിഞ്ഞു.
- ഗൈനക്കോളജി വിഭാഗത്തിൽ സാമ്പിൾ കളക്ഷൻ യൂണിറ്റ് ഒ.പി.-യിലും അത്യാഹിത വിഭാഗത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിൽനിന്നും നിശ്ചിത സമയങ്ങളിൽ

ലാബ് ടെക്നീഷ്യൻ വന്ന് സാമ്പിൾ കളക്റ്റ് ചെയ്യുന്നുണ്ട്. ആശുപത്രിക്കുള്ളിൽത്തന്നെ ഗവൺമെന്റ് ബയോകെമിസ്ട്രി, ഹെമറ്റോളജി ലാബ്, മൈക്രോബയോളജി ലാബ്, എച്ച്.ഡി.എസ്., സതീഷ് എന്നീ ലാബുകളിൽനിന്നുതന്നെ റിസൽട്ട് നൽകുവാനുള്ള കൗണ്ടർ സജ്ജീകരിച്ചിട്ടുണ്ട്.

- CDC--യോട് ചേർന്ന് parental diagnosis-നുവേണ്ടി 'ശ്രദ്ധ' എന്ന fetal Medicine unit പ്രവർത്തിക്കുന്നുണ്ട്. അവിടെ യു.എസ്.ജി. കൂടാതെ മറ്റ് പരിശോധനകളും ലഭ്യമാണ്. കൂടാതെ കുഞ്ഞിന്റെ വളർച്ചയെ എല്ലാ ഘട്ടങ്ങളിലും നിരിക്ഷിക്കാൻ ആധുനിക സ്കാൻ യന്ത്രങ്ങളും നിലവിലുണ്ട്.
- ലക്ഷ്യ പദ്ധതി ഇപ്പോൾ എസ്.എ.ടി.-യിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിലൂടെ Respectful maternity care & privacy എല്ലാ ഗർഭിണികൾക്കും ഉറപ്പായും ലഭ്യമാകും.

ഒ.പി.-യോടനുബന്ധിച്ച് എല്ലാ ദിവസവും ഒരു സ്പെഷ്യാലിറ്റി ക്ലിനിക് നടക്കുന്നുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. Vesicularmole

2. Prasanthi Clinic (For psychiatry patients)

3. Hematology clinic

4. Endocrinology

5. Menopausal Clinic

6. Adolescent clinic

7. Post covid clinic

- ഗർഭിണികൾക്കുള്ള എല്ലാ ചികിത്സയും ഹൈ റിസ്ക് ഗർഭിണികൾക്കുള്ള എല്ലാ ചികിത്സയും ഗർഭിണികൾക്കുള്ള സ്കാൻ ഗർഭാവസ്ഥയിലുള്ള എല്ലാ അടിയന്തര ശസ്ത്രക്രിയകളും ചെയ്യുന്നുണ്ട്.
- അത്യാധുനിക വെന്റിലേഷൻ രീതിയായ High frequency ventilator സംവിധാനം വളരെ ഭാരം കുറഞ്ഞ കുഞ്ഞുങ്ങൾക്കും മാസം തികയാത്ത കുഞ്ഞുങ്ങൾക്കും ഉപയോഗിച്ചുവരുന്നു. Inhaled Nitric oxide നവജാത ശിശുക്കളിൽ കാണുന്ന Pulmonary hypertension ചികിത്സയ്ക്ക് ഉപയോഗിക്കുന്നു. കൂടാതെ ലേസർ ചികിത്സയും നല്കിവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം

- കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആൻജിയോപ്ലാസ്റ്റി, മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ, തൈറോയിഡ് ശസ്ത്രക്രിയ, ബ്രസ്റ്റ് റിമൂവൽ ശസ്ത്രക്രിയ, ലാപ്രോസ്കോപ്പിക് സർജറി എന്നിവ വിജയകരമായി നടപ്പിലാക്കിവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ നിലവാരം ഉയർത്തുന്നതിനുവേണ്ടി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ, ആൻജിയോപ്ലാസ്റ്റി, ഹൃദയം തുറന്നുള്ള വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കിഡ്നി ട്രാൻസ്പ്ളാന്റേഷൻ തുടയെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവ കാസ്പ് പദ്ധതിയിലുൾപ്പെടുത്തി രോഗികൾക്ക് സൗജന്യമായി ചെയ്തുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തിയത് കോട്ടയം മെഡിക്കൽ കോളേജ്

ആശുപത്രിയിലാണ്. ഈ ആശുപത്രിയിൽ പ്രധാനമായും കരൾ മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ, ഹൃദയം മാറ്റിവയ്ക്കൽ, നേത്രപടലം മാറ്റിവയ്ക്കൽ എന്നിങ്ങനെ 4 തരത്തിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളാണ് സർക്കാരിന്റെ വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളിലൂടെ നടത്തിവരുന്നത്. ഇവ നടത്തുന്ന കാർഡിയോളജി, നെഫ്രോളജി, ഗ്യാസ്ട്രോ സർജറി ഡിപ്പാർട്ടുമെന്റുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ട്രാൻസ്പ്ലാന്റ് തിയേറ്ററുകളും, ട്രാൻസ്പ്ലാന്റ് ഐ.സി.യു.-കളുമുണ്ട്. ഒഫ്ത്താൽമോളജി ഡിപ്പാർട്ടുമെന്റിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ട്രാൻസ്പ്ലാന്റ് തിയേറ്റർ പ്രവർത്തിക്കുന്നുണ്ട്.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം</u>

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൻകിട ആശുപത്രികളിൽ നടത്തിവരുന്ന കൊറോണറി ആഞ്ജിയോഗ്രാം, കൊറോണറി ആഞ്ജിയോപ്ലാസ്റ്റി എന്നീ ഹൃദ്രോഗ ചികിത്സകളും എല്ലാ തരത്തിലുള്ള ട്രോമാ സർജറികളും ജോയിന്റ് മാറ്റിവയ്ക്കൽ സർജറികളും പീഡിയാട്രിക് ഓർത്തോ ശസ്ത്രക്രിയയും അസ്ഥിരോഗ വിഭാഗത്തിന്

കീഴിലും ഫാക്കോ ഇമൾസിഫിക്കേഷൻ/താക്കോൽദ്വാര തിമിര ശസ്ത്രക്രിയയും ടെറിജിയം ശസ്ത്രക്രിയയും നേത്രരോഗ വിഭാഗത്തിന് കീഴിലും സർജറി വിഭാഗത്തിന് കീഴിൽ എല്ലാവിധ ലാപ്രോസ്കോപിക് ശസ്ത്രക്രിയകളും ഇ.എൻ.ടി. വിഭാഗത്തിൽ ചെവി, മൂക്ക്, തൊണ്ട, കഴുത്തിനുമുള്ള എല്ലാവിധ ശസ്ത്രക്രിയകളും നടത്തിവരുന്നു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>

- സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എല്ലാ കാൻസർ സർജറികളും നൂതന സംവിധാനങ്ങൾ ഉപയോഗിച്ച് ചെയ്തുവരുന്നു. ന്യൂറോസ്കോളിയോസിസ് കറക്ഷൻ സർജറി, ഓർത്തോപീഡിക്സ് വിഭാഗവുമായി ചേർന്ന് നടത്തിവരുന്നു.
- Steriotactic Neuro Surgery കഴിഞ്ഞ 2 വർഷമായി ന്യൂറോ സർജറി വിഭാഗത്തിൽ നടത്തിവരുന്നു.
- ലാപ്രോസ്കോപ്പി ഉപയോഗിച്ചുള്ള ആധുനികരീതിയിലുള്ള എല്ലാസർജറികളും, സർജറി/സർജിക്കൽ ഓങ്കോളജി/OBG വിഭാഗങ്ങളിൽ നടത്തിവരുന്നു.

- വൻകിട ആശുപത്രികളിൽ നടന്നുവരുന്ന Pancreas Liver Resection, അന്നനാളത്തിന്റെയും, ആമാശയത്തിന്റെയും കാൻസർ ചികിത്സ മുതലായ 5 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ ചെലവ് വരുന്ന ശസ്ത്രക്രിയകൾ വളരെ കുറഞ്ഞ ചെലവിൽ നടത്തിവരുന്നുണ്ട്.
- ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആദ്യമായി Thoracoscopy ഉപയോഗിച്ച് lung കാൻസറിനുള്ള സർജറി സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ നടത്തിവരുന്നു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

- ഹൃദയ ശസ്ത്രക്രിയ വിഭാഗത്തിൽ നടത്തിവരുന്ന എല്ലാവിധ സങ്കീർണ്ണ ശസ്ത്രക്രിയകളും (ട്രാൻപ്ലാന്റേഷൻ ഒഴികെ) ഡിപ്പാർട്ടുമെന്റ് ഓഫ് CVTS വിഭാഗത്തിൽ വിജയകരമായി ചെയ്തുവരുന്നു. കൂടാതെ ശ്വാസകോശ സംബന്ധമായ സങ്കീർണ്ണ ശസ്ത്രക്രിയകളും മഹാരക്ത ധമനിയുടെ ഓപ്പറേഷനുകളും ഡിപ്പാർട്ടുമെന്റ് വിജയകരമായി കൈകാര്യം ചെയ്തുവരുന്നു. സർജറി വിഭാഗത്തിൽ താഴെപ്പറയുന്ന ശസ്ത്രക്രിയകളും നടത്തിവരുന്നുണ്ട്. Translabrinthine Acoustic Neuroma Excision,

lateral Skull base surgery, Esophageal Replacement surgery, Pelvic Eccentration surgery. ഈ ശസ്ത്രക്രിയകളിൽ ഭൂരിഭാഗവും സർക്കാർ ഇൻഷുറൻസ് മുഖേന രോഗികൾക്ക് തീർത്തും സൗജന്യമായാണ് ചെയ്തുകൊടുക്കുന്നത്.

- വൻകിട സ്വകാര്യ ആശുപത്രികളെ വെല്ലുന്ന താഴെപ്പറയുന്നതടക്കമുള്ള വിവിധ ചികിത്സാസംവിധാനങ്ങൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

PET CT

4 K laproscopic System for surgery -2

CT Scan to PMSSY

MRI – PMSSY

Neuro endoscopy system –Neuro Surgery

ESWL – Urology

Vitriotomy system – Ophthalmology

Arthroscopic Navigation system – Ortho

Video intubating Bronchoscope – In MOT – MCH

Fully Automated Horizontal Autoclave Model –B (Double Door) – in CSR-IMCH

High frequency oscillating Jet ventilator – In Paediatrics – IMCH

Cryostat – In Pathology – GMC

Pulmonary function testing machine DLCO CPET – in PFT Dept. –ICD

High frequency oscillating jet ventilator – In Pediatrics – IMCH

CO2 Laser system new born – IN ENT OT –MCH

Gastro Videoscope – In Paediatrics –IMCH

IABP – in CVTS

ECHO machine – In Pediatrics – IMCH

ഗവൺമെന്റ് മെഡിക്കൽ കോളേജ്, വയനാട്

ജനറൽ സർജറി വിഭാഗത്തിൽ Total Gastrectomy, Low Anterior Resection, Abdominoperineal resection Mastectomy, Total thyroidectomy and Neck Dissection കാൻസർ ശസ്ത്രക്രിയകളും Advanced Flap surgeries, AV

Fistula Surgeries, Open splenectomy, Lap Hernia Surgeries എന്നീ ശസ്ത്രക്രിയകൾ ചെയ്തുവരുന്നു. Emergency Laproscopy for Blunt injuries perforation appendicitis സർജറികളും ചെയ്തുവരുന്നു. ഇ.എൻ.ടി. വിഭാഗത്തിൽ Functional Endoscopic sinus surgery Endoscopic Tympanoplasty endoscopic septoplasty, Adenotosillectomy എന്നീ സർജറികൾ ചെയ്തുവരുന്നു. OMG വിഭാഗത്തിൽ High risk obstetric surgeries/Deliveries in patients with placenta praevia severe preeclampsia ectopic pregnancy എന്നിവയും ovariam tumor, fibroid uterus prolapsed uterus severe preeclampsia, ectopic pregnancy എന്നിവയ്ക്കുള്ള gynaecological സർജറികളും Laproscopic sterilisation post partum sterilisation ശസ്ത്രക്രിയകളും ചെയ്തുവരുന്നു. ഓർത്തോപീഡിക്സ് വിഭാഗത്തിൽ Revision total Hip replacement, revision total knee replacement Arthroscopic ACL Reconstruction and Meniscus repair surgical procedures in sickle cell anaemia എന്നിവയും ചെയ്തുവരുന്നു.

**ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ**

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെഷ്യലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പ്രധാനപ്പെട്ട എല്ലാ സർജറികളും നടന്നുവരുന്നുണ്ട്. കണ്ണൂർ സർക്കാർ ദന്തൽ കോളേജിലെ മാക്സിലോ ഫേഷ്യൽ സർജറി വിഭാഗത്തിൽ അപകടത്തിൽ മുഖത്ത് പരിക്കുപറ്റി വരുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകിവരുന്നു. കൂടാതെ മറ്റ് സ്വകാര്യ ദന്തൽ കോളേജുകളിലും ദന്തൽ ക്ലിനിക്കുകളിലും ലഭ്യമാകുന്ന എല്ലാവിധ ദന്തൽ ചികിത്സകൾ ദന്തൽ കോളേജിന്റെ വിവിധ വിഭാഗങ്ങളിലായി ലഭ്യമാക്കുന്നുണ്ട്.

(സി) 2011 മുതൽ 2016 വരെയും 2016 മുതൽ നാളിതുവരെയും ആരോഗ്യ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാണോ?

2011 മുതൽ 2016 വരെ സംസ്ഥാനത്തെ മെഡിക്കൽ-നഴ്സിംഗ്-ദന്തൽ കോളേജുകളിലായി 1129 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൽ 2622 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ

അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്താനും അതോടൊപ്പംതന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ചികിത്സയ്ക്കെത്തുന്നവർക്ക് മികച്ച ചികിത്സയോടൊപ്പം സുരക്ഷയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് മികച്ച ചികിത്സയോടൊപ്പം സുരക്ഷയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചികിത്സക്കെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സുരക്ഷ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാവിഭാഗങ്ങളിൽ വനിത സെക്യൂരിറ്റിയുൾപ്പെടെ നിയമിച്ചുകൊണ്ട് സുരക്ഷാവിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. Code grey

പ്രോട്ടോകോൾ നടപ്പിലാക്കി. ആശുപത്രികളിലെ പ്രധാന കവാടങ്ങളിലും മറ്റ് ഇടങ്ങളിലും സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. പോലീസ് എയ്ഡ് പോസ്റ്റ്, സൈറൺ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഔട്ട് പോസ്റ്റ് ആശുപത്രികളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. സുരക്ഷാവിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ മദ്യനയം**

28 (*28) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ പേരിൽ വ്യാജവാർത്തകൾ സൃഷ്ടിച്ച് സർക്കാരിനെതിരെ ദുഷ്പ്രചാരണങ്ങൾ നടത്തിവരുന്നുവെന്ന ആരോപണം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ചില മാധ്യമങ്ങളുമായി ചേർന്ന് പ്രചരിപ്പിക്കുന്ന വ്യാജവാർത്തകളുടെ ഉദ്ദേശ്യവും അതിന്റെ ഉറവിടവും കണ്ടെത്തുന്നതിന് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യാജവാർത്തകൾ സൃഷ്ടിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതിഛായ തകർക്കുവാൻ ശ്രമിക്കുന്നവർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ഇതുസംബന്ധിച്ച് പോലീസ് അന്വേഷണം നടന്നുവരുന്നുണ്ട്.

**ഭക്ഷ്യസുരക്ഷാ പരിശോധനകൾ**

29 (*29) ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് തുടർച്ചയായി നടത്തിവരുന്ന പരിശോധനകളും അനന്തര നടപടികളും ഈ മേഖലയിലെ

നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടർച്ചയായി നടത്തിവരുന്ന പരിശോധനകളും തുടർനടപടികളും നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമാണ്. 2023–24 സാമ്പത്തിക വർഷത്തിൽ 65432 പരിശോധനകൾ നടത്തുകയും 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 37763 സർവയിലൻസ് സാമ്പിളുകളും ശേഖരിച്ച് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയ 9642 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 4337 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 746 പ്രോസിക്യൂഷൻ കേസുകളും 982 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം നടത്തിയ പരിശോധനകളുടെ ഫലമായി കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധനകളുടെ ഭാഗമായി 7343 റെക്ടിഫിക്കേഷൻ നോട്ടീസുകളും 9642 കോമ്പൗണ്ടിംഗ് നോട്ടീസുകളും 4337 ക്ലോഷർ നോട്ടീസുകളും നൽകുകയും 4,05,45,150 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ചതിൽ Unsafe പരിശോധനാഫലം ലഭിച്ച 746 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുകയും Substandard/Misbranded പരിശോധനാഫലം ലഭിച്ച 982 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് പ്രസ്തുത പരിശോധനകളിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകളുൾപ്പെടെ കൂടുതൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെച്ചേർക്കുന്നു.

| വർഷം | പരിശോധനകളുടെ എണ്ണം |
|---|---|
| 2021-22 | 7241 |

| | |
|---|---|
| 2022-23 | 20901 |
| 2023-24 | 65432 |

(ഡി) നിയമലംഘനങ്ങൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതുവഴി ഈടാക്കാൻ കഴിഞ്ഞ തുക എത്രയെന്നും അറിയിക്കാമോ?

നിയമലംഘനങ്ങൾ നടത്തിയവർക്കെതിരെ നിയമം അനുശാസിക്കുന്ന അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ, കോമ്പൗണ്ടിംഗ് നടപടികളാണ് സ്വീകരിക്കുന്നത്. ആയതിന്റെ വിശദാംശം ചുവടെച്ചേർക്കുന്നു.

| | 2022-23 | 2023-24 |
|---|---|---|
| Total Adjudication filed | 728 | 982 |
| Total Prosecution filed | 582 | 746 |
| Total Compounding Notice issued | 6022 | 9642 |
| Total Compounded Amount | 28206500 | 40545150 |

കോമ്പൗണ്ടിംഗ് നടപടികളിലൂടെ 2022-23, 2023-24 കാലയളവിൽ 15664 ഭക്ഷ്യ സംരംഭകരിൽനിന്നായി ആകെ 6,87,51,650 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

**ഡ്രൈ ഡേ**

30 (*30) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. കുറുക്കോളി മൊയ്തീൻ
ശ്രീ. യു. എ. ലത്തീഫ്
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) എല്ലാ മാസവും ഒന്നാം തീയതി ഡ്രൈ ഡേ ആയി ആചരിക്കുന്നത് ഒഴിവാക്കിയാലുണ്ടാവുന്ന വരുമാന വർധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) ഡ്രൈ ഡേ എന്നുമുതൽ ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡ്രൈ ഡേ ഒഴിവാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഈ നടപടിമൂലം മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

ബാധകമല്ല.

(ഡി) മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവന്ന് മദ്യവർജനത്തിന് ഊന്നൽ നൽകി ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരിവർജന മിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് ശരിയായ അവബോധം നൽകുന്നതിനും ലഹരിയുടെ വിപത്തിൽ വീഴാതെ സ്വയം സംരക്ഷണം തീർക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തിമിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിലും 'നേർവഴി' എന്ന പേരിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കോളേജുതലത്തിൽ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗമില്ലാതാക്കുന്നതിന് കോളേജ് കാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡ് തലത്തിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആദിവാസി മേഖലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തിരുവനന്തപുരം-പൊൻമുടി റോഡ് നിർമ്മാണം**

1 (1) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തിരുവനന്തപുരം-പൊൻമുടി റോഡ് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) തിരുവനന്തപുരം-പൊന്മുടി റോഡിന്റെ നിർമ്മാണ പുരോഗതി താഴെക്കൊടുക്കുന്നു.

കൽവർട്ട് നിർമ്മാണം 50 ശതമാനവും സംരക്ഷണഭിത്തി നിർമ്മാണം 60 ശതമാനവും ഓട നിർമ്മാണം 25 ശതമാനവും ടോ വാൾ (Toe wall)

നിർമ്മാണം 36 ശതമാനവും ഡി.ബി.എം. ജോലികൾ 4.2 കിലോമീറ്ററും ബി.സി. ജോലികൾ 1.95 കിലോമീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാരന് കർശന നിർദേശം നൽകിയിട്ടുണ്ട്.

**താലൂക്ക് അദാലത്തുകളിൽ ലഭിച്ച പരാതികളുടെ വിശദാംശം**

2 (2) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ താലൂക്ക് അദാലത്തുകളിൽ ലഭിച്ച പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ താലൂക്ക് അദാലത്തുകളിൽ ലഭിച്ച പരാതികളിൽ ഇതിനോടകം തീർപ്പാക്കിയവയുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പരാതി പരിഹാര സെൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

3 (3) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് അയയ്ക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പുകല്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ തീർപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ള കാലപരിധി 15 ദിവസമാണ്. പരാതികൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കാലപരിധി കഴിഞ്ഞ പരാതികൾ സംബന്ധിച്ച് ഫോൺ മുഖേനയും പോർട്ടൽ മുഖേനയും മുന്നറിയിപ്പുകളും സന്ദേശങ്ങളും നൽകുന്നുണ്ട്. പരാതി തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന് ടോൾ ഫ്രീ നമ്പറിലൂടെയോ, തുടർപരാതിയിലൂടെയോ അറിയിക്കുന്ന കേസുകളിൽ പ്രത്യേക പരിഗണന നൽകി പരാതികൾ തീർപ്പാക്കുന്നുണ്ട്.

(ബി) പരാതികളിൽ തീർപ്പുകല്പിക്കാൻ കാലതാമസം നേരിടുന്നപക്ഷം എം.എൽ.എ.-മാർ മുഖേന നൽകുന്ന പരാതികളിൽപോലും ഇടക്കാല

മറുപടികൾ സമയബന്ധിതമായി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മറുപടികൾ കൃത്യമായി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ.-മാർ ആമുഖകത്ത് സഹിതം നൽകുന്ന എല്ലാ കത്തുകൾക്കും പരാതികൾക്കും കൃത്യമായി മറുപടി നൽകുന്നുണ്ട്. പരാതികൾ തീർപ്പാക്കുന്ന വേളയിൽ ജനപ്രതിനിധികൾക്ക് വ്യക്തമായ മറുപടി നൽകണമെന്ന് എല്ലാ വകുപ്പുസെക്രട്ടറിമാർക്കും വകുപ്പുമേധാവികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും കർശന നിർദേശം നൽകിയിട്ടുണ്ട്.

(സി) സി.എം.ഒ. പോർട്ടൽ ജി3240300972 നമ്പർ പ്രകാരം സമർപ്പിച്ച ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടി ഇതുവരെ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ; 23-03-2024-ലെ കെ2/37/2024 പൊ.വി.വ. നമ്പർ കത്തിലൂടെ ഒരാഴ്ചയ്ക്കുള്ളിൽ മറുപടി സർക്കാരിൽ ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയക്ടറോട് ആവശ്യപ്പെട്ടിട്ടും

നാളിതുവരെ മറുപടി നൽകാൻ കാലതാമസം നേരിട്ടതിന് കാരണം വിശദമാക്കാമോ; പ്രസ്തുത പരാതിക്ക് അടിയന്തരമായി പരിഹാരം കണ്ടെത്തി മറുപടി ലഭ്യമാക്കുമോ?

മലപ്പുറം ഉപവിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. നൽകിയ കത്ത് പോർട്ടലിൽ ജി 3240300972 ഡോക്കറ്റ് നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യുകയും 12-03-2024-ൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

**കേരളീയം പരിപാടി സ്പോൺസർഷിപ്**

4 (4) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം പരിപാടിക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്പോൺസർഷിപ് മുഴുവൻ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശവും ഓരോ സ്ഥാപനവും വ്യക്തിയും നൽകിയ തുകയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിപാടിക്ക് നാളിതുവരെ ലഭിച്ച സ്പോൺസർഷിപ്പുകൾ നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശവും ഓരോ സ്ഥാപനവും വ്യക്തിയും നൽകിയ തുകയും വ്യക്തമാക്കാമോ?

(എ&ബി) കേരളീയം പരിപാടിയുടെ സ്പോൺസർഷിപ് തുക ലഭ്യമായി വരുന്നതേയുള്ളൂ എന്നതിനാൽ ക്രോഡീകരിച്ച വിവരം ലഭ്യമല്ല. ഇതിനായി പി.ആർ.ഡി. ഡയറക്ടറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 2024 മേയ് മാസം വരെ 11,47,12,000 രൂപ (പതിനൊന്ന് കോടി നാല്പത്തിയേഴ് ലക്ഷത്തി പന്ത്രണ്ടായിരം രൂപ) ലഭിച്ചിട്ടുണ്ട്.

**സർക്കാർ സർവീസിൽ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങൾ**

5 (5) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർഥികൾക്കാണ് സർക്കാർ സർവീസിൽ നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

2021 മേയ് മുതൽ 2024 ഏപ്രിൽ 30 വരെ 86031 (എൺപത്തിയാറായിരത്തി മുപ്പത്തിയൊന്ന്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) അതിന്റെ വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**സേവനാവകാശ നിയമം**

6 (6) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഉണ്ട്.

(ബി) എങ്കിൽ എപ്പോഴാണ് ഈ നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ?

2012 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു.

(സി) ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുകയെന്നത് നിയമംമൂലം അവകാശമായി അംഗീകരിക്കപ്പെട്ടു.

(ഡി) ഉദ്ദേശ്യലക്ഷ്യങ്ങൾ എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമം അനുശാസിക്കുന്നവിധത്തിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(ഡി&ഇ) പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(എഫ്) സേവനാവകാശ നിയമപ്രകാരം സേവനം ലഭ്യമാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷണ നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

സേവനാവകാശ ആക്റ്റ് സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്. നിശ്ചിത

സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവുവഴി കാരണങ്ങൾ വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാനിരക്കിൽ അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ചവരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ

അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്തഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ ബാധകമായ സർവീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.

(ജി) നിയമം നിലവിൽ വന്നതിനുശേഷം ഇത്തരം ശിക്ഷണ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഓഫീസും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ; സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം നിയമം പറയുന്നതുപോലെ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സേവനാവകാശ നിയമപ്രകാരമുള്ള പരിഹാര മാർഗങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

7 (8) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗം**

8(9) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെയോ അനുമതിയോടെയാണോ സി-ഡിറ്റ്, സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സി.എം.ഒ പോർട്ടലിൽ സി-ഡിറ്റ് സ്വന്തമായി നിർമ്മിച്ച സോഫ്റ്റ്‌വെയർ മാറ്റി ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; സോഫ്റ്റ്‌വെയർ മാറ്റുന്നതിന് തീരുമാനിച്ച മിനിട്സിന്റെ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**(എ&ബി)** സി.എം.ഒ. പോർട്ടലിനുവേണ്ടി സി-ഡിറ്റ് ആദ്യം നിർമ്മിച്ച സോഫ്റ്റ്‌വെയർ പി.എച്ച്.പി. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഉപയോക്താക്കളുടെ (users) എണ്ണത്തിലുണ്ടായ വർധനവിനെത്തുടർന്ന് പി.എച്ച്.പി.-ക്കുപകരം ജാവാ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം സി.എം.ഒ. പോർട്ടലിനുവേണ്ടി ഉപയോഗിക്കാൻ തീരുമാനിക്കുകയുണ്ടായി. ഓസ്പിൻ ടെക്നോളജീസ്

വികസിപ്പിച്ചതും ജാവ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ ഡിജിറ്റൽ ഫയൽഫ്ലോ സോഫ്റ്റ്‌വെയർ (DDFS) ഉപയോഗിച്ചുകൊണ്ട് നേരത്തെ സി-ഡിറ്റ് വികസിപ്പിച്ച പോർട്ടൽ ഡാറ്റാ സഹിതം മൈഗ്രേറ്റ് ചെയ്യുകയാണുണ്ടായത്. ഇതുൾപ്പെടെ സോഫ്റ്റ്‌വെയർ വികസനത്തിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

(സി) മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലുമായി ബന്ധപ്പെട്ട് നാളിതുവരെ ഓസ്പിൻ കമ്പനി എത്ര തുകയുടെ ഇൻവോയിസ് നൽകിയിട്ടുണ്ടെന്നും എത്ര തുക സി-ഡിറ്റ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഓസ്പിൻ എന്ന കമ്പനിയുടെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലേക്ക് സി.എം.ഒ. ആപ്ലിക്കേഷൻ ബന്ധിപ്പിച്ചതിന്റെ സാമ്പത്തിക ബാധ്യത, ഡാറ്റാ ചോർച്ച, സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ ദൂരവ്യാപക പ്രത്യാഘാതങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നിർദേശം നൽകുമോ; വിശദമാക്കുമോ?

സി.എം.ഒ. പോർട്ടലിലെ ഫയൽ നീക്കത്തിനുവേണ്ടി സി-ഡിറ്റ് വാങ്ങിയ സോഫ്റ്റ്‌വെയർ പൂർണ്ണമായും സി-ഡിറ്റിന്റെ നിയന്ത്രണത്തിലാണ്. ഇത് സർക്കാരിന്റെ ഡാറ്റാ സെന്ററിലാണ് വിന്യസിച്ചിട്ടുള്ളത്.

**കായംകുളം നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ**

9 (10) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ.പി. എന്നീ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ.പി. എന്നീ

പദ്ധതികളിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ടീമിന്റെ ചെലവുകൾ**

10(12) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ടീമിന്റെ ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ടീമിൽ നിലവിൽ പ്രവർത്തിക്കുന്നവരുടെ പേരും തസ്തികയും ശമ്പളവും വിദ്യാഭ്യാസ യോഗ്യതയും ഓരോരുത്തരെയും നിയമിച്ച തീയതിയും വ്യക്തമാക്കുമോ?

(എ&ബി) മുഖ്യമന്ത്രിയുടെ വെബ്സൈറ്റും സോഷ്യൽ മീഡിയ ഹാൻഡിലുകളുടെയും പരിപാലനത്തിനുള്ള മാനവവിഭവശേഷി വിഭാഗത്തെ 2022 മേയ് 16 മുതലാണ് നിയോഗിച്ചത്. ശമ്പളം, വിദ്യാഭ്യാസ യോഗ്യത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ മാനവവിഭവശേഷിക്കുള്ള വേതനയിനത്തിലാണ് ഈ ചെലവുകൾ ഓരോ മാസവും വരുന്നത്.

(സി) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് ഇനംതിരിച്ച് വിശദമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ വെബ്സൈറ്റും സോഷ്യൽ മീഡിയ ഹാൻഡിലുകളുടെയും പരിപാലനത്തിനുള്ള മാനവവിഭവശേഷി വിഭാഗത്തെ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖാന്തരം നേരിട്ട് നിയോഗിച്ചിട്ടില്ല.

## സർക്കാർ സർവീസിൽ സൃഷ്ടിച്ച തസ്തികകൾ

11 (13) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024 മാർച്ച് 31-വരെ സർക്കാർ സർവീസിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പിലാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ സ്ഥിരം നിയമനങ്ങൾ എത്രയെന്നും താൽകാലിക നിയമനങ്ങൾ എത്രയെന്നും വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ സർവീസിലെ നിയമനങ്ങൾ**

12 (14) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മേയ് മാസം മുതൽ 2024 മേയ് മാസം വരെ എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്ന് വകുപ്പുതിരിച്ച് അറിയിക്കാമോ?

2021 മേയ് മുതൽ 2024 ഏപ്രിൽ 30 വരെ 86031 (എൺപത്തിയാറായിരത്തി മുപ്പത്തിയൊന്ന്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രസ്തുത കാലയളവിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ആശ്രിത നിയമനം**

13 (15) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ സർവീസിൽ ആശ്രിത നിയമനത്തിനായി അപേക്ഷിച്ചവരിൽ ഇനി എത്ര ആളുകൾക്ക് നിയമനം നൽകാനുണ്ട്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അതത് ജീവനക്കാർ ജോലി ചെയ്തിരുന്ന വകുപ്പിലാണ് അപേക്ഷ നൽകേണ്ടത്. ഇപ്രകാരം ഓരോ വകുപ്പിലും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ജീവനക്കാരുടെ എണ്ണം**

14 (16) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് രേഖകൾപ്രകാരം സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓരോ വകുപ്പിലും സ്ഥിരം തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വിവിധ വകുപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ?

സ്പാർക്ക് ആപ്ലിക്കേഷൻ വിവരങ്ങൾ പ്രകാരമുള്ള സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം മാർച്ച് മാസത്തെ ശമ്പള പ്രകാരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സ്പാർക്കിലെ രേഖകൾ പ്രകാരം സ്ഥിരം ജീവനക്കാർക്കും താൽക്കാലിക, കോൺട്രാക്ട്, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുമായി ഓരോ വിഭാഗത്തിലും ഒരു മാസം ശമ്പളത്തിനും മറ്റിനങ്ങളിലുമായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2024 മാർച്ച് മാസത്തിൽ നൽകിയ ആകെ തുക (ലക്ഷത്തിൽ) താഴെ ലഭ്യമാക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| എംപ്ലോയ്മെന്റ് ടൈപ്പ് | തുക |
|---|---|
| സ്ഥിരം ജീവനക്കാർ | 303716.11 ലക്ഷം രൂപ |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 364.39 ലക്ഷം രൂപ |
| കോൺട്രാക്ട് | 2292.58 ലക്ഷം രൂപ |
| ദിവസവേതനം | 5852.03 ലക്ഷം രൂപ |

**സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

15 (17) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിൽ നാളിതുവരെ എത്ര ഫയലുകളാണ് ഇനിയും തീർപ്പാക്കുവാനുള്ളതെന്ന് അറിക്കാമോ;

(ബി) ഓരോ വകുപ്പിലും കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ വിവരങ്ങൾ ലഭ്യമാകുന്നതിനായി പ്രതിമാസ പ്രവർത്തനപത്രിക തയ്യാറാക്കുന്നുണ്ട്. 2024 മേയ് മാസത്തെ പ്രതിമാസ

പ്രവർത്തനപത്രിക പ്രകാരം 299425 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഒരോ മാസവും ഇ-ഓഫീസിൽ ഇലക്ട്രോണിക്കലി ജനറേറ്റ് ചെയ്യപ്പെടുന്ന പ്രതിമാസ പ്രവർത്തന പത്രിക വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെ എല്ലാ വകുപ്പിലെയും/സെക്ഷനിലെയും മേലുദ്യോഗസ്ഥർ അവലോകനം ചെയ്ത് കാര്യക്ഷമത ഉറപ്പുവരുത്താൻ നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ വകുപ്പുതല പ്രതിമാസ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിലും ഫയൽ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

16 (18) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**പുതിയ ജീവനക്കാർക്ക് പരിശീലനം നൽകാൻ നടപടി**

17 (19) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രാരംഭത്തിൽ മതിയായ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സേവനത്തിന്റെ ആരംഭത്തിൽ പരിശീലനം ലഭിക്കാത്തതുമൂലം ജീവനക്കാരുടെ കർമ്മശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാതെ ഫയൽ തീർപ്പാക്കലിൽ ഉൾപ്പെടെ സർക്കാർ സേവനങ്ങൾ വൈകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർക്കായി ഇൻഡക്ഷൻ പരിശീലനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) നടത്തിവരുന്നുണ്ട്.

(സി) ഇ-ഓഫീസ് സംവിധാനങ്ങൾ നിലവിൽവന്നിട്ടും സേവനം വൈകുന്നതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ജീവനക്കാർക്ക് തുടർപരിശീലനം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാർക്കായി ഇ-ഓഫീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) നടത്തിവരുന്നു.

**സർക്കാർ തൊഴിൽ മേഖലയിലെ അനാകർഷണത**

18 (20) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലമായി വന്നിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കാരണം ചെറുപ്പക്കാർ സർക്കാർ തൊഴിൽ മേഖല അവഗണിച്ച് സ്വകാര്യ മേഖലയിലും വിദേശ രാജ്യങ്ങളിലും തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നതായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക ഞെരുക്കം കാരണം മൂന്ന് വർഷക്കാലമായി ശമ്പള വർധനവോ മറ്റ് അനുബന്ധ ആനുകൂല്യങ്ങളോ ലഭിക്കാത്തതിനാൽ ജീവനക്കാർതന്നെ സർക്കാർ മേഖലയിലെ തൊഴിൽ സാധ്യതകളിൽനിന്നും തങ്ങളുടെ പിൻതലമുറക്കാരെയടക്കം പിന്തിരിപ്പിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രാജ്യത്തെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും സാമ്പത്തികനേട്ടം കൈവരിക്കുകയും അവിടങ്ങളിലെ സർക്കാർ മേഖലയിൽ ജോലി

ചെയ്യുന്നവർക്ക് മാന്യമായ സേവന-വേതന വ്യവസ്ഥകൾ നൽകുമ്പോഴും നമ്മുടെ സംസ്ഥാനം ഇക്കാര്യത്തിൽ പിൻപന്തിയിലാണെന്ന ആരോപണം ശരിയാണോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അവസ്ഥ നമ്മുടെ സമൂഹത്തിലാകെ പ്രചരിച്ചത് കാരണം സർക്കാർ മേഖലയിൽനിന്നും മിടുക്കന്മാരായ ചെറുപ്പക്കാർ അകലുന്നുവെന്ന ആരോപണത്തോട് യോജിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ മേഖലയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അർഹമായ ശമ്പളവും ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. ഇത്തരം ആരോപണങ്ങളിൽ വസ്തുതയില്ല.

**വൈപ്പിൻ മണ്ഡലത്തിലെ നവകേരള സദസ്സ്**

19 (22) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും നവകേരള സദസ്സുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും എത്ര പരാതികൾ തീർപ്പാക്കാനുണ്ടെന്നും തീർപ്പാക്കാനുള്ള പരാതികൾ എന്നത്തേയ്ക്ക് തീർപ്പാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(സി) നിവേദകർക്ക് പരാതി തീർപ്പാക്കിയത് സംബന്ധിച്ച മറുപടി ലഭ്യമാകാത്തത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

(എ-സി) 4339 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 3868 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ

ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

**നവകേരള സദസ്സ്**

20 (23) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ എത്രയെന്നറിയിക്കാമോ; ലഭിച്ച പരാതികളിൽ പൂർണ്ണമായും പരിഹരിച്ചവ, ഭാഗികമായി പരിഹരിച്ചവ, ഒരു നടപടിയും സ്വീകരിക്കാത്തവ ഇവ എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

645099 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 533465 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി

പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

(ബി) നവകേരള സദസ്സിനായി ഓരോ മണ്ഡലത്തിലും പരസ്യം, ഫ്ലെക്സ്, പന്തൽ, ലൈറ്റ് & സൗണ്ട്സ്, കസേര, ഭക്ഷണം, പൗരപ്രമുഖരുമായി നടത്തിയ പ്രഭാത ഭക്ഷണം, പ്രചാരണം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ആകെ ചെലവഴിച്ച തുക പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ;

(സി) നവകേരള സദസ്സിന്റെ ചെലവുകൾക്കായി സർക്കാർ നൽകിയ തുക, സ്പോൺസർഷിപ് വഴി ലഭിച്ച തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച തുക, സദസ്സിന്റെ ചുമതല വഹിച്ച കൺവീനർമാർ പിരിച്ച് നൽകിയ തുക, മറ്റു സംഭാവനകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) നവകേരള സദസ്സുമായി ബന്ധപ്പെട്ട പരിപാടികൾക്കായി എത്ര മതിലുകൾ പൊളിച്ചു; അവ പുതുക്കി പണിതോയെന്നറിയിക്കാമോ; മതിലുകൾ പൊളിച്ചു കെട്ടുന്നതിനായി എത്ര രൂപ ചെലവായി; ആ തുക എവിടെനിന്ന് കണ്ടെത്തി; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി-ഡി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്**

21 (24) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും നവകേരള സദസ്സുമായി ബന്ധപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചുവെന്നും ആയതിൽ എത്രയെണ്ണം ഇതിനകം തീർപ്പാക്കിയെന്നും വകുപ്പുതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

6781 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 6296 നിവേദനങ്ങൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും

പൊതുസ്വഭാവമുള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമെ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ**

22 (25) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മാവേലിക്കര നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നുമുള്ള വിവരം അറിയിക്കുമോ?

4156 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 2341 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ, ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമതീരുമാനമെടുക്കാൻ കഴിയൂ.

തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ നടന്ന പ്രഭാത യോഗത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളിൽ തീർപ്പുകല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധനകൾ നടത്തിവരുന്നു.

**നവകേരള സദസ്സ്**

23 (26) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതികളുടെ എണ്ണവും അതിൽ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കിയ പരാതികളുടെ എണ്ണവും നാളിതുവരെ തീർപ്പാക്കിയ പരാതികളുടെ എണ്ണവും ഇനിയും തീർപ്പ് കല്പിക്കാൻ അവശേഷിക്കുന്ന പരാതികളുടെ എണ്ണവും ഉൾപ്പെടെയുള്ള

വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

643099 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 533649 പരാതികളിൽ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

(ബി) നവകേരള സദസ്സ് സംഘടിപ്പിച്ചതിന്റെ ഭാഗമായി സർക്കാർ അനുവദിച്ചതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയതും സ്പോൺസർഷിപ്പിനത്തിൽ കണ്ടെത്തിയതും ഉൾപ്പെടെ ആകെ സമാഹരിച്ച തുകയും ചെലവഴിച്ച തുകയും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ**

24 (27) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിലേക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ലഭിച്ച 6265 അപേക്ഷകളിൽ 5567 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമെ അന്തിമതീരുമാനമെടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നവകേരള സദസ്സ്**

25 (28) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും എത്ര പരാതികൾ ലഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണം തീർപ്പാക്കിയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽനിന്ന് ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കാമോ;

(ഡി) ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും 3059 പരാതികൾ ലഭ്യമാകുകയും ആയതിൽ 2425 പരാതികൾ ഇതിനോടകം

തീർപ്പാക്കിയിട്ടുമുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധ തലങ്ങളിൽ പരിശോധിച്ചുവരികയാണ്. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമെ അന്തിമതീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വാഹനങ്ങളുടെ യാത്രാ വിവരങ്ങൾ**

26 (29) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സ് സംഘടിപ്പിച്ച ദിവസങ്ങളിലെ ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെയും അവരുടെ ഓഫീസുകളിലേക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മറ്റ് വാഹനങ്ങളുടെയും യാത്രാ വിവരങ്ങൾ ഉൾപ്പെടുന്ന ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

നവകേരള സദസ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ടൂറിസം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ വാഹനങ്ങൾ ഉപയോഗിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

**റിട്ടയർ ചെയ്ത ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പുനർനിയമനം**

27 (30) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിട്ടയർ ചെയ്ത എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് സർക്കാർ വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്; ഇവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികയിലാണ് നിയമനം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഇവർക്ക് നൽകുന്ന ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഇടുക്കി പാക്കേജ്**

28 (31) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള ഇടുക്കി പാക്കേജിൽ എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്?

ഇടുക്കി വികസന പാക്കേജിനായി 2022-23, 2023-24, 2024-25 വർഷങ്ങളിൽ 75 കോടി രൂപവീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇടുക്കി പാക്കേജിലുൾപ്പെടുത്തി നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

ഇടുക്കി വികസന പാക്കേജിന്റെ ഭാഗമായി 2022-23 വർഷം 5 പദ്ധതികൾക്കും 2023-24 വർഷം 3 പദ്ധതികൾക്കും ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ വിവിധഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇടുക്കി വികസന പാക്കേജിനായി കാലാവധി നിശ്ചയിച്ചിട്ടില്ല.

(ഡി) പ്രസ്തുത പാക്കേജിലുൾപ്പെടുത്തി ഈ വർഷം ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികളാണ് ഏറ്റെടുത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കാനുദ്ദേശിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**റീ-ബിൽഡ് കേരള പദ്ധതി**

29 (32) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പിറവം നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

30 (33) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പിറവം നിയോജകമണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയുൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകുവാനുള്ളതെന്ന് വിശദമാക്കാമോ?

പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ**

31 (35) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ സയൻസ് ഫെസ്റ്റിവലിൽ സെക്യൂരിറ്റി സർവീസ് നല്കിയത് ഏത് സ്ഥാപനമാണെന്നും എത്ര തുകയ്ക്കാണ് കരാർ നൽകിയതെന്നും കരാർ വ്യവസ്ഥകൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; കരാർ പ്രകാരമുള്ള തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം കൃത്യമായ സർവീസ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് തുക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്ലോബൽ സയൻസ് ഫെസ്റ്റിവലിൽ മ്യൂസിയം ഓഫ് മൂൺ പ്രദർശിപ്പിച്ച ആർട്ടിസ്റ്റ് ശ്രീ. ലൂക്ക് ജെറോമിന് എത്ര തുകയാണ് പ്രതിഫലമായി നിശ്ചയിച്ചിരുന്നതെന്നും എത്ര തുക കൈമാറിയെന്നും

ശേഷിക്കുന്ന തുക കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ഇ) ഗ്ലോബൽ സയൻസ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് ഏതൊക്കെ ഇനത്തിലുള്ള ചെലവുകൾക്കാണ് ഇനിയും തുക നല്കിയിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ?

(എ-ഇ) കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും അമ്യൂസിയം ആർട്ട് സയൻസും സംയുക്തമായാണ് ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ നടത്തിയത്. 14,85,91,920 രൂപ ബജറ്റിൽ നടത്താൻ തീരുമാനിച്ചിരുന്ന ഗ്ലോബൽ സയൻസ് ഫെസ്റ്റിവലിന് 4 കോടി രൂപ സർക്കാർ ഗ്രാന്റായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുക സ്പോൺസർഷിപ് മുഖേനയും ടിക്കറ്റ് ചാർജ് വഴിയും കണ്ടെത്തുന്നതിനാണ് സംഘാടകർക്ക് നിർദേശം നൽകിയിരുന്നത്. സയൻസ് ഫെസ്റ്റിവലിന്റെ നടത്തിപ്പിനുശേഷം വരവുചെലവ് കണക്കുകളുടെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് സർക്കാരിന് സമർപ്പിക്കണമെന്നും നിർദേശിച്ചിരുന്നു. ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഇതുവരെ

സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫെസ്റ്റിവൽ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ (വരവുചെലവ് കണക്കുകൾ, കോൺട്രാക്ട് ഏജൻസികൾ തുടങ്ങിയവ) ഇപ്പോൾ സർക്കാരിൽ ലഭ്യമല്ല.

**പരിസ്ഥിതി സംവേദ പ്രദേശങ്ങളുടെ പുനർനിർണ്ണയം**

32 (36) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംവേദ പ്രദേശങ്ങൾ സംബന്ധിച്ച കരട് വിജ്ഞാപനം തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല പരിശോധന സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് ജില്ലയിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങൾ പുനർനിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പുനർനിർണ്ണയിച്ചിട്ടുണ്ട്. 06-07-2022-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം പരിയാരം വില്ലേജ് ഇ.എസ്.എ.-യിലുൾപ്പെടുന്നു. കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായ വില്ലേജ് അതിർത്തി സൂചിപ്പിക്കുന്നത് പരിയാരം വില്ലേജിലെ 708.42 ചതുരശ്ര

കിലോമീറ്റർ ഇ.എസ്.എ. ആണെന്നാണ്. നിലവിൽ പരിയാരം വില്ലേജ് പരിയാരം, അതിരപ്പള്ളി എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. രണ്ട് വില്ലേജുകളുടെയും ആകെ വിസ്തീർണ്ണം 690.35 ചതുരശ്ര കിലോ മീറ്ററാണ്.

(ബി) എങ്കിൽ പുനർനിർണയം അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ പരിസ്ഥിതി സംവേദ പ്രദേശമായി കണക്കാക്കിയിട്ടുള്ള പ്രദേശങ്ങളുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ?

പുനർനിർണയം അനുസരിച്ച് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പള്ളി വില്ലേജിന്റെ ആകെ വിസ്തീർണ്ണം 34859 ഹെക്ടറും അതിൽ 34062.31 ഹെക്ടർ ഇ.എസ്.എ.-യും ആണ്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ പരിയാരം വില്ലേജിന്റെ ആകെ വിസ്തീർണ്ണമായ 34175.76 ഹെക്ടറിൽ 30295.27 ഹെക്ടർ ഇ.എസ്.എ. ആണ്

(സി) പുനർനിർണയത്തിൽ ഒഴിവാക്കപ്പെട്ട/കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളുണ്ടോ; വിശദമാക്കുമോ?

ജില്ലാതല സൂക്ഷ്മപരിശോധനാ കമ്മിറ്റി അംഗീകരിച്ചതിൻ പ്രകാരം റവന്യൂ അധികാരികൾ വില്ലേജ് അതിർത്തിയിൽ തിരുത്തൽ വരുത്തിയതിനെത്തുടർന്നാണ് പുനർനിർണയത്തിൽ വില്ലേജിന്റെ വിസ്തൃതി കുറഞ്ഞിരിക്കുന്നത്. സർക്കാർ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ജനവാസ മേഖല, കൃഷിഭൂമികൾ എന്നിവയുൾപ്പെടുന്ന സാംസ്കാരിക ഭൂ പ്രകൃതിയെ ഇ.എസ്.എ.-യിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുകയും വനം വകുപ്പിന്റെ കൈവശമുള്ള ശേഷിക്കുന്ന പ്രദേശങ്ങൾ ഇ.എസ്.എ. ആയി വേർതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

**ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ**

33 (37) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ, വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കുമോ?

ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർത്തിരിക്കുംപ്രകാരമാണ്.

A second Class Bachelor Degree with 50% marks in any branch of Chemistry/Environmental Science/Microbiology/Biotechnology/ Life Science with subsidiary as Chemistry or Micro biology from a U.G.C. recognized University or Equivalent qualification. ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ 27900-63700 ആണ്.

(ബി) വിദ്യാഭ്യാസ യോഗ്യതയ്ക്കും ജോലിയുടെ സ്വഭാവത്തിനും അനുസൃതമായി ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**മാലിന്യ സംസ്കരണ പദ്ധതികളിലെ പാളിച്ചകൾ ഒഴിവാക്കാൻ നടപടി**

34 (38) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മാലിന്യ സംസ്കരണ പദ്ധതികളിൽ ഗുരുതരമായ പാളിച്ചകളുണ്ടെന്ന് കാണിച്ച് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ദേശീയ ഹരിത ട്രിബ്യൂണലിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരളത്തിൽനിന്നുള്ള മാലിന്യം തമിഴ്നാട്ടിൽ അനധികൃതമായി നിക്ഷേപം ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ കേസെടുക്കുകയും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും 02-11-2023-ൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, തമിഴ്നാട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്ക് നിർദേശം നൽകുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നടത്തിയ മീറ്റിംഗുകളിൽ

ഒരു കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി കർമ്മ പദ്ധതിയിലുൾപ്പെട്ട അന്തർ സംസ്ഥാന മാലിന്യനീക്കം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ വെഹിക്കിൾ പോർട്ടൽ നടപ്പിലാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നത് ഇതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെട്ടുകൊണ്ടാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനകൾ നടത്തി ഓതറൈസേഷൻ നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ അംഗീകൃത മാലിന്യ ശേഖരണംവഴി മാത്രം ശേഖരിക്കുന്നതിനും അംഗീകൃത മാലിന്യ സംസ്കരണ രീതിയിലൂടെ സംസ്കരിക്കുന്നതിനും വേണ്ട നിർദേശങ്ങൾ അതത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുകയും ചെയ്യുന്നു. കേരളത്തിനകത്തും പുറത്തേയ്ക്കുമുള്ള മാലിന്യങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് ബോർഡ് Online Vehicle Tracking System രൂപീകരിച്ചുവരുന്നു. പുനഃചംക്രമണം ചെയ്യാൻ സാധ്യമാകാത്ത പ്ലാസ്റ്റിക്കിനെ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിലേക്കായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡ് മലബാർ സിമന്റ്സ് ലിമിറ്റഡിന് നിർദേശം നൽകിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ യഥാക്രമം ശാസ്ത്രീയമായി നിർമാർജനം ചെയ്യുന്നതിനുവേണ്ട എല്ലാ അടിസ്ഥാനസൗകര്യവും ഉറപ്പുവരുത്താനായി മലിനീകരണ നിയന്ത്രണ ബോർഡ് സി.കെ.സി.എൽ.-ന് നിർദേശം നൽകിയിട്ടുണ്ട്. ആരോഗ്യരംഗത്തെ മാലിന്യസംസ്കരണം ഉറപ്പാക്കുന്നതിന് ആരോഗ്യ സ്ഥാപനങ്ങളെ ഓതറൈസേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും മാലിന്യങ്ങൾ പൊതു ബയോമെഡിക്കൽ സംസ്കരണ സംവിധാനങ്ങൾവഴി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടി ഓൺലൈൻ മോണിറ്ററിംഗ്, ബാർകോഡ് സംവിധാനം മുതലായവ

ഉപയോഗപ്പെടുത്തുന്നുണ്ട്. ബയോമെഡിക്കൽ മാലിന്യം പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകളിലൂടെയാണ് സംസ്കരിക്കപ്പെടുന്നത്. എന്നിരുന്നാലും ശേഖരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജനം എന്നിവയിലെ വിടവുകൾ/പോരായ്മകളുണ്ടെങ്കിൽ ആയത് വിശദമായി പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ബോർഡ് സി.എസ്.ഐ.ആർ. സ്ഥാപനമായ NIIST മുഖാന്തരം Gap Analysis study നടത്തിവരുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾക്കല്ലാതെ മറ്റ് ഏജൻസികൾക്ക് കൈമാറരുതെന്ന് ബോർഡ് സംസ്ഥാന ആരോഗ്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, നഗരപ്രദേശങ്ങളിൽ വിദ്യാർഥികളെ ഉൾക്കൊള്ളിച്ച് മലിനീകരിക്കപ്പെട്ട തോടുകളുടെ കരയിൽ മൊബൈൽ ആപ്ലിക്കേഷൻ (ENVI SAN) മുഖേന സാനിറ്റേഷൻ സർവേ നടത്തി കർമ്മപദ്ധതി രൂപീകരിച്ചുവരുന്നു.

**പെരിയാർ മാലിന്യമുക്തമാക്കി ശുചീകരിക്കുന്നതിന് നടപടി**

35 (39) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണത്തെത്തുടർന്ന് പെരിയാറിലെ മത്സ്യസമ്പത്ത് നശിക്കാനിടയായ പ്രശ്നത്തിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

20-05-2024-ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. ഡിസോൾവ്ഡ് ഓക്സിജൻ (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾവശത്തുനിന്ന് ഡിസോൾവ്ഡ് ഓക്സിജൻ ലെവൽ കുറഞ്ഞ ജലം, കൂടിയ അളവിൽ റെഗുലേറ്ററിന് താഴേയ്ക്ക് ഒഴുകിയത്

മത്സ്യനാശത്തിന് കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞുകിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിന് മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകിവരുന്ന ജൈവമാലിന്യങ്ങൾ പുഴയിലെത്തുന്നതും അവ റെഗുലേറ്ററിന് അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ ഡിസോൾവ്ഡ് ഓക്സിജൻ (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്.

(ബി) പെരിയാറിലെ ജലമലിനീകരണം തടയാൻ നടപടി സ്വീകരിക്കണമെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശിച്ചിരുന്നോയെന്നും എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ 05-11-2020-ലെ OA 395/2013 നമ്പർ ഉത്തരവിൽ നിർദേശിച്ചപ്രകാരം വിവിധ വകുപ്പുകൾ ചേർന്ന് പെരിയാറിന്റെ പുനരുജ്ജീവനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ 27-05-2022-ലെ ഉത്തരവുപ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി ആയതിന്റെ പുരോഗതി

വിലയിരുത്തിവരുന്നു. ചീഫ് സെക്രട്ടറിയും അത് അവലോകനം നടത്തിവരുന്നു. ആക്ഷൻ പ്ലാനിലെ പൂർത്തീകരിച്ച പ്രധാനപ്പെട്ട പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. അനധികൃത മലിനജലം പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ/ഫ്ലാറ്റുകൾ/ഹോട്ടലുകൾ/മറ്റ് സ്ഥാപനങ്ങൾ കണ്ടെത്തുക തുടർപരിശോധന നടത്തുക.

2. പൊതു ഖര/ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക. ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുക Mini MCF, MCF, RRF- കൾ സ്ഥാപിക്കുക

3. സി.സി.ടി.വി.- കൾ സ്ഥാപിക്കുക.

4. തൽസമയ ജല ഗുണനിലവാര സ്റ്റേഷനുകൾ സ്ഥാപിക്കുക.

5. മൂന്നാർ ഗ്രാമപഞ്ചായത്ത് - Legacy Waste Management ഖരമാലിന്യ സംസ്കരണ സംവിധാനം 4 TPD Window Plant സ്ഥാപിച്ചു.

6. പൊതു അവബോധം വളർത്തുക. എടയാർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മതിയായ ഡ്രയിനേജ് സംവിധാനവും റോഡുകളും നിർമ്മിക്കുക.

(സി) രാസമാലിന്യങ്ങളുൾപ്പെടെയുള്ള മാലിന്യങ്ങൾ പെരിയാറിലേക്ക് തുറന്നുവിടുന്ന വ്യവസായ സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

പെരിയാർ നദിയിലേക്ക് 38 treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽനിന്നും മലിനജലം പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേസമയം ഒരു സ്വകാര്യ chicken waste rendering unit-ൽനിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെയടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ-എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്.

(ഡി) പെരിയാർ മാലിന്യമുക്തമാക്കി ശുചീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ 05-11-2020-ലെ OA 395/2013 ഉത്തരവിൽ നിർദേശിച്ച പ്രകാരം വിവിധ വകുപ്പുകൾ ചേർന്ന് പെരിയാറിന്റെ പുനരുജ്ജീവനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ 27-05-2022–ലെ ഉത്തരവ് പ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി ആയതിന്റെ പുരോഗതി വിലയിരുത്തിവരുന്നു. ചീഫ് സെക്രട്ടറിയും അത് അവലോകനം നടത്തിവരുന്നു. ആക്ഷൻ പ്ലാനിലെ പൂർത്തീകരിച്ച പ്രധാനപ്പെട്ട പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. അനധികൃത മലിനജലം പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ/ഫ്ലാറ്റുകൾ/ഹോട്ടലുകൾ/മറ്റ് സ്ഥാപനങ്ങൾ കണ്ടെത്തുക തുടർപരിശോധന നടത്തുക.

2. പൊതു ഖര/ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക. ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുക Mini MCF, MCF, RRF-കൾ സ്ഥാപിക്കുക

3. സി.സി.ടി.വി.-കൾ സ്ഥാപിക്കുക.

4. തൽസമയ ജല ഗുണനിലവാര സ്റ്റേഷനുകൾ സ്ഥാപിക്കുക.

5. മൂന്നാർ ഗ്രാമപഞ്ചായത്ത് - Legacy Waste Management ഖരമാലിന്യ സംസ്കരണ സംവിധാനം 4 TPD Window Plant സ്ഥാപിച്ചു.

6. പൊതു അവബോധം വളർത്തുക. എടയാർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മതിയായ ഡ്രെയിനേജ് സംവിധാനവും റോഡുകളും നിർമ്മിക്കുക.

**നദികളിലെയും ജലാശയങ്ങളിലെയും ജലഗുണനിലവാരം**

36 (40) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ നദികളിലെയും ജലാശയങ്ങളിലെയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിലവിൽ എന്തൊക്കെ പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത് വ്യക്തമാക്കുമോ?

(എ&ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് National Water Quality Monitoring Programme (NWMP)-ന്റെയും സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെയും (SWMP) ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കിണറുകളിലെ സാമ്പിളുകളും പരിശോധിച്ച് ആവശ്യമെങ്കിൽ നിർദേശം നൽകിവരുന്നുണ്ട്. ഗുണനിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരത്തിൽ വ്യത്യാസം

കാണുന്നപക്ഷം ബന്ധപ്പെട്ടവരെ അറിയിക്കാറുണ്ട്. പരാതികളിൽ അന്വേഷണം നടത്തിയും കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ റൂട്ടീൻ ഇൻസ്പെക്ഷന്റെ ഭാഗമായും ജലമലിനീകരണ സാധ്യതയുള്ള പ്രവർത്തനങ്ങൾ കാണുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകൾക്കും വ്യവസായ യൂണിറ്റുകൾക്കും നിർദേശങ്ങൾ നൽകിവരുന്നുണ്ട്. വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയാണ് പ്രവർത്തനാനുമതി നൽകുന്നത്. ഇവയുടെ കാര്യക്ഷമത തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ബഹുനില സമുച്ചയങ്ങൾക്ക് മതിയായ മലിനീകരണ ശുദ്ധീകരണ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പുവരുത്തിയാണ് അനുമതി നൽകുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് 2018-ൽ നടത്തിയ പഠനമനുസരിച്ച് മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. ഈ നദികളെ മാലിന്യ മുക്തമാക്കുന്നതിനായും അവയിലെ

ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ 20-09-2018-ലെ OA നം. 673/2018 ഉത്തരവിൽ നിർദേശിച്ചിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നു. പുരോഗതി എല്ലാ മാസവും റിവർ റിജുവിനേഷൻ കമ്മിറ്റിയും 3 മാസത്തിലൊരിക്കൽ മിനിസ്ട്രി ഓഫ് ജലശക്തിയും വിലയിരുത്തുന്നുണ്ട്. ഇതിന്റെ ഫലമായി നദീജല ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. 2022-ലെ പുതിയ വാട്ടർ ക്വാളിറ്റി റിപ്പോർട്ടനുസരിച്ച് മലിനീകരിക്കപ്പെട്ട നദികളുടെ എണ്ണം 18 ആയി കുറഞ്ഞിട്ടുണ്ട്. OA No. 673/2018-ന്റെ ഭാഗമായി രൂപീകരിച്ച DLTC, River Rejuvenation Committee എന്നിവ മുഖേന സംസ്ഥാനത്തെ പൊതുമലിന ജല ശുദ്ധീകരണ സംവിധാനങ്ങളുടെ പ്രവർത്തനം/നിർമ്മാണ പുരോഗതി മാസംതോറും നിരീക്ഷിച്ചുവരുന്നുണ്ട്.

(സി) പെരിയാറിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് കഴിഞ്ഞ ആറുമാസക്കാലയളവിനിടയിൽ എത്ര പരിശോധനകൾ നടന്നിട്ടുണ്ട്; പ്രസ്തുത പരിശോധന ഫലങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (NWMP)–ന്റേയും (14 സ്റ്റേഷനുകൾ പ്രതിമാസം-ലിസ്റ്റ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു). സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്റിംഗ് പ്രോഗ്രാം (SWMP)–ന്റേയും (9 സ്റ്റേഷനുകൾ) ഭാഗമായി പെരിയാറിന്റെ വിവിധ സ്ഥലങ്ങളിലായി സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. എൺവയോൺമെന്റൽ സർവൈലൻസ് സെന്റർ ഏലൂർ ഓഫീസിൽനിന്നും ദിവസേന പെരിയാറിന്റെ അഞ്ച് സ്റ്റേഷനുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചുവരുന്നു (25 parameters). കൂടാതെ ആലുവ മണപ്പുറം, മഞ്ഞുമ്മൽ എന്നീ സ്റ്റേഷനുകളിൽനിന്നും മാസത്തിൽ രണ്ടുതവണ പെരിയാർ നദിയിലെ സാമ്പിൾ എടുത്ത് പരിശോധിക്കാറുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം പെരിയാറിന്റെ ഏലൂർ, എടമുള ശാഖകളിലെ 12 ലൊക്കേഷനുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചുവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരിയാറിൽ മത്സ്യനാശം സംഭവിച്ച സമയത്ത് പെരിയാറിന്റെ പല ഭാഗങ്ങളിൽനിന്നും കൂടുതൽ സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. ഏലൂർ ഓഫീസിൽനിന്നുള്ള കഴിഞ്ഞ 6 മാസത്തെ പരിശോധന റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) പ്രസ്തുത പരിശോധന ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള മുന്നറിയിപ്പുകൾ നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരിശോധനകളിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ പരിഹരിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകാറുണ്ട്.

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം**

37 (41) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് ഐ.എം.ജി. വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്ക് സ്റ്റഡി എന്ന് നടത്തിയെന്ന് അറിയിക്കുമോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 2021-ൽ ഐ.എം.ജി. നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഐ.എം.ജി. നൽകിയ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഉപസമിതിയെ നിയോഗിച്ചിരുന്നോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉപസമിതിയെ നിർദേശിച്ചത്; പ്രസ്തുത ഉപസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മലിനീകരണ നിയന്ത്രണ ബോർഡ് ഉപസമിതിയെ നിയോഗിച്ചിട്ടില്ല.

(സി) മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ എത്ര ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളുണ്ട്; ഐ.എം.ജി. നൽകിയ പഠന റിപ്പോർട്ടിൽ മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക എത്രയെണ്ണമായി ഉയർത്തണമെന്നായിരുന്നു നിർദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ 15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ 19-12-2022-ലെ സ.ഉ. (സാധാ) നം. 98/2022/പരി നം. ഉത്തരവുപ്രകാരം ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളായി തരംതാഴ്ത്തുകയും അതേത്തുടർന്ന് 45 (30+15=45) ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളാണ് നിലവിലുള്ളത്. 2021-ൽ ഐ.എം.ജി. നൽകിയ പഠന റിപ്പോർട്ടിൽ മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ എണ്ണം വർധിപ്പിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നുംതന്നെയില്ല.

(ഡി) പ്രധാനപ്പെട്ട ലബോറട്ടറി പരിശോധനകൾ നടത്തേണ്ട എൻട്രി കേഡർ തസ്തികയായ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ 72 തസ്തികകൾകൂടി അടിയന്തരമായി സൃഷ്ടിക്കണമെന്ന പഠന റിപ്പോർട്ടിലെ നിർദേശം നിരാകരിച്ച് ഉപസമിതി റിപ്പോർട്ടിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ 8 തസ്തികകൾ മാത്രം സൃഷ്ടിച്ചാൽ മതിയെന്ന് നിർദേശിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

2013-ലെ ഐ.എം.ജി. പഠന റിപ്പോർട്ടിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെയും പോസ്റ്റ് ഗ്രാഡ്വേറ്റ് സയന്റിഫിക് അപ്രന്റീസ് തസ്തികയും ചേർത്ത് 72 അഡീഷണൽ റിക്വയർമെന്റ് ശിപാർശ ചെയ്യുകയും തുടർന്ന് രൂപീകരിച്ച ഉപസമിതി ബോർഡിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ജില്ലാ ബോർഡിന്റെ എല്ലാ ഓഫീസുകളിലെയും ജോലിഭാരം വിലയിരുത്തി മറ്റ് തസ്തികകളുടെ വർധനവിനോടൊപ്പം നിലവിലുണ്ടായിരുന്ന 37 സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 45 ആയി ഉയർത്തുന്നതിന് ശിപാർശ ചെയ്യുകയും ആയതിന്റെ വെളിച്ചത്തിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ 8 അധിക തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി.

**പെരിയാറിലെ മത്സ്യ കർഷകർക്കുള്ള നഷ്ടപരിഹാരം**

38 (42) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിന്റെ കാരണം കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

20-05-2024-ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. ഡിസോൾവ്ഡ് ഓക്സിജൻ (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾവശത്തുനിന്ന് ഡിസോൾവ്ഡ് ഓക്സിജൻ ലെവൽ കുറഞ്ഞ ജലം കൂടിയ അളവിൽ റെഗുലേറ്ററിന് താഴേയ്ക്ക് ഒഴുകിയത് മത്സ്യനാശത്തിന് കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞ് കിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിന് മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകിവരുന്ന ജൈവമാലിന്യങ്ങൾ പുഴയിലെത്തുന്നതും അവ റെഗുലേറ്ററിന് അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ ഡിസോൾവ്ഡ് ഓക്സിജൻ (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്. പെരിയാർ നദിയിലേക്ക് treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽനിന്നും മലിനജലം

പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേസമയം ഒരു സ്വകാര്യ chicken waste rendering unit-ൽനിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെയടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്.

(ബി) ഇതുമൂലം നഷ്ടം സംഭവിച്ച മത്സ്യ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മത്സ്യകൃഷികളിലെ നാശനഷ്ടങ്ങൾ വിലയിരുത്തിയതിൽനിന്നും കൂട്ട് മത്സ്യകൃഷിക്ക് 692.59 ലക്ഷം രൂപയും ഓരു ജല മത്സ്യകൃഷിക്ക് 9.4728 ലക്ഷം രൂപയും എംബാങ്ക്മെന്റ് മത്സ്യകൃഷിക്ക് 1.6 ലക്ഷം രൂപയും ചേർത്ത് ആകെ 703.6628 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവിധ മത്സ്യകൃഷിക്ക് സംഭവിച്ച നഷ്ടം പ്രാഥമികമായി വിലയിരുത്തിയതിൽനിന്നും പ്രസ്തുത പ്രദേശങ്ങളിൽ ഏകദേശം 150 -ഓളം ചീനവലകൾ പ്രവർത്തിക്കുകയും

ഉപജീവനത്തിനായി ഇതിനെ ആശ്രയിക്കുകയും ചെയ്യുന്നുണ്ട്. പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതുവരെ മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി 3 മാസത്തെ നഷ്ടം 6,51,94,500/- (ആറ് കോടി അൻപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയായി വിലയിരുത്തിയിട്ടുണ്ട്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി മുളവുകാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ മത്സ്യകർഷകർക്ക് സംഭവിച്ച നഷ്ടം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി, മുളവുകാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ നഷ്ടം 318.98 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്.

**പെരിയാറിലേക്ക് മലിനജലം ഒഴുക്കിവിടുന്ന കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടി**

39 (43) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:

<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ?

20-05-2024-ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. ഡിസോൾവ്ഡ് ഓക്സിജൻ (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾവശത്തുനിന്ന് ഡിസോൾവ്ഡ് ഓക്സിജൻ ലെവൽ കുറഞ്ഞ ജലം, കൂടിയ അളവിൽ റെഗുലേറ്ററിന് താഴേക്ക് ഒഴുകിയത് മത്സ്യനാശത്തിന് കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞുകിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിന്

മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകിവരുന്ന ജൈവമാലിന്യങ്ങൾ പുഴയിൽ എത്തുന്നതും അവ റെഗുലേറ്ററിന് അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ ഡിസോൾവ്ഡ് ഓക്സിജൻ (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്. പെരിയാർ നദിയിലേക്ക് treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽനിന്നും മലിനജലം പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേസമയം ഒരു സ്വകാര്യ chicken waste rendering unit-ൽനിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെയടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്.

(ബി) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതിന്റെ കാരണം തീരത്തുള്ള ഫാക്ടറികളിൽനിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടതല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(സി) വ്യവസായിക മലിനജലം ഒഴുക്കിവിടുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമം പാലിക്കാതെ പെരിയാറിലേക്ക് മലിനജലം ഒഴുക്കിവിടുന്ന കമ്പനികൾക്കെതിരെ എന്തൊക്കെ നടപടികളാണ് മലിനീകരണ നിയന്ത്രണ ബോർഡ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായാണ് സ്ഥാപന/പ്രവർത്തന അനുമതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്നത്. ആയതിൽ പുറത്തേക്ക് ഒഴുക്കുന്ന സംസ്കരിച്ച ജലത്തിന്റെ ഗുണനിലവാരം, അളവ്, ബഹിർഗമന സംവിധാനം എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. ആയത് തുടർപരിശോധന നടത്തി ഉറപ്പുവരുത്തുന്നു. നിയമലംഘനം ശ്രദ്ധയിൽപ്പെടുമ്പോൾ 1979-ലെ ജല (The Water Prevention & Control of Pollution) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ വീഴ്ചവരുത്തിയ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

പ്രാഥമിക അന്വേഷണത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

**ജലാശയങ്ങളിലെ മലിനീകരണം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

40 (44) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളുൾപ്പെടെയുള്ള ജലാശയങ്ങളിൽ മലിനീകരണം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നാഷണൽ മോണിറ്ററിംഗ് പ്രോഗ്രാമിന്റേയും (NWMP) സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റേയും (SWMP) ഭാഗമായി കേരളത്തിലെ വിവിധ

സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കിണറുകളിലെ സാമ്പിളുകളും പരിശോധിച്ച് ആവശ്യമെങ്കിൽ നിർദേശം നൽകിവരുന്നുണ്ട്. പരിശോധനാഫലം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഗുണനിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയാണ് പ്രവർത്തനാനുമതി നൽകുന്നത്. ഇവയുടെ കാര്യക്ഷമത തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ തുടർനടപടി സ്വീകരിക്കുന്നുണ്ട്. ബഹുനില സമുച്ചയങ്ങൾക്ക് മതിയായ മലിനീകരണ ശുദ്ധീകരണ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് 2018-ൽ നടത്തിയ മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21

നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 20.09.2018-ലെ OA No. 673/2018 ഉത്തരവിൽ നിർദേശിച്ചിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി എല്ലാ മാസവും റിവർ റിജൂവിനേഷൻ കമ്മിറ്റിയും 3 മാസത്തിലൊരിക്കൽ മിനിസ്ട്രി ഓഫ് ജല ശക്തിയും വിലയിരുത്തുന്നുണ്ട്. ഇതിന്റെ ഫലമായി നദീഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. 2022-ലെ പുതിയ വാട്ടർ ക്വാളിറ്റി റിപ്പോർട്ട് അനുസരിച്ച് മലിനീകരിക്കപ്പെട്ട നദികളുടെ എണ്ണം 18 ആയി കുറഞ്ഞിട്ടുണ്ട്. OA No. 673/2018-ന്റെ ഭാഗമായി രൂപീകരിച്ച ഡി.എൽ.ടി.സി., റിവർ റിജൂവിനേഷൻ കമ്മിറ്റി എന്നിവ മുഖേന സംസ്ഥാനത്തെ പൊതുമലിനജലശുദ്ധീകരണ സംവിധാനങ്ങളുടെ പ്രവർത്തനം/നിർമ്മാണ പുരോഗതി മാസംതോറും നിരീക്ഷിച്ചുവരുന്നു.

(ബി) പെരിയാറിൽ ധാരാളം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ സംഭവത്തിൽ ആവശ്യമായ പരിശോധനകൾ നടത്തിയിട്ടുണ്ടോ?

പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) മത്സ്യങ്ങൾ ചത്തൊടുങ്ങിയതുമൂലം മത്സ്യകർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് മതിയായ നഷ്ടപരിഹാര തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

**പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട്**

41 (45) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ വൻതോതിൽ വ്യവസായ മാലിന്യം കലർന്നതിനെത്തുടർന്ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 20-05-2024-ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. ഡിസോൾവ്ഡ് ഓക്സിജൻ (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾവശത്തുനിന്ന് ഡിസോൾവ്ഡ് ഓക്സിജൻ ലെവൽ കുറഞ്ഞ ജലം, കൂടിയ അളവിൽ റെഗുലേറ്ററിന് താഴേയ്ക്ക് ഒഴുകിയത് മത്സ്യനാശത്തിന് കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞ് കിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിന് മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകിവരുന്ന ജൈവമാലിന്യങ്ങൾ പുഴയിലെത്തുന്നതും അവ റെഗുലേറ്ററിന് അടിത്തട്ടിലേക്ക് അടിയുന്നതും

അവിടെ ഡിസോൾവ്ഡ് ഓക്സിജൻ (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്. പെരിയാർ നദിയിലേക്ക് treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽനിന്നും മലിനജലം പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേസമയം ഒരു സ്വകാര്യ chicken waste rendering unit-ൽനിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെയടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്.

**തൊഴിൽ അവസരങ്ങൾ**

42 (46) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തുതന്നെ സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന സംസ്ഥാനമായി കേരളം മാറിയിട്ടും കേരള പബ്ലിക് സർവീസ് കമ്മീഷനെ ഇകഴ്ത്തികാണിക്കാനും നിയമന നിരോധനമുണ്ടെന്ന്

പ്രചരിപ്പിക്കാനും ചില കേന്ദ്രങ്ങൾ ബോധപൂർവമായി ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രാജ്യത്ത് ഏറ്റവും കൂടുതൽ നിയമനം നടത്തുന്ന പബ്ലിക് സർവീസ് കമ്മീഷനാണ് കേരളത്തിലേതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ മുൻകൂറായും ഓൺലൈനായും റിപ്പോർട്ട് ചെയ്തും നിയമന നടപടികൾ വേഗത്തിലാക്കിയുമാണ് കേരളം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്.

(ബി) 2016 മേയ് മുതൽ 2024 മേയ് വരെ പി.എ.സി. വഴി എത്ര പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്; വകുപ്പുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2024 ഏപ്രിൽ 30 വരെ 247299 (രണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള വിവരം ക്രോഡീകരിച്ചിട്ടില്ല.

**പി.എസ്.സി. നിയമനം**

43 (47) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-ലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2024 മേയ് മാസം വരെ കേരള പി.എസ്.സി. വഴി എത്ര ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2024 ഏപ്രിൽ 30 വരെ 247299 (രണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പി.എസ്.സി. വഴി നിയമനം**

44 (48) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016 ജൂൺ മുതൽ 2024 ഏപ്രിൽ 30 വരെ 247146 (രണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി നൂറ്റി നാൽപ്പത്തിയാറ്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ആയതിന്റെ വകുപ്പുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വകുപ്പുതിരിച്ചുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പി.എസ്.സി. നടത്തിയ നിയമനങ്ങൾ**

45 (49) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനുവരി മുതൽ ജൂൺ വരെ സംസ്ഥാനത്ത് എത്ര ഉദ്യോഗാർഥികൾക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2023 ജനുവരി മുതൽ 2024 ഏപ്രിൽ 30 വരെ 46769 (നാൽപ്പത്തിയാറായിരത്തി എഴുന്നൂറ്റി അറുപത്തിയൊമ്പത്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2024

മേയ്, ജൂൺ മാസങ്ങളിലെ നിയമന ശിപാർശകളുടെ എണ്ണം ക്രോഡീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ബി) പ്രസ്തുത കാലയളവിൽ പി.എസ്.സി. സ്വീകരിച്ച അപേക്ഷകൾ, നടത്തിയ അഭിമുഖങ്ങൾ, പരീക്ഷകൾ, വകുപ്പുതല സ്ഥാനക്കയറ്റ സമിതികൾ (ഡി.പി.സി.) എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

| | | |
|---|---|---|
| i) | അപേക്ഷകൾ | 1,40,00,796 എണ്ണം |
| ii) | അഭിമുഖങ്ങൾ | 854 തിരഞ്ഞെടുപ്പുകളിലായി 55,876 പേരുടെ അഭിമുഖം നടത്തിയിട്ടുണ്ട് |
| iii) | പരീക്ഷകൾ | 2064 എണ്ണം |
| iv) | വകുപ്പുതല സ്ഥാനക്കയറ്റ സമിതികൾ (ഡി.പി.സി.) | 486 തവണ ചേർന്നിട്ടുണ്ട് |

**എ.ഡി.എൻ.എസ്. തസ്തികയിലേക്കുള്ള നിയമനം**

46 (50) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ് തസ്തികയിൽ 133/2020, 134/2020, 135/2020

എന്നീ കാറ്റഗറികളിലായി എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത വകുപ്പിലെ ഓഫീസ്/ജില്ല തിരിച്ചുള്ള ഒഴിവിന്റെ വിശദാംശം ലഭ്യമാക്കാമോ?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികയിലെ ഓരോ കാറ്റഗറിയിലും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള ആകെ ഒഴിവുകളുടെ എണ്ണം ചുവടെച്ചേർക്കുന്നു.

| ക്രമ നം. | കാറ്റഗറി | കാറ്റഗറി നമ്പർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | Category A | 133/2020 | 7 |
| 2 | Category B | 134/2020 | 6 |
| 3 | Category C | 135/2020 | 6 |
| | ആകെ | | 19 |

ജില്ല തിരിച്ചുള്ള ഒഴിവിന്റെ വിശദാംശങ്ങൾ

| ക്രമ നം. | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം (ഡയറക്ടറേറ്റ്-1 ജില്ലാ ഓഫീസ് -2) | 3 |

| | | |
|---|---|---|
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 1 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 2 |
| 9 | മലപ്പുറം | 1 |
| 10 | പാലക്കാട് | 1 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | 1 |
| | ആകെ | 19 |

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് മൂന്നുമാസമാകുമ്പോഴും നിയമന ശിപാർശ അയയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നിയമന ശിപാർശ എന്നത്തേക്ക് അയയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) 133/2020 കാറ്റഗറി നമ്പറുമായി ബന്ധപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ നടപടിമൂലം 134/2020, 135/2020 എന്നീ

കാറ്റഗറികളിലെ നിയമന നടപടി വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി&സി) കാറ്റഗറി നം.133/2020 തസ്തികയുടെ നിയമന ശിപാർശയുമായി ബന്ധപ്പെട്ട് ബഹു<u>മാനപ്പെട്ട</u> കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽനിന്നും വിരുദ്ധ ഉത്തരവുകൾ വന്നതിനാൽ, പ്രസ്തുത കാറ്റഗറിയുമായി ബന്ധപ്പെട്ട 7 ഒഴിവുകൾ അഡ്വൈസ് ചെയ്യുന്നത് കോടതിയിൽനിന്നും തുടർ ഉത്തരവ് വരുന്നതുവരെ താൽകാലികമായി മാറ്റിവയ്ക്കാൻ പബ്ലിക് സർവീസ് കമ്മീഷൻ ഉത്തരവായിരുന്നു. മൂന്ന് റാങ്ക് പട്ടികകളിൽനിന്നുള്ള നിയമന ശിപാർശകൾ 1:1:1 എന്ന അനുപാതത്തിൽ ഒരുമിച്ചാണ് നടത്തുന്നത്. ആയതിനാൽ ഒരു തസ്തികയ്ക്ക് നിയമന ശിപാർശ നടത്താതെ മറ്റ് രണ്ട് തസ്തികകളുടെ നിയമന ശിപാർശ നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കാറ്റഗറി 133/2020 തസ്തികയുടെ നിയമന ശിപാർശ സംബന്ധിച്ച അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മറ്റ് രണ്ട് കാറ്റഗറികളുടെയും നിയമന ശിപാർശ അയയ്ക്കുന്നതാണെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

(ഡി) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ട് മൂന്നരവർഷം പിന്നിട്ടിട്ടും എ.ഡി.എൻ.എസ്. നിയമനം നടക്കാത്തതുമൂലം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സാരമായി തടസ്സപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ധനകാര്യ വകുപ്പിലെ 6 ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിലെ പാർട്ട് ടൈം ലാംഗ്വേജ് ടീച്ചർ നിയമനം**

47 (51) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികയിൽ നിലവിൽ എത്ര നിയമനം നടന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ഉദ്യോഗാർഥികൾക്ക് അഡൈ്വസ് ലഭിച്ചുവെങ്കിലും നാളിതുവരെ നിയമന ഉത്തരവ് ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) 4 ഉദ്യോഗാർഥികൾക്ക് പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭ്യമായിട്ടുണ്ടെങ്കിലും നിയമന ഉത്തരവ് നൽകിയിട്ടില്ല. 2023-24 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)-ന്റെ ഒരു തസ്തിക നഷ്ടപ്പെട്ടതിനാൽ 3 ഒഴിവുകൾ മാത്രമെ നിലവിലുള്ളൂ. നിയമന ശിപാർശ ലഭിച്ച 4-ാമത്തെ ഉദ്യോഗാർഥിക്ക് നിയമനം നല്കുന്ന വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയുമാണ്.

**ആശ്രിത നിയമന വ്യവസ്ഥകൾ മാറ്റുന്നതിന് നടപടി**

48 (52) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഭരണപരിഷ്കാര വകുപ്പിന്റെ നിർദേശങ്ങളനുസരിച്ച് ആശ്രിത നിയമന വ്യവസ്ഥകൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വ്യവസ്ഥകൾ മാറ്റുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് ശിപാർശകളിൽ മാറ്റംവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**സബോർഡിനേറ്റ് സർവീസ് നിയമനങ്ങൾ**

49 (53) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബോർഡിനേറ്റ് സർവീസ് നിയമനങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ സ്റ്റാഫ് പാറ്റേണുകളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സബോർഡിനേറ്റ് സർവീസ് സംബന്ധിച്ച് വിവിധ വകുപ്പുകളിലെ സ്റ്റാഫ് പാറ്റേണുകളുടെ വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) പുതിയ കാലത്തിന്റെയും സാങ്കേതിക വിദ്യയുടെയും സാധ്യതകൾ കണക്കിലെടുത്ത് സബോർഡിനേറ്റ് സർവീസ് നിയമനങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വിവിധ വകുപ്പുകളിലേക്കുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കുന്ന പൊതുപട്ടികയിൽനിന്ന് വിവിധ വകുപ്പുകളിലേക്ക് ക്ലാർക്കുമാരെ സ്ഥിരമായി നിയമിക്കുന്നതിനുപകരം

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിന്റെ മാതൃകയിൽ കോമൺ പൂൾ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം, വകുപ്പുമാറ്റം എന്നിവ സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവിധ വകുപ്പുകളിലേക്കുള്ള ക്ലാർക്കുമാരുടെ പട്ടികയിലുൾപ്പെട്ടവർക്ക് നിയമനത്തിനുശേഷം പരിശീലനം നൽകുന്നതിന് പകരം നിയമനത്തിന് മുമ്പുതന്നെ ഫയൽ കൈകാര്യം ചെയ്യുന്നതിന് വിദഗ്ധ പരിശീലനം നല്കുന്ന തരത്തിൽ പരിഷ്കാരമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

നിയമനത്തിനുമുമ്പ് പരിശീലനം നൽകുന്നത് പ്രായോഗികമല്ല. നിയമനം ലഭിക്കുന്നവർക്ക് ഇൻഡക്ഷൻ പരിശീലനം ഐ.എം.ജി. നൽകിവരുന്നുണ്ട്.

**വാമനപുരം മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ**

50 (54) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര ഓഫീസുകൾക്കും വീടുകൾക്കും കെ-ഫോൺ കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ 276 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 43 കുടുംബങ്ങൾക്ക് സൗജന്യമായും 45 ഉപഭോക്താക്കൾക്ക് വാണിജ്യാടിസ്ഥാനത്തിലും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ആവശ്യക്കാർക്കെല്ലാം കെ-ഫോൺ കണക്ഷൻ നൽകാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

ആവശ്യക്കാർക്കെല്ലാം കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (ente KFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന

സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തരം പുതിയ കണക്ഷനുള്ള അപേക്ഷ നൽകേണ്ടതാണ്.

(സി) മണ്ഡലത്തിലെ നൂറ് കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്ന പദ്ധതിയനുസരിച്ച് എത്ര വീടുകൾക്ക് കണക്ഷൻ നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 43 കുടുംബങ്ങളുടെ വീടുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസസ്സ്മെന്റ് സോഫ്റ്റ്‌വെയർ**

51 (55) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസസ്സ്മെന്റ് സോഫ്റ്റ്‌വെയർ 2018 മാർച്ചിൽ വാങ്ങിയിരുന്നോയെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാങ്ങിയിരുന്നു.

(ബി) ഒരുവർഷ കാലാവധിയുണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യംപോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള വാർഷിക ലൈസൻസിന്റെ കാലാവധി പുതുക്കാൻ കഴിയാതിരുന്നതിനാൽ തുടർന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് പുതുക്കുകയാണെങ്കിൽ തുടർന്ന് ഉപയോഗിക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് പ്ലാൻ ഫണ്ടുപയോഗിച്ച് പതിനഞ്ച് ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും അവ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതെ ചട്ടവിരുദ്ധമായി കെ.എസ്.എഫ്.ഇ.-ക്ക് നൽകി ആ സ്ഥാപനത്തിൽനിന്നും അതിന്റെ തുക സി-ഡിറ്റ് കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പ്രോജക്ടിന്റെ തിരുവനന്തപുരത്തെ ഓഫീസിന്റെയും കോൺടാക്ട് സെന്ററിന്റെയും നിർമ്മാണത്തിനുള്ള പ്രോജക്ട്

സി-ഡിറ്റിനെ ഏൽപ്പിച്ചിരുന്നു. ഈ പ്രോജക്ടിലുൾപ്പെടുത്തിയ ഒരു പ്രവൃത്തിയുടെ ഭാഗമായി സി-ഡിറ്റ് 21 ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-ക്ക് വാങ്ങിനൽകുകയുണ്ടായി. ഇവയിൽ 15 എണ്ണം സി-ഡിറ്റിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് വാങ്ങി സി-ഡിറ്റിന്റെ ആസ്തിയായി സ്റ്റോക്കിൽ എടുത്തിട്ടുള്ള ലാപ്ടോപ്പുകളിൽനിന്നുമാണ് നൽകിയത്. ഇതിന് കരാർ പ്രകാരം ലഭിക്കേണ്ട തുകയാണ് സി-ഡിറ്റ് കൈപ്പറ്റിയത്. ഇതിൽ ചട്ടവിരുദ്ധമായി ഒന്നുംതന്നെയില്ല.

(ഡി) നെസസ്സ്-ടെനേബിൾ സോഫ്റ്റ്‌വെയർ ഉപയോഗിക്കപ്പെടാതെ കാലഹരണപ്പെട്ടതുമൂലമുണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കണമെന്നാണ് വകുപ്പ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

(ഡി&ഇ) പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയത് വാങ്ങുന്നതിനായുള്ള തീരുമാനം കൈക്കൊണ്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥർ സി-ഡിറ്റിന്റെ സേവനത്തിലല്ലെങ്കിൽപോലും ഈ വ്യക്തികൾക്കെതിരെ സിവിൽ, ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനും ശിപാർശ ചെയ്തിരുന്നു. 20-01-2018-ലെ GO (Rt) No. 16/2018/ITD ഉത്തരവ് അനുസരിച്ചാണ് Testing Tools വാങ്ങിയത്. ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനുമുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികളാണ് ശിപാർശകൾ സമർപ്പിക്കേണ്ടതെന്നും ഇതിൽ തീരുമാനം എടുക്കുന്നതിനുമുമ്പ് Requirement study, Market analysis എന്നിവ നടത്തിയിരിക്കണമെന്നും സി-ഡിറ്റിന് നിർദേശം നൽകിയിട്ടുണ്ട്.

**ആലപ്പുഴ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

52 (56) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

"ഡിജി കേരളം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത" പദ്ധതിയുടെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വോളണ്ടിയർ രജിസ്ട്രേഷൻ നടന്നുവരുന്നു. വാർഡ്തല ഡിജിസഭകൾ നടത്തുന്ന സർവേയിലൂടെ കണ്ടെത്തുന്നവർക്ക് സ്മാർട്ട്ഫോൺ മുഖാന്തരം വിവിധ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. സാക്ഷരതാ പ്രേരക്മാർക്ക് ഡിജി സാക്ഷരതയുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നൽകിവരുന്നു. ഡിജിറ്റൽ സാക്ഷരത കൈവരിക്കാൻ ഇന്റർനെറ്റിന്റെ വ്യാപനം അത്യന്താപേക്ഷിതമാണ്. പൊതു ഇടങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള 'കെ-ഫൈ' പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി സാധാരണക്കാർക്ക് ഇന്റർനെറ്റ് സേവനം ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ 148 സർക്കാർ സ്ഥാപനങ്ങൾ കെ-ഫോൺ കണക്ഷൻ നൽകാനുള്ള ആദ്യ സർവേയിലുൾപ്പെട്ടിരുന്നു. ഇതിൽ 68 സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും 58 സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സർവേ നടത്തിയതിൽ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സെപ്റ്റംബർ 30-നുള്ളിൽ കണക്ഷൻ നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുജനങ്ങൾക്കുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള കണക്ഷൻ നൽകുന്നത് ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാർ മുഖാന്തരമാണ്. നിലവിൽ 7 ഉപഭോക്താക്കൾക്ക് വാണിജ്യാടിസ്ഥാനത്തിലുള്ള കണക്ഷൻ നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ

നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെ കെ-ഫോൺ' (ente KFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തരം അപേക്ഷ നൽകാവുന്നതാണ്. തിരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാർ മുഖാന്തരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്.

**ആലപ്പുഴ ജില്ലയിലെ കെ-ഫോൺ പദ്ധതി**

53 (57) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് കെ-ഫോൺ പദ്ധതി പ്രകാരം കണക്ഷനുകൾ ലഭിച്ചിട്ടുള്ളതെന്ന് വകുപ്പ്, ഓഫീസ് എന്നിവ തിരിച്ച് വിശദാംശം നൽകാമോ?

'കെ-ഫോൺ പദ്ധതി പ്രകാരം കണക്ഷൻ നൽകിയ 861 ഓഫീസ്/ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെ കെ-ഫോൺ' (ente KFON) മൊബൈൽ ആപ്ലിക്കേഷനും 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തരം അപേക്ഷ നൽകാവുന്നതാണ്. തിരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാർ മുഖാന്തരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്.

## ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ

54 (58) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം നൽകാമോ?

മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ അന്തർദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി അവർക്ക് ആവശ്യാനുസരണം സെസ്/നോൺസെസ് മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പേസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച.അടി ഉൾപ്പെടെ 201.62 ലക്ഷം ച.അടി അടിസ്ഥാനസൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്. ദേശീയപാതയോടുചേർന്ന് തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട

ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 ലാൻഡ് പാഴ്സലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്. ഐ.ടി.ഐ.എൽ. താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ കാമ്പസിൽ ജോലി, പാർപ്പിടസൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ് പദ്ധതിയായ 'ക്വാഡ് (QUAD)'-ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക് സ്റ്റാർട്ടപ് കമ്പനികൾക്ക് വ്യവസായരംഗത്ത് വളരുന്നതിന്

വൻസാധ്യതയാണ് വിഭാവനം ചെയ്യുന്നത്. പാർക്കിന്റെ പൂർണതോതിലുള്ള പ്രവർത്തനം 2025-ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിർമ്മിതബുദ്ധി അടിസ്ഥാനമാക്കി ഐ.ടി. മേഖലയിലുള്ള ഗവേഷണത്തെയും വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഐ.ബി.എം.-ഉം ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ജൂലൈയിൽ ഒരു അന്തർദേശീയ സമ്മേളനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭാവി സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ എമർജിംഗ് ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ഐ.ടി. പാർക്കുകളിൽ ലഭ്യമായ സ്ഥലവും ഭൂമിയും അന്താരാഷ്ട്ര കമ്പനികൾക്കും മറ്റ് ജി.സി.സി.-കൾക്കും വിപണനം ചെയ്യുന്നതിനായി ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, ലീഡുകൾ സൃഷ്ടിക്കുന്നതിനും കോ-ഡെവലപ്പർമാർ, അന്താരാഷ്ട്ര കമ്പനികൾ, ജി.സി.സി.-കൾ മുതലായവയെ സംസ്ഥാനത്തേക്ക്

കൊണ്ടുവരുന്നതിനുംവേണ്ടി ഹൈ-പവർ ഐ.ടി. കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐ.ടി. ഫെലോകളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഗ്രാമീണ മേഖലയിൽ ഐ.ടി. വികസനവുമായി ബന്ധപ്പെട്ട് 'ഫോസ്റ്റേറ' (FOSTeRA) എന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഐ.ടി. വ്യവസായം ആരംഭിക്കുവാൻ പ്രയോജനപ്പെടുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ IT/ITeS/BPO സംരംഭങ്ങൾ സ്ഥാപിക്കാനും തദ്വാര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഈ പദ്ധതി ഉപകരിക്കുന്നതാണ്.

(ബി) പ്രമുഖ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി. ഹബ്ബാക്കി മാറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സർക്കാർ പങ്കാളിത്തത്തോടുകൂടി സ്വകാര്യസംരംഭകരെകൂടി ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ജൈറ്റെക്സ്, സിബിറ്റ് തുടങ്ങിയ ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ എന്നിവയിൽ പങ്കെടുത്ത്

കേരളത്തിലെ ഐ.ടി.-ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ എന്നിവ പരിചയപ്പെടുത്തുകവഴി കൂടുതൽ പ്രമുഖ ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. മേഖലയിൽ പരമാവധി മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി. പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ് പദ്ധതി 'ഇഗ്നൈറ്റ്'' എന്ന പേരിൽ നടന്നുവരുന്നുണ്ട്.

തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 ലാൻഡ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി

ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. ഇതിനോടകം കമ്പനികൾ താൽപര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പുതിയ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കൊല്ലം, കണ്ണൂർ ജില്ലകളിൽ പുതുതായി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കണ്ണൂരിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ നിയമിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമിയിൽനിന്നും 25 ഏക്കർ ഭൂമി ഐ.ടി. പാർക്കിനായി കണ്ടെത്തിയിട്ടുണ്ട്. നിർദ്ദിഷ്ട പാർക്കിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പ്രാഥമിക രൂപരേഖയ്ക്ക് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേക്കായി നഗരപരിധിയിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു.

ദേശീയപാതയോട് ചേർന്ന് തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 5G സാങ്കേതികവിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകളും 4 ഐ.ടി. കോറിഡോറുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിലേക്കായി 46 ലാൻഡ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ അക്ഷയ സെന്ററുകൾ**

55 (59) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയേജകമണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ 22 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് അക്ഷയ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഒഴിവുള്ള നൂറനാട് പഞ്ചായത്തിലെ പടനിലം (പഞ്ചായത്ത് ഓഫീസ്) ലൊക്കേഷനിലേക്ക് പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ അക്ഷയകേന്ദ്രങ്ങൾ**

56 (60) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർത്തികപ്പള്ളി, മാവേലിക്കര താലൂക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന അക്ഷയകേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കാർത്തികപ്പള്ളി, മാവേലിക്കര താലൂക്ക് പരിധിയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കണ്ടല്ലൂർ പഞ്ചായത്തിലെ 'മാടമ്പിൽ' ലൊക്കേഷനിലെയും മുതുകുളം പഞ്ചായത്തിലെ ഹൈസ്കൂൾ ജംഗ്ഷൻ മുതുകുളം ലൊക്കേഷനിലെയും അക്ഷയ കേന്ദ്രങ്ങളിലേക്ക് പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ ഐ.ടി. ഹാർഡ്‌വെയർ ഉൽപാദനം

57 (62) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തികവർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉൽപാദനമാണ് സംസ്ഥാനത്ത് നടന്നത്; വ്യക്തമാക്കുമോ?

2023-2024 സാമ്പത്തിക വർഷം 300 ലക്ഷം (മുന്നൂറ് ലക്ഷം) രൂപയുടെ ഉൽപാദനമാണ് നടത്തിയത്.

(ബി) അത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെക്കാൾ 2023-24 സാമ്പത്തിക വർഷത്തിൽ 30 ഇരട്ടിയോളം ഉൽപാദനം കൂടുതൽ നടത്തിയിട്ടുണ്ട്.

(സി) 2025-26 ആകുമ്പോൾ ഉൽപാദനം എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

2025-26 സാമ്പത്തിക വർഷത്തിൽ 48,00,00,000/- (നാൽപ്പത്തിയെട്ട് കോടി രൂപ) രൂപയുടെ ഉൽപാദനം നടത്താനായി ലക്ഷ്യമിടുന്നു.

(ഡി) സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നൂതന നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഐ.ടി. പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി. വികസനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. പ്രസ്തുത ഐ.ടി. പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു.

**പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ള കരാറുകൾ**

58 (63) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ ഐ.ടി. വകുപ്പ് ഏതൊക്കെ കരാറുകളാണ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ കരാറിന്റെയും വിശദാംശവും അവയുടെ തുകയും ലഭ്യമാക്കാമോ?

2016 മുതൽ ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ഏർപ്പെട്ടിട്ടുള്ള കരാർ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഐ.ടി. പാർക്കുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടം എന്നിവയുടെയും അതിനോടനുബന്ധിച്ചുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെ ഭൂമിയുടെയും മൂല്യവിശകലന സേവനങ്ങൾ നൽകുന്നതിനായി 2019-ൽ 22.8 ലക്ഷം രൂപയ്ക്ക് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് കരാർ നൽകിയിട്ടുണ്ട്.

2. കെ-ഫോൺ പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി സർവീസ് നൽകുന്നതിലേയ്ക്കായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി കെ.എസ്.ഐ.ടി.ഐ.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത

കരാറിനത്തിൽ നാളിതുവരെ 3,41,07,225/-രൂപയാണ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുള്ളത്.

3. കെ-സ്പേസ് പദ്ധതിക്ക് പ്രോജക്ട് മാനേജ്മെന്റ് അഡ്വൈസറി സപ്പോർട്ട് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ടി.ഐ.എൽ. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി 2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആ കരാറിനത്തിൽ നാളിതുവരെ 23,22,143/-രൂപ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന് നൽകിയിട്ടുണ്ട്.

4. കേരള സംസ്ഥാന ഐ.ടി. മിഷൻ 29-06-2016-ൽ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് ഭാരത് നെറ്റ് പദ്ധതിയുടെ കൺസൾട്ടന്റായി ഇ-ടെൻഡർ വഴി തിരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകി. കരാർ തുക (സേവന നികുതി ഉൾപ്പെടെ) 46,65,667/- രൂപയാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

59(64) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്കും അപകടമരണത്താൽ നിരാലംബരായ കുടുംബങ്ങൾക്കുമായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇത് എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2279,80,24,139/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊൻപത് കോടി എൺപത് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുന്നൂറ്റിമുപ്പത്തിയൊൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്കും അപകട മരണത്താൽ നിരാലംബരായ കുടുംബങ്ങൾക്കുമായി 778460 പേർക്കായി 2158,06,93,131 രൂപ (രണ്ടായിരത്തി ഒരുന്നൂറ്റിഅൻപത്തിയെട്ട് കോടി ആറ് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഒരുന്നൂറ്റിമുപ്പത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**കഴിഞ്ഞവർഷത്തെ കാലവർഷക്കെടുതിക്ക് ലഭിച്ച കേന്ദ്രസഹായം**

60(65) **ശ്രീ. പി. മമ്മിക്കുട്ടി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷമുണ്ടായ കാലവർഷക്കെടുതിക്ക് സംസ്ഥാനം ആവശ്യപ്പെട്ട സഹായം കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനം ആവശ്യപ്പെട്ട സഹായം കേന്ദ്രത്തിൽനിന്നും ലഭിച്ചില്ലെങ്കിലും ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സംസ്ഥാനം ആവശ്യപ്പെട്ട സഹായം കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ലെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) കഴിഞ്ഞ വർഷമുണ്ടായ കാലവർഷക്കെടുതിക്ക് സംസ്ഥാനത്തിന് പ്രത്യേക സഹായം ലഭിച്ചിട്ടില്ല.

(സി) കഴിഞ്ഞ കാലവർഷക്കെടുതിയിൽ പൂർണ്ണമായും ഭവനരഹിതരായവർ എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ എത്ര പേർക്ക് ആദ്യ ഗഡു സമാശ്വാസം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് സമാശ്വാസം നൽകാനുണ്ടെന്നും വിശദമാക്കാമോ?

(സി&ഡി) കഴിഞ്ഞ കാലവർഷക്കെടുതിയിൽ 669 വീടുകൾക്ക് പൂർണ്ണ നാശനഷ്ടമുണ്ടായതിന് ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അതിൽ 421 പേർക്ക് ആദ്യ ഗഡു സമാശ്വാസം നൽകുകയും ചെയ്തിട്ടുണ്ട്. 248 പേർക്ക് ആദ്യ ഗഡു സമാശ്വാസം ഇനി അനുവദിക്കാനുണ്ട്.

**കാലവർഷക്കെടുതി നേരിടുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ**

61 (66) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി നേരിടുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ വിഭാഗം

ജില്ലാ/താലൂക്ക് തലങ്ങളിൽ ഇതിനോടകം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാലവർഷക്കെടുതി നേരിടുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 02-05-2024-ന് ജില്ലാ കളക്ടർമാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് മഴക്കാല മുന്നൊരുക്ക യോഗം ചേരുകയും ആവശ്യമായ തയ്യാറെടുപ്പ് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം തയ്യാറാക്കിയ അപകടസാധ്യത പട്ടികയനുസരിച്ച് അപകടസാധ്യത കുറയ്ക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. എൻ.ഡി.ആർ.എഫ്.-ന്റെ സേവനം ഏത് സമയത്തും ലഭ്യമാക്കത്തക്കവിധത്തിൽ സജ്ജമാണെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ദുരന്ത സാധ്യത പ്രദേശത്തിൽ താമസിക്കുന്നവരെ ദുരന്ത സാധ്യത മുൻകൂട്ടിക്കണ്ട് സുരക്ഷിത സ്ഥാനത്തേയ്ക്കോ ക്യാമ്പുകളിലേയ്ക്കോ മാറ്റിപ്പാർപ്പിക്കുന്നു. മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽമൂലം സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടതായി വരുന്നവരുടെ കാര്യത്തിൽ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. കൃത്യമായ ഇടവേളകളിൽ റൂൾ കർവ് കമ്മിറ്റി യോഗം ചേരുകയും ഡാമുകൾ

തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. അതത് സമയത്ത് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കാവശ്യമായ അലർട്ടുകളും മുന്നറിയിപ്പുകളും നൽകിവരികയും ചെയുന്നുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ തുടർച്ചയായി മഴയുണ്ടാകുന്ന അവസരങ്ങളിൽ പരിശോധന നടത്തുന്നതിനും ആവശ്യമുള്ളപക്ഷം ആളുകളെ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും തഹസിൽദാർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനും തോടുകളും കാനകളും മറ്റും ആഴം കൂട്ടുന്നതുൾപ്പെടെയുള്ള നടപടിക്ക് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

സന്നദ്ധപ്രവർത്തകരുടെയും ആപ്ത മിത്ര, ഹാർമണി റെസ്ക്യൂ, ഐ.ആർ.എസ്., ആർ.ആർ.ടി, വിവിധ ഫോഴ്സുകൾ എന്നിവർക്കാവശ്യമായ പരിശീലനവും മറ്റും നൽകുന്നതിന് നിർദേശിച്ചിട്ടുണ്ട്. കൂടാതെ ആവശ്യാനുസരണം ക്യാമ്പുകൾ സജ്ജമാക്കി അവയുടെ

പ്രവർത്തനത്തിനാവശ്യമായ ഫണ്ട് തഹസിൽദാർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഫണ്ട് അനുവദിക്കുന്നുണ്ട്. അത്തരത്തിൽ എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന റിലീഫ് കമ്മീഷണറുടെ നേതൃത്വത്തിൽ 25-05-2024-ന് അണക്കെട്ടുകളിലെ ജലനിരപ്പ്, മഴക്കാല തയ്യാറെടുപ്പ് തുടങ്ങിയവ അവലോകനം ചെയ്യാൻ റൂൾ കർവ് കമ്മിറ്റി യോഗം ചേർന്നു. എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലെ വെള്ളക്കെട്ട് ലഘൂകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സംസ്ഥാനതലത്തിൽതന്നെ പ്രത്യേക യോഗങ്ങൾ ചേരുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു.

സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മൺസൂൺ കാലത്ത് ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, റിലീഫ്, ക്യാമ്പ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെല്ലാം എങ്ങനെയൊക്കെയാണ് പ്രവർത്തിക്കേണ്ടതെന്ന് നിർദേശിക്കുന്ന ഓറഞ്ച് പുസ്തകം പുതുക്കിയിട്ടുണ്ട്. 2023 സീസണിന്റെ

അവലോകനം, മുൻവർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ, നടപ്പ് സീസണിലേയ്ക്കുള്ള വിവിധ കാലാവസ്ഥ ഏജൻസികളുടെ പ്രവചനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും താലൂക്ക് കൺട്രോൾ റൂമുകൾക്കും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഇതിനോടകംതന്നെ ഒരുക്കി നൽകിയിട്ടുണ്ട്. ഉപഗ്രഹ ഫോണുകൾ, ഹോട്ട് ലൈൻ തുടങ്ങിയവ ഉൾപ്പെടെയുള്ള ആശയവിനിമയ സംവിധാനങ്ങൾ വഴി എല്ലാ കൺട്രോൾ റൂമുകളും ബന്ധിപ്പിച്ച് ഏത് അടിയന്തരഘട്ടത്തിലും ആശയവിനിമയം നടത്താനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ദുരന്ത സാധ്യത മുന്നറിയിപ്പുകൾ നൽകുന്നതിനും വിവര വിശകലനങ്ങൾ വേഗത്തിൽ നടത്തി തീരുമാനങ്ങളെടുക്കുന്നതിനുംവേണ്ടി സമഗ്രമായ Kerala Warnings Crisis and Hazards Management system (KaWaCHaM-കവചം) സംവിധാനമൊരുക്കിയിട്ടുണ്ട്. ക്യാമ്പുകൾ തയ്യാറാക്കാനാവശ്യമായ കെട്ടിടങ്ങൾ മുൻകൂറായി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനസൗകര്യങ്ങൾ പരിശോധിക്കാനും ആവശ്യമായ

അറ്റകുറ്റപ്പണികൾ നടത്താനും നിർദേശം നൽകിയിട്ടുണ്ട്. എൻ.സി.ആർ.എം.പി. പ്രോജക്ടിൽ സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ വിവിധോദ്ദേശ്യ ഷെൽട്ടർ ഹോമുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവ വിശാലമായ സൗകര്യങ്ങളോടുകൂടിയ ക്യാമ്പുകളായി പ്രവർത്തിപ്പിക്കും.

പ്രളയ, കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകേണ്ട ഔദ്യോഗിക ഏജൻസികളായ കേന്ദ്ര ജല കമ്മീഷൻ, കേന്ദ്ര കാലാവസ്ഥ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. ഓരോ മണിക്കൂറിൽ പെയ്ത മഴയളവ് ഉൾപ്പെടെ ശേഖരിക്കാൻ സാധിക്കുന്ന ഓട്ടോമാറ്റിക് കാലാവസ്ഥ മാപിനികളും മഴ മാപിനികളുമടങ്ങുന്ന വിപുലമായ ശൃംഖല സംസ്ഥാനത്ത് സ്ഥാപിച്ച് പരിപാലിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റേതിനുപുറമെ സ്വകാര്യ ഏജൻസികളുടെയും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

അടിയന്തരഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിനെത്തുന്ന ഹെലികോപ്റ്ററുകൾ ഇറക്കാനാവശ്യമായ ലൊക്കേഷനുകൾ കണ്ടെത്തി കേന്ദ്ര സേനകൾക്ക് കൈമാറിയിട്ടുണ്ട്. ഓരോ വകുപ്പുകളും നടത്തേണ്ട

പ്രവർത്തനങ്ങൾ അതത് വകുപ്പുകൾക്ക് നിർദേശങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ദിവസവും മഴ, പുഴ, അണക്കെട്ടിലെ ജലനിരപ്പ് തുടങ്ങിയ വിവരങ്ങൾ അവലോകനം ചെയ്യുകയും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മഴ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ ഓരോ ദിവസവും ദുരന്തനിവാരണ അതോറിറ്റിയുടെ എമർജൻസി ഓപ്പറേഷൻസ് സെന്റർ ദുരന്ത സാധ്യത മുന്നറിയിപ്പുകളും ബന്ധപ്പെട്ട വകുപ്പുകൾക്കും പൊതുജനങ്ങൾക്കുമാവശ്യമായ മുൻകരുതൽ നിർദേശങ്ങളും പുറപ്പെടുവിക്കുന്നു. എല്ലാ മാധ്യമങ്ങൾക്കും ഇവ ലഭ്യമാക്കുന്നു. വിവിധ തലത്തിലുള്ള പരിശീലനങ്ങളും ഐ.ഇ.സി. പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ ജില്ല, താലൂക്ക്, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വേനൽക്കാല ദുരന്തനിവാരണം**

62 (67) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണ വേനൽക്കാലത്ത് ദുരന്തനിവാരണ നടപടികൾ സ്വീകരിക്കാൻ കേരള ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ചേർന്നിരുന്നോ; എന്നാണ് യോഗം ചേർന്നത്; യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

വേനൽക്കാല തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23-02-2024-ന് ഉദ്യോഗസ്ഥതലത്തിൽ യോഗം ചേരുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, ജലവിഭവം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കൃഷി, വനം-വന്യജീവി, ഉന്നതവിദ്യാഭ്യാസം, മൃഗസംരക്ഷണം എന്നീ വകുപ്പുമന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ, കമ്മീഷണർ (ദുരന്ത നിവാരണം), ജില്ലാ കളക്ടർമാർ, ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി 02-05-2024-ന് യോഗം ചേരുകയുണ്ടായി.

വേനൽക്കാല കരുതലിന്റെ ഭാഗമായി വേണ്ട തയ്യാറെടുപ്പുകൾ, ആശ്വാസനടപടികൾ എന്നിവ വിശദമായി ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളും സ്ഥാപനങ്ങളും കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. യോഗങ്ങളുടെയും നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കൂടാതെ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും വിവിധ വകുപ്പുകളും തയ്യാറെടുപ്പ് യോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) യോഗതീരുമാനങ്ങൾ നടപ്പാക്കേണ്ട ചുമതല ആർക്കായിരുന്നു; ഇതിന് എത്ര ഫണ്ടാണ് അനുവദിച്ചത്; തണ്ണീർപ്പന്തലുകൾ ഒരുക്കാൻ യോഗം തീരുമാനിച്ചിരുന്നോ; എങ്കിൽ തണ്ണീർപ്പന്തലുകൾ ഒരുക്കിയോ എന്ന് അറിയിക്കാമോ?

അതത് തീരുമാനങ്ങൾ നടപ്പാക്കാനുള്ള ചുമതല ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. 19-02-2024-ലെ സ.ഉ(സാധാ)നം. 405/2024/ത.സ്വ.ഭ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജലക്ഷാമം നേരിടാൻ അനുമതി നൽകുകയും അതിനായി തദ്ദേശസ്വയംഭരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളുടെ തനത് വികസന ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് എത്ര പേർ സൂര്യാഘാതം, താപാഘാതം, ചൂടുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നിവമൂലം മരണപ്പെട്ടുവെന്ന കണക്ക് ലഭ്യമാക്കാമോ; ഏതൊക്കെ ജില്ലയിലാണ് മരണങ്ങളുണ്ടായത്; അവരുടെ പേരുവിവരങ്ങൾ നൽകാമോ?

പാലക്കാട് ജില്ലയിൽ സൂര്യാഘാതംമൂലം രണ്ട് മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

1) ലക്ഷ്മി വി., 90 വയസ്സ്, എലപ്പുള്ളി

2) ഹരിദാസൻ, 65 വയസ്സ്, കുതനൂർ

കോഴിക്കോട്, എറണാകുളം, മലപ്പുറം ജില്ലകളിൽ ചുവടെ കാണുംപ്രകാരം ഓരോ മരണം വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പോസ്റ്റ്മോർട്ടം വഴി സ്ഥിരീകരണം ലഭിച്ചിട്ടില്ല.

കോഴിക്കോട് ജില്ല- പന്നിയങ്കര വില്ലേജിലെ വിജേഷ് , 40 വയസ്സ്.

എറണാകുളം ജില്ല - ടോമി ജ്യൂസാ, 65 വയസ്സ്, ഗോതുരുത്ത്.

മലപ്പുറം ജില്ല - മുഹമ്മദ് ഹനീഫ, 62 വയസ്സ്, കുട്ടിലങ്ങാടി

(ഡി) ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26-ന് എത്ര വോട്ടർമാരാണ് സംസ്ഥാനത്ത് കുഴഞ്ഞുവീണ് മരിച്ചത്; വോട്ട് ചെയ്യുന്നതിന് മുൻപാണോ അതുകഴിഞ്ഞാണോ ഇവർ മരണപ്പെട്ടത്; ഏതൊക്കെ ജില്ലകളിലാണ് മരണമുണ്ടായത്; ഇവർക്ക് ഏതെങ്കിലും നഷ്ടപരിഹാരം വിതരണം ചെയ്യുകയോ അതിന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ?

ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26-ന് കോഴിക്കോട് ജില്ലയിൽ 3 പേർ കുഴഞ്ഞുവീണ് മരണപ്പെട്ടു.

1) കെ. എം. അസീസ് - വോട്ടർമാർക്ക് സ്ലിപ്പ് കൊടുക്കാൻ കാത്തുനിൽക്കുമ്പോൾ കുഴഞ്ഞുവീണു.

2) കല്ലംപുറത്ത് ബിമേഷ് - വോട്ട് ചെയ്തിറങ്ങിയ ശേഷം കുഴഞ്ഞുവീണു.

3) ചെറുമോത്ത് കുന്നമലിൽ മാമി - വോട്ട് ചെയ്യാൻ ബൂത്തിലേയ്ക്ക് പോകുമ്പോൾ കുഴഞ്ഞുവീണു.

പാലക്കാട് ജില്ലയിൽ മൂന്നുപേർ മരണപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26-ന് വോട്ട് രേഖപ്പെടുത്തിയതിനുശേഷം മൂന്നുപേർ മരണപ്പെട്ടിട്ടുള്ളതാണ്. മേല്പറഞ്ഞ മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ല. മറ്റ് ജില്ലകളിലൊരും മരണപ്പെട്ടിട്ടില്ല.

(ഇ) അത്യുഷ്ണമോ കഠിനമായ ചൂടുമൂലമോ മരിക്കുന്നവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതര അപകടങ്ങൾ നേരിടുന്നവർക്കും ദുരന്തപ്രതികരണനിധിയിൽനിന്ന് ധനസഹായം നൽകുന്നതിന് നിയമതടസ്സമുണ്ടോ; ഇക്കാര്യത്തിൽ കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും വ്യവസ്ഥകൾ വ്യത്യസ്തമാണോ; ഇതിന് നിയമപരിഷ്കരണമോ നടപടികളോ ആവശ്യമാണോ?

09-03-2019-ലെ സ.ഉ.(കൈ)നം.9/2019/ഡി.എം.ഡി. ഉത്തരവുപ്രകാരം 'ഉഷ്ണതരംഗം, സൂര്യാഘാതം, താപാഘാതം' എന്നിവ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ ഈ ദുരന്തങ്ങൾമൂലം മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതരമായി പരിക്കേറ്റവർക്കും

സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇതിനായി നിയമപരിഷ്കരണമാവശ്യമില്ല.

**ദുരന്തനിവാരണ നടപടികളും നഷ്ടപരിഹാരവും**

63 (68) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിശക്തമായ മഴ കാരണമുണ്ടായ ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാലവർഷം കാരണമുണ്ടായ ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന റിലീഫ് കമ്മീഷണറുടെ നേതൃത്വത്തിൽ 2024 മേയ് 25-ന് അണക്കെട്ടുകളിലെ ജലനിരപ്പ്, മഴക്കാല തയ്യാറെടുപ്പ് തുടങ്ങിയവ അവലോകനം ചെയ്യാൻ റൂൾ കർവ് കമ്മിറ്റി യോഗം ചേർന്നു. എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലെ വെള്ളക്കെട്ട് ലഘൂകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സംസ്ഥാനതലത്തിൽതന്നെ പ്രത്യേക യോഗങ്ങൾ ചേരുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

തയ്യാറാക്കിയ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു. അപകട തീവ്രതയുടെ അടിസ്ഥാനത്തിൽ ജാഗ്രതാ മുന്നറിയിപ്പ് സന്ദേശങ്ങൾ കോമൺ അലർട്ട് പ്രോട്ടോകോൾ (സി.എ.പി.) വഴി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. ദുരന്ത മുന്നറിയിപ്പ് സന്ദേശങ്ങൾ സംസ്ഥാന സർക്കാർ വ്യാപകമായി ആകാശവാണി, ടി.വി., ഇലക്ട്രോണിക് മാധ്യമങ്ങൾ (സാമൂഹിക) സൈറണുകൾ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വികസിപ്പിച്ച കവചം (Kerala Warnings Hazards and Crisis Management System (KaWaChaM)) എന്നിവ ഉപയോഗിച്ച് ജനങ്ങളിലേക്ക് എത്തിക്കുന്നു. 24 മണിക്കൂറിനുള്ളിലെ പ്രതിദിന ദുരന്ത നാശനഷ്ടങ്ങളുടെ വിവരങ്ങൾ വകുപ്പുതിരിച്ചുള്ള ഗൂഗിൾ ഷീറ്റ് ഉപയോഗിച്ച് ജില്ലാ അടിയന്തര കാര്യനിർവഹണ കേന്ദ്രങ്ങളിൽനിന്നും 3.00 മണിക്ക് മുൻപ് സംസ്ഥാന അടിയന്തര കാര്യനിർവഹണ കേന്ദ്രത്തിലേക്ക് സമർപ്പിക്കുന്നു.

വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻസ്, റോഡ് ഗതാഗതം എന്നീ അവശ്യസേവനങ്ങൾ വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് ദുരന്തങ്ങൾമൂലം തടസ്സപ്പെട്ടാൽ ഉടൻ പുനഃസ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി

ഏകോപന യോഗം സംഘടിപ്പിച്ചിട്ടുണ്ട്. കാലവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖകളിൽ (ഓറഞ്ച് ബുക്ക്) പ്രസിദ്ധീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, ഉപ്പ്, ഭക്ഷ്യ എണ്ണ തുടങ്ങിയ അവശ്യവസ്തുക്കൾ ശേഖരിച്ച് വച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മഴക്കാല മുന്നൊരുക്കങ്ങളുടെ പശ്ചാത്തലത്തിൽ ജലജന്യരോഗങ്ങൾക്കാവശ്യമായ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എല്ലാ ദുരിതാശ്വാസ ക്യാമ്പുകളുടെയും സമഗ്രമായ വിശദാംശങ്ങൾ തയ്യാറാക്കുകയും ഈ വിവരങ്ങൾ ജില്ലകളുമായി പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത്, നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട് (NCRMP) ഷെൽട്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുകൾ ദുർബല പ്രദേശങ്ങളിൽനിന്ന് ഒഴിപ്പിക്കുന്ന ആളുകൾക്കായി ദുരിതാശ്വാസ ക്യാമ്പുകൾ/താൽക്കാലിക ഷെൽട്ടറുകൾ

സംഘടിപ്പിക്കുന്നതിന് നിരവധി സ്കൂളുകളും പഞ്ചായത്ത് കെട്ടിടങ്ങളും കണ്ടെത്തിയിട്ടുണ്ട്.

(ബി) ദുരന്ത നിവാരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ വർഷത്തെ കാലവർഷക്കെടുതിയിൽ ഇരയായതും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയതുമായ എത്ര കുടുംബങ്ങളുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഈ കുടുംബങ്ങൾക്ക് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

64(69) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിവാരണ (എ) വകുപ്പിന്റെ 29-10-2021-ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ താമസസ്ഥലത്തുനിന്ന് മാറ്റി പാർപ്പിക്കുന്നതിന്, വസ്തു വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം പത്ത് ലക്ഷം രൂപ അനുവദിക്കുന്നതിന് ഗുണഭോക്താക്കൾക്ക് സംസ്ഥാനത്ത് മറ്റൊരിടത്തും ഭൂമിയില്ലെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാ കളക്ടറുടെ

ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോ എന്ന വിവരം, മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിശദാംശങ്ങൾ, ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെയും കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്ക് തഹസിൽദാർമാരുടെയും റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**മഴക്കെടുതിമൂലമുള്ള ദുരന്തങ്ങൾക്ക് പരിഹാരം**

65 (70) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കെടുതിമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും സംഭവിക്കുന്ന ദുരന്തങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

മഴക്കെടുതിമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും സംഭവിക്കുന്ന ദുരന്തങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാരിലെ ബന്ധപ്പെട്ട ഓരോ വകുപ്പും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ദുരന്ത നിവാരണ

അതോറിറ്റികൾ, ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫയർ ആൻഡ് റെസ്ക്യൂ, വൈദ്യുതി വകുപ്പ്, പോലീസ് വകുപ്പ്, റവന്യൂ വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി ദുരന്ത നിവാരണവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടുന്ന വകുപ്പുകൾ/ദുരന്ത നിവാരണ അതോറിറ്റി നിർദേശങ്ങൾ നൽകിയിട്ടുള്ള വകുപ്പുകൾ എല്ലാംതന്നെ ഇത്തരത്തിൽ വിവിധ തലത്തിലുള്ള പദ്ധതികൾ ദുരന്ത ലഘൂകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിലും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

എല്ലാ വിഭാഗം ആളുകളുടെയും അതിജീവന ശേഷി വർധിപ്പിക്കുന്നതിനായി ഭിന്നശേഷി സൗഹൃദ ദുരന്തലഘൂകരണം, ട്രാൻസ്ജെൻഡർ സൗഹൃദ ദുരന്ത ലഘൂകരണം, ട്രൈബൽ ദുരന്ത നിവാരണ പ്ലാനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പ്ലാനുകൾ, എച്ച്.വി.ആർ.എ. (Hazard, Vulnerability and Risk Assessment) അനാലിസിസുകൾ, ബന്ധപ്പെട്ട വകുപ്പുകളിൽ സാങ്കല്പിക ഉദ്യോഗസ്ഥ

ശ്രേണി (Virtual Cadre for Disaster Management), സ്കൂൾ സുരക്ഷാ പദ്ധതികൾ, ആശുപത്രി സുരക്ഷാ പദ്ധതികൾ, വിവിധ റിട്ടേൺ പ്രോബബിലിറ്റി അടിസ്ഥാനമാക്കിയുള്ള പ്രളയ സാധ്യത ഭൂപടങ്ങൾ പ്രസിദ്ധീകരിക്കൽ, പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, ഇടിമിന്നൽ ആക്ഷൻ പ്ലാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലിവിംഗ് ലാബുകളായി തിരഞ്ഞെടുത്ത് അതിജീവനശേഷി വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഇനിയൊരു പ്രളയമുണ്ടായാൽ അത് നേരിടുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രളയംമൂലം ജനങ്ങൾക്ക് ദുരിതമുണ്ടാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(ബി&സി) മഴക്കാലത്തെ ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 02-05-2024-ന് ജില്ലാ കളക്ടർമാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് മഴക്കാല മുന്നൊരുക്ക യോഗം ചേരുകയും

ആവശ്യമായ തയ്യാറെടുപ്പ് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം തയ്യാറാക്കിയ അപകട സാധ്യത പട്ടികയനുസരിച്ച് അവിടങ്ങളിലെ അപകട സാധ്യത കുറയ്ക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ഡി.ആർ.എഫ്.-ന്റെ സേവനം ഏത് സമയത്തും ലഭ്യമാക്കത്തക്ക വിധത്തിൽ സജ്ജമാണെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ദുരന്ത സാധ്യത പ്രദേശത്തിൽ താമസിക്കുന്നവരെ ദുരന്ത സാധ്യത മുൻകൂട്ടിക്കണ്ട് സുരക്ഷിത സ്ഥാനത്തേയ്ക്കോ ക്യാമ്പുകളിലേയ്ക്കോ മാറ്റിപ്പാർപ്പിക്കുന്നു. കൂടാതെ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽമൂലം സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടതായി വരുന്നവരുടെ കാര്യത്തിൽ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. കൃത്യമായ ഇടവേളകളിൽ റൂൾകർവ് കമ്മിറ്റി യോഗം ചേരുകയും ഡാമുകൾ തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന റിലീഫ് കമ്മീഷണറുടെ നേതൃത്വത്തിൽ 25-05-2024-ന് അണക്കെട്ടുകളിലെ ജലനിരപ്പ്, മഴക്കാല തയ്യാറെടുപ്പ് തുടങ്ങിയവ അവലോകനം ചെയ്യാൻ റൂൾകർവ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. അതത് സമയത്ത്

മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കാവശ്യമായ അലർട്ടുകളും മുന്നറിയിപ്പുകളും നൽകി വരുന്നുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ തുടർച്ചയായി മഴയുണ്ടാകുന്ന അവസരങ്ങളിൽ പരിശോധന നടത്തുന്നതിനും ആവശ്യമുള്ളപക്ഷം ആളുകളെ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും തഹസിൽദാർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് തോടുകളും കാനകളും മറ്റും ആഴം കൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. സന്നദ്ധപ്രവർത്തകരുടെയും ആപ്തമിത്ര, ഹാർമണി റെസ്ക്യൂ, ഐ.ആർ.എസ്., ആർ.ആർ.ടി., വിവിധ ഫോഴ്സുകൾ എന്നിവർക്കാവശ്യമായ പരിശീലനവും മറ്റും നൽകുന്നതിന് നിർദേശിച്ചിട്ടുമുണ്ട്. കൂടാതെ ആവശ്യാനുസരണം ക്യാമ്പുകൾ സജ്ജമാക്കിയിട്ടുള്ളതും അവയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് തഹസിൽദാർമാർക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്. അത്തരത്തിൽ എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. എറണാകുളം,

തിരുവനന്തപുരം നഗരങ്ങളിലെ വെള്ളക്കെട്ട് ലഘൂകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സംസ്ഥാന തലത്തിൽതന്നെ പ്രത്യേക യോഗങ്ങൾ ചേരുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു. ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കും താലൂക്ക് കൺട്രോൾ റൂമുകൾക്കും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഇതിനോടകംതന്നെ ഒരുക്കിനൽകിയിട്ടുണ്ട്. ഉപഗ്രഹ ഫോണുകൾ, ഹോട്ട്‌ലൈൻ തുടങ്ങിയവ ഉൾപ്പെടെയുള്ള ആശയവിനിമയ സംവിധാനങ്ങൾ വഴി എല്ലാ കൺട്രോൾ റൂമുകളും ബന്ധിപ്പിച്ചു. ഏത് അടിയന്തരഘട്ടത്തിലും ആശയവിനിമയം നടത്താനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ദുരന്ത സാധ്യത മുന്നറിയിപ്പുകൾ നൽകുന്നതിനും വിവര വിശകലനങ്ങൾ വേഗത്തിൽ നടത്തി തീരുമാനങ്ങളെടുക്കുന്നതിനുംവേണ്ടി സമഗ്രമായ Kerala Warnings Crisis and Hazards Management System (KaWaCHaM-കവചം) സംവിധാനമൊരുക്കിയിട്ടുണ്ട്. ക്യാമ്പുകൾ തയ്യാറാക്കാനാവശ്യമായ കെട്ടിടങ്ങൾ മുൻകൂറായി കണ്ടെത്തി പട്ടികപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇവയുടെ അടിസ്ഥാനസൗകര്യങ്ങൾ പരിശോധിക്കാനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താനും നിർദേശം നൽകിയിട്ടുണ്ട്. എൻ.സി.ആർ.എം.പി. പ്രോജക്ടിൽ സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ വിവിധോദ്ദേശ്യ ഷെൽട്ടർ ഹോമുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവ വിശാലമായ സൗകര്യങ്ങളോടുകൂടിയ ക്യാമ്പുകളായി പ്രവർത്തിപ്പിക്കും. പ്രളയ, കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകേണ്ട ഔദ്യോഗിക ഏജൻസികളായ കേന്ദ്ര ജല കമ്മീഷൻ, കേന്ദ്ര കാലാവസ്ഥ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. ഓരോ മണിക്കൂറിൽ പെയ്ത മഴയളവ് ഉൾപ്പെടെ ശേഖരിക്കാൻ സാധിക്കുന്ന ഓട്ടോമാറ്റിക് കാലാവസ്ഥ മാപിനികളും മഴ മാപിനികളും അടങ്ങുന്ന വിപുലമായ ശൃംഖല സംസ്ഥാനത്ത് പോയവർഷങ്ങളിൽ സ്ഥാപിച്ച് പരിപാലിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റേതിനുപുറമെ സ്വകാര്യ ഏജൻസികളുടെയും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിനെത്തുന്ന ഹെലികോപ്റ്ററുകൾ ഇറക്കാനാവശ്യമായ ലൊക്കേഷനുകൾ കണ്ടെത്തി കേന്ദ്ര സേനകൾക്ക്

കൈമാറിയിട്ടുണ്ട്. ഓരോ വകുപ്പുകളും നടത്തേണ്ട പ്രവർത്തനങ്ങൾ അതത് വകുപ്പുകൾക്ക് നിർദേശങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ദിവസവും മഴ, പുഴ, അണക്കെട്ടിലെ ജലനിരപ്പ് തുടങ്ങിയ വിവരങ്ങൾ അവലോകനം ചെയ്യുകയും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മഴ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ ഓരോ ദിവസവും ദുരന്ത നിവാരണ അതോറിറ്റിയുടെ എമർജൻസി ഓപ്പറേഷൻസ് സെന്റർ ദുരന്ത സാധ്യത മുന്നറിയിപ്പുകളും അതോടൊപ്പം ബന്ധപ്പെട്ട വകുപ്പുകൾക്കും പൊതുജനങ്ങൾക്കുമാവശ്യമായ മുൻകരുതൽ നിർദേശങ്ങളും പുറപ്പെടുവിക്കുന്നു. എല്ലാ മാധ്യമങ്ങൾക്കും ഇവ ലഭ്യമാക്കുന്നു. വിവിധ തലത്തിലുള്ള പരിശീലനങ്ങളും ഐ.ഇ.സി. പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

**ശബരിമല വിമാനത്താവളം**

66 (71) <u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണം സംബന്ധിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ശബരിമല വിമാനത്താവള പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് സ്റ്റൂപ് കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. ആറ് മാസംകൊണ്ട് ഡി.പി.ആർ. പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതി 13-04-2023-ന് ലഭിച്ചിരുന്നു. ഇതിന്റെ കാലാവധിയായ രണ്ട് വർഷത്തിനുള്ളിൽതന്നെ മന്ത്രാലയത്തിൽനിന്നും പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം (ഇൻപ്രിൻസിപ്പിൾ അപ്രൂവൽ) നേടിയെടുക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം സർക്കാർ 13-03-2024-ന് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരെ അയന ചാരിറ്റബിൾ ട്രസ്റ്റ് സമർപ്പിച്ച റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി 25-04-2024-ന് അഡ്മിറ്റ് ചെയ്യുകയും 11(1) വിജ്ഞാപനത്തിന്മേലുള്ള തുടർനടപടികൾ 2 മാസത്തേക്ക് സ്റ്റേ ചെയ്യുകയും ചെയ്തു. സ്റ്റേ നീക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ കേന്ദ്രസർക്കാരിന്റെയും മറ്റ് വിവിധ ഏജൻസികളുടെയും അനുമതികൾ എല്ലാം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ശബരിമല വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ "സൈറ്റ് ക്ലിയറൻസ്" അനുമതി 13-04-2023-ന് ലഭിച്ചിരുന്നു. തുടർന്ന് 30-06-2023-ന് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽനിന്നും ഡിഫൻസ് ക്ലിയറൻസും 20-05-2024-ന് കേന്ദ്ര

വ്യോമയാന മന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസും ലഭിച്ചു. ഇതോടെ പദ്ധതിക്ക് ഈ ഘട്ടത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ടതായുള്ള എല്ലാ അനുമതിയും ലഭിച്ചിട്ടുണ്ട്. ഇനി വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി കൂടാതെ വ്യോമയാന മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരവുമാണ് ബാക്കിയുള്ളത്. ഈ അനുമതികൾ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി പദ്ധതി നിർവഹണ ഏജൻസിയായ കെ.എസ്.ഐ.ഡി.സി മുഖേന നടന്നുവരുന്നു. ഭൂമിയേറ്റെടുക്കൽ പൂർത്തിയാകുകയും പാരിസ്ഥിതികാനുമതി ലഭ്യമാകുകയും ചെയ്താൽ വിമാനത്താവളത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ 2025 അവസാനത്തോടെ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കോഴിക്കോട് വിമാനത്താവള വികസനം**

67 (72) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ (Runway End Safety Areas) വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിരുന്നു. റെസ നിർമ്മാണം പുരോഗമിക്കുകയാണ്.

(ബി) വിമാനത്താവളത്തിന്റെ ഏതെങ്കിലും തരത്തിലുള്ള വികസനത്തിന് ഇനിയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

2047-ഓടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ (റൺവേ 2700 മീറ്ററിൽ നിന്നും 3770 മീറ്റർ വികസനം) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ സാധ്യതയെക്കുറിച്ച് പരിശോധിച്ചുവരുന്നു. റൺവേ ലീഡ് ഇൻ ലൈറ്റ് (RLIL), സോളാർ പവേർഡ് ഹസാർഡ് ലൈറ്റ് (SPHL) എന്നിവയുടെ നിർമ്മാണത്തിനായി 11.5 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) വിമാനത്താവളത്തിന്റെ പരിസരപ്രദേശത്ത് ലൈഫ് പദ്ധതിയിലെ വീടുകളടക്കം നിർമ്മിക്കുന്നതിന് നിലവിൽ വിമാനത്താവള അധികൃതർ എൻ.ഒ.സി. നൽകാത്തതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതർക്ക് അനുമതി നൽകാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ എൻ.ഒ.സി. നൽകാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിമാനത്താവള റൺവേ വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ബെൽറ്റ് റോഡിനുപകരം പുതിയ റോഡ് നിർമ്മിക്കുന്ന പ്രൊപ്പോസലിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മാണ നടപടികൾക്കായി 13-11-2023-ന് സ്ഥലപരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 8 മീറ്റർ വീതിയിൽ PWD റോഡ്

നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഇ) വിമാനത്താവള റൺവേയിൽനിന്നും മഴവെള്ളം കുത്തിയൊലിച്ച് സമീപത്തെ വീടുകളിൽ നാശനഷ്ടമുണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോ; വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**സിൽവർ ലൈൻ പദ്ധതി**

68 (73) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്ക് ഇ.ക്യൂ.എം.എസ്. പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ ഇ.ഐ.എ. പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിവരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(ബി) പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇ.ക്യൂ.എം.എസ്. പ്രൈവറ്റ് ലിമിറ്റഡിന് ജി.എസ്.ടി. അടക്കം എത്ര രൂപയാണ് നൽകിയതെന്ന് വിശദമാക്കാമോ?

ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഇതുവരെ 40,12,000 രൂപ ഇ.ക്യൂ.എം.എസ്.-ന് നൽകുകയുണ്ടായി.

(സി) സിൽവർ ലൈൻ പദ്ധതിക്കാവശ്യമായ 107.8 ഹെക്ടർ ഭൂമി കൈമാറാൻ സാധിക്കില്ലെന്ന് ഇന്ത്യൻ റെയിൽവേ വിശദമാക്കിയതിനാൽ റെയിൽവേ ഭൂമി ഏറ്റെടുക്കാതെ എങ്ങനെയാണ് സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത ചോദ്യത്തിൽ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട തീരുമാനമൊന്നുംതന്നെ റെയിൽവേ അറിയിച്ചിട്ടുള്ളതല്ല.

(ഡി) സിൽവർ ലൈൻ പദ്ധതിക്ക് പി.പി.പി. മോഡലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് അന്തിമാനുമതിക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. അത് റെയിൽവേ ബോർഡിൽ പരിശോധനാഘട്ടത്തിലാണ്.

(ഇ) ഇന്ത്യൻ റെയിൽവേയിൽനിന്നും വിരമിച്ചതിനുശേഷവും ശ്രീ. അജിത് കുമാർ കെ-റെയിൽ മാനേജിംഗ് ഡയറക്ടറായി തുടരുന്നുണ്ടോ; വിശദമാക്കാമോ?

ഇന്ത്യൻ റെയിൽവേയിൽനിന്നും വിരമിച്ചതിനുശേഷവും ശ്രീ. അജിത് കുമാർ ഐ.ആർ.എസ്.എസ്.ഇ.-നെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുഴുവൻ സമയ ഡയറക്ടർ തസ്തികയിലേയ്ക്ക് പുനഃനിയമിച്ചിട്ടുണ്ട്. താൽക്കാലിക ക്രമീകരണത്തിന്റെ ഭാഗമായി മാനേജിംഗ് ഡയറക്ടറുടെ അധികചുമതലയും നൽകിയിട്ടുണ്ട്.

(എഫ്) ആർ.ഐ.എ. സ്റ്റഡി, ഡി.പി.ആർ. തയ്യാറാക്കൽ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ, റവന്യൂ വകുപ്പിൽനിന്നും മറ്റ് വകുപ്പുകളിൽനിന്നും ഡെപ്യൂട്ട് ചെയ്ത ഉദ്യോഗസ്ഥർക്കുള്ള വേതനമടക്കം നാളിതുവരെ സിൽവർ

ലൈൻ പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കൽ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ തുടങ്ങി സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് 53.43 കോടി രൂപ ചെലവായിട്ടുണ്ട്.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

69 (74) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളത്തിന്റെ അളവ് എത്രയെന്ന് വിശദമാക്കുമോ?

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1 - ജൂൺ 30) മണക്കടവ് വിയറിൽ പ്രളയ ജലമൊഴികെ കേരളത്തിന് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1-നം ഫെബ്രുവരി

1-നം സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2-നം ജനവരി 31-നം ഇടയിലുള്ള കാലയളവിൽ കേരള ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണ നിരപ്പിന് 5 അടിയിൽ താഴാതെ നിർത്തേണ്ടതുമാണ്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. പറമ്പിക്കുളം ഗ്രൂപ്പ് അണക്കെട്ടുകളിലും ലോവർ നീരാറിലുംകൂടി പ്രതിവർഷം 16.5 ടി.എം.സി.-യിൽ (ബാഷ്പീകരണം ഒഴികെ) കൂടുതലായി നീരൊഴുക്ക് ലഭിക്കുന്ന വർഷങ്ങളിൽ ആദ്യത്തെ 2.5 ടി.എം.സി. വരെയുള്ള ജലവിഹിതം പാലക്കാട് ചിറ്റൂർപ്പുഴയിൽ കൃഷി ആവശ്യത്തിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2.5 ടി.എം.സി.-യിൽ അധികം വരുന്ന ജലം ചാലക്കുടിപ്പുഴയിലൂടെ കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ വൻനീരൊഴുക്കുള്ള ചുരുക്കം ചില വർഷങ്ങളിൽ മാത്രമാണ് ഇവിടത്തെ നീരൊഴുക്ക് 16.5 ടി.എം.സി.-ക്ക് മുകളിൽ ലഭ്യമായിട്ടുള്ളത്. ഒക്ടോബർ ഒന്ന് മുതൽ ജനവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന്

അർഹതപ്പെട്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ജലം ഇടമലയാർ ജലസംഭരണിയിൽ ശേഖരിക്കാവുന്നതാണ്.

(ബി) പ്രസ്തുത കരാർ എന്നാണ് നിലവിൽ വന്നതെന്നും കരാർ പ്രകാരം ഈ വർഷം സംസ്ഥാനത്തിന് ലഭിച്ച ജലത്തിന്റെ അളവ് എത്രയെന്നും വിശദമാക്കുമോ?

1970 മേയ് 29-ന് നിലവിൽ വന്ന പി.എ.പി. കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

•2023-24 ജലവർഷത്തിൽ മേയ് IInd Fortnight വരെ മണക്കടവ് വിയറിൽ ലഭിച്ചത് 5360 Mcft. ജലമാണ്.

•2023-24 ജലവർഷത്തിൽ മേയ് IInd Fortnight വരെ കേരള ഷോളയാർ പവർഹൗസിൽ 12033 Mcft. ജലം ഉപയോഗിച്ചിട്ടുണ്ട്.

•2023-24 ജലവർഷത്തിൽ അപ്പർ നീരാർ വിയറിൽനിന്ന് (ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ) കേരളത്തിന് ലഭ്യമായത്, 1111 Mcft. ജലമാണ്.

(സി) ഓരോ വർഷവും അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനായി സംയുക്ത ജലക്രമീകരണ ബോർഡ് (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി ശ്രമിക്കാറുണ്ട്. ഇതുപ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ വിഷയം യഥാസമയം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും സമയോചിതമായ ഇടപെടലുകൾ നടത്തി പരമാവധി ജലം നേടിയെടുക്കാറുമുണ്ട്. കേരളത്തിന് പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാട്ടുമായി തുടർചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമമാണ് കേരളം പൊതുവെ സ്വീകരിച്ചുവരുന്നത്.

ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലുമുള്ള ശക്തമായ ഇടപെടലുകളെത്തുടർന്ന് നിലവിൽ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും ലഭ്യമാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം

ഉറപ്പുവരുത്തുന്നതിന് സർവകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ 2013-ൽ കേരളം ഒരു അസ്സൽ അന്യായവും (O.S No.2/2013) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

**വടകര-മാഹി കനാൽ നിർമ്മാണം**

70 (75) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ മൂന്നാം റീച്ചിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വടകര – മാഹി മൂന്നാം റീച്ചിൽ ഉയർന്ന കട്ടിംഗ് ആവശ്യമായിവരുന്ന 800 മീറ്റർ ഭാഗത്തെ പാർശ്വസംരക്ഷണഭിത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനായുള്ള പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലപാതാ വികസന പദ്ധതികൾക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

(SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേന സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മൂന്നാം റീച്ചിന്റെ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

**സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി നിർമ്മാണം**

71 (76) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന 5.8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ?

സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മൂന്ന് പ്രവൃത്തികൾക്കുമായി 5.8 കോടി രൂപയുടെ ഭരണാനുമതി നൽകിയ ശേഷം, സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ മൂന്നുതവണ ടെൻഡർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. വീണ്ടും ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റീ-ടെൻഡർ നടപടി പൂർത്തീകരിച്ച് കരാറുകാർ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**വടകര–മാഹി കനാൽ**

72 (77) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ പ്രവൃത്തികൾ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദമാക്കാമോ?

വടകര-മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>റീച്ച് -1- (4 കി.മീ.)</u> - 35% പൂർത്തിയായി ബാക്കി പ്രവൃത്തികൾക്ക് 21.8 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്.

<u>റീച്ച് - 2 – (3.30 കി.മീ.)</u> - പൂർത്തിയായി.

<u>റീച്ച് - 3 – (3.24 കി.മീ.)</u> - 51% പൂർത്തിയായി. ഉയർന്ന കട്ടിംഗ് ആവശ്യമായ 800 മീറ്റർ ഭാഗത്തെ പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലപാതാ വികസന പദ്ധതികൾക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

(എസ്.പി.വി.) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാ സ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെ.ഡബ്ല്യു.ഐ.എൽ.) മുഖേന സ്വീകരിച്ചുവരുന്നു.

ബാക്കിയുള്ള ഭാഗത്തെ കനാൽ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

റീച്ച് - 4 – (3.59 കി.മീ.) - 90% പൂർത്തിയായി.

റീച്ച് - 5 – (3.48 കി.മീ.) - 89% പൂർത്തിയായി.

ജലപാതയ്ക്ക് കുറുകെ നിർമ്മിക്കേണ്ട പാലങ്ങളിൽ വെങ്ങോളി പാലം പൂർത്തിയായി. കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ് 70 ശതമാനവും മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ് 96 ശതമാനവും പൂർത്തിയായിട്ടുണ്ട്. 14 നടപ്പാലങ്ങളിൽ 12 എണ്ണം പൂർത്തിയായി. ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. വരയിൽ താഴെ, കായപ്പനിച്ചി ബോട്ട് ജെട്ടികളുടെ പ്രവൃത്തി പൂർത്തിയായി. കച്ചേരി ബോട്ട് ജെട്ടിയുടെ പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) വടകര-മാഹി കനാൽ എന്നാണ് ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതെന്ന്

വ്യക്തമാക്കാമോ; അതിന്റെ ഭാഗമായി വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ?

2025 അവസാനത്തോടുകൂടി വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തണമെന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി വരുന്നത്.

(സി) കോട്ടപ്പള്ളി പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കോട്ടപ്പള്ളി പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ തയ്യാറാക്കി വരുന്നു.

**കളിയാംവള്ളി പാലം നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ**

73 (78) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കളിയാംവള്ളി പാലം നിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കളിയാംവള്ളി പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) മുഖേന ഡിസൈൻ ലഭ്യമാക്കുകയും തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡ് TRANCHE-XXX-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. നബാർഡ് TRANCHE-XXX-ൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതിനായി പ്രസ്തുത പദ്ധതി നിർദേശം ധനകാര്യ (എൻ.സി.എ.) വകുപ്പിലേക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികാനുമതി എപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കാമോ?

പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് അനുമതി നൽകുന്നതാണ്.

**വടകര-മാഹി കനാൽ നിർമ്മാണം**

74 (79) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ അഞ്ചാം റീച്ചിലെ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര വിതരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ?

34.99 ഏക്കർ.

(സി) ആകെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിശദ വിലനിർണ്ണയം നടത്തി 262 പേർക്ക് നഷ്ടപരിഹാരം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഇതിൽ എത്രപേർക്ക് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ നേരിടുന്ന തടസ്സമെന്താണെന്നും വിശദമാക്കാമോ?

134 പേർക്ക് നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ഭൂമിശാസ്ത്രപരമായ ചില വിഷമതകൾകൊണ്ടും കൈവശക്കാർ മിക്കവരും ദൂരപ്രദേശങ്ങളിൽ താമസിക്കുന്നതിനാലും കൈവശ നിർണ്ണയം നടത്തിയപ്പോൾ നേരിട്ട ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം നഷ്ടപരിഹാരം കണക്കാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അത് ദ്രുതഗതിയിൽ പരിഹരിച്ചുവരുന്നു.

**തീരദേശ പരിപാലന പ്ലാൻ**

75 (80) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (സി.ഇസഡ്.എം.പി.) തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (എൻ.സി.ഇ.എസ്.എസ്.) സർക്കാർ ചുമതലപ്പെടുത്തി. ഇതനുസരിച്ച് കരട് പ്ലാൻ തയ്യാറാക്കി വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും ആക്ഷേപങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (എൻ.സി.എസ്.സി.എം.)-ന് 07-02-2024-ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ

സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (എൻ.സി.എസ്.സി.എം.)-ന് നൽകിയിട്ടുള്ളത്. നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (എൻ.സി.എസ്.സി.എം.) സ്കൂട്ടിനി കമ്മിറ്റി നിർദേശിച്ചതനുസരിച്ച് ബണ്ട്/സ്ലൂയിസ് ഗേറ്റ് പരിഗണിച്ച് എച്ച്.ടി.എൽ.-ൽ ആവശ്യമായ ഭേദഗതികൾ കരട് സി.ഇസഡ്.എം.പി. 2019-ൽ വരുത്തുകയും 15 ലൊക്കേഷനുകളിൽ കണ്ടൽക്കാടുകളുടെ സാന്നിധ്യം സംബന്ധിച്ച് സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. എൻ.സി.എസ്.സി.എം. നിർദേശിച്ചപ്രകാരമുള്ള കേരള തീരദേശ പരിപാലന പ്ലാൻ, ലാൻഡ് യൂസ് മാപ്പ് എന്നിവ എൻ.സി.ഇ.എസ്.എസ്.-ൽനിന്നും ലഭ്യമാക്കി എൻ.സി.എസ്.സി.എം.-ന് നൽകിയിട്ടുണ്ട്.

**വാട്ടർ മെട്രോ ടെർമിനൽ നിർമ്മാണം**

76 (81) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയ ടെർമിനലുകൾ ഏതെല്ലാമെന്നും പ്രസ്തുത ടെർമിനലുകളുടെ നിർമ്മാണപുരോഗതി എന്തെന്നും വിശദമാക്കാമോ?

ആകെയുള്ള 9 ടെർമിനലുകളിൽ വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് എന്നീ ടെർമിനലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കടമക്കുടി ടെർമിനലിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. പൊന്നാരിമംഗലം, മുളവുകാട് പഞ്ചായത്ത്, മുളവുകാട് ഹോസ്പിറ്റൽ, ചെന്നൂർ, എളംകുന്നപ്പുഴ എന്നീ ടെർമിനലുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ടെർമിനലുകൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

2025-ൽ പ്രവർത്തനസജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കൊച്ചി ജലമെട്രോ**

77 (82) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. ആന്റണി ജോൺ:</u>

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ചെലവ് കുറഞ്ഞതും അപകടസാധ്യത കുറവുള്ളതുമായ മാർഗമാണ് കൊച്ചി ജലമെട്രോ എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൊച്ചി ജലമെട്രോയുടെ 100 പേർക്ക് യാത്ര ചെയ്യാവുന്ന അത്യാധുനിക രീതിയിലുള്ള ശീതീകരിച്ച ബോട്ടിലെ യാത്രാനിരക്കായി ശരാശരി 20 രൂപ മുതൽ 40 രൂപ വരെയാണ് ഈടാക്കുന്നത്. അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതും എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതും യാത്രക്കാരുടെ എണ്ണം നിയന്ത്രിക്കുന്ന രീതിയും (പാസ്സഞ്ചർ കൗണ്ടിംഗ് സിസ്റ്റം) ഈ ബോട്ടുകളുടെ പ്രത്യേകതകളാണ്. സ്ഥിരത കൂടുതലുള്ള കാറ്റമറൈൻ ശ്രേണിയിലുള്ള അലൂമിനിയം ബോട്ടുകൾ വിവിധ അന്താരാഷ്ട്ര കമ്പനികളുടെ മേൽനോട്ടത്തിലാണ് കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ, നിലവിൽ നിഷ്കർഷിച്ചിട്ടുള്ളതിന് ഉപരിയായുള്ള സുരക്ഷാക്രമീകരണങ്ങളാണ് ഈ ബോട്ടുകളിൽ ഒരുക്കിയിട്ടുള്ളത്.

(ബി) അത്യാധുനിക സൗകര്യങ്ങളോടുകൂടിയതും ആനന്ദപ്രദവുമായ യാത്ര വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായി കൊച്ചി ജലമെട്രോ ഇതിനകം മാറിയിട്ടുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ?

നാളിതുവരെ 20 ലക്ഷത്തിലധികം യാത്രക്കാർ ജലമെട്രോയിൽ യാത്ര ചെയ്തിട്ടുണ്ട്. വിദേശികളും തദ്ദേശീയ ടൂറിസ്റ്റുകളും ജലമെട്രോയിൽ യാത്ര ചെയ്യാനായി എത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഏറെ പ്രയോജനകരമാകുംവിധം കൊച്ചി നഗരത്തോടനുബന്ധിച്ചുള്ള കൂടുതൽ ദ്വീപുകളുമായി ബന്ധിപ്പിച്ച് സർവീസ് നടത്തുന്നതിന് കൊച്ചി ജലമെട്രോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ?

ഉണ്ട്. ഹൈക്കോർട്ട്-വൈപ്പിൻ, ഹൈക്കോർട്ട്-ഫോർട്ട് കൊച്ചി എന്നീ റൂട്ടുകളിൽ സർവീസ് നടത്തുന്നതിൽ ഭൂരിഭാഗം യാത്രക്കാരും തദ്ദേശ-വിദേശ സഞ്ചാരികളാണ്. കൊച്ചി നഗരത്തോടനുബന്ധിച്ചുള്ള കൂടുതൽ ദ്വീപുകളുമായി ജലമെട്രോ പദ്ധതിയെ ബന്ധിപ്പിച്ച് അതിലൂടെ ടൂറിസം വികസനത്തിന്

ലക്ഷ്യമിടുന്നുണ്ട്. കടമക്കുടി, മുളവുകാട്, പിഴല, കോതാട്, താന്തോന്നിതുരുത്ത് തുടങ്ങിയ ഉൾനാടൻ ദ്വീപുകളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജലമെട്രോ പദ്ധതി പൂർത്തിയാകുമ്പോൾ ഏതെല്ലാം ദ്വീപുകളെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ, ഫോർട്ടുകൊച്ചി, ബോൾഗാട്ടി, കോതാട്, ചേന്നൂർ, താന്തോന്നിതുരുത്ത്, കടമക്കുടി, പാലിയംതുരുത്ത്, ചാരിയംതുരുത്ത്, പിഴല, കൊറുംകോട്ട, എളങ്കുന്നപ്പുഴ, മൂലമ്പിള്ളി, വില്ലിംഗ്ടൺ ഐലന്റ്, മുളവുകാട്, ഏലൂർ, ചേരാനെല്ലൂർ, കുമ്പളം, ഇടക്കൊച്ചി, നെട്ടൂർ, ഏരൂർ എന്നീ ദ്വീപുകളെ ജലമെട്രോ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നാദാപുരം മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി**

78 (83) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തി വരുന്ന പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയുടെയും നിർമ്മാണപുരോഗതി വിശദമാക്കാമോ?

വടകര – മാഹി കനാൽ - 5th റീച്ച്

(i) കരിങ്ങാലിമുക്കിൽ ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം

സിവിൽ പ്രവൃത്തികൾ 70% പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ മെക്കാനിക്കൽ വിംഗ് മുഖേന നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു.

(ii) കനാൽ ഫോർമേഷൻ പ്രവൃത്തികൾ (ബാലൻസ് വർക്ക്)

81% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഈ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(iii) കുറുവയലിൽ സ്റ്റീൽ ഫൂട് ബ്രിഡ്ജ് നിർമ്മാണം.

70% പുരോഗതിയിലായ പ്രസ്തുത പ്രവൃത്തി ഈ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(iv) <u>കേളോത്ത് കണ്ടിതാഴെ സ്റ്റീൽ ഫൂട് ബ്രിഡ്ജ് നിർമ്മാണം.</u>

നിലവിൽ 90% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഈ വർഷം പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(v) <u>എടച്ചേരി പഞ്ചായത്തിൽ കച്ചേരിയിൽ ബോട്ട് ജെട്ടി നിർമ്മാണം</u>

എഗ്രിമെന്റ് വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്.

(vi) <u>എടച്ചേരി പഞ്ചായത്തിൽ കായപ്പനിച്ചി ബോട്ട് ജെട്ടി നിർമ്മാണം</u>

പ്രവൃത്തി പൂർത്തിയായി.

(ബി) ടെൻഡർ നടപടി പൂർത്തീകരിച്ച കച്ചേരി ബോട്ട് ജെട്ടിയുടെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

പ്രവൃത്തി എഗ്രിമെന്റ് വച്ച് 30-12-2023-ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് കർശന നിർദേശം നൽകിയിട്ടുണ്ട്.

(സി) എടച്ചേരി ഗ്രാമപഞ്ചായത്തിലെ കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സിവിൽ പ്രവൃത്തി 70% പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

**നോൺ-ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ**

79 (84) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോൺ-ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ എത്ര രൂപയാണെന്നും നിലവിലുള്ള പെൻഷൻ തുകയുടെ അമ്പത് ശതമാനമാണോ ആശ്രിത പെൻഷനായി നൽകുന്നതെന്നും വ്യക്തമാക്കുമോ?

നോൺ-ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ നിലവിൽ 1250/- രൂപയാണ്. നിലവിലുള്ള പെൻഷൻ തുകയുടെ അമ്പത് ശതമാനമല്ല ആശ്രിത പെൻഷനായി നൽകി വരുന്നത്.

(ബി) പെൻഷൻ നിയമാവലിയിൽ ചട്ടം 18-ൽ ഇതിനെ എങ്ങനെയാണ് നിർവചിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

'പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽ അയാൾ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷന്റെ 50% തുക കുടുംബപെൻഷനായി നൽകുന്നതാണ്' എന്നാണ് നിർവചിച്ചിട്ടുള്ളത്.

(സി) പതിനൊന്ന് വർഷം മുൻപുള്ള പെൻഷൻ തുകയായ 2500 രൂപയുടെ അമ്പത് ശതമാനം മാത്രമാണ് നിലവിൽ ആശ്രിത പെൻഷനായി നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. പത്രപ്രവർത്തകേതര പെൻഷൻ ചട്ടം 5 പ്രകാരം പെൻഷൻ നൽകുന്നതിലേയ്ക്കായി സർക്കാർ വിഹിതം, അംഗങ്ങൾ മാസംതോറും അടയ്ക്കുന്ന അംശദായം, പത്ര ഉടമകളിൽനിന്ന് ലഭിക്കുന്ന സംഭാവന എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പെൻഷൻ നിധി രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പത്ര മാനേജ്മെന്റുകൾ അവരുടെ കോൺട്രിബ്യൂഷൻ ലഭ്യമാക്കുന്നില്ല. അതിനാൽ പെൻഷൻ നിധി രൂപീകരണവും പെൻഷൻ ചട്ടം ഭേദഗതി ചെയ്യുന്നതുമായ നടപടി പൂർത്തിയാക്കിയതിനുശേഷം മാത്രമെ ആശ്രിത പെൻഷൻ വർധനവ് പരിഗണിക്കാൻ കഴിയുകയുള്ളൂ.

**പ്രവാസി ക്ഷേമ പദ്ധതികൾ**

80 (85) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രവാസി സംരക്ഷണത്തിനും ക്ഷേമത്തിനുമായി നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രവാസികൾക്കായി കേന്ദ്രസർക്കാർ എന്തെങ്കിലും ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള പ്രവാസികാര്യവകുപ്പ് മുഖാന്തരം കേന്ദ്രസർക്കാർ ക്ഷേമ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

(സി) തിരക്കേറിയ സീസണുകളിൽ പ്രവാസികളിൽനിന്ന് വിമാനകമ്പനികൾ ഉയർന്ന നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരക്കേറിയ സീസണുകളിൽ വിമാന യാത്രാനിരക്ക് വർധനവ് നിയന്ത്രിക്കുന്നതിനായി സർവീസുകളുടെയും സീറ്റുകളുടെയും എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാ നിരക്ക് വർധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ മുഖ്യമന്ത്രിതലത്തിൽ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർഥിച്ചിട്ടുണ്ട്.

എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവീസിന്റെ പ്രത്യേകത, നടത്തിപ്പ്, യാത്രക്കാരുടെ തിരക്ക്, ചെലവ്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വിമാന കമ്പനികൾക്കാണെന്നാണ് കേന്ദ്ര വ്യോമയാന

മന്ത്രാലയം അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുള്ള നിയന്ത്രണം 1994-ൽ കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര, വിദേശ സർവീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (എ.ടി.എഫ്.) ചുമത്തിയിരുന്ന കെ.ജി.എസ്.ടി.-യിൽ സംസ്ഥാനം കുറവുവരുത്തിയിട്ടുണ്ട്.

**ഗൾഫ് നാടുകളിലേക്ക് കപ്പൽ സർവീസ്**

81 (86) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് കുറഞ്ഞ ചെലവിൽ ഗൾഫ് നാടുകളിലേക്ക് യാത്ര ചെയ്യുന്നതിനായി കപ്പൽ സർവീസ് ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളിൽനിന്നും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് യാത്ര ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സർവീസ് എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) പരിഗണനയിലുണ്ട്. ഗൾഫ് രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്കും തിരികെ ഗൾഫ് രാജ്യങ്ങളിലേക്കുമായി സർവീസ് നടത്താൻ പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) മോഡലിൽ പാസഞ്ചർ ഷിപ്പ് സർവീസ് നടത്താൻ വിവിധ ഷിപ്പിംഗ് കമ്പനികളെ ആകർഷിക്കുന്നതിനായി 2024 മാർച്ച് 8-ന് കേരള മാരിടൈം ബോർഡ് താൽപര്യപത്രം ക്ഷണിക്കുകയും ഇതിന് തുടർച്ചയായി 2024 മാർച്ച് 27-ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് പദ്ധതിയിൽ താൽപര്യമുള്ളവരുടെ ഒരു ബിസിനസ് മീറ്റ് നടത്തുകയും ചെയ്തിരുന്നു. അതുപ്രകാരം നാല് ഷിപ്പിംഗ് കമ്പനികൾ (White Sea Shipping Lines Pvt. Ltd, Full Ahead Marine & Offshore Private Ltd., Ron Maritime Limited, Jabal

Ventures Pvt. Ltd.) കേരള മാരിടൈം ബോർഡിന് മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 21-05-2024-ന് കേരള മാരിടൈം ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ രണ്ട് കമ്പനികളുടെ (White Sea Shipping Lines Pvt. Ltd., Jabal Ventures Pvt. Ltd) പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിന്റെ വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സമർപ്പിക്കാൻ പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്നമുറയ്ക്ക് സർവീസ് നടത്താനുദ്ദേശിക്കുന്ന കമ്പനികൾ സമർപ്പിക്കുന്ന നിർദേശങ്ങളും വ്യവസ്ഥകളും പരിശോധിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

82 (87) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 153/2024, 155/2024 എന്നീ ക്രൈം കേസുകളിൽ ആരൊക്കെയാണ് പ്രതികളെന്നും കേസിനാസ്പദമായ സംഭവങ്ങളെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ക്രൈം നമ്പർ 153/2024 കേസിനാസ്പദമായ സംഭവം നടന്ന തീയതിയും സമയവും വ്യക്തമാക്കാമോ;

(സി) ഈ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത സമയം അറിയിക്കാമോ; പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രൈം നമ്പർ 153/2024 പ്രകാരം രജിസ്റ്റർ ചെയ്ത എഫ്.ഐ. ആർ.-ലെ സംഭവ സമയം വൈകുന്നേരം 4.45-നും 4.46-നും ഇടയിലാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) ക്രൈം നമ്പർ 153/2024-ലെയും ക്രൈം നമ്പർ 155/2024-ലെയും എഫ്.ഐ.ആർ.-ലെ സംഭവ സമയം ഒന്നുതന്നെയാണോയെന്ന് വ്യക്തമാക്കാമോ; രണ്ട് കേസുകളിലെയും പ്രതികൾ ഒന്നുതന്നെയാണോ;

(എഫ്) രണ്ട് എഫ്.ഐ.ആർ.-കളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ജി) ഈ രണ്ട് കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്ത് അവധാനതയില്ലായ്മയും നിയമവിരുദ്ധമായ ഇടപെടലുകളുമുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

(എ-ജി) കാസർഗോഡ് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 153/24, 155/24 എന്നീ കേസുകളുടെ വിശദാംശങ്ങൾ അടങ്ങിയ എഫ്.ഐ.ആർ. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് അന്വേഷണത്തിൽ വെളിവായതിനാൽ 153/24 നമ്പർ കേസിന്റെ എഫ്.ഐ.ആർ.-ൽ പ്രതികളായി ചേർത്തിരുന്ന നൗഫൽ മല്ലം, ഹാഷിം ബംബ്രാണി, ഖാദർ ബദരിയ എന്നിവരെയും ക്രൈം നമ്പർ 155/24 കേസിൽ എഫ്.ഐ.ആർ.-ൽ പ്രതിയായി ഉൾപ്പെട്ടിരുന്ന സാലിയെയും പ്രതിപട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ കേസിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ അബ്ദുൾ റഹ്മാൻ തൻസീർ എന്നയാളെ പ്രതിയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവസമയം സംബന്ധിച്ച് തുടർന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ, സമയത്തിൽ ഭേദഗതി വരുത്തുന്നതിനായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അതിഥി തൊഴിലാളികൾ പ്രതികളായ കേസുകൾ

83(88) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ പ്രതികളായ എത്ര അക്രമങ്ങൾ, കൊലപാതകങ്ങൾ, മോഷണങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## കുറ്റകൃത്യങ്ങളുടെ നിരക്കിലുള്ള വ്യത്യാസം

84 (89) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം നടപ്പുവർഷം സംസ്ഥാനത്തുണ്ടായിട്ടുള്ള കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിലുള്ള കേസുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വ്യത്യാസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിട്ടുള്ള വ്യത്യാസം എത്രയാണെന്ന് അറിയിക്കാമോ?

പരിശോധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2016 മുതലുള്ള പ്രസ്തുത കണക്കുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ നിരക്ക് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ?

2016 മുതലുള്ള പ്രസ്തുത കണക്കുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ നിരക്ക് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആക്ഷൻ എഗെയ്ൻസ്റ്റ് ഗുണ്ട (ആഗ്) ഓപ്പറേഷൻ വഴി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിക്കുന്നതിനും പൊതുസമാധാനം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനുമായി കേരള പോലീസ് ഓപ്പറേഷൻ 'ആഗ്' (Augmented Action Against Anti Socials And Goondas- Operation AAAG) എന്ന സ്പെഷ്യൽ ഡ്രൈവ് നടത്തിവരുന്നു. ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സ്വതന്ത്ര ജീവിതത്തിനും തടസ്സംനിൽക്കുന്ന കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സാമൂഹ്യ വിരുദ്ധരെയും ഗുണ്ടകളെയും തുറങ്കിലടയ്ക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് വ്യാപകമായ സ്വീകാര്യതയാണ് ലഭിച്ചത്. ഇതിന്റെ ഭാഗമായി നിരവധി ഗുണ്ടകൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടിയെടുത്തും ക്രിമിനലുകളുടെയും കേസുകളുടെയും വിവരങ്ങൾ നിരന്തരം ശേഖരിച്ചും അവർക്കെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിച്ചും ഇത്തരം ആൾക്കാരെ സൂക്ഷ്മമായി നിരീക്ഷിച്ചും വരുന്നു.

**ഗുണ്ട- പോലീസ് അവിശുദ്ധ കൂട്ടുകെട്ടിനെതിരെ നടപടി**

85 (90) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളുമായി ചില പോലീസ് ഉദ്യോഗസ്ഥർക്കുള്ള അവിശുദ്ധ കൂട്ടുകെട്ട് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ഉണ്ട്. ഗുണ്ടാ സംഘങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

(ബി) അങ്കമാലിയിൽ ഗുണ്ടാ നേതാവിന്റെ വീട്ടിലെ വിരുന്നിൽ ഡിവൈ.എസ്.പി.-യും മറ്റ് പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്ത സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ഓപ്പറേഷൻ ആഗ്-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് പരിശോധനകൾ നടത്തിവരവെ തമ്മനം ഫൈസൽ എന്ന വ്യക്തിയുടെ വീട്ടിൽ ക്രൈംബ്രാഞ്ച് ആലപ്പുഴ ഡിവൈ.എസ്.പി. ആയിരുന്ന എം.ജി. സാബുവും ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ

സി.പി.ഒ. ദീപക് സി. കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി. കെ. എന്നിവർ സൽക്കാരത്തിൽ പങ്കുചേർന്നതായി കാണപ്പെട്ടതിനെത്തുടർന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടകളുമായി ബന്ധം പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ സർവീസിൽനിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. ഗുണ്ടാ/സാമൂഹ്യവിരുദ്ധ സംഘങ്ങളുമായി കൂട്ടുകൂടാനോ ബന്ധങ്ങൾ സ്ഥാപിക്കാനോ പാടില്ലെന്ന സന്ദേശം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**ഗുണ്ടാ – ലഹരിമാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

86 (91) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:

ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ഗ്രാമീണ മേഖലകളിലും ഗുണ്ടാ-ലഹരി മാഫിയാസംഘങ്ങളുടെ അക്രമപ്രവർത്തനങ്ങൾ വർധിച്ചുവരുന്നത് തടയാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണ്ടാ-ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ച് മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(സി) ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന

നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്.

ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പ നിയമം ചുമത്തുന്നത് ഉൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ് എഗെയ്ൻസ്റ്റ് ഓർഗനൈസ്ഡ് ക്രൈംസ് (എസ്.എ.ജി.ഒ.സി.) രൂപീകരിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ആന്റി-നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡി.എ.എൻ.എസ്.എ.എഫ്.) ടീമിന്റെ

നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും ലഹരി മരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം എക്സൈസ് വകുപ്പും ശക്തമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും ആന്റി-ഓർഗനൈസ്ഡ് ക്രൈംസ് സെൽ (എ.ഒ.സി.സി.) ആരംഭിക്കാനും നിർദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ആന്റി-ഓർഗനൈസ്ഡ് ക്രൈംസ് സെൽ, ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തുന്നതിനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്.എച്ച്.ഒ.-മാർക്ക് പോലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്. ഗുണ്ടാ ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം മനസിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച

സംഭവിച്ചിട്ടില്ല. സംസ്ഥാനത്ത് സമാധാനാന്തരീക്ഷവും സാമുദായിക സാഹോദര്യവും തകർക്കുക എന്ന ഉദ്ദേശ്യത്തോടെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നതായോ ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യ-മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ക്രമസമാധാനം നിലനിർത്താൻവേണ്ടി കേരള പോലീസ് സേനയിലെ ഇന്റലിജൻസ്, ക്രൈംബ്രാഞ്ച്, തീവ്രവാദ വിരുദ്ധ സേന, തീരസംരക്ഷണ സേന, സൈബർ എന്നീ വിഭാഗങ്ങൾ സംസ്ഥാനത്ത് നടക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ച് സസൂക്ഷ്മം വീക്ഷിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കുകയോ അതുമല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തുവരുന്നുണ്ട്.

**കുറ്റകൃത്യങ്ങളുടെ കണക്ക്**

87 (92) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>**:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 2016 ജൂൺ മുതൽ നാളിതുവരെ എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് 2016 ജൂൺ മുതൽ നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) 2016 ജൂൺ മുതൽ നാളിതുവരെയുള്ള സ്ത്രീ പീഡന കേസുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) 2016 ജൂൺ മുതൽ നാളിതുവരെ പോലീസ് പ്രതികളായ സ്ത്രീ പീഡന കേസുകൾ എത്രയെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ?

(എ-ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**അവയവകച്ചവട റാക്കറ്റുകളുടെ പ്രവർത്തനം തടയാൻ നടപടി**

88 (93) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) രാജ്യാന്തരതലത്തിൽ പ്രവർത്തിക്കുന്ന അവയവക്കച്ചവട റാക്കറ്റ്, സംസ്ഥാനത്തിന്റെ പല ഭാഗത്തുനിന്നും മനുഷ്യക്കടത്ത് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മനുഷ്യക്കടത്തിന് നേതൃത്വം നൽകുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) രാജ്യാന്തരതലത്തിൽ പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 u/s 370, 34 IPC & 19 (a)(b)(c) of Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

അന്വേഷണത്തിന്റെ ഭാഗമായി സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന

അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണങ്ങളിൽനിന്ന് ഡോണർമാരായി കൂടുതൽ പോയിട്ടുള്ളത് ഹൈദരാബാദ്, ബംഗളൂരു എന്നിവിടങ്ങളിൽനിന്നാണ്. പാലക്കാടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഈ കേസിൽ കിഡ്നി നൽകിയിട്ടുള്ള കൂടുതൽ ഡോണർമാരെ കണ്ടുപിടിച്ച് അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് അന്തർസംസ്ഥാന ബന്ധമുള്ള അവയവ മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ അന്വേഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിരീക്ഷണം ഏർപ്പെടുത്തുകയും പ്രസ്തുത റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം, Transplantation of Human Organs

and Tissues Act എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. അനധികൃത റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണവും മുന്നറിയിപ്പും പോലീസിന്റെ സാമൂഹ്യമാധ്യമങ്ങൾ വഴി നൽകിവരുന്നു.

**നവകേരള സദസ്സിനെതിരായ സമര പരിപാടിയുമായി ബന്ധപ്പെട്ട കേസുകൾ**

89 (94) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കുമെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ സംസ്ഥാനത്തുടനീളം പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

നവകേരള സദസ്സ് പരിപാടിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കുമെതിരെ സമാധാനപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്രപേർ ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

നവകേരള സദസ്സിനായി ബഹു. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സഞ്ചരിച്ച ബസ്സിന് നേരെ ആക്രമണശ്രമങ്ങളുണ്ടായിട്ടുണ്ട്. അതോടൊപ്പം സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങളും പ്രതിപക്ഷ സംഘടനാ പ്രവർത്തകരിൽനിന്നുമുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിലായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1491 പേരെ അറസ്റ്റ് ചെയ്തിരുന്നു. 33 പേർ ജയിലിൽ കഴിഞ്ഞിരുന്നു.

(സി) നവകേരള സദസ്സ് പരിപാടിയുമായി ബന്ധപ്പെട്ട് എത്ര പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം കരുതൽ തടങ്കൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ?

കരുതൽ തടങ്കൽ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് പ്രതിഷേധിച്ച പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ കൈയേറ്റം ചെയ്തതിന്റെപേരിൽ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ ചില പ്രതിഷേധ സമരങ്ങൾ അക്രമാസക്തമാകുകയും പരിപാടി കാണാനും പങ്കെടുക്കാനുമായെത്തിയ നാട്ടുകാരും യുവജന സംഘടനാ പ്രവർത്തകരും മറ്റുമായി സംഘർഷമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണാനുകൂല യുവജന സംഘടനാ പ്രവർത്തകർക്കെതിരെ 26 കേസുകൾ ഇന്ത്യൻ ശിക്ഷാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട 39 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകൾ**

90 (95) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ചുമത്തപ്പെട്ട വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ?

പൗരത്വ നിയമ ഭേദഗതിക്കെതിരെ നടന്ന സമരങ്ങൾക്കിടെയുണ്ടായ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 835 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. വകുപ്പുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ട്; അവശേഷിക്കുന്ന കേസുകൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സമാന സ്വഭാവമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുത്ത എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ബി&സി) പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതര ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26-02-2021-ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551 കേസുകൾ ഉൾപ്പെടെ 640 കേസുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. ഒരു കേസ് അന്വേഷണഘട്ടത്തിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹുമാനപ്പെട്ട കോടതികളാണ്.

അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

**പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരവുമായി ബന്ധപ്പെട്ട കേസുകൾ**

91 (96) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൗരത്വ നിയമ ഭേദഗതിക്കെതിരെ നടന്ന സമരങ്ങൾക്കിടെയുണ്ടായ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 835 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു.

(ബി) ഇതിൽ ക്രിമിനൽ സ്വഭാവമുള്ളതും അല്ലാത്തതുമായ കേസുകൾ എത്രയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഗുരുതര സ്വഭാവമുള്ള കേസുകളുടെ എണ്ണം -103

ഗുരുതര സ്വഭാവമില്ലാത്ത കേസുകളുടെ എണ്ണം-732

അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

(സി) ആഭ്യന്തര വകുപ്പിന്റെ 26-02-2021-ലെ ഉത്തരവുപ്രകാരം പ്രസ്തുത കേസുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കേസുകളിൽ കോടതി മുഖേന തീർപ്പ് കല്പിച്ച കേസുകളൊഴികെ എത്ര കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26-02-2021-ലെ സ.ഉ.(കൈ) നം. 70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551

കേസുകൾ ഉൾപ്പെടെ 640 കേസുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. ഒരു കേസ് അന്വേഷണഘട്ടത്തിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹുമാനപ്പെട്ട കോടതികളാണ്.

അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

(ഇ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട സമരത്തിന്റെ പേരിൽ 2024-ൽ ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2024-ൽ പൗരത്വ നിയമ ഭേദഗതിയുടെ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനെതിരെയുള്ള പ്രതിഷേധങ്ങൾക്കിടെയുണ്ടായ നിയമലംഘനങ്ങളിൽ സംസ്ഥാനത്ത് 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പൗരത്വ നിയമ സമരവുമായി ബന്ധപ്പെട്ട കേസുകൾ

92 (97) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ ബിൽ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ നാളിതുവരെ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പിൻവലിക്കാത്ത കേസുകൾ പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26-02-2021-ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയ 551 കേസുകളും ഉൾപ്പെടെ 640 കേസുകൾ ബഹുമാനപ്പെട്ട കോടതിയിൽ തീർപ്പായിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അവശേഷിക്കുന്ന 194 കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

ഒരു കേസ് അന്വേഷണഘട്ടത്തിലാണ്. കേസുകൾ പിൻവലിക്കുന്നത് ബഹുമാനപ്പെട്ട കോടതികളാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

**എം.എസ്.പി. ഭൂമിയിലെ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് മാറ്റം**

93 (98) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിൽ കുട്ടമണ്ണ എം.എസ്.പി.-യുടെ അധീനതയിലുള്ള ഗ്രൗണ്ടിന്റെ വടക്കുകിഴക്ക് ഭാഗങ്ങളിൽ സർക്കാർ അനുവദിച്ച 5 സെന്റ് ഭൂമിയിൽ വടക്ക് ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈൻമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് സി.എം.ഒ പോർട്ടൽ വഴി എം.എൽ.എ. സമർപ്പിച്ച പ്രദേശവാസികളുടെ നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിവേദനം സർക്കാർ പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ഫയൽ കൈമാറിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് എം.എസ്.പി. കമാൻഡന്റും മലപ്പുറം ജില്ലാ കളക്ടറും ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഈ വിഷയത്തിൽ മലപ്പുറം എം.എസ്.പി. കമാൻഡന്റിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) കുട്ടമണ്ണയിലെ അമ്പതിൽപരം കുടുംബങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും ഗതാഗത യോഗ്യമായ റോഡ് നിർമ്മിക്കുന്നതിനുമായി സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ എത്രയുംവേഗം അനുമതി നൽകുമോ?

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ക്രിമിനലുകളുമായി ബന്ധമുള്ള പോലീസുകാർ**

94(99) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനലുകളുമായി ബന്ധമുള്ള എത്ര പോലീസുകാർ സംസ്ഥാന പോലീസ് സേനയിലുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇവരുടെ പേരും നിലവിൽ വഹിക്കുന്ന തസ്തികയും വ്യക്തമാക്കുമോ;

(ബി) ക്രിമിനൽ ബന്ധം കണ്ടെത്തിയതിനെത്തുടർന്ന് എത്ര പോലീസുകാർക്കെതിരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ

നടപടി സ്വീകരിച്ചിട്ടുണ്ട്; ഇവരുടെ പേരും തസ്തികയും ഓരോരുത്തർക്കുമെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(സി) ക്രിമിനൽ ബന്ധം കണ്ടെത്തിയ ഉദ്യോഗസ്ഥരെ നിലവിൽ സ്റ്റേഷൻ ഡ്യൂട്ടികൾക്കായി നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും നിലവിൽ ജോലി ചെയ്യുന്ന പോലീസ് സ്റ്റേഷനും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കോളേജ് കാമ്പസിൽ അതിക്രമങ്ങൾ**

95 (100) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കോളേജ് ക്യാമ്പസിൽ അതിക്രമങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എസ്.എഫ്.ഐ. എന്ന വിദ്യാർഥി സംഘടനയോട് ആഭിമുഖ്യം പുലർത്തുന്നവർ പ്രതികളായ ഇത്തരം എത്ര കേസുകൾ രജിസ്റ്റർ

ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ എത്ര റാഗിങ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്?

(എ&ബി) മുൻ സർക്കാരിന്റെ കാലംമുതൽ കോളേജ് കാമ്പസ് സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) റാഗിങ്ങിനെത്തുടർന്ന് മരണം സംഭവിച്ച എത്ര കേസുകൾ ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കോളേജ് കാമ്പസ് സംഘർഷങ്ങളുമായി ബന്ധപ്പെട്ട് എറണാകുളം മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ. പ്രവർത്തകനായ വിദ്യാർഥി അഭിമന്യുവിനെ കാമ്പസ് ഫ്രണ്ട് പ്രവർത്തകർ കുത്തി കൊലപ്പെടുത്തിയതിന് എറണാകുളം സെൻട്രൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1548/2018 ആയും ഇടുക്കി ഗവ. എഞ്ചിനീയറിങ് കോളേജിലെ എസ്.എഫ്.ഐ. പ്രവർത്തകനായ വിദ്യാർഥി ധീരജിനെ കെ.എസ്.യു. പ്രവർത്തകർ കുത്തി കൊലപ്പെടുത്തിയ സംഭവത്തിൽ ഇടുക്കി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 37/2022 ആയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർഥിയുടെ മരണവുമായി ബന്ധപ്പെട്ട് വൈത്തിരി പോലീസ് സ്റ്റേഷനിൽ പോലീസ് ക്രൈം നമ്പർ 77/2024 U/s 174 Cr.PC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് Prohibition of Ragging Act പ്രകാരമുള്ള വകുപ്പ് കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരവെ 09-03-2024-ലെ സ.ഉ.(എം.എസ്) നം.70/2024/ഹോം പ്രകാരം കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

**അന്യസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

96 (101) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തെത്തിയാൽ അതത് പോലീസ് സ്റ്റേഷനുകളിൽ അവരുടെ പേരുവിവരം രജിസ്റ്റർ ചെയ്യാറുണ്ടോ; അങ്ങനെ രജിസ്റ്റർ ചെയ്യുമ്പോൾ അവരുടെ സ്വദേശത്തെ പോലീസ് സ്റ്റേഷനിൽനിന്നും ലഭിക്കുന്ന സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുപോലുള്ള നടപടിക്രമങ്ങൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ?

ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തെത്തിയാൽ തൊഴിലുടമകൾ മുഖേന അതത് പോലീസ് സ്റ്റേഷനിൽ ടിയാനെ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച്, നാളിതുവരെ കേരളത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി 426519 അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ അവരുടെ നാട്ടിലെ പോലീസ് സ്റ്റേഷനുകളുടെ ഡാറ്റാബേസുമായി പരസ്പരം ഒത്തുനോക്കി വരുന്നതുമാണ്. കൂടുതൽ

പരിശോധനകൾ ആവശ്യമാകുന്ന ഘട്ടത്തിൽ മറ്റ് ശാസ്ത്രീയ മാർഗങ്ങൾകൂടി അവലംബിക്കുന്നതാണ്.

(ബി) അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ സ്വഭാവം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ ക്രിമിനൽ സ്വഭാവമുള്ള അന്യസംസ്ഥാന തൊഴിലാളികൾ എത്രയെന്ന കണക്ക് കൈവശമുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് തൊഴിലെടുത്ത് ജീവിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളോടൊപ്പം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരും എത്തിച്ചേർന്നിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രൊഫൈൽ അവരുടെ മാതൃസംസ്ഥാനത്തിന്റെ കുറ്റകൃത്യ ഡാറ്റാ ബേസുമായി പൊരുത്തപ്പെടുന്നതിലൂടെ അവരുടെ വിശദാംശങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു. 1126-ഓളം കേസുകളിലായി ഏകദേശം 1368 പേരെ ഇത്തരത്തിൽ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തൊക്കെ മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിയമപാലകരും കുടിയേറ്റ തൊഴിലാളികളും പ്രദേശവാസികളും തമ്മിലുള്ള മികച്ച ആശയ വിനിമയം വളർത്തിയെടുക്കുന്നതുമൂലം ഇത്തരത്തിൽ സംശയാസ്പദമായ പ്രവർത്തനങ്ങൾ നടത്തുന്നവരെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിന് സഹായിക്കുന്നു. അതിലേയ്ക്ക്, നിയമപാലകരും കുടിയേറ്റ തൊഴിലാളികളും തമ്മിൽ വിശ്വാസമുറപ്പിക്കുന്ന മൈഗ്രന്റ് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾ നടപ്പാക്കിവരുന്നു. ഇത് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാനും ആവശ്യഘട്ടങ്ങളിൽ പോലീസിന്റെ സഹായം തേടാനും അവരെ കൂടുതൽ പ്രേരിപ്പിക്കുന്നതാണ്.

**പോലീസ് - ഗുണ്ടാ ബന്ധം**

97 (103) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്വകാര്യ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്തരം സംഭവങ്ങളുടെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേരെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടുണ്ട്; ഇവരിൽ എത്ര പേരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ട്; അവർ ആരൊക്കെ; അവർ നിലവിൽ ഏത് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നു; വ്യക്തമാക്കുമോ;

(ബി) മണൽ മാഫിയയുമായും മയക്കുമരുന്ന് സംഘങ്ങളുമായും ബന്ധം പുലർത്തിയതിന്റെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്രപേരെ

സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടുണ്ട്; ഇവർക്കെതിരായ വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇവരിൽ എത്രപേരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർ നിലവിൽ ഏത് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നുവെന്നും വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസിലെ ക്രിമിനലുകൾ**

98 (104) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ കൈക്കൂലിക്കാരെയും ഗുണ്ടാ, മാഫിയാ സംഘങ്ങളുമായി ബന്ധമുള്ളവരെയും പോലീസിലെ ക്രിമിനലുകളെയും കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ ആക്ഷേപമോ ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും ജില്ലാ രഹസ്യാന്വേഷണ വിഭാഗവും സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും രഹസ്യാന്വേഷണം നടത്തുകയും ആരോപണത്തിന്മേൽ കഴമ്പുണ്ടെന്നുകണ്ടാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരക്കാരെ പോലീസ് സേനയിൽനിന്നും സസ്പെന്റ് ചെയ്യുന്നതും നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ട്, KPDIP & A Rules എന്നീ നിയമങ്ങൾപ്രകാരം പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ ബന്ധമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (20-05-2021 മുതൽ 02-06-2024 വരെ) സംസ്ഥാന പോലീസിലെ ക്രിമിനലുകളും ഗുണ്ടാ-മാഫിയ ബന്ധമുള്ളവരും കൈക്കൂലിക്കാരുമായ 152 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാത്തന്നൂരിലെ മരമടി മത്സരം**

99 (106) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ഏലായിൽ 2023 ഒക്ടോബറിൽ നടത്തിയ മരമടി മത്സരം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

2023 ഒക്ടോബർ മാസം ചിറക്കര ഏലായിൽ മരമടി മത്സരം നടന്നതായി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിയമാനുസൃതമല്ലാതെ നടത്തിയ പ്രസ്തുത മരമടി മത്സരത്തിന്റെ സംഘാടകർക്കെതിരെ കേസെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ വിശദവിവരവും കേസിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത മരമടി മത്സരത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വേദിയിൽ സന്നിഹിതരായിരുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ?

(ബി&സി) ബാധകമല്ല.

**പോലീസ് സേനയുടെ ഡിജിറ്റലൈസേഷൻ**

100 (107) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോലീസ് സേനയുടെ ഡിജിറ്റലൈസേഷൻ സംബന്ധിച്ച് സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; എല്ലാ പോലീസ് സ്റ്റേഷനും ഡിജിറ്റലാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പോലീസ് സേനയുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനമുപയോഗിച്ച് സോഫ്റ്റ്‌വെയറിലും അനുബന്ധ ഉപകരണങ്ങൾ വികസിപ്പിച്ചും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾക്കധിഷ്ഠിതമായി രൂപകല്പന ചെയ്ത സോഫ്റ്റ്‌വെയറാണ് iCoPS.

(Integrated Core Policing System). Container based infrastructure, micro service based application development തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത്. Container based infrastructure-ൽ micro service അധിഷ്ഠിതമായ ഒരു ആപ്ലിക്കേഷൻ സ്വന്തമായി വികസിപ്പിച്ചെടുത്തിരിക്കുന്ന ഭാരതത്തിലെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമായി ശേഖരിക്കുന്നതിനായി One Data One Entry എന്ന തത്വം iCoPS ലക്ഷ്യംവയ്ക്കുന്നു. ഈ സംവിധാനമുപയോഗിച്ച് പോലീസ് സംശയിക്കുന്ന ഒരു വ്യക്തി മുമ്പ് ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഒരു കുറ്റവാളി കേരളത്തിലെ മറ്റ് ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളാണെന്നും അത്തരം കുറ്റകൃത്യങ്ങളുടെ ആസൂത്രണ രീതിയും സഹകുറ്റവാളികളുടെ വിവരങ്ങളും സഹായം നൽകുന്നവരുടെ വിവരങ്ങളും മനസ്സിലാക്കുന്നതിനും സഹായകരമാണ് iCoPS ആപ്ലിക്കേഷൻ. വിവിധ ഘട്ടമായിട്ടാണ് ഇത് നടപ്പാക്കുന്നത്. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ

ജി.ഡി. റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കേസുകളുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കൽ, പ്രോസസ്സ് സംവിധാനം എന്നിവ കോടതിയുമായി ഓൺലൈൻ മുഖാന്തരം നടത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തുവരുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോട്ടോ ഉപയോഗിച്ച് കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള സംവിധാനവും (Face Recognition System) ഇതിൽ ലഭ്യമാണ്. സംശയിക്കുന്ന വ്യക്തിയുടെ തൽസമയത്തെ ഫോട്ടോയെടുത്ത് ക്രിമിനൽ ഗാലറിയിലെ ഡാറ്റാബേസിലുള്ള ഫോട്ടോകളുമായി താരതമ്യം ചെയ്ത് സാമ്യതയുള്ള കുറ്റവാളികളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ നിമിഷനേരംകൊണ്ട് ലിസ്റ്റ് ചെയ്യുന്നതാണ്. പ്രസ്തുത സംവിധാനം ഏത് സ്ഥിരം കുറ്റവാളിയെയും കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനും വളരെ

പെട്ടെന്നുതന്നെ തിരിച്ചറിയുന്നതിന് സഹായകമാണ്. കൂടാതെ ഇ.ആർ.എസ്.എസ്. സിസ്റ്റം, POL-APP തുടങ്ങിയവയും പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെതന്നെ ഓൺലൈൻ മുഖേന പരാതി സമർപ്പിക്കുന്നതിന് THUNA, Aparajitha Online എന്നീ സംവിധാനങ്ങളും ഭരണപരമായ ഫയലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് iAPS സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ട്രാഫിക് ഫൈൻ അടയ്ക്കുന്നതിലേക്കായി ഇ-ചെല്ലാൻ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തരപരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി e-rekha മൊബൈൽ ആപ്ലിക്കേഷൻ, പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനായി eVIP, കുറ്റകൃത്യം നടന്ന സ്ഥലം മാപ്പ് ചെയ്യുന്നതിനായി ജി.ഐ.എസ്. ക്രൈം മാപ്പിംഗ്, കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child എന്നീ ആപ്ലിക്കേഷനുകൾ വിവിധ

പോലീസ് സ്റ്റേഷനുകളെ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഡിജിറ്റലൈസേഷന്റെ ഭാഗമായി മേല്പറഞ്ഞ സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

CCTNS സംവിധാനം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 4 സെർവർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനുവേണ്ട 1674 ലാപ്ടോപ്, 550 ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ Software Defined Wide Area Network (SDWAN) നടപ്പാക്കിവരുന്നു. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് കേരള പോലീസ് ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ - രക്ഷ, Know your Police Station app, Trail monitoring app, Online traffic offence reporting and fine remittance, Women safety and emergency response, Dial 100, Police Clearance Certificate app, Virtual guide for Police service, THUNA, ട്രാഫിക് ഗുരു എന്നീ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചു. കൂടാതെ നിലവിലുള്ള

പോലീസ് ആപ്ലിക്കേഷനുകൾ എല്ലാം ഇന്റഗ്രേറ്റ് ചെയ്ത് ഇന്റഗ്രേറ്റഡ് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. കേരളാ പോലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡെഡിക്കേറ്റഡ് എ.ഐ. ടീം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്.

**പോക്സോ കേസുകളുടെ ശിക്ഷാ നിരക്ക്**

101 (108) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകളുടെ ശിക്ഷാ നിരക്ക് എത്രയാണ്; പോക്സോ ഇരകൾക്ക് എന്തെല്ലാം സംരക്ഷണ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്; അവയുടെ നിർവഹണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പോക്സോ ഇരകൾക്ക് ലീഗൽ സർവീസ് അതോറിറ്റി വഴി നൽകുന്ന ധനസഹായത്തിന് മാർഗനിർദേശങ്ങളുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

(സി) ലീഗൽ സർവീസ് അതോറിറ്റി വഴി നൽകുന്ന സഹായത്തിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോക്സോ ഇരകളെ സർക്കാർ സംവിധാനത്തിൽനിന്ന് മാറ്റി സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പെട്രോൾ പമ്പ് ഉടമകൾക്ക് നൽകാനുള്ള കുടിശ്ശിക**

102 (109) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നൽകിയ ഇനത്തിൽ സംസ്ഥാനത്തെ പെട്രോൾ പമ്പ് ഉടമകൾക്ക് ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ

ജില്ലയിലും പമ്പ് ഉടമകൾക്ക് നൽകാനുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ വാഹനങ്ങൾക്ക് ഇന്ധനം നൽകുന്നതിന് സർക്കാർ/അർദ്ധ-സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുമായും സ്വകാര്യ സ്ഥാപനങ്ങളുമായും കരാറുകൾ നിലവിലുണ്ട്. വ്യത്യസ്ത അളവിൽ ഇന്ധനം നൽകുന്നതിനാണ് ഈ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. വിവിധ കാലയളവിൽ ധനലഭ്യതയനുസരിച്ചാണ് ഇവർക്ക് പണം നൽകിവരുന്നത്. ഭീമമായ തുക കുടിശ്ശിക വന്ന സാഹചര്യം എപ്പോഴുമുണ്ടായിട്ടില്ല.

(ബി) കുടിശ്ശിക നൽകാനുള്ളതുകൊണ്ട് പമ്പ് ഉടമകൾ ഇന്ധനം നൽകാത്തതിനാൽ പോലീസ് വാഹനങ്ങൾ കട്ടപ്പുറത്താകുകയും പോലീസിന്റെ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പ്രതിസന്ധി നേരിടുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

103 (110) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിലെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയെന്നാണെന്ന് അറിയിക്കാമോ?

സംസ്ഥാന പോലീസ് വകുപ്പിലെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് ഗ്രേഡ് 2 (Category No. 315/2019) തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് 03-06-2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി?

പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിൽ നാളിതുവരെ 19 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലേക്ക് ആകെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയാണെന്നും; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര സ്ഥിര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ അനുവദിക്കപ്പെട്ട അംഗബലം 29 ആണ്. ഈ തസ്തികയിൽ നിലവിൽ 18 സ്ഥിരജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ഡി&ഇ) സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിൽ 11 ഒഴിവുകളുണ്ട്.

എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 12 ഒഴിവുകൾ നിലവിലുണ്ട്. എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹതയുള്ള ജീവനക്കാരുടെ ലഭ്യതക്കുറവ് കാരണം എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് I-ലെ 12 ഒഴിവുകൾ എൻട്രി കേഡറായ

എസ്.ബി. അസിസ്റ്റന്റ് II-ലേക്ക് താൽക്കാലികമായി തരംതാഴ്ത്തി ആകെ 23 ഒഴിവുകൾകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) പ്രസ്തുത തസ്തികയിൽ നിലവിൽ കരാർ/താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിലെ എസ്.ബി. അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിൽ കരാർ/താൽക്കാലിക ജീവനക്കാർ ആരും ജോലി ചെയ്യുന്നില്ല.

**ക്രമസമാധാന പരിപാലനത്തിനുള്ള പോലീസ് സേനാ പ്രവർത്തനം**

104 (111) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാരാജാണെന്ന തെറ്റായ പ്രചരണം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ന് രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയാണ് കേരള പോലീസ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി സ്ത്രീകൾക്കും കുട്ടികൾക്കും ഏത് പ്രതിസന്ധികളിലും സധൈര്യം കടന്നുചെല്ലാവുന്നവിധം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ വനിതാ-ശിശു സൗഹൃദമായി മാറി. വയോജനങ്ങളടക്കമുള്ളവർക്ക് ഏത് ഘട്ടങ്ങളിലും തണലാകുംവിധം കേരള പോലീസിനെ ജനസൗഹൃദമാക്കി മാറ്റിയെടുത്തു. ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും ഉൾപ്പെടെ കുറ്റകൃത്യങ്ങളിൽ ആധുനിക സാങ്കേതികവിദ്യകളും ശാസ്ത്രീയ കുറ്റാന്വേഷണ രീതികളും അവലംബിച്ച് യഥാസമയം പ്രതികളെ പിടികൂടി നിയമനടപടികൾക്ക് വിധേയമാക്കിവരുന്നു. സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുന്നതിലും ശിക്ഷ ഉറപ്പാക്കുന്നതിലും മികച്ച റേറ്റിംഗുള്ള സംസ്ഥാനമാണ് കേരളം. അപ്രകാരം ലോകത്തെതന്നെ ഏറ്റവും മികച്ച പോലീസ് സേനയായി കേരള പോലീസിനെ മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) ക്രമസമാധാന പരിപാലനത്തിൽ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിൽ സംസ്ഥാന പോലീസ് സേന നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ലോകത്തെ ഏറ്റവും നിലവാരമുള്ള ഒരു സേനയായി സംസ്ഥാന പോലീസിനെ പരിവർത്തനം ചെയ്യേണ്ടതുണ്ടെന്നും അതിലൂടെ ഏറ്റവും മികച്ച സേവന വിതരണം (സർവീസ് ഡെലിവറി) പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ പോലീസിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പോലീസ് സ്റ്റേഷനിൽ ഹാജരാകാതെതന്നെ ഏതൊരു പൗരനും ഓൺലൈനായി പരാതി നൽകാനുള്ള പ്രത്യേക പോർട്ടൽ (THUNA/Pol-APP) പൊതുജനങ്ങൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മൈക്കിനുള്ള അനുവാദം, എഫ്.ഐ.ആർ. പകർപ്പ് ഡൗൺലോഡ്,

ആക്സിഡന്റ് ജി.ഡി. അപേക്ഷ തുടങ്ങിയ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണ മികവ് വർധിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുള്ളതും പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്പ്ഡെസ്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ.-മാരെ നിയമിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികളും ആവശ്യങ്ങളും പരിഹരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ്ഡെസ്ക് പ്രവർത്തിച്ചുവരുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോടുകൂടി വിശ്രമിക്കാനുള്ള സ്ഥലം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 148

പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ/കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ (സി.ആർ.ഒ.) മുഖേന നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും കുറഞ്ഞത് 12 അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. സൈബർ കേസുകൾ കുറ്റമറ്റ രീതിയിൽ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിയമിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.- മാരായി നിയമിക്കുകയും ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ ജില്ല ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത്

നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമെ വനിതാ പോലീസ് സ്റ്റേഷനുകളില്ലാതിരുന്ന പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിച്ചു. ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System എന്ന പദ്ധതി നടപ്പാക്കുന്നതിന് BOOT (Build Operate Own Transfer) പ്രകാരം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) സ്ഥാപിച്ചിട്ടുണ്ട്. പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ടാക്കുന്നതിനായിട്ടുള്ള പദ്ധതികൾ പുരോഗമിക്കുന്നു. സംസ്ഥാന പ്ലാൻ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് 545 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി സ്ഥാപിച്ചിട്ടുള്ള Kerala Anti-Narcotic Special Action Force (KANSAF)-നുവേണ്ടി മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequenser, Advanced equipment for document examination, PCR Machine, Ultra Low Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്. 112 സംവിധാനത്തോടുകൂടി കേന്ദ്രീകൃത കൺട്രോൾ റൂം ഇ.ആർ.എസ്.എസ്. പോലീസ് ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകരുൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യ വിഭാഗം വളരെ അനിവാര്യമാണ്. നിലവിലെ അംഗബലത്തിൽ ക്രൈം ബ്രാഞ്ചിന്

ഇത്രയും വലിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ സാധ്യമല്ലാത്തതിനാൽ സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാമ്പത്തിക കുറ്റകൃത്യ വിഭാഗം ക്രൈം ബ്രാഞ്ചിന് കീഴിൽ ആരംഭിച്ചു. ഇതിനായി ഒരു ഐ.ജി.പി.-യും നാല് എസ്.പി.-യും 11 ഡിവൈ.എസ്.പി.-മാരും അടങ്ങുന്ന 233 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വിപത്തിനെ പ്രതിരോധിക്കുന്നതിന് 'യോദ്ധാവ്'' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

സൈബർ ഇടങ്ങളിൽ മാറിമാറി വരുന്ന പുതിയ സാങ്കേതികവിദ്യകൾ ജനങ്ങൾക്ക് ഉപകാരപ്രദമായി മാറുന്നതിനോടൊപ്പംതന്നെ സാമൂഹ്യ വിരുദ്ധർ അവ ദുരുപയോഗം ചെയ്ത് സാമ്പത്തിക തട്ടിപ്പും മറ്റ് തരത്തിലുള്ള വിദ്വേഷ പ്രചരണങ്ങൾക്കും ഉപയോഗിക്കുന്നത് ആധുനിക ലോകത്ത് വലിയ വെല്ലുവിളിയായി ഉയർന്നിട്ടുണ്ട്. ഇത്തരം വെല്ലുവിളികൾ നേരിടുന്നതിനായി പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ

ആരംഭിക്കുന്നതിന് 05-01-2024-ൽ സർക്കാർ ഉത്തരവ് (കൈ) നം.04/2024/ആഭ്യ. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സൈബർ ഡിവിഷൻ ആസ്ഥാനം, സൈബർ പട്രോളിംഗ്, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയിൽ ആകെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനമുപയോഗിച്ച് സോഫ്റ്റ്‌വെയറിലും അനുബന്ധ ഉപകരണങ്ങളിലും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയ ഒരു സോഫ്റ്റ്‌വെയർ Integrated Core Policing System (iCoPS) എന്ന പേരിൽ രൂപകല്പന ചെയ്തു. ഒരേ കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്‌വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ്‌വെയറുകളെ എല്ലാം ഒരു പൊതുവായ സോഫ്റ്റ്‌വെയറിന് കീഴിൽ കൊണ്ടുവന്ന 'One data One entry' എന്ന തത്വമാണ് iCoPS ലക്ഷ്യംവയ്ക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫോട്ടോ ഉപയോഗിച്ച് കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള സംവിധാനവും (Face Recognition

System) ലഭ്യമാണ്. പ്രസ്തുത സംവിധാനം മുഖേന ഏത് സ്ഥിരം കുറ്റവാളിയെയും കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനും വളരെ പെട്ടെന്ന് തിരിച്ചറിയുന്നതിനും സഹായകമാണ്. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേരളാ പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പോലീസിന്റെ കീഴിൽ ഒരു ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷാ ഭീഷണികൾ കൈകാര്യം ചെയ്യുന്നതിനായിട്ടാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭാവിയിലുണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ

തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നുവരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറെ സഹായകരമാണ് വിരലടയാള പരിശോധനകൾ. അത് ഡിജിറ്റൈസ് ചെയ്യുന്നതിനായി Automated Finger Print Identification System നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനായി ഫോൺ കോളുകൾ മെസ്സേജുകൾ നിയമപരമായി intercept ചെയ്യുന്നതിന് Central Monitoring System (CMS) നടപ്പാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച്

നടപ്പാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC) പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തനസജ്ജമാക്കി. ഫോറൻസിക് സയൻസ് ലാബുകൾക്കുവേണ്ടി 28 പുതിയ തസ്തികകൾ 12-01-2023-ലെ സ.ഉ. (കൈ)നം.16/2024/ആഭ്യ. ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

സമൂഹത്തിൽ കുട്ടികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയിൽ പോലീസ് സേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിച്ചു.

HOPE പദ്ധതി – പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെയും എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളെയും കണ്ടെത്തി അവർക്ക് ക്ലാസ്സുകൾ നൽകിക്കൊണ്ട് അവരെ പഠന വഴിയിലേക്ക് തിരികെ കൊണ്ടുവരികയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതി.

ചിരി പദ്ധതി- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പലപ്പോഴും അംഗീകരിക്കപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും അവശേഷിക്കുന്നു. ക്ഷേമത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ, ചില സന്ദർഭങ്ങളിൽ, അശാസ്ത്രീയ രീതിയിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഗുരുതര പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നു. ഇതിന് പരിഹാരമായി കുട്ടികളുടെ സംരക്ഷണ ഉത്തരവാദിത്വമുള്ളവരുടെ കൂട്ടായ ഇടപെടലോടെ ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഒരു മാനസികാരോഗ്യ പിന്തുണാ സംവിധാനം വികസിപ്പിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റം, വൈകാരികാവസ്ഥ, വ്യക്തിത്വം, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുന്നതിനും ശാസ്ത്രീയമായി പരിഹരിക്കുന്നതിനും എല്ലാ കുട്ടികളുടെയും ക്ഷേമം

പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചിരി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) സംഘർഷങ്ങളും തടസ്സങ്ങളുമില്ലാതെ സംസ്ഥാനത്ത് പാർലമെന്റ് തിരഞ്ഞെടുപ്പ് സമാധാനപൂർവ്വം നടത്തുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സംസ്ഥാന പോലീസ് സേന നടത്തിയതെന്ന് അറിയിക്കാമോ?

സംഘർഷങ്ങളും തടസ്സങ്ങളുമില്ലാതെ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി കാപ്പാ നിയമംപോലെ നിലവിലുള്ള നിയമത്തിന്റെ പിൻബലത്തിൽ മുൻകരുതലിനായി നിരവധി ക്രിമിനലുകളെ കരുതൽ തടങ്കലിലാക്കുകയും വ്യാപക പരിശോധനകൾ നടത്തി പിടികിട്ടാപ്പുള്ളികളെയും മറ്റും അറസ്റ്റ് ചെയ്തിട്ടുള്ളതും മുൻകാലങ്ങളിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ കർശന നിരീക്ഷണത്തിലും നടപടികൾക്കും വിധേയരാക്കുകയും ചെയ്തിട്ടുള്ളതാണ്. കോടതി വാറണ്ടുകളിൽ കാര്യക്ഷമമായി അറസ്റ്റ് നടത്തി നിയമത്തിന് വിധേയരാക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ അന്തർ-സംസ്ഥാന

അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ പണവും ലഹരി വസ്തുക്കളും കടത്തുന്നതിനെ പൂർണ്ണമായി തടയുകയും തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിൽ സമാധാനപൂർണ്ണമായ അന്തരീക്ഷം നിലനിർത്തുന്നതിന് പോലീസ് സേന അശ്രാന്തം പരിശ്രമിക്കുകയും ചെയ്തിട്ടുള്ളതാണ്.

**പോലീസ് സേനാംഗങ്ങൾക്കെതിരെ ക്രിമിനൽ കേസുകൾ**

105 (112) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് സേനാംഗങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളുടെ എണ്ണം എത്രയാണെന്നും ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25-05-2016 മുതൽ 02-06-2024 വരെ) പോലീസ് സേനാംഗങ്ങൾക്കെതിരെ 1073 കേസ്സുകൾ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു[+].

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവീസിൽനിന്നും പിരിച്ചുവിട്ട പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയാണെന്ന വിവരം ഇവരുടെ തസ്തിക, ജില്ല എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

2016 മുതൽ 09-06-2024 വരെയുള്ള കാലയളവിൽ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന്റെ പേരിൽ പോലീസ് വകുപ്പിൽ നിന്ന് 108 ഉദ്യോഗസ്ഥരെ സർവീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു[+].

**ലഹരി ഉപയോഗം നിയന്ത്രിക്കാൻ നടപടി**

106 (113) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മത്സ്യത്തൊഴിലാളികളുടെയും മറ്റ് സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർഥികൾ പഠിക്കുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ലഹരിവർജിത പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആസൂത്രണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള 'സ്വരക്ഷ' പോലുള്ള ക്ലബ്ബുകൾക്ക് പോലീസിന്റെയും എക്സൈസിന്റെയും പിന്തുണ ഉറപ്പാക്കുമോ; വിദ്യാലയങ്ങളിൽ ഈ ക്ലബ്ബുകളിൽനിന്നും ചാർജ് ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്?

'സ്വരക്ഷ' പോലുള്ള ക്ലബ്ബുകൾക്ക് പോലീസ് എക്സൈസ് വകുപ്പുകളുടെ പിന്തുണ ഉറപ്പാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെയും മറ്റ് സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾ പഠിക്കുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മയക്കുമരുന്നുൽപന്നങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി

സമയബന്ധിതമായി കർമ്മ പരിപാടികൾ അസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ സ്കൂളുകളും കേന്ദ്രീകരിച്ച് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ച് ഒരു അധ്യാപകൻ/അധ്യാപികമാർക്ക് ചാർജ് നൽകി പോലീസിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഊർജിതമായി ലഹരിവർജിത പ്രവർത്തനങ്ങൾക്കും ലഹരിമാഫിയയെ നിയന്ത്രിക്കുന്നതിനുമാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തീരപ്രദേശത്ത് ലഹരിവിരുദ്ധ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വില്പനയ്ക്കായി മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ PITNDPS Act; സെക്ഷൻ 31, 34 NDPS Act പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തീരദേശ മേഖലകളിൽ യുവജനങ്ങൾക്കും സ്കൂൾ വിദ്യാർഥികൾക്കും പ്രത്യേക പരിഗണന നൽകി ബോധവൽക്കരണ പരിപാടികളും കലാ-കായിക പരിപാടികളും കയ്പമംഗലം ഉൾപ്പെടെയുള്ള തീരദേശ മേഖലകളിൽ നടത്തുന്നുണ്ട്.

1. തീരദേശമേഖലകളിലെ സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂളുകളെ പങ്കെടുപ്പിച്ച് വിവിധ മത്സര പരിപാടികൾ നടത്തിവരുന്നുണ്ട്.

2. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളുടെ ഇടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ഹെൽപ്പ്ലൈൻ നമ്പരുകളുടെ പ്രചരണം നടത്തിവരികയും ചെയ്തുവരുന്നുണ്ട്.

3. തീരദേശ മേഖലകളിലെ വിദ്യാർഥികൾക്കായി 'തീരം' എന്ന പേരിൽ ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന 10 ലൈഫ് സ്കിൽ പരിശീലനങ്ങൾ കയ്പമംഗലം, കൊടുങ്ങല്ലൂർ, തളിക്കുളം എന്നീ തീരദേശ മേഖലകളിൽ നടത്തിവരുന്നു.

4. തീരദേശ മേഖലകളിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് ലഹരി വിരുദ്ധ കേസുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള സൈക്കോതെറാപ്പിയും 'ലഹരി

നിയമങ്ങളും ശിക്ഷയും' എന്ന വിഷയത്തിൽ അവർക്ക് പ്രത്യേക ക്ലാസുകളും നൽകിയിട്ടുണ്ട്.

(ബി) കയ്പമംഗലം നിയോജകമണ്ഡലത്തിൽ സാധ്യമായ എല്ലാ വിദ്യാലയങ്ങളിലും സ്റ്റുഡന്റ് കേഡറ്റ് പോലീസ് യൂണിറ്റുകൾ തുടങ്ങുന്നതിന് പോലീസ് വകുപ്പാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

പുതിയ എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(സി) നിലവിൽ ലഹരിവർജിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലത്തിൽ പോലീസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

കയ്പമംഗലം നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് ലഹരിവിരുദ്ധ നടപടി ഊർജിതമാക്കുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ സബ്ഡിവിഷനിൽ പ്രത്യേകാന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും കയ്പമംഗലം സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചുകൊണ്ട് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ച് ശക്തമായ

നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രത്യേക സംഘം ആൾപ്പാർപ്പില്ലാത്ത വീടുകളിലും പ്രാന്തപ്രദേശങ്ങളിലും പ്രത്യേക നിരീക്ഷണം നടത്തുകയും രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരികയും ചെയ്യുന്നുണ്ട്. കയ്പമംഗലം സ്റ്റേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി ബീറ്റ് പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന രഹസ്യ വിവരങ്ങൾ പ്രകാരം സ്കൂൾ പരിസരങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും മറ്റ് പരിസരങ്ങളിലുമുള്ള ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മയക്കമരുന്ന് ഉൽപന്നങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി കടലോര ജാഗ്രതാസമിതിയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിച്ചുവരുന്നുണ്ട്. ആഘോഷ വേളകളിൽ മയക്കമരുന്ന് ഉൽപന്നങ്ങളുടെ വിപണനം തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് റെയ്ഡുകളും മറ്റും സംഘടിപ്പിക്കുകയും കർശന വാഹന പരിശോധനകൾ നടത്തുകയും

ചെയ്യുന്നുണ്ട്. ഡോഗ് സ്ക്വാഡിന്റെ സഹായത്തോടുകൂടി ജനങ്ങൾ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും ഓട്ടോസ്റ്റാൻഡിലും മറ്റും കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. അഴീക്കോട് തീരപ്രദേശ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ കയ്പമംഗലം സ്റ്റേഷൻ പരിധി ഉൾപ്പെടെയുള്ള തീരദേശത്ത് കടലോര ജാഗ്രതാസമിതിയുമായി സഹകരിച്ച് ലഹരിക്കെതിരെ നിരവധി ബോധവൽക്കരണ ക്ലാസുകളും നൽകിവരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജില്ലാ District Anti-Narcotic Special Action Force (DANSAF) ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വില്പന നടത്തുന്നവരെയും ലഹരിമരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കുട്ടനാട്ടിൽ എൻ.സി.സി. ട്രെയിനിംഗ് സെന്റർ പൂർത്തീകരിക്കാൻ നടപടി**

107 (114) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നിർദ്ദിഷ്ട എൻ.സി.സി. ട്രെയിനിംഗ് സെന്റർ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽ എൻ.സി.സി. 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി, നേവൽ എൻ.സി.സി.-ക്ക് അനുവദിക്കുകയും എൻ.സി.സി.-യുടെ ആവശ്യപ്രകാരം 5 കേരള നേവൽ ഓഫീസ്, 300 എൻ.സി.സി. കേഡറ്റുകൾക്ക് നേവിയുടെ പരിശീലനം നൽകുന്നതിലേക്കായുള്ള നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിന് രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി.-ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

മേല്പറഞ്ഞ 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കേസ് നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് തർക്കമുള്ള പ്രദേശം ഒഴിവാക്കി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിർദ്ദിഷ്ട പദ്ധതി, തർക്കമുള്ള പ്രദേശം ഒഴിവാക്കി നടപ്പാക്കുന്നതിനായി മീറ്റിംഗ് നടത്തി പ്രശ്നം പരിഹരിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**രാഷ്ട്രീയ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ്**

108 (115) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട പൊതുപ്രവർത്തകരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരെ മറ്റ് ക്രിമിനൽ കേസ് പ്രതികളോടൊപ്പം ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണ് ഇപ്രകാരം നിർദേശം നൽകിയതെന്ന് വ്യക്തമാക്കുമോ?

രാഷ്ട്രീയ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പൊതുപ്രവർത്തകരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

(ബി) എത്ര കേസ് ഉള്ളവരെയാണ് ഇപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും രാഷ്ട്രീയപ്രവർത്തകരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉൾപ്പെടുത്താൻ നിർദേശിച്ചിട്ടുള്ള പൊതുപ്രവർത്തകരുടെ ലിസ്റ്റ് ജില്ലാ/പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(ബി&സി) ബാധകമല്ല.

**പന്തീരാങ്കാവ് സ്ത്രീധന പീഡന കേസ്**

109 (116) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരാങ്കാവിൽ വിവാഹം കഴിഞ്ഞ് ആറാം ദിവസം സ്ത്രീധനത്തിന്റെ പേരിൽ ഭാര്യയെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ഗാർഹിക പീഡനത്തിന് മാത്രം കേസെടുത്ത് പ്രതിയെ സംരക്ഷിക്കാൻ പോലീസ് നീക്കം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവതിയുടെ വീട്ടുകാർ പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി പരാതി നൽകിയിരുന്നോയെന്നും യുവതിയിൽനിന്നും പോലീസ് മൊഴിയെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിലെ പ്രതിയെ പിടികൂടുന്നതിനും കേസെടുക്കുന്നതിനും പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

(എ-സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ബന്ധുക്കൾ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് പോലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തുകയും ക്രൈം നമ്പർ 391/2024

ആയി IPC 324, 498 എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രാഥമികഘട്ടത്തിൽ കേസിന്റെ അന്വേഷണത്തിൽ വീഴ്ചവരുത്തിയ പന്തീരാങ്കാവ് എസ്.എച്ച്.ഒ. സരിനെയും പ്രതിയെ സഹായിച്ചുവെന്നാരോപിക്കപ്പെട്ട സി.പി.ഒ. ശരത് ലാലിനെയും അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ കേസിന്റെ അന്വേഷണം ഫറോക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ നടന്നുവരുന്നു.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി**

110 (117) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; 2024-ൽ നാളിതുവരെ ഇതുപ്രകാരമുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ

വർധനവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024-ൽ നാളിതുവരെ 2450 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2018 മുതൽ 2023 വരെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും തീർപ്പാക്കിയവയുടെ എണ്ണവും വർഷാടിസ്ഥാനത്തിൽ തിരിച്ച് അറിയിക്കാമോ?

2018 മുതൽ 2023 വരെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും തീർപ്പായവയുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | തീർപ്പാക്കിയ കേസ്സുകളുടെ എണ്ണം |
|---|---|---|
| 2018 | 3781 | 2407 |
| 2019 | 4350 | 2631 |
| 2020 | 3656 | 1967 |
| 2021 | 4236 | 2095 |
| 2022 | 5291 | 2207 |
| 2023 | 5473 | 1356 |

(സി) ഇത്തരം കേസ്സുകളുടെ വിചാരണ നീളുന്നതുവഴി ഇരകളുടെ രക്ഷിതാക്കൾ കേസുമായി മുന്നോട്ടുപോകുന്നതിന് വിമുഖത കാണിക്കുകയും ഒത്തുതീർപ്പിന് തയ്യാറാകുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അവസ്ഥ കുറ്റകൃത്യങ്ങളെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുമെന്നതിനാൽ കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങളിലെ വിചാരണ വേഗത്തിൽ പൂർത്തിയാക്കി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നടപ്പാക്കുന്നതിനുവേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഇത്തരം കേസ്സുകളുടെ വിചാരണ നീളുന്നതുവഴി ഇരകളുടെ രക്ഷിതാക്കൾ കേസുമായി മുന്നോട്ടുപോകുന്നതിന് വിമുഖത കാണിക്കുകയും ഒത്തുത്തീർപ്പിന് തയ്യാറാകുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് വരുന്നുണ്ട്. കൂടാതെ പ്രത്യേകം Aid Prosecution duty ഏർപ്പെടുത്തുകയും സാക്ഷികൾക്ക് കേസ് വിചാരണയ്ക്കാവശ്യമായ വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട കോടതികൾ

നിലവിൽ ഇത്തരം കേസ്സുകളിൽ വിചാരണ വേഗത്തിൽ പൂർത്തീകരിച്ച് കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകിവരുന്നുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ**

111 (118) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ 134917 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 121204 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട

കോടതികൾ തീർപ്പാക്കിയ 5651 കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്.

**സ്ത്രീപീഡനക്കേസുകൾ**

112 (119) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ?

കേസുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) സ്ത്രീപീഡനക്കേസിലെ പ്രതികൾക്ക് സഹായം നൽകിയതിന്റെ പേരിൽ ഈ കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

സ്ത്രീപീഡനക്കേസിലെ പ്രതികൾക്ക് സഹായം നൽകിയതിന്റെ പേരിൽ ഈ കാലയളവിൽ എസ്.സി.പി.ഒ.-മാരായ മുട്ടം പോലീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേഷനിലെ ശ്രീ. സന്തോഷ് കുമാർ, പന്തീരാങ്കാവ് സ്റ്റേഷനിലെ ശ്രീ. ശരത് ലാൽ എന്നീ രണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കോതമംഗലം - കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകം**

113(120) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം, കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പോലീസ് ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൊലപാതക കേസിലെ പ്രതികളെ വേഗത്തിൽ കണ്ടെത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) മരണപ്പെട്ട സാറാമ്മയുടെ അടുത്ത ബന്ധുക്കളുടെയും സമീപവാസികളുടെയും അടക്കമുള്ള സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയും സാറാമ്മയുടെ വീടിനോട് ചേർന്ന് വാടകയ്ക്ക് താമസിക്കുന്ന ഇതര സംസ്ഥാനക്കാരായ ആൾക്കാരെ നിരീക്ഷിച്ചും അവരുടെ താമസസ്ഥലങ്ങൾ

പരിശോധന നടത്തിയും ഊർജിതമായ അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ അന്വേഷണത്തിന്റെ ഭാഗമായി സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും സംഭവസമയത്തെ മൊബൈൽ ഫോണുകളുടെ സി.ഡി.ആർ.-കളും ലൊക്കേഷനുകളും പരിശോധിച്ചും പ്രതികൾക്കുവേണ്ടിയുള്ള വിശദമായ അന്വേഷണം മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കോതമംഗലം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 30 അംഗ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

**വെറ്ററിനറി സർവകലാശാല വിദ്യാർഥിയുടെ അസ്വാഭാവിക മരണം**

114 (121) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാല കാമ്പസിൽ രണ്ടാം വർഷ ബി.വി.എസ്.സി. വിദ്യാർഥിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർഥിയുടെ കൊലപാതകത്തിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്നും ഇവർ ഏത് വിദ്യാർഥി സംഘടനയിലെ അംഗങ്ങളാണെന്നും വിശദമാക്കുമോ?

(എ&ബി) പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർത്ഥന്റെ മരണം അത്യധികം ദൗർഭാഗ്യകരമായ സംഭവമാണ്. പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് വയനാട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹോസ്റ്റലിൽ സഹപാഠികൾ സിദ്ധാർഥനെ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയായിരുന്നു. പോലീസ് കോളേജിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ സിദ്ധാർത്ഥൻ റാഗിംഗിന് ഇരയായതായും ദിവസങ്ങൾക്കുമുൻപ് മർദ്ദനമേറ്റതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേസിൽ ഐ.പി.സി. സെക്ഷൻ 341, 323, 324, 342, 306 r/w 34, Prohibition of Ragging Act 3, 4 എന്നീ വകുപ്പുകൾ ചേർത്ത്

കേസന്വേഷണം വിപുലപ്പെടുത്തുകയും 23-04-2024-ൽ കൽപ്പറ്റ ഡിവൈ.എസ്.പി.-യുടെ ചുമതലയിൽ പ്രത്യേക സംഘം അന്വേഷണം ഏറ്റെടുക്കുകയുമുണ്ടായി. തുടർന്ന് സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ 29-02-2024-ന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ഒളിവിൽ പോയവർ ഉൾപ്പെടെ ആരോപണവിധേയരായ 20 വിദ്യാർഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ പോലീസ് സ്വീകരിക്കുകയുണ്ടായി. 09-03-2024-ൽ (രണ്ടാം ശനിയാഴ്ച) സിദ്ധാർഥന്റെ മാതാവ് സി.ബി.ഐ. അന്വേഷണമാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ ലഭിച്ച അന്നേ ദിവസംതന്നെ സർക്കാർ ഉത്തരവ് (എം.എസ്) നം. 70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐ.-യ്ക്ക് നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് സി.ബി.ഐ. കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്.

(സി) കോളേജ് കാമ്പസുകളിൽ ആൾക്കൂട്ട വിചാരണകൾ തടയുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കോളേജ് കാമ്പസുകളിലും വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ പരിസരങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും കാമ്പസുകളിൽ ആന്റി റാഗിംഗ് സെൽ സജീവമാക്കുന്നതിനും കോളേജ് അധികാരികൾക്ക് നിർദേശം നൽകുന്നതും രഹസ്യാന്വേഷണം ഊർജിതപ്പെടുത്തുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പന്തീരാങ്കാവ് ഗാർഹിക പീഡന കേസ്**

115 (122) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ മുഖ്യപ്രതി വിദേശത്തേക്ക് കടന്നത് പോലീസിന്റെ വീഴ്ചയാണോയെന്ന് വ്യക്തമാക്കാമോ;

(ബി) വിദേശത്തേക്ക് രക്ഷപ്പെടാൻ പ്രസ്തുത വ്യക്തിയെ പോലീസ് സഹായിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് യുവതിയുടെ ബന്ധുക്കൾ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് പോലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തുകയും ക്രൈം നമ്പർ 391/2024 ആയി IPC 324, 498 എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രാഥമികഘട്ടത്തിൽ കേസിന്റെ അന്വേഷണത്തിൽ വീഴ്ചവരുത്തിയ പന്തീരാങ്കാവ് എസ്.എച്ച്.ഒ. സരിനെയും പ്രതിയെ സഹായിച്ചുവെന്നാരോപിക്കപ്പെട്ട സി.പി.ഒ. ശരത് ലാലിനെയും അന്വേഷണ വിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ കേസിന്റെ അന്വേഷണം ഫറോക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ നടന്നുവരുന്നു. പ്രതിക്ക് ഏതെങ്കിലും വിധത്തിൽ രക്ഷപ്പെടാൻ സഹായം ലഭിച്ചോ എന്ന കാര്യത്തിലും അന്വേഷണം നടന്നുവരുന്നു.

(സി) പ്രസ്തുത വ്യക്തിയെ വിദേശത്തുനിന്നും നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേസിലെ ഒന്നാം പ്രതിയെ കണ്ടെത്തുന്നതിനും പിടികൂടുന്നതിനുമായി ബ്ലൂ കോർണർ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേസിൽ എത്രയുംവേഗം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചതിനുശേഷം റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതാണ്.

**അവയവദാനങ്ങൾ സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം**

116 (123) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ കൈമാറ്റം സജീവമാണെന്ന കണ്ടെത്തലുകളെത്തുടർന്ന് അവയവദാനം സംബന്ധിച്ച് അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സംഘത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിരുന്നു. അവയവ ദാതാക്കൾ, സ്വീകർത്താക്കൾ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി

ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാർ എന്നിവരുൾപ്പെടെ നിരവധി പേരെ നേരിൽകണ്ട് അന്വേഷണം നടത്തുകയുണ്ടായി. CDR ഉൾപ്പെടെ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ ചില അവയവമാറ്റ ശസ്ത്രക്രിയകളിൽ അവയവദാതാക്കളുടെയും സ്വീകർത്താക്കളുടെയും ഏജന്റുമാരായി പ്രവർത്തിച്ചവർ നിയമവിരുദ്ധമായി പണമിടപാട് നടത്തിയതായി വെളിവായി. എന്നാൽ അവയവ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ അറിവോ സമ്മതമോ കൂടാതെ അവയവ കൈമാറ്റങ്ങൾക്ക് വിധേയരാക്കി ചൂഷണം ചെയ്തതായോ നിർബന്ധിതമായോ ഭീഷണിപ്പെടുത്തിയോ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കപ്പെട്ടിട്ടുള്ളതായോ (Forced removal of organs) വെളിവായിട്ടില്ല.

(ബി) സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെ കണ്ടെത്തി അവയവ കൈമാറ്റത്തിലേർപ്പെടുത്തുകയും തുച്ഛമായ തുക നൽകി വഞ്ചിക്കുന്നതുമായ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെ കണ്ടെത്തി അവയവ കൈമാറ്റത്തിൽ ഏർപ്പെടുത്തുകയും തുച്ഛമായ തുക നൽകി വഞ്ചിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?**

ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം, Transplantation of Human and Tissues Act എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. അനധികൃത റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണവും മുന്നറിയിപ്പും പോലീസിന്റെ സാമൂഹ്യമാധ്യമങ്ങൾവഴി നൽകിവരുന്നു.

**ബോംബ് സ്ഫോടന കേസുകളുടെയും ഗുണ്ട ആക്രമണങ്ങളുടെയും വിശദാംശങ്ങൾ**

117 (124) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ സംസ്ഥാനത്ത് എത്ര ബോംബ് സ്ഫോടന കേസുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ സംസ്ഥാനത്ത് 100 ബോംബ് സ്ഫോടന കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) അതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

(സി) 2016 മേയ് മാസം മുതൽ സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണ കേസുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ; അതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

2016 മേയ് മാസം മുതൽ സംസ്ഥാനത്ത് 213 ഗുണ്ടാ ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോടതി പരിഗണിച്ച് വിചാരണ പൂർത്തീകരിച്ച 7 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

**വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യക്കടത്ത്**

118(125) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യ കടത്ത് നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ഒരു കേസും നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ അഞ്ച് കേസുകളും ഉൾപ്പെടെ സംസ്ഥാനത്ത് ആറ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരം താഴെപ്പറയുന്നു.

1. വട്ടിയൂർക്കാവ് പി.എസ്. ക്രൈം നം. 266/2023 U/s370,420 IPC & 10, 24 of emigration act.

2. നെടുമ്പാശ്ശേരി പി.എസ്. ക്രൈം നം. 300/22 U/s 370, 465, 471, 34 IPC

3. നെടുമ്പാശ്ശേരി പി.എസ്. ക്രൈം നം. 302/22, U/s 370, 465, 468, 471, 34 IPC

4. നെടുമ്പാശ്ശേരി പി.എസ്. ക്രൈം നം. 304/22, U/s 370, 465, 468, 471, 34 IPC

5. നെടുമ്പാശ്ശേരി പി.എസ്. ക്രൈം നം. 696/22, U/s 370, 420 IPC

6. നെടുമ്പാശ്ശേരി പി.എസ് ക്രൈം നം.544/24 U/s 370, 34 IPC AND 19(a)(b)(c) of Transplantation of Human Organs and Tissues Act, 1994.

**(ബി) ഇത് തടയുന്നതിനായി സംസ്ഥാനസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?**

വിമാനത്താവളങ്ങളുടെ നിയന്ത്രണവും സുരക്ഷയും വിദേശത്തേയ്ക്ക് യാത്ര അനുവദിക്കുന്നതും കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളാണ്. ട്രാവൽ ഏജൻസികളും മനുഷ്യ വിഭവശേഷി കൺസൾട്ടിംഗ് സ്ഥാപനങ്ങളും നിയമവിധേയമായാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധന

നടത്താറുള്ളതും അപാകതകൾ കണ്ടെത്തിയാൽ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇക്കാര്യത്തിലുള്ള അന്വേഷണപുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം സിറ്റി പോലീസ് ജില്ലയിൽ ഒരു കേസും എറണാകുളം റൂറൽ പോലീസ് ജില്ലയിൽ അഞ്ച് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(ഡി) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് വിദേശത്ത് കുടുങ്ങി പോയവരെ തിരികെ എത്തിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് വിദേശത്ത് കുടുങ്ങി പോയവരെ തിരികെ എത്തിക്കുന്നതിനായി അതത് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളുമായി ബന്ധപ്പെട്ട് കേരളീയ പ്രവാസികാര്യ വകുപ്പ് ഫലപ്രദമായി

നടപടി സ്വീകരിച്ചുവരുന്നു. പ്രവാസി സംഘടനകൾ, ലോകകേരള സഭ അംഗങ്ങൾ തുടങ്ങിയവരുടെ സേവനങ്ങളും ഉറപ്പാക്കുന്നുണ്ട്.

**ലഹരി - ഗുണ്ടാ മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി**

119 (126) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും ഗുണ്ടാ - ലഹരിമാഫിയാ സംഘങ്ങൾ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തുന്ന സംഭവങ്ങൾ വർധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം അക്രമസംഭവങ്ങൾ നേരിടുന്നതിൽ പോലീസ് നിഷ്ക്രിയമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ വർധിച്ച് വരുന്നതായി വിലയിരുത്തിയിട്ടില്ല.

(സി) ഗുണ്ടാ-ലഹരിമാഫിയാ സംഘങ്ങളുടെ പ്രവർത്തനം കർശനമായി തടയുന്നതിനും സമാധാന അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഗുണ്ടാ-ലഹരിമാഫിയാ സംഘങ്ങളുടെ പ്രവർത്തനം കർശനമായി തടയുന്നതിനും സമാധാന അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

1) **ഓപ്പറേഷൻ ആഗ്:** ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും പൊതുസമാധാന സുരക്ഷ ഉറപ്പുവരുത്തുന്നതിനായും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായും ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്.

2) **ഓപ്പറേഷൻ ഡി ഹണ്ട്:** മയക്കുമരുന്ന് വിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിലും സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്.

3) **ഓപ്പറേഷൻ കാവൽ:** സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ

ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. Anti-Organised Crimes Cell (AOCC) പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത (AOCC) അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണ്ടകളുടെയും ലഹരി സംഘങ്ങളുടെയും അതിക്രമങ്ങൾ തടയുന്നതിനായി

സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ കാപ്പ സെല്ലുകൾ ശക്തമായി പ്രവർത്തിച്ചുവരുന്നു. സ്ഥിരമായി NDPS കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്കെതിരെ PIT NDPS നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരി മാഫിയ സംഘങ്ങൾ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം മുഖേനയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും സ്വന്തമായും പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയുമുള്ള ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലയിലെ രണ്ട് വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ച് ദിവസേന രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവയും ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർ സംസ്ഥാന ബസ്സുകൾ ഉൾപ്പെടെയുള്ള

വാഹനങ്ങൾ എന്നിവിടങ്ങളിലും പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂമും എക്സൈസ്/സർക്കിൾ ഓഫീസുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓരോ സ്ട്രൈക്കിംഗ് ഫോഴ്സുകളും കേരള കർണ്ണാടക അതിർത്തിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ചെക്ക്പോസ്റ്റ് കൂടാതെയുള്ള റോഡുകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ച് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**അവയവ കച്ചവടം നടത്തുന്നത് സംബന്ധിച്ച അന്വേഷണം**

120(127) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ കച്ചവടം നടത്തുകയും അതിന്റെ പേരിൽ പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് ഇന്റർപോളിന്റെയും ഇതര സംസ്ഥാനങ്ങളിലെ പോലീസിന്റെയും സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) 19-10-2020-ലെ സംസ്ഥാന പോലീസ് മേധാവിയുടെ No. D5-135405/2020/PHQ പ്രകാരം നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ അവയവ ദാതാക്കൾ, സ്വീകർത്താക്കൾ, കേരളത്തിലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാർ തുടങ്ങിയവരെ നേരിൽകണ്ട് അന്വേഷണം നടത്തുകയുണ്ടായി. സി.ഡി.ആർ. ഉൾപ്പെടെ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ ചില അവയവമാറ്റ ശസ്ത്രക്രിയകളിൽ അവയവ ദാതാക്കളുടെയും സ്വീകർത്താക്കളുടെയും ഏജന്റുമാരായി പ്രവർത്തിച്ചവർ നിയമവിരുദ്ധമായി പണമിടപാട്

നടത്തിയെന്ന് വെളിവായി. എന്നാൽ അവയവ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ അറിവോ സമ്മതമോ കൂടാതെ അവയവ കൈമാറ്റങ്ങൾക്ക് വിധേയരാക്കി ചൂഷണം ചെയ്തതായോ ചതിചെയ്തതായോ നിർബന്ധിതമായോ ഭീഷണിപ്പെടുത്തിയോ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കപ്പെട്ടിട്ടുള്ളതായോ (Forced removal of organs) ആശുപത്രി അധികാരികൾ അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായോ വെളിവായിട്ടില്ല. സമാന വിഷയവുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IP C & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സൂത്രധാരനെന്ന് ആരോപിക്കപ്പെട്ട മധു ജയകുമാർ എന്നയാൾക്ക് എതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന അപേക്ഷ നൽകിയിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ദാതാക്കളായി നിരവധി പേർ വിദേശത്ത് പോയതായും പാലക്കാട് സ്വദേശി ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി ദാതാവായതായും

അറിവായിട്ടുണ്ട്. ഇതിൽ കൂടുതൽപേരും ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽനിന്നാണ് എന്നാണ് ലഭ്യമായ വിവരം. ഈ സംസ്ഥാനങ്ങളിലെ പോലീസിന്റെ സഹായത്തോടെ ഊർജിതമായ അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു.

(സി) അവയവദാന വ്യവസ്ഥകൾ സംബന്ധിച്ച് പ്രചാരണവും ബോധവൽക്കരണവും നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനുകീഴിൽ 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് - ലെ ചട്ടം 31 പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) പ്രവർത്തിച്ചുവരുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽനിന്നുള്ള അവയവദാന പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമതയും ഉറപ്പുവരുത്തുക, അവയവങ്ങൾ

ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവമായും അവയവം മാറ്റിവക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നിവ ഈ സൊസൈറ്റിയുടെ സുപ്രധാന ലക്ഷ്യങ്ങളാണ്. അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾ മനസിലാക്കുന്നതിനുവേണ്ടി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസുകളും ശില്പശാലകളും സംഘടിപ്പിച്ച് അതിലൂടെ അവയവദാനത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ഡോക്ടർമാർക്കും മറ്റ് പാരാ മെഡിക്കൽ ജീവനക്കാർക്കും ട്രെയിനിംഗുകളും ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നു.

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സമൂഹമാധ്യമങ്ങളിലൂടെയും കൂടുതൽ ബോധവൽക്കരണ-പ്രചാരണ പരിപാടികൾ കെ-സോട്ടോ നടത്തി വരുന്നുണ്ട്. അവയവദാനം, അവയമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മിറ്റികളും

രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതിലേയ്ക്കായുള്ള ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിവരുന്നു. ജനങ്ങളെ ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി പോലീസ് സംവിധാനം വഴിയും കേരള പോലീസ് സോഷ്യൽ മീഡിയ വഴിയും പൊതുജനങ്ങൾക്ക് അവയവദാനത്തിന്റെ മഹത്വത്തെക്കുറിച്ചും നടന്നുകൊണ്ടിരിക്കുന്ന അതുമായി ബന്ധപ്പെട്ട തട്ടിപ്പുകളെക്കുറിച്ചും ശക്തമായ ബോധവൽക്കരണം നടത്തിവരുന്നു.

**ചട്ടവിരുദ്ധ ഗ്രനേഡ്/ജലപീരങ്കി പ്രയോഗം**

121 (128) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ മാസത്തിൽ ഡി.ജി.പി. ഓഫീസിലേക്ക് മുഖ്യ പ്രതിപക്ഷ പാർട്ടി നടത്തിയ മാർച്ചിന്റെ ഉദ്ഘാടന വേദിയിലേക്ക് കേരള പോലീസ് മാനുവലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗ്രനേഡും ജലപീരങ്കിയും പ്രയോഗിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സംഭവത്തിൽ നടപടിക്രമങ്ങൾ പാലിച്ച് മുന്നറിയിപ്പുകൾ നൽകിയാണോ പ്രസ്തുത ആയുധങ്ങൾ പ്രയോഗിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

2023 ഡിസംബർ മാസത്തിൽ ഡി.ജി.പി. ഓഫീസിലേക്ക് മുഖ്യ പ്രതിപക്ഷ പാർട്ടി നടത്തിയ പ്രതിഷേധ മാർച്ചിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ കല്ലേറുണ്ടായി. പ്രതിഷേധം നിയന്ത്രണാതീതമായ സന്ദർഭത്തിൽ ജലപീരങ്കി ഉപയോഗിച്ച് നിയന്ത്രിക്കാൻ ശ്രമിച്ചുവെങ്കിലും അത് പോരാതെ വന്നു. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെ സ്ഥിതിഗതികൾ അറിയിച്ചതിനുശേഷം കണ്ണീർ വാതകം പോലുള്ള മറ്റ് പ്രതിരോധ നടപടികൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത നടപടിയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പാലിക്കേണ്ട മുന്നറിയിപ്പുകൾ യഥാവിധി നൽകിയതിനുശേഷമാണ് ഈ നടപടിയിലേയ്ക്ക് പോലീസ് കടന്നിട്ടുള്ളത്.

(സി) പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് ഡി.ജി.പി. അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത ആരോപണങ്ങളെ സംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ മുഖേന വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. സമരസ്ഥലം ഒരു Y-ജംഗ്ഷൻ ആയതിനാൽ എല്ലാ വശങ്ങളിൽനിന്നുമുള്ള കാറ്റുമൂലം സ്റ്റേജ് ഉൾപ്പെടെ എല്ലാഭാഗത്തും കണ്ണീർ വാതകം വ്യാപിക്കുകയാണുണ്ടായിട്ടുള്ളത്.

വേദിയിലുണ്ടായിരുന്ന നേതാക്കൾക്കെതിരെയോ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കെതിരെയോ യാതൊരുവിധ നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പോലീസ് സമയോചിതമായി നടപടി സ്വീകരിച്ചില്ലായിരുന്നെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചുവിടുമായിരുന്നു. സംഭവത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1650/2023

പ്രകാരം തിരിച്ചറിഞ്ഞ 7 പേർക്കെതിരെയും തിരിച്ചറിയാവുന്ന 500 പേർക്കെതിരെയും Sec. 143, 147, 149, 148, 283, 324, 353 IPC, 39 r/w 121 of KP Act, 5 of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**പോലീസ് മർദ്ദനം സംബന്ധിച്ച പരാതി**

122 (129) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ താമസക്കാരനായ വടക്കുംതല വീട്ടിൽ ശ്രീ. സുനിൽ കുമാറിനെയും മറ്റും അന്തിക്കാട് പോലീസ് മർദ്ദിച്ചെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനിൽകുമാർ എന്നയാളെ അന്തിക്കാട് പോലീസ് മർദ്ദിച്ചതായ പരാതിയിലെ ആരോപണത്തിന്മേൽ അന്വേഷണം നടത്തിവരുന്നു. ടി പരാതിയിന്മേലുള്ള അന്വേഷണത്തിൽ അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ നമ്പോർക്കാവ്

അമ്പലത്തിലെ ഉത്സവം നടക്കുന്നതിനിടയിൽ അമ്പലപ്പറമ്പിൽ വാടാനപ്പിള്ളി വടക്കുംത്തല വീട്ടിൽ സുനിൽകുമാറും വെളുത്തൂർ ദേശത്ത് പുള്ളിക്കൽ വീട്ടിൽ അഖിൽ മോഹൻ, വെളുത്തൂർ ദേശത്ത് ചെറുപറമ്പിൽ വീട്ടിൽ മിഥുൻ എന്നിവർ ലഹരിക്കടിമപ്പെട്ട് അടിപിടികൂടി പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നത് അന്തിക്കാട് സബ് ഇൻസ്പെക്ടറും പോലീസ് പാർട്ടിയും കാണപ്പെട്ടപ്രകാരം ടിയാൻമാരെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്ന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 548/24 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. അറസ്റ്റ് ചെയ്തവരെ ഉടൻ വിട്ടയച്ചാൽ വീണ്ടും ഉത്സവപറമ്പിൽ പ്രശ്നങ്ങളുണ്ടാക്കുമെന്ന് കരുതിയും മദ്യലഹരിയിലായിരുന്നതിനാലും അവരെ പിറ്റേ ദിവസം ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. സുനിൽ കുമാറിനെയും മറ്റ് പ്രതികളെയും മെഡിക്കൽ പരിശോധന നടത്തിയിട്ടുള്ളതും യാതൊരു പരിക്കുകളും ഡോക്ടർ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. പരാതിയിന്മേൽ തൃശ്ശൂർ റൂറൽ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. വിശദമായ അന്വേഷണം നടത്തിവരുന്നു.

**പോലീസ് മർദ്ദനം**

123 (130) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ വാക എന്ന പ്രദേശത്ത് സ്ഥിരതാമസക്കാരനായ കുന്നത്തുള്ളി വീട്ടിൽ ശ്രീ. മുരളി എന്ന വ്യക്തിയെ 2024 ജനവരി 20-ന് വാകയിൽ ക്ഷേത്രോത്സവം നടന്ന ദിവസം പാവറട്ടി പോലീസ് അകാരണമായി മർദ്ദിച്ചുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ പരാതിയിലെ ആരോപണത്തിന്മേൽ പാവറട്ടി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ.-യും ഗുരുവായൂർ അസി. പോലീസ് കമ്മീഷണറും അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ

പരാതിക്കാരന്റെ ആരോപണം അടിസ്ഥാനരഹിതമാണെന്ന് വെളിവായതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ഗുണ്ടാ ലിസ്റ്റ്**

124 (131) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിരീക്ഷിക്കുന്നതിന് പോലീസിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ പൊതു സമാധാന പരിപാലനത്തിന് അപകടകരമാകുന്ന ഏതെങ്കിലും നിയമവിരുദ്ധ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ആളുകൾക്കെതിരെയും കൂടാതെ വ്യാജ വാറ്റുകാർ, കള്ളനോട്ട് നിർമ്മാതാക്കൾ, പാരിസ്ഥിതിക വിദ്ധ്വംസകർ, ഡിജിറ്റൽ ഡാറ്റയും പകർപ്പവകാശവും അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, അസാന്മാർഗിക കുറ്റവാളി,

കൊള്ളപ്പലിശക്കാരൻ (മണി ചെയിൻ കുറ്റക്കാരൻ), വസ്തു കൈയേറ്റക്കാരൻ എന്നീ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും Kerala Anti-Social Activities (Prevention) Act-ൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണ്ടാലിസ്റ്റ് തയ്യാറാക്കുന്നത്.

ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടവരെ നിരീക്ഷിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ.-യുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതും ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ഗുണ്ടകളെ നിരീക്ഷിക്കുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഒരു പ്രത്യേക സെൽ (കാപ്പ സെൽ) പ്രവർത്തിച്ചുവരുന്നതുമാണ്. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് എന്നിവ മുഖേന ഗുണ്ടകളെ രഹസ്യമായി നിരീക്ഷിച്ചുവരുന്നതും കുറ്റകൃത്യത്തിൽ ഏർപ്പെടാൻ സാധ്യതയുണ്ടെന്ന് കണ്ടാൽ കരുതൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി നാടുകടത്തിയവർ തിരികെയെത്തി അതിക്രമങ്ങളിലേർപ്പെട്ടത് സംബന്ധിച്ച് എത്ര കേസുകൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

97 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിരീക്ഷിക്കുന്നതിലും നിയന്ത്രിക്കുന്നതിലും വീഴ്ചവരുത്തിയതിന്റെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശക്തമായ നടപടി ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ട്. ഇക്കാരണത്താൽ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥരുടെ ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**ഗുണ്ടാ അക്രമകേസുകൾ**

125 (132) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ഗുണ്ടാ അക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

ഗുണ്ടാക്രമണങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഗുണ്ടാ അക്രമങ്ങളുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) 2016-2021-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പോലീസ്-ഗുണ്ട അവിശുദ്ധ ബന്ധം**

126(133) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ നേതാക്കളോടും ക്രിമിനലുകളോടും സൗഹൃദം പുലർത്തുന്ന പോലീസുകാർ സർവീസിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തരത്തിലുള്ള പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ജെ. ജോൺസൻ, ശ്രീ. എം. പ്രസാദ്, ശ്രീ. എം. ജി. സാബു എന്നീ ഡിവൈ.എസ്.പി.-മാരെയും ശ്രീ. അഭിലാഷ് ഡേവിഡ് എന്ന പോലീസ് ഇൻസ്പെക്ടറെയും ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ സി.പി.ഒ. ദീപക് സി. കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി. കെ. എന്നിവരെയും സർവീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സമീപകാലത്ത് ഒരു ഗുണ്ടാ നേതാവിന്റെ വീട്ടിലെ വിരുന്ന് സൽക്കാരത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥനും മറ്റ് പോലീസുകാരും പങ്കെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ?

Operation AAG-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് തുടർ പരിശോധനകൾ നടത്തിവരവെ, ക്രിമിനൽ ബന്ധമുള്ള വ്യക്തിയുടെ വീട്ടിൽ ക്രൈംബ്രാഞ്ച് ആലപ്പുഴ ഡിവൈ.എസ്.പി. ആയിരുന്ന എം. ജി. സാബുവും ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ സി.പി.ഒ. ദീപക് സി. കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ

സി.പി.ഒ. അനീഷ് റ്റി. കെ എന്നിവരെ സൽക്കാരത്തിൽ പങ്കുചേർന്നതായി കാണപ്പെട്ടതിനെത്തുടർന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. ഡിവൈ.എസ്.പി. എം.ജി. സാബുവിനെ 27-05-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1485/2024/ആഭ്യന്തരം പ്രകാരം ടിയാൻ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതായും പോലീസിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടതായും പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിനെത്തുടർന്ന് അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടകളും പോലീസുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധം അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടകളുമായി ബന്ധം പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി, സർവീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ ശക്തമായ നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും തടയാൻ പ്രത്യേക പദ്ധതി**

127 (134) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങൾ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ലഹരി ഉപയോഗം വർധിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനായി കോളേജുകൾ, സ്കൂളുകൾ, യുവജന ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. മയക്കുമരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനായി ജില്ലാ തലത്തിൽ District Anti Narcotic Special Action Force (DANSAF) ടീം പ്രവർത്തിച്ചുവരുന്നതും ഇപ്രകാരമുള്ള

കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനായി തുടർച്ചയായി സ്പെഷ്യൽ ഡ്രൈവുകളും റെയ്ഡുകളും നടത്തിയും കുറ്റകൃത്യങ്ങൾ കാണപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്തും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസുമായി ചേർന്ന് ചെക്കിംഗ് നടത്തി വരുന്നു. കഞ്ചാവ്, മറ്റ് മയക്കുമരുന്ന് എന്നിവ വിപണനം നടത്തുന്നവരെപ്പറ്റി അന്വേഷിക്കുകയും അവരെ നിരീക്ഷിച്ചുവരികയും കുറ്റകൃത്യം കാണപ്പെട്ടാൽ ശക്തമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ജില്ലയിലെ സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് Yodhav എന്ന പദ്ധതി നടപ്പാക്കി വരുന്നതും അതിലേക്ക് സ്കൂളുകളിലും കോളേജുകളിലും ആന്റി-നർക്കോട്ടിക് ക്ലബ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതുമാണ്. ജില്ലയിൽ NDPS കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലാതലത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കുകയും ഒന്നിലധികം തവണ NDPS കേസുകളിൽ ഉൾപ്പെടുന്ന പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലയിലെ എല്ലാ സ്റ്റേഷനുകളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കി അവരെ നിരന്തരം നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. NDPS കേസുകളിൽ നിരന്തരം

ഏർപ്പെടുന്നവർക്കെതിരെ NDPS Act-ലെ 34-ാം വകുപ്പ് പ്രകാരമുള്ള ബോണ്ട് വയ്ക്കുന്നതിനും NDPS കേസുകളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പേരിൽ NDPS Act-ലെ 31, 31 A എന്നീ വകുപ്പുകൾ പ്രകാരം ഉയർന്ന ശിക്ഷ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും എല്ലാ എസ്.എച്ച്.ഒ.-മാർക്കും നിർദേശം നൽകിയിട്ടുള്ളതുമാണ്. മയക്കുമരുന്ന് ഉൽപന്നങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി സ്ഥിരം കുറ്റവാളികളെ PIT NDPS പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനും NDPS ആക്ടിലെ സെക്ഷൻ 68 പ്രകാരം അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുംവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കണ്ണന്നൂരിൽ ഗുണ്ടാ ആക്രമണത്തിൽ പാസ്റ്റർക്ക് വെട്ടേറ്റ സംഭവമടക്കം സംസ്ഥാനത്തുടനീളം നിരവധി ഗുണ്ടാ ആക്രമണങ്ങൾ നടന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

മയക്കുമരുന്ന് വിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിലും സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നുണ്ട്. ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും പൊതുസമാധാന സുരക്ഷ

ഉറപ്പുവരുത്തുന്നതിനും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവും നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കണ്ണന്നൂരിൽ ഗുണ്ടാ ആക്രമണത്തിൽ പാസ്റ്റർക്ക് വെട്ടേറ്റ സംഭവത്തിന് വെള്ളറട പോലീസ് ക്രൈം നം. 462/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കൃത്യത്തിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റിൽ പാർപ്പിച്ചിട്ടുള്ളതാണ്.

(ഡി) ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളുംപോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16-12-2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം. 34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവുപ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്താനുമാവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

"ഓപ്പറേഷൻ കാവൽ" പദ്ധതി എല്ലാ ജില്ലകളിലും ശക്തമായി നടപ്പാക്കിവരുന്നതും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും സജീവമായി ഗുണ്ടാ/സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി സമയബന്ധിതമായി നിയമാനുസരണം

ചെക്ക് ചെയ്തുവരുന്നതും, CrPC പ്രകാരം നല്ലനടപ്പിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ ഉൾപ്പെടെയുള്ള നിയമമുപയോഗിച്ച് കരുതൽ തടങ്കൽ നടപടികളും സ്വീകരിച്ചുവരുന്നതുമാണ്. മുൻകാല കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ നിരീക്ഷിച്ചും കൂടുതൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാതിരിക്കാൻ പ്രിവന്റീവ് അറസ്റ്റ് ചെയ്തിട്ടുള്ളതും വാറണ്ട് പ്രകാരം അറസ്റ്റ് ചെയ്യാനുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് ബന്ധപ്പെട്ട കോടതികളിൽ ഹാജരാക്കി നിയമനടപടികൾ സ്വീകരിച്ചും ഗുരുതര കുറ്റകൃത്യങ്ങളിലേർപ്പെട്ട എല്ലാ പ്രതികളെയും കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്.

**ഗുണ്ടാ ആക്രമണങ്ങൾ തടയാൻ നടപടി**

128 (135) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബോംബ് കേസുകളിലും ഗുണ്ടാ ആക്രമണ കേസുകളിലും നാമമാത്രമായ പ്രതികൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ബോംബ് കേസുകളിലും ഗുണ്ടാ ആക്രമണ കേസുകളിലും പ്രതികളാകുന്ന കുറ്റവാളികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് പഴുതടച്ച കുറ്റപത്രം സമർപ്പിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കാപ്പ നിയമമടക്കം ഉപയോഗപ്പെടുത്തി ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുംവേണ്ടി സ്ഥിരംകുറ്റവാളികളുടെ പട്ടിക തയ്യാറാക്കി മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇത്തരക്കാർക്കെതിരെ പോലീസ് സ്റ്റേഷനുകളിൽ റൗഡി ഹിസ്റ്ററി ഷീറ്റുകൾ ആരംഭിച്ച് ഇവരുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ സ്ഥിരംകുറ്റവാളികൾക്കെതിരെ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതികളിൽ 107, 110 CrPC പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ ഇവർ ഉൾപ്പെട്ടിട്ടുള്ള മുൻകാല കേസുകളിലെ ജാമ്യവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് മുൻ കേസുകളിലെ ജാമ്യം റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് "Operation Kaval, Operation AAG, Operation D-Hunt” തുടങ്ങിയ സ്പെഷ്യൽ ഡ്രൈവുകൾ നടപ്പാക്കിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവർക്കെതിരെ കാപ്പ നിയമപ്രകാരമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

**ഗുണ്ടാ ആക്രമണങ്ങളും കാപ്പ നിയമപ്രകാരമുള്ള കരുതൽ തടങ്കലും**

129 (136) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിവിധ ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര ഗുണ്ടകൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി സംസ്ഥാനത്ത് 96 ഗുണ്ടാ ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ഗുണ്ടാ ആക്രമണങ്ങളിൽ 12 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 463 ഗുണ്ടകൾക്കെതിരെ കേസെടുക്കുകയും 459 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കാപ്പ നിയമപ്രകാരം എത്രപേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ ഇട്ടിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്;

എത്രപേരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ജില്ലാ പോലീസ് മേധാവികളുടെ ശിപാർശ മടക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കാപ്പ നിയമം 3 (1) പ്രകാരം 1028 പേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. 22 പേരെ ഇനി അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്. 1106 പേരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ജില്ലാ പോലീസ് മേധാവിമാരുടെ ശിപാർശ മടക്കിയിട്ടുണ്ട്.

(സി) കാപ്പ ചുമത്തുമ്പോൾ പോലീസ് വരുത്തുന്ന വീഴ്ചകൾ പ്രതികളുടെ തടങ്കൽ റദ്ദാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; നിയമത്തെക്കുറിച്ചുള്ള ഉദ്യോഗസ്ഥരുടെ അജ്ഞത ഗുണ്ടകൾക്ക് സഹായകമാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കാപ്പ ചുമത്തുമ്പോൾ പോലീസിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചകൾമൂലം പ്രതികളുടെ തടങ്കൽ റദ്ദാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ഉദ്യോഗസ്ഥർക്ക് നിയമത്തെക്കുറിച്ച് അജ്ഞതയുള്ളതായ

സ്ഥിതിവിശേഷമുണ്ടായിട്ടില്ല. കൃത്യമായ ഇടവേളകളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകളും സെമിനാറുകളും പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്.

**ഗുണ്ടാ ആക്രമണ കേസുകൾ**

130 (137) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗുണ്ടാ ആക്രമണങ്ങൾക്ക് 212 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്യുകയും വിചാരണ പൂർത്തിയായതിൽ ഏഴ് കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ പ്രസ്തുത കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ 12 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന പോലീസ് സേനയിൽ ഗുണ്ടാ മാഫിയ ബന്ധമുണ്ടെന്നുള്ള പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഡിവൈ.എസ്.പി.-മാരെയും ഒരു പോലീസ് ഇൻസ്പെക്ടറെയും ഒരു സിവിൽ പോലീസ് ഓഫീസറെയും രണ്ട് ഡ്രൈവർ സിവിൽ പോലീസ് ഓഫീസറെയും സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഗുണ്ടാ/സാമൂഹ്യവിരുദ്ധ സംഘങ്ങളുമായി കൂട്ടുകൂടാനോ ബന്ധങ്ങൾ സ്ഥാപിക്കാനോ പാടില്ലെന്ന കർശന നിർദേശം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

131 (138) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ ആറ് മാസക്കാലയളവിൽ എത്ര സൈബർ കേസുകൾ തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ഇവയിൽ എത്രയെണ്ണത്തിന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

വിവിധ സർക്കാർ സേവനങ്ങളും ബാങ്കിംഗ് സേവനങ്ങളും ഇന്റർനെറ്റ് സഹായത്തോടെ സാധാരണക്കാരിലേക്ക് എത്തുകയും ഉപഭോഗം വർധിക്കുകയും ചെയ്തതനുസരിച്ച് കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

05-01-2024-ലെ സർക്കാർ ഉത്തരവ് (കൈ)നം.04/2024/ആഭ്യ. പ്രകാരം സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത സൈബർ ഡിവിഷനിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| എസ്.പി. | 2 |
| ഡിവൈ.എസ്.പി. | 4 |
| ഐ.ഒ.പി. | 13 |
| എസ്.ഐ. | 39 |
| എസ്.സി.പി.ഒ. | 84 |
| സി.പി.ഒ. | 63 |

കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നു.

- ഓൺലൈൻ ലോൺ തട്ടിപ്പുകളെ കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 1930 എന്ന ടോൾ ഫ്രീ നമ്പറും 24 മണിക്കൂറും ലഭ്യമാണ്.

- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെ കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ഡോം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് യൂണിറ്റുകളും സൈബർ പട്രോളിങ് നടത്തി സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടെത്തി സൈബർ സ്പേസിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

- സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നാഷണൽ സൈബർ ക്രൈം പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. 1930 എന്ന നമ്പരിൽനിന്നും പോർട്ടൽ മുഖേന (www.cybercrime.gov.in) ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ,

ആർ.ബി.ഐ., സാമ്പത്തിക ഇടനിലക്കാർ, പേമെന്റ് വാലറ്റുകൾ, എൻ.പി.സി.ഐ. മുതലായവ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതുസംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർക്രൈം പോർട്ടൽ. തട്ടിപ്പുകാരിലേക്കുപോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.

- കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പോലീസ് ട്രെയിനിംഗ് കോളേജിലും സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തിവരുന്നു. സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര - ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ

സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു.

കഴിഞ്ഞ 6 മാസക്കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ 251 സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വ്യാജരേഖ നൽകിയതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര സിം കാർഡുകളാണ് ബ്ലോക്ക് ചെയ്തതെന്ന് വ്യക്തമാക്കാമോ; സൈബർ തട്ടിപ്പിൽ ഉൾപ്പെട്ട എത്ര മൊബൈൽ ഫോണുകളാണ് കഴിഞ്ഞ 6 മാസത്തിനുള്ളിൽ ബ്ലോക്ക് ചെയ്തതെന്ന് വ്യക്തമാക്കാമോ?

01-12-2023 മുതൽ 31-05-2024 വരെ നാഷണൽ ക്രൈം റിപ്പോർട്ട് പോർട്ടലിൽ റിപ്പോർട്ടായ പരാതികളുടെ അടിസ്ഥാനത്തിൽ 5055 സിം കാർഡുകളും 4766 മൊബൈൽ ഫോണുകളും ബ്ലോക്ക് ചെയ്തിട്ടുണ്ട്.

(സി) സൈബർ സംഘങ്ങൾക്കായി അനധികൃതമായി സിം കാർഡുകൾ സംഘടിപ്പിച്ച് കൈമാറുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി ആഭ്യന്തര വകുപ്പിന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ വേങ്ങര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 214/2024 കേസിൽ വ്യാജ മൊബൈൽ സിം കാർഡുകളുടെ ഹോൾസെയിൽ ഡീലറായ അബ്ദുൾ റോഷൻ എന്ന പ്രതി കർണാടകയിൽ വച്ച് അറസ്റ്റിലായിട്ടുണ്ട്. ടിയാളിൽനിന്നും 40000 സിം കാർഡുകളും നൂറ് കണക്കിന് മൊബൈൽ ഡിവൈസുകളും പിടികൂടിയിട്ടുണ്ട്.

തൃശ്ശൂർ റൂറൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 14/2024 ആയി റജിസ്റ്റർ ചെയ്ത കേസിൽ തട്ടിപ്പ് സംഘങ്ങൾക്ക് സിം കാർഡ് ആക്ടിവേറ്റ് ചെയ്ത് നൽകിയ വിഷ്ണു എന്ന പ്രതിയെയും ടി സിം കാർഡുകൾ ഉപയോഗപ്പെടുത്തി തട്ടിപ്പ് നടത്തിയ കംബോഡിയൻ സംഘത്തിലെ പ്രധാനി മുഹ്ലിക് എന്ന പ്രതിയെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്ന് തട്ടിപ്പ് കോളുകൾ വരുന്നത് തടയുന്നതിനും അത് നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്ന് തട്ടിപ്പ് കോളുകൾ വരുന്നത് തടയുന്നതിനും അത് നിയന്ത്രിക്കുന്നതിനും ബോധവൽക്കരണ പരിപാടികളും മറ്റും സംഘടിപ്പിച്ചും ഓൺലൈൻ മീഡിയ വഴി അലർട്ട് മെസേജുകൾ നൽകിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്നും തട്ടിപ്പ് കോൾ തടയുന്നതിനും അത് നിയന്ത്രിക്കുന്നതിനുമായി സിം കാർഡുകളും ഡിവൈസുകളും ബ്ലോക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 01-12-2023 മുതൽ 31-05-2024 വരെ എൻ.സി.ആർ. പോർട്ടലിൽ ആകെ 21159 പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 1312 കേസുകൾ കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ഇ) മൊബൈലിലെ സന്ദേശങ്ങളുടെയും ലിങ്കുകളുടെയും സമൂഹമാധ്യമ പ്രൊഫൈലുകളുടെയും ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തുന്ന സൈബർ സേഫ് മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിന് സംസ്ഥാന പോലീസ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഫോണുകളിലും വാട്സ്ആപ്പിലും വരുന്ന തട്ടിപ്പ് കോളുകളും മെസ്സേജുകളും

പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യാനായി കേന്ദ്ര സർക്കാർ ആരംഭിച്ച 'ചക്ഷു' എന്ന പോർട്ടലിൽ സംസ്ഥാനത്തുനിന്നും എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തതെന്നും എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

സൈബർ ഡിവിഷന്റെ കീഴിൽ നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ സൈബർ വാൾ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രോജക്ടിൽ പൊതുജനങ്ങൾക്ക് ഫോൺ നമ്പറുകൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, URL-കൾ എന്നിവ വ്യാജമാണോ എന്ന് പരിശോധിക്കാൻ സാധിക്കും. ഈ പ്രോജക്ട് PoL- App പോലുള്ള പോലീസ് ആപ്ലിക്കേഷനുകളുമായി സംയോജിച്ച് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 'ചക്ഷു' എന്ന പോർട്ടൽ കേന്ദ്രസർക്കാർ നിയന്ത്രണത്തിലായതിനാൽ ഇതുസംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

(എഫ്) തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ എത്ര സൈബർ കേസ് രജിസ്റ്റർ ചെയ്തു; ഇവയിൽ എത്രയെണ്ണത്തിൽ

എഫ്.ഐ.ആർ. ഇട്ടു; പെറ്റീഷൻ നൽകി രസീത് നൽകിയിട്ടും എഫ്.ഐ. ആർ. ഇടാത്തതിന് കാരണം വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ 20-05-2021 മുതൽ 02-06-2024 വരെ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ എട്ട് പരാതികളും ലഭിച്ചിട്ടുണ്ട്. അതിൽ രണ്ട് പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. പരാതിയിൽ പറഞ്ഞിട്ടുള്ള കുറ്റകൃത്യത്തെ സംബന്ധിച്ച് വ്യക്തതയില്ലാത്ത സന്ദർഭങ്ങളിലും പരാതിക്കാരന് തുടർനടപടികൾ ആവശ്യമില്ലായെന്ന് പറഞ്ഞിട്ടുള്ള പരാതികളിലും ഒഴികെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ജി) സൈബർ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നമ്പരായ 1930-ൽ രജിസ്റ്റർ ചെയ്ത പെറ്റീഷൻ അവിടെനിന്നും തിരികെ ശ്രീകാര്യം സ്റ്റേഷനിൽ എത്തിയതിൽ എഫ്.ഐ.ആർ. ഇടാത്തതിന് കാരണം വ്യക്തമാക്കാമോ; ഇവ അടിയന്തരമായി എഫ്.ഐ.ആർ. ഇടുന്നതിന് നടപടി സ്വീകരിക്കുമോ?

എൻ.സി.ആർ.പി. പോർട്ടൽ നമ്പരായ 1930-ൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ നഷ്ടപ്പെട്ട തുക ഹോൾഡ് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ

അത് വീണ്ടെടുക്കാൻ കേസ് രജിസ്റ്റർ ചെയ്തുവരുന്നു. 1930-ലേക്ക് വരുന്ന മറ്റ് പരാതികളിലെല്ലാം സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ച് 15-11-2023-ൽ സംസ്ഥാന പോലീസ് മേധാവി No. D7-188683/2023/PHQ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും അതുപ്രകാരമുള്ള നടപടികൾ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ സ്വീകരിച്ചുവരുന്നതുമാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**പേരാമ്പ്ര കോടതി - ചീക്കിലോട് റോഡിന്റെ വീതി കൂട്ടുന്നതിന് നടപടി**

132 (139) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പേരാമ്പ്ര കോടതി - ചീക്കിലോട് റോഡിന്റെ വീതി കൂട്ടുന്നതിനുവേണ്ടി പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ മതിൽ ഒരു മീറ്റർ മാറ്റി സ്ഥാപിക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ടോ?

ഇല്ല.

(ബി) പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ മുൻവശത്ത് റോഡ് വളരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടുങ്ങിയതായതിനാൽ ഗതാഗത തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ മുൻഭാഗത്തെ റോഡ് മറ്റ് ഭാഗങ്ങളെക്കാൾ വീതി കുറവായതിനാൽ ചില സമയങ്ങളിൽ ഗതാഗത തടസ്സം നേരിടാറുണ്ട്. ഈ സമയം പോലീസ് ഉദ്യോഗസ്ഥർ ട്രാഫിക് ഡ്യൂട്ടി നോക്കി ഗതാഗത തടസ്സം പരിഹരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ അപര്യാപ്തത**

133 (140) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണത്തിനും ക്രമസമാധാനപാലനത്തിനും മതിയായ വാഹനസൗകര്യങ്ങൾ ലഭ്യമല്ലാത്തതുമൂലം പ്രയാസപ്പെടുന്ന പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

പോലീസ് സ്റ്റേഷനുകളിൽ കേസന്വേഷണത്തിനും ക്രമസമാധാനപാലനത്തിനുമായി മതിയായ വാഹനസൗകര്യം

വിലയിരുത്തി ജോലിഭാരം കൂടിയതും പ്രധാനപ്പെട്ടതുമായ പോലീസ് സ്റ്റേഷനുകളിൽ കുറഞ്ഞത് മൂന്ന് ലൈറ്റ് മോട്ടോർ വാഹനങ്ങളും അല്ലാത്ത മുഴുവൻ സ്റ്റേഷനുകളിലും കുറഞ്ഞത് രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങളും വീതം അനുവദിച്ചിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകൾക്ക് വാഹനങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളിൽ ഏറ്റവും പഴക്കംച്ചെന്നതും കൂടുതൽ ദൂരം ഓടിയിട്ടുള്ളതുമായ വാഹനങ്ങൾക്ക് പകരമാണ് പൊതുമാനദണ്ഡപ്രകാരം പുതിയ വാഹനങ്ങൾ അനുവദിച്ചുവരുന്നത്.

(സി) കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ മതിയായ വാഹനസൗകര്യം ലഭ്യമാകാത്തത് സ്റ്റേഷന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന പരിഹാരനടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ മതിയായ വാഹനസൗകര്യം നിലവിൽ ലഭ്യമാണ്. മഹീന്ദ്ര ബൊലേറോ മോഡലിലുള്ള

രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങളും രണ്ട് ഇരുചക്ര വാഹനങ്ങളുമാണ് കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ നിലവിൽ അനുവദിച്ചിട്ടുള്ളത്.

**ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ**

134 (141) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ശിശു സൗഹൃദ കേന്ദ്രം ഉൾപ്പെടുന്നതെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കിവരുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ നിലവിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നുണ്ട്. കുട്ടികൾക്കും കുട്ടികളുടെ രക്ഷാകർത്താവിനും അല്ലെങ്കിൽ കുട്ടികളെ സംബന്ധിച്ച പ്രശ്നവുമായി വരുന്ന ഏതൊരാൾക്കും സധൈര്യം സമീപിക്കാൻ കഴിയുന്ന തരത്തിലാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നത്. കുട്ടികളോട് സ്നേഹപ്രചോദിതമായ രീതിയിൽ പങ്കാളിത്ത മാതൃകയിൽ

പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് ശിശു സൗഹൃദ സ്റ്റേഷനുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളത്. ഓരോ മാസവും വിവിധ സ്കൂളുകളിൽനിന്നുള്ള കുട്ടികൾക്ക് ഇത്തരം പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കാനും സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കി വിവിധ കാമ്പയിനുകൾ, കലാ-കായിക-വിനോദ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും തുടങ്ങി നിരവധി അവസരങ്ങളാണ് കുട്ടികൾക്കായി ലഭിക്കുന്നത്. കുട്ടികളും പോലീസും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും കുട്ടികൾക്ക് പോലീസിനോടുള്ള മനോഭാവം മാറുന്നതിനുമുതകുന്ന തരത്തിൽ നിരവധി പ്രവർത്തനങ്ങൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖേന നടത്തി വരുന്നു.

(ബി) അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകി വരുന്നതും പൊതുവായനശാലകൾ നടത്തിവരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകിവരുന്നത് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽനിന്നാണ്. തൃശ്ശൂർ പേരമംഗലം പോലീസ് സ്റ്റേഷനിലും കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകി വരുന്നുണ്ട്. വയനാട് ജില്ലയിലെ മേപ്പാടി, പടിഞ്ഞാറത്തറ, തിരുനെല്ലി എന്നീ പോലീസ് സ്റ്റേഷനുകളിൽ പൊതുവായനശാലകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം**

135 (142) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടോയെന്ന് അറിയിക്കാമോ?

കേരള പോലീസ് ആക്ട് 2011, സെക്ഷൻ 64-ലും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച 34/2009, 35/2009 എന്നീ സർക്കുലറുകളിലും നിഷ്കർഷിച്ച പ്രകാരം സംസ്ഥാനത്ത് ജനപങ്കാളിത്താധിഷ്ഠിതമായ

ക്രമസമാധാന പാലനത്തിനും പോലീസും പൗരന്മാരും തമ്മിൽ അടുത്ത ബന്ധം വളർത്തിയെടുത്ത് സമൂഹത്തിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷാമേഖലകളിൽ ജനങ്ങളുടെ പരസ്പര സഹകരണം ഉറപ്പുവരുത്തുന്നതിനുമായി കേരളത്തിലെ 484 ക്രമസമാധാന പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത സമിതികളിൽ അതതുകാലത്തെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്യാറുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ജനകീയ കമ്മിറ്റികളുടെ ഘടനയും പ്രവർത്തനപദ്ധതികളും വിശദീകരിക്കാമോ?

സ്റ്റേഷൻ പരിധിയിൽ താമസിച്ചുവരുന്ന മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, വിദ്യാഭ്യാസ സാമൂഹിക/ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, റസിഡൻഷ്യൽ ഭാരവാഹികൾ, റിട്ടയേർഡ് സർക്കാർ ജീവനക്കാർ, പട്ടാള ഉദ്യോഗസ്ഥർ,

പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ/വാർഡ് മെംബർമാർ, സന്നദ്ധ സംഘടന/സ്വയം സഹായ സംഘടന ഭാരവാഹികൾ എന്നിവരിൽനിന്നും അംഗങ്ങളായി പ്രവർത്തിക്കാൻ യോഗ്യരായവരുടെ പേരുകൾ കണ്ടെത്തി പരിശോധിച്ച് ജില്ലാ പോലീസ് മേധാവിമാർ എല്ലാ പോലീസ് സ്റ്റേഷനുകൾക്കുമായി സമിതികൾ രൂപീകരിക്കുന്നു. ജനമൈത്രി സുരക്ഷാ സമിതിയിൽ ചുരുങ്ങിയത് 10 അംഗങ്ങളുണ്ടായിരിക്കേണ്ടതും എന്നാൽ ആകെ അംഗങ്ങളുടെ എണ്ണം 25-ൽ കൂടാൻ പാടില്ലാത്തതുമാണ്. സമിതി അംഗങ്ങളുടെ ഇടയിൽനിന്നും യോഗ്യനായ ഒരാൾ സമിതി യോഗത്തിന്റെ അധ്യക്ഷനായിരിക്കും. സമിതിയുടെ സെക്രട്ടറി സ്റ്റേഷൻ ഹൗസ് ഓഫീസറും പോലീസ് സ്റ്റേഷനിലെ ഒരു അഡീഷണൽ എസ്.ഐ./എ.എസ്.ഐ. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായി പ്രവർത്തിക്കുന്നു. സമിതി രണ്ട് വർഷത്തിലൊരിക്കൽ പുന:സംഘടിപ്പിക്കേണ്ടതാണ്. സമിതി അംഗങ്ങളിൽ ആരെങ്കിലും ഹീനമായ കുറ്റകൃത്യത്തിലോ മോശമായ പ്രവർത്തിയിലോ ഉൾപ്പെട്ടതായി ബോധ്യമായാൽ ജില്ലാ പോലീസ് മേധാവിക്ക് ആ അംഗത്തെ ഉടനടി സമിതിയിൽനിന്നും നീക്കം ചെയ്യാവുന്നതാണ്.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിലുള്ള വിവിധതരം പദ്ധതികൾ പോലീസ് സ്റ്റേഷൻതലങ്ങളിൽ ജനമൈത്രി സുരക്ഷാ സമിതികളുടെ സഹായത്തോടുകൂടി നടപ്പാക്കുന്നു. ലഹരിവിരുദ്ധ അവബോധ പരിപാടികൾ, മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ, ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ, അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റുമായുള്ള പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ച അവബോധ പരിപാടികൾ, വനിതാസ്വയംപ്രതിരോധ പരിശീലന പരിപാടികൾ, വിവിധ വിഷയങ്ങളിൽ സ്കൂൾ/കോളേജ് തലങ്ങളിൽ നടത്തിവരുന്ന അവബോധ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ ജനമൈത്രി സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പോലീസ് സ്റ്റേഷൻ തലങ്ങളിലും ജില്ലാ തലങ്ങളിലും നടത്തിവരുന്നുണ്ട്. പോലീസ് സ്റ്റേഷൻ പരിധിയിലെ പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, സമൂഹത്തെ ബാധിക്കുന്ന കുറ്റകൃത്യങ്ങളുൾപ്പെടെയുള്ള പ്രശ്നങ്ങൾ, പരിഹാരമാർഗങ്ങൾ

കുറ്റകൃത്യങ്ങളെ കുറയ്ക്കുന്നത് എന്നിവ സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ചും കൂടാതെ പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവ പോലീസിന്റെ ശ്രദ്ധയിൽകൊണ്ടുവരിക എന്നുള്ളതുമാണ് ജനമൈത്രി സുരക്ഷാ സമിതിയുടെ പ്രാഥമികമായ കർത്തവ്യങ്ങൾ.

**പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളുടെ അധീനതയിലുള്ള ഭൂമി**

136 (143) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം, കറുകച്ചാൽ എന്നീ പോലീസ് സ്റ്റേഷനുകളുടെ അധീനതയിലുള്ള ഭൂമിയുടെ അളവുകളും അവയിൽ എത്ര ഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

പൊൻകുന്നം, കറുകച്ചാൽ എന്നീ പോലീസ് സ്റ്റേഷനുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കറുകച്ചാൽ പോലീസ് സ്റ്റേഷൻ-** കറുകച്ചാൽ വില്ലേജ്, Block No. 15, Survey No. 430/2, Changanassery Taluk, Station - 93 Cent, Quarters: 1.32½ Acre (2 Acres 28 Cents) കറുകച്ചാൽ പോലീസ് സ്റ്റേഷന് ആകെയുള്ള രണ്ട് ഏക്കർ 28 സെന്റിലാണ് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സുകളും സ്ഥിതിചെയുന്നത്.

**പൊൻകുന്നം പോലീസ് സ്റ്റേഷൻ-** ചിറക്കടവ് വില്ലേജ്, Re-survey No. 184/1, 185/1 (Old Survey No. 10/1417) 4 Acre 56 Cent. പൊൻകുന്നം പോലീസ് സ്റ്റേഷന് ആകെയുള്ള 4 ഏക്കർ 56 സെന്റിലാണ് പൊൻകുന്നം പോലീസ് സ്റ്റേഷൻ കെട്ടിടവും അനുബന്ധ കെട്ടിടങ്ങളും കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി. ഓഫീസും കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള താമസസൗകര്യത്തിനായുള്ള 31 പോലീസ് ക്വാർട്ടേഴ്സുകളും ഓഫീസുകളുടെയും ക്വാർട്ടേഴ്സുകളുടെയും ആവശ്യത്തിനായുള്ള ജല സൗകര്യത്തിനുള്ള കുളവും മോട്ടോർ പുരയും സ്ഥിതി ചെയുന്നത്.

(ബി) ഇതിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്ന ഭൂമി ഏതെങ്കിലും പദ്ധതിക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ഭൂമിയുടെ ചെറിയ ഒരു ഭാഗമെങ്കിലും മറ്റ് വകുപ്പുകളുടെ അത്യാവശ്യ പദ്ധതികൾക്കായി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ ഉപയോഗശൂന്യമായ ഭൂമിയില്ല. സ്റ്റേഷനുകളോടനുബന്ധിച്ചുള്ള പോലീസ് വകുപ്പിന്റെ ഭൂമികളിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും ബോർവെൽ നിർമ്മിക്കുന്നതിനും സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനുമുള്ള പോലീസ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും പ്രാവർത്തികമാക്കാനുള്ളതുമാണ്.

(സി) പൊൻകുന്നം പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും 30 സെന്റ് ഭൂമി കാഞ്ഞിരപ്പള്ളി സബ് ആർ.ടി.ഒ.-ക്ക് ലൈസൻസ് ടെസ്റ്റ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനും കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും 20 സെന്റ് ഭൂമി കറുകച്ചാൽ

മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുമായി വിട്ടുനൽകുമോയെന്ന് വ്യക്തമാക്കാമോ?

പോലീസ് വകുപ്പ് വക ഭൂമിയിൽ പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും ശുദ്ധജലത്തിനായി ബോർവെൽ നിർമ്മിക്കുന്നതിനും സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനുമുള്ള പദ്ധതികൾ പ്രാവർത്തികമാക്കാനുണ്ട്. മാത്രമല്ല പോലീസ് വകുപ്പിന്റെ ഭാവി വികസനപദ്ധതികൾക്കും ഈ സ്ഥലം അനിവാര്യമാണ്. അതിനാൽ മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകാൻ പര്യാപ്തമായ ഭൂമി ടി പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് നിലവിൽ ലഭ്യമല്ല.

## നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി റോഡ് നവീകരണത്തിന് വിട്ടുകിട്ടുന്നതിന് നടപടി

137 (144) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലൂടെ കടന്നുപോകുന്ന കെ.എൻ.ജി റോഡ് നവീകരണത്തിന്റെ ഭാഗമായി റോഡ് വീതികൂട്ടുന്ന ആവശ്യത്തിലേക്ക് നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി രണ്ട് മീറ്റർ വീതിയിൽ വിട്ടുകിട്ടുന്നതിന്

പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന് നൽകിയ മറുപടി എന്താണെന്നും മറുപടിയുടെ പകർപ്പും ലഭ്യമാക്കാമോ?

ആവശ്യപ്പെട്ടിരുന്നു. നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഗേറ്റും മതിലും പൊളിച്ചുമാറ്റി റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി വിട്ടുനൽകുന്നത് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുമെന്നും മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതിനാൽ സ്റ്റേഷന്റെ സുരക്ഷയെ ബാധിക്കുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് നിലമ്പൂർ എം.എൽ.എ. ബഹു. മുഖ്യമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം 30-09-2023-ൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം ജില്ലാ പോലീസ് മേധാവിക്ക് സ്ഥലം വിട്ടുനൽകുന്നതിന് കത്ത് നൽകിയിരുന്നു.

(സി) വനം വകുപ്പും റവന്യൂ വകുപ്പും സ്വകാര്യ വ്യക്തികളും ഇതേ ആവശ്യത്തിന് ഇതിനകം സ്ഥലം വിട്ടുനൽകിയ സ്ഥിതിക്ക് റോഡ് നവീകരണം തടസ്സപ്പെടാതിരിക്കാൻ നിലമ്പൂർ പോലീസ് സ്റ്റേഷന്റെ മുൻവശത്തെ സ്ഥലം വിട്ടുനൽകുന്നതിന് നിർദേശം നൽകാമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ സുരക്ഷയെ ബാധിക്കാത്ത വിധത്തിൽ സ്ഥലം ഏറ്റെടുത്ത് ചുറ്റുമതിൽ പൊതുമരാമത്ത് ഫണ്ടിൽതന്നെ പുനർനിർമ്മിക്കാമെന്നിരിക്കെ ഇക്കാര്യത്തിൽ ഇനി എന്ത് തടസ്സങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

(സി&ഡി) നിലവിലുള്ള കെടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിലവിലെ പോലീസ് സ്റ്റേഷൻ കെട്ടിടം പൂർണ്ണമായി പൊളിച്ചുനീക്കി ആധുനിക സൗകര്യങ്ങളോടെ മതിയായ പാർക്കിംഗ് സംവിധാനം സഹിതം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടി

സ്വീകരിച്ചുകൊണ്ട് മാത്രമെ റോഡിനായി ടി ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ.

(ഇ) ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ആരാണെന്ന് അറിയിക്കാമോ; അതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂ സംരക്ഷണം, ഭൂമിയേറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് വകുപ്പിന്റെ നിരാക്ഷേപ പത്രം നൽകുന്നമുറയ്ക്ക് റവന്യൂ വകുപ്പിൽനിന്ന് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

138 (145) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കോഴിക്കോട് റൂറൽ ജില്ലയിലെ കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2023-24 വർഷത്തെ പോലീസ് ആധുനികവൽക്കരണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 04-01-2024-ലെ സ.ഉ.(സാധാ) നം. 33/2024/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ വിഹിതം അനുവദിക്കുന്നമുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുന്നതാണ്.

**മട്ടന്നൂർ പോലീസ് സ്റ്റേഷൻ**

139 (146) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ മട്ടന്നൂർ പോലീസ് സ്റ്റേഷനുവേണ്ടി സംസ്ഥാന പ്ലാൻ പദ്ധതി 2021-22 പ്രകാരം 184.12 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും 2022-23, 2023-24 എന്നീ വർഷങ്ങളിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽനിന്നും തുക അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തുകയിൽ 151 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം വരെ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളതും കോൺക്രീറ്റ്, പ്ലാസ്റ്ററിംഗ്, ടൈൽ എന്നീ പ്രധാന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അവസാനഘട്ട മിനുക്കുപണികൾ പൂർത്തിയായി വരുന്നു.

(ബി) പ്രസ്തുത കെട്ടിടം അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

140 (147) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

**കുന്ദമംഗലം പോലീസ് സ്റ്റേഷൻ**

141 (148) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പരിധിയിലുള്ള കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ തകർന്നുവീണ് സമീപവാസികളുടെ വീടുകൾക്കും വസ്തുക്കൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ തകർന്നുവീണ് സമീപവാസിയായ ശ്രീ. ഉബൈദ് എന്നയാളുടെ വീടിനും ഒരു ബൈക്കിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ കോമ്പൗണ്ടിന്റെ കിഴക്കുഭാഗം ചുറ്റുമതിലില്ലാത്ത ഭാഗത്തുനിന്നും മണ്ണും കല്ലും ഇടിഞ്ഞുവീണതിൽ സ്റ്റേഷന്റെ സമീപവാസിയായ ശ്രീമതി മോളി ജോസഫ് എന്നയാളിന്റെ വീടിന്റെ പിൻഭാഗം ചുമരിലും വീടിന്റെ മുകൾഭാഗത്ത് ഇട്ടിരുന്ന ഇരുമ്പ് ഷീറ്റിനും ചെറിയ തോതിലുള്ള കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉണ്ട്. കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ കെട്ടുന്നതിനും നിലവിലുള്ളത് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി പൊതുമരാമത്ത് വകുപ്പും സംസ്ഥാന പോലീസ് മേധാവിയും വ്യത്യസ്ത തുകകൾക്കുള്ള എസ്റ്റിമേറ്റുകളാണ് സമർപ്പിച്ചിരുന്നത്. അതിലെ പൊരുത്തക്കേടുകൾ വ്യക്തമാക്കി 2018 ഡി.എസ്.ആർ. പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അങ്കമാലി, കാലടി പോലീസ് സ്റ്റേഷനുകളിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കാൻ നടപടി**

142 (149) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി, കാലടി എന്നീ പോലീസ് സ്റ്റേഷനുകളിൽ ട്രാഫിക് യൂണിറ്റ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അപകടങ്ങളും ട്രാഫിക് കുറ്റകൃത്യവും ഗതാഗതക്കുരുക്കുമുള്ള പ്രദേശമെന്ന നിലയിൽ അങ്കമാലി, കാലടി എന്നീ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയിലെ അങ്കമാലി ഉൾപ്പെടെ 43 പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനാകില്ലായെന്നും ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ**

143 (150) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൈവളിഗെയിലിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൈവളിഗെയിലിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടി**

144 (151) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള

സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി അനുയോജ്യമായ മറ്റൊരു സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറാൻ ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്. നിലവിൽ ഇവിടെ പ്രവർത്തിച്ചുവരുന്ന കൃഷിഭവനും വെറ്ററിനറി ഡിസ്പെൻസറിയും മറ്റൊരിടത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ഭൂമി ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി ആഭ്യന്തര വകുപ്പിന് കൈമാറുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന ഭൂമി ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനായി വിട്ടുനൽകുന്നതിനുള്ള ഉത്തരവായിട്ടില്ല.

(ബി) വിട്ടുകിട്ടിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) ഭൂമി ലഭ്യമാകുന്നമുറയ്ക്ക് ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

145 (152) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ച മുക്കം പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്ലാൻ ഫണ്ട് അനുവദിക്കുന്നതിനും കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും അടിയന്തരനടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുക്കം പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ എസ്റ്റിമേറ്റ് പ്രകാരം 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയിന്മേൽ അധിക വിവരം ആവശ്യപ്പെട്ടിരിക്കുകയാണ്.

**ആറ്റിങ്ങലിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ**

146 (153) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങലിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; നിലവിലെ ട്രാഫിക് യൂണിറ്റിന്റെ അംഗസംഖ്യ വർധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

14-07-2018-ലെ സ.ഉ(കൈ)നം.116/2018/ആഭ്യന്തരം പ്രകാരം എല്ലാ ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്തിട്ടുള്ളതുപ്രകാരം ആറ്റിങ്ങലിലെ ട്രാഫിക് യൂണിറ്റും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റായി പുനർനാമകരണം ചെയ്തിട്ടുണ്ട്. അംഗബലം വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കല്ലടിക്കോട് പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം**

147 (154) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 15.03.2024-ലെ സ.ഉ.(സാധാ)നം.779/2024/ആഭ്യന്തരം പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2,26,76,000/- (രണ്ടു കോടി ഇരുപത്തിയാറു ലക്ഷത്തി എഴുപത്തിയാറായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഫയർഫോഴ്സ് യൂണിറ്റ്**

148 (155) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-കർണാടക അതിർത്തി പ്രദേശങ്ങളായ പുൽപള്ളി, മുള്ളൻകൊല്ലി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ ആവശ്യമായ ഫയർഫോഴ്സ് സേവനം ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ ഒരു ഫയർഫോഴ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ അഗ്നിരക്ഷാനിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാണ് സർക്കാർ നടപടിയെടുത്തുവരുന്നത്. പുൽപ്പള്ളി, മുള്ളൻകൊല്ലി മേഖലയിൽ അഗ്നിരക്ഷാനിലയം ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനുസമീപമുള്ള ഭൂമി വിട്ടുനൽകുന്നതിന് നടപടി**

149 (156) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള, ബി.റ്റി.ആർ. പ്രകാരം സർക്കാർ പുറമ്പോക്കായിട്ടുള്ളതും ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനോട് ചേർന്നുള്ളതുമായ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 48-ൽ റീ-സർവേ നം.49/13-ൽപ്പെട്ട 01.13.20 ഹെക്ടർ സ്ഥലത്തിൽനിന്നും 40.47 ആർ സ്ഥലം റവന്യൂ വകുപ്പിന് കൈമാറി

നൽകുന്നതിനായി ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ള ഫയൽ വിഷയത്തിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ സജീവ പരിശോധനയിലുള്ള ഈ വിഷയത്തിൽ അന്തിമതീരുമാനമായിട്ടില്ല.

**ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ**

150 (157) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ (2021 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ) സംസ്ഥാനത്ത് 24 കുട്ടികളുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇവയുടെ ഉപയോഗംമൂലമുണ്ടാകുന്ന ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ കാരണം എത്ര കുട്ടികളെ കുറ്റക്കാരായി കണ്ടെത്തി പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

ഇവയുടെ ഉപയോഗംമൂലമുണ്ടാകുന്ന ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾമൂലം സംസ്ഥാനത്ത് 19 കുട്ടികളെ CCL (Child in Conflict with Law) ആയി കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഇക്കാലയളവിൽ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടിവന്നു; എവിടെയെല്ലാം തുടങ്ങി എന്നറിയിക്കാമോ;

ഇതുവഴി നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകിവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നിവിടങ്ങളിലായി ഓരോ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD) വീതം സ്ഥാപിച്ചിട്ടുണ്ട്. ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന നാളിതുവരെ 232 കുട്ടികളെ കൗൺസിലിംഗ് നൽകി രക്ഷപെടുത്തിയിട്ടുണ്ട്. നിലവിൽ 86 കുട്ടികൾക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

**പോലീസ് സേനയിലെ ഒഴിവുകൾ**

151 (159) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണം**

152 (160) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

(എ&ബി) പയ്യന്നൂർ കോടതി കേന്ദ്രത്തിലെ 3 കോടതികൾ സ്ഥാപിക്കുന്നതിനായി പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം 6 നിലകളിലായാണ് (Ground + 5 floors) പുതിയ കോടതി സമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്നത്. നിലവിൽ അനുവദിച്ച 14 കോടി രൂപ ഉപയോഗിച്ച് മൂന്നാംനില വരെയുള്ള സ്ട്രക്ച്ചറൽ വർക്സ് പൂർത്തിയാക്കി. തുടർന്നുള്ള രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധിക തുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട നാല്, അഞ്ച് നിലകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(സി & ഡി) നാല്, അഞ്ച് നിലകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധിക തുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്സ് ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം**

153 (161) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചിട്ടും കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെയും ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ വർക്കുകളിലെ അപാകതകളും മറ്റും പരിഹരിച്ച് തിരികെ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെട്ടിട്ടും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആയത് ഇതുവരെയും സമർപ്പിക്കാത്തത് അടിയന്തരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ& ബി) കുത്തുപറമ്പ് കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് 2016 DSR അടിസ്ഥാനമാക്കി 17-05-2018-ന് 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2018 DSR പ്രകാരം GRIHA റേറ്റിംഗ് സ്പെസിഫിക്കേഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി കുത്തുപറമ്പ് കോടതി സമുച്ചയത്തിന് 30 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകുകയുണ്ടായി. ഇതുപ്രകാരം കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് റിവൈസ്ഡ് എസ്റ്റിമേറ്റ്സ് അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും നിർദേശിച്ചപ്രകാരം എസ്റ്റിമേറ്റ്സിൽ മാറ്റങ്ങൾ വരുത്തേണ്ടിവരികയും ചെയ്തു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ്സിലെ അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പൂർത്തിയാക്കി സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം തേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലതാമസം കാരണം അനന്തമായി നീണ്ടുപോകുന്ന മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നിർദേശം നൽകുമോ; വിശദമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം ഉണ്ടാവുകയില്ല.

**കാട്ടാക്കട കോടതി സമുച്ചയം നിർമ്മാണം**

154 (162) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്കുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും നിർമ്മാണപ്രവൃത്തികൾ പൂർത്തിയായി. പദ്ധതിയുടെ മൂന്നാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 1,340 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന്

സമർപ്പിച്ചിരുന്നു. ശിപാർശയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ തിരുത്തി പുന:സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ശിപാർശ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക്, ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഫയർ ആൻഡ് റസ്ക്യൂ സർവീസിന്റെ ആധുനികവത്കരണം**

155 (163) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആൻഡ് റസ്ക്യൂ സർവീസിന് ആവശ്യത്തിന് വാഹനങ്ങളും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഫയർ ആൻഡ് റസ്ക്യൂ സർവീസിന് ആവശ്യത്തിന് വാഹനങ്ങളും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തേക്ക് "2070-00-108-94" എന്ന ശീർഷകത്തിൽ 45 കോടി രൂപയും "5475-00-800-78(01)" എന്ന ശീർഷകത്തിൽ 6 കോടി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ വിഭാഗം ജീവനക്കാർക്ക് തുടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വകുപ്പിലെ ജീവനക്കാർക്ക് തുടർ പരിശീലനം എന്ന രീതിയിൽ സീനിയർ ഫയർ ആൻഡ് റസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) എലിജിബിലിറ്റി കോഴ്സ്, സീനിയർ ഫയർ ആൻഡ് റസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) കോഴ്സ്, സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ കോഴ്സ്, റോപ്പ് റസ്ക്യൂ ട്രെയിനിംഗ്, മൗണ്ടനീയറിംഗ് കോഴ്സ്, TOT കോഴ്സ് ഫോർ ബേസിക് ട്രെയിനിംഗ്, Training on the effective use of turn out gear with BA set & Introduction to Advanced Operational Strategies എന്നീ കോഴ്സുകൾ അക്കാദമിയിൽ നടത്തിവരികയാണ്.

(സി) നദികളിലും വെള്ളക്കെട്ടുകളിലും പാറമടക്കുളങ്ങളിലും ധാരാളം അപകടങ്ങൾ സംഭവിക്കുന്നതിനാൽ രക്ഷാപ്രവർത്തനത്തിന് ഫയർ ആൻഡ് റസ്ക്യൂ വിഭാഗത്തിന് പരിശീലനവും ആവശ്യമായ ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുമോ?

വകുപ്പിലെ ജീവനക്കാർക്ക് ഫോർട്ട് കൊച്ചിയിലെ ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിൽ വച്ച് ബേസിക് ഓപ്പൺ വാട്ടർ ഡൈവിംഗ്, അഡ്വാൻസ്ഡ് ഓപ്പൺ വാട്ടർ ഡൈവിംഗ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി ഇത്തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് സ്കൂബാ ഡൈവിംഗിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഇത്തരം അപകടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനായി 14 Under Water Communication System, 44 റബ്ബർ ഡിങ്കികൾ, 87 Rubber Dinghy with Out Board Engine -കൾ, 402 സ്കൂബാ സെറ്റുകൾ, 14 Fibre Boat with Out Board Engine -കൾ എന്നിവ വകുപ്പിൽ നിലവിലുണ്ട്. കൂടാതെ 20 Scuba Set with Diving Suit & Communication System-കൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ**

156 (164) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം ഫയർ സ്റ്റേഷന്റെ പേരിലാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് വില്ലേജിൽ 17.706 സെന്റ് സർക്കാർ പുറമ്പോക്ക് സ്ഥലം അഗ്നിരക്ഷാനിലയം നിർമ്മിക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫയർ ആൻഡ് റസ്ക്യൂ വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോയെന്നും എത്ര രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നതെന്നും വിശദമാക്കാമോ?

(ബി&സി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭ്യമാക്കുന്നതിന് ചിറക്കടവ് പഞ്ചായത്തിൽ പ്ലാൻ ഉൾപ്പെടെ അപേക്ഷ

സമർപ്പിച്ചിരിക്കുകയാണ്. പെർമിറ്റ് ലഭ്യമാകുന്നമുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ**

157 (165) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

i) മല്ലപ്പള്ളി (പത്തനംതിട്ട ജില്ല)

ii) അട്ടപ്പാടി (പാലക്കാട് ജില്ല)

iii)കൊണ്ടോട്ടി (മലപ്പുറം ജില്ല)

iv) തിരൂരങ്ങാടി (മലപ്പുറം ജില്ല)

v) വെള്ളരിക്കുണ്ട് (കാസർഗോഡ്)

(ബി) ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്ത താലൂക്കുകളിൽ അവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. തിരൂരങ്ങാടി താലൂക്കിൽപ്പെട്ട വേങ്ങരയിൽ ഒരു ഫയർ സ്റ്റേഷൻ തുറന്ന് പ്രവർത്തിക്കുന്നതിന് തസ്തിക സൃഷ്ടിച്ച് 31-07-2015-ലെ ജി.ഒ. (എം.എസ്.)നം.159/2015/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. മറ്റു താലൂക്കുകളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല. സ്റ്റേഷനുവേണ്ടി വകുപ്പ് കണ്ടെത്തിയ കൊളപ്പുറം-തിരൂരങ്ങാടി റോഡിൽ കൊളപ്പുറത്ത് റീ-സർവ്വേ നം. 311-ൽ ഉൾപ്പെട്ട ഏകദേശം 40 സെന്റ് പൊതുമരാമത്ത് വകുപ്പ് ഭൂമി വകുപ്പിന് കൈമാറുന്നതിന് അർത്ഥനാപത്രം നൽകിയിട്ടുണ്ട്.

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാൻ സ്ഥലപരിശോധന ഉൾപ്പെടെ നടന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത സ്റ്റേഷനുകൾ സ്ഥാപിക്കാൻ സ്ഥല പരിശോധന നടത്തിയത്; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ഉണ്ട്. വെള്ളരിക്കുണ്ട് താലൂക്കിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ റീ-സർവേ നം.495/3-ലും (ചായ്യോം ബസാർ എന്ന സ്ഥലം)

പരപ്പ വില്ലേജിൽ റീ-സർവേ നം. 155/പാർട്ടിലും ഭൂമി ലഭ്യമാണെന്നും കൂടുതൽ സ്ഥലം പരപ്പ വില്ലേജിലെ ആണെന്നും തഹസിൽദാർ അറിയിച്ചിരുന്നു. എന്നാൽ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള ശിപാർശ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

158 (166) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം വില്ലേജിൽ ബ്ലോക്ക് നം. 17-ൽ റീ-സർവ്വേ നം. 6-72/6-ൽപ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമി 13-06-2017-ലെ സ.ഉ(എം.എസ്.)193/17/റവന്യൂ

പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്ലാൻ പാലക്കാട് ജില്ലാ ഫയർ ഓഫീസർ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കെട്ടിടത്തിന്റെ പ്ലാനും 7.59 കോടി രൂപയുടെ എസ്റ്റിമേറ്റും ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം വാടകക്കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

ആലത്തൂർ നിലയ പ്രവർത്തനം കുനിശ്ശേരി എന്ന സ്ഥലത്ത് താൽക്കാലിക കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി വാടക നിശ്ചയിച്ച്

ലഭിക്കുന്നതിനായി സ്റ്റാൻഡേർഡ് റെന്റ് ഫിക്സേഷൻ പ്രൊഫോർമ, പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകയ്ക്ക് സ്റ്റേഷന് പുതുതായി കെട്ടിടം ലഭ്യമാകുന്നതുവരെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ടുള്ള കെട്ടിട ഉടമയുടെ സമ്മതപത്രം, കെട്ടിടത്തിന്റെ കാലപ്പഴക്ക നിർണ്ണയ സർട്ടിഫിക്കറ്റ്, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഭൂവിലസാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നതിന് കെട്ടിട ഉടമസ്ഥന് തപാൽ മുഖേനയും നേരിട്ടും നിർദേശം നൽകിയിട്ടുണ്ട്.

**ബാലുശ്ശേരി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ**

159 (167) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 2016-നുശേഷം കേരളത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോയെന്നും എവിടെയൊക്കെയാണ് പ്രസ്തുത സ്റ്റേഷനുകൾ അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

അനുവദിച്ചിട്ടുണ്ട്. കൊയിലാണ്ടി, അരൂർ, നാട്ടിക, താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നീ സ്ഥലങ്ങളിൽ 2016-നുശേഷം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ബാലുശ്ശേരിയിൽ താമസംവിനാ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷമേ പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**കോങ്ങാട് അഗ്നിരക്ഷാ നിലയം**

160 (168) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

പാലക്കാട് താലൂക്കിലെ കോങ്ങാട് വില്ലേജിൽ നിർമ്മിക്കുന്ന കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് 253 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ**

161 (169) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പത്ത് സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായതിൽ നേര്യമംഗലം ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിരുന്നെങ്കിലും നാളിതുവരെയായി ഫയർ സ്റ്റേഷന് അനുയോജ്യമായ

സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി താൽക്കാലികമായി വാടകരഹിതമായി വിട്ടുനൽകുന്നതിന് തയ്യാറാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ആയതിന് നിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതർക്ക് അഗ്നിരക്ഷാ വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥിരമായോ/ താൽക്കാലികമായോ സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നമുറയ്ക്ക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയും.

**മൂന്നാർ ഫയർ ആൻഡ് റസ്ക്യൂ ഓഫീസ്സിന് സ്വന്തമായി കെട്ടിടം**

162 (170) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഫയർ ആൻഡ് റസ്ക്യൂ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. മൂന്നാർ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പഴയ മൂന്നാറിൽ സർവ്വേ നം.61/07-ലുള്ള 50 സെന്റ് സ്ഥലം ഏറ്റെടുത്തുനൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ റവന്യൂ വകുപ്പ് മുഖേന പരിശോധിച്ചുവരികയാണ്.

**അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

163 (171)ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴയിൽ അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ "4059-01-051-86" എന്ന ശീർഷകത്തിൽ 290 ലക്ഷം രൂപ വകയിരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് CRZ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ല.

(സി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് CRZ പരിധിയിൽ പ്രത്യേക ഇളവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

നിർമ്മാണത്തിന് CRZ പരിധിയിൽ പൊതുവായ നിബന്ധനകളാണ് നിലവിലുള്ളത്.

(ഡി) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് CRZ ക്ലിയറൻസ് ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ തീരദേശ പരിപാലന സമിതിയുടെ അംഗീകാരത്തിനായി അഴൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദേശിച്ചിരിക്കുന്ന രേഖകൾ കൂടി ലഭ്യമാക്കി CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം**

164 (172) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിന് അനുവദിച്ച കോന്നി ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോന്നി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കോന്നി ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഇൻസ്പെക്ഷൻ ബംഗ്ലാവിനോട് ചേർന്ന് 40 സെന്റ് സ്ഥലം കോന്നി ഫയർ സ്റ്റേഷനുവേണ്ടി ഭൂമി കൈമാറുന്നതിന് Geo Reference Map വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി Geo Reference Map ലഭ്യമാക്കിയിരുന്നു. ടി വിവരങ്ങൾ S-Parivesh Portal-ൽ അപ്‌ലോഡ് ചെയ്തിരുന്നു. എന്നാൽ വിവരങ്ങൾ പൂർണ്ണമാകാത്തതിനാൽ കോന്നി ഫോറസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വസ്തു വിവരങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമം പൂർത്തിയാക്കി ടി സ്ഥലം അഗ്നിരക്ഷാ വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

165 (173) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലവിളംബം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കോട്ടക്കൽ, വളാഞ്ചേരി, വട്ടപ്പാറ പ്രദേശങ്ങളിലേക്ക് ഫയർ സ്റ്റേഷനുകളുടെ പ്രയോജനം ലഭിക്കുന്നതിന് വളരെ വിദൂരതയിലുള്ള മലപ്പുറം, തിരൂർ ഫയർ സ്റ്റേഷനുകളെ ആശ്രയിക്കേണ്ടിവരുന്നതുമൂലം കാലതാമസം നേരിടുന്നുവെന്ന സാഹചര്യം കണക്കിലെടുത്ത് കോട്ടക്കലിൽ അടിയന്തരമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമി ദേശീയപാത വികസനത്തിന് വേണ്ടതാകയാൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് തുടർനടപടി കൈകൊണ്ടിട്ടില്ല. ഇതിനകം അനുമതി

നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചശേഷം മാത്രം പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നതാണ് സർക്കാർ നിലപാടെന്നതിനാൽ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**തവനൂർ സെൻട്രൽ ജയിലിൽ വാർഡർ നിയമനം**

166 (174) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ സെൻട്രൽ ജയിലിൽ ആവശ്യാനുസരണം വാർഡർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

92 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളുള്ള തവനൂർ സെൻട്രൽ ജയിലിൽ നിലവിലുള്ള 17 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ജയിൽ വകുപ്പിൽ യൂണിഫോം തസ്തികയിലെ ജീവനക്കാർ**

167 (175) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ ജയിൽ വകുപ്പിൽ യൂണിഫോം തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്തുവരുന്നു; എണ്ണം, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**ജയിൽ വകുപ്പിലെ ബൈട്രാൻസ്ഫർ തസ്തിക**

168 (176) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജയിൽ വകുപ്പിൽ വെൽഫെയർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കാൻ അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-I തസ്തികയിൽനിന്നല്ലാതെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യരായിട്ടുള്ള ജയിൽ വകുപ്പിലെ യൂണിഫോം ജീവനക്കാരായ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II, ഗേറ്റ് കീപ്പർ പ്രിസൺ ഓഫീസർ തുടങ്ങിയ തസ്തികയിൽ ജോലി ചെയ്യുന്നവരെ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജയിൽ വകുപ്പിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I, വനിത അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II, വനിത അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, വനിത ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ യോഗ്യത പരിഗണിച്ച് വെൽഫെയർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി ആവശ്യമാണ്. ഇതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാഴൂർ സർക്കാർ പ്രസ്സ് നവീകരണം**

169 (177) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ സർക്കാർ പ്രസ്സിന് കീഴിലുള്ള ജില്ലാ ഫോറം സ്റ്റോറിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള തുക അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാകുമെന്നും അറിയിക്കാമോ?

(എ&ബി) നിർമ്മാണ പ്രവൃത്തികൾക്കായി 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ ഫോറം സ്റ്റോറിനായി ഉദ്ദേശിക്കുന്ന സ്ഥലം നിലവിൽ കോട്ടയം-കുമളി റോഡ് വൈഡനിംഗിനുവേണ്ടി പ്രസിദ്ധീകരിച്ച 3(a) വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായുള്ള പുതുക്കിയ എസ്റ്റിമേറ്റിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം**

170 (178) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ & ബി) 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലേക്ക് ആധുനിക രീതിയിലുള്ള ഒരു Programmable Paper Cutting Machine (55 ലക്ഷം രൂപ) സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് മറ്റു പ്രസ്സുകളിൽനിന്ന് ആവശ്യമായ തസ്തികകൾ ഷിഫ്റ്റ് ചെയ്യുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് തീരുമാനമാകുന്നതുവരെ, വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ഒരു രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്ററെയും വിവിധ ബ്രാഞ്ച് പ്രസ്സുകളിൽനിന്നും 6 (ആറ്) ബൈന്റർമാരെയും കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ പ്രിന്റിംഗ് ജോലികൾ ഫലപ്രദമായി നടത്തുന്നതിന്, ജോലിക്രമീകരണാർത്ഥം നിയമിച്ചിട്ടുണ്ട്.

(സി) ഇവിടെയുള്ള തസ്തികകൾ പുനഃക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല.

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ**

171 (179) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും തൽസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിനോടകം തീർപ്പാക്കിയ അപേക്ഷകളുടെയും ഇനി തീർപ്പാക്കാൻ അപേക്ഷകൾ ഉണ്ടെങ്കിൽ അവയുടെയും എണ്ണം അറിയിക്കാമോ?

(എ & ബി) 4823 പരാതികളിൽ 4241 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 432 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം

കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ. തീർപ്പായതുൾപ്പെടെയുള്ള നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in സൈറ്റിൽ ലഭ്യമാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതി**

172 (180) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ആർദ്രം

പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. മാവേലിക്കര ജില്ലാ ആശുപത്രി

കിഫ്ബി ഫണ്ടിൽനിന്നും 126.55 കോടി രൂപ ചെലവിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആംബുലൻസുകൾ സജ്ജീകരിച്ചു. ക്രിട്ടിക്കൽ കെയർ യൂണിറ്റ് 1.5 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കി. മോഡുലാർ ഓപ്പറേഷൻ തിയേറ്റർ 50 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചു. എൻഡോസ്കോപ്പി, സോണോഗ്രാം. അത്യാധുനിക കണ്ണ് പരിശോധനാ സംവിധാനമായ ഓട്ടോ റിഫ്രാക്ടോമീറ്റർ, കെരാട്ടോ മീറ്റർ എന്നിവ സജ്ജമാക്കി.

2. ലെപ്രസി സാനട്ടോറിയം, നൂറനാട്

1. ആർട്ടിഫിഷ്യൽ ലിംബ് സെന്ററും ആർട്ടിഫിഷ്യൽ ലിംബ് ട്രെയിനിംഗ് സെന്ററും PMR യൂണിറ്റും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 140 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചു. ആംബുലൻസുകൾ സജ്ജീകരിച്ചു.

2. നബാർഡ് ഫണ്ട് 23.53 കോടി രൂപ ഉപയോഗിച്ച് മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

3. നൂറനാട്, തഴക്കര, താമരക്കുളം, വള്ളികുന്നം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പുതിയ കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്.

4. കുറത്തികാട്, ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

5. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ പാലമേൽ, തഴക്കര, താമരക്കുളം, നൂറനാട്, വള്ളികുന്നം എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

7. വള്ളികുന്നം PHC -യിൽ എം.എൽ.എ. ഫണ്ട് 175 ലക്ഷം രൂപ ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

കുറത്തികാട്, ചുനക്കര സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് FHC ആയി ഉയർത്തിയതിന്റെ ഭാഗമായി ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ബ്ലോക്ക് HMIS സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഹെൽത്ത് ഗ്രാന്റ് സഹായത്തോടുകൂടി രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ രക്തപരിശോധന കുറഞ്ഞ ചെലവിൽ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി സർവൈലൻസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി മെന്റേർസിനും കമ്മ്യൂണിറ്റി വോളന്റിയേഴ്സിനും പരിശീലനം

നൽകിക്കഴിഞ്ഞു. മറ്റ് ആരോഗ്യ വിഭാഗം ജീവനക്കാർക്കുകൂടി അടുത്ത ഘട്ട പരിശീലനം നൽകുന്നതാണ്. തൽഫലമായി അസുഖങ്ങൾ നേരത്തെതന്നെ ശ്രദ്ധയിൽവരുത്തുവാനും രോഗവ്യാപനം തടയുവാനും സാധിക്കുന്നതാണ്. ആർദ്രം മിഷന്റെ ഭാഗമായുള്ള ശൈലി സർവേ രണ്ടാം ഘട്ടം ഉടനെ ആരംഭിക്കുന്നതാണ്. ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാനുള്ള സ്ക്രീനിംഗ് ശക്തിപ്പെടുത്തുവാൻ ആശാ വർക്കർമാർ മുഖാന്തരം സർവേ നടത്തുന്നതാണ്. കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി ബ്രസ്റ്റ്, സെർവിക്കൽ, ഓറൽ കാൻസറുകൾ എന്നിവ നേരത്തെ കണ്ടുപിടിക്കുവാനുള്ള സർവേയും ഇതിനോടൊപ്പം നടത്തുന്നു.

**കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ മാസ്റ്റർ പ്ലാൻ**

173 (181) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണത്തിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയത്?

(എ&ബി) ഇൻകലിനെ നിർവഹണ ഏജൻസിയായി നിയമിച്ചുകൊണ്ട് കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തിക്കായി 06-07-2018-ലെ സ.ഉ.(സാധാ)നം.2180/2018/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 86.804 കോടി (എൺപത്തിയാറ് കോടി എൺപത് ലക്ഷത്തിനാലായിരം രൂപ മാത്രം) രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും പ്രസ്തുത തുക ഉയർത്തുന്നതിന് നിർവഹണ ഏജൻസിയായ ഇൻകൽ ശിപാർശ സമർപ്പിക്കുകയും അത് കിഫ്ബി പരിശോധിച്ചുവരികയുമാണ്.

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബിയുടെ പുതുക്കിയ ധനാനുമതി ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ സാങ്കേതികാനുമതി നേടി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നുള്ള ആരോഗ്യപദ്ധതികൾ**

174 (182) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്ന ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മികച്ച ആരോഗ്യസേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി മാനവവിഭവശേഷി, പശ്ചാത്തല വികസനം, മരുന്ന് വാങ്ങൽ, പാലിയേറ്റീവ് പരിചരണം, ഡയാലിസിസിനുവേണ്ട സാധനസാമഗ്രികൾ വിതരണം, ക്ഷയരോഗ ബാധിതർക്കുള്ള പോഷകാഹാര കിറ്റ് വിതരണം, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ ശാക്തീകരണം, എയ്ഡ്സ് ബാധിതർക്കുള്ള പോഷകാഹാര പുനരധിവാസ രോഗപ്രതിരോധ പദ്ധതി, അവയവമാറ്റ ശസ്ത്രക്രിയ ചെയ്ത രോഗികൾക്കുള്ള തുടർ ചികിത്സയും

ആവശ്യമായ മരുന്ന് ലഭ്യമാക്കൽ എന്നിവയും ആരോഗ്യ അനുബന്ധ കാര്യങ്ങൾക്കായി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകളും നടപ്പിലാക്കിവരുന്നുണ്ട്. സാന്ത്വനം പദ്ധതിപ്രകാരം ഭവന സന്ദർശനം നടത്തി രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന കമ്മ്യൂണിറ്റി പാലിയേറ്റിവ് നഴ്സിനെ നിയമിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. കൂടാതെ ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള ഹെൽത്തി ലൈഫ് കാമ്പയിൻ, പുകയിലവിരുദ്ധ പ്രവർത്തനങ്ങൾ, വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവയും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കിവരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യവകുപ്പ് 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലൂടെ ആറ് സ്കീമുകളായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്തിരിക്കുന്ന നാല് സ്കീമുകൾ ഗ്രാമീണ മേഖലയിലും രണ്ട് സ്കീമുകൾ നഗര മേഖലയിലുമാണ്.

1) കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം - ഗ്രാമീണ മേഖല

2) ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം - ഗ്രാമീണ മേഖല

3) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ഗ്രാമീണ മേഖല

4) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ഗ്രാമീണ മേഖല

5) നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നഗര മേഖല

6) അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങൾ - നഗര മേഖല

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക, അവ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകയിൽനിന്നുള്ള വിഹിതമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്. പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ വഴി 140 ലക്ഷം രൂപയും പ്ലാൻ വിഹിതം വഴി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ടുകൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതും ചെലവഴിക്കുന്നതും ആരോഗ്യ വകുപ്പാണ്. ആർദ്രം കേരളം പുരസ്കാര പദ്ധതിക്ക് 2024-25 നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ആർ.ഒ.പി.-ൽ 279.52 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

175 (183) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിമറ്റം, പൂതൃക്ക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പട്ടിമറ്റം, പൂതൃക്ക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും അതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളാക്കി മാറ്റിയ സബ് സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളാക്കി മാറ്റിയ സബ് സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**തിരൂരങ്ങാടി ഗവൺമെന്റ് താലൂക്കാശുപത്രി**

176 (184) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ഒ.പി., കാഷ്വാലിറ്റി, ഡയഗ്നോസ്റ്റിക് ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഒ.പി., കാഷ്വാലിറ്റി, ഡയഗ്നോസ്റ്റിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് ആകെ 10.423 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത ധനാനുമതി തുക ഉയർത്തുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിറ്റ്കോ സമർപ്പിച്ച ശിപാർശ, കിഫ്ബി നിലവിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി പഴയ കെട്ടിടത്തിലുണ്ടായിരുന്ന എക്സ്റേ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് എന്നിവ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും പഴയ കെട്ടിടം പൊളിച്ചുമാറ്റുകയും ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി പദ്ധതിക്കായി കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ടോ; പ്രസ്തുത ഉദ്ഘാടനം നിർവഹിച്ചത് ആരാണെന്നും എന്നാണെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 2021 ഫെബ്രുവരി 18-ന് ഓൺലൈനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചിട്ടുണ്ട്.

(ഡി) കെട്ടിട നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ടി പദ്ധതിക്കായി കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോന്നി നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ നിർമ്മാണ പുരോഗതി**

177 (185) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രികളിൽ ലക്ഷ്യ പദ്ധതി നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ലക്ഷ്യ പദ്ധതിക്കായി 2.076 കോടി രൂപയുടെ ഭരണാനുമതി 27-04-2022-ൽ നൽകിയിട്ടുണ്ട്. KEL

എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. നിലവിൽ 40 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഇന്റേണൽ പാർട്ടീഷൻ വർക്കുകൾ പൂർത്തീകരിച്ചു. കൂടാതെ ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി ഉടനെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ ലക്ഷ്യ പദ്ധതിപ്രകാരം സെപ്റ്റംബർ 2023-ൽ ഗൈനക്കോളജി വിഭാഗം ഒ.പി., ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പണികൾ ആരംഭിക്കുകയും ഒ.പി.-യുടെ ജോലികൾ 95% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സാമ്പത്തിക സഹായം വൈകുന്നതിനാൽ ലേബർ റൂം ആൻഡ് ഓപ്പറേഷൻ തിയേറ്റർ ജോലികൾ മന്ദഗതിയിലാണ്.

(ബി) കോന്നി താലൂക്ക് ആശുപത്രിയിലെ ഐ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഐ ഓപ്പറേഷൻ തിയേറ്റർ പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.ഐ.ഇ.)

എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. കെ.എസ്.ഐ.ഇ. ടി വർക്ക് ടെൻഡർ ചെയ്യുകയും 21-02-2024-ൽ ടെൻഡർ അംഗീകാരം നൽകിയതുമാകുന്നു. എന്നാൽ ടി പദ്ധതിക്കായി നിഷ്കർഷിച്ച സ്ഥലത്താണ് നിലവിൽ ആശുപത്രിയുടെ താൽക്കാലിക ഒ.പി. പ്രവർത്തിച്ചുവരുന്നത്. ആശുപത്രിയുടെ പുതിയ ഒ.പി. നവീകരണ പ്രവൃത്തികൾ ഉടനെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒ.പി. നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് നിലവിലെ ഒ.പി. പുതിയ സ്ഥലത്തേക്ക് മാറുകയും ഐ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനും സാധിക്കുന്നതാണ്.

(സി) കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കത്തോട്, വള്ളിക്കോട്, ചിറ്റാർ സി.എച്ച്.സി., കോന്നി ടി.എച്ച്.ക്യു.എച്ച്., കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ**

178 (186) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിലെ സംസ്ഥാന ബജറ്റിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്, തൊടിയൂർ, ക്ലാപ്പന, കുലശേഖരപുരം കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമിക്കുന്നതിന് യഥാക്രമം 1 കോടി, 2 കോടി, 1 കോടി, 1 കോടി രൂപ വീതം അനുവദിക്കുകയും ആയതിന്റെ 20 ശതമാനം തുക വകയിരുത്തിയിട്ടുമുള്ള സാഹചര്യത്തിൽ പ്രസ്തുത ആശുപത്രികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടുവർഷം കഴിഞ്ഞിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) 2022-23-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദവിവരങ്ങൾ - വാല്യം II-ൽ ക്രമ നമ്പർ 2726 ആയി ഉൾപ്പെടുത്തിയിട്ടുള്ള 'ക്ലാപ്പന കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിക്ക് 5 കോടി രൂപ വകയിരുത്തിയിരിരുന്നു. ടി പ്രവൃത്തിക്ക് അത്രയും തുക ആവശ്യമായി വരാത്തതിനാൽ, ടി തുക കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ കുടുംബാരോഗ്യ കേന്ദ്രം (2 കോടി രൂപ), തഴവ കുടുംബാരോഗ്യ കേന്ദ്രം (1 കോടി), ക്ലാപ്പന കുടുംബാരോഗ്യ കേന്ദ്രം (1 കോടി രൂപ), ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രം (1 കോടി രൂപ) എന്നീ നാല് പ്രവൃത്തികൾക്കായി അനുവദിച്ചിരുന്നു. ക്ലാപ്പന, തൊടിയൂർ, ആലപ്പാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ആയിട്ടില്ല. വള്ളിക്കാവ് (ക്ലാപ്പന) കുടുംബാരോഗ്യ കേന്ദ്രത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയതേയുള്ളൂ. ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു കോടി രൂപ അടങ്കൽ തുക അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും ആയത് പിന്നീട് ഭേദഗതി വരുത്തി പ്രസ്തുത തുക

അഴീക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുള്ളതാണ്.

കുലശേഖരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ കെട്ടിട നിർമ്മാണത്തിന് 2022-23 സാമ്പത്തികവർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

(ഡി) ഭരണാനുമതി ലഭിച്ച ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചോ; നടപടിക്രമങ്ങൾ പൂർത്തിയാക്കി ബാക്കിയുള്ള പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച കുലശേഖരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വള്ളിക്കാവ് (ക്ലാപ്പന), തൊടിയൂർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന നടപടി**

179 (187) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇനിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനുള്ളത് 197 സ്ഥാപനങ്ങളെയാണ്. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ നിയമനം സംബന്ധിച്ച് പൊതുവായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആർദ്രം മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് പുതുതായി അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നത് പി.എസ്.സി. മുഖേനയാണ്. ഒരു ഡോക്ടറെയും ഒരു പാരമെഡിക്കൽ സ്റ്റാഫിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിയമിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അധിക ജീവനക്കാരെ നിയമിക്കേണ്ടതുണ്ടെങ്കിൽ പ്രദേശത്തെ ജനസംഖ്യ, ഒ.പി./ഐ.പി., രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശപ്രകാരം കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയകെട്ടിട നിർമ്മാണം**

180 (188) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി ഇതുവരെ ആരംഭിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ നടന്ന ബോർഡ് യോഗത്തിലാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊയിലാണ്ടി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 23-01-2020-ലെ സ.ഉ.(സാധാ)നം.175/2020/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 12-10-2020-ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകാരം നൽകുകയും തുടർന്ന് 28-10-2020-ൽ 23.769 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും തുടർന്ന് പ്രസ്തുത ധനാനുമതി പരിധി ഉയർത്തുന്നതിനായി നിർവ്വഹണ ഏജൻസിയായ വാപ്കോസ് ശിപാർശ സമർപ്പിക്കുകയും ടി ശിപാർശയിൻമേൽ അധിക വിവരങ്ങൾ കിഫ്ബി വാപ്കോസിനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ആയതിനുള്ള

വിവരങ്ങൾ നിർവ്വഹണ ഏജൻസി ഉടൻതന്നെ നൽകുന്നതാണ്. പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**അടിമാലി താലൂക്കാശുപത്രിയിൽ അനുവദിച്ച തസ്തികകൾ**

181 (189) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിമാലി താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

അടിമാലി താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

Superintendent -1 , Assistant Surgeon -1, CMO – 1, Driver Gr. II – 1, Senior Nursing Officer -1, Nursing Assistant -1, Hospital Attendant Gr. II - 1.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അനുവദിച്ചിട്ടുള്ള തസ്തികകൾ കാലഹരണപ്പെട്ടതാണെന്നതും തസ്തികകളിൽ മാറ്റം വരുത്തേണ്ട ആവശ്യകതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഈ സ്ഥാപനത്തിൽ കാലഹരണപ്പെട്ട തസ്തികകൾ നിലവിലില്ല.

**മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തിക**

182 (190) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് (1) 28-02-2014-ലും കോഴിക്കോട് ജില്ലയിലെ ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റ്

തസ്തികയിലെ ഒഴിവ് (1) 08-12-2021-ലും കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേക്കുള്ള കേരള പി.എസ്.സി.-യുടെ റാങ്ക് പട്ടിക 23-04-2024 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുണ്ട്. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട രണ്ട് ഉദ്യോഗാർത്ഥികൾക്ക് 21-05-2024-ന് കേരള പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ അയച്ചിട്ടുണ്ട്. അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗത്തിൽപ്പെട്ട 2 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗത്തിൽ (ആക്ടിലെ ഷെഡ്യൂളിലെ ക്രമ നമ്പർ (6) "ഒക്യുപേഷണൽ തെറാപ്പി പ്രൊഫഷണൽ") അംഗങ്ങളായി ഉൾപ്പെടുത്താൻ അനുയോജ്യരായവരുടെ പാനൽ തയ്യാറാക്കി യോഗ്യരായ 2 പേരെ നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ സംവിധാനത്തിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഷോക്ക് ട്രീറ്റ്മെന്റ്-ഇ.സി.ടി. (ഇലക്ട്രോകൺവൾസീവ് തെറാപ്പി) ചികിത്സാരീതി ലഭ്യമാണോ; വിശദമാക്കാമോ; ഈ ചികിത്സാരീതി തുടങ്ങാത്ത പ്രസ്തുത ആശുപത്രികളിൽ അത് ആരംഭിക്കുന്നതിനായി എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എത്രയുംപെട്ടെന്ന് എല്ലാ സ്ഥാപനങ്ങളിലും പ്രസ്തുത ചികിത്സ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഇ.സി.ടി. ചികിത്സാരീതി ലഭ്യമാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഇ.സി.ടി. മെഷീൻ ലഭ്യമാണ്. ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എരുമപ്പെട്ടി സി.എച്ച്.സി.-യിലെ തസ്തികകൾ**

183 (191) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമപ്പെട്ടി സി.എച്ച്.സി.-യിൽ ഭൗതിക സൗകര്യം മെച്ചപ്പെട്ടുവെങ്കിലും ആവശ്യത്തിന് ഡോക്ടർമാരും മറ്റ് ജീവനക്കാരുമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.എച്ച്.സി.-ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) എരുമപ്പെട്ടി സി.എച്ച്.സി-യിൽ നിലവിൽ 36 സ്ഥിരം തസ്തികകളാണുള്ളത്. അതിൽ ഒരു സിവിൽ സർജൻ തസ്തിക, രണ്ട് അസിസ്റ്റന്റ് സർജൻ തസ്തിക, രണ്ട് നഴ്സിംഗ് ഓഫീസർ തസ്തിക എന്നിവ ഉൾപ്പെടുന്നു. 01-08-2021-ലെ സ.ഉ.(സാധാ)നം.1633/2021/ആ.കു.വ. പ്രകാരം എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം (എഫ്.എച്ച്.സി.) ആയി ഉയർത്തിയിട്ടുണ്ട്. 30-01-201-ലെ സ.ഉ. (സാധാ)നം.224/2019/ആ.കു.വ. പ്രകാരം ടി സ്ഥാപനത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ സംസ്ഥാനത്തെ സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രികളിൽ, ഗ്യാപ് അനാലിസിസ് നടത്തി, ആർദ്രം മാനദണ്ഡങ്ങൾ പ്രകാരം, അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

**കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം**

184 (192) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷനിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി കുറ്റിപ്പുറം താലൂക്കാശുപത്രിയിലെ ഐ വാർഡും ഓപ്പറേഷൻ തിയേറ്ററും 2019-20 സാമ്പത്തിക വർഷത്തിലെ ROP ഫണ്ട് ഉപയോഗിച്ച് ഒരു കോടി അമ്പത്തിനാല് ലക്ഷം രൂപ (1,54,00,000/- രൂപ) ചെലവിൽ നിർമ്മാണം നടത്തുന്ന പദ്ധതി അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്നു. പ്രസ്തുത

വാർഡിന്റെ നിർമ്മാണം 2022-ൽ ആരംഭിക്കുകയും 2023 വർഷാവസാനം പൂർത്തിയാകുകയും ചെയ്തു. ഐ വാർഡിൽ 10 ബെഡ്ഡോടുകൂടിയ ഐ.പി.-യും മൈനർ പ്രൊസീജ്വർ റൂമും 2 ബെഡ്ഡോടുകൂടിയ ഓപ്പറേഷൻ തിയേറ്ററുമാണ് തയ്യാറായിവരുന്നത്. ഇതോടൊപ്പം പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ തുടങ്ങിയവ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, ഓപ്പറേഷൻ തിയേറ്ററിലേക്കുള്ള ഒഫ്ത്താൽമിക് മൈക്രോസ്കോപ്, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനായി 15 ലക്ഷം രൂപ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പർച്ചേസിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിർമ്മാണം പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ?

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക, ഫർണിച്ചർ വാങ്ങുക എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുവാനുള്ള ഒരു പ്രൊപ്പോസലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മറ്റൊരു പ്രൊപ്പോസലും മലപ്പുറം ജില്ലയിൽനിന്നും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന വാങ്ങുന്ന നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ തുടർന്നുവരുന്നു. സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി ആർദ്രം മാനദണ്ഡപ്രകാരം അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(ഡി) ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കിയും മതിയായ ജീവനക്കാരെ നിയമിച്ചും ആശുപത്രി അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക എന്നീ പ്രവൃത്തികൾ പൂർത്തിയാക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഓച്ചിറ സി.എച്ച്.സി.-ലെ ഐസൊലേഷൻ വാർഡ്**

185 (193) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ സി.എച്ച്.സി.-യിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഓച്ചിറ സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തി 51 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. നിലവിൽ PEB (Pre Engineered Building) പൂർത്തിയാക്കുകയും അതിനോട് അനുബന്ധമായ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ആർക്കാണ്; പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത സ്ഥാപനം ഏതാണ്; കരാർപ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടത്; വിശദമാക്കാമോ;

(സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

(ബി & സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ചുമതല കെ.എം.എസ്.സി.എൽ-ന് ആണ്. പ്രസ്തുത പദ്ധതിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ആണ്. കരാർപ്രകാരം സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ സാധന സാമഗ്രികളുടെ ലഭ്യതക്കുറവുമൂലവും പ്രതികൂല കാലാവസ്ഥമൂലവും കരാർ കാലാവധി 30-06-2024 വരെ നീട്ടി നൽകിയിട്ടുണ്ട്. ടി കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടമുഖം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ്**

186 (194) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുട്ടമുഖം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതുതായി അനുവദിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നും കരാർ ഏറ്റെടുത്തത് ഏതു സ്ഥാപനമാണെന്നും കരാർപ്രകാരം പദ്ധതി പൂർത്തിയാക്കേണ്ടത് എന്നാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുട്ടമുഖം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

187 (195) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി നെന്മാറ, ചിറ്റൂർ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി കൊഴിഞ്ഞാമ്പാറ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി ചെറുപ്പുളശ്ശേരി എന്നിവയെയാണ് പാലക്കാട് ജില്ലയിൽനിന്നും ആദ്യഘട്ട നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്നത്.

(ബി) പ്രസ്തുത വാർഡുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി 16-02-2024-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

**പൊതുജനാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താൻ ഗ്രാന്റ്**

188(196) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ അവാർഡുപ്രകാരം പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റ് അനുവദിച്ച് നാളിതുവരെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് ഉള്ളതെന്നും അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നാളിതുവരെ സ്വീകരിച്ച പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങൾ ഉണ്ടെന്നും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദവിവരവും ലഭ്യമാക്കാമോ?

(എ-ഡി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ**

189 (197) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

| ക്രമ | തസ്തിക | ഒഴിവുകളുടെ |
|---|---|---|

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| നം. | | എണ്ണം |
|---|---|---|
| 1 | സീനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 2 | സീനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| 3 | കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 4 | കൺസൾട്ടന്റ് (മെഡിസിൻ) | 2 |
| 5 | കൺസൾട്ടന്റ് (സർജറി) | 1 |
| 6 | കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 7 | കൺസൾട്ടന്റ് (ഇ.എൻ.ടി.) | 1 |
| 8 | കൺസൾട്ടന്റ് (സൈക്യാട്രിക്സ്) | 1 |
| 9 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| 10 | അസിസ്റ്റന്റ് സർജൻ | 1 |
| 11 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |
| 12 | ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 |

(ബി) പ്രസ്തുത ഒഴിവുകൾ എത്ര കാലമായി തുടരുന്നുവെന്നും ഇതുവരെ നികത്താത്തത് എന്തുകൊണ്ടാണെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

| ക്രമ നം. | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി |
|---|---|---|---|
| 1 | സീനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 | 01-04-2024 |
| 2 | സീനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 | 01-01-2023 |
| 3 | കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 | 14-06-2023 |
| 4 | കൺസൾട്ടന്റ് (മെഡിസിൻ) | 2 | 01-03-2022<br>& 08-07-2023 |
| 5 | കൺസൾട്ടന്റ് (സർജറി) | 1 | 27-02-2020 |
| 6 | കൺസൾട്ടന്റ് (ഓർത്തോ) | 1 | 26-10-2022 |
| 7 | കൺസൾട്ടന്റ് (ഇ.എൻ.ടി.) | 1 | 01-06-2022 |
| 8 | കൺസൾട്ടന്റ് (സൈക്യാട്രി) | 1 | 05-10-2022 |
| 9 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 | 29-05-2024<br>07-05-2024<br>(2 ഒഴിവ്)<br>20-04-2024 |

| | | | |
|---|---|---|---|
| 10 | അസിസ്റ്റന്റ് സർജൻ | 1 | 11-07-2023 |
| 11 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 | 27-06-2023 |
| 12 | ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 | 05-10-2023 |

കാസർഗോഡ് ജില്ലയിൽ ജനറൽ ആശുപത്രി ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. എന്നാൽ ഉപരിപഠനം ചെയ്തുവരുന്നതിനാൽ മിക്ക ഡോക്ടർമാരും സർവീസിൽ പ്രവേശിച്ചയുടൻതന്നെ പഠനം പൂർത്തിയാക്കുന്നതിനായി അവധിയിൽ പ്രവേശിക്കുകയാണ് ചെയ്തുവരുന്നത്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കും. കൺസൾട്ടന്റ്-സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ട്

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്ക് 07-06-2024-ന് പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട്.

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ എത്ര വാർഡുകളുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിൽ മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ലേബർ വാർഡ്, ചിൽഡ്രൻസ് വാർഡ് എന്നിങ്ങനെ നാല് വാർഡുകളാണ് നിലവിലുള്ളത്.

(ഡി) പ്രസ്തുത വാർഡുകളിൽ ഇപ്പോൾ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുണ്ടെന്ന് വ്യക്തമാക്കാമോ; ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറവുണ്ടെങ്കിൽ ഇതുവരെ നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയുടെ പരിധിയിൽ നാല് മുനിസിപ്പാലിറ്റി വാർഡുകളുണ്ട്. പ്രസ്തുത വാർഡുകളിൽ ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഒഴിവുകളില്ല.

(ഇ) ഗർഭിണികൾക്കാവശ്യമായ ഗർഭകാല ശുശ്രൂഷാപ്രവർത്തനങ്ങൾക്കും കുട്ടികൾക്കാവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സേവനം അത്യന്താപേക്ഷിതമായിരിക്കെ പ്രസ്തുത തസ്തികകളൊഴിഞ്ഞ് കിടക്കുന്നതുമൂലമുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ എപ്പോഴാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഒഴിവുകളില്ല.

(എഫ്) കാസർഗോഡ് ജനറൽ ആശുപത്രിയിലുള്ള മറ്റെന്തെല്ലാം പ്രശ്നങ്ങളാണ് ഇപ്പോൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എൻഡോസൾഫാൻ ഫണ്ട് ഉപയോഗിച്ചാണ് ചെയ്തുവരുന്നത്. നിലവിൽ എൻഡോസൾഫാൻ ഫണ്ട് ലഭ്യമല്ലാത്തത് കാരണം മുനിസിപ്പാലിറ്റി പ്രോജക്ട് മുഖേനയാണ് പ്രവർത്തനം നടത്തിവരുന്നത്. 24 മണിക്കൂറും പോസ്റ്റ്മാർട്ടം ചെയ്യുന്ന

സംസ്ഥാനത്തെ ഏക ആശുപത്രിയാണ് കാസർഗോഡ് ജനറൽ ആശുപത്രി. പ്രസ്തുത സ്ഥാപനത്തിൽ ഫോറൻസിക് സർജന്റെ ഒരു തസ്തിക മാത്രമാണ് നിലവിലുള്ളത്.

(ജി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ഫോറൻസിക് മെഡിസിനിൽ അധിക യോഗ്യതയുള്ള ഒരു അസിസ്റ്റന്റ് സർജനെ ടാറ്റാ ട്രസ്റ്റ് ആശുപത്രിയിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം**

190 (198) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ അനുമതി നൽകിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന

വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ?

കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതികവിദ്യ ലഭ്യമല്ലാത്തതിനാൽ മേൽപ്രവൃത്തിയിൽ നിപുണരായ സർക്കാർ അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനം ലഭ്യമാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്ലാന്റിന് അനുമതി നൽകിയത് എന്നാണെന്നും നിർമ്മാണ കാലാവധി എന്നുവരെയാണെന്നും അറിയിക്കാമോ?

03-06-2019-ലെ സ.ഉ.(സാധാ)നം.1337/2019/ആ.കു.വ. പ്രകാരമാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകിയത്. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) 2020-നുശേഷം സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിട്ടുണ്ടെന്നും അവ ഓരോന്നിന്റെയും നിർമ്മാണം നടത്തിയത് ആരാണെന്നും അറിയിക്കാമോ?

1. ജനറൽ ആശുപത്രി തൃശ്ശൂരിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. 'അമൃതം' പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ കോർപറേഷനാണ് പ്ലാന്റിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്.

2. ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനമാണ്.

(ഡി) കൊടുങ്ങല്ലൂർ ആശുപത്രിയിൽ പ്ലാന്റിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അറിയിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് 28-10-2023-ന് ആരോഗ്യവകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

**തിരൂർ ജില്ലാ ആശുപത്രി വികസനം**

191 (199) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജില്ലാ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പുതിയ 9 നില കെട്ടിടം പ്രവർത്തനം ആരംഭിക്കുന്നതോടെ രോഗികൾ നേരിടുന്ന അസൗകര്യങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. എന്നാൽ ഈ കെട്ടിടത്തിന് ഇതുവരെയും മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ അനുവദിച്ചുകിട്ടിയിട്ടില്ല. ഫയർ എൻ.ഒ.സി. ലഭ്യമാകുന്നമുറയ്ക്ക് 4 നിലയ്ക്ക് അനുമതി ലഭ്യമായാൽ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ പറ്റും. ഫയർ എൻ.ഒ.സി.-ക്കുള്ള അഡീഷണൽ വർക്ക് നടന്നുകൊണ്ടിരിക്കുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പ്രവർത്തനമാരംഭിക്കുന്ന ഘട്ടത്തിലാണ്.

കൂടാതെ മെക്കനൈസ്ഡ് പാർക്കിംഗ് ഏരിയയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രൊപ്പോസൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്നും അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

തിരൂർ ജില്ലാ ആശുപത്രിയിൽ ഒരു കൺസൾട്ടന്റ് ജനറൽ മെഡിസിൻ, ഒരു കൺസൾട്ടന്റ് ഇ.എൻ.ടി., ഒരു കൺസൾട്ടന്റ് പീഡിയാട്രിക്സ്, രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ എന്നിങ്ങനെ ഡോക്ടർമാരുടെ അഞ്ച് ഒഴിവുകൾ നിലവിലുണ്ട്. അതിൽ 3 പേർ അഡ്ഹോക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ സെലക്ട് ലിസ്റ്റ് ആയാലുടൻ തന്നെ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നഴ്സിംഗ് ഓഫീസർ തസ്തികയിൽ 5 ഒഴിവ് നിലവിലുണ്ട്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക്

വ്യവസ്ഥയിൽ 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന 11 പേരും എച്ച്.എം.സി. വഴി 12 പേരും ജോലി ചെയ്യുന്നു. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II വിഭാഗത്തിൽ 5 തസ്തിക ഒഴിവുള്ളതിൽ 2 പേർ അഡ്ഹോക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. റേഡിയോഗ്രാഫർ തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച 2 ഉദ്യോഗാർത്ഥികൾക്ക് 30-05-2024-ന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം. മുഖേന നിയമിച്ച 2 റേഡിയോഗ്രാഫർമാർ ജോലി ചെയ്യുന്നുണ്ട്.

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ ഒരൊഴിവ് നിലവിലുണ്ട്. 31-05-2024-ലെ വിരമിക്കൽമൂലമുണ്ടായ പ്രസ്തുത ഒഴിവ് സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും എക്സ്റേ അറ്റൻഡറുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും 2 ഒഴിവുകൾ വീതവും ലാബ് അറ്റൻഡറുടെ ഒരൊഴിവും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവിൽ പി.എസ്.സി. അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

**മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് നടപടി**

192 (200) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും രോഗങ്ങളും ഫലവത്തായി നിവാരണം ചെയ്യുന്നതിനായി കയ്പമംഗലം നിയോജകമണ്ഡലത്തിലെ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, വാർഡ് ഗ്രൂപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് കഴിഞ്ഞ വർഷങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിരുന്നതുപോലെ ഈ വർഷവും മെഡിക്കൽ ക്യാമ്പുകൾ നടത്താൻ പദ്ധതിയുണ്ടോ?

കഴിഞ്ഞ വർഷം കയ്പമംഗലം നിയോജകമണ്ഡലത്തിലുണ്ടായിട്ടുള്ള ഫ്ലഡ് റിലീഫ് ക്യാമ്പുകളിലെല്ലാംതന്നെ മെഡിക്കൽ ക്യാമ്പുകൾ

സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത നിയോജകമണ്ഡലത്തിലെ സാംക്രമിക രോഗങ്ങളുടെയും വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളുടെയും ഹോട്ട്സ്പോട്ട് തയ്യാറാക്കിയിട്ടുണ്ട്. റിലീഫ് ക്യാമ്പുകളുണ്ടാകുന്ന സാഹചര്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതാണ്.

(ബി) തീരപ്രദേശത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ചുകൊണ്ട് 24 മണിക്കൂറും സേവനം ലഭിക്കുന്നതിനും ചെറിയ അസുഖങ്ങളുമായി വരുന്ന രോഗികളെ റഫർ ചെയ്യുന്നതിനുപകരം താലൂക്കാശുപത്രിയിൽതന്നെ ചികിത്സിക്കാനുള്ള സൗകര്യമേർപ്പെടുത്താനും നടപടികൾ സ്വീകരിക്കാമോ?

നിലവിൽ കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ 24 മണിക്കൂറും സേവനം നൽകിവരുന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ മാത്രമെ റഫർ ചെയ്യുന്നുള്ളൂ. അല്ലാത്ത രോഗികൾക്ക് കിടത്തി ചികിത്സ നൽകിവരുന്നു.

(സി) വൃക്ക സംബന്ധമായ അസുഖംമൂലം ഡയാലിസിസ് ചികിത്സയ്ക്ക് വിധേയമാകുന്നവരുടെ എണ്ണം ക്രമാതീതമായി കൂടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി പരിശോധനാ ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതിയുണ്ടോ?

ശൈലി സ്ക്രീനിംഗിന്റെ ഭാഗമായി കേരളത്തിൽ എല്ലായിടത്തും പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ് നടന്നുവരുന്നുണ്ട്. അതിനെത്തുടർന്ന് രോഗം സ്ഥിരീകരിക്കുന്നവരിൽ കോംപ്ലിക്കേഷനുകൾ കണ്ടെത്തുന്നതിനുവേണ്ട പരിശോധനകൾ നടത്തുന്നതാണ്.

(ഡി) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ എത്ര ഡയാലിസിസ് മെഷീനുകളാണ് നിലവിൽ പ്രവർത്തനസജ്ജമായുള്ളത്; കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നിലവിൽ കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ 11 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് രണ്ടു ഷിഫ്റ്റായി പ്രവർത്തിച്ചുവരുന്നു. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് 60 ലക്ഷം രൂപ ചെലവാക്കി 20 മെഷീനുകൾകൂടി പ്രവർത്തിപ്പിക്കുന്നതിനും ഡയാലിസിസ് മൂന്ന് ഷിഫ്റ്റാക്കി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ**

193 (201) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രികളും തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിലുള്ള ഒഴിവുകളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കണമെന്നുള്ള ആവശ്യത്തിന്മേൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2024-ലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം പരിശോധിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. തിരൂരങ്ങാടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താലൂക്കാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി ഗൈനക്കോളജി വിഭാഗത്തിൽ സർജറിയുള്ള ദിവസങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം തിരൂർ ജില്ലാ ആശുപത്രിയിൽനിന്നും ഒരു കൺസൾട്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ കുറ്റിപ്പുറം താലൂക്കാശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ രണ്ടുമാസക്കാലയളവിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം**

194 (202) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥലം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആക്കി ഉയർത്തുന്നതുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുമായി 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് കെട്ടിടം ശോചനീയാവസ്ഥയിലായതിനാലും ആവശ്യമായ സ്ഥലസൗകര്യമില്ലാത്തതിനാലും ലാബ് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിരുന്നെങ്കിലും അനുവദിച്ച ഫണ്ട് മാത്രം ഉപയോഗിച്ച് മറ്റൊരു സ്ഥലത്ത് ലാബിന്റെ സംവിധാനങ്ങൾ മുഴുവൻ ഒരുക്കാൻ സാധിക്കില്ലെന്നതിനാലും നിശ്ചിത സമയത്തിനുള്ളിൽ ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതിനാലും നിലവിലെ പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിടംതന്നെ നവീകരിക്കുന്നതിനും കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള സ്ഥലത്തേക്കുകൂടി വിപുലീകരിച്ച് ആവശ്യമായ കെട്ടിട സൗകര്യമൊരുക്കുന്നതിനും ജില്ലാ കളക്ടറുമായി ചേർന്നുള്ള യോഗത്തിൽ

തീരുമാനിച്ചു. അതനുസരിച്ചുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) മലപ്പുറം താലൂക്കാശുപത്രിക്ക് സമീപം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനായി കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുമോ?

മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് കെട്ടിടം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമാണ് പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്താൻ തീരുമാനമായിട്ടുള്ളത്.

**മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി**

195 (203) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടത്തിന്റെ രണ്ട് ബേസ്മെന്റ് ഫ്ലോർ പണികളും ഗ്രൗണ്ട് ഫ്ലോർ പണികളും ഏകദേശം 36 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി വളരെ കുറവായതിനാൽ കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ അവസാനിപ്പിച്ചു. പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾക്കായി രണ്ട്

മാസത്തിനുള്ളിൽ പുതിയ ടെൻഡർ വിളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

196 (204) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോയെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്നും വിശദമാക്കുമോ?

50% എം.എൽ.എ ഫണ്ടും 50% കിഫ്ബി ഫണ്ടുമുപയോഗിച്ച് ഒരു നിയോജകമണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കെട്ടിടത്തിനായി 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/- രൂപയും ചേർത്ത് ആകെ 1,75,96,748/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏത് കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും ആർക്കാണ് ഇതിന്റെ ചുമതലയെന്നും പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ എഫ്.എച്ച്.സി. വള്ളിക്കുന്നത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്നത്. കെ.എം.എസ്.സി.എൽ. നിർവഹണ ഏജൻസിയായ പ്രസ്തുത പദ്ധതിയുടെ കരാറേറ്റെടുത്തിരിക്കുന്നത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പ്രസ്തുത പദ്ധതിയുടെ super structure ഉൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും വകുപ്പുതലത്തിലും നിരവധി യോഗങ്ങൾ നടത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുത്തുപറമ്പ് താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം**

197 (205) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് താലൂക്കാശുപത്രിക്കായി നിർമ്മിച്ച പുതിയ കെട്ടിടം എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാനാകുമെന്ന് വിശദമാക്കുമോ?

കുത്തുപറമ്പ് താലൂക്കാശുപത്രിക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് ആവശ്യമായ മെഡിക്കൽ ഗ്യാസ്‌ലൈൻ സിസ്റ്റത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ നൽകിയത് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

സാങ്കേതികാനുമതി ലഭിച്ചുകഴിഞ്ഞാൽ നാല് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

(ബി) സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

(ബി&സി) ഗ്യാപ് അനാലിസിസ് നടത്തി ആർദ്രം മാനദണ്ഡപ്രകാരം കുത്തുപറമ്പ് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എൻ.എച്ച്.എം.-ന്റെ 2023-24 വാർഷിക പദ്ധതിയിൽ അനുവദിച്ച ഫണ്ടുപയോഗിച്ച് 57.21 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നുവരുന്നു.

## കാസർഗോഡ് ജില്ലയിലെ ഹോമിയോ/ആയുർവേദ സ്ഥാപനങ്ങൾ

198 (206) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ 40 കുടുംബാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ജില്ലയിൽ ആയുഷ് വകുപ്പിനുകീഴിൽ എത്ര ഹോമിയോ/ആയുർവേദ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ/ആയുർവേദ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**പീരുമേട് നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

199 (207) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കാശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ എട്ടു വർഷമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

07-07-2018-ലെ സ.ഉ.(സാധാ)നം.2196/2018/ആ.കു.വ. പ്രകാരം പീരുമേട് താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 69 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1) മെറ്റേണിറ്റി യൂണിറ്റ്, ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ ആരംഭിച്ചു.

2) ഒ.പി. കാഷ്വാലിറ്റി, വിവിധ സ്പെഷ്യാലിറ്റി ഒ.പി.-കൾ എന്നിവ പുതിയ കെട്ടിടത്തിൽ ആരംഭിച്ചു.

3) മോഡുലാർ ഒ.ടി. നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

4) പുതിയ കെട്ടിടത്തിൽ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5) പഴയ ഓപ്പറേഷൻ തിയേറ്റർ നവീകരിച്ചു.

6) സ്ഥാപനത്തിന് പുതിയ ആംബുലൻസ് അനുവദിച്ചു.

7) ഐ ഒ.ടി., മോർച്ചറി കെട്ടിടം, ഫാർമസി കെട്ടിടം, വയോജന വിശ്രമ കേന്ദ്രം, ഐ.സി.യു., ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവയുടെ പണി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.

(ബി) പ്രസ്തുത ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 42 കോടി രൂപ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

പീരുമേട് താലൂക്കാശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 02-04-2022-ലെ സ.ഉ.(സാധാ)നം.755/2022/ ആ.കു.വ. പ്രകാരം 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയോട് ചേർന്നുവരുന്ന സ്വകാര്യ വ്യക്തിയുടെ 83 സെന്റ് സ്ഥലം

ആരോഗ്യ വകുപ്പിന് കൈമാറി ലഭിക്കുന്നതിനും കിഫ്ബി പദ്ധതിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഫോറൻസിക് സർജനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിലെ ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്കുതല ആശുപത്രികളിൽ ഫോറൻസിക് സർജന്റെ സേവനം വിഭാവനം ചെയ്യുന്നില്ല.

(ഡി) വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ കുറവ് നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വണ്ടിപ്പെരിയാർ സി.എച്ച്.സി.-യിൽ ഒരു സിവിൽ സർജൻ, 2 അസിസ്റ്റന്റ് സർജൻ എന്നിവരുടെയും കൂടാതെ വൈകുന്നേരം ഒ.പി.-യിൽ എൽ.എസ്.ജി.ഡി. മുഖേന നിയമിതനായ ഒരു ഡോക്ടറുടെയും സേവനം ലഭ്യമാണ്.

(ഇ) അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കുമളി കുടുംബാരോഗ്യ കേന്ദ്രത്തെ

സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

16-06-2018-ലെ സ.ഉ.(എം.എസ്)നം.113/2018/ആ.കു.വ. പ്രകാരം അഴുത ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുമളി പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന് 12 കിലോമീറ്റർ ദൂരത്തിൽ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായ വണ്ടിപ്പെരിയാർ എഫ്.എച്ച്.സി., വണ്ടൻമേട് എഫ്.എച്ച്.സി., എന്നിവ സ്ഥിതിചെയ്യുന്നു. നിലവിൽ കുമളി കുടുംബാരോഗ്യ കേന്ദ്രത്തിൽ 2.5 കോടി രൂപ ബജറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം താലൂക്കാശുപത്രിക്ക് ഫർണിച്ചർ**

200 (208) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിലേക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിനായി ആരോഗ്യ വകുപ്പിലെ ഹെൽത്ത് (പി) സെക്ഷനിലുള്ള 8311302 നമ്പർ ഫയലിന്മേൽ നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ടുള്ള ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ വികസനത്തിനായി 30-07-2020-ലെ സർക്കാർ ഉത്തരവ്. (സാധാ)നം.1396/2020/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതിയും ഉൾപ്പെട്ടിരുന്നു. എന്നാൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നത് Rs.24,73,577/- (ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) രൂപയുടെ ജനറൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള ശിപാർശയാണ്. ആയതിനാൽ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി വർക്കുകൾക്കുള്ള ഭരണാനുമതി ഉത്തരവിന്റെ പരിധിക്കുള്ളിൽ വരുന്നതാണോയെന്ന് വ്യക്തമാക്കി റിപ്പോർട്ട്

സമർപ്പിക്കുന്നതിന് 17-05-2024-ലെ പി1/82/2020/ആ.കു.വ. നമ്പർ കത്ത് മുഖാന്തിരം സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്.

**കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം**

201 (209) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകളായ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണ പദ്ധതികൾക്കുണ്ടായിരിക്കുന്ന തടസ്സം വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിരിക്കുന്ന എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിലേക്ക് 2022-2023-ലെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം

ഉദ്യോഗസ്ഥർ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയ പ്ലാനുകൾ ഡയറക്ടറേറ്റിൽനിന്നും അംഗീകരിച്ച് നൽകിയിരുന്നതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോടുചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുണ്ടാകുമെന്ന് പൊതുമരാമത്തുവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനിൽ മാറ്റംവരുത്തി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കി പ്രൊപ്പോസൽ അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റിൽ നടന്നുവരുന്നു. രണ്ട് സ്ഥാപനങ്ങളിലും പ്ലോട്ട് ക്ലിയർ ചെയ്യുന്നതിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി ഉത്തരവ് ഡയറക്ടറേറ്റിൽനിന്നും നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഡിമോളിഷൻ നടപടികൾ നടന്നുവരുന്നതായും ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഡി.എച്ച്.എസ്.-20416, 20431 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ;

(സി) എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടം പണിയുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; ആയതിന്റെ എസ്റ്റിമേറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വർക്കുകൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

(ബി-ഡി) എസ്റ്റിമേറ്റുകൾ തയ്യാക്കിയിട്ടില്ല. 24-01-2024-ലെ പി.എൽ.ബി2-20431/2023, പി.എൽ.ബി2-20416/2023 എന്നിവ പ്രകാരം യഥാക്രമം എഫ്.എച്ച്.സി. കടപ്ലാമറ്റം, എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ

അംഗീകരിച്ചുനൽകിയിരുന്നു. എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോടുചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ പ്ലാനിൽ മാറ്റം വരുത്തി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയത് അംഗീകരിച്ച നൽകുന്നതിനുള്ള ഫയൽ നടപടികൾ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എഫ്.എച്ച്.സി. മരങ്ങാട്ടുപള്ളിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

മരങ്ങാട്ടുപള്ളി കുടുംബാരോഗ്യകേന്ദ്രത്തിന് പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയ പ്ലാൻ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചുനൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പുതുക്കാട് താലൂക്കാശുപത്രിയിൽ ഗൈനക് ഡിപ്പാർട്ട്മെന്റ്

202 (210) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ ഗൈനക് ഡിപ്പാർട്ട്മെന്റ് പ്രവർത്തനമാരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗൈനക് ഡിപ്പാർട്ട്മെന്റ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഗൈനക് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി ഗൈനക്കോളജിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവർക്ക് ആവശ്യമായ പരിശീലനം തൃശ്ശൂർ ജനറൽ ആശുപത്രിയിൽനിന്നും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ ലേബർ റൂം സജ്ജമാക്കുന്നതിലേക്ക് ആവശ്യമായ പശ്ചാത്തലസൗകര്യങ്ങളിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ

ടേബിൾ, ബ്ലഡ് ബാങ്ക് സ്റ്റോറേജ് സൗകര്യം എന്നിവ ലഭ്യമാകുന്നപക്ഷം ഗൈനക് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സൂപ്രണ്ട് നിയമനം**

203 (211) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിലവിൽ സൂപ്രണ്ട് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൂപ്രണ്ട് നിയമനം അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് ഡോക്ടർമാർ സർവീസിൽ പ്രവേശിക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകുകയും 2010-ലെ കേരള മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ

പ്രൊബേഷൻ പൂർത്തിയാക്കി 5 വർഷ സേവനം പൂർത്തിയാക്കുകയും ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകിവരുന്നത്. 30-11-2023 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാരിൽനിന്നും നിശ്ചിത യോഗ്യതയുള്ള 19 പേർക്ക് 01-03-2024-ലെ സ.ഉ(സാധാ) നം.621/2024/ആ.കു.വ. പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിരുന്നു. പ്രസ്തുത പ്രൊമോഷൻ സമയത്ത് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽനിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷന് അർഹതയുള്ളവരോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നവരോ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലവിലുള്ളതിനാലാണ് ടി തസ്തികയിലേക്ക് ഓപ്ഷൻ വിളിക്കാതിരുന്നത്.

2024-ലെ പൊതുസ്ഥലംമാറ്റത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരിൽ ആരെങ്കിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ ചുമതല ആ സ്ഥാപനത്തിലെ ഗൈനക്കോളജി കൺസൾട്ടന്റിന് നൽകിയിട്ടുണ്ട്.

**ചേലമ്പ്ര കുടുംബാരോഗ്യകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം**

204 (212) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബജറ്റിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന് വകയിരുത്തിയ 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മേൽ പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സമയക്രമം പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; 12-11-2023-ൽ

പൊതുമരാമത്ത് കെട്ടിട വിഭാഗം ആരോഗ്യ വകുപ്പിന് നൽകിയ പ്രൊപ്പോസൽ 6 മാസം കഴിഞ്ഞിട്ടും സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമോ?

(എ&ബി) ചേലമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 12-11-2023-ൽ, 5 കോടി രൂപയുടെ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. എന്നാൽ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചപ്പോൾ പ്ലാനിൽ ഒന്നാം നിലയിൽ മേജർ ഓപ്പറേഷൻ തിയേറ്റർ നിർദേശിച്ചിരുന്നുവെന്ന് കണ്ടു. എന്നാൽ ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.ടി. അനുവദനീയമല്ലാത്തതിനാലും വികലാംഗസൗഹൃദ ടോയ്‌ലറ്റുകൾ താഴത്തെ നിലയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാലും ആർദ്രം മാനദണ്ഡം അനുസരിച്ചുള്ള പുതുക്കിയ പ്ലാൻ പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 16-12-2023-ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നു. നവീകരിച്ച പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം പരിശോധിക്കാനും മോണിറ്റർ ചെയ്യുവാനും നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ മേൽപ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മേൽപ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പരിശോധിക്കാനും മോണിറ്റർ ചെയ്യാനും അഡീഷണൽ ആരോഗ്യവകുപ്പ് ഡയറക്ടർ (പ്ലാനിംഗ്)-ന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വിഭാഗം എഞ്ചിനീയറിംഗ് ലെയ്സൺ ഓഫീസർ ഉൾപ്പെടെയുള്ള ഒരു ടീം പ്രവർത്തിക്കുന്നുണ്ട്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

205 (213) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ എ.ഡി.എസ്. ഫണ്ടും കിഫ്ബി ഫണ്ടും സംയോജിപ്പിച്ച് പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായി എം.എൽ.എ.-മാരുടെ എ.ഡി.എസ്. ഫണ്ടിൽനിന്നും എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പദ്ധതികളുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

50% കിഫ്ബി ഫണ്ടും 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും തുല്യമായി ഉപയോഗിക്കുന്ന പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനായി

1,31,65,248/- രൂപയും ഉപകരണത്തിനായി 44,31,500/- രൂപയും ചേർത്ത് ആകെ 1,75,96,748/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ നിലവിൽ സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) പാറശ്ശാല താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നതിനായി അതിന്റെ റീട്ടെയിനിംഗ് വാളുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. നിർദിഷ്ട സ്ഥലത്തുണ്ടായിരുന്ന അധിക മണ്ണ് നീക്കം ചെയ്യുകയും സെറ്റൗട്ട് ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി**

206 (214) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി 08-10-2020-ലെ സ.ഉ(സാധാ) നം.1840/2020/ആ.കു.വ. ഉത്തരവുപ്രകാരം സർക്കാർ 17.47 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 13.737 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ധനാനുമതി പരിധി ഉയർത്തുന്നതിനായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച ശിപാർശയിൻമേൽ അധിക വിവരങ്ങൾ കിഫ്ബി കിറ്റ്കോയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി

ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം**

207 (215) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കെട്ടിടനിർമ്മാണം എന്ന പ്രവൃത്തി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXX-ൽ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ശിപാർശ ചെയ്തു തുടർനടപടികൾക്കായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് നബാർഡ് അനുമതി ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

**കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

208 (216) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് സർജൻ – 1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 2 (ഇതിൽ ഒരൊഴിവിൽ പി.എസ്.സി. നിയമനം നൽകിയിരുന്ന ഡോക്ടർക്ക് പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടിയാൾ 07-06-2024-ന്

ജോലിയിൽ പ്രവേശിക്കുവാൻ ഹാജരായിട്ടുണ്ട്. മറ്റൊരു ഡോക്ടർ 07-04-2024 മുതൽ അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്നതുവഴി വന്നതാണ് രണ്ടാമത്തെ ഒഴിവ്. ടി ഡോക്ടർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു).

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) – 1 (21-02-2024 മുതൽ അനധികൃത അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവ്; അനധികൃത അവധി ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു).

(ബി) ഡോക്ടർമാർ കുറ്റ്യാടി താലൂക്കാശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം വിവിധ അവധികളിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അവധിയിൽ പ്രവേശിക്കുന്ന ഡോക്ടർമാർക്ക് പകരമായി ഡോക്ടർമാരെ നിയമിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജി വിഭാഗത്തിലെ 2 ഡോക്ടർമാർ തുടർച്ചയായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അവധി എടുത്തിട്ടുള്ളതായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ

അറിയിച്ചിട്ടുണ്ട്. ശാരീരിക അവശതമൂലം അവധിയിൽ പ്രവേശിക്കുമ്പോൾ പകരം നിയമനം നടത്തുവാൻ നിർവാഹമില്ല. സ്ഥിരം ഒഴിവിലേക്കാണ് പകരം നിയമനം നടത്തുവാൻ കഴിയുന്നത്. ടി ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി മെഡിക്കൽ ബോർഡ് കൂടുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുവാൻ സാധിക്കും. നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) തസ്തികയിലെ ഒഴിവ് പ്ലേസ്മെന്റ് മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

ആശുപത്രി തലത്തിൽ (എൽ.എസ്.ജി.ഡി.) പ്രോജക്ട് മുഖേനയും എൻ.എച്ച്.എം. മുഖേനയും താൽക്കാലിക നിയമനം നടത്തിവരുന്നു. നിലവിൽ എൻ.എച്ച്.എം. മുഖേന നാല് ഡോക്ടർമാരും പഞ്ചായത്ത് പ്രോജക്ട് മുഖേന 2 ഡോക്ടർമാരും ജോലി ചെയ്തുവരുന്നുണ്ട്.

**ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

209 (217) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ അനുവദിച്ച ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിർവഹണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) അരുവിക്കര (ചെറിയകൊണ്ണി) ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി

അടങ്കൽ തുകയായ 1.50 കോടി രൂപയിൽ 30 ലക്ഷം രൂപ ടോക്കൺ പ്രൊവിഷണിനായി വകയിരുത്തിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ശിപാർശ ചെയ്ത സ്ഥലം നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഞ്ചായത്ത് പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം പരിശോധിച്ച് സാധ്യതാപഠന റിപ്പോർട്ട് നൽകുവാൻ ബഹുമാനപ്പെട്ട അരുവിക്കര എം.എൽ.എ. 10-11-2023-ന് വിളിച്ച യോഗത്തിലെ നിർദേശത്തിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ആർകിടെക്റ്റ് വിഭാഗം സൈറ്റ് സന്ദർശിച്ച് ഡ്രോയിംഗ് തയ്യാറാക്കിനൽകി. പഞ്ചായത്ത് നിലവിൽ കണ്ടെത്തിയിരിക്കുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറി നൽകിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കാൻ സാധിക്കുവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നതിനാലും പുതുതായി കണ്ടെത്തിയ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്ന നടപടികളും പൂർത്തിയാകുന്നമുറയ്ക്ക്

ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വെൺപകൽ സി.എച്ച്.സി.-ലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

210 (218) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ സി.എച്ച്.സി-ൽ പുതിയതായി ആരംഭിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വൈകുന്നതിന്റെ പേരിൽ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് തൃശ്ശൂർ

ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ്. കരാർ കാലാവധി ഉപാധികളോടെ 30-06-2024 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ഏജൻസിയുടെ സാമ്പത്തിക പ്രതിസന്ധികാരണം പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. നിർമ്മാണത്തിൽ കാലതാമസം വരുത്തുന്നതുമായി ബന്ധപ്പെട്ട് ടി നിർമ്മാണ ഏജൻസിക്കെതിരെ നിയമാനുസരണമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനം**

211 (219) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആശുപത്രിയുടെ സമീപമുള്ള സ്കൂളിന്റെ സ്ഥലം വിദ്യാഭ്യാസ വകുപ്പിൽനിന്നും വിട്ടുകിട്ടുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യം ആവശ്യപ്പെട്ട് ആരുടെയൊക്കെ നിർദേശങ്ങളാണ് ആരോഗ്യവകുപ്പിൽ രേഖാമൂലം ലഭിച്ചിട്ടുള്ളതെന്ന വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത നിർദേശങ്ങൾ ആരോഗ്യവകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്കൂളിന്റെ സ്ഥലം പൂർണ്ണമായോ ഭാഗികമായോ വിട്ടുകിട്ടുന്നതിന് വിദ്യാഭ്യാസ വകുപ്പിലേക്ക് ആരോഗ്യവകുപ്പ് കത്തുകളോ അപേക്ഷകളോ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകളും വിശദാംശങ്ങളും ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കാമോ?

(എ-സി) നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും 19-11-2023-ലെ നം.DMOH-MLPM/2299/2023-C1 കത്തുപ്രകാരം നിലമ്പൂർ നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) മേൽ കാര്യമാവശ്യപ്പെട്ട് നിലമ്പൂർ എം.എൽ.എ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; വിദ്യാഭ്യാസ, ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പ്

മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ഇതിനായി വിളിച്ചുചേർക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

നിലമ്പൂർ എം.എൽ.എ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച യോഗം വിളിച്ചുചേർക്കാവുന്നതാണ്.

**കൊയിലാണ്ടി താലൂക്കാശുപത്രി നിർമ്മാണ പ്രവൃത്തി**

212 (220) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാനായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം തത്വത്തിൽ ലഭിച്ചിട്ടും ജി.ആർ.ഐ.എച്ച്.എ. (ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റേറ്റ് അസസ്മെന്റ്)-യുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ പദ്ധതിയുടെ

എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യായ മാപ്കോസിന് കഴിയാത്തത് കാരണമാണ് പ്രസ്തുത ആശുപത്രിയുടെ പ്രവൃത്തി ആരംഭിക്കാനാവാത്തതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) കൊയിലാണ്ടി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 23-01-2020-ലെ സ.ഉ(സാധാ) നം.175/2020/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 12-10-2020-ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകാരം നൽകുകയും തുടർന്ന് 28-10-2020-ൽ 23.769 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ധനാനുമതി പരിധി ഉയർത്തുന്നതിനായി നിർവഹണ ഏജൻസിയായ വാപ്കോസ് സമർപ്പിച്ച ശിപാർശ കിഫ്ബി പരിശോധിക്കുകയും ജി.ആർ.ഐ.എച്ച്.എ.-യുടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള ശിപാർശ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ശിപാർശ എസ്.പി.വി. തലത്തിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് ജില്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി**

213 (221) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകാമോ?

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകിവരുന്നുണ്ട്. കാർഡിയോളജി ചികിത്സാസേവനം ലഭ്യമാക്കുന്നതിനായി കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിനായി ഒരു കൺസൾട്ടന്റ് ന്യൂറോ തസ്തിക സൃഷ്ടിക്കുകയും ന്യൂറോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് (കാർഡിയോളജി)-

ന്റെ സേവനം ജോലിക്രമീകരണാടിസ്ഥാനത്തിൽ കാത്ത് ലാബിനായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ വിവിധ വിഭാഗങ്ങളിലായി നൽകുന്ന സേവനങ്ങൾ, അനുവദിക്കപ്പെട്ട വിവിധ തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നൽകിവരുന്ന വിവിധ സേവനങ്ങളും അനുവദിക്കപ്പെട്ട തസ്തികകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മൂന്നാറിൽ അനുവദിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണം**

214 (222) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ആരോഗ്യവകുപ്പിന് കൈമാറ്റം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) മൂന്നാറിൽ കിഫ്ബി ഫണ്ട് മുഖേന സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി 78.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 09-05-2024-ലെ സ.ഉ(കൈ)നം.81/2024/ആർ.ഡി. പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവേ നമ്പർ 20/1 pt-ൽ ഉൾപ്പെട്ടതും നിലവിൽ ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ സ്ഥലം മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗവും കൈവശാനുഭവവും ആരോഗ്യ

വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ചെറൂപ്പ സി.എച്ച്.സി.-യിലെ തസ്തികകൾ**

215 (223) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ എക്സ്റ്റൻഷൻ സെന്ററായി പ്രവർത്തിച്ചുവന്നിരുന്ന ചെറൂപ്പ സി.എച്ച്.സി.-യുടെ ഭരണനിയന്ത്രണം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകിയ പശ്ചാത്തലത്തിൽ അന്യത്രസേവന വ്യവസ്ഥയിലും ജോലി ക്രമീകരണത്തിന്റെ ഭാഗമായും മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നവരെ തിരിച്ചുകൊണ്ടുവരുന്നതിന് മന്ത്രിതല യോഗത്തിലെടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ രീതിയിൽ ഇതര സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരാണ് നിലവിലുള്ളത്; അവരുടെ പേരും തസ്തികയും

നിലവിൽ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിലെ ജീവനക്കാർ അന്യത്ര വ്യവസ്ഥയിലും ജോലി ക്രമീകരണത്തിന്റെ ഭാഗമായും മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ല.

(സി) പ്രസ്തുത സി.എച്ച്.സി.-യിൽ അനുവദിക്കപ്പെട്ട തസ്തിക പ്രകാരമുള്ള മുഴുവൻ ജീവനക്കാരെയും അവിടെ തന്നെ നിയമിക്കുന്ന നടപടി എപ്പോൾ മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിൽ (സി.എച്ച്.സി.) നിലവിൽ അനുവദിച്ച തസ്തികകളിൽ ഒഴിവുകളില്ല.

**നാദാപുരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ**

216 (224) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ അനുവദിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) നാദാപുരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം അന്തിമഘട്ടത്തിൽ എത്തിനിൽക്കുകയാണ്. കിഫ്ബി ഫണ്ടിൽനിന്നും 1,57,00,000/- (ഒരു കോടി അൻപത്തിയേഴ് ലക്ഷം രൂപ) ചെലവിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് (കേരള ഹെൽത്ത് റിസോഴ്സ് ആൻഡ് വെൽഫെയർ സൊസൈറ്റി) ആണ് സിവിൽ നിർമ്മാണ പ്രവൃത്തിയുടെ കരാറേറ്റെടുത്തിട്ടുള്ളത്.

ഡയാലിസിസ് സെന്ററിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. നാദാപുരം താലൂക്കാശുപത്രിയിൽ നിലവിൽ 6 ലോ ടെൻഷൻ (LT) സർവീസ് കണക്ഷനാണുള്ളത്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണം

പൂർത്തിയാക്കിയ കെട്ടിടത്തിലേക്കുള്ള സർവീസ് കണക്ഷനിൽ ഡയാലിസിസിന്റെ അധിക ലോഡ് ഉൾപ്പെടുത്തി ഒറ്റ കണക്ഷനായി ഒരു 250 KVA-യുടെ പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആശുപത്രിയിലേക്കുവേണ്ടി മാത്രം വൈദ്യുതി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം ആശുപത്രിയുടെ നിലവിലെ ഇലക്ട്രിക്കൽ പാനൽ, കേബിൾ സംബന്ധമായ ജോലികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയുവാനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ ഉടൻതന്നെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**വർക്കല വെട്ടൂർ എഫ്.എച്ച്.സി.-ക്ക് പുതിയ കെട്ടിടം**

217 (225) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിലെ വെട്ടൂർ എഫ്.എച്ച്.സി.-ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ.പി. കെട്ടിടം പണിയുന്നതിന് 2019-ൽ 225 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി രണ്ടാം ഘട്ടത്തിൽ 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം ആരോഗ്യവകുപ്പ് ലഭ്യമാക്കിയ ശിപാർശയിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെയും രണ്ടാം ഘട്ടത്തിൽ ശിപാർശ ചെയ്തിട്ടുള്ള ഘടകങ്ങളുടെയും വിശദാംശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ**

218 (226) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ക്ലാർക്ക് എന്നീ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹെൽത്ത് സൂപ്പർവൈസർ - ഒഴിവ് നികത്തിയിട്ടുണ്ട്. 13-02-2024-ൽ ടി തസ്തികയിൽ ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർ - ഒഴിവ് നികത്തിയിട്ടുണ്ട്. ടി തസ്തികയിലെ ജീവനക്കാരൻ 07-06-2024 വരെ 48 ദിവസത്തെ ശൂന്യവേതനാവധിയിലാണ്.

ക്ലർക്ക് - ഒഴിവ് നികത്തിയിട്ടുണ്ട്. ടി തസ്തികയിൽ ജീവനക്കാരൻ 25-03-2024-ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

**അരുക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ്**

219 (227) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ അരുകുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ അരുകുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിൽ 50% എം.എൽ.എ. ഫണ്ടും 50% കിഫ്ബി ഫണ്ടും തുല്യമായി ഉപയോഗിച്ച് ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന്

കെട്ടിടത്തിനായി 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/- രൂപയും ചേർത്ത് ആകെ 1,75,96,748/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും നിർമ്മാണം ഏറ്റെടുത്ത ഏജൻസി ഏതെന്നും വിശദമാക്കാമോ?

തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മാണ ഏജൻസിയായ, പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28-04-2022-ൽ സ്ഥലം കൈമാറിയിരുന്നുവെങ്കിലും തടസ്സങ്ങൾ മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 10-09-2022-നാണ്.

(സി) പ്രസ്തുത നിർമ്മാണത്തിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ?

പ്രസ്തുത നിർമ്മാണത്തിന്റെ നിർവഹണ ഏജൻസി കെ.എം.എസ്.സി.എൽ.-ഉം നിർവഹണ ഉദ്യോഗസ്ഥൻ കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടറുമാണ്.

(ഡി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവൃത്തികൾ ഒരു വർഷമായി നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനത്തിനായി സാധന സാമഗ്രികളുടെ കുറവുണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും തടസ്സങ്ങൾ ഉണ്ടായതിനെത്തുടർന്ന് പ്രവൃത്തികൾ പൂർത്തിയാക്കാനായി കരാർ കാലാവധി ഉപാധികളോടെ 30-06-2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രിയിലെ ആംബുലൻസുകൾ**

220 (228) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രിയിൽ എത്ര ആംബുലൻസുകളാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ അതിൽ എത്ര ആംബുലൻസുകളാണ് രോഗികളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ?

അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആകെ 6 ആംബുലൻസുകളാണുള്ളത്. ഇതിൽ 4 ബി.എൽ.എസ്. ആംബുലൻസുകളും 2 ഐ.സി.യു. സൗകര്യത്തോടുകൂടിയ എ.എൽ.എസ്. ആംബുലൻസുകളുമാണ്. ഇതിൽ ഒരു ഐ.സി.യു. ആംബുലൻസ് നിലവിൽ അപകടത്തെത്തുടർന്ന് ഗവൺമെന്റ് അംഗീകൃത വർക്ക് ഷോപ്പിൽ റിപ്പയറിംഗിലാണ്. ഈ സ്ഥിതി പരിഹരിക്കുന്നതിനായി കെ.എം.എസ്.സി.എൽ. മുഖേന ഒരു 108 എ.എൽ.എസ്. ആംബുലൻസ് കോട്ടത്തറ ആശുപത്രിക്കുവേണ്ടി വിന്യസിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽനിന്നും ഗുരുതരാവസ്ഥയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിന് ആംബുലൻസ് ലഭിക്കാത്തതുമൂലം നിരവധി രോഗികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അട്ടപ്പാടിയിലെ ജനങ്ങളുടെ ആരോഗ്യ വിഷയത്തിൽ പ്രത്യേക പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. കോട്ടത്തറ ആശുപത്രിയിൽനിന്നും അടിയന്തര സാഹചര്യങ്ങളിൽ വിദഗ്ധ ചികിത്സക്കായി തൃശ്ശൂർ, പാലക്കാട് സർക്കാർ മെഡിക്കൽ കോളേജുകളെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. ഇതിനായി മാത്രം ഐ.സി.യു. സൗകര്യങ്ങളോടുകൂടിയ രണ്ട് എ.എൽ.എസ്. ആംബുലൻസുകളാണ് കോട്ടത്തറ ആശുപത്രിയിൽ 24 മണിക്കൂർ നേരവും പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. ഇതിൽ ഒരു ആംബുലൻസ് റിപ്പയർ വർക്കുകൾക്കായി ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിലാണ്. ഈയവസരത്തിലുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് സ്വകാര്യ മേഖലയിലുള്ള ഐ.സി.യു. ആംബുലൻസുകളുടെ സേവനംകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനായി മണ്ണാർക്കാട് മദർ കെയർ ആശുപത്രി, പാലക്കാട് പാലന ആശുപത്രി, കാരുണ്യ എ.എൽ.എസ്. ആംബുലൻസ് എന്നിവയുടെ സൗകര്യം ലഭ്യമാക്കാൻ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കനിവ് 108 പദ്ധതിയുടെ ഭാഗമായി ഒരു എ.എൽ.എസ്. ആംബുലൻസ് കെ.എം.എസ്.സി.എൽ. മുഖാന്തിരം അടിയന്തരമായി കോട്ടത്തറ ആശുപത്രിയിൽ വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ ട്രാൻസ്ഫർ ചെയ്യുമ്പോൾ എമർജൻസി ടെക്നീഷ്യൻ സേവനം ലഭ്യമല്ലാത്തപ്പോൾ പരിശീലനം ലഭിച്ച നഴ്സിംഗ് ഓഫീസറുടെ സേവനം ഉറപ്പുവരുത്തുവാൻ ആശുപത്രി സൂപ്രണ്ടിന് നിർദേശവും നൽകിയിട്ടുണ്ട്.

**ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തി**

221 (229) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എൻ.എച്ച്.എം. മുഖാന്തരം ആർ.ഒ.പി. 2023-24 പ്രകാരം

1.43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ചുമതല ഇൻകെൽ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അത് പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ടെൻഡർ അംഗീകാരം ലഭിച്ച് കോൺട്രാക്ടറുമായി കരാർ ഒപ്പിട്ടതിനുശേഷം ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്. പുതിയ കെട്ടിടത്തിൽ രജിസ്ട്രേഷൻ കൗണ്ടർ, പ്രീചെക്കപ്പ് റൂം, ഒ.പി. റൂം (3 എണ്ണം), പ്രോസീജ്യർ റൂം, ഒബ്സർവേഷൻ റൂം, നഴ്സിംഗ് സ്റ്റേഷൻ, ലാബ്, ഫാർമസി, ബ്രെസ്റ്റ് ഫീഡിംഗ് റൂം, ശുചിമുറി എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് പുതിയ മന്ദിരം**

222 (230) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24-ലെ പൊതുബജറ്റിൽ പ്രഖ്യാപിച്ച, നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്കായുള്ള 6 കോടി രൂപയുടെ പുതിയ മന്ദിര നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയ 6 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്പഷ്ടീകരണം ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോടും ആരോഗ്യവകുപ്പ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. സ്പഷ്ടീകരണം ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ഞാറക്കൽ താലൂക്കാശുപത്രിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

223 (231) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ താലൂക്കാശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പാതിവഴിയിൽ നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനത്തിനായി സാധന സാമഗ്രികളുടെ കുറവുണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും ഏജൻസിയുടെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടായതിനെത്തുടർന്ന് നിരവധി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കാനായി കരാർ കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാർ ആരെന്നും കരാർ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കുമോ; കരാറിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥപ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നിർമ്മാണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ കരാർ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

30-06-2024 വരെ നിർമ്മാണ ഏജൻസിക്ക് കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയ നടപടി**

224 (232) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയതിനെത്തുടർന്ന് ജില്ലാ ആശുപത്രിയുടെ സേവനം ലഭ്യമല്ലാതായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ജില്ലാ ആശുപത്രി മാനന്തവാടിയെ വയനാട് സർക്കാർ മെഡിക്കൽ കോളേജായി ഉയർത്തിയതിനുശേഷവും ജില്ലാ ആശുപത്രിയിൽ ലഭിച്ചുകൊണ്ടിരുന്ന എല്ലാ സേവനവും നൽകിവരുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും നിയമിച്ച ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. അപ്രകാരം ജില്ലാ ആശുപത്രിയിൽനിന്നും നൽകാൻ കഴിഞ്ഞതിലധികം മെച്ചപ്പെട്ട ചികിത്സയും സേവനവും വയനാട് മെഡിക്കൽ കോളേജിൽനിന്നും നിലവിൽ നൽകാൻ സാധിക്കുന്നുണ്ട്. ഇവിടെ കാർഡിയോളജി സംബന്ധമായ

ചികിത്സയ്ക്ക് കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ, എമർജൻസി സംവിധാനം തുടങ്ങിയവ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വയനാട് മെഡിക്കൽ കോളേജിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയത് പൂർണ്ണതോതിലുള്ള ഒരു മെഡിക്കൽ കോളേജായി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങളുള്ള സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊഴിയൂർ ആശുപത്രിയിൽ പുതിയ മന്ദിര നിർമ്മാണം**

225 (233) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ ആശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി 2023-24-ലെ സംസ്ഥാന പൊതു ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ ആശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ആരോഗ്യവകുപ്പ് ഡയറക്ടർ ഭരണാനുമതിക്കായി ലഭ്യമാക്കിയത് പരിശോധിച്ചുവരുന്നു.

**കായംകുളം താലൂക്കാശുപത്രിയിൽ നടപ്പാക്കിയ പ്രവൃത്തികൾ**

226 (234) <u>ശ്രീമതി യു. പ്രതിഭ:</u> താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി കായംകുളം താലൂക്കാശുപത്രിയിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തികൾക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

**പയ്യന്നൂർ താലൂക്കാശുപത്രി നവീകരണം**

227 (235) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ ആധുനിക ഉപകരണങ്ങൾ വാങ്ങാനായി കിഫ്ബിയുടെ ധനാനുമതി ലഭിച്ചിരുന്ന പദ്ധതിയുടെ തുടർനടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് പയ്യന്നൂർ താലൂക്കാശുപത്രിയിൽ 171 ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് കെ.എം.എസ്.സി.എൽ-ന് അനുമതി നൽകുകയും ഇതുവരെ 104 ഉപകരണങ്ങൾക്ക് വിതരണ ഉത്തരവ് നൽകുകയും ബാക്കിയുള്ള 67 ഉപകരണങ്ങൾക്കുള്ള ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലുമാണ്. പയ്യന്നൂർ താലൂക്കാശുപത്രിയിൽ ആധുനിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി വേഗത്തിൽ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി & സി) 2024 ആഗസ്റ്റ് മാസത്തോടുകൂടി പദ്ധതി പൂർത്തിയാക്കുന്നതിനായി ദർഘാസ് നടപടികൾ വേഗത്തിലാക്കി വിതരണ ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ സ്വീകരിച്ചുവരുന്നു.

**ഹോട്ടൽ പരിശോധന സംബന്ധിച്ച്**

228 (236) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഹോട്ടലുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഹെൽത്ത് സൂപ്പർവൈസർമാരുടെ മോണിറ്ററിംഗ് സംവിധാനം നിലവിൽ സജീവമായി നടക്കുന്നുണ്ടോ; മോണിറ്റർ നടത്തിയ തീയതിപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക നിലവിലില്ല.

(ബി) ഭക്ഷ്യവിഷബാധപോലുള്ള പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഹോട്ടലുകൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശവും ബോധവൽക്കരണ പരിപാടികളും നടപ്പാക്കുന്ന പദ്ധതി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ സാധിക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് കയ്പമംഗലം കൊടുങ്ങല്ലൂർ സർക്കിൾ പരിധിയിലുള്ള ഹോട്ടലുകളിലെ ജീവനക്കാർക്ക് 10-06-2024-ൽ ഭക്ഷ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കൂടാതെ ബേക്കറി, കാറ്ററിംഗ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഈ മാസം

പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

229 (237) ശ്രീ. വി. ജോയി:
ശ്രീ. പി. വി. അൻവർ:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം നടന്നിട്ടുണ്ടോ; എങ്കിൽ യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ?

ഉണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ തുടർച്ചയായി യോഗങ്ങൾ നടക്കുന്നുണ്ട്. 2024-ലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2023 ഡിസംബർ മാസം മുതൽതന്നെ നിരവധി തവണ

അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. 19-12-2023, 05-03-2024, 14-03-2024, 30-04-2024, 30-05-2024 എന്നീ തീയതികളിലും സംസ്ഥാനതല ദ്രുതകർമ്മസേനയുടെ പ്രഥമയോഗം 21-05-2024-ലും ചേരുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വിവിധ യോഗങ്ങളിലായി കൈക്കൊണ്ട തീരുമാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രോട്ടോകോളും സുരക്ഷാമാനദണ്ഡങ്ങളും കർശനമായി പാലിക്കണമെന്ന നിർദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് അതിശക്തമായ മഴ നിലനിന്ന പശ്ചാത്തലത്തിൽ, പകർച്ചവ്യാധികൾ വർധിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭാഗമായി 20-05-2024-ലെ സ.ഉ.(സാധാ)നം.1219/2024/ആ.കു.വ. ഉത്തരവുപ്രകാരം ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമന്ത്രി (ചെയർപേഴ്സൺ), പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് (കോ ചെയർമാൻ), ആരോഗ്യവകുപ്പ് ഡയറക്ടർ (കൺവീനർ), ആരോഗ്യ വകുപ്പിന് കീഴിൽവരുന്ന വിവിധ മേധാവികൾ, ആരോഗ്യ മേഖലയിലെ വിദഗ്ധർ എന്നിവരടങ്ങുന്ന 25 അംഗ സംസ്ഥാനതല ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

(ഡി) പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുന്നതിനായി എന്തെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സർക്കാർ ആശുപത്രികളിൽ രോഗികളിലെ മരുന്നു പരീക്ഷണം**

230 (238) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികളിൽ മരുന്നുപരീക്ഷണം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ രോഗികളുടെ പൂർണ്ണസമ്മതത്തോടുകൂടിയാണോ നടത്താനുദ്ദേശിക്കുന്നത്; മരുന്ന് പരീക്ഷണം നടത്തുന്നതിനായി നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ആയത് പാലിച്ചുകൊണ്ടാണോ സംസ്ഥാനത്ത് മരുന്നു പരീക്ഷണങ്ങൾ നടത്താനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള മരുന്ന് പരീക്ഷണങ്ങൾ നടത്തുന്നതുവഴി എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; ഇതുവഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ?

(ബി&സി) ബാധകമല്ല.

**മഞ്ഞപ്പിത്ത രോഗബാധ**

231 (240) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടർന്ന് പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2024-ൽ ഏതൊക്കെ പ്രദേശങ്ങളിലാണ് വ്യാപകമായ മഞ്ഞപ്പിത്തബാധയുണ്ടായത്; ആകെ എത്രപേർക്കാണ് പ്രസ്തുത കാലയളവിൽ മഞ്ഞപ്പിത്തം ബാധിച്ചത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മഞ്ഞപ്പിത്തം ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ പോത്തുകൽ, ചാലിയാർ, പെരുവള്ളൂർ, ഇരിങ്ങല്ലൂർ, പോരൂർ, പൊൻമല, പള്ളിക്കൽ, ആനക്കയം, മലപ്പുറം (പാണക്കാട്), എറണാകുളം ജില്ലയിലെ ഏലൂർ, ആവോ, വേങ്ങൂർ, കളമശ്ശേരി, മലയിടം തുരുത്ത്, നെടുമ്പാശ്ശേരി, കോതമംഗലം, മലയാറ്റൂർ, പായിപ്ര, കാലടി, ചൊവ്വര, മട്ടാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ തേക്കുംകര, അരിമ്പൂർ,

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ശ്രീകൃഷ്ണപുരം, പിരായിരി, കുമരംപുത്തൂർ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ, അത്തോളി, ഏകരൂൽ, ചെക്കിയാട്, കിഴക്കോത്ത് ചെറുവണ്ണൂർ, വേളോം, മൂടാടി വയനാട് ജില്ലയിലെ പടിഞ്ഞാറേതറ കണ്ണൂർ ജില്ലയിലെ മാലൂർ, തൃപ്പങ്ങോട്ടൂർ, പരിയാരം, ചപ്പാരപ്പടവ് കാസർഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള, എൻമകജെ എന്നീ പ്രദേശങ്ങളിൽനിന്നും ഹെപ്പറ്റൈറ്റിസ് എ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മഞ്ഞപ്പിത്തം ബാധിച്ചവരുടെയും മഞ്ഞപ്പിത്തം ബാധിച്ച് മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഇപ്രകാരം രോഗബാധ പടരാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ ഓരോ പ്രദേശങ്ങളിലും ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് മഞ്ഞപ്പിത്തം പടർന്നു പിടിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി&ഇ) എറണാകുളം ജില്ലയിൽ കുടിവെള്ള സ്രോതസ്സുകളുൾപ്പെടെയുള്ള അവലോകനത്തിൽ വാർഡ് 11-ൽ സ്ഥിതിചെയ്യുന്ന ജല അതോറിറ്റിയുടെ കുടിവെള്ള പമ്പിംഗ് സ്റ്റേഷനിലെ ക്ലോറിനേഷനും ശുചിത്വ ക്രമീകരണങ്ങളും അപര്യാപ്തമാണെന്നും പഞ്ചായത്തിലെ ജലവിതരണ പൈപ്പ്ലൈൻ ശൃംഖലയിലെ അഞ്ച് സ്ഥലങ്ങളിൽ പൈപ്പ് പൊട്ടി തന്മൂലം കുടിവെള്ളത്തിന്റെ മലിനീകരണം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പോത്തുകൽ പഞ്ചായത്തിൽ ചാലിയാർ പുഴയ്ക്ക് സമീപത്തെ കിണറിലെ വെള്ളം അണുവിമുക്തമാക്കാത്തതും രോഗ വ്യാപനത്തിനിടയായി. കൂടാതെ കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം (കക്കൂസ് മാലിന്യം കുടിവെള്ളത്തിൽ കലരാൻ ഇടയാകുന്ന സാഹചര്യം), മലിനജലം, മലിനമായ ആഹാരം എന്നിവ വഴിയും വ്യക്തികളിൽനിന്നും വ്യക്തികളിലേക്ക് സമ്പർക്കം വഴിയും രോഗവ്യാപനമുണ്ടായിട്ടുണ്ട്. രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽനിന്ന് ലഭ്യമാകുന്ന വിവിധ ടെസ്റ്റ് റിപ്പോർട്ടുപ്രകാരം ഭൂരിഭാഗം കുടിവെള്ള സ്രോതസ്സുകളും മലിനമാണ്. കൂടാതെ വിവാഹം, മരണം, മറ്റ

പൊതുപരിപാടികൾ, ജ്യൂസ് കടകൾ, ഹോട്ടൽ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന മലിനമായ ജലവും രോഗപ്പകർച്ചക്ക് കാരണമാകുന്നു.

(എഫ്) മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നത് തടയുന്നതിനും രോഗബാധിതർക്ക് യഥാസമയം ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നത് തടയുന്നതിനും ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

## ശസ്ത്രക്രിയാ പിഴവ്

232 (241) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആറാം വിരൽ മുറിച്ചുമാറ്റുന്ന ശസ്ത്രക്രിയയ്ക്കായെത്തിയ കുട്ടിയുടെ നാവിന് ഓപ്പറേഷൻ നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ശസ്ത്രക്രിയയ്ക്ക് വിധേയയായ കുട്ടിയുടെ മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതി കൂടാതെ കുട്ടിയുടെ നാവിന് ശസ്ത്രക്രിയ നടത്തിയത് ആശുപത്രി അധികൃതരുടെ ഭാഗത്തുള്ള ഗുരുതരമായ പിഴവാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ പിഴവിന് ഉത്തരവാദികൾ ആരൊക്കെയാണ്; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവം അന്വേഷിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി മൊഴികളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചികിത്സാ പിഴവുകളുണ്ടാകുമ്പോൾ ഏതെങ്കിലും ഡോക്ടറുടെയോ ജീവനക്കാരന്റെയോ ചുമലിൽ കുറ്റംചുമത്തി ആരോഗ്യരംഗത്തെ സംവിധാനങ്ങളിലെ പിഴവുകളെ മറച്ചുപിടിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുണ്ടാകാറുള്ളതെന്നും വിശദമായ അന്വേഷണവും

തിരുത്തൽ നടപടികളും ഉണ്ടാകാറില്ലെന്നും ഡോക്ടർമാരുടെ സംഘടനാ പ്രതിനിധി മാധ്യമങ്ങളിൽ അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

ഏതെങ്കിലും തരത്തിലുള്ള ചികിത്സാ പിഴവ് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ വിശദമായ അന്വേഷണം നടത്തി ആരോഗ്യ സംവിധാനങ്ങളിലെ പിഴവുകളും പരിമിതികളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരത്തിലുള്ള പരാതികളെ അതീവ ഗൗരവമായിക്കണ്ട് അതത് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും

ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്.

**ആരോഗ്യ മേഖലയിൽ കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

233 (242) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ കിഫ്ബിവഴി എത്ര കോടി രൂപ പശ്ചാത്തല സൗകര്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക ഉപയോഗിച്ച് എത്ര കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാൻ കഴിയാത്ത എത്ര കെട്ടിടങ്ങളുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ആകെ 6187.25 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. അതിൽ ആകെ 201.73 കോടി രൂപയുടെ 3 പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളതും പയ്യന്നൂർ താലൂക്കാശുപത്രി, ചിറ്റൂർ താലൂക്കാശുപത്രി, കൊട്ടാരക്കര താലൂക്കാശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി പ്രവർത്തനസജ്ജമായിട്ടുള്ളതുമാണ്. ബാക്കിയുള്ള 5985.52 കോടി രൂപയുടെ 70 പദ്ധതികൾ അവയുടെ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

സംസ്ഥാനത്ത് 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ ഫണ്ടും ഉപയോഗിച്ച് ഓരോ നിയോജകമണ്ഡലത്തിലും 1.75 കോടി രൂപ ചെലവ് വരുന്ന 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരുന്ന 90 സ്ഥാപനങ്ങളിൽ 82 സ്ഥാപനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 49

സ്ഥാപനങ്ങളിൽ പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

**പകർച്ചപനി വ്യാപനം**

234 (243) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പകർച്ചപ്പനി വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകർച്ചപ്പനി വ്യാപനം തടയാൻ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

പകർച്ചപ്പനി വ്യാപനം തടയാൻ നടപ്പിലാക്കിവരുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ചികിത്സാ പിഴവുകൾ തടയാൻ നടപടി**

235 (244) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആരോഗ്യമേഖലയിൽ അപൂർവമായെങ്കിലും ചികിത്സാ പിഴവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) ഇവയുടെ ഫലപ്രാപ്തി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിങ്ങും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി

വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക, ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനുമുമ്പായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച്

ഉറപ്പുവരുത്തണം. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം. എല്ലാ ഉപകരണങ്ങളും അലാറം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും പൂർണ്ണസജ്ജമാണെന്ന് സർജറിക്കുമുമ്പ് ഉറപ്പുവരുത്തണം. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. മേൽപ്പറഞ്ഞ നിർദേശങ്ങളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് വകുപ്പുമേധാവി തിയേറ്ററിന്റെ ചാർജ്ജുള്ളവർ, അനസ്തേഷ്യ ടീം ലീഡർ എന്നിവർ ഉറപ്പുവരുത്തണം.

ചികിത്സാപിഴവ് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ചികിത്സാ വിഭാഗം മേധാവിയിൽനിന്നും പരാതി സംബന്ധിച്ച വിശദീകരണം ആരായുകയും ആയത് തൃപ്തികരമല്ലാത്തപക്ഷം, വിദഗ്ധരും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനുമടങ്ങുന്ന സമിതിയെ അന്വേഷണത്തിനായി നിയോഗിക്കുകയും ആയതിന്റെ കണ്ടെത്തൽ/ശിപാർശ അനുസരിച്ച് പരിഹാര നടപടികൾ, ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ആവശ്യമായ

സന്ദർഭങ്ങളിൽ പോലീസും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്.

(ഡി) രോഗികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതുൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മിക്കവയിലും ഇ-ഹെൽത്ത് മുഖേന രോഗികളുടെ മെഡിക്കൽ റെക്കോർഡുകൾ, ഒ.പി, ഐ.പി, ലാബ്, ഫാർമസി എന്നിവിടങ്ങളിൽ ഡിജിറ്റൈസ് ചെയ്യപ്പെടുന്നുണ്ട്.

ആരോഗ്യ വകുപ്പിനുകീഴിൽ 588 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം നിലവിലുണ്ട്. കൂടാതെ പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ IHIP പോർട്ടലിലും നൽകുന്നുണ്ട്.

**മഞ്ഞപ്പിത്തരോഗ നിയന്ത്രണം**

236 (245) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴിഅലി:
ശ്രീ. കെ. പി. എ. മജീദ്:

**ശ്രീ. എൻ. ഷംസുദ്ദീൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മഞ്ഞപ്പിത്തരോഗം വ്യാപകമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി)പ്രസ്തുത പ്രദേശങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മഞ്ഞപ്പിത്തരോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മലപ്പുറം ജില്ലയിലെ ചാലിയാർ, പോത്തുകല്ല് പ്രദേശങ്ങളിൽ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മലപ്പുറം ജില്ലയിലെ ചാലിയാർ, പോത്തുകല്ല് പ്രദേശങ്ങളിൽ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലയിലെ ആരോഗ്യ പ്രവർത്തകർ ജനകീയ ആരോഗ്യ സമിതി, ആശ വർക്കർമാർ എന്നിവർക്ക് രോഗ ലക്ഷണമുള്ളവരെ കണ്ടെത്താനുള്ള പരിശീലനം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി ചേർന്ന് നൽകി.

- രോഗമോ, രോഗലക്ഷണമോ ഉള്ളവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ (വിശ്രമം, ഐസൊലേഷൻ) സംബന്ധിച്ച് ദൃശ്യ-ശ്രവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങൾ വഴി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിവരുന്നു.
- പാകം ചെയ്യാത്ത ഭക്ഷണങ്ങൾ, പാനീയങ്ങൾ എന്നിവയുടെ വില്പനക്ക് പ്രസ്തുത പ്രദേശങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി.
- കുടിവെള്ളത്തിനായി തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കാനായുള്ള നിർദേശം നൽകി.

- വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റികൾ വിളിച്ച് ചേർക്കുകയും ഓരോ വാർഡിലേക്കും ആരോഗ്യ പ്രശ്നങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള രൂപരേഖ തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- ഡി.എം.ഒ, ഡി.എസ്.ഒ., ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- 1, ജില്ലാ മാസ് മീഡിയ ഓഫീസർ എന്നിവർ സ്ഥലം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്തുതല യോഗത്തിൽ വിലയിരുത്തി നിർദേശങ്ങൾ നൽകിയിട്ടുണ്ട്.
- സാനിറ്ററി കക്കൂസുകൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, പൊതുജനാരോഗ്യത്തിന് ശല്യമാകാത്ത രീതിയിൽ ഖരമാലിന്യം നിർമാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

(ഡി) മഞ്ഞപ്പിത്തരോഗം വ്യാപകമാകുന്ന പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയും അതാത് സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ജലശുദ്ധീകരണ ശാലകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തിവരികയും ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്ക് അയച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സാനിറ്ററി കക്കൂസുകൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഖരമാലിന്യം നിർമാർജ്ജനം പൊതുജനാരോഗ്യത്തിന് ശല്യമാകാത്ത രീതിയിൽ ചെയ്യുന്നതിനെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ജലവിതരണ ശൃംഖലയിലുണ്ടാകുന്ന തകരാറുകൾ നിമിത്തം കുടിവെള്ളം മലിനപ്പെടുന്ന സാഹചര്യമുണ്ടായാൽ അടിയന്തര നടപടികൾ ജലസേചന/ തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖാന്തരം നടന്നുവരുന്നു.

**മാനസികാരോഗ്യ സേവനങ്ങൾ**

237 (246) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുപ്രകാരം മാനസികപ്രശ്നങ്ങളും പെരുമാറ്റ വൈകല്യങ്ങളുംമൂലം ഏറ്റവുമധികം സമ്മർദമനുഭവിക്കുന്ന ജനങ്ങളുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുന്നിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ലോകാരോഗ്യ സംഘടനയുടെ 'ലോക മാനസികാരോഗ്യ റിപ്പോർട്ട് 2022' പ്രകാരം ദാരിദ്ര്യം, സാമ്പത്തിക അരക്ഷിതാവസ്ഥ, സാമൂഹിക പാർശ്വവത്കരണം എന്നിവ മാനസിക അസുഖങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള രാഷ്ട്രങ്ങളിൽ മാനസിക രോഗങ്ങളുടെ തോത് താരതമ്യേന കൂടുതലാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

(ബി) മാനസികാരോഗ്യം ഉറപ്പുവരുത്താനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ; മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യതലത്തിൽത്തന്നെ ലഭ്യമാക്കുന്നതിനായി സമ്പൂർണ മാനസികാരോഗ്യം, ആശ്വാസം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മാനസികാരോഗ്യ സേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പുവരുത്തുവാനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 308 ക്ലിനിക്കുകൾ വഴി മാസംതോറും അൻപതിനായിരത്തിലധികം രോഗികൾക്ക് മാനസികാരോഗ്യ പരിപാടി മുഖേന ചികിത്സയും മറ്റ് മാനസിക ആരോഗ്യ സേവനങ്ങളും ലഭ്യമാകുന്നുണ്ട്. രോഗികൾക്ക് ഏറ്റവും അടുത്ത് ചികിത്സ ലഭ്യമാക്കുന്നതിനുപുറമേ പൊതുജനങ്ങൾക്കായുള്ള മാനസികാരോഗ്യ ബോധവത്കരണ പരിപാടികൾ, ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ആരോഗ്യ പ്രവർത്തകർ എന്നിവർക്കുള്ള മാനസികാരോഗ്യ പരിശീലനം, ലഹരിവിരുദ്ധ ബോധവൽക്കരണം, ആദിവാസി, തീരദേശ മേഖലകളിലെ ക്ലാസ്സുകളും

ക്യാമ്പുകളും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. 'സമ്പൂർണ മാനസികാരോഗ്യ' പദ്ധതി വഴി ആശാപ്രവർത്തകരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) തന്നെ ചികിത്സയും മറ്റുസേവനങ്ങളും ലഭ്യമാക്കുന്നു. ഇതിലൂടെ മാനസികാരോഗ്യ ചികിത്സ പ്രാഥമികാരോഗ്യ തലത്തിൽതന്നെ ലഭ്യമാക്കാനും ചികിത്സ മുടക്കുന്നവരെ കണ്ടെത്തി തിരിച്ച് ചികിത്സയിലേക്ക് എത്തിക്കുവാനും കഴിയും. ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേക്ക് കൊണ്ടുവരാൻ കഴിയുന്നു. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽതന്നെ മനോരോഗ തുടർചികിത്സ ഉറപ്പാക്കുന്നു. ഇതുവരെ 584 ഗ്രാമപഞ്ചായത്തുകളിലായി 29060 പേരെ പുതുതായി കണ്ടെത്തി ചികിത്സയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. ഈ പദ്ധതി വഴി 40594 പേർക്ക് ഇപ്പോൾ അവരുടെ അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രംവഴി മാനസികാരോഗ്യ ചികിത്സ ലഭ്യമാകുന്നു. 16145 ആശാ പ്രവർത്തകർക്ക് ഇതിന്റെ ഭാഗമായി

മാനസികാരോഗ്യ പരിശീലനവും നൽകുകയുണ്ടായി. അടുത്ത രണ്ടുവർഷംകൊണ്ട് ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

'ആശ്വാസം' പദ്ധതിപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദരോഗമുള്ളവരെ കണ്ടെത്താനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുകയുണ്ടായി. വിഷാദ രോഗനിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 403 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിയതുവഴി 131514 പേരെ സ്ക്രീൻ ചെയ്യുകയും 21100 പേരിൽ വിഷാദ രോഗമുണ്ടെന്നു കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അടുത്ത രണ്ടുവർഷംകൊണ്ട് ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

(സി) പൂർണ്ണമായോ ഭാഗികമായോ രോഗവിമുക്തി നേടിയവർക്ക് പുനരധിവാസ കേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൂർണ്ണമായോ ഭാഗികമായോ രോഗവിമുക്തിയുണ്ടാവുകയും എന്നാൽ ജോലികൾക്കൊന്നും പോകാൻപറ്റാതെ വരുന്നവർക്കായി മാനസികാരോഗ്യ പരിപാടിയിൻ കീഴിൽ സംസ്ഥാനത്താകെ 31 പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ ചികിത്സയിലായിരിക്കുകയും എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നുകഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് പകൽ വീടുകളുടെത്. രോഗികൾക്കുള്ള തൊഴിൽ പരിശീലനം, കൗൺസിലിംഗ്, മറ്റ് മനശാസ്ത്ര ചികിത്സകൾ, മരുന്ന്, ഭക്ഷണം, ഇവയൊക്കെയും പകൽവീടുകളിൽ ലഭ്യമാക്കുന്നുണ്ട്. മാനസിക രോഗികൾക്കായുള്ള മുഴുവൻസമയ പുനരധിവാസ കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) ആത്മഹത്യാനിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് ജീവരക്ഷ എന്ന പേരിൽ സംസ്ഥാനമൊട്ടാകെ ആത്മഹത്യ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ആത്മഹത്യാനിരക്ക് കുറയ്ക്കാനായി ആരംഭിച്ചതാണ് 'ജീവരക്ഷ' ആത്മഹത്യാ പ്രതിരോധ പദ്ധതി. സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിനാവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. മാനസിക വിഷമങ്ങളുള്ളവരുമായി ഇടപഴകുന്ന കമ്മ്യൂണിറ്റി ഗേറ്റ് കീപ്പേഴ്സിന് (ആരോഗ്യ പ്രവർത്തകർ, പോലീസ്, അധ്യാപകർ, ജനപ്രതിനിധികൾ, മതപുരോഹിതർ തുടങ്ങിയവർക്ക്) പരിശീലനം നൽകുന്നു. ആത്മഹത്യയുടെ അപകട സൂചനകൾ, മനശാസ്ത്ര പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പ്രധാനമായും പരിശീലനം. ഇതുവരെ 251 ബാച്ചുകളിലായി 14745 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 24 മണിക്കൂറും സേവനം ലഭ്യമായിട്ടുള്ള "ടെലി മനസ്സ് -14416" ടോൾ ഫ്രീ നമ്പറും ഇതോടൊപ്പം പ്രവർത്തിച്ചുവരുന്നു.

## രാത്രികാല പോസ്റ്റ്മോർട്ടം

238 (247) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയിലിരിക്കുന്ന രോഗികൾ ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ മരണപ്പെട്ടാൽ പോസ്റ്റ്മോർട്ടം നടത്തണമെന്ന നിബന്ധന നിലവിലുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) രോഗബാധയും പ്രായാധിക്യവുംമൂലം ദീർഘകാലം ചികിത്സയിലിരിക്കുന്നവർ ആശുപത്രിയിലെത്തുന്നതിനുമുമ്പ് മരണമടഞ്ഞാൽ പോസ്റ്റ്മോർട്ടം നടത്തേണ്ടിവരുമെന്നതിനാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ചികിത്സയിലിരിക്കുന്ന രോഗികൾ ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ മരണപ്പെട്ട് ആശുപത്രിയിലെത്തിയാൽ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ അക്കാര്യം പോലീസിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

തുടർന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരാണ് പോസ്റ്റ്മോർട്ടം ആവശ്യമുണ്ടോയെന്ന കാര്യം തീരുമാനിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ എപ്രകാരം കൈക്കൊള്ളണമെന്നത് തീരുമാനിക്കുന്നതും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനാണ്.

(സി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് രാത്രികാല പോസ്റ്റ്മോർട്ടത്തിന് നിലവിൽ സംവിധാനം ഒരുക്കിയിട്ടുള്ളത്; രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം എല്ലാ ജില്ലകളിലെയും കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടന്നുവരുന്നുണ്ട്. പ്രത്യേക/ അടിയന്തര സാഹചര്യങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മെഡിക്കൽ കോളേജുകളിലൂൾപ്പെടെ രാത്രികാല പോസ്റ്റ്മോർട്ടം നടത്തി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിന്

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിപ ഗവേഷണകേന്ദ്രം**

239 (248) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. ടി. എ. റഹീം:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റെസിലിയൻസ് എന്ന ഗവേഷണകേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) നിർദ്ദിഷ്ട ഗവേഷണകേന്ദ്രം സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയുടെ യശസ്സുയർത്തുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിപ അന്താരാഷ്ട്ര ഗവേഷണകേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള സി.വി.ആർ. തയ്യാറാക്കിയിട്ടുണ്ടോ?

(ബി&സി) 2023 സെപ്റ്റംബർ മാസം നിപ ബാധയുണ്ടായ സമയത്തുതന്നെ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റെസിലിയൻസ് സംസ്ഥാനത്ത് ആരംഭിക്കുന്ന വിഷയം ഗൗരവമായി പരിശോധിക്കുകയും തുടർന്ന് 31-01-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2024/H&FWD പ്രകാരം പ്രസ്തുത സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതുസംബന്ധിച്ച ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ അഡീഷണൽ പ്രൊഫസർ ഡോക്ടർ ടി. എസ്. അനീഷിനെ അദ്ദേഹത്തിന്റെ നിലവിലെ ചുമതലകൾക്കുപുറമെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തെ ആഗോളതലത്തിൽതന്നെ പ്രാധാന്യമുള്ള ഒരു പഠന-ഗവേഷണ-സാമൂഹിക സ്ഥാപനമായി ഉയർത്തുന്നതിനായി ഉദ്ദേശിക്കുന്നതിനാൽ, അതിന്റെ രൂപകൽപ്പന, പ്രവർത്തന രീതികൾ,

ഉദ്ദേശലക്ഷ്യങ്ങൾ തുടങ്ങിയവ വിശദമാക്കികൊണ്ട് ഒരു ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ധരുടെ സേവനം ആവശ്യമായുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിപ രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ അത് വളരെ നേരത്തെ കണ്ടെത്തുകയും ലഭ്യമായ ഏറ്റവും മെച്ചപ്പെട്ട ചികിത്സ നൽകി അണുബാധയുണ്ടായവരെ രക്ഷിക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം നിലവിൽ നമുക്കുണ്ട്. 2023-ൽ നിപ അണുബാധയുണ്ടായ ആറുപേരിൽ നാലുപേരുടെയും ജീവൻ രക്ഷിക്കാൻ നമുക്കായി. നാളെ ഒരു മഹാമാരി ആകാൻപോലും സാധ്യത കൽപ്പിക്കുന്ന ഒരു രോഗമാണ് നിപ എന്നതിനാൽ അണുബാധ കൂടുതൽ ആളുകളിൽ എത്തുന്നത് തടയുക, രോഗം കണ്ടെത്താനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അത് എത്രയും നേരത്തെ കണ്ടെത്തുകയും ചെയ്യുക, രോഗികൾക്ക് ലഭ്യമായ മികച്ച ചികിത്സ നൽകി കഴിയുന്നത്ര ആളുകളെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വളരെ വലിയ പ്രാധാന്യമുണ്ട്. ഇതിനകം രോഗത്തെ

അതിജീവിച്ചവരുടെ രക്തത്തിൽനിന്നും പ്രതിരോധകോശങ്ങൾ വേർതിരിച്ചെടുത്ത് മോണോക്ലോണൽ ആന്റിബോഡികൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയയും ആരംഭിക്കാൻ 2023-ൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാളെ മറ്റൊരു പ്രദേശത്ത് നിപ പടർന്നുപിടിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെ ഉൾപ്പെടെ ജീവൻ രക്ഷിക്കുന്നതിനും തദ്ദേശീയമായി വികസിപ്പിക്കുന്ന മോണോക്ലോണൽ ആന്റിബോഡികൾക്ക് കൂടുതൽ കഴിയും. നിപ അനുഭവങ്ങളുള്ള ഒരു പ്രദേശം എന്ന നിലയിൽ ആഗോളതലത്തിൽതന്നെ നമ്മുടെ കടമ നിറവേറ്റുന്നതിന്റെ ഭാഗം കൂടിയായാണ്  ഈ ഗവേഷണ സ്ഥാപനത്തെ കാണുന്നത്. നിപ മാത്രമല്ല അതീവ പ്രഹരശേഷിയും അതീവ വ്യാപനശക്തിയുമുള്ള ഹൈ ത്രെട്ട് പകർച്ചവ്യാധികളായ പക്ഷിപ്പനി, കുരങ്ങുപനി തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. നിപയുടെ പശ്ചാത്തലത്തിലാണ് രൂപപ്പെടുന്നതെങ്കിലും വലിയ മരണനിരക്കും അവശതകളുമുണ്ടാക്കാൻ കഴിയുന്ന മഹാമാരികളാകാൻ സാധ്യത കൽപ്പിക്കുന്ന എല്ലാ രോഗങ്ങളെയും ഏകാരോഗ്യ സമീപനത്തോടെ പഠിക്കുകയും പ്രതിരോധ മാർഗ്ഗങ്ങൾ

ആരായുകയും അവ നടപ്പിലാക്കാൻ സർക്കാരിന് മാർഗ്ഗനിർദേശം നൽകുകയും ചെയ്യുക എന്നതാണ് കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റേസിലിയൻസ്-ന്റെ ലക്ഷ്യം.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിലെ നിലവിലെ ഗവേഷണ കേന്ദ്രത്തിൽ പ്രസ്തുത ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് പര്യാപ്തമാണോയെന്നും കൂടുതൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

നിപയ്ക്ക് വേണ്ടിയുള്ള വൺ ഹെൽത്ത് സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. എന്നാൽ മെഡിക്കൽ കോളേജിലുള്ള സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ടും രോഗത്തിന്റെ എപിഡെമിയോളജിക്കലായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടും കോഴിക്കോട് ജില്ലയിൽതന്നെ ഈ സ്ഥാപനം നിലനിർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആകയാൽ ഇക്കാര്യമെല്ലാം

പരിഗണിച്ച് ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പൊതുജനാരോഗ്യ രംഗത്തെ മികവ് നിലനിർത്താൻ നടപടി**

240 (249) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യരംഗത്തെ ചില ഒറ്റപ്പെട്ട പിഴവുകളും അശ്രദ്ധയുംമൂലമുണ്ടായിട്ടുള്ള സംഭവങ്ങളെ പെരുപ്പിച്ചുകാണിച്ച്, കേരളം പൊതുജനാരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുജനാരോഗ്യ രംഗത്തുണ്ടായിട്ടുള്ള ചില ഒറ്റപ്പെട്ട പിഴവുകളെ പെരുപ്പിച്ച് കാണിച്ച് കേരളം പൊതുജനാരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തികാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് തന്നെയാണ് കാണേണ്ടത്. ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സമയത്തുതന്നെ സ്ഥാപനതലത്തിൽ പരിഹരിക്കുന്നതിന്

ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ പരിപാലനത്തിൽ അശ്രദ്ധയും പിഴവുംമൂലമുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ജാഗ്രതയും മികച്ച പ്രവർത്തനങ്ങളും തുടരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ പരിപാലനരംഗത്ത് പിഴവുകൾ ഉണ്ടാകാതിരിക്കാനായി ശക്തമായ ചികിത്സാ ഗുണനിലവാരവും രോഗികളുടെ സുരക്ഷാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു. പിഴവുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് ആവർത്തിക്കപ്പെടാതിരിക്കാൻ സമഗ്രമായ അന്വേഷണങ്ങളും വിശകലനവും നടത്തി തെളിവുകൾ അടിസ്ഥാനമാക്കിയുള്ള മാർഗനിർദേശങ്ങൾ നൽകിവരുന്നു. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ

കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പുമേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക, ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനുമുമ്പായി കുറഞ്ഞത് രണ്ട് തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്റ്റെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം. എല്ലാ ഉപകരണങ്ങളും, അലാറം ഉൾപ്പടെയുള്ള മറ്റ് സംവിധാനങ്ങളും പൂർണ്ണസജ്ജമാണെന്ന് സർജറിക്കുമുമ്പ് ഉറപ്പുവരുത്തണം. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. മേൽപ്പറഞ്ഞ നിർദേശങ്ങളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് വകുപ്പ് മേധാവി തിയേറ്ററിന്റെ ചാർജ്ജുള്ളവർ, അനസ്തേഷ്യ ടീം ലീഡർ എന്നിവർ ഉറപ്പുവരുത്തണം.

ചികിത്സാ പിഴവ് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ചികിത്സാ വിഭാഗം മേധാവിയിൽനിന്നും പരാതി സംബന്ധിച്ച വിശദീകരണം ആരായുകയും ആയത് തൃപ്തികരമല്ലാത്തപക്ഷം, വിദഗ്ധരും

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനുമടങ്ങുന്ന സമിതിയെ അന്വേഷണത്തിനായി നിയോഗിക്കുകയും ആയതിന്റെ കണ്ടെത്തൽ/ശിപാർശ അനുസരിച്ച് പരിഹാര നടപടികളും ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ പോലീസും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്കെതിരായി നടക്കുന്ന വ്യാജ പ്രചാരണങ്ങൾ അവിടെ നടന്നുവരുന്ന മികച്ച ആരോഗ്യ പരിപാലനത്തെയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ടോ എന്നറിയിക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്കെതിരെയുള്ള വസ്തുതാപരമായ ആരോപണങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ഇവ ആവർത്തിക്കാതിരിക്കാനാവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ തുടർച്ചയായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ചില മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത് പൊതുജനങ്ങളിൽ ആശങ്ക

സൃഷ്ടിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെ മനോവീര്യം തകർക്കുന്നതിനും കാരണമാവുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

**കണ്ണൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ ടെലി കോബാൾട്ട് മെഷീൻ**

241 (251) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ ടെലി കൊബാൾട്ട് മെഷീൻ 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ ശീർഷകത്തിൽനിന്നും തുക ചെലവഴിച്ച് വാങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീൻ വാങ്ങുന്നതിനാവശ്യമായ തുക 2023-24 വർഷത്തിലെ പ്ലാൻ ശീർഷകത്തിൽനിന്നും വിനിയോഗിക്കാൻ തടസ്സമുള്ളതിനാൽ KASP ഫണ്ടിൽനിന്നും പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള പുതുക്കിയ

ഭരണാനുമതി നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരിക്കുകയാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ പിഴവ്**

242 (253) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആറാം വിരൽ നീക്കം ചെയ്യാനെത്തിയ നാലുവയസ്സുകാരിക്ക് നാവിന് ശസ്ത്രക്രിയ നടത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഓപ്പറേഷനിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്വേഷണവിധേയമായി സർവീസിൽനിന്നും അന്നുതന്നെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി സംഭവത്തെ കുറിച്ച് അന്വേഷണം നടത്തിയ കമ്മിറ്റിയുടെ കണ്ടെത്തലിൽ ഓപ്പറേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഡോക്ടറുടെ ഭാഗത്തുനിന്നുമുണ്ടായ ക്ലറിക്കൽ മിസ്റ്റേക്കാണ് ഇത്തരമൊരു സംഭവത്തിലേയ്ക്ക് നയിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ കാര്യക്ഷമമായാണ് പ്രവർത്തിച്ചുവരുന്നത്. എന്നിരുന്നാലും ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ജാഗ്രത പുലർത്തുന്നുണ്ട്.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ

അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിലാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായൊരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്.

സമാനമായ സംഭവങ്ങൾ വിശകലനം ചെയ്ത് ആയത് ആവർത്തിക്കാതിരിക്കുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

1. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക.

2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനുമുമ്പായി കുറഞ്ഞത് രണ്ടുതവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുക.

3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.

4.ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.

5. എല്ലാ ഉപകരണങ്ങളും സർജറിക്ക് വേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണസജ്ജമാണെന്ന് സർജറിക്കുമുമ്പ് ഉറപ്പുവരുത്തണം.

6. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം.

**പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ**

243 (254) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജ് നിർമ്മിക്കുന്നതിനും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ തുടർ വികസനങ്ങൾക്കായി 20 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത ഭൂമി ഏറ്റെടുത്തതിനുശേഷം കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിനാവശ്യമായ ഭൂമി പ്രത്യേകമായി തരം തിരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണത്തിന്റെയും ഐ.ഡി. ബ്ലോക്ക് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടുള്ള ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം 07-12-2023-ൽ ആരംഭിക്കുകയും ഗ്രൗണ്ട് ഫ്ലോർ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. നിലവിൽ സെക്കന്റ് ഫ്ലോറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഐ.ഡി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി. പ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് മെഡിക്കൽ കോളജിൽ രോഗിക്ക് ശസ്ത്രക്രിയ ചെയ്തതിലെ പിഴവ്**

244 (255) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളജിൽ രോഗിക്ക് ശസ്ത്രക്രിയ ചെയ്യേണ്ട ഭാഗത്തിനുപകരം മറ്റൊരു ഭാഗത്ത് ശസ്ത്രക്രിയ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) പ്രസ്തുത സംഭവത്തിൽ ശസ്ത്രക്രിയയുടെ ഏകോപനത്തിലും ഉത്തരവാദിത്വം നിറവേറ്റുന്നതിലുമുണ്ടായ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഡോക്ടർമാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ഇതിനായി രൂപീകരിച്ച അന്വേഷണ കമ്മിറ്റി മൊഴികളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്നേ ദിവസംതന്നെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം നിരുത്തരവാദപരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസ്സുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും

തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

1. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ എന്നിവ പിന്തുടരുക.

2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനുമുമ്പായി കുറഞ്ഞത് രണ്ടുതവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുക.

3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്റ്റെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.

4. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.

5. എല്ലാ ഉപകരണങ്ങളും, സർജറിക്കുവേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണസജ്ജമാണെന്ന് സർജറിക്ക് മുമ്പ് ഉറപ്പുവരുത്തണം.

6. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം.

**സർവീസ് ആനുകൂല്യങ്ങൾ**

245 (257) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചോറോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സേവനം ചെയ്തുവരവെ മരണപ്പെട്ട സീനിയർ ക്ലർക്ക് ബാലചന്ദ്രൻ എം.വി.-യുടെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ 2690/2024

ഇഡി2 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ചോറോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ സീനിയർ ക്ലാർക്കായി സർവ്വീസിലിരിക്കെ മരണപ്പെട്ട ബാലചന്ദ്രൻ എം.വി. സർവീസിൽ ഹാജരാകാതിരുന്ന കാലയളവുകൾക്ക് അർഹതപ്പെട്ട അവധി അനുവദിച്ച് വിട്ടുനിന്ന കാലയളവുകൾ ക്രമീകരിച്ച് ഉത്തരവാകുന്നതിനും നിയമാനുസൃതമായ പെൻഷൻ ആനുകൂല്യങ്ങൾ ഉടൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാൻ 18-04-2024-ലെ ഡി.എച്ച്.എസ്./2690/2024-ഇ.ഡി.2 നമ്പർ കത്തുപ്രകാരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിച്ച് ടിയാന്റെ കുടുംബാംഗങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, ബാലചന്ദ്രൻ എം.വി. സേവനത്തിൽനിന്നും വിട്ടുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി

ക്രമീകരിച്ചിട്ടുണ്ട്. കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ആശ്രിതയായ ഭാര്യയുടെ അപേക്ഷയും ആവശ്യമായ രേഖകളും പെൻഷൻ പുസ്തകവും ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് 28-05-2024-ൽ ചോറോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ലഭ്യമായാൽ പരിശോധിച്ച് തുടർനടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്.

**സർക്കാർ ആശുപത്രികളിൽ ബെഡ് സ്ട്രെങ്ത്തിനനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത് നടപ്പാക്കൽ**

246 (258) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ബെഡ് സ്ട്രെംഗ്ത്തിനനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെംഗ്ത് നടപ്പിൽവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ കാലാനുസൃതമായി നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ വരുത്തിയിട്ടുണ്ട്. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്വങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത്

നവകേരള കർമ്മ പദ്ധതി ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയതുമുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളുൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുവരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാദമിക നിലവാരം ഉയർത്താനും അതോടൊപ്പംതന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുപുറമെ ദേശീയ

ആരോഗ്യമിഷൻ/ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കാസ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക് വ്യവസ്ഥ തുടങ്ങിയവ മുഖേന ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിലവിൽ 6342 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 3391 അധ്യാപക വിഭാഗം ഡോക്ടർമാരും ഉൾപ്പെടെ മൊത്തം 9733 സ്ഥിരം ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) 2023-24 കാലയളവിൽ കേന്ദ്ര-സംസ്ഥാന സംയോജിത ആരോഗ്യ സ്കീമുകളിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള ആകെ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ; സ്കീമുകൾ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ദേശീയ ആരോഗ്യ മിഷന് ഗ്രാന്റ് ഇനത്തിൽ 371.20 കോടി രൂപയും റീഇംബേഴ്സ്മെന്റ് ഇനത്തിൽ 278.27 കോടി രൂപയും പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ (PMABHIM)-ന് ക്യാഷ് ഗ്രാന്റ് ഇനത്തിൽ 12.23 കോടി രൂപയും കുടിശ്ശിക ഉണ്ട്.

**വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ**

247 (259) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂടങ്കല്ലിലെ വെള്ളരിക്കുണ്ട് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, അമ്മയും കുഞ്ഞും ആശുപത്രി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ആർ.ഒ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. 10 ബെഡുകൾ ലഭ്യമായിട്ടുണ്ട്, ഡയാലിസിസ് മെഷീനുകൾ 10 എണ്ണം കിഫ്ബി മുഖേന കെ.എം.എസ്.സി.എൽ (KMSCL)-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ജനറേറ്റർ കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി പൂടങ്കല്ലിൽ ലക്ഷ്യ നിലവാരത്തിലുള്ള അമ്മയും കുഞ്ഞും പ്രസവവാർഡിന്റെ കെട്ടിട നിർമ്മാണ

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ആകെ അനുവദിച്ച തസ്തികകൾ, അവയിൽ നിലവിലുള്ള ഒഴിവുകൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഒഴിവുകളുണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അസിസ്റ്റന്റ് സർജൻ, സി.എം.ഒ. തസ്തികകളിലെ ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നിയമന നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമനം നടക്കുന്നതുവരെ അഡ്ഹോക് വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 വിഭാഗത്തിന്റെ നിയമനം**

248 (260) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ 2024 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II വിഭാഗത്തിൽ പി.എസ്.സി. നിയമനത്തിന് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും വിശദമാക്കുമോ?

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II നിയമനം സംസ്ഥാനതലത്തിലാണ് നടത്തപ്പെടുന്നത്. 2013 മുതൽ 2024 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലുമായി സംസ്ഥാന തലത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ 4553 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 4476 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

അവശേഷിക്കുന്ന 77 പി.എസ്.സി നിയമന ശിപാർശകളിലേക്കുള്ള നിയമന നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽനിന്നും ശൂന്യവേതനാവധി എടുത്തവരുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽനിന്നും ശൂന്യവേതനാവധി എടുത്തവരുടെ എണ്ണം, ജോലി ചെയ്തിരുന്ന സ്ഥാപനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് - 179

കൊല്ലം മെഡിക്കൽ കോളേജ് - 35

ആലപ്പുഴ മെഡിക്കൽ കോളേജ് - 64

കോട്ടയം മെഡിക്കൽ കോളേജ് - 114

കോന്നി മെഡിക്കൽ കോളേജ് - 12

എറണാകുളം മെഡിക്കൽ കോളേജ് - 6

തൃശ്ശൂർ മെഡിക്കൽ കോളേജ് - 162

കോഴിക്കോട് മെഡിക്കൽ കോളേജ് - 176

കാസർഗോഡ് മെഡിക്കൽ കോളേജ് - 4

ദന്തൽ കോളേജ്, ആലപ്പുഴ – 1

ദന്തൽ കോളേജ്, കോട്ടയം - 1

കണ്ണാശുപത്രി, തിരുവനന്തപുരം - 1

ആകെ ശൂന്യവേതനാവധി എടുത്ത സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ എണ്ണം 755.

**ബ്ലീച്ചിംഗ് പൗഡർ ടെൻഡറുകൾ**

249 (261) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.) ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ടെൻഡറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ടെൻഡർ നടപടികളിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുകയും വ്യക്തമാക്കുമോ?

(എ&ബി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനായി 2024-25 സാമ്പത്തിക വർഷം ടെൻഡർ ക്ഷണിച്ചിട്ടില്ല.

(സി) ബ്ലീച്ചിംഗ് പൗഡർ വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസ് ഓർഡറിന്റെയും മറ്റ് കരാറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

ബ്ലീച്ചിംഗ് പൗഡർ വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസ് ഓർഡറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനായി കരാർ നൽകിയ കെ.എസ്.ഡി.പി.എൽ. എന്ന സ്ഥാപനത്തിന് ബ്ലീച്ചിംഗ് പൗഡർ ഉല്പാദനം, റീപായ്ക്കിംഗ്, വിതരണം എന്നിവ സംബന്ധിച്ച ലൈസൻസുകളുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

കെ.എസ്.ഡി.പി.എൽ., ബ്ലീച്ചിംഗ് പൗഡറിന്റെ മാർക്കറ്റിംഗ് മാത്രമാണ് ചെയ്യുന്നതെന്നതിനാൽ ലൈസൻസ് ആവശ്യമില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കെ.എം.എസ്.സി.എൽ. 2023-ൽ വാങ്ങിയ ബ്ലീച്ചിംഗ് പൗഡർ പൂർണ്ണമായി ഉപയോഗിച്ചിരുന്നോയെന്നും അവശേഷിച്ചവ എന്ത് ചെയ്തുവെന്നും വിശദമാക്കാമോ?

2023-ൽ 883170 ബ്ലീച്ചിംഗ് പൗഡർ പായ്ക്കുകൾക്ക് വിതരണോത്തരവുകൾ നൽകുകയും 618470 പായ്ക്ക് ബ്ലീച്ചിംഗ് പൗഡർ കമ്പനികൾ സപ്ലൈ ചെയ്യുകയും ചെയ്തു. കൂടാതെ 2023 മേയ് മാസത്തിൽ കൊല്ലം, തിരുവനന്തപുരം കിൻഫ്ര, ആലപ്പുഴ എന്നീ സംഭരണ ശാലകളിലുണ്ടായ തീപിടിത്തത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇനം കൂടുതൽ സുരക്ഷിതമായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ വെയർഹൗസുകൾ വാടകയ്ക്കെടുത്ത് സൗകര്യപ്രദമായി സൂക്ഷിക്കുകയും ചെയ്തു. ഇടുക്കി, കോട്ടയം, എറണാകുളം വെയർഹൗസുകളിൽനിന്നും യഥാക്രമം 9300, 30392, 15451 എണ്ണം ബ്ലീച്ചിംഗ് പൗഡർ പായ്ക്കുകൾ വിതരണക്കാരന് തിരികെ നൽകുകയും ഇതിനുശേഷം ഗുണനിലവാര പരിശോധന വിഭാഗത്തിന്റെയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും അനുമതിപ്രകാരം 03-05-2024-ലെ റിലീസ്

മെമ്മോയോടുകൂടി വിതരണം പുനരാരംഭിക്കുകയും ആരോഗ്യ സ്ഥാപനങ്ങളിൽ പൂർണമായും വിതരണം ചെയ്ത് തീർക്കുകയും ചെയ്തു.

**കാട്ടാക്കടയിലെ ആരോഗ്യരംഗത്തെ വികസനം**

250 (262) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി ആരോഗ്യവകുപ്പിനുകീഴിൽ 2016 മേയ് മുതൽ 2024 ഏപ്രിൽ വരെ നടന്ന വികസനപ്രവർത്തനങ്ങളും ലഭ്യമാക്കിയ മറ്റ് സൗകര്യങ്ങളും എന്തൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**മലയിൻകീഴ് പഞ്ചായത്ത്**

താലൂക്ക് ആസ്ഥാന ആശുപത്രി, മലയിൻകീഴ്

- 10 ലക്ഷം രൂപ ചെലവിൽ എക്സ് റേ യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു.

- 4,97,000/-രൂപ ചെലവിൽ ലബോറട്ടറിയുടെ നവീകരണം പൂർത്തിയാക്കി.
- 23.31 കോടി രൂപ ചെലവഴിച്ച് കിഫ്ബി പദ്ധതിപ്രകാരം ആശുപത്രിയിലെ പുതിയ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. നിലവിൽ 68 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

**വിളപ്പിൽ പഞ്ചായത്ത്**

<u>സാമൂഹികാരോഗ്യ കേന്ദ്രം, വിളപ്പിൽ</u>

വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിപ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

**കാട്ടാക്കട പഞ്ചായത്ത്**

<u>കുടുംബാരോഗ്യ കേന്ദ്രം, കാട്ടാക്കട</u>

പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുകയും മെച്ചപ്പെട്ട ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

**പള്ളിച്ചൽ പഞ്ചായത്ത്**

കുടുംബാരോഗ്യ കേന്ദ്രം, പള്ളിച്ചൽ

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിലേക്കായി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -2, ഫാർമസിസ്റ്റ്-1. ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**മാറനല്ലൂർ പഞ്ചായത്ത്**

പ്രാഥമികാരോഗ്യ കേന്ദ്രം, മാറനല്ലൂർ

10 ലക്ഷം രൂപ ചെലവഴിച്ച് പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും അവ പ്രവർത്തിച്ചുവരികയും ചെയ്യുന്നു

**വിളവൂർക്കൽ പഞ്ചായത്ത്**

കുടുംബാരോഗ്യ കേന്ദ്രം, വിളവൂർക്കൽ

പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി

ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിൽ 2016 മേയ് മുതൽ 2024 ഏപ്രിൽ വരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**ബ്ലീച്ചിംഗ് പൗഡർ ലഭ്യത**

251 (263) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന ബ്ലീച്ചിംഗ് പൗഡർ കൊല്ലം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യാനുസരണം ലഭ്യമാണെന്നത് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ ആദ്യഘട്ട ഉപയോഗത്തിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ കേരള മെഡിക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവീസസ് കോർപ്പറേഷന്റെ ഭാഗമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് മുഖാന്തരം സംഭരിച്ച് കൊല്ലം ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങുന്നതിന് ആരോഗ്യസ്ഥാപനങ്ങൾക്ക് ഏതെല്ലാം ഫണ്ടുകൾ വിനിയോഗിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്കാവശ്യമായ അവശ്യമരുന്നു പട്ടികയിലുൾപ്പെട്ട മരുന്നുകൾ, ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള മറ്റനുബന്ധ സാമഗ്രികൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുമേധാവികൾ മുഖേന സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിനനുസൃതമായി ദർഘാസ് നടപടിക്രമങ്ങളിലൂടെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി സൗജന്യമായി നൽകി വരുന്നുണ്ട്. കൂടാതെ,

അവശ്യഘട്ടങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അനുവദിക്കുന്ന ഫണ്ട്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഫണ്ട്, ലഭ്യമായ മറ്റ് പ്രോജക്ട് ഫണ്ടുകൾ എന്നിവ ഉപയോഗിച്ചും മരുന്നുകളും ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള സാധനങ്ങളും ആരോഗ്യ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങിവരുന്നുണ്ട്.

**കോവിഡാനന്തര ജീവിതശൈലീ രോഗങ്ങൾ**

252 (265) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്തെ ആരോഗ്യ മേഖലയെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്തെ ജനങ്ങളിൽ ആകസ്മികമരണമുൾപ്പെടെ നിരവധി ആരോഗ്യ പ്രശ്നങ്ങൾ വർധിച്ചുവരുന്നുവെന്ന ആശങ്ക വ്യാപകമായി നിലനിൽക്കുന്നുണ്ട്. എന്നാൽ

ഈ രോഗങ്ങളും രോഗങ്ങളെ തുടർന്നുള്ള മരണങ്ങളും കോവിഡ് മഹാമാരിയുടെ അനന്തര ഫലമായി ഉണ്ടാകുന്നതാണെന്ന് വെളിവാകുന്ന ശാസ്ത്രീയമായ തെളിവുകൾ ഒന്നുംതന്നെ ലഭ്യമല്ലാത്തതിനാൽ ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും ആരോഗ്യവകുപ്പിന് കീഴിൽ നടത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് ദേശീയവും അന്തർദേശീയവുമായി ലഭ്യമായ വിദഗ്ധാഭിപ്രായങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിക്കുശേഷം ജീവിതശൈലി രോഗങ്ങളും രക്തസമ്മർദ്ദത്തെത്തുടർന്നുള്ള ആകസ്മിക മരണനിരക്കും വർധിക്കുന്നതായി പറയപ്പെടുന്നതിൽ വസ്തുതയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തയ്യാറാവുമോ?

കോവിഡ് മഹാമാരിക്കുശേഷം ജീവിതശൈലീരോഗങ്ങളായ രക്താതിമർദ്ദം, പ്രമേഹം, ഹൃദ്രോഗം, വൃക്കരോഗം, കരൾരോഗം തുടങ്ങിയ രോഗങ്ങൾ വർധിക്കുന്നതായും ചെറുപ്പക്കാരിൽപോലും ആകസ്മിക മരണം

വർധിക്കുന്നുവെന്ന ആശങ്കകൾ വ്യാപകമായി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈവിധ രോഗങ്ങൾ കോവിഡിന്റെ അനന്തരഫലമായി ഉണ്ടാകുന്നതാണെന്ന് തെളിയിക്കുന്ന ശാസ്ത്രീയ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ കോവിഡ് മഹാമാരിക്കുശേഷം രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ പര്യവേഷണം ഊർജ്ജിതമായതും ജനങ്ങളിൽ ആരോഗ്യ അവബോധം വർധിച്ചതും ഇത്തരം രോഗങ്ങൾ കൂടുതലായി കണ്ടുപിടിക്കുന്നതിനും കാരണമായിട്ടുണ്ട്.

**പഠനാവശ്യത്തിന് മൃതശരീരം നൽകുന്ന നടപടി**

253 (266) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാർഥികളുടെ പഠനാവശ്യത്തിനായി നൽകുന്ന നടപടി പ്രോത്സാഹിപ്പിക്കുന്നതിനും അപ്രകാരം നൽകുന്ന ശരീരം കൃത്യമായി സ്വീകരിക്കുന്നതിനും സർക്കാർ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജീവിച്ചിരിക്കുമ്പോൾ സ്വയം നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള മൃതശരീരദാനം ഇപ്പോൾ കൂടുതലായി നടന്നുവരുന്നുണ്ട്. ഇതിലേക്ക് ആകർഷിക്കാനും മൃതശരീരദാനം സമൂഹത്തിൽ കൂടുതൽ സ്വീകാര്യമാക്കാനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മുൻകാലങ്ങളെ അപേക്ഷിച്ച് മരണശേഷം മൃതദേഹം ഏറ്റെടുക്കുന്നതിലേക്കുള്ള നടപടിക്രമങ്ങൾ ജനങ്ങൾക്ക് സ്വീകാര്യമാകുംവിധം ലളിതമാക്കിയിട്ടുണ്ട്.
- സമ്മതപത്രം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗത്തിൽ എല്ലാവരും കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- വിവിധ സാമൂഹിക സേവന പ്രതിബദ്ധതയുള്ള സംഘടനകൾവഴി മൃതശരീര ദാനത്തിന്റെ ആവശ്യകത ജനങ്ങളിലേക്ക് എത്തിച്ചുവരുന്നു. കൂടാതെ മൃതശരീര ദാനത്തിന്റെ പ്രസക്തിയെക്കുറിച്ച് പഠനക്ലാസ്സുകളും നടത്തിവരുന്നു.

- മൃതദേഹം കൃത്യമായി സ്വീകരിക്കുന്നതിന് മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗത്തിലെ അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരം ശരീരം പഠനാവശ്യത്തിന് നൽകാൻ സമ്മതപത്രം നൽകിയിട്ടുള്ളവരുടെ പേരുവിവരങ്ങൾ മെഡിക്കൽ കോളേജിൽ സൂക്ഷിച്ചിട്ടുണ്ടോ; സമ്മതപത്രം നൽകിയിട്ടുള്ളവർക്ക് അതിൻപ്രകാരം സാക്ഷ്യപത്രം നൽകാറുണ്ടോ; ഇല്ലെങ്കിൽ സാക്ഷ്യപത്രം നൽകുമോ?

ഉണ്ട്. സമ്മതപത്രം നൽകുന്നമുറയ്ക്ക് അവ ഫയൽ ചെയ്ത് സൂക്ഷിക്കുകയും രജിസ്റ്ററിൽ നമ്പറിട്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ സമ്മതപത്രം നൽകുന്ന വ്യക്തികൾക്ക് അവരുടെ പ്രവർത്തിയെ അനുമോദിക്കുംവിധം രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി ഫോട്ടോ ഒട്ടിച്ച സർട്ടിഫിക്കറ്റും നൽകാറുണ്ട്.

(സി) പല മെഡിക്കൽ കോളേജുകളിലും പഠനാവശ്യത്തിന് മൃതശരീരം നൽകാൻ എത്തുമ്പോൾ ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ കോളേജിൽ മൃതദേഹം ദാനം ചെയ്യാനെത്തുന്നവർക്ക് ഇതുവരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഠനാവശ്യത്തിനായി മൃതദേഹം എത്തിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി മരണവിവരം കോളേജിൽ അറിയിക്കുമ്പോൾതന്നെ ഏതെല്ലാം രേഖകൾ കൊണ്ടുവരണമെന്ന് ബന്ധുക്കളെ അറിയിക്കാറുണ്ട്.

**പാരാമെഡിക്കൽ വിദ്യാർഥികളിൽനിന്നും എച്ച്.എം.സി. ഈടാക്കുന്ന ഫീസ്**

254 (267) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഫ്ത്താൽമിക് അസിസ്റ്റന്റ് ഡിപ്ലോമ വിദ്യാർഥികളുൾപ്പെടെയുള്ള പാരാമെഡിക്കൽ വിദ്യാർഥികളെ കോഴ്സിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും നിയമിക്കുമ്പോൾ വിദ്യാർഥികളിൽനിന്നും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ഈടാക്കാവുന്ന ഫീസ് എത്രയാണെന്നത് സംബന്ധിച്ച ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) നിലവിൽ എത്ര രൂപയാണ് ഫീസായി ഈടാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 20-07-2021-ലെ സ.ഉ (സാധാ) നം.1520/2021/ആ.കു.വ പ്രകാരം സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അംഗീകൃത സ്വാശ്രയ പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്ക് സർക്കാർ സംവിധാനം ഉപയോഗിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ Internship training അനുവദിക്കുന്നതിന് സ്ഥാപനം ഒരു കുട്ടിക്ക് 5000 രൂപ പ്രതിമാസം ആശുപത്രി വികസന സമിതിക്ക് (HDC)/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്ക് നൽകണമെന്ന് ഉത്തരവായിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ**

255 (268) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രി/സർക്കാർ ആയുർവേദ ഡിസ്പെൻസറി/എൻ.എച്ച്.എം. ഡിസ്പെൻസറികളുടെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽനിന്ന് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഓരോ കേന്ദ്രത്തിലും ഏതെല്ലാം തസ്തികകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ ഭാരതീയ ചികിത്സാ വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളിലും പാലിയേറ്റീവ് കെയർ "അരികെ" പദ്ധതി നടപ്പിലാക്കിവരുന്നു. അതുപോലെ എല്ലാ സ്ഥാപനങ്ങൾ വഴിയും NCD ക്ലിനിക്കുകൾ 2023 മുതൽ പ്രവർത്തിച്ചുവരുന്നു. ആശുപത്രികളിൽ ഒ.പി./ഐ.പി. ചികിത്സയും ഡിസ്പെൻസറികളിൽ ഒ.പി. ചികിത്സയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമാണ്. മറ്റ് വിശദാംശങ്ങളും തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ സർക്കാർ ആയുർവേദ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**പടിയൂർ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം**

256 (269) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കണ്ണൂർ മട്ടന്നൂർ മണ്ഡലത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഏകോപിപ്പിച്ച് പൂർത്തീകരിക്കുന്നതിലേക്ക് കണ്ണൂർ സബ്കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പുരോഗതി താഴെപ്പറയും പ്രകാരമാണ്.

**1. ഭൗതിക പുരോഗതി (ആകെ) 50%**

എ. ഹോസ്പിറ്റൽ ബ്ലോക്ക് 75%

ബി. മാനുസ്ക്രിപ്റ്റ് സെന്റർ 50%

സി. മെഡിസിനൽ പ്ലാന്റ് നഴ്സറി ബിൽഡിംഗ് 70%

ഡി. ഗേറ്റ് നിർമ്മാണം 60%

ഇ. റോഡ് നിർമ്മാണം 20%

**2. സാമ്പത്തിക പുരോഗതി 33%**

**ഔഷധിയിലെ ശമ്പളപരിഷ്കരണം**

257 (270) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധിയിൽ അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്നാണെന്ന് വ്യക്തമാക്കുമോ?

ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരജീവനക്കാരുടെ ശമ്പളപരിഷ്കരണം പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിനനുസൃതമായി 08-02-2024-ലെ സ.ഉ.(കൈ)നം.4/2024/AYUSH നമ്പർ ഉത്തരവുപ്രകാരം 01-07-2019 പ്രാബല്യത്തിലും ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട ശമ്പളപരിഷ്കരണം 01-01-2022-ലെ സ.ഉ.(കൈ) നം.1/2022/ആയുഷ് നമ്പർ ഉത്തരവുപ്രകാരം 01-07-2018 പ്രാബല്യത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ ജനറൽ വർക്കർമാർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആയുർവേദ മരുന്നുനിർമ്മാണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമായ മിനിമം വേജസ് അടിസ്ഥാനമാക്കി നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിലിനനുസരിച്ചുള്ള അടിസ്ഥാന ശമ്പളം, 1998-99 വർഷം അടിസ്ഥാനമാക്കി തൃശ്ശൂർ കേന്ദ്രത്തിലെ ഉപഭോക്തൃ വിലസൂചിക ആധാരമാക്കിയ ക്ഷാമബത്ത, അറ്റൻഡൻസ് ഇൻസെന്റീവ്, വാഷിംഗ് അലവൻസ്, നൈറ്റ് ഷിഫ്റ്റ് അലവൻസ്, തുന്നൽക്കൂലി നിലവിലെ സർക്കാർ നിരക്കിൽ 3000/- രൂപയുടെ സൗജന്യ മരുന്നുകൾ എന്നീ ആനുകൂല്യങ്ങളാണ് അനുവദിച്ചുവരുന്നത്.

(സി) ജനറൽ വർക്കർമാർക്ക് മെച്ചപ്പെട്ട വേതന വർധനവും പ്രമോഷനും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശമ്പളപരിഷ്കരണ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഔഷധിയിൽ ശമ്പള പരിഷ്കരണം**

258 (271) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധിയിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; അവസാനമായി ശമ്പളപരിഷ്കരണം നടപ്പാക്കിയത് എന്നാണ്; വ്യക്തമാക്കുമോ?

ഉണ്ട്. ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരജീവനക്കാരുടെ ശമ്പള പരിഷ്കരണം പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായി 08-02-2024-ലെ സ.ഉ.(കൈ) നം.4/2024/AYUSH നമ്പർ ഉത്തരവുപ്രകാരം 01-07-2019 പ്രാബല്യത്തിലും ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട ശമ്പളപരിഷ്കരണം 01-01-2022-ലെ സ.ഉ.(കൈ) നം.1/2022/ആയുഷ് നമ്പർ ഉത്തരവുപ്രകാരം 01-07-2018 പ്രാബല്യത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പുതിയ ശമ്പള പരിഷ്കരണത്തിൽ ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരെ അവഗണിച്ചതായി പറയപ്പെടുന്നതിലെ വസ്തുത വ്യക്തമാക്കുമോ?

08-02-2024-ലെ സ.ഉ.(കൈ) നം.4/2024/AYUSH പ്രകാരം ജനറൽ വർക്കർ ഒഴികെയുള്ള ഔഷധിയിലെ ജീവനക്കാരുടെ ശമ്പളമാണ് പരിഷ്കരിച്ചിട്ടുള്ളത്. ജനറൽ വർക്കർമാരുടെ ശമ്പളപരിഷ്കരണം പ്രത്യേകമായാണ് നടപ്പിലാക്കുന്നത്.

(സി) തുച്ഛ വരുമാനക്കാരായ ജനറൽ വർക്കർമാർക്ക് ശമ്പള വർധനവും അർഹതപ്പെട്ട പ്രൊമോഷനും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശമ്പളപരിഷ്കരണ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പുഴാതി ആയുർവേദ-ഹോമിയോ ആശുപത്രി നിർമ്മാണം**

259 (272) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പുഴാതി ആയുർവേദ-ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(ബി) പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് മുഖേന നിർദേശിച്ച പുഴാതി ആയുർവേദ ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ കണ്ണൂർ ജില്ലാകളക്ടർ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. പുഴാതി ആയുർവേദ ഹോമിയോ ഡിസ്പെൻസറി നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലം പുതിയ കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാകയാൽ കെട്ടിട

നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാനും കണ്ണൂർ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാക്സിനുകളുടെ ഗവേഷണവും നിർമ്മാണവും**

260 (273) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശീയമായി ഓറൽ റാബിസ് വാക്സിൻ വികസിപ്പിക്കുമെന്ന മുൻവർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എത്ര തുക നീക്കി വച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു; ഏതെല്ലാം ഇനത്തിലാണ് ചെലവ് വന്നിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ?

(എ&ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നിവരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് 'ഓറൽ റാബീസ് വാക്സിൻ' പ്രോജക്ട് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ടി പദ്ധതിക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പദ്ധതിയുടെ ലീഡ് സെന്ററായി പ്രവർത്തിക്കും. കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബയോ സയൻസ് റിസർച്ച് സെന്ററും മണ്ണുത്തിയിലെയും പൂക്കോടിലെയും വെറ്ററിനറി കോളേജുകളും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്റിനറി ബയോളജിക്കൽസുമാണ് ഈ പ്രോജക്ടിലെ മറ്റ് സെന്ററുകൾ. 2024-25 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കുവേണ്ടി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പുതിയ ബജറ്റ് ശീർഷകവും അധികധനാനുമതിയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ പ്രസ്തുത പദ്ധതിക്കായി തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(സി) കോവിഡ് വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനം സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇതിനായി

തുക ചെലവഴിച്ചിട്ടുണ്ടോ; ഇതിനായി രൂപീകരിച്ച വിദഗ്ധ സമിതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്വന്തം നിലയ്ക്ക് വാക്സിനുകളുടെ ഗവേഷണവും നിർമ്മാണവും നടത്താനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ബാധകമല്ല.

**കുറ്റ്യാടി മണ്ഡലത്തിലെ അങ്കണവാടികൾ**

261 (274) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന അങ്കണവാടികളുടെ വിശദാംശം അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടെന്നറിയിക്കാമോ; സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അവ ഏതൊക്കെയെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 232 അങ്കണവാടികളിൽ 205 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+. കുറ്റ്യാടി മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളിൽ 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇത്തരത്തിൽ അങ്കണവാടികളുടെ നിർമ്മാണത്തിനായി ലഭിച്ച അപേക്ഷകൾക്ക് അംഗീകാരം നൽകുമോ; വ്യക്തമാക്കാമോ?

സർക്കാരിൽ ലഭ്യമായിട്ടുള്ള 114-ാം നമ്പർ അങ്കണവാടി സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. 20-ാം നമ്പർ അങ്കണവാടിക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിടം നിർമ്മിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ**

262 (275) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ സ്വന്തമായി ഭൂമിയുള്ളവ എത്രയെന്നും വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 79 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 17 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാതൃക അങ്കണവാടി കെട്ടിടനിർമ്മാണം**

263 (276) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ 51-ാം നമ്പർ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14-11-2023-ൽ വനിത ശിശു വികസനവകുപ്പ് അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14-11-2023-ൽ വനിത ശിശുവികസനവകുപ്പ് അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ടി അങ്കണവാടിയുടെ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി 17,32,000/- രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി 11-03-2024-ൽ ചീഫ്

എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തി പദ്ധതി രൂപീകരിച്ച് ഡി.പി.സി അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ജില്ല വനിത ശിശുവികസന ഓഫീസർക്കും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വനിത ശിശുവികസന കാര്യാലയത്തിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്.

**ഐ.സി.ഡി.എസ്. പദ്ധതി ജീവനക്കാരുടെ ശമ്പളം**

264 (277) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പിലെ ഐ.സി.ഡി.എസ്. പദ്ധതിയിൽ ജോലി നോക്കുന്ന 2676 ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വനിത-ശിശുവികസന വകുപ്പിലെ 2676 ജീവനക്കാരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിലുൾപ്പെട്ട 2676 ജീവനക്കാരിൽ 1871 ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്ന വിഹിതം നിർത്തലാക്കിയതിനെത്തുടർന്ന് അധികതുക കണ്ടെത്തി ക്രമീകരണം നടത്തുന്നതിനായി വനിത ശിശുവികസന

കാര്യാലയത്തിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വകുപ്പിലെ ഐ.സി.ഡി.എസ്. വിഭാഗം ജീവനക്കാർക്ക് രണ്ടു വർഷമായി ടൂർ ടി.എ, ട്രാൻസ്ഫർ ടി.എ, എൽ.ടി.സി. എന്നിവ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഐ.സി.ഡി.എസ്. ജീവനക്കാരുടെ ടൂർ ടി.എ., ട്രാൻസ്ഫർ ടി.എ., എൽ.ടി.സി. എന്നിവയ്ക്ക് 2235-02-102-18-03-(P) എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിന് വനിത ശിശുവികസന കാര്യാലയത്തിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഏഴ് വർഷം മുമ്പ് രൂപീകൃതമായ വനിത- ശിശുവികസന വകുപ്പിലെ വിവിധ തസ്തികകളിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

വനിത-ശിശുവികസന വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ

സമർപ്പിച്ചിട്ടുള്ള കരട് വിശേഷാൽ ചട്ടങ്ങളിൽ സർവീസ് സംഘടന പ്രതിനിധികളുടെ അഭിപ്രായം ക്രോഡീകരിക്കുന്നതിനുള്ള ചർച്ച സംഘടിപ്പിക്കുകയും പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

(ഡി) വകുപ്പിലെ 2676 തസ്തികകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വകുപ്പിലെ 2676 തസ്തികകൾ നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഇ) വകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ച് ഇവരുടെ പേര് വിവരം, നിയമന രീതി എന്നിവ ലഭ്യമാക്കുമോ?

വനിത-ശിശുവികസന വകുപ്പിൽ നിലവിൽ 5710 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ജീവനക്കാരുടെ കാറ്റഗറി തിരിച്ച് പേര്, നിയമനരീതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എഫ്) വനിത-ശിശുവികസന വകുപ്പ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ മൂന്ന് വർഷത്തിലേറെയായി ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; അഞ്ചുവർഷത്തിലേറെയായി എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ?

വനിത-ശിശുവികസന ഡയറക്ടറേറ്റിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ മൂന്ന് വർഷത്തിലേറെയായി 5 ജീവനക്കാർ ജോലി ചെയ്തു വരുന്നു. അഞ്ചുവർഷത്തിലധികമായി എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ജോലി നോക്കുന്ന ജീവനക്കാർ ആരുമില്ല.

**കുട്ടികളിൽ കണ്ടുവരുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം**

265 (278) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ കണ്ടുവരുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും എന്തെല്ലാം പദ്ധതികളാണ് അങ്കണവാടികൾ വഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുട്ടികളിലുണ്ടാകുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) മുഖാന്തരം ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കും സൂപ്പർവൈസർ മുഖേന അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ ചികിത്സയ്ക്കായി ബന്ധപ്പെട്ട ഡോക്ടർമാർക്ക് റഫർ ചെയ്തുവരുന്നു.

(ബി) പ്രീസ്കൂൾ കുട്ടികൾക്ക് ന്യൂട്രീഷനുപുറമെ എന്തെല്ലാം സേവനങ്ങളാണ് അങ്കണവാടികൾ വഴി നൽകുന്നതെന്ന് വിശദമാക്കാമോ?

പ്രീസ്കൂൾ കുട്ടികൾക്ക് ന്യൂട്രിഷനുപുറമെ പ്രീ സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിശോധന, റഫറൽ സർവീസ്, ഇമ്മ്യൂണൈസേഷൻ എന്നിവ നൽകുന്നു. കുഞ്ഞുങ്ങൾക്ക് ഏറെ സ്നേഹവും കരുതലും പോഷകങ്ങളും പ്രകൃതിയും എല്ലാം ഇണങ്ങിയുള്ള അന്തരീക്ഷവും അങ്കണവാടികൾ പ്രദാനം ചെയ്യുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിനാവശ്യമായ ശാസ്ത്രീയവും ശിശു സൗഹൃദവുമായ പഠന പ്രവർത്തനങ്ങളും അങ്കണവാടികൾ ഉറപ്പുനൽകുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

266 (279) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ എത്ര അങ്കണവാടികളുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ 268 അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 11 അങ്കണവാടികളുണ്ട്. ടി അങ്കണവാടികൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും അറിയിക്കാമോ?

സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്ത 7 അങ്കണവാടികളുണ്ട്. ടി അങ്കണവാടികളുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**അങ്കണവാടി ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യം**

267 (280) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് നൽകിവരുന്ന വിരമിക്കൽ ആനുകൂല്യങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അങ്കണവാടി ജീവനക്കാർ വിരമിക്കുമ്പോൾ അങ്കണവാടി ക്ഷേമനിധി ബോർഡിലേക്ക് അവർ അടച്ച തുകയും ആയതിന്റെ ആനുപാതികമായ സർക്കാർ വിഹിതവും (20%) ബാങ്ക് പലിശയും (8%) ഉൾപ്പെടുന്ന തുക ക്ഷേമനിധി ആനുകൂല്യമായും വിരമിക്കൽ ആനുകൂല്യമായി വർക്കർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15,000/-രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും നൽകുന്നുണ്ട്. അതുകൂടാതെ, അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ് തികയുന്ന ദിവസം സർവ്വീസിലുള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരാത്തവർക്കും വർക്കർക്ക് 2,500/-രൂപ ഹെൽപ്പർക്ക് 1,500/- രൂപ എന്ന നിരക്കിൽ പ്രതിമാസ പെൻഷനും അനുവദിക്കുന്നുണ്ട്.

(ബി) വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് വിരമിക്കൽ അനുകൂല്യം ലഭ്യമാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) 2023, 2024 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് ക്ഷേമനിധിയിൽ അടച്ച തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് എത്ര മാസത്തെ പെൻഷൻ നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ഇ) വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

(ബി-ഇ) 2023 ഏപ്രിൽ 30-ന് വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ക്ഷേമനിധിയിൽ അടച്ച തുക ഉൾപ്പെടെയുള്ള വിരമിക്കൽ ആനുകൂല്യം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അന്നേദിവസം വിരമിച്ച ജീവനക്കാർക്ക് ഒരു മാസത്തെ പെൻഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്. 2024 ഏപ്രിൽ 30-ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭ്യമായിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ഏകദേശം രണ്ടായിരത്തോളം അങ്കണവാടി പ്രവർത്തകർ ഏപ്രിൽ 30-ന് 62 വയസ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിരമിക്കുന്നുണ്ട്. വിരമിക്കുന്ന അങ്കണവാടി പ്രവർത്തകരിൽനിന്നും പെൻഷൻ അപേക്ഷകൾ അതത് ശിശുവികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഐ.സി.ഡി.എസ്. പ്രോജക്ട് തലത്തിൽ പരിശോധന പൂർത്തിയാക്കി മേയ് 15-നു മുമ്പായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുകയും ജില്ലാതല പരിശോധന പൂർത്തിയാക്കിയ അപേക്ഷകൾ ജൂൺ 15-ന് മുമ്പായി അങ്കണവാടി ക്ഷേമനിധി ബോർഡിൽ ലഭ്യമാക്കുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന അപേക്ഷകളുടെ പ്രോസസിംഗ്

രണ്ടുമാസത്തിനുള്ളിൽ ക്ഷേമനിധി ബോർഡ് കാര്യാലയത്തിൽ പൂർത്തീകരിക്കുന്നുണ്ട്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽനിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽനിന്നും സ്ഥിരനിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നും മാത്രമാണ്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർധിച്ചുവരുന്ന ചെലവ് ബോർഡിന് വഹിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിടുന്നത്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ അങ്കണവാടികൾ

268 (281) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികളുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആകെ 253 അങ്കണവാടികളുണ്ട്. അവയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 26 അങ്കണവാടികളുണ്ട്. അവ ഉൾപ്പെടുന്ന തദ്ദേശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) സ്വന്തമായി സ്ഥലമുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും അറിയിക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്ത 19 അങ്കണവാടികളുണ്ട്. അവ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടുന്ന വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഭക്ഷ്യസുരക്ഷാ പരിശോധനകൾ കാര്യക്ഷമമാക്കാൻ നടപടി**

269 (282) **ശ്രീ. പി. മമ്മിക്കുട്ടി:**
**ശ്രീ. പി. പി. ചിത്തരഞ്ജൻ:**
**ശ്രീ. ജി. സ്റ്റീഫൻ:**
**ശ്രീമതി ശാന്തകുമാരി കെ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭക്ഷ്യസുരക്ഷാ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ്, IEC പ്രവർത്തനങ്ങൾ എന്നിവ കൂടാതെ പൊതുജനങ്ങളുൾപ്പെടെ വിവിധ മേഖലകളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കും FoSTaC പരിശീലനം വകുപ്പ് നൽകിവരുന്നു. 2022-23 കാലഘട്ടത്തിൽ National Food Safety Index-ൽ ഒന്നാം സ്ഥാനവും സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് നേടിയിട്ടുണ്ട്. പൊതു വിപണിയിൽ ലഭ്യമാകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024 മാർച്ച് വരെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 182394 പരിശോധനകൾ

വകുപ്പ് നടത്തിയിട്ടുണ്ട്. ടി പരിശോധനകളിൽ 2021-22 കാലയളവിൽ 7241 പരിശോധനകൾ FoCoS പോർട്ടൽ മുഖേനയാണ് നടത്തിയിട്ടുള്ളത്. 2022-23 കാലയളവിൽ 20901 പരിശോധനകളും 2023-24 കാലയളവിൽ നടത്തിയ മുഴവൻ പരിശോധനകളും FoCoS പോർട്ടലിൽ ചേർത്തിട്ടുണ്ട്. ഇത്തരം പരിശോധനകളുടെ ഭാഗമായി 26646 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 71689 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. ഇത്തരത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ ശാസ്ത്രീയ പരിശോധയിൽ 2033 സാമ്പിളുകൾ Unsafe ആയും 969 സാമ്പിളുകൾ Substandard ആയും 1016 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭിക്കുകയുണ്ടായി. ഇപ്രകാരം Non conforming ആയി റിപ്പോർട്ട് ലഭിച്ച സാമ്പിളുകളിൽ നിയമാനുസൃത പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 22171 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 1425

സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസും 17450 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും 7,39,41,078/- രൂപ (ഏഴ് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി എഴുപത്തി എട്ട് രൂപ മാത്രം) പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ പരിശോധനകളിലുണ്ടായിട്ടുള്ള പുരോഗതി പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് നടത്തിയ ഭക്ഷ്യ സുരക്ഷാ പരിശോധനകളുടെ വിവരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| വർഷം | 2021-22 | 2022-23 | 2023-24 |
|---|---|---|---|
| നടത്തിയ പരിശോധനകൾ | 41308 | 75654 | 65432 |

(സി) പ്രസ്തുത കാലയളവിൽ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെയും സർവൈലൻസ് സാമ്പിളുകളുടെയും പരിശോധനകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ വകുപ്പ് വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെയും സർവൈലൻസ് സാമ്പിളുകളുടെയും പരിശോധനാ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | 2021-22 | 2022-23 | 2023-24 |
|---|---|---|---|
| നടത്തിയ പരിശോധനകൾ | 41308 | 75654 | 65432 |
| ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിൾ | 7890 | 8290 | 10466 |
| ശേഖരിച്ച സർവൈലൻസ് സാമ്പിൾ | 10008 | 23918 | 37763 |

(ഡി) നിയമലംഘനങ്ങൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം പാലിക്കാതിരുന്ന 2721 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും 1977 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയും 7,96,33,078/- രൂപ (ഏഴ് കോടി തൊണ്ണൂറ്റി ആറ്

ലക്ഷത്തി മുപ്പത്തി മൂവായിരത്തി എഴുപത്തി എട്ട് രൂപ) പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

270 (283) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധകൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് ഇതിനെതിരെ നടപ്പാക്കി വരുന്നത്; വിശദാംശം നൽകാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന Routine പരിശോധനകൾക്കു പുറമെ സ്പെഷ്യൽ ഡ്രൈവുകൾ, ലഭ്യമാകുന്ന പരാതിയിന്മേലുള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സാമ്പിൾ ശേഖരണം, പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമം അനുശാസിക്കുന്ന കോമ്പൗണ്ടിംഗ് അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ നടപടികൾ എന്നിവ സ്വീകരിച്ച് വരുന്നു. കൂടാതെ ഭക്ഷ്യ വിഷബാധ, ഭക്ഷ്യജന്യ രോഗങ്ങൾ, ജലജന്യ

രോഗങ്ങൾ, മഴക്കാല രോഗങ്ങൾ എന്നിവ തടയുന്നതിനും ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് വിവിധ തരത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. വിവിധ മേഖലകളിലുള്ള ഭക്ഷ്യ സംരംഭകർക്ക് FSSAI (Food Safety and Standards Authority of India) നിർദേശിച്ചിരിക്കുന്നതനുസരിച്ച് FoSTaC പരിശീലനം നൽകി വരുന്നു. കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ ഉച്ചഭക്ഷണ പാചകത്തിലേർപ്പെട്ടിരിക്കുന്നവർ, ഐ.സി.ഡി.സി. ജീവനക്കാർ, വീട്ടമ്മമാർ, കുട്ടികൾ, ഭക്ഷ്യ വ്യാപാരികൾ എന്നീ വ്യത്യസ്ത മേഖലകളിലുള്ള ജനങ്ങൾക്ക് safe food practice, Good hygiene practice, Good manufacturing practice എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തിവരുന്നു. Facebook, You tube, Instagram എന്നീ ഓൺലൈൻ മാധ്യമങ്ങളിലൂടെയും വകുപ്പ് പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കുമുള്ള ബോധവൽക്കരണം നടത്തിവരുന്നു.

ഭക്ഷ്യ സുരക്ഷയ്ക്ക് വെല്ലുവിളിയാകുന്ന അപ്രതീക്ഷിത വെല്ലുവിളികളായ ഭക്ഷ്യ വിഷബാധ ഭക്ഷ്യജന്യ രോഗങ്ങൾ തുടങ്ങിയവ പ്രതിരോധിക്കാൻ

എൻഫോഴ്സ്മെന്റ് തലത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നതോടൊപ്പംതന്നെ പരിശോധനയിൽ വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് നടപടികളും ഗുരുതര വീഴ്ചകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു. ഭക്ഷ്യ വിഷബാധയുടെ ലക്ഷണങ്ങൾ ഒരാളിൽ പ്രകടമായതുകൊണ്ടുമാത്രം അത് ഭക്ഷ്യവിഷബാധയെന്നു പറയാൻ കഴിയുകയില്ല. മാത്രമല്ല കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മിക്ക ഭക്ഷ്യ വിഷബാധകളും ഭക്ഷ്യ വിഷബാധയാണെന്ന് ശാസ്ത്രീയമായി സ്ഥിരീകരിച്ചിട്ടുമില്ല. ഭക്ഷ്യ വിഷബാധ വളരെ ആകസ്മികമായും വിരളമായും മാത്രമാണ് കാണപ്പെട്ടിട്ടുള്ളത്.

(ബി) വഴിയോര തട്ടുകടകൾ നൽകുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം നൽകാമോ?

വഴിയോര തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ ഭക്ഷ്യസുരക്ഷാ സർക്കിൾതലത്തിലും പ്രത്യേക

പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും നടത്തി വരുന്നു. തട്ടുകടകൾ നടത്തുന്ന വ്യക്തികൾക്ക് FoSTaC Training നൽകി അവരെ ശരിയായ രീതിയിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നതിനായി പ്രാപ്തരാക്കുന്നു. തട്ടുകടകളെയും ചെറുകിട ലഘുഭക്ഷണ ശാലകളെയും കോർത്തിണക്കി ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൃത്തിയും ശുചിത്വവുമുള്ള തനതായ കേരളീയ ഭക്ഷണം ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്തുന്നതിനായി Clean Street Food Hub നടപ്പിലാക്കിവരുന്നു. ഇതിനായി 16 Street Food Hub-കൾ തിരഞ്ഞെടുത്ത് ഓഡിറ്റ് നടത്തുകയുണ്ടായി.

(സി) 2024 ജനുവരി 1 മുതൽ മേയ് 31 വരെ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി നടത്തിയ പരിശോധനകൾ സംബന്ധിച്ച വിശദാംശം, പരിശോധനകളുടെ എണ്ണം, നോട്ടീസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ, മോശം ഭക്ഷ്യ വസ്തുക്കൾ വിതരണം

നടത്തിയതിനെത്തുടർന്ന് അടപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണം, ആകെ ചുമത്തിയ പിഴ എന്നിവയുൾപ്പെടെ നൽകാമോ?

2024 ജനവരി 1 മുതൽ മേയ് 31 വരെ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ആകെ 48340 പരിശോധനകൾ നടത്തുകയും 1941 റെക്റ്റിഫിക്കേഷൻ നോട്ടീസുകളും 3003 കോമ്പൗണ്ടിംഗ് നോട്ടീസുകളും 145 ഇംപ്രൂവ്മെന്റ് നോട്ടീസുകളും നൽകുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 1402 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും ചെയ്തു. കൂടാതെ പ്രസ്തുത പരിശോധനകളുടെ ഭാഗമായി 3879 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 16556 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും ചെയ്തു.

(ഡി) ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ഥാപനങ്ങളിലെ ജീവനക്കാരെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കായി FSSAI-യുടെ അംഗീകൃത ഏജൻസികൾ മുഖേന കഴിഞ്ഞ വർഷം 654 FoSTaC Training

സംഘടിപ്പിക്കുകയും അതുവഴി 21758 പേരെ പരിശീലിപ്പിക്കുകയും ചെയ്തു. ഈ വർഷവും കൂടുതൽ ആളുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഭക്ഷ്യ വിഷബാധ**

271 (284) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധമൂലം എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്; ഭക്ഷ്യ വിഷബാധ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് ചുരുക്കം ചില മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാ മരണങ്ങളിലും മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിലോ, പോസ്റ്റ്മോർട്ടം റിപ്പോർട്ടിലോ 'Food poisoning death' എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഭക്ഷ്യവിഷബാധമൂലമുള്ള

മരണമെന്ന് ശാസ്ത്രീയമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് 4 കേസുകളിൽ മാത്രമാണ്. കേരളത്തിലെ വിവിധ ജില്ലകളിൽ ഭക്ഷ്യ വിഷബാധ ഉണ്ടായതിനെത്തുടർന്ന് സംസ്ഥാനത്താകെ വിവിധ കോടതികളിലായി 9 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. അവയെല്ലാംതന്നെ ട്രയൽ സ്റ്റേജിലാണ്.

(ബി) പ്രസ്തുത കാലയളവിൽ ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് എത്ര ഹോട്ടലുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും ഇപ്രകാരം അടച്ചുപൂട്ടിയ എത്ര ഹോട്ടലുകൾക്ക് പിന്നീട് തുറന്നുപ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന എല്ലാത്തരം പരിശോധനകളിലും ഗുരുതരവീഴ്ച കണ്ടെത്തുന്നതും പൊതുജനാരോഗ്യത്തിന് ഭീക്ഷണിയാകുംവിധം പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധനയുടെ ഭാഗമായി നിർത്തിവയ്പ്പിക്കാറുണ്ട്. പ്രസ്തുത കാലയളവിൽ ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 82 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം നിർത്തിവയ്പ്പിക്കുന്ന

സ്ഥാപനങ്ങൾ നിയമം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് പുനഃപരിശോധന നടത്തുകയും സ്ഥാപനത്തിൽ മുമ്പ് കാണപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽമാത്രം വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തുവരുന്നു.

(സി) ഭക്ഷ്യ വിഷബാധ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പരിശോധനകൾ കർശനമാക്കുന്നതിനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ; വിശദാംശം നൽകുമോ?

എല്ലാത്തരം ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന, ഇറക്കുമതി, കയറ്റുമതി എന്നിവയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ ഏകീകൃതമായും ഉത്തരവാദിത്വത്തോടും മികച്ച എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 2023-24-ൽ ഭക്ഷ്യ സുരക്ഷാവകുപ്പ് മുൻകാലങ്ങളെക്കാൾ ഏറെ പരിശോധനകൾ, സാമ്പിൾ ശേഖരണം, വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ

കോമ്പൗണ്ടിംഗ്, അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ നടത്തിയിട്ടുണ്ട്. 2023-24 കാലയളവിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകളുടെ ഭാഗമായും പരാതികളുടെ ഭാഗമായും routine പരിശോധനകളുടെ ഭാഗമായും ആകെ 65432 പരിശോധനകൾ നടത്തി. ഈ കാലയളവിൽ 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിൾ, 37763 സർവൈലൻസ് സാമ്പിൾ എന്നിവ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനാക്കായി അയച്ചുനൽകിയിട്ടുണ്ട്. അവയിൽ 961 സാമ്പിളുകൾ Unsafe ആയും 325 സാമ്പിളുകൾ Substandard ആയും 298 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. Non conforming ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 746 പ്രോസിക്യൂഷൻ കേസുകളും 982 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഈ കാലയളവിൽ ഫയൽ ചെയ്തിട്ടുണ്ട്. അവയെല്ലാംതന്നെ ട്രയൽ സ്റ്റേജിലാണ്. Food Safety and Standards (Licensing and Registration of Food Business) Regulation 2011-ലെ ഷെഡ്യൂൾ IV മാനദണ്ഡങ്ങൾ പാലിക്കാതെ

പ്രവർത്തിച്ചിരുന്ന 9642 സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ ഡെസിഗ്നേറ്റഡ് ഓഫീസർമാർ FSS Act 2006 Section 69 പ്രകാരം കോമ്പൗണ്ടിംഗ് നടപടി സ്വീകരിക്കുകയും 40,54,51,50/-രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് വകുപ്പ് വളരെ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഭക്ഷ്യ വിഷബാധയെന്ന വിഷയം വകുപ്പ് വളരെ ഗൗരവത്തോടെ കാണുന്നു. അത് തടയാൻ വളരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, കോമ്പൗണ്ടിംഗ് നടപടികൾ, അഡ്ജ്യുഡിക്കേഷൻ നടപടികൾ, പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കുമായി ബോധവൽക്കരണ പരിപാടികൾ, ഭക്ഷ്യ സംരംഭകർക്കായി FoSTaC പരിശീലനം, സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷ പൂർണ്ണതോതിൽ ഉറപ്പാക്കുകയെന്നത് പൊതുജനങ്ങളുടെയും ഭക്ഷ്യ സംരംഭകരുടെയും കൂട്ടായ ഉത്തരവാദിത്വമാണ്. ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് ഭക്ഷ്യ വിഷബാധ ഉണ്ടായതായി നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഭക്ഷ്യ വിഷബാധ**

272 (285) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധമൂലം ആളുകൾ മരിക്കുന്നത് അനുദിനം വാർധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭക്ഷ്യ വിഷബാധ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന Routine പരിശോധനകൾക്കുപുറമെ സ്പെഷ്യൽ ഡ്രൈവുകൾ, ലഭ്യമാകുന്ന പരാതിയിന്മേലുള്ള പരിശോധന, ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സാമ്പിൾ ശേഖരണം, പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമം അനുശാസിക്കുന്ന കോമ്പൗണ്ടിംഗ്/പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യ വിഷബാധ, ഭക്ഷ്യജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, മഴക്കാല രോഗങ്ങൾ എന്നിവ

തടയുന്നതിനും ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് വിവിധ തരത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. വിവിധ മേഖലകളിലുള്ള ഭക്ഷ്യ സംരംഭകർക്ക് FSSAI (Food Safety and Standards Authority of India) നിർദേശിച്ചിരിക്കുന്നതനുസരിച്ച് FoSTaC പരിശീലനം നൽകിവരുന്നു. കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ ഉച്ചഭക്ഷണ പാചകത്തിലേർപ്പെട്ടിരിക്കുന്നവർ, ഐ.സി.ഡി.സി ജീവനക്കാർ, വീട്ടമ്മമാർ, കുട്ടികൾ, ഭക്ഷ്യ വ്യാപാരികൾ എന്നീ വ്യത്യസ്ത മേഖലകളിലുള്ള ജനങ്ങൾക്ക് safe food practice, Good hygiene practice, Good manufacturing practice എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തിവരുന്നു. Facebook, Youtube, Instagram എന്നീ ഓൺലൈൻ മാധ്യമങ്ങളിലൂടെയും വകുപ്പ് പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കുമുള്ള ബോധവൽക്കരണം നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷക്ക് വെല്ലുവിളിയാകുന്ന അപ്രതീക്ഷിത ഭക്ഷ്യ വിഷബാധ, ഭക്ഷ്യജന്യ രോഗങ്ങൾ തുടങ്ങിയവ പ്രതിരോധിക്കാൻ എൻഫോഴ്സ്മെന്റ്തലത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നതോടൊപ്പംതന്നെ പരിശോധനയിൽ വീഴ്ചകൾ കണ്ടെത്തുന്ന

സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് നടപടികളും ഗുരുതര വീഴ്ചകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഭക്ഷ്യ വിഷബാധമൂലം ആളുകൾ മരണപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഭക്ഷ്യ വിഷബാധമൂലം മരണം സംഭവിച്ചാൽ ഭക്ഷ്യ വിഷബാധയുണ്ടാകാൻ കാരണമായ സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിലെ നിയമം അപര്യാപ്തമാണെങ്കിൽ പുതിയ നിയമം നടപ്പിലാക്കി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഒരു കേന്ദ്ര നിയമമാണ്. അതിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നിയമവശങ്ങളെല്ലാംതന്നെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി**

273 (286) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ', 'സ്നേഹജാലകം' എന്നിങ്ങനെ രണ്ട് പദ്ധതികളാണ് നിലവിലുള്ളത്. പ്രസ്തുത പദ്ധതികൾക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് 91,73,123/-രൂപയാണ്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിക്ക് മാറി നൽകുവാനുള്ള തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അശരണരായ കിടപ്പുരോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ആലപ്പുഴ ജില്ലയിൽ സുഭിക്ഷ പദ്ധതി പ്രകാരം 2024 മാർച്ച് മാസത്തിൽ ചെലവായ 67,245/-രൂപയും ഏപ്രിൽ മാസത്തിൽ ചെലവായ 69,740/-രൂപയും കൂടാതെ സ്നേഹജാലകം പദ്ധതിപ്രകാരം സൗജന്യ ഭക്ഷണം വിതരണം ചെയ്ത വകയിൽ നാളിതുവരെയായി 22,54,500/-രൂപയും ചേർത്ത് ആകെ 23,91,485/-രൂപ അനുവദിച്ച് നൽകാനുണ്ട്. ചെലവായ തുക സംബന്ധിച്ച ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. അശരണരായ കിടപ്പ് രോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പദ്ധതി തുടർന്നും നടത്തിക്കൊണ്ട് പോകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

274 (287) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി മൂന്ന് കെ-സ്റ്റോറുകളും രണ്ട് സഞ്ചരിക്കുന്ന റേഷൻകടകളും അനുവദിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച കെ-സ്റ്റോറുകളും സഞ്ചരിക്കുന്ന റേഷൻകടകളും നല്ല നിലയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. കെ-സ്റ്റോറുകളുടെ പ്രവർത്തനം തുടങ്ങിയ 2023 ജൂൺ മാസം മുതൽ 2024 മേയ് മാസം വരെയുള്ള വില്പനയുടെ വിവരങ്ങൾ റേഷൻകട അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| എ.ആർ.ഡി. നമ്പർ | തുക |
|---|---|

| | |
|---|---|
| 35 | 1,09,456 |
| 105 | 3,53,340 |
| 202 | 2,19,792 |

**ഒപ്പം പദ്ധതി**

275 (288) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഒപ്പം പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിശദീകരിക്കാമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഏതൊക്കെ ജില്ലകളിലാണ് റേഷൻ ഉത്പന്നങ്ങൾ വീടുകളിലെത്തിച്ച് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) വാർധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിലെത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ

സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോത്തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് സൗജന്യമായി വീട്ടിലെത്തിക്കും. 2023 ഫെബ്രുവരി 13-ന് തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് എല്ലാ ജില്ലകളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി അനുസരിച്ച് ഇടുക്കി ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ച് നൽകുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിൽ 35 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ പറയുന്നു.

| **താലൂക്ക്** | **എണ്ണം** |
|---|---|
| തൊടുപുഴ | 5 |
| ഉടുമ്പൻചോല | 5 |
| ഇടുക്കി | 0 |
| പീരുമേട് | 23 |
| ദേവികുളം | 2 |
| **ആകെ** | **35** |

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് പദ്ധതികൾ**

276 (289) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ പുരവിമല ആദിവാസി സെറ്റിൽമെന്റുകളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയുടെ ഭാഗമായി റേഷൻ വിതരണം ആരംഭിച്ചു. കൂടാതെ സർക്കാർ പദ്ധതികളായ തെളിമ, സുജലം, ഒപ്പം, കെ സ്റ്റോർ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

**റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി**

277 (290) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് നിലമ്പൂർ താലൂക്കിൽ ആകെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്ര അപേക്ഷകളിൽ അനുകൂല തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരാകരിച്ചുവെന്നും പഞ്ചായത്ത്, വില്ലേജ് തിരിച്ച് എണ്ണം അറിയിക്കാമോ?

ആകെ 712 അപേക്ഷകൾ ലഭിച്ചതിൽ അർഹരായ 424 കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേക്ക് തരംമാറ്റിയിട്ടുണ്ട്. അനർഹമായ 288 അപേക്ഷകൾ നിരാകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ മുൻഗണനയ്ക്ക് അർഹരായവർ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ?

എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിൽ തെളിമ പദ്ധതി**

278 (291) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഒപ്പം പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുന്നത്തുനാട് പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് (സുനിമോൻ) 2024 മേയ് മാസംവരെ റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകിയിരുന്നു. നിലവിൽ ടിയാൻ ജീവിച്ചിരിപ്പില്ല.

(ബി) മണ്ഡലത്തിൽ റേഷൻകാർഡ് സംബന്ധമായ എത്ര പരാതികൾ തെളിമ പദ്ധതിയിലൂടെ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കാമോ?

(ബി&സി) തെളിമ പദ്ധതിയിലൂടെ 13 പരാതികൾ ലഭിക്കുകയും ആയത് മുഴുവൻ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

**അനർഹരായ റേഷൻ കാർഡ് ഉടമകളുടെ വിവരങ്ങൾ**

279 (292) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽപ്പെട്ടിട്ടുള്ള അനർഹരായ റേഷൻ കാർഡുടമകളെ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അപ്രകാരമുള്ളവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായി കൈവശം വച്ചിട്ടുള്ള മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 16-06-2021 മുതൽ 15-07-2021 വരെ സമയം അനുവദിച്ചിരുന്നു. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യാൻ അഭ്യർഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ

വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തിവരികയും ചെയ്യുന്നു.

പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡുതല പരിശോധന നടത്തി അനർഹമായി മുൻഗണനാകാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിവരുന്നു.

ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ആയതിലേക്ക് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽപ്പെട്ട അനർഹരായ എത്ര റേഷൻ കാർഡ് ഉടമകളെ ഒഴിവാക്കിയെന്നും അതുവഴി സംസ്ഥാന ഖജനാവിലേക്ക് പിഴയിനത്തിൽ ആകെ എത്ര തുക ഈടാക്കിയെന്നും അറിയിക്കാമോ; ഇതുസംബന്ധിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹരായ കാർഡുടമകളിൽനിന്നും ഈടാക്കിയ പിഴത്തുക സംബന്ധിച്ച വിശാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ സംസ്ഥാനത്ത് വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ?

വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻകാർഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അനുവദിച്ച റേഷൻ കാർഡുകൾ**

280 (293) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നാളിതുവരെ പുതുതായി എത്ര റേഷൻ കാർഡുകൾ അനുവദിച്ചെന്നും ഇതിൽ എത്രപേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയതായി 3668 റേഷൻകാർഡുകൾ അനുവദിച്ചതിൽ 2263 കാർഡുകൾ മുൻഗണനാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിലേക്ക് തരംമാറ്റി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഓപ്പറേഷൻ യെല്ലോ പദ്ധതി**

281 (294) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽനിന്നും നിലവിൽ പിഴ ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണനാ വിഭാഗത്തിലെ അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായി, സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് കാർഡുടമകൾക്ക് 2021 ജൂൺ 16 മുതൽ 2021 ജൂലൈ 15 വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് 31-03-2022 വരെ അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരെ പിഴയിൽനിന്ന് ഒഴിവാക്കിയിരുന്നു. ടി കാലയളവിനുശേഷം ഫീൽഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധനയിലൂടെയോ പരാതിയുടെ അടിസ്ഥാനത്തിലോ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചതായി കണ്ടെത്തിയവരിൽനിന്നും അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരിൽനിന്നും കെ.ടി.പി.ഡി.എസ് (കൺട്രോൾ ഓർഡർ), 2021-ന്റെ ഖണ്ഡിക 11 അനുശാസിക്കുംപ്രകാരം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കിവരുന്നു.

(ബി) ഓപ്പറേഷൻ യെല്ലോ പദ്ധതിപ്രകാരം ഇതുവരെ എത്ര കാർഡുകളാണ് സറണ്ടർ ചെയ്തിട്ടുള്ളത്; താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി റേഷൻകാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ പരിശോധനാ പരിപാടി 2022 സെപ്റ്റംബർ മുതൽ ഡിസംബർ വരെ നടത്തിയിരുന്നു. ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം അനർഹരെന്ന്

കണ്ടെത്തി നടപടി കൈക്കൊണ്ടിട്ടുള്ള കാർഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷരാണ് നിലവിലുള്ളത്; വിശദമാക്കാമോ?

ഓൺലൈൻ മുഖാന്തരം നിലവിൽ ലഭ്യമായ അപേക്ഷകളിൽ അർഹരായവർക്കെല്ലാം മുൻഗണനാ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആലത്തൂർ താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽനിന്നുള്ള അപേക്ഷകൾ**

282 (295) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി 57 അപേക്ഷകളും മുൻഗണനാ വിഭാഗത്തിലേക്കായി തരം മാറ്റുന്നതിന് 246 അപേക്ഷകളും ലഭിച്ചതിൽ, അർഹമായ 47 കുടുംബങ്ങളുടെ കാർഡുകൾ എ.എ.വൈ വിഭാഗത്തിലേക്കും 156 കാർഡുകൾ മുൻഗണനയിലേക്കും തരംമാറ്റി നൽകിയിട്ടുണ്ട്.

**പൊതുവിതരണ കേന്ദ്രങ്ങൾ**

283 (296) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 പൊതുവിതരണ കേന്ദ്രങ്ങൾ പുതുതായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇക്കാലയളവിൽ വിവിധ കാരണങ്ങളാൽ സസ്പെന്റ് ചെയ്യുകയോ, ക്യാൻസൽ ചെയ്യുകയോ ചെയ്ത എത്ര റേഷൻകടകൾ സംസ്ഥാനത്തുണ്ടെന്നും അവയ്ക്കുപകരം പുതിയ നോട്ടിഫിക്കേഷനിലൂടെ എത്ര കേന്ദ്രങ്ങളിൽ പുതിയ ലൈസൻസികളെ നിയമിച്ചെന്നും ഇനി എത്രയെണ്ണം പുന:സ്ഥാപിക്കാനുണ്ടെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ ഒരു പ്രദേശത്ത് പുതിയ റേഷൻ കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, പുതിയ റേഷൻ കടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പുതിയകട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നതുകൊണ്ട് ചുറ്റുപാടുള്ള റേഷൻ കടകളുടെ വരുമാനത്തെ ബാധിക്കുമോ, സാമ്പത്തികമായി ഗുണകരമാണോ എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പരിഗണനാർഹമെങ്കിൽ പുതിയ റേഷൻ കടയ്ക്കുള്ള ലൈസൻസ് അനുവദിക്കുന്നത് പരിഗണിച്ചുവരുന്നു.

**വെള്ള അരി വിതരണം**

284 (297) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ മൂന്നാർ തോട്ടം മേഖലയിലെ റേഷൻകടകളിൽ വെള്ള അരി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഓരോ താലൂക്കിന്റെയും ഇനം തിരിച്ചുള്ള അരിയുടെ ആവശ്യകത കണക്കാക്കി പച്ചരി/പുഴുക്കലരി എന്നിവ ഏത് അനുപാതത്തിൽ അനുവദിക്കണമെന്ന് എഫ്.സി.ഐ-യെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും എഫ്.സി.ഐ-യിൽനിന്നും അരി അനുവദിച്ച് നൽകേണ്ടത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ

അവസാനത്തോടുകൂടി റൈസ് ഫോർട്ടിഫിക്കേഷൻ പദ്ധതി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിരുന്നു. അതിനാൽ നോൺ ഫോർട്ടിഫൈഡ് അരിയുടെ നീക്കിയിരിപ്പ് സ്റ്റോക്ക് വിതരണം ചെയ്ത് തീർക്കുന്നതിനാണ് എഫ്.സി.ഐ. പ്രാധാന്യം നൽകിയത്. അതിനാൽ പല മാസങ്ങളിലും ജില്ലകളിലെ അരിയുടെ ഇനം തിരിച്ചുള്ള ആവശ്യകത കണക്കിലെടുക്കാതെ എഫ്.സി.ഐ–ൽനിന്നും അരി അനുവദിച്ചതിനാലാണ് ലഭ്യമായ അരിയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം നടത്തേണ്ടിവന്നത്. തോട്ടം മേഖലയിലുള്ളവർ കൂടുതലായും വെള്ള അരിയാണ് ഉപയോഗിക്കുന്നത്. അതിനാൽ ആദിവാസി മേഖലകളിലും പട്ടികജാതി/ പട്ടികവർഗ്ഗ റേഷൻ കാർഡുകാർ കൂടുതലുള്ള റേഷൻ കടകളിലും "വേരിയേഷൻ പോളിസി" സിസ്റ്റം മുഖേന ടി റേഷൻ കടയിലെ കാർഡുടമകളുടെ ആവശ്യകത പരിഗണിച്ച് ഇത്തരം റേഷൻകടകൾക്ക് മാത്രം പ്രത്യേകമായി ഇ-പോസ് മെഷീനിൽ പോളിസി സെറ്റ് ചെയ്തു നൽകുന്നുണ്ട്.

(ബി) വെള്ള അരി റേഷൻകടകളിൽ ലഭിക്കാത്തതുമൂലം മാർക്കറ്റുകളിൽനിന്നും തൊഴിലാളികൾ വെള്ള അരി വാങ്ങി ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തോട്ടം മേഖലയിൽ റേഷൻകടവഴി വെള്ള അരി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വെള്ള അരി കൂടുതൽ ആവശ്യപ്പെടുന്നതിനാൽ, അത് കൂടുതൽ അനുവദിക്കുന്നതിനായി എഫ്.സി.ഐ.-ക്ക് കത്ത് നൽകിയിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ**

285 (298) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) പുതിയ റേഷൻകട അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ, ഒരു പ്രദേശത്ത് പുതിയ റേഷൻകടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, പുതിയ റേഷൻ കടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പുതിയകട അനുവദിക്കുന്നതുകൊണ്ട് ചുറ്റുപാടുമുള്ള റേഷൻ കടകളുടെ വരുമാനത്തെ ബാധിക്കുമോ, സാമ്പത്തികമായി ഗുണകരമാണോ എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പരിഗണനാർഹമെങ്കിൽ മാത്രമാണ് പുതിയ റേഷൻ കടയ്ക്കുള്ള ലൈസൻസ് അനുവദിക്കുന്നത്.

**റേഷൻ മസ്റ്ററിംഗ്**

286 (299) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മസ്റ്ററിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ള MA94/2022 in SMW(C)6/2020-നമ്പർ കേസുമായി ബന്ധപ്പെട്ട് ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളുടെ e-KYC അപ്ഡേഷൻ വിവരങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിർദേശിച്ചതനുസരിച്ച്, അപ്ഡേഷൻ നടത്തുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്കും റേഷൻകട ലൈസൻസികൾക്കും പരിശീലനം നൽകുകയുണ്ടായി. സംസ്ഥാനത്താകമാനമുള്ള ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളുടെ e-KYC അപ്ഡേഷൻ നടപടികൾ, 2024 മാർച്ച് 15,16,17 തീയതികളിലായി പൂർത്തീകരിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും ഐ.ടി മിഷന്റെ സെർവർ തകരാർ കാരണം അപ്ഡേഷൻ നിർത്തിവച്ചിരുന്നു. തുടർന്ന് UIDAI യുടെ ആൾട്ടർനേറ്റ് AUA ഉപയോഗിച്ച് അപ്ഡേഷൻ നടത്തുന്നതിന് ലൈസൻസ് ഫീ ഇനത്തിൽ 3,54,000/-രൂപ അനുവദിക്കുകയുണ്ടായി. ഐ.ടി മിഷന്റെ AUA ഉപയോഗിച്ച് റേഷൻ വിതരണവും UIDAI-യുടെ ആൾട്ടർനേറ്റ് AUA ഉപയോഗിച്ച് e-KYC അപ്ഡേഷൻ നടത്താനും ഇക്കാര്യത്തിൽ NIC-യുടെ സാങ്കേതിക സഹായം തേടാനും ഐ.ടി മിഷന്റെ സെർവർ തകരാറിനെക്കുറിച്ച് പരിശോധിച്ച

കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. റേഷൻ വിതരണത്തിന്റെയും e-KYC അപ്ഡേഷന്റെയും ബയോമെട്രിക് ആധാർ പ്രക്രിയ രണ്ട് വ്യത്യസ്ത AUA ഉപയോഗിച്ച് നടത്തുന്നത് സംബന്ധിച്ച് ഡൽഹിയിൽ വച്ച് NIC-യുമായി നടന്ന യോഗത്തിലെ നിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ആൾട്ടർനേറ്റ് AUA സേവനം അടിയന്തരമായി ലഭ്യമാക്കുന്നതിന് UIDAI, NIC എന്നിവർക്ക് കത്ത് നൽകിയെങ്കിലും സേവനം ലഭ്യമാക്കുന്നതിനുമുമ്പായി സെക്യൂരിറ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചതുപ്രകാരം സെക്യൂരിറ്റി ഓഡിറ്റിനുള്ളവർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആകെ 13205918 ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളിൽ 2158202 പേരുടെ അപ്ഡേഷൻ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ റേഷൻ മസ്റ്ററിംഗ് നടത്തിയവരുടെ വിശദാംശം ലഭ്യമാക്കുമോ?

തിരൂർ താലൂക്കിൽ ആകെ 38809 NFSA ഗുണഭോക്താക്കളുടെ e- KYC അപ്ഡേഷൻ നടത്തിയിട്ടുണ്ട്. താലൂക്കടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ്

AePDS പ്രകാരം ലഭ്യമായിട്ടുള്ളത്. അതിനാൽ നിയോജകമണ്ഡലം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**തീരദേശത്ത് സൗജന്യ റേഷൻ**

287 (300) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024 ജൂൺ മാസം 9-ാം തീയതി മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനം തീരദേശത്തെ വറുതിയിലാക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രതിവിധിയെന്ന നിലയ്ക്ക് സൗജന്യ റേഷൻ നൽകുന്നത് പരിഗണനയിലുണ്ടോ?

ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ ഒൻപത് തീരദേശ ജില്ലകളിലെയും സൗജന്യറേഷൻ അർഹതയുള്ളവരുടെ പട്ടിക

തയ്യാറാക്കിവരുന്നു. കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും (ഫിഷറീസ് വകുപ്പ്), 1,500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

288 (301) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തിൽ നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി 23-11-2023-ലെ സ.ഉ.(സാധാ)നം. 470/2023/ഭ.പൊ.വി.വ. പ്രകാരം സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും സബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചീഫ് സെക്രട്ടറി - ചെയർമാൻ

2. ഭക്ഷ്യ വകുപ്പ് സെക്രട്ടറി - മെമ്പർ

3. ധനകാര്യ വകുപ്പ് സെക്രട്ടറി - മെമ്പർ

4. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി - മെമ്പർ

5. കൃഷി വകുപ്പ് സെക്രട്ടറി - മെമ്പർ

6. റവന്യൂ വകുപ്പ് സെക്രട്ടറി - മെമ്പർ

7. എ.ഡി.ജി.പി (Intelligence) – മെമ്പർ

8. എ.ഡി.ജി.പി. (Law & Order) - മെമ്പർ

9. ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ - കൺവീനർ

മേൽ കമ്മിറ്റി നാല് മാസത്തിലൊരിക്കൽ യോഗം കൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച് സ്ഥിതി വിലയിരുത്തേണ്ടതും ജില്ല കളക്ടർമാർ, ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശിപാർശകൾ സഹിതം ഉന്നതതല യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികളും തീരുമാനങ്ങളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് മുഖാന്തരം ഒരു മീറ്റിംഗ് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ മൂന്ന് തലങ്ങളിലായാണ് ഇടപെടൽ നടത്തേണ്ടതെന്ന് തീരുമാനിച്ചു.

അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. മൊത്ത വ്യാപാരികളുമായുള്ള ചർച്ച**

ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിലുണ്ടായാൽ അവ മാറ്റുന്നതിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ തലത്തിൽ മൊത്തവ്യാപാരികളുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ്**

ജില്ലാകളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപ്പെട്ട് പരിഹാരം കണ്ടെത്തണമെന്ന്

നിർദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

**3. വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന**

ജില്ലാ സപ്ലൈകോ ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാവകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദേശം നൽകിയിട്ടുണ്ട്. പരിശോധന നടത്തിയപ്പോൾ അപ്രകാരം വിലവിവര പത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടലുകൾ നടത്തിവരുന്നു.

(സി) പൊതുവിപണിയിൽ ഇടപെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

കഴിഞ്ഞ നാല് സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക |
|---|---|
| 2020-21 | 0 |
| 2021-22 | 75 കോടി രൂപ |
| 2022-23 | 0 |
| 2023-24 | 357.63 കോടി രൂപ |

(ഡി) എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്; അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക്

വകയിരുത്തിയിട്ടുള്ളത് 205 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം തുക വിതരണം ചെയ്ത് തുടങ്ങിയിട്ടില്ല.

**സപ്ലൈകോയുടെ പ്രവർത്തനങ്ങൾ**

289 (302) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി നിലവിൽ ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ നൽകുന്നതെന്നും പ്രസ്തുത സാധനങ്ങളുടെ വില എത്രയെന്നും വ്യക്തമാക്കാമോ?

സപ്ലൈകോ വില്പന ശാലകൾവഴി 13 ഇനം അവശ്യ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്നത്. 16-02-2024-ലെ സ.ഉ. (കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില പരിഷ്കരിക്കുകയുണ്ടായി. സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ

കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധമായി ചേർക്കുന്നു.+

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വില്പന വില 142.80 രൂപയാണ്. പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്. ശബരി കെ-റൈസ് വില്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ- റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

(ബി) സപ്ലൈകോ വഴി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സപ്ലൈകോ വില്പനശാലകൾവഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിലെത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ

ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ FQM ലാബ് CFRD, Government Analytical Lab, മറ്റ് സ്വകാര്യ NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വില്പനശാലകൾവഴി വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. സപ്ലൈകോയുടെ വില്പന ശാലകൾവഴി വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് FQML CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ

സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty, Blacklisting എന്നിങ്ങനെ കർശന നടപടികളും സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര മാനദണ്ഡങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങളുൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സപ്ലൈകോ എടുത്തുവരുന്നു.

(സി) സപ്ലൈകോയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

സപ്ലൈകോയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിൽ താഴെപ്പറയും പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. വിപണി ഇടപെടൽമൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനായി 16-02-202-ലെ സ.ഉ.(കൈ) നം.3/2024/F&CS പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനവില പരിഷ്കരിക്കുകയുണ്ടായി. കൂടാതെ പൊതുവിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 21-02-2024

മുതൽ നിലവിലുണ്ടായിരുന്ന മുളകിന്റെ സബ്സിഡി വില അര കി.ഗ്രാമിന് 82/- രൂപ എന്നത് 29-05-2024-ലെ സ.ഉ.(സാധാ)നം.129/2024/F&CS സർക്കാർ ഉത്തരവ് അനുസരിച്ച് അര കി.ഗ്രാമിന് 75/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 01-06-2024 മുതൽ പ്രസ്തുത വില നിലവിൽ വന്നു.

2. പൊതുവിപണി വിലയുമായി താരതമ്യം ചെയ്ത് സബ്സിഡി ഇതര ഉല്പന്നങ്ങളുടെ വില്പന വിലകൾ പരിഷ്കരിക്കുന്നുണ്ട്.

3. സപ്ലൈകോ വില്പന ശാലകളിൽ ആവശ്യാനുസരണം സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യഘട്ടങ്ങളിൽ പഞ്ചസാര ഉൾപ്പെടെയുള്ള വിവിധ സബ്സിഡി ഇതര ഇനങ്ങൾ ഡിപ്പോ തലത്തിൽ വാങ്ങുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

4. പ്രമുഖ ബ്രാൻഡുകളുടെ ഉല്പന്നങ്ങൾക്ക് ഇടക്കിടെ പ്രത്യേക ഡിസ്കൗണ്ട് ഓഫറുകൾ നൽകിവരുന്നു. ശബരി ബ്രാൻഡിൽ അരി, ആട്ട തുടങ്ങിയ കൂടുതൽ ഉല്പന്നങ്ങൾ മിതമായ വിലയിൽ വിപണനം ആരംഭിച്ചിട്ടുണ്ട്.

5. സോഷ്യൽ മീഡിയയിലൂടെ സപ്ലൈകോയുടെ ഡിസ്കൗണ്ട് ഓഫറുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്.

6. സപ്ലൈകോ സി.എം.ഡി. ഓരോ ജില്ല തിരിച്ചുള്ള സപ്ലൈകോ ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ വീഡിയോ കോൺഫറൻസ് മുഖേന നടത്തുകയും യോഗത്തിൽ ലഭിക്കുന്ന പ്രതികരണങ്ങൾക്കനുസൃതമായി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

7. സപ്ലൈകോ ടെണ്ടറുകളിൽ സപ്ലൈയർമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിവിധ സപ്ലൈയർമാരുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

8. ലഭ്യമായ ഫണ്ട് വിനിയോഗം കേന്ദ്ര കാര്യാലയത്തിൽ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്.

9. ഔട്ട്ലെറ്റുകളുടെ/ഗോഡൗണുകളുടെ നവീകരണ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ നടത്തിവരുന്നു.

10. നിലവിലെ ഗോഡൗണുകൾ ശാസ്ത്രീയ ഗോഡൗണുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകിവരുന്നു.

11. അക്കൗണ്ട്സ് ഫൈനലൈസേഷൻ കൂടുതൽ കാര്യക്ഷമമായി സമയബന്ധിതമായി തീർത്തുവരുന്നു.

12. ERP/E- office സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

**സപ്ലൈകോയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി**

290 (303) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ പ്രതിസന്ധി തീർക്കാൻ പണം ആവശ്യപ്പെട്ടുകൊണ്ട് ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യവകുപ്പുമന്ത്രി എത്രതവണ ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; ഈ കാര്യത്തിൽ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ തവണയും എത്ര രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടത്; എത്ര രൂപയുടെ സഹായം അനുവദിച്ചു; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) വിപണി ഇടപെടൽ, നെല്ല് സംഭരണം, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിനുള്ള ഫയലുകൾ ധനകാര്യ വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത തുകകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വകുപ്പുതല യോഗങ്ങളും കൂടിക്കാഴ്ചകളും നടന്നുവരുന്നു.

**പൊതുവിതരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ പക്ഷപാതപരമായ നടപടികൾ**

291 (304) ശ്രീ. എം. നൗഷാദ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം ടെൻഡറിൽ പങ്കെടുക്കുന്നതിന് സപ്ലൈകോ അടക്കമുള്ള സംസ്ഥാന സർക്കാർ ഏജൻസികളെ കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (OMSS) പ്രകാരമുള്ള ഭക്ഷ്യധാന്യം എഫ്.സി.ഐ.-യിൽനിന്നും e-Tender മുഖേന സംസ്ഥാനത്തിന് വാങ്ങാൻ മുമ്പ് സാധിക്കുമായിരുന്നു. സംസ്ഥാനം പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്ന് പോയപ്പോൾ OMSS പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്താണ് അതിജീവന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിന് എഫ്.സി.ഐയുടെ e-Tender പ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കുകയില്ല.

(ബി) കേന്ദ്രസർക്കാരിന്റെ പക്ഷപാതപരമായ ഇത്തരം നടപടികൾ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന്റെ താളം തെറ്റാൻ ഇടയാക്കുമോയെന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ നിയന്ത്രണം കൊണ്ടുവരുന്നത് ഏകപക്ഷീയ പ്രതികാര നടപടിയായി കാണുന്നുണ്ടോയെന്നും സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ

വിലക്കയറ്റത്തിനിടയാക്കുമെന്നതിനാൽ അവ തിരുത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്നും അറിയിക്കാമോ?

(ബി&സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിനായി പൂർണ്ണമായും കേന്ദ്ര സർക്കാരിനെ ആശ്രയിക്കുന്നതിനാൽ മുൻ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടുള്ള ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (OMSS) തുടരണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രിക്ക് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി 29-07-2023-ൽ അർദ്ധ-ഔദ്യോഗിക കത്ത് നൽകുകയും അതിന്മേൽ ഒരു അനുകൂല തീരുമാനം ലഭ്യമാകാതെ വന്നതിനാൽ 05-02-2024-ൽ മറ്റൊരു അർദ്ധ-ഔദ്യോഗിക കത്തും നൽകുകയുണ്ടായി. അതിന് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

**സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് നടപടി**

292 (305) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന കോട്ടയം ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിയുടെ അവകാശം ഹൗസിംഗ് ബോർഡിൽ നിലനിർത്തിക്കൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിന് ഭൂമിയുടെ കൈവശാവകാശവും ഉപയോഗാനുമതിയും കൈമാറി നൽകണമെന്ന സിവിൽ സപ്ലൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) കോട്ടയം ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് നിർദേശം നൽകുകയുണ്ടായി. എന്നാൽ രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ്

ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ച ശിപാർശയിന്മേൽ ബഹുമാനപ്പെട്ട ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 09-02-2023-ന് നടന്ന യോഗത്തിൽ നൽകിയ നിർദേശപ്രകാരം "Lease out" വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കാൻ പൊതുവിതരണ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്**

293 (306) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കുലശേഖരപുരം പഞ്ചായത്തിലെ വവ്വാക്കാവ് ജംഗ്ഷനിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായൊരു പദ്ധതിയെന്ന നിലയിൽ പ്രസ്തുത സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്കിലെ കുലശേഖരപുരം പഞ്ചായത്തിൽ വവ്വാക്കാവ് ജംഗ്ഷനിൽനിന്നും 2 കിലോമീറ്റർ അകലെ വള്ളിക്കാവ് സൂപ്പർ മാർക്കറ്റും മൂന്നര കിലോമീറ്റർ അകലെ സംഘപുര മാവേലി സ്റ്റോറും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ടി ജംഗ്ഷനിൽത്തന്നെ രണ്ട് സ്വകാര്യ സൂപ്പർ മാർക്കറ്റുകളും മൂന്ന് സ്വകാര്യ മൊത്തവ്യാപാര കടകളും പ്രവർത്തിക്കുന്നുണ്ട്. വവ്വാക്കാവ് പ്രദേശത്ത് കെട്ടിടങ്ങളുടെ വാടക വളരെ കൂടുതലായതിനാൽ വാടകരഹിത കെട്ടിടം അനുവദിച്ചുനൽകുവാൻ കുലശേഖരപുരം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. വാടകരഹിതമായി പഞ്ചായത്തിൽനിന്നും കെട്ടിടം ലഭ്യമാകുന്നപക്ഷം വവ്വാക്കാവ് ജംഗ്ഷനിൽ ഒരു വില്പനശാല ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെല്ല് സംഭരണം**

294 (307) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനുണ്ടോ; നെല്ല് സംഭരിച്ചതിന് കേന്ദ്രവിഹിതം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2023-24 സീസണിൽ ആകെ 197379 കർഷകരിൽനിന്ന് 5.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. 163401 കർഷകർക്ക് വിതരണം ചെയ്യാനുള്ള 1301.57 കോടി രൂപയുമായി ബന്ധപ്പെട്ട വിവരങ്ങൾ PRS ലോൺ മുഖേന തുക നൽകുന്നതിനായി കൺസോർഷ്യം ബാങ്കുകളിൽ ഹാജരാക്കിയതിൽ 127478 കർഷകർക്ക് 1013.81 കോടി രൂപ 31-05-2024 വരെ ബാങ്കിൽനിന്നും പി.ആർ.എസ് വായ്പാപദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ 1079.5 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. തടഞ്ഞുവച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നെല്ല് സംഭരണം

295(308) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സീസണിൽ ഒന്നാം വിളയിൽനിന്നും രണ്ടാം വിളയിൽ നിന്നുമായി എത്ര ടൺ നെല്ലാണ് സർക്കാർ സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

2023-24 ഒന്നാംവിള സീസണിൽ ആകെ 61,519 കർഷകരിൽനിന്ന് 154170.354 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 2023-24 രണ്ടാംവിള സീസണിൽ ആകെ 135860 കർഷകരിൽനിന്ന് 398,508.855 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 2023-24 സീസണിൽ ആകെ 5.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ബി) സംഭരിച്ച നെല്ലിന്റെ വില എല്ലാ കർഷകർക്കും നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്കാണ് തുക നൽകാനുള്ളതെന്നും എന്നുനൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

സംഭരിച്ച നെല്ലിന്റെ വില എല്ലാ കർഷകർക്കും നൽകാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 163401 കർഷകർക്ക് വിതരണം ചെയ്യുവാനുള്ള 1,301.57 കോടി രൂപയുമായി ബന്ധപ്പെട്ട വിവരങ്ങൾ PRS ലോൺ മുഖേന നൽകുന്നതിനായി കൺസോർഷ്യം ബാങ്കിൽ ഹാജരാക്കിയതിൽ 127478 കർഷകർക്ക് 1013.81 കോടി രൂപ 31-05-2024 വരെ ബാങ്കിൽനിന്നും പി.ആർ.എസ്. വായ്പാപദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

**സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടി**

296 (309) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്ത് നിലവിൽ ഒരു അങ്കണവാടി പ്രവർത്തിക്കുന്നതിനാൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ സ്ഥലം (വാടക രഹിതമായതിന് മുൻഗണന) ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോന്നി എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണം**

297 (310) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ അനുവദിച്ച എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോന്നി താലൂക്കിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കോന്നി, കോഴഞ്ചേരി താലൂക്കുകൾക്കായി Agriculture Infrastructure Fund (AIF) ഉപയോഗിച്ച് ഗോഡൗണുകൾ

നിർമ്മിക്കുന്നതിന് 24-03-2023-ലെ സ.ഉ(സാധാ)നം. 128/2023/ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ കോന്നി ഗോഡൗൺ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 2.2 കോടി രൂപ അനുബന്ധ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്നതും എസ്റ്റിമേറ്റിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ അന്തിമ അനുമതി ലഭ്യമായിട്ടില്ലായെന്നതും കണക്കിലെടുത്ത് കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിക്കുകയുണ്ടായില്ല. കോന്നി താലൂക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ പ്രാരംഭ ജോലികൾക്കായി വളരെ ഭീമമായ തുക ചെലവാകുന്ന സാഹചര്യമുള്ളതിനാൽ പുതുക്കിയ ശിപാർശ/എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കെ-സ്റ്റോറുകൾ**

298 (311) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട റേഷൻ ഷോപ്പുകളുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ മൂഴിക്കലിലുള്ള 2157024 നമ്പർ പൊതുവിതരണ കേന്ദ്രമാണ് കെ സ്റ്റോർ ആക്കി മാറ്റിയത്.

(ബി) നിലവിൽ എത്ര കെ-സ്റ്റോറുകൾ മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു കെ -സ്റ്റോർ.

(സി) കൂടുതൽ കെ-സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലൈസൻസികളുടെ സമ്മതപ്രകാരം റേഷൻ കടകളെ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എരമം – പുല്ലുപാറയിൽ ഗോഡൗൺ**

299 (312) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിനുകീഴിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പയ്യന്നൂരിലെ എരമം-പുല്ലുപാറയിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന് 24-03-2023-ലെ സ.ഉ.(സാധാ) നം.128/2023/ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

(ബി) നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അംഗീകരിച്ച 5.88 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ തുക അനുവദിക്കുകയുണ്ടായില്ല. പുതുക്കിയ ശിപാർശ, എസ്റ്റിമേറ്റ് സഹിതം ഈ വർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സമർപ്പിക്കാൻ ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അത് പരിശോധിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിൽ ഫെയർ മീറ്റർ സീലിംഗ് കേന്ദ്രം**

300 (313) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്ക് ഫെയർ മീറ്റർ സീലിംഗ് ചെയ്യുന്നതിന് മണ്ണൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഫെയർ മീറ്റർ സീലിംഗ് കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്ക് ഫെയർ മീറ്റർ സീലിംഗ് ചെയ്യുന്നതിന്, മണ്ണൂർ പഞ്ചായത്തിൽ ലീഗൽ മെട്രോളജി ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും റോഡ് ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാകുകയാണെങ്കിൽ ഓട്ടോറിക്ഷകളുടെ എണ്ണവും മുദ്രകാലയളവും പരിഗണിച്ച് നിശ്ചിത ദിവസങ്ങളിൽ ഓട്ടോറിക്ഷ ഫെയർ മീറ്റർ പുനഃപരിശോധനാ ക്യാമ്പ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സ്മാർട്ട് കിച്ചൺ പദ്ധതി**

301 (314) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ ശുചിത്വവും സുരക്ഷിതവുമായ ആഹാരം പാകം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കി സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അടുക്കള നവീകരണത്തിലൂടെ കുടുംബ ജോലിഭാരം കുറയ്ക്കുന്നതിനും കുടുംബങ്ങളിലെ സ്ത്രീ-പുരുഷ തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുംവേണ്ടി രൂപീകരിച്ച പദ്ധതിയാണ് സ്മാർട്ട് കിച്ചൺ പദ്ധതി. സ്മാർട്ട് കിച്ചൺ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, കുടുംബശ്രീ, പട്ടികവർഗ്ഗ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഇത്തരത്തിൽ ഒരു പദ്ധതിക്ക് കൊടകര ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) സ്മാർട്ട് കിച്ചൺ പദ്ധതിക്ക് അനുമതി ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, അടുക്കളയിലും അടുക്കള ജോലികളിലും മനോഭാവ മാറ്റം, നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തൽ, അനുബന്ധ സംരംഭക വികസനം എന്നിങ്ങനെ നാല് തലങ്ങളിലൂടെ സ്മാർട്ട് കിച്ചൺ പദ്ധതിയുടെ ആശയം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. വായ്പ പദ്ധതി, സൗജന്യ നാച്ചുറൽ ഗ്യാസ്, സെമി പ്രിപ്പയേർഡ് ഭക്ഷണ സാധനങ്ങളുടെ കൗണ്ടറുകൾ, കമ്മ്യൂണിറ്റി കിച്ചൺ, മനോഭാവ മാറ്റത്തിനായി പൊതുസമൂഹത്തിലും വിദ്യാർഥികൾക്കിടയിലും വിവിധ അവബോധ പരിപാടികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ധനകാര്യ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, കുടുംബശ്രീ, പട്ടിക വർഗ്ഗ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകൾ സംയോജിച്ചാണ് സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നത്.

**വർക്കല പുന്നമൂട് മാർക്കറ്റ് നവീകരണം**

302 (315) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല പുന്നമൂട് മാർക്കറ്റ് നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുക?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വർക്കല നഗരസഭയിലെ 32-ാം വാർഡിലുൾപ്പെട്ട പുന്നമൂട് മാർക്കറ്റിൽ ഹൈടെക് മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം ബലപ്പെടുത്തി ഒന്നാം നിലകൂടി നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ടി പ്രോജക്ടുമായി ബന്ധപ്പെട്ട് നിർമ്മാണ ഏജൻസി തയ്യാറാക്കി സമർപ്പിച്ച ഡിമോളിഷൻ പ്ലാൻ പ്രകാരം പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെ ലേലനടപടികൾ പൂർത്തിയായിട്ടുള്ളതാണ്. നിലവിലുള്ള ഷോപ്പിങ് കോംപ്ലക്സ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ്. മാർക്കറ്റ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം തീരദേശ ഹൈവേയുടെ വൈഡനിംഗിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ KRFB-ൽ നിന്നുള്ള നിരാക്ഷേപ പത്രം, റെയിൽവേ അതിർത്തിയിൽനിന്നും

30 മീറ്റർ ദൂര പരിധിക്കുള്ളിലായതിനാൽ റെയിൽവേയിൽനിന്നുള്ള നിരാക്ഷേപപത്രം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്കായി പ്ലാൻ- അനുബന്ധരേഖകൾ എന്നിവ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി അടിയന്തര പ്രാധാന്യത്തോടുകൂടി ആരംഭിക്കേണ്ടതുള്ളതിനാൽ റെയിൽവേ അതിർത്തിയിൽനിന്ന് നിയമാനുസൃതം അകലം പാലിച്ചുനിർമ്മിക്കുന്ന 496.34 ച. മീറ്റർ വിസ്തൃതിയിലുള്ള ഹൈടെക് മാർക്കറ്റ് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും റെയിൽവേ അതിർത്തിയിൽനിന്നും 30 മീറ്റർ പരിധിക്കുള്ളിൽ നിർമ്മാണം നടത്തേണ്ട 1080.88 ച.മീറ്റർ വിസ്തൃതിയിലുള്ള ഒന്നാം നിലയുടെ നിർമ്മാണത്തിനായി KRFB-യിൽനിന്നും NOC ലഭ്യമായിട്ടുള്ളതും തുടർന്ന് റയിൽവേക്ക് NOC-ക്കായി സമർപ്പിക്കേണ്ടതുമാണ്.

**സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പരിഷ്കരിച്ച മാനദണ്ഡങ്ങൾ**

303 (316) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) അധ്യയന വർഷാരംഭത്തിൽ പുതിയ പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കുന്നതുവഴി സ്കൂൾ അധികാരികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഈ അധ്യയന വർഷം സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടില്ല.

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുപകരം നിലവിൽ ഫിറ്റ്നസ്സുള്ള കെട്ടിടങ്ങൾ വീണ്ടും ക്രമവൽക്കരിക്കണമെന്ന ഉത്തരവ് പിൻവലിക്കുമോ; ഫിറ്റ്നസ്സുള്ള കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള അനുമതി നൽകുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

നിലവിൽ ഫിറ്റ്നസ്സുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയാൽ (കെട്ടിടത്തിന്റെ വിസ്തീർണ്ണം വ്യതിയാനപ്പെടുത്തുകയോ/ മേൽക്കൂര പരിവർത്തനപ്പെടുത്തുകയോ തുടങ്ങിയ പ്രവൃത്തികൾ ചെയ്താൽ) കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം ബാധകമായ നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസസ്സ്മെന്റ് രജിസ്റ്ററിലും ഈ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചാൽ മാത്രമേ ഫിറ്റ്നസിന് അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ.

(ഡി) വർഷാവർഷം ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വസ്തുനികുതി ഈടാക്കാത്ത കെട്ടിടങ്ങൾ കൃത്യമായി പരിശോധിക്കാനും അസസ്മെന്റ് രജിസ്റ്ററിൽ ചേർക്കാനും നിർദേശം നൽകുമോ; സംസ്ഥാനത്തെ വിദ്യാലയ കെട്ടിടങ്ങൾക്ക് മുൻ അധ്യയന വർഷങ്ങളിൽ നൽകിയതുപോലെ 2024-25-ലും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

22-03-2023-ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (കൈ) നം. 77/2023/ത.സ്വ.ഭ.വ. പ്രകാരം എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവര ശേഖരണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ആയതിനോടനുബന്ധിച്ച് വസ്തുനികുതി ഈടാക്കാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തി നികുതിയുടെ പരിധിയിലുൾപ്പെടുത്തി വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരികയുമാണ്. വരും വർഷങ്ങളിലും വസ്തു നികുതി ഈടാക്കാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തി നികുതിയുടെ പരിധിയിലുൾപ്പെടുത്തി വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുന്നതാണ്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ മുൻ അധ്യയന വർഷം നൽകിയതുപോലെ 2024-25-ലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അതത് തലത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## അകത്തേത്തറ മേലേപ്പുറം ശ്രീനാരായണ വായനശാലക്ക് പുതിയ കെട്ടിടം നിർമ്മാണം

304 (317) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന അകത്തേത്തറ മേലേപ്പുറം ശ്രീനാരായണ വായനശാലക്ക് പുതിയ കെട്ടിട നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസിയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) അകത്തേത്തറ മേലേപ്പുറം ശ്രീനാരായണ വായനശാലക്ക് പുതിയ കെട്ടിട നിർമ്മാണപ്രവൃത്തിയുടെ നടത്തിപ്പിലേക്കായി 16-03-2024-ലെ 79/23-24/EE/LSGD/3448/ADS/MPA-നമ്പർ എഗ്രിമെന്റ് പ്രകാരം M/s KEL എന്ന അക്രെഡിറ്റഡ് ഏജൻസിയുമായി ത്രികക്ഷി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതാണ്.

## നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട് തടയാൻ സ്വീകരിച്ച മുന്നൊരുക്കങ്ങൾ

305 (318) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ നഗരപ്രദേശങ്ങളിൽ വെള്ളക്കെട്ട് തടയാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

16-03-2024-ലെ WM3/66/2024-LSGD നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ടുണ്ടാകാതിരിക്കാനായി

നീർച്ചാലുകൾ/മലിനമായി കിടക്കുന്ന തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരപ്രദേശങ്ങളിലെ ഓടകളും കാനകളും വൃത്തിയാക്കുന്നതിനും തോടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നഗരപ്രദേശങ്ങളിലെ ഓടകളും കാനകളും വൃത്തിയാക്കുന്നതിനും തോടുകളിലേയും ആറുകളിലേയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച, കർമ്മപദ്ധതികളുടെ ഭാഗമായി

നീർച്ചാലുകൾ, തോടുകൾ എന്നിവ ശുചീകരിക്കുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മഴക്കാലപൂർവ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിച്ച വീഴ്ചകൾ പരിശോധിച്ച് അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

16-03-2024 -ലെ WM3/66/2024-LSGD നമ്പർ സർക്കാർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, ആരോഗ്യവകുപ്പിന്റെയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17-05-2024- ന് നടന്ന യോഗത്തിലും മഴക്കാലപൂർവ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും സർക്കാർതലത്തിൽ നിർദേശം നൽകിയിട്ടുണ്ട്

**മലമ്പുഴ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിച്ച വീടുകൾ**

306 (319) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായെന്നുമുള്ള വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

ലൈഫ് മിഷന്റെ ഭാഗമായി 31-05-2024 വരെ മലമ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചതും പൂർത്തീകരിച്ചതുമായ വീടുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**ലൈഫ് ഭവന പദ്ധതി**

307 (320) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ലൈഫ് ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം എത്ര രൂപയാണെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം എത്രയെന്നും വ്യക്തമാക്കുമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം പൊതു വിഭാഗം/പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപയും വിദൂര സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിന് 6 ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് ധനസഹായമായി നൽകി വരുന്നു. ഇതിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സംസ്ഥാന വിഹിതം | | | കേന്ദ്ര വിഹിതം | തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം |
|---|---|---|---|---|
| | ജനറൽ/ എസ്.സി./ എസ്.ടി. | വിദൂര സങ്കേതങ്ങളിലെ പട്ടികവർഗ്ഗം | | |
| ലൈഫ് | 1,00,000 | 3,00,000 (ST Remote) | ഇല്ല | 3,00,000 |
| പി.എം. | 50,000 | | 1,50,000 | 2,00,000 |

| | | | |
|---|---|---|---|
| എ.വൈ.(നഗരം) | | | |
| പി.എം. എ.വൈ. (ഗ്രാമീൺ) | 48,000 | 72,000 | 2,80,000 |

തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം നൽകാൻ മതിയായ ഫണ്ട് ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തുക (ഗ്രാമപഞ്ചായത്തുകളിൽ ഒരു ഗുണഭോക്താവിന് പരമാവധി 2,20,000 രൂപയും നഗരസഭകളിൽ 2,00,000 രൂപയും) സർക്കാർ ഗ്യാരണ്ടിയോടെ കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽനിന്നും വായ്പയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു.

**ലൈഫ് ഭവനപദ്ധതിക്കായി 2017-18 വർഷം മുതൽ 31-05-2024 വരെയുള്ള ആകെ ചെലവ്** (തുക കോടിയിൽ)

| നം. | ഇനം | | തുക | ആകെ |
|---|---|---|---|---|
| 1 | സംസ്ഥാന വിഹിതം | ലൈഫ് മിഷന്റെ തനത് ശീർഷകം | 2699.17 | |
| | | പിഎം.എ.വൈ. സംസ്ഥാന വിഹിതം - ഗ്രാമീണ മേഖല | 250.56 | |
| | | പിഎം.എ.വൈ. സംസ്ഥാന വിഹിതം - നഗര മേഖല | 466.03 | |
| | | പട്ടികജാതി, പട്ടികവർഗ്ഗ | 1126.93 | |

| | | | | |
|---|---|---|---|---|
| | | വികസന വകുപ്പിൽനിന്നും ലൈഫ് മിഷനുള്ള വിഹിതം | | |
| | | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചെലവ് | 726.83 | |
| | | ഫിഷറീസ് വകുപ്പിന്റെ വിഹിതം ലൈഫ് മിഷന് കൈമാറിയത് | 5.28 | |
| 2 | ഹഡ്കോ ലോൺ | ഗ്രാമീണ മേഖലക്കുള്ള ഹഡ്കോ ലോൺ | 3552.78 | 4591.54 |
| | | നഗര മേഖലക്കുള്ള ഹഡ്കോ ലോൺ | 1038.76 | |
| 3 | ബാങ്ക് ലോൺ | സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള ബ്രിഡ്ജ് ലോൺ | 425.00 | 425.00 |
| 4 | തദ്ദേശ സ്ഥാപന വിഹിതം | ത്രിതല പഞ്ചായത്തുകളുടെ വിഹിതം | 5153.73 | 5153.73 |
| 5 | കേന്ദ്ര വിഹിതം | പിഎം.എ.വൈ. - കേന്ദ്ര വിഹിതം - ഗ്രാമീണ മേഖല | 704.38 | 2081.69 |
| | | പിഎം.എ.വൈ. - കേന്ദ്ര വിഹിതം - നഗര മേഖല | 1377.31 | |
| ആകെ | | | 17526.76 | 17526.76 |

(ബി) ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോ ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും എത്ര തുക വീതം എപ്പോഴൊക്കെയാണ് വായ്പ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണത്തിൽ ഹഡ്കോ, എറണാകുളം ജില്ല സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ട്. എറണാകുളം ജില്ല സഹകരണ ബാങ്കിൽനിന്നും 2018-19 വർഷത്തിൽ ബ്രിഡ്ജ് ലോണായി 425 കോടി രൂപ സ്വീകരിച്ചു.

ഹഡ്കോയിൽനിന്ന് 2018 മുതൽ 31-05-2024-വരെ ഗ്രാമ, നഗര പ്രദേശങ്ങളിലെ വ്യക്തിഗത ഭവന നിർമ്മാണത്തിനായി ആകെ അനുവദിച്ച 5470 കോടി രൂപയിൽ ഇതുവരെ 4591.54 കോടി രൂപ സ്വീകരിച്ചിട്ടുണ്ട്.

(സി) വായ്പ തിരിച്ചടവിന്റെ മാനദണ്ഡങ്ങളും പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വായ്പകളുടെ തിരിച്ചടവ് ബാധ്യത നിക്ഷിപ്തമായിരിക്കുന്നതാരിലാണെന്നും വ്യക്തമാക്കുമോ?

2018-19-ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും സംസ്ഥാന സർക്കാർ ബ്രിഡ്ജ് ലോണായെടുത്ത 425 കോടി രൂപയുടെ ബാധ്യത സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്നു. ആയത് 13 തുല്യ തവണകളായി സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽനിന്നും പലിശ സഹിതം പൂർണ്ണമായും തിരിച്ചടച്ചു. പലിശ 9.50 ശതമാനം. ഹഡ്കോ വായ്പ തിരിച്ചടവ് കാലയളവ് 15 വർഷമാണ്. ഹഡ്കോയിൽനിന്ന് കെ.യു.ആർ.ഡി.എഫ്.സി. മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വായ്പയുടെ മുതൽ തിരിച്ചടവ് സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽനിന്ന് ആനുപാതികമായി കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

വായ്പയുടെ നിലവിലെ പലിശ നിരക്ക് 8.75 ശതമാനമാണ്. പലിശ തുക ഒരു സാമ്പത്തിക വർഷം 4 ഗഡുക്കളായി സർക്കാർ ഹഡ്കോയ്ക്ക് നല്കുന്നു. സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹഡ്കോ-യിൽ നിന്നും വായ്പ അനുവദിച്ചിട്ടുള്ളത്.

വായ്പയുടെ മുതൽ തിരിച്ചടവ് ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽനിന്നും അനുവദിക്കുന്ന വികസന ഫണ്ടിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും വായ്പാ മുതൽ തിരിച്ചടവിനത്തിൽ ആനുപാതികമായി ഉറവിടത്തിൽവച്ചുതന്നെ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് നൽകേണ്ട ബാധ്യതയും ടി വായ്പയുടെ പലിശയുടെ ബാധ്യതയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

**കാട്ടാക്കട താലൂക്കാസ്ഥാന ആശുപത്രിക്ക് സ്ഥലം വാങ്ങൽ**

308 (321) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്കാസ്ഥാന ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോട് ഭൂമി കണ്ടെത്തുന്നതിനായുള്ള നടപടി

സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് 01-04-2024-ലെ ആർ.ഇ 1/71/2024/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ആയതുപ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ 03-06-2024-ലെ LSGD/PD/15541/2024-REV6 നമ്പർ കത്ത് പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ തിരുവനന്തപുരം, സെക്രട്ടറി നേമം ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നതായി 05-06-2024-ലെ ബി.പി1/1170/2024/NMM നമ്പർ കത്തു പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം**

309 (322) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ബജറ്റ് വിഹിതം എത്രയാണ്; പ്രസ്തുത സാമ്പത്തിക വർഷത്തിലിത് പൂർണമായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലെ അനുബന്ധം 4 പ്രകാരം വികസന ഫണ്ട്, പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക, അതിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഇവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) അനുവദിച്ച സമയത്തിനുള്ളിൽത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന പദ്ധതികൾ പൂർത്തീകരിച്ച് ബില്ലുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ട്രഷറിയിൽ സമർപ്പിച്ചിട്ടും യാതൊരു തുടർനടപടികളും സ്വീകരിക്കാതെ തിരികെ നൽകിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2023-24 സാമ്പത്തിക വർഷത്തിൽ ട്രഷറികളിൽ സമർപ്പിച്ച് തിരികെ നൽകിയ ബില്ലുകളുടെ തുക 2024-25 സാമ്പത്തിക വർഷത്തിൽ അധിക വിഹിതമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി&സി) കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലവും 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യാൻ നടപടി**

310 (323) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി വിവിധ തദ്ദേശസ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മാലിന്യ ശേഖരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ മാലിന്യശേഖരണം കാര്യക്ഷമമല്ലാത്തതിന് കാരണം വ്യക്തമാക്കുമോ?

ക്ലീൻ കേരള കമ്പനി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മാലിന്യ ശേഖരണം കൃത്യമായി നീക്കംചെയ്യുന്നതിന് ജില്ലയെ നാല് ക്ലസ്റ്ററാക്കി തിരിച്ച് ലിഫ്റ്റിംഗ് പ്ലാൻ തയ്യാറാക്കി മാലിന്യശേഖരണം ക്രമപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് മാലിന്യശേഖരണം നടന്നുവരുന്നു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽനിന്നും കുടിക്കലർന്ന മാലിന്യം നീക്കം ചെയ്യുന്നതിന് നിശ്ചിത ഫീസ് ക്ലീൻകേരള കമ്പനിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണം. ഇതിൽ കുടിശ്ശികവരുന്നതും വാഹനം കടന്നുചെല്ലാത്ത

സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫുകളിൽനിന്നും മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ കഴിയാത്തതും പ്രയാസം ഉണ്ടാക്കുന്നുണ്ട്.

(ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംഭരണ കേന്ദ്രങ്ങളിൽനിന്നും ക്ലീൻ കേരള കമ്പനി മാലിന്യ നീക്കം യഥാസമയം നടത്തുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യ നീക്കത്തിനായി ഒടുക്കേണ്ട മുൻ കുടിശ്ശിക, വാഹനം കടന്നുചെല്ലാത്ത സ്ഥലങ്ങളിലെ എം.സി.എഫുകളിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയാണ് യഥാസമയം മാലിന്യം നീക്കം ചെയ്യുന്നതിൽ പ്രയാസമുണ്ടാക്കുന്നത്. അജൈവ മാലിന്യ ശേഖരണം കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്ക് നിലവിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫോർവേഡ് ലിങ്കേജ് ക്രമവത്കരിക്കുന്നതിനും നിർദേശങ്ങൾ ക്ലീൻ കേരള കമ്പനിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ളതാണ്. നിലവിലെ സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങളും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചുവരുന്നു.

(സി) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംഭരണകേന്ദ്രത്തിൽനിന്നും ക്ലീൻ കേരള കമ്പനി യഥാസമയം മാലിന്യം നീക്കം ചെയ്യാത്തത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

അജൈവ പാഴ്‌വസ്തുക്കൾ നീക്കം ചെയ്യുന്നതിനായി മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർപ്രകാരം കഴിഞ്ഞ 2 വർഷമായി ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ കമ്പനി കൃത്യമായി ശേഖരിച്ചുവരുന്നു. എന്നാൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ 450 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ളതും തകരഷീറ്റ് മേഞ്ഞതുമായ വളരെ പരിമിതമായ ഒരു എം.സി.എഫ് സംവിധാനത്തിലൂടെയാണ് മാലിന്യ നീക്കം നടന്നുവരുന്നത്.

22 വാർഡുകളുള്ളതും ജനസാന്ദ്രത കൂടിയ വളരെ വലിയ ഭൂപ്രദേശമുള്ളതുമായ മേൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിലുള്ള പരിമിതമായ സംവിധാനം പര്യാപ്തമല്ല. വീടുകളിൽനിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ കൃത്യമായി തരംതിരിച്ച് കമ്പനിക്ക് കൈമാറുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടത്തെ എം.സി.എഫ്-ൽ ഇല്ല. സ്ഥല സൗകര്യം കുറവായതുകൊണ്ടും ശരിയായ മേൽക്കൂര സംവിധാനം ഇല്ലാത്തതുകൊണ്ടും പാഴ്വസ്തുക്കൾ മഴയും വെയിലും കൊള്ളാതെ സൂക്ഷിക്കാൻ കഴിയുന്നില്ല. തരംതിരിവിന് ഹരിതകർമ്മസേന അംഗങ്ങളെ കൂടാതെ പുറമെനിന്നുള്ള തൊഴിലാളികളെയും വിനിയോഗിച്ച് തരംതിരിവ് നടത്തിയശേഷം കൃത്യമായി വാഹനങ്ങളിൽ കയറ്റിക്കൊണ്ട് പോകുന്നതിനായി പാക്ക് ചെയ്യുന്ന മുറയ്ക്ക് വാഹനം ക്രമീകരിച്ചുമാറ്റുകയാണ് ചെയ്തുവരുന്നത്. നിലവിൽ എം.സി.എഫ്-ൽ ചാക്കിലാക്കി കെട്ടിവച്ചിരുന്ന പാഴ്വസ്തുക്കൾ പൂർണ്ണമായും മാറ്റിയിട്ടുള്ളതാണ്. ഷെഡ്ഡിനുപുറമെ കിടക്കുന്ന ബാക്കി മാലിന്യം ജെസിബി ഉപയോഗിച്ച് ലോഡ് ചെയ്ത് കൊണ്ടുപോകേണ്ടതുണ്ട്. മഴകാരണം എം.സി.എഫ്.-ലേക്കുള്ള വഴി പൂർണ്ണമായും ചെളിനിറഞ്ഞിരിക്കുന്നതിനാൽ

വാഹനങ്ങൾ എം.സി.എഫ്-ലേക്ക് എത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. കഴിഞ്ഞ 3 മാസങ്ങളിലായി ഇവിടെനിന്നും മാറ്റിയ മാലിന്യത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.+

**മൂന്നാർ ദേവികുളം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി**

311 (324) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ ദേവികുളം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത-ഭവനരഹിതരുടെ അന്തിമ ലിസ്റ്റിലുള്ള അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ?

മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിതരുടെ അന്തിമ ലിസ്റ്റിൽ 3613 ഗുണഭോക്താക്കളും, ദേവികുളം ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരുടെ അന്തിമ ലിസ്റ്റിൽ 2985 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. ഇതിനുപുറമെ 26-09-2019-ലെ ഡിബി1/304/2019-ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മുഖേനയും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ എറ്റെടുക്കുന്നുണ്ട്.

(സി) സ്ഥല ദൗർലഭ്യമുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് സമുച്ചയ മാതൃകയിൽ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനായി ലൈഫ് മിഷൻ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവന സമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെയും (കണ്ണൂർ - കടമ്പൂർ, ഇടുക്കി - കരിമണ്ണൂർ, കോട്ടയം - വിജയപുരം, കൊല്ലം - പുനലൂർ)

പാർട്ണർഷിപ്പിലൂടെ രണ്ട് ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് മിഷൻ അടിമാലിയിൽ വിലയ്ക്ക് വാങ്ങിയ 217 യൂണിറ്റുകളുള്ള ഭവന സമുച്ചയവും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇവയ്ക്ക്പുറമെ 3 ഭവന സമുച്ചയങ്ങൾ (തിരുവനന്തപുരം - വെങ്ങാനൂർ, എറണാകുളം - കീഴ്മാട്, എറണാകുളം - അങ്കമാലി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഒരു ഭവന സമുച്ചയം (തിരുവനന്തപുരം) സ്പോൺസർഷിപ്പിലൂടെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

**ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള നടപടികൾ**

312 (325) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ മാത്യു ടി. തോമസ്:
ശ്രീ കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനങ്ങളുടെ സമഗ്രവികസനത്തിന് ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് ചുവടെപ്പറയും പ്രകാരമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്:

വികസന-ക്ഷേമ-സേവന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതി സമഗ്രമായി ഉപയോഗപെടുത്തുക, ഇ-ഗവേർണൻസ് ഉപയോഗപെടുത്തി അഴിമതിരഹിത സദ്ഭരണം സാധ്യമാക്കൽ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, ഫ്രണ്ട് ഓഫീസ്, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, സിറ്റിസൺ സർവീസ് പോർട്ടൽ, ഐ.എൽ.ജി.എം.എസ്. സംവിധാനം, ഇതിന്റെ തുടർച്ചയായി കെ-സ്മാർട് പ്ലാറ്റ്ഫോമും മൊബൈൽ ആപ്ലിക്കേഷനും, ഉപജില്ലാ, ജില്ലാ, സംസ്ഥാന അദാലത്ത് സംവിധാനം, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ, വാതിൽപ്പടി സേവനം, കുടുംബശ്രീ സംവിധാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായക സംവിധാനമായി മാറ്റുന്നതിനുള്ള നടപടി, ഏകീകൃത തദ്ദേശസ്വയംഭരണ

വകുപ്പ് രൂപീകരണം, വിവിധ തരത്തിലുള്ള അധിക തസ്തികകൾ ലഭ്യമാക്കൽ, ജനപ്രതിനിധികൾക്കും ഉദ്യാഗസ്ഥർക്കും വിപുലമായ പരിശീലനം, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലഘൂകരണം, വരുമാന വർദ്ധനവിനുള്ള നടപടികൾ, വിവാഹ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കൽ, തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കാൻ സാഹചര്യം ഒരുക്കൽ, ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം, സുസ്ഥിര വികസന സൂചികകൾ തുടങ്ങിയ മേഖലകളിലും ആവശ്യമായ പിന്തുണ നൽകൽ എന്നിങ്ങനെ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു. ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ എന്നുള്ള അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തിൽ തൊഴിൽ പദ്ധതികൾ രൂപപ്പെടുത്തി

പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ത്രിതല പഞ്ചായത്തുകൾ മുഖാന്തരം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(ബി) പ്രായമായവരുടെ പരിചരണം, സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതിരോധം, അതിദരിദ്രരെ സംരക്ഷിക്കൽ, കാൻസർ ഉൾപ്പെടെ മാരകരോഗം ബാധിച്ചവരുടെ ചികിത്സ, വിധവകളെ സംരക്ഷിക്കൽ എന്നിവ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 19-04-2022-ലെ സ.ഉ.(കൈ) നം.84/2022/തസ്വഭവ നമ്പർ മാർഗ്ഗരേഖകൾ ഖണ്ഡിക 5.4(10) പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള

പരിചരണത്തിനുമായി നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് നിർദേശിച്ചിട്ടുള്ളതും ആയതുപ്രകാരമുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ആവശ്യകത അനുസരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം, പൗരധർമ്മത്തെവപ്പറ്റി ബോധവൽക്കരണം എന്നിവ നടപ്പിലാക്കുന്നതിന് കേരള പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജനത്തിനായി ഇ.പി.ഇ.പി. (Extreme Poverty Eradication Programme) എന്ന പേരിൽ 2025-ൽ അവസാനിക്കുന്ന സമാനതകളില്ലാത്ത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ഇതിലൂടെ ഇതുവരെ യാതൊരു പരിരക്ഷയും ലഭിക്കാത്ത അഗതി കുടുംബങ്ങളെയും അർഹതയില്ലാതെ ആനുകൂല്യം

വാങ്ങുന്നവരെയും കണ്ടെത്തുവാനും കുടുംബശ്രീ മുഖേനസർവ്വേ നടത്തി നടപടി സ്വീകരിക്കുന്നു. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിത്സ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. അഗതി കുടുംബാംഗങ്ങളെ ഘട്ടംഘട്ടമായി സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിന് തൊഴിൽ പരിശീലനവും സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ധനസഹായവും പദ്ധതിവഴി സാധ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 8.7.2(1) പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് ക്യാൻസർ, കിഡ്നി, കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത്

നടപ്പിലാക്കാവുന്നതാണ്. ഖണ്ഡിക 8.8.1(1) പ്രകാരം ശിശുക്കൾ, കുട്ടികൾ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവിഹാതിരായ അമ്മമാർ, ചൂഷണത്തിനും അതിക്രമത്തിനും ഇരയായ സ്ത്രീകൾ, ഗുരുതരരോഗം ബാധിച്ചവർ, അഗതികൾ, കിടപ്പുരോഗികൾ, സാമൂഹ്യസുരക്ഷ ആവശ്യമായ മറ്റ് വിഭാഗങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(സി) കലാകായികരംഗങ്ങളിൽ യുവജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് സാമൂഹിക മുന്നേറ്റ പരിപാടികളും ആരോഗ്യ സംബന്ധമായ നിരന്തര ബോധവൽക്കരണങ്ങളും നടത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ ആഭിമുഖ്യത്തിൽ നടത്തുന്ന കേരളോത്സവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കായികരംഗങ്ങളിൽ മുന്നേറാൻ

അവസരം നൽകുന്നുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങളിൽ അധികമായ നടപടികൾ ഇപ്പോൾ പരിഗണനയിലില്ല. കളിസ്ഥലങ്ങൾ പുതുതായി ഏർപ്പെടുത്തൽ, നിലവിലുള്ളവ മെച്ചപ്പെടുത്തൽ, ഓപ്പൺ ജിം മുതലായ സംവിധാനങ്ങൾ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

**ലൈഫ് ഭവന പദ്ധതി**

313 (326) **ശ്രീ. പി. സി. വിഷ്ണുനാഥ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നാണ്; അപേക്ഷകൾ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്; എത്ര ഗുണഭോക്താക്കളാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

27-07-2020-ലെ സ.ഉ.(കൈ)നം.112/2020/തസ്വഭവ പ്രകാരമാണ് ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അവസാനമായി അപേക്ഷ ക്ഷണിച്ചത്. അപേക്ഷകൾ സൂക്ഷ്മ പരിശോധന

പൂർത്തീകരിച്ച് 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രസ്തുത ലിസ്റ്റിൽ അർഹരായ ഭൂമിയുള്ള ഭവനരഹിതരായി 369262 പേരും, ഭൂരഹിത ഭവനരഹിതരായി 196446 പേരും ഉൾപ്പെടെ ആകെ 565708 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2017-ലാണ് ആദ്യം ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അഡീഷണൽ ലിസ്റ്റ് 2019-ൽ തയ്യാറാക്കുകയും അതിൽനിന്നുള്ള ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

(ബി) പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽനിന്നും ലൈഫ് ഭവന പദ്ധതിപ്രകാരം സഹായം അനുവദിച്ച് നൽകിത്തുടങ്ങിയത് എന്നാണ്; നാളിതുവരെ എത്ര വീടുകൾക്ക് ഈ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സഹായം നൽകിയിട്ടുണ്ട്; ഇതിൽ എത്ര വീടുകൾ പണി പൂർത്തീകരിച്ചു; വിശദമാക്കാമോ?

15-11-2022-ലെ സ.ഉ.(സാധാ)നം.2806/2022/തസ്വഭവ പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുതുടങ്ങി. 31-05-2024 വരെ ടി ഗുണഭോക്തൃ ലിസ്റ്റിൽനിന്നും 94819 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയും ഇതിൽ 41281 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലൈഫ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31-05-2024 വരെ 507058 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 404278 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 102780 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) പ്രസ്തുത വീടുകൾക്ക് ലൈഫ് ഭവന പദ്ധതിയിൽ സഹായം അനുവദിച്ച ഇനത്തിൽ നാളിതുവരെ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ലൈഫ് ഭവന പദ്ധതിയിൽ 2020-ലെ പട്ടികയിൽ നിന്നുള്ള വീടുകൾക്ക് മാത്രമായി 31-05-2024 വരെ സർക്കാർ-തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമിനത്തിൽ 2061.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം സർക്കാർ നൽകുന്ന വികസന ഫണ്ടിൽനിന്നും കണ്ടെത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം നൽകാൻ മതിയായ ഫണ്ട് (തനത് ഫണ്ട് ഉൾപ്പെടെ) ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക സർക്കാർ ഗ്യാരന്റിയോടെ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയിൽനിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ സർക്കാർ നൽകുകയും മുതൽ തിരിച്ചടവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന ബജറ്റിൽനിന്നും അനുവദിക്കുന്ന വികസന ഫണ്ടിൽനിന്നും ആനുപാതികമായി ഉറവിടത്തിൽ കുറവ് ചെയ്ത് സർക്കാർതന്നെ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക്

നൽകുന്നു. ലൈഫ് ഭവന പദ്ധതിക്ക് 31-05-2024 വരെ (2081.69 കോടി രൂപ കേന്ദ്ര വിഹിതമുൾപ്പെടെ) 17526.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

314 (327) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (2 കോടി രൂപ) ഉൾപ്പെടുത്തിയ ചുണ്ടക്കാട്-കുംഭാരതറ പുഴക്കൽ റോഡ്, തെക്ക് മണ്ണ് അങ്കണവാടി, കൊണ്ടാട്ടുമുറി അങ്കണവാടി, ചീകോട് അങ്കണവാടി എന്നീ പദ്ധതികളുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിച്ച് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (രണ്ട് കോടി രൂപ) ഉൾപ്പെടുത്തിയ ചുണ്ടക്കാട്-കുംഭാരതറ പുഴക്കൽ റോഡ്, തെക്ക്മണ്ണ് അങ്കണവാടി, കൊണ്ടാട്ടുമുറി അങ്കണവാടി,

ചീകോട് അങ്കണവാടി എന്നീ പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്. ഭരണാനുമതി നടപടി പൂർത്തീകരിച്ചതിനുശേഷം മാത്രമേ സാങ്കേതിക നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**കാൻസർ കെയർ സൊസൈറ്റി**

315 (328) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ രൂപീകരിച്ച കാൻസർ കെയർ സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാൻസർ ബാധിതരായവരുടെ ക്ഷേമത്തിനും കാൻസർ രോഗപ്രതിരോധത്തിനും പ്രാധാന്യം നൽകി ജില്ലയിൽ കാൻസർ രോഗംമൂലം സമൂഹത്തിനും പൗരന്മാർക്കുമുണ്ടാകുന്ന എല്ലാവിധത്തിലുമുള്ള ആഘാതങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരിക എന്നതാണ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ജില്ലാ കലക്ടർ മെമ്പർ

സെക്രട്ടറിയായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും രൂപീകരിച്ച കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി (Regn. No.KKD/CA/2023) എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം.

(മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ ഭാഗമായുള്ള ഉദ്ദേശ്യലക്ഷ്യങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+)

(ബി) തെങ്ങിലക്കടവ് കാൻസർ സെന്റർ പ്രസ്തുത സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് തെങ്ങിലക്കടവിലുള്ള മാവൂർ കാൻസർ കെയർ സൊസൈറ്റി സ്ഥിതി ചെയ്യുന്ന കണ്ണിപറമ്പ് ദേശത്തിലെ സ്ഥലവും കെട്ടിടവും കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി ഏറ്റെടുത്ത് നടത്താൻ സന്നദ്ധമാണെന്ന് അറിയിച്ച്, കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി എക്സിക്യൂട്ടിവ് കമ്മറ്റി തീരുമാനിച്ച് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ-സ്മാർട്ട് പദ്ധതി**

316(329) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻഫർമേഷൻ) പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; കെ-സ്മാർട്ടിന്റെ സേവനങ്ങൾ വിശദമാക്കാമോ?

കെ-സ്മാർട്ട് പദ്ധതി സംബന്ധിച്ച വിവരങ്ങൾ വിശദീകരണക്കുറിപ്പായി ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

കെ-സ്മാർട്ട് പദ്ധതി പ്രകാരം Building Permit -13, Civil Registration – 121, File Module –81, License Module – 6, Property Tax Module – 15, Public Grievance Module – 64 എന്നിങ്ങനെ ആറ് മൊഡ്യൂളുകളിലായി ആകെ 300 സർവീസുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. സർവ്വീസ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ കെ-സ്മാർട്ട് ജി.ഐ.എസ്. - Know Your Land എന്ന മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുകയെന്നും പ്രസ്തുത സ്ഥലം എയർപോർട്ട് സോൺ, റെയിൽവേ സോൺ, കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്.) എന്നിവയിൽ ഉൾപ്പെട്ടതാണോയെന്ന വിവരവും അറിയാൻ സാധിക്കും.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക വിഹിതം**

317 (330) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട അർഹമായ സാമ്പത്തിക വിഹിതം സമയബന്ധിതമായി ലഭിക്കാത്തതിനാൽ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട തുകയിൽനിന്നും നല്ലൊരു ശതമാനം തുക വെട്ടിക്കുറച്ചതിനാൽ അവയ്ക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം അനുവദിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിനത്തിൽ 71.5% തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജകമണ്ഡലത്തിലെ റോഡ് നവീകരണം

318 (331) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. (ഫേസ് III) പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രൊപ്പോസലുകളാണ് ഇനി പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

പുതിയ പ്രൊപ്പോസലുകൾ നിലവിലില്ല.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടക്കുന്ന ഏതെല്ലാം ഗ്രാമീണ റോഡുകളിലാണ് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതെന്നും ആയതിന്റെ റീസ്റ്റോറേഷൻ ആവശ്യമായ തുക ഇനിയും ലഭിക്കാത്ത സ്ഥലങ്ങളുണ്ടോയെന്നും അറിയിക്കോമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണത്തിന് മുമ്പായി ഗ്രാമീണ റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിട്ടില്ലായെങ്കിൽ പിന്നീട് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് ഡി.എൽ.പി. (ഡാറ്റ ലോസ് പ്രിവൻഷൻ) പ്രകാരം സാധിക്കാത്ത സ്ഥിതിയുണ്ടാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റോഡ് റീസ്റ്റോറേഷൻ ചാർജ്ജുകൾ അനുവദിക്കുന്നമുറയ്ക്ക് അടവാക്കാമെന്നുള്ള കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ രേഖാമൂലമുള്ള ഉറപ്പിന്മേൽ ഇത്തരം റോഡുകളിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനായി പി.എം.ജി.എസ്.വൈ. ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമോ; നിലപാട് അറിയിക്കാമോ?

അപ്രകാരം നിർദേശം നൽകുന്നതിന് ജൽജീവൻ മിഷൻ അധികാരികളിൽനിന്നുള്ള അഷ്വറൻസ് ആവശ്യമാണ്. ആയതിനായി

കേരള വാട്ടർ അതോറിറ്റിക്ക് കത്തയച്ചിട്ടുണ്ട്. രേഖാമൂലമുള്ള ഉറപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുമായി ചർച്ച നടത്താൻ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ്‌ലൈൻ സ്ഥാപിക്കൽ, റോഡ് റീസ്റ്റോറേഷൻ ചാർജ് അടവാക്കൽ തുടങ്ങിയ തർക്കങ്ങൾ പരിഹരിക്കുന്നതിന് പി.എം.ജി.എസ്.വൈ. ഉദ്യോഗസ്ഥരെയും കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ഉന്നതതല യോഗം ചേരുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും**

319 (332) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുകുളങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവുംവഴി എത്ര പൊതുകുളങ്ങൾ വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുകുളങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവുംവഴി 2637 പൊതുകുളങ്ങൾ വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1756 പൊതുകുളങ്ങളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇനിയും സംരക്ഷിക്കാത്ത എത്ര പൊതുകുളങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ?

ലഭ്യമായ കണക്കുകൾ പ്രകാരം കാസർഗോഡ് ജില്ലയിൽ ഇനിയും സംരക്ഷിക്കാത്ത 62 പൊതുകുളങ്ങളുണ്ട്.

**വരൾച്ച നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച കർമ്മ പദ്ധതികൾ**

320 (333) ശ്രീ ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താപനില ഓരോ വർഷവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തൊക്കെ കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആഗോളതാപനത്തിന്റെയും അതിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായിട്ടാണ് അന്തരീക്ഷ താപനില ഓരോ വർഷവും വർദ്ധിച്ചുവരുന്നത്. ഇതിന് പരിഹാരം കാണുന്നതിന് കാർബൺ തുലനത്തിലൂടെ സാധ്യമാകും. അത്തരത്തിൽ കാർബൺ തുലനത്തിലേയ്ക്ക് പടിപടിയായി എത്തിച്ചേരുന്നതിനുള്ള ശ്രമങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" എന്ന ക്യാമ്പയിന് മിഷൻ രൂപം കൊടുത്തിട്ടുണ്ട്. "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" എന്ന ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള സംസ്ഥാനത്തെ 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എമിഷൻ ലഘൂകരണം, കാർബൺ സംഭരണം എന്നിവ ഉറപ്പാക്കുന്നതിനായി മാലിന്യസംസ്കരണം, ജലസുരക്ഷ, ഊർജ്ജ

സംരക്ഷണം, പച്ചത്തുരുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥാപനങ്ങളിൽ കാർബൺ എമിഷൻ കണക്കാക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. ഊർജം (ഗതാഗത മേഖല ഉൾപ്പെടെ) മാലിന്യം, കൃഷി തുടങ്ങിയ സ്രോതസ്സുകളിൽനിന്നുമുള്ള എമിഷനാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പ്രവർത്തനമേറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിൽ ഇ.എം.സി.-യുടെ സഹകരണത്തോടെ, 'അംഗൻജ്യോതി' പദ്ധതിയിൽപ്പെടുത്തി ഊർജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം പ്രദേശിക കർമ്മപദ്ധതി തയ്യാറാക്കൽ എന്ന പദ്ധതി മിക്ക സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത കാവുകളുടെ സംരക്ഷണം മുതലായ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഉഷ്ണതരംഗത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തണ്ണീർ പന്തലുകൾ, വാട്ടർ

കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചില സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ ഫാമിംഗ് പോലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വരും വർഷങ്ങളിൽ കടുത്ത വരൾച്ചയുണ്ടാകാൻ സാധ്യതയുള്ള സാഹചര്യത്തിൽ ജല ബജറ്റ് തയ്യാറാക്കുവാൻ നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. ഭൂജല നിരപ്പിലുണ്ടാകുന്ന കുറവ് പരിഗണിച്ച് കേരളത്തിൽ മൂന്ന് ബ്ലോക്കുകൾ ക്രിട്ടിക്കൽ ബ്ലോക്കുകളായും 30 ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ ബ്ലോക്കുകളായും സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെടുന്ന 94 ഗ്രാമപഞ്ചായത്തുകളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആദ്യഘട്ടമായി ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് 46 ബ്ലോക്കുകളിലെ 227 ഗ്രാമപഞ്ചായത്തുകളിൽ കൂടി ജലബജറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഒരു ബ്ലോക്ക് ക്രിട്ടിക്കൽ വിഭാഗത്തിലും 14 ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും ഉൾപ്പെടുന്നു. ശേഷിക്കുന്ന

രണ്ട് ക്രിട്ടിക്കൽ ബ്ലോക്കുകളിലെയും 16 സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ജലബജറ്റ് തയ്യാറാക്കിയ സ്ഥലങ്ങളിൽ ഏറ്റവും കൂടുതൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കണ്ടെത്തുന്ന പ്രവർത്തനവും ഈ പഞ്ചായത്തുകളിലെ ജലസുരക്ഷാ പ്ലാൻ ജനകീയമായി തയ്യാറാക്കുന്ന പ്രവർത്തനവും പുരോഗമിക്കുന്നു.

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ജലാശയ മലിനീകരണം തടയുന്നതിനും മഴവെള്ള സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ 22.1 കിലോമീറ്റർ പുഴകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 34435 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകളും 3448 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. പുതിയതായി 5110 കുളങ്ങളും 17511 കിണറുകളും 558 സ്ഥിരം തടയണകളും

60231 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 8656 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർസെക്കൻഡറി സ്കൂളിൽ വീതം പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവ വിനിയോഗിച്ചും പെരിയാർ, പമ്പാ നദീതട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേരള പുനർനിർമ്മാണ പദ്ധതി (ആർ.കെ.ഐ.)യുടെ സഹായത്തോടെയുമാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്താകെ ഇത്തരത്തിൽ 234 ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. 294 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്. ഈ ലാബുകൾ വരുന്നതോടുകൂടി ജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന കിണർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനും മലിനീകരണം കാണുന്നപക്ഷം ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ

സ്വീകരിക്കാനും കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജലാശയ മലിനീകരണം തടയുന്നതിനും മഴവെള്ള സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കുന്നതിനായി മഴക്കുഴികൾ നിർമ്മിക്കുന്നു. മതിയായ വിസ്തീർണ്ണമുള്ളതും പുതിയതായി നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) വരൾച്ച സാധ്യതയുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തുന്ന ഉപഗ്രഹാധിഷ്ഠിത മാപ്പ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ ജലശോഷണത്തിന്റെ കാര്യത്തിൽ ക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള മൂന്ന് ബ്ലോക്കുകളിലും സെമിക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള 30 ബ്ലോക്കുകളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ജലബജറ്റുകൾക്ക് അനുബന്ധമായി വരൾച്ചാ സാധ്യതയുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തുന്ന

ഉപഗ്രഹാധിഷ്ഠിത മാപ്പുകൾകൂടി തയ്യാറാക്കാൻ ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി പങ്കാളിത്തത്തോടെയും ജനകീയമായിട്ടുമാണ് ഹരിതകേരളം മിഷൻ ഈ പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിടുന്നത്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

321 (334) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം പേരാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതെന്നും അതിനുവേണ്ടി പ്രതിവർഷം എത്ര തുകയാണ് ചെലവാക്കുന്നതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷത്തിൽ 2023 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 4872502 ഗുണഭോക്താക്കൾക്കാണ് നൽകിയിട്ടുള്ളത്.

ഈ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4831782600 |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 37313894900 |
| ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 5599948200 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1163401000 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 18411967200 |
| **ആകെ** | **67360306900** |

(ബി) വാമനപുരം മണ്ഡലത്തിൽ നിലവിൽ എത്ര പേർക്കാണ് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതെന്നും അതിനായി എത്ര തുകയാണ് പ്രതിമാസം ചെലവാക്കുന്നതെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

വാമനപുരം മണ്ഡലത്തിൽ നിലവിൽ 45208 പേർക്കാണ് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നത്. ആയതിനായി പ്രതിമാസം ചെലവാക്കുന്ന തുക 6,94,52,800 രൂപയാണ്.

| **ഗ്രാമ പഞ്ചായത്ത്** | **ഉപഭോക്താക്കളുടെ എണ്ണം** | **തുക** |
|---|---|---|
| ആനാട് | 5652 | 8612200 |
| കല്ലറ | 5337 | 8093200 |
| നന്നിയോട് | 5434 | 8386400 |
| നെല്ലനാട് | 4814 | 7424400 |
| പനവൂർ | 4083 | 6347800 |

| | | |
|---|---|---|
| പാങ്ങോട് | 5856 | 9063600 |
| പെരിങ്ങമ്മല | 5335 | 8398000 |
| പുല്ലമ്പാറ | 4213 | 6546800 |
| വാമനപുരം | 4484 | 6580400 |
| **ആകെ** | **45208** | **69452800** |

**ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച്**

322 (335) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ ഇപ്പോൾ എത്ര ജീവനക്കാരാണുള്ളതെന്നും ഒരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ?

ഇൻഫർമേഷൻ കേരള മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ആറുപേരും ഐ.കെ.എം. സൊസൈറ്റി ജീവനക്കാർ 325 പേരും ചേർത്ത് ആകെ 331 പേർ ജോലി ചെയ്യുന്നു.

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നാണെന്ന് അറിയിക്കാമോ?

31-08-2017-ലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ പ്രകാരമാണ് ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് 01-09-2017 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത്.

(സി) ശമ്പളം പരിഷ്കരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പള പരിഷ്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗം ഡോ. സന്തോഷ് ബാബു ഐ.എ.എസ്. (റിട്ട.), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) (കമ്മിറ്റി ചെയർമാൻ)-ന്റെ അദ്ധ്യക്ഷതയിൽ 21-03-2024-ന് രാവിലെ

10.00 മണിക്ക് ചേരുകയും ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു.

അതിനുശേഷം ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുടെ ഒരു യോഗം ഡോ. സന്തോഷ് ബാബു ഐ.എ.എസ്. (റിട്ട.)-ന്റെ ചേംബറിൽ വച്ച് 05-04-2024-ന് ഉച്ചക്ക് 03.00 മണിക്ക് ചേരുകയും സംഘടനാ പ്രതിനിധികൾ നിർദ്ദേശിച്ച കാര്യങ്ങളുംകൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ സമർപ്പിക്കേണ്ട പ്രൊപ്പോസൽ അന്തിമമാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഐ.കെ.എം.-ൽ പുരോഗമിക്കുകയുമാണ്. ഇക്കാര്യം സംബന്ധിച്ച പ്രൊപ്പോസൽ ഐ.കെ.എം.-ൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ഡി) ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് നടപടികൾ ഏത് ഘട്ടത്തിലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഐ.കെ.എം. ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം**

323 (336) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2020-2023 കാലയളവിൽ പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഇനി ഭരണാനുമതി ലഭിക്കാൻ പരിഗണനയിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; ബ്ലോക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 2020-23 കാലയളവിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണാനുമതി ലഭിക്കാൻ

പരിഗണനയിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പി.എം.ജി.എസ്.വൈ.-ൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ?

കേന്ദ്ര മന്ത്രാലയം കാലാകാലങ്ങളിൽ പുറത്തിറക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പി.എം.ജി.എസ്.വൈ.-ൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത്. ഇപ്പോൾ നിലവിലുള്ള പി.എം.ജി.എസ്.വൈ.III-ൽ ഉൾപ്പെടുത്തേണ്ട റോഡുകൾ, അപ്ഡേഷൻ ഓഫ് ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കൻഡറി സ്കൂളിന്റെയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളാണ് തിരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനുകളുടെയും ഫെസിലിറ്റികളുടെയും തിരഞ്ഞെടുപ്പ് അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള സി.യു.സി.പി.എൽ. (Comprehensive Upgradation-cum-Consolidation Priority List) റാങ്ക് അടിസ്ഥാനത്തിലാണ് നടത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ജില്ലയിലെ മുഴുവൻ റൂറൽ റോഡുകളെയും ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിംഗ് നടത്തിയാണ് റാങ്ക് നിർണ്ണയിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട എം.പി.-യുടെ ശിപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും ഉൾപ്പെടുന്നു. കർശനമായ മാനദണ്ഡത്തോടെ, ചുരുങ്ങിയത് മൂന്ന് കി.മീ. നീളവും 7.5 മീറ്റർ (Through Route)/6 മീറ്റർ (Major Rural Link) വീതിയിൽ മുഴുവൻ നീളത്തിലും സ്ഥലലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതായുമുണ്ട്.

ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ (എസ്.റ്റി.എ.) അംഗീകാരവും ലഭ്യമായതിനുശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ (MoRD) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അവിടെ പ്രീ-എംപവേർഡ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് ഭരണാനുമതി നൽകുന്നത്.

## മാലിന്യ സംസ്കരണം

324 (337) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണരംഗത്ത് സംസ്ഥാനം ഇപ്പോഴും പിന്നിലാണെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നൂതന മാർഗങ്ങൾ വിശദമാക്കാമോ?

ദിനംപ്രതി രൂപപ്പെടുന്ന ജൈവ-അജൈവ മാലിന്യം വികേന്ദ്രീകൃത അടിസ്ഥാനത്തിലും ഓവർഫ്ലോ വേസ്റ്റ് കേന്ദ്രീകൃതമാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെയും ശാസ്ത്രീയമായ രീതിയിൽ പൂർണ്ണമായും സംസ്കരിച്ച് സീറോ വേസ്റ്റ് സംസ്ഥാനമാകുന്നതിനാണ് കേരളം ലക്ഷ്യം വയ്ക്കുന്നത്. കാലാവസ്ഥ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുന്നതിന് നവകേരളം രണ്ടാംഘട്ടം മുൻഗണന നൽകുന്നു.

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഖരമാലിന്യ സമാഹരണവും സംസ്കരണവും നൂറ് ശതമാനത്തിലെത്തിക്കാനുള്ള പ്രവർത്തനമാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

ഉറവിടത്തിൽ വച്ചുതന്നെ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം ജൈവം, അജൈവം എന്നിങ്ങനെ രണ്ടായി തിരിക്കുന്നു. വീടുകളിൽ വൃത്തിയാക്കി സൂക്ഷിച്ചിട്ടുള്ള അജൈവ പാഴ്വസ്തുക്കൾ കൃത്യമായ ഇടവേളകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച യൂസർഫീ ഈടാക്കിക്കൊണ്ട് ഹരിതകർമ്മസേന വഴി ശേഖരിച്ച് മിനി മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിൽ എത്തിക്കുകയും അവിടെനിന്ന് മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. ഇവിടെ വച്ച് എൽ.ഇ.ഡി. ബൾബ്, ട്യൂബ്, പി.വി.സി. സ്റ്റീൽ, ചില്ലുകുപ്പികൾ, കുപ്പിയുടെ അടപ്പുകൾ, സ്പ്രേ കുപ്പികൾ തുടങ്ങിയ പാഴ്വസ്തുക്കളെ വിവിധ വിഭാഗങ്ങളായി തരംതിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുനരുപയോഗസാധ്യമാവുന്ന പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ എത്തിച്ച് ചെറുതരികളാക്കി പെല്ലറ്റ് രൂപത്തിലോ ലംപ്സ് രൂപത്തിലോ ഇത്

അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കമ്പനികൾക്ക് കൈമാറുന്നു. പുനഃചംക്രമണത്തിനുതകാത്ത പ്ലാസ്റ്റിക് മാലിന്യം റിസോഴ്സ് റിക്കവറി കേന്ദ്രത്തിലേക്ക് അയക്കുകയും ചെറുതരികളാക്കി റോഡുനിർമാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഇതുവഴി ഇത്തരം പ്ലാസ്റ്റിക്കിന്റെ പുനഃചംക്രമണം സാധ്യമാക്കുന്നു. കലോറിഫിക് മൂല്യം കൂടുതലുള്ള അജൈവ പാഴ്വസ്തുക്കൾ പ്രോസസ്സിംഗ് ഫെസിലിറ്റിയിലേക്ക് കൈമാറുന്നു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് മാലിന്യസംസ്കരണ ഉപാധികൾ സർക്കാർ സബ്സിഡിയോടെ നൽകിവരുന്നു. കൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചുവരുന്നു. നിലവിലെ വികേന്ദ്രീകൃത സംവിധാനങ്ങൾക്ക് പുറമെ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ സാധിക്കാത്തവരിൽനിന്നും യൂസർഫീ വാങ്ങിക്കൊണ്ട് മാലിന്യം ശേഖരിച്ച് കേന്ദ്രീകൃത സംവിധാനത്തിലെത്തിച്ച് സംസ്കരിച്ചുവരുന്നു. ഇത്തരത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന

പ്ലാന്റുകളാണ് പെരിന്തൽമണ്ണ നഗരസഭയിലെ "ബയോ ശക്തി ബയോ ഊർജ്ജ മോഡൽ" (വേസ്റ്റ് ടു ഇലക്ട്രിസിറ്റി) ബയോഗ്യാസ് പ്ലാന്റ്, ശക്തൻ മാർക്കറ്റിലെ ഒ.ഡബ്ല്യു.സി. പ്ലാന്റ്, വടക്കാഞ്ചേരി നഗരസഭയിലെ കമ്പോസ്റ്റിംഗ് പ്ലാന്റ്, ആറ്റിങ്ങൽ വിൻഡ്രോ പ്ലാന്റ്, ഇടുക്കി വെർമി യൂണിറ്റ്, പാലക്കാട് കമ്പോസ്റ്റിംഗ് പ്ലാന്റ് എന്നിവ. കൂടാതെ എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ബ്ലാക്ക് സോൾജ്യർ ഫ്ലൈ (ബി.എസ്.എഫ്.) അധിഷ്ഠിതമായ 50 ടൺ ശേഷിയുള്ള പ്ലാന്റ് പ്രവർത്തനം പൂർണ്ണരീതിയിൽ ആരംഭിച്ചിട്ടുള്ളതാണ്. ആയതിന് പുറമെ കൊച്ചി നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണത്തിന് 150 ടൺ ശേഷിയുള്ള സി.ബി.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിന് ബി.പി.സി.എൽ.-ൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി.) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത

പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറ് വർഷമാണ് പദ്ധതി കാലയളവ്. അർബൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായാണ് ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാൻ ആവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും KSWMP മുഖാന്തിരം നൽകിവരുന്നു.

സംസ്ഥാനത്ത് പൗൾട്രി മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ റെൻഡറിംഗ് പ്ലാന്റുകൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പരിപാടി ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനും ജനങ്ങളിൽ ശുചിത്വബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മാലിന്യ സംസ്കരണ വിഷയത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളെ പരിഗണിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയാണ് കഴിഞ്ഞ കുറെ കാലമായി സംസ്ഥാനം പ്രോത്സാഹിപ്പിക്കുന്നത്. കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരായി മുൻകാലങ്ങളിൽ വിവിധ ജില്ലകളിലുണ്ടായിട്ടുള്ള പ്രക്ഷോഭങ്ങളും സമരങ്ങളും എല്ലാവരുടെയും ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമാണ്. മറ്റ് അയൽ സംസ്ഥാനങ്ങളെ പോലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജനവാസ മേഖലയിൽനിന്ന് മാറിയുള്ള സ്ഥലലഭ്യത ഇല്ലാത്തതും സംസ്ഥാനത്തെ മഴ കൂടുതലുള്ള കാലാവസ്ഥയും മാലിന്യത്തിന്റെ സ്വഭാവവുമൊക്കെ പരിഗണിച്ചാണ് വികേന്ദ്രീകൃത മാലിന്യ

സംസ്കരണ മാർഗ്ഗങ്ങളാണ് സംസ്ഥാനത്തിന് അഭികാമ്യം എന്ന നയം സ്വീകരിച്ചിട്ടുള്ളത്.

ഈ നയത്തിന്റെ ഭാഗമായി സാധ്യമായ എല്ലാ മാലിന്യ ഉറവിടങ്ങളിലും സ്വന്തം നിലയിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായം/പ്രോത്സാഹനം നൽകുകയും ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി 90% സബ്സിഡിയിൽ സംസ്കരണ ഉപാധികൾ നൽകിവരുന്നുമുണ്ട്. ഇത്തരം ഉപാധികൾ ലഭ്യമാക്കുന്നതിന് ശുചിത്വ മിഷൻ മുഖേന നൂറോളം സ്ഥാപങ്ങളെ സേവനദാതാക്കളായി കണ്ടെത്തിയിട്ടുണ്ട്.

അജൈവ മാലിന്യ പരിപാലനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകരണം പൂർത്തിയാക്കുകയും ഇവർ മുഖേനയുള്ള വാതിൽപ്പടി പാഴ്വസ്തു ശേഖരണം നടന്നുവരുന്നുമുണ്ട്. ഇതിലെ കാര്യക്ഷമത ഇനിയും ഉയരേണ്ടതായുണ്ടെന്ന തിരിച്ചറിവിൽനിന്നും ഇതിനായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കി. ഇതിനായി തയാറാക്കിയ ഹരിതമിത്രം

മൊബൈൽ അപ്ലിക്കേഷൻ 80 ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഉപയോഗിച്ചുവരുന്നു.

അജൈവ പാഴ്‌വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി ആയിരത്തി ഒരുന്നൂറോളം മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളും പതിനയ്യായിരത്തിലധികം മിനി മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളും സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ട്.

ഈ പ്രവർത്തനങ്ങളിലെ കുറവുകൾ പരിഹരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുള്ളത്. വിവിധ സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിപുലമായ ക്യാമ്പയിൻ നടന്നതിന്റെ ഫലമായി ഇന്ന് 80 ശതമാനം വീടുകളിൽനിന്നും പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനും അവ കൃത്യമായി സംസ്കരണത്തിന് അയയ്ക്കുന്നതിനും കഴിയുന്നുണ്ട്. യുവാക്കളെയും കുട്ടികളെയും ക്യാമ്പയിനിന്റെ ഭാഗമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ അധ്യയന വർഷം മുതൽ ശുചിത്വ ശീലങ്ങളും മാലിന്യസംസ്കരണ വിഷയങ്ങളും സംസ്ഥാനത്തെ

പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അതുണ്ടാക്കുന്ന പാരിസ്ഥിതിക ഗുണഫലങ്ങളെക്കുറിച്ചും യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം എല്ലാ ജില്ലകളിലും യൂത്ത് മീറ്റ്സ് ഹരിതകർമസേന എന്ന പരിപാടി നടക്കുകയും ഈ വർഷം അത് കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. പൊതുഇടങ്ങളിൽ വലിച്ചെറിയുന്ന ശീലം നിരുത്സാഹപ്പെടുത്തി പാതയോരത്തെ മനോഹരമായി പരിപാലിക്കുന്നതിന് നാഷ്ണൽ സർവീസ് സ്കീമിന്റെ സഹായത്തോടെ 3000 സ്നേഹാരാമങ്ങൾ നിർമ്മിക്കുകയുണ്ടായി. യുവജനങ്ങളിൽ മാലിന്യ സംസ്കരണത്തിലെ ശരിയായ ശീലങ്ങൾ വളർത്തുക എന്ന ലക്ഷ്യവും ഈ പ്രവർത്തനത്തിന് പിന്നിലുണ്ട്.

(സി) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സഹകരിക്കാൻ മുന്നോട്ടുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന പ്രോത്സാഹന

നടപടികളെക്കുറിച്ച് അറിയിക്കാമോ; അത്തരത്തിൽ എത്ര സ്റ്റാർട്ടപ്പുകൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സഹകരിക്കാൻ മുന്നോട്ടുവരുന്ന സ്റ്റാർട്ടപ്പുകൾക്കായി പി.പി.പി. അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എംപാനൽ നൽകിയിട്ടുള്ളവർക്കും ഡി.ബി.ഒ. അടിസ്ഥാനത്തിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തിൽപ്പരം സ്റ്റാർട്ടപ്പുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രോസ്പെക്ടീവ് ഇൻവെസ്റ്റർ കാറ്റഗറിയിലുൾപ്പെടുത്തി പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്ക് താൽപര്യമുള്ള ഏജൻസികൾക്കായി താത്പര്യപത്രം (EoI) ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) മാലിന്യ സംസ്കരണരംഗത്ത് ജോലി ചെയ്യുന്നവരുടെ സാമൂഹിക, സാമ്പത്തിക ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കുടുംബശ്രീ മിഷൻ മുഖേന കുടുംബശ്രീ അംഗങ്ങളായ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് "ഇൻസ്പെയർ" എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 23536 അംഗങ്ങൾ ഇതിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലൂടെ ഹരിതകർമ്മ സേനയുടെ തൊഴിലിടങ്ങൾ കൂടുതൽ സുരക്ഷിതമാക്കുകയും അംഗങ്ങൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പദ്ധതിയിലൂടെ ഉറപ്പാക്കുകയും ചെയ്തുവരുന്നു. ഹരിതകർമ്മസേനയുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് ആവശ്യമായ യന്ത്രസംവിധാനങ്ങൾ, വാഹനങ്ങൾ തുടങ്ങിയവയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ശുചീകരണതൊഴിലാളികൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിന് 93 നഗരസഭകളിലുമായി പഠനങ്ങൾ നടന്നുവരികയാണ്. പ്രായോഗിക സാധ്യതകൾ പരിഗണിച്ച്

വരുംകാലയളവിൽ സംരംഭകത്വ വികസനപദ്ധതികൾ കെ.എസ്.ഡബ്ല്യൂ.എം.പി.-യുടെ നേതൃത്വത്തിൽ നടപ്പാക്കാൻ തീരുമാനമായിട്ടുണ്ട്.

**കുടുംബശ്രീ ജില്ലാ മിഷൻ**

325 (338) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകീഴിൽ എത്ര സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പേര്, ഏത് സംരംഭം, ജില്ലാ മിഷനിൽനിന്നും ലഭിച്ച തുക എന്നിങ്ങനെ പട്ടിക തിരിച്ച് വിശദവിവരം നൽകാമോ?

കുടുംബശ്രീ ജില്ലാ മിഷനുകീഴിൽ ആലപ്പുഴ മണ്ഡലത്തിൽ നഗരസഭാ തലത്തിൽ 92 സൂക്ഷ്മ സംരംഭങ്ങളും ഗ്രാമപഞ്ചായത്ത് തലത്തിൽ 237 സൂക്ഷ്മ

സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ എത്ര പേർക്കാണ് വിവിധ നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുള്ളതെന്നും പരിശീലനം ലഭിച്ചിട്ടുള്ളതിൽ എത്ര പേർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

കുടുംബശ്രീ ജില്ലാ മിഷന് കീഴിൽ ആലപ്പുഴ മണ്ഡലത്തിൽ 840 പേർക്ക് വിവിധ നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 319 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീ മുഖേന നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴ മണ്ഡലത്തിൽ അത്തരത്തിൽ ബ്രാൻഡ് ചെയ്തിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. എന്നാൽ ആലപ്പുഴ മണ്ഡലത്തിൽ ബ്രാൻഡ് ചെയ്തിട്ടുള്ള ഉൽപ്പന്നങ്ങളില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കുടുംബശ്രീ ജില്ലാ മിഷൻ മുഖേന തീരദേശ നിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സുരക്ഷിതത്വത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

കുടുംബശ്രീ ജില്ലാ മിഷൻ മുഖേന തീരദേശവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കോസ്റ്റൽ വോളന്റിയർമാർ മുഖേന കോസ്റ്റൽ എം.ഇ.-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം**

326(339) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2023-24 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതത്തിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം നൽകാനുള്ള വിഹിതം എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കുമോ;

(സി) 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതത്തിൽ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ച ശേഷം തുക നൽകാതെ തിരിച്ചുനൽകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ട്രഷറിയിൽ സ്വീകരിച്ചശേഷം തിരിച്ചുനൽകിയ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകളുടെ തുക 2024-25 വർഷത്തിൽ അധിക വിഹിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2023-24 സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ അവസാന ഗഡുക്കൾ 2024-25 വർഷത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധിക വിഹിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഇ) കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം**

327 (340) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് ഇനത്തിൽ 71.5% തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗരസഭകൾ എന്നിവയുടെ കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണം എത്ര ശതമാനം വീതമായിരുന്നുവെന്ന കണക്കുകൾ ലഭ്യമാക്കുമോ?

2023-24 വാർഷിക പദ്ധതി (31.03.2024 വരെ)

തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | General | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | അൺ ടൈഡ് | ടൈഡ് | |
| 1 | ഗ്രാമപഞ്ചായത്ത് | 83.36 | 79.83 | 79.63 | 76.18 | 55.79 | 78.11 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75.91 | 64.34 | 60.70 | 81.89 | 69.37 | 72.11 |
| 3 | ജില്ലാ പഞ്ചായത്ത് | 60.84 | 54.88 | 60.01 | 64.06 | 53.58 | 58.69 |
| 4 | മുനിസിപ്പാലിറ്റി | 77.07 | 55.26 | 51.72 | 75.86 | 61.27 | 69.26 |
| 5 | കോർപ്പറേഷൻ | 57.34 | 60.72 | 11.09 | 0.00 | 58.18 | 57.70 |
| | **ആകെ** | **75.72** | **69.34** | **69.50** | **75.36** | **58.41** | **71.46** |

(സി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും അതുവഴിയുള്ള വികസനത്തെയും തകരാറിലാക്കുന്ന സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിന് ഈ വർഷം എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത സാമ്പത്തിക നിയന്ത്രണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തകരാറിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് നടപടി**

328(341) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയച്ചതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര നികുതി വിഹിതം, വായ്പാപരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2023-24 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും അനുവദിച്ച ബഡ്ജറ്റ് വിഹിതവും എത്രയാണെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ബഡ്ജറ്റ് വിഹിതം കണക്കാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബില്ലുകൾ നൽകിയിട്ടും തുക മാറിനൽകാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര നികുതി വിഹിതം, വായ്പാപരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾമൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിച്ചിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കഴിഞ്ഞ വർഷം പൂർത്തിയാക്കിയ പദ്ധതികൾക്ക് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിക്കുവാൻ നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

08-04-2024-ലെ S.S.01/23/2024-ധന നമ്പർ സർക്കുലർ പ്രകാരം 2023-24-സാമ്പത്തിക വർഷത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്ന ബില്ലുകളിലെ തുക നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) ബജറ്റിൽനിന്നും മാറിനൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**കേരള ഖരമാലിന്യ പരിപാലന പദ്ധതി**

329 (342) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി.) ഏത് ഏജൻസിയെയാണ് പ്രോജക്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നഗരസഭയിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ഐ.പി.ഇ. ഗ്ലോബൽ എന്ന സ്ഥാപനത്തെയാണ് ടെക്നിക്കൽ സപ്പോർട്ട് കൺസൽട്ടന്റായി ടെൻഡർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പ്രസ്തുത ഏജൻസി പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാനിന്റെ കരട് രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 13-02-2024-ലെ പോസ്റ്റ് കൺസൾട്ടേഷനിൽ

ഉന്നയിച്ച നിർദേശങ്ങളും ലോകബാങ്ക് നിർദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 2024 ജൂൺ അവസാനത്തോടുകൂടി ഖരമാലിന്യ സംസ്കരണ പ്ലാൻ പൂർത്തീകരിക്കുന്നതാണ്.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലെ ഒന്നാംവർഷ പ്രോജക്ടുകളുടെ ഭാഗമായി സ്ഥാപന/കമ്മ്യൂണിറ്റി തലങ്ങളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റ് (തുമ്പൂർമുഴി മോഡൽ ഏറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്) സ്ഥാപിക്കുന്നതിന് 92 ലക്ഷം രൂപയുടെ പദ്ധതി നിലവിലുണ്ട്. ആയതിന്റെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ.) കരട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ആയത് 22-06-2024-ന് ലഭ്യമാക്കുന്നതാണെന്ന് ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് അറിയിച്ചിട്ടുള്ളതാണ്.

മേൽ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് അന്തിമമായിട്ടില്ലാത്തതിനാൽ പകർപ്പ് ലഭ്യമല്ല.

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒന്നാംവർഷ പ്രോജക്ടിൽ ഖരമാലിന്യ സംസ്കരണ പ്ലാൻ ലോകബാങ്കിന്റെയും മുനിസിപ്പൽ കൗൺസിലിന്റെയും അംഗീകാരത്തിനുശേഷം വരുന്ന വർഷങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി നിർവ്വഹണം നടത്തുന്നതാണ്.

ഒന്നാംവർഷ പ്രോജക്ടിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി പാരിസ്ഥിതിക സാമൂഹിക വിശകലനം പൂർത്തീകരിച്ചിട്ടുള്ളതും ഡീറ്റൈൽഡ് എസ്റ്റിമേറ്റും ഡ്രോയിംഗ്സും സാങ്കേതിക അനുമതിക്കായി ജില്ലാ സമിതിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്ര-സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

330 (343) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) 2021-23 കാലയളവിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**വാർഡ് വിഭജനം**

331 (344) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനി നടക്കാനിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി ജനസംഖ്യാനുപാതികമായി പഞ്ചായത്ത്, വാർഡ് വിഭജനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്?

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് വകുപ്പ് 6, വകുപ്പ് 10, കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 6 പ്രകാരമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) വാർഡ് വിഭജനം നടത്തുന്നതിന് എന്ത് മാനദണ്ഡം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വാർഡ് വിഭജനം നടത്തുന്നതിന്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റിലും ചട്ടങ്ങളിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

**മുനിസിപ്പൽ കോമൺ സർവീസിൽനിന്നും എൽ.എസ്.ജി.ഡി. സർവീസിന്റെ ഭാഗമായ ജീവനക്കാർ**

332 (345) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിൽനിന്നും ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് പൊതുസർവീസിന്റെ ഭാഗമായി കൂട്ടിച്ചേർത്ത

മറ്റ് ഓഫീസുകളിൽ സ്ഥലംമാറ്റം ലഭിച്ച് ജോലി നോക്കുന്ന ജീവനക്കാരുടെ പി.എഫ്., എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്., മെഡിസെപ്, മറ്റ് റിക്കവറികൾ എന്നിവ അതത് ഓഫീസുകളിൽ കൃത്യമായി ഒടുക്കുന്നുണ്ടോ?

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഒടുക്കുവരുത്തേണ്ട എൻ.പി.എസ്. എംപ്ലോയർ കോൺട്രിബ്യൂഷൻ ഒഴികെയുള്ള റിക്കവറികൾ സ്പാർക്കിൽ നിലവിലുള്ള അദർ ഡിഡക്ഷൻസ് ഓപ്ഷൻ മുഖേന പിൻവലിച്ച് ഇ-ചെലാൻ/ചെലാൻ മുഖേന ബാങ്ക്/ട്രഷറി/മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടയ്ക്കാവുന്നതാണെന്ന് ഡി.ഡി.ഒ.-മാർക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽനിന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) മുനിസിപ്പൽ കോമൺ സർവീസിൽനിന്നും ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ

ജോലിനോക്കുന്ന ജീവനക്കാർ റിട്ടയർ ചെയ്താൽ ഇവരുടെ പി.എഫ്., പെൻഷൻ, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ഏൺഡ് ലീവ്, ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ടത് ഏത് ഓഫീസിൽനിന്നാണെന്ന് അറിയിക്കുമോ?

മുനിസിപ്പൽ കോമൺ സർവീസിൽനിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സ്റ്റേറ്റ് ആഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും അനുവദിച്ച് നൽകുന്നതാണ്. റിട്ടയർ ചെയ്ത ജീവനക്കാരുടെ പി.എഫ്. ക്ലോഷർ തുക ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ വിതരണം ചെയ്യാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ടി.എസ്.ബി. അക്കൗണ്ട് എടുക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുള്ളതായി ട്രഷറിയിൽനിന്നും അറിയിച്ചതിനാൽ ആയത് പരിഹരിക്കുന്നതുവരെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽനിന്ന് ടിയാളുകൾക്ക് പി.എഫ്. ഇനത്തിൽ തുക അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

(സി) മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി ഉത്തരവായിട്ടുണ്ടോ; അപ്രകാരം ഉത്തരവായിട്ടുണ്ടെങ്കിൽ ഇവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടക്കേണ്ടതുണ്ടോ?

മുനിസിപ്പൽ കോമൺ സർവീസിലെ കണ്ടിജന്റ് ജീവനക്കാരൊഴികെ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ/പഞ്ചായത്ത് വകുപ്പിൽ സ്ഥലം മാറ്റപ്പെട്ട് ജോലി നോക്കിവരുമ്പോൾ റിട്ടയർ ചെയ്താൽ ജീവനക്കാർ പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്ത് വകുപ്പിൽനിന്ന് മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണെന്നും പ്രസ്തുത നടപടിക്രമം പൂർത്തിയായാൽ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാമെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാർ പഞ്ചായത്ത് വകുപ്പിലല്ലാതെ മറ്റ് വകുപ്പിൽ സ്ഥലംമാറ്റം വന്ന് ജോലിയിൽ

പ്രവേശിച്ചാൽ പെൻഷൻ കോൺട്രിബ്യൂഷൻ എപ്രകാരം ഒടുക്കണമെന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

(ഡി) ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ 2024-ലെ ഓൺലൈൻ സ്ഥലംമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്; എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, പൊതുസർവീസിന്റെ ഭാഗമായി കൂട്ടിച്ചേർത്ത ഓഫീസുകൾ എന്നിവിടങ്ങളിൽ മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുകയും ട്രാൻസ്ഫർ അപേക്ഷ നൽകാതെ അവിടെത്തന്നെ വർഷങ്ങളായി തുടരുകയും ചെയ്യുന്ന ജീവനക്കാരുണ്ടെങ്കിൽ അവരെ നിർബന്ധമായും സ്ഥലംമാറ്റി പകരം സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലി നോക്കിവരുന്ന അർഹരായവർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

2024-ലെ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ്

പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ പുരോഗമിക്കുകയുമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനായി 16-03-2024-ലെ സ.ഉ.(കൈ)നം.46/2024/തസ്വഭവ പ്രകാരം നിലവിൽവന്ന മാനദണ്ഡങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം അനുവദിക്കുന്നത്. ടി സർക്കാർ ഉത്തരവിലെ ക്രമനമ്പർ 2-ലെ (ബി) ഉപവിഭാഗത്തിൽ ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ അതത് വർഷം മാർച്ച് 31-ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ (റൂറൽ, അർബൻ ഡയറക്ടറേറ്റ് ഉൾപ്പെടെ) തുടർച്ചയായി 5 വർഷത്തിലോ 10 വർഷത്തിലോ കൂടുതൽ കാലം ജോലി നോക്കിവരുന്ന ജീവനക്കാർ നിലവിലുണ്ടെങ്കിൽ

ആയവരുടെ പേരുവിവരം, തസ്തിക, എത്ര വർഷമായി ജോലി നോക്കിവരുന്നു എന്ന വിവരം അറിയിക്കാമോ?

പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ (റൂറൽ, അർബൻ ഡയറക്ടറേറ്റ് ഉൾപ്പെടെ) തുടർച്ചയായി 5 വർഷത്തിലോ 10 വർഷത്തിലോ കൂടുതൽ കാലം ജോലി നോക്കിവരുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(എഫ്) തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷകളിൽ എക്സ്-സർവ്വീസ്മെൻ സീനിയോറിറ്റിയിൽ (ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അതിൽ എത്ര എണ്ണത്തിൽ ട്രാൻസ്ഫർ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

2024-ലെ പൊതു സ്ഥലംമാറ്റ അപേക്ഷയിൽ തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷകളിൽ എക്സ്-സർവ്വീസ് മെൻ സീനിയോറിറ്റിയിൽ (ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ) ഒരു അപേക്ഷ ലഭിച്ചിരുന്നു. കരട് ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ നടന്നുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ജി) ശാരീരിക അവശതകൾമൂലം പെൻഷൻപറ്റി പിരിഞ്ഞ വിമുക്ത ഭടൻമാരിൽ, പ്രസ്തുത വിവരം കാണിച്ച് അപ്പീൽ അപേക്ഷ നൽകിയിട്ടും പരിഗണിക്കപ്പെടാത്ത ശ്രീ. ജെ. ഡി. പ്രമോദിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2024-ലെ പൊതു സ്ഥലംമാറ്റ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ നടന്നുവരുന്നു. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം ശ്രീ. ജെ. ഡി. പ്രമോദ് അപ്പീൽ നൽകുന്ന പക്ഷം ആയത് കൂടി പരിശോധിച്ച് അന്തിമ പൊതു സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**ഫ്ലഡ് റിലീഫ് സ്കീം**

333 (346) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം

പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഒറ്റപ്പാലം, ലക്കിടിപേരൂർ, അമ്പലപ്പാറ, ചളവറ, അനങ്ങനാടി, തൃക്കടീരി, നെല്ലായ, വാണിയംകുളം എന്നീ പഞ്ചായത്തുകളിൽ റോഡുകളുടെ പ്രവൃത്തികളുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ബജറ്റ് വിഹിതം**

334 (347) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -24 സാമ്പത്തിക വർഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്, സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം എത്ര തവണകളായി ഏതെല്ലാം മാസങ്ങളിലാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ?

വികസന ഫണ്ട് മൂന്ന് ഗഡുക്കളിലായി 2023 ഏപ്രിൽ, ജൂലൈ, 2024 മാർച്ച് എന്നീ മാസങ്ങളിലും സംരക്ഷണ ഫണ്ട് മൂന്ന് ഗഡുക്കളിലായി 2023 മാർച്ച്, നവംബർ, 2024 മാർച്ച് എന്നീ മാസങ്ങളിലും അനുവദിച്ചിട്ടുണ്ട്. പൊതുആവശ്യ ഫണ്ടിന്റെ ആദ്യ ഒൻപത് ഗഡുക്കൾ അതത് മാസങ്ങളിലും അവസാന മൂന്ന് ഗഡുക്കൾ 2024 മാർച്ച് മാസവും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് 2024 മാർച്ച് മാസം ബജറ്റ് വിഹിതമായി ഏതെങ്കിലും ഗഡു അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമൂലം പദ്ധതി ചെലവുകൾ നിർവഹിക്കാനാവാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണം കാരണം ട്രഷറിയിൽ ബില്ല് മാറാൻ സാധിക്കാത്തതുമൂലവും മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ അവസാന തവണ ലഭിക്കാത്തതിനാലും ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും അവസാന ഗഡുക്കളും പൊതു ആവശ്യ ഫണ്ടിന്റെ അവസാന മൂന്ന് ഗഡുക്കളും 2024 മാർച്ച് മാസത്തിലാണ് അനുവദിച്ചത്. കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസത്താൽ 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന

പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

335 (348) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്ന് സ്ഥാപനവും തസ്തികയും തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എത്ര കാലമായി തുടരുന്നുവെന്ന് സ്ഥാപനവും തസ്തികയും തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഒന്നിലധികം പഞ്ചായത്തുകളിലെ ചുമതല ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഒന്നിലധികം പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ ചുമതല വഹിക്കേണ്ടി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-ഡി) അനുബന്ധമായി ചേർക്കുന്നു.+

**മൊബൈൽ ഫോണിന്റെ അമിത ഉപയോഗം**

336 (349) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കാരണം കുട്ടികളിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി സ്പീച്ച് തെറാപ്പി, കൗൺസിലിംഗ് മുതലായവ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എല്ലാ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽത്തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി സ്പീച്ച് ബിഹേവിയർ ആൻഡ് ഒക്കുപേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം മാസത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും ലഭ്യമാക്കുന്നതിന് 28-05-2022-ലെ സ.ഉ. (കൈ) നം.115/2022/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുത്തു വരുന്നുണ്ട്.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ശുചിത്വ ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

337 (350) **ശ്രീ. കെ. പി. മോഹനൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശുചിത്വ ഫണ്ട് ശുചിത്വ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ശുചിത്വ ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% തുക ശുചിത്വം, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കുവേണ്ടി മാത്രം ചെലവഴിക്കാൻ കഴിയുന്ന ടൈഡ് ഫണ്ടാണ്. ടി തുകയുടെ 50 ശതമാനം ശുചിത്വത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയും. ആവശ്യമെങ്കിൽ മുഴുവൻ ടൈഡ് ഫണ്ടും ശുചിത്വത്തിനുവേണ്ടി മാത്രമായി വിനിയോഗിക്കാനും സാധിക്കും. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ശുചിത്വ മിഷന്റെ സംസ്ഥാന പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ച് ഭാരത് മിഷൻ (അർബൻ) എന്നിവയിൽ നിന്നുള്ള വിഹിതം

എന്നിവയും ലഭ്യമാണ്. എന്നാൽ ഇത്തരത്തിൽ ലഭ്യമായ തുക പൂർണ്ണമായി പ്രയോജനപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ലെന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നതിനാൽ ഫണ്ട് വർധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഷൊർണ്ണൂർ മണ്ഡലത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

338 (351) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, തുടങ്ങിയ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മസേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

കേരളത്തിലെ 93 നഗരസഭയിലെയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കേരള സർക്കാർ, കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി നഗരസഭകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിനും സാമ്പത്തികവും സാങ്കേതികവും പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമുള്ള സഹായമാണ് ലഭ്യമാക്കുന്നത്. മേൽ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും നഗരസഭകളെയും തദ്ദേശ വകുപ്പിനെയും സഹായിക്കുന്നതിനുമാവശ്യമായ മാനവ വിഭവശേഷിയെ സംസ്ഥാന ജില്ലാ നഗരസഭാ തലങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. സാങ്കേതികവും, പദ്ധതി നിർഹണത്തിനും, പ്രവർത്തന മേൽനോട്ടത്തിനും സഹായിക്കുന്നതിനായുള്ള വിദഗ്ധ കൺസൾട്ടന്റുകളെയും സംസ്ഥാന, ജില്ല, നഗരസഭ തലങ്ങളിൽ നിയമിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, പഞ്ചായത്ത്‌രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിൽ പറയുന്ന നിർദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നുണ്ട്. ആയതിനായി ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി വാർ റൂം പോർട്ടൽ, ഹരിതമിത്രം പോർട്ടൽ എന്നിവ നിലവിലുണ്ട്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുള്ളശ്ശേരിയിലും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ചെർപ്പുളശ്ശേരിയിലും ഷൊർണ്ണൂരിലും ഖരമാലിന്യ പരിപാലനത്തിന്റെ നിലവിലെ അവസ്ഥ വിലയിരുത്തി വിശദമായ ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കുകയും (നിലവിൽ കരട് പ്ലാൻ തയ്യാറാക്കിയത്

അന്തിമമാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു) ആയത് പ്രകാരം പദ്ധതി രേഖകൾ തയ്യാറാക്കി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനൊപ്പം ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ബോധവത്കരണ-ശേഷിവികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. നിലവിൽ കെ.എസ്.ഡബ്ല്യു.എം.പി. ഒന്നാംവർഷ (2022-23) പദ്ധതിയിൽ 68 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ചെർപ്പുള്ളശ്ശേരി നഗരസഭയിലും 42 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഷൊർണ്ണൂർ നഗരസഭയിലും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ഖരമാലിന്യ പരിപാലന പ്ലാൻ അന്തിമമാക്കുന്നതനുസരിച്ച് തുടർ വർഷങ്ങളിലെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരിയിലും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ടേക്ക് എ ബ്രേക്ക് പദ്ധതി

339 (352) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ എവിടെയെല്ലാമാണ് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ; പുതുതായി എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതികൾ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th colspan="2">സ്ഥലം</th><th>തദ്ദേശസ്ഥാപനത്തിന്റെ പേര്</th></tr>
<tr><td rowspan="7">ആറ്റിങ്ങൽ</td><td>മാമം</td><td rowspan="2">ആറ്റിങ്ങൽ മുനിസിപ്പാലിറ്റി</td></tr>
<tr><td>കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്</td></tr>
<tr><td>പോങ്ങനാട് ടൗൺ</td><td>കിളിമാനൂർ ഗ്രാമപഞ്ചായത്ത്</td></tr>
<tr><td>പാളയം മാർക്കറ്റ്</td><td>നഗരൂർ ഗ്രാമപഞ്ചായത്ത്</td></tr>
<tr><td>കുറവൻകുഴിയിൽ</td><td>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്</td></tr>
<tr><td>കാരേറ്റ് ബസ് സ്റ്റാന്റ്</td><td>പുളിമാത്ത് ഗ്രാമപഞ്ചായത്ത്</td></tr>
<tr><td colspan="3">പുതുതായി ടേക്ക് എ ബ്രേക്ക് പദ്ധതികൾ ആരംഭിച്ചിട്ടുള്ള സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു</td></tr>
<tr><td colspan="2">ആറ്റിങ്ങൽ മുനിസിപ്പാലിറ്റി</td><td>ആറ്റിങ്ങൽ ഹോമിയോ</td></tr>
</table>

| | |
|---|---|
| | ഹോസ്പിറ്റൽ |
| | ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ |

**ചക്കമ്പുറം-മണിമല അത്താണി മൊക്ക് റോഡ് നിർമ്മാണം**

340 (353) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (ഒരു കോടി രൂപ) ഉൾപ്പെടുത്തിയ ചക്കമ്പുറം-മണിമല അത്താണി മൊക്ക് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനായുള്ള പരിശോധന സർക്കാർ തലത്തിൽ നടത്തിവരുന്നു.

**കെ-സ്മാർട്ട് പദ്ധതി**

341 (354) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധമായി ഏതെല്ലാം സംസ്ഥാനങ്ങളാണ് മുന്നോട്ട് വന്നിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർണ്ണാടക സംസ്ഥാനത്തെ, കർണാടക മുനിസിപ്പൽ ഡാറ്റ സൊസൈറ്റി (ആർ) കെ-സ്മാർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. ജാർഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളും താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) കെ-സ്മാർട്ട് പദ്ധതിയുമായി സഹകരിക്കാൻ തയ്യാറായി വന്നിരിക്കുന്ന നോൺ-പ്രോഫിറ്റബിൾ സംഘടനകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

നോൺ-പ്രോഫിറ്റബിൾ സംഘടനകളാരും സമീപിച്ചിട്ടില്ല.

**കോന്നി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

342(355) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ ഗുരുനാഥൻ മണ്ണ് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

ടി പ്രവൃത്തി 07-03-2024-ൽ എഗ്രിമെന്റ് വെച്ച് 24-04-2024-ന് സൈറ്റ് കരാറുകാരന് കൈമാറുകയും 30-05-2024-ന് ലെവൽസ് എടുത്ത് സമർപ്പിക്കുകയും ചെയ്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചശേഷം ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് അറിയിപ്പ് നൽകി പ്രവൃത്തി ആരംഭിക്കേണ്ടതായിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികളായ കോന്നി പോലീസ് സ്റ്റേഷൻപടി-ടി.വി.എം. ആശുപത്രി റോഡ്, അരുവാപ്പുലം പഞ്ചായത്ത്പടി-പുളിഞ്ചാണി-രാധപ്പടി റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

റീബിൽഡ് കേരള പ്രവൃത്തികളായ കോന്നി പോലീസ് സ്റ്റേഷൻപടി-ടി.വി.എം. ആശുപത്രി റോഡ് എന്ന പ്രവൃത്തിയുടെ കോൺക്രീറ്റ് റോഡ് വരുന്ന ഭാഗം പൂർത്തീകരിക്കുകയും ബി.സി. വരുന്ന ഭാഗത്തിന്റെ പണി പൂർത്തിയാകാനുമുണ്ട്.

അരുവാപ്പുലം പഞ്ചായത്ത്പടി-പൂളിഞ്ചാണി-രാധപ്പടി റോഡ് എന്ന പ്രവൃത്തിയുടെ ബി.സി. റോഡ്, കോൺക്രീറ്റ് റോഡ് എന്നിവ പൂർത്തീകരിച്ചു; സുരക്ഷാബോർഡുകൾ, ഐറിഷ് ഡ്രെയിൻ, റോഡ് മാർക്കിംഗ് എന്നീ പ്രവൃത്തികൾ ഇനി പൂർത്തിയാകാനുണ്ട്.

**ഗ്രാമപഞ്ചായത്ത് വകുപ്പിലെ റിട്ടയർമെന്റ് ഒഴിവുകൾ**

343 (356) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ഗ്രാമപഞ്ചായത്ത് വകുപ്പിൽ വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ ശ്മശാനങ്ങളുടെ നിർമ്മാണം**

344 (357) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെ എത്ര ശ്മശാനങ്ങളാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന നിർമ്മിക്കുന്ന ആധുനിക വാതക ശ്മശാനം പദ്ധതികളിൽ 12 എണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നാലെണ്ണം ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിൽ നിർമ്മിക്കുന്ന ശ്മശാനത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ആധുനിക വാതക ശ്മശാനം പദ്ധതിക്ക് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ശേഷം സ്ട്രക്ച്ചറൽ സ്ക്രൂട്ടിണി, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് എന്നിവ ലഭ്യമാക്കി സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. അതിനുശേഷം ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

345 (358) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) കോങ്ങാട് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

## പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മാണം

346 (359) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തുകയും 05-09-2023-ന് ഭരണാനുമതി ലഭിക്കുകയും ചെയ്ത മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സാങ്കേതികാനുമതി ആയിട്ടില്ല. സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ ഭരണാനുമതിക്ക് നൽകിയ വേളയിൽ പൂർത്തിയായിരുന്നില്ല. ആയത് പൂർത്തിയാക്കി സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തിയാക്കിയാണോ ഭരണാനുമതി എസ്റ്റിമേറ്റ് സമർപ്പിച്ചത്; വിശദാംശം അറിയിക്കാമോ?

അല്ല. സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവയ്ക്കായി 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് മൂന്ന് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം**

347 (360) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക് കോളേജിന്റെ പഞ്ചായത്തുവക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.സി.4/137/2017 & കമ്പ്യൂട്ടർ നം.469030 ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സർക്കാരിൽ ലഭ്യമായ രേഖകൾ പ്രകാരം 09-05-2017-ലാണ് ആർ.സി4/137/2017/ത.സ.ഭ.വ. നമ്പർ ഫയലിൽ നടപടികൾ ആരംഭിച്ചത്.

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19 ഏക്കർ 39.147 സെന്റ് വസ്തു ഗവ. പോളിടെക്നിക് കോളേജിന് വിട്ടുകൊടുക്കുന്നതിന് 22-03-2005-ലെ സ.ഉ.(സാധാ) നം.1105/05/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ടി ഭൂമിയിൽനിന്നും എട്ടേക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് വിട്ടുനൽകുന്നതിന് 30-07-2014-ലെ സ.ഉ. (സാധാ) നം.1969/2014/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. വ്യവസ്ഥപ്രകാരം 20 ഏക്കർ സ്ഥലം ആവശ്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് പോളിടെക്നിക്കിന് പരമാവധി സ്ഥലം ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചത്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായി കണക്കാക്കുന്നത് എട്ടേക്കർ സ്ഥലം മാത്രമാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ഭാവി വികസന ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് 8.5 ഏക്കർ സ്ഥലം പോളിടെക്നിക്കിന് വിട്ടുനൽകുന്നതിന് 21-11-2017-ലെ സ.ഉ. (സാധാ)നം.3727/2017/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു. ശേഷിക്കുന്ന ഭൂമി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ

ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനും കേന്ദ്രീയ വിദ്യാലയത്തിനും ഭൂമി അനുവദിച്ചശേഷം ബാക്കിവരുന്ന സ്ഥലത്തുനിന്നും 60.5 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഒൻപത് സെന്റ് സ്ഥലം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, എട്ട് സെന്റ് സ്ഥലം അങ്കണവാടി സ്ഥാപിക്കുന്നതിനും മൂന്ന് സെന്റ് സ്ഥലം പോളിടെക്നിക്, കേന്ദ്രീയ വിദ്യാലയം എന്നീ ആവശ്യങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തിയപ്പോൾ ജീവിക്കാൻ മറ്റ് നിർവ്വാഹമില്ലാത്ത ഒരു വ്യക്തിക്ക് വിട്ടുനൽകുന്നതിനും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതാണെന്നും കൂടാതെ ശേഷിക്കുന്ന ഭൂമിയിൽനിന്നും ഒരേക്കർ ഭൂമി ലൈഫ് മിഷന് വിട്ടുനൽകുന്നതിനും തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ഓരോ ആവശ്യത്തിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം

നല്കിയിരുന്നു. അതുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29-01-2024-ലെ LSGD/PD/3968/2024-AR2 നമ്പർ കത്തുപ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയത്തിന്മേൽ ഈ വകുപ്പിലെ ആർ.ഇ 1/13/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ബി) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തി, ടി സർവ്വെ സ്കെച്ച് വിഷൻ & മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അറിയിച്ചിട്ടില്ല. വിഷൻ & മിഷൻ പോർട്ടലിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലോഗിൻ ലഭ്യമല്ലാത്തതിനാലാണ് ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട്

റവന്യൂ വകുപ്പിൽനിന്നും ലഭിച്ച സ്കെച്ച്, വിഷൻ & മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാതിരുന്നതെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളത്. വിഷൻ & മിഷൻ പോർട്ടൽ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതാകയാൽ ടി പോർട്ടലിൽ ലോഗിൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് സർവ്വേ സ്കെച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതാണെന്ന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാനുണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ?

കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് പൊന്നുംവിലയ്ക്ക് വാങ്ങിയതുമായ സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും

സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി ബാക്കിയുള്ള സ്ഥലം പഞ്ചായത്തിന്റെ പൊതുവികസന പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടുന്നതിനായി പഞ്ചായത്ത് നൽകിയിരുന്ന പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് അളന്ന് തിട്ടപ്പെടുത്തിയ സർവ്വെ സ്കെച്ചും റിപ്പോർട്ടും അനുബന്ധ രേഖകളും പഞ്ചായത്ത് തീരുമാനവും കൂട്ടിച്ചേർത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ 22-01-2024-ലെ കത്തുപ്രകാരം കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കുകയും ആയത് 29-01-2024-ന് ഇ-മെയിൽ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന്റെ ആർ.ഇ 1/13/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്.

**തമ്മാനിമറ്റം തൂക്ക് പാലത്തിന്റെ പുനർനിർമ്മാണം**

348 (361) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള 5.37 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 28-03-2023-ൽ ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

പാലത്തിന്റെ അലൈൻമെന്റ് പരിശോധിക്കുന്നതിനായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, ഡിസൈൻ ചെയ്ത എസ്റ്റീം ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങുന്ന സംഘം സ്ഥലപരിശോധന നടത്തിയപ്പോൾ നിലവിലുള്ള ഡിസൈനിൽനിന്നും ചെറിയ മാറ്റം ആവശ്യമായി വരുന്നുണ്ടെന്ന് മനസ്സിലാക്കി. മാത്രമല്ല പഴയ ഡിസൈൻ പ്രകാരം നിലവിലുള്ള ഫൗണ്ടേഷൻ ബ്ലോക്ക് ഭാഗികമായി ഉപയോഗിക്കാവുന്ന രീതിയിലായിരുന്നു സിവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ

അപ്രകാരം സാധ്യമല്ലാത്തതിനാൽ സിവിൽ ഭാഗം എസ്റ്റിമേറ്റ് പുതിയ ഡിസൈൻ റെക്കമന്റേഷൻ അനുസരിച്ച് തയ്യാറാക്കുമ്പോൾ 80 ലക്ഷം രൂപകൂടി അധികം വരുന്നുണ്ട്. മാത്രമല്ല, നിലവിലെ റെക്കമന്റേഷൻ പ്രകാരം രാമമംഗലം ഭാഗത്ത് ഫൗണ്ടേഷൻ ബ്ലോക്ക് സ്ഥാപിക്കുവാൻ സ്വകാര്യ വ്യക്തിയുടെ കുറച്ച് സ്ഥലംകൂടി ആവശ്യം വരുന്നുണ്ട്. ഇപ്രകാരമുള്ള മാറ്റങ്ങൾ വരുന്നതുകൊണ്ടാണ് സാങ്കേതികാനുമതി വൈകുന്നത്.

(ബി) സാങ്കേതികാനുമതി ലഭിക്കുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെയും സംയുക്ത യോഗം വിളിച്ച് ചേർക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബഹു. എം.എൽ.എ.-യുടെ തീയതി ലഭിക്കുന്നതിനനുസരിച്ച് മീറ്റിംഗ് വിളിച്ചുചേർക്കുന്നതാണ്.

(സി) പ്രസ്തുത പാലത്തിന്റെ എൽ.എ.സി. പുനർനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കാനുള്ള പ്രവൃത്തികൾ**

349 (362) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ ബജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

(ബി&സി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മണ്ണാർക്കാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

350 (363) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വിശദമാക്കാമോ?

| | | | |
|---|---|---|---|
| 1. | മണ്ണാർക്കാട് മുനിസിപ്പാലിറ്റി | ക്ലീൻ സിറ്റി മാനേജർ | 1 |
| 2. | മണ്ണാർക്കാട് മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിംഗ് | ക്ലർക്ക് | 1 |
| 3. | അട്ടപ്പാടി ബ്ലോക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | | ഓഫീസ് അറ്റൻഡന്റ് | 1 |
| 4. | മണ്ണാർക്കാട് ബ്ലോക്ക് | ജോയിന്റ് ബി.ഡി.ഒ. | 1 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| 5. | പൂളുർ ഗ്രാമപഞ്ചായത്ത് | എക്സ്റ്റൻഷൻ ഓഫീസർ | 1 |
| 6. | ഷോളയൂർ ഗ്രാമപഞ്ചായത്ത് | എക്സ്റ്റൻഷൻ ഓഫീസർ | 1 |
| 7. | കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | ഓഫീസ് അറ്റൻഡന്റ് | 1 |
| 8. | അലനല്ലൂർ ഗ്രാമപഞ്ചായത്ത് | എക്സ്റ്റൻഷൻ ഓഫീസർ | 2 |
| 9. | കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് | ഓവർസിയർ ഗ്രേഡ് 3 | 1 |

(ബി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക്, ഓവർസിയർ ഗ്രേഡ് 3 തസ്തികകൾ ഒഴികയുള്ള മറ്റ് തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റമോ സ്ഥലംമാറ്റമോ മുഖേന നികത്തുന്നതാണെന്നും ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക്, ഓവർസിയർ ഗ്രേഡ് 3 തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും വകുപ്പദ്ധ്യക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

351(364) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ വിനിയോഗിച്ച് 2021-22 മുതൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) അമൃത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, അവയുടെ നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ വികസന പ്രവൃത്തികൾ**

352 (365) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ, പ്രവൃത്തികളുടെ പേര്, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

പ്രവൃത്തിയുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) നെടുങ്കണ്ടം പഞ്ചായത്തിലെ ത്രുവൽപാലം, കല്ലാർമുക്ക് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ; പ്രസ്തുത പാലങ്ങൾ ഗതാഗതയോഗ്യമല്ലാത്തതും അപകട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭീഷണിയിലുമായതിനാൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ളുവൽപാലം, കല്ലാർമുക്ക് പാലം എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഘട്ടത്തിലാണ്. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ എ.ഡി.എസ്., എസ്.ഡി.എഫ്. പ്രവൃത്തികൾ**

353 (366) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ 2022-23, 2023-24 വർഷങ്ങളിലെ എൽ.എ.സി-എ.ഡി.എസ്., എംഎൽഎ-എസ്.ഡി.എഫ്. പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാകാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എഞ്ചീനിയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമായ ഉടൻതന്നെ തദ്ദേശസ്വയംഭരണ വകപ്പ് ചീഫ് എഞ്ചിനീയർ തലത്തിൽ ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ രേഖ, തടസ്സരഹിത ഭൂമിയും പരിശോധിച്ച് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എൽ.എ.സി., എ.ഡി.എസ്. പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) എ.ഡി.എസ്., എസ്.ഡി.എഫ്. പ്രവൃത്തികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചാൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) എൽ.എ.സി., എ.ഡി.എസ്. പ്രവൃത്തികൾക്ക് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാകുന്ന പ്രൊപ്പോസലുകളുടെ വ്യക്തതയും കൃത്യതയും പരിശോധിച്ച് ആയതിന്റെ ഫണ്ട് ലഭ്യതകൂടി ഉറപ്പുവരുത്തിയാണ് ഭരണാനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നത്. സാങ്കേതികതലത്തിലും ഭരണതലത്തിലും മേൽപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സമയം ആവശ്യമാണ്.

**തച്ചനടി-അഞ്ചുമുറി തോട്ടുപാലം റോഡ് നിർമ്മാണം**

354 (367) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ തച്ചനടി-അഞ്ചുമുറി തോട്ടുപാലം റോഡ് പ്രവൃത്തി നിലവിൽ ഏത്

ഘട്ടത്തിലാണെന്നും എന്ന് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

തച്ചനടി-അഞ്ചുമുറി തോട്ടുപാലം റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ M/s KEL-ന് കത്ത് നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ വനിതാ മന്ദിരനിർമ്മാണം**

355 (368) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ 2019-20-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി, കോസ്റ്റ് ഫോഡ് മുഖേന നിർമ്മിക്കുന്നതിന് ഉത്തരവായിരുന്ന വനിതാ മന്ദിരത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; നിർമ്മാണ പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കാത്ത പ്രസ്തുത ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(എ&ബി) നിർമ്മാണ ഏജൻസി നിലവിൽ ടി മന്ദിരത്തിന്റെ പ്ലിന്ത് ലെവൽ വരെ സൈറ്റിൽ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക അനുവദിച്ചാൽ മാത്രമേ തുടർനിർമ്മാണ പ്രവൃത്തികൾ നടത്തുകയുള്ളൂവെന്ന് നിർമ്മാണ ഏജൻസി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, തുടർനടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്.

**അത്തിപ്പൊറ്റ വാതക ശ്മശാനം പദ്ധതി**

356 (369) <u>ശ്രീ. പി.പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (1 കോടി രൂപ) അത്തിപ്പൊറ്റ വാതക ശ്മശാനം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; എന്ന് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (1 കോടി രൂപ) അത്തിപ്പൊറ്റ വാതക ശ്മശാനം പദ്ധതി ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. ഭരണാനുമതിക്കുള്ള ഉത്തരവിനെത്തുടർന്ന് സാങ്കേതിക നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

**വാമനപുരം മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അനുവദിച്ച ഫണ്ടുകളുടെ വിശദാംശം**

357 (370) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 2019-20 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവ അനുവദിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളായ ആനാട്, കല്ലറ, നന്ദിയോട്, നെല്ലനാട്, പനവൂർ, പാങ്ങോട്, പെരിങ്ങമ്മല, പുല്ലമ്പാറ, വാമനപുരം എന്നീ ഗ്രാമപഞ്ചായത്ത്

തുകകൾ അനുവദിച്ചതും വിനിയോഗിച്ചതുമായ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കള്ളിക്കാട് ഗ്രാമപഞ്ചായത്ത് മൾട്ടി പർപ്പസ് ബിൽഡിംഗ് പദ്ധതിയുടെ നിർമ്മാണ പുരോഗതി

358 (371) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് മൾട്ടി പർപ്പസ് ബിൽഡിംഗ് (ടൗൺ ഹാൾ) എന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക ബഡ്ജറ്റിൽ അനുവദിച്ചുവെന്നും ടെണ്ടർ ചെയ്ത ശേഷം എത്ര തുകയ്ക്കാണ് നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ?

കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രവൃത്തിയുടെ ഫസ്റ്റ് ഫ്ലോർ, ഗാലറി കോൺക്രീറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. റൂഫ് സ്ലാബും മറ്റ് പ്രവൃത്തികളും ചെയ്യാനായി ബാക്കിയുണ്ട്. ടി പ്രവൃത്തിക്ക് ബജറ്റിൽ 2,00,00,000/- അനുവദിക്കുകയും ടെണ്ടർ ചെയ്ത ശേഷം 1,55,72,208/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് സാങ്കേതികാനുമതി നൽകിയതെന്നും അതിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദേശം ഉണ്ടായിരുന്നോയെന്നും അറിയിക്കാമോ; സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

31-08-2021-ന് നൽകിയ സാങ്കേതികാനുമതിയിൽ എസ്റ്റിമേറ്റിൽ പരാമർശിക്കുന്ന നിബന്ധനകൾക്കനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്ന സാഹചര്യത്തിൽ, പുതുക്കിയ സാങ്കേതികാനുമതി നൽകിയതിൽ, പൂർണ്ണമായും കെട്ടിടത്തിന്റെ പൂർത്തീകരണം ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി നൽകിയ പ്രകാരമുള്ള എല്ലാ പ്രവൃത്തികളും നിലവിൽ നിർവ്വഹിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരികയാണ്.

(ഡി) സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തിയത് കാരണം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം സാധ്യമല്ലാത്ത സ്ഥിതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് അധികമായി ചെയ്തിട്ടുള്ളതെന്നും ആയതിലേയ്ക്ക് കരാറുകാരൻ എത്ര തുക ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിന് വിരുദ്ധമായി നിർമ്മാണ പ്രവൃത്തി നടത്തിയിട്ടില്ല. പ്രവൃത്തി ചെയ്യുന്ന വേളയിൽ പൈൽ ഫൗണ്ടേഷനുവേണ്ടി ഹാർഡ് റോക്ക്, എസ്റ്റിമേറ്റ് പ്രകാരം ലഭ്യമാകാത്തതിനാലും ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽനിന്നും സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കിയ മുറയ്ക്ക് ഡിസൈൻ, ബീം, സ്ലാബ് എന്നിവയിൽ ഡിസൈൻ ക്രൈറ്റീരിയ അനുസരിച്ച് സാംഗ്ഷൻ ചെയ്ത, സ്ട്രക്ചറൽ ഡിസൈൻ പ്രകാരം സ്റ്റീൽ റീ-

ഇൻഫോഴ്സ്മെന്റിന്റെ അളവിലും ബീം സ്ലാബ് എന്നിവയിലുള്ള വ്യത്യാസവും കൂടാതെ നിലവിലുള്ള സൈറ്റിൽ മറ്റ് മാൻഡേറ്ററി ചട്ടങ്ങൾ സാങ്കേതിക അനുമതി നിബന്ധന പ്രകാരം പാലിക്കേണ്ടിവന്നതിനാൽ എർത്ത് ഫില്ലിംഗ്, റീറ്റെയിനിംഗ് വോൾ എന്നിവ ചെയ്യേണ്ടതിന്റെ സാങ്കേതികമായ ആവശ്യകത വന്നിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റിൽനിന്നും പൂർത്തീകരണത്തിന് തുക അധികരിച്ച് വന്നിട്ടുള്ളതാണ്. ഇപ്രകാരം നിലവിലുള്ള തുക പ്രകാരം പൂർത്തീകരണം സാധ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>**അധികമായി ചെയ്തിട്ടുള്ള പ്രവൃത്തികൾ**</u>

1) പൈലിംഗ് ചെയ്ത വേളയിൽ ഹാർഡ് റോക്കിലേക്കുള്ള അധികരിച്ച ആഴം
2) നിലവിൽ പ്ലോട്ട് 1.2 m താഴ്ന്ന ലെവലിൽ ആയതിനാൽ, ആയത് റോഡ് ലെവലിൽ ഫിൽ ചെയ്യുന്നതിനുള്ള എർത്ത് ഫില്ലിംഗ്
3) എഞ്ചിനീയറിംഗ് കോളേജിൽനിന്നും ലഭ്യമായ സ്ട്രക്ചറൽ ഡിസൈൻ പ്രകാരം വന്ന സ്റ്റീൽ റീ-ഇൻഫോഴ്സ്മെന്റിൽ വന്ന വ്യത്യാസം.

Piling 500m-30m-64020

Piling 700m-34.15m -105284.45

Centering & Shuttering Column, Foundation-189.535m2

Centering & Shuttering Stair – 45.37 $m^2$ (23093/-)

Steel reinforcement -14359.82Kg (990827.58)

**Extra Item**

1. Retaining wall Concrete – 45.036(299959)
2. Earth Filling -2140.233 $m^3$ (420598.59)

അധിക ഇനം ഉൾപ്പെട്ടിട്ടുള്ളത് കാരണം ബില്ലിൽ അധികമായി ഉൾപ്പെട്ടിട്ടുള്ള തുക – 19,48,322/-

(ഇ) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ആറ് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉദിയൻകുളങ്ങര പുതിയ മാർക്കറ്റ് സമുച്ചയത്തിന്റെ നിർമ്മാണം**

359 (372) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ മാർക്കറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റുമായി ബന്ധപ്പെട്ട പ്ലാൻ തയാറാക്കിയത് എസ്റ്റിമേറ്റ് തുകയെ അധികരിച്ച് നിൽക്കുന്നതിനാൽ, പ്ലാൻ റിവൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഇനിയും പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആവശ്യമാണ്. റിവൈസ്ഡ് പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മേരിഗിരി-രക്കാണ്ടി പോത്തുചാടി റോഡ് നിർമ്മാണം**

360 (373) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 ബജറ്റിൽ ഇരുപത് ശതമാനം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ മേരിഗിരി-രക്കാണ്ടി പോത്തുചാടി റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മേരിഗിരി-രക്കാണ്ടി പോത്തുചാടി റോഡ് പ്രവൃത്തിക്ക് ഭരണാനുമതിക്കുള്ള ശിപാർശ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ**

361 (374) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും എപ്പോൾ നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്ന കാലയളവ് അവസാനിച്ച സാഹചര്യത്തിൽ സ്ഥാനക്കയറ്റം മുഖേനയോ സ്ഥലംമാറ്റം മുഖേനയോ നികത്തേണ്ടുന്ന ഒഴിവുകൾ അപ്രകാരം നികത്തുന്നതാണെന്നും പി.എസ്.സി. മുഖേന നികത്തേണ്ടുന്ന തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അരുവിക്കര മണ്ഡലത്തിൽ എസ്.റ്റി. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

362 (375) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം മേൽനോട്ടം വഹിക്കുന്ന എസ്.റ്റി. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

അരുവിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി

1) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ മുളമൂട് പാലം - 40,00,000/- രൂപ. ടി പ്രവൃത്തിയിൽ പാലം പണി പൂർത്തീകരിച്ചിട്ടുണ്ട്; അപ്രോച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി മാത്രം അവശേഷിക്കുന്നു.
2) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ വാലിപ്പാറ സാമൂഹ്യപഠന മുറി റൂഫിംഗ് - 10,00,000/- രൂപ. ടി പ്രവൃത്തിയുടെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്; ഇലക്ട്രിഫിക്കേഷൻ വർക്ക് അവശേഷിക്കുന്നു.
3) വിതുര ഗ്രാമപഞ്ചായത്തിൽ കളിയിക്കൽ കല്ലുപാറ റോഡ് - 60,54,000/- രൂപ. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; ബിൽ തയ്യാറായി വരുന്നു.
4) വിതുര ഗ്രാമപഞ്ചായത്തിൽ നാരായത്തുംകാല മുണ്ടൻകുഴി പാലം - 70,00,000/- രൂപ. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിക്കുന്നു.

(ബി) ഓരോ പ്രവൃത്തിയും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

1) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ മുളമൂട് പാലം - 2024 ഓഗസ്റ്റ് 31-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2) കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിൽ വാലിപ്പാറ സാമൂഹ്യപഠന മുറി റൂഫിംഗ് - 2024 ഡിസംബർ 31-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3) വിതുര ഗ്രാമപഞ്ചായത്തിൽ നാരായത്തുംകാല മുണ്ടൻകുഴി പാലം - 2025 മേയ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പഞ്ചായത്തുകളിൽനിന്നും സ്കൂളുകളിൽ പ്രഭാത ഭക്ഷണം**

363 (376) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽനിന്നും വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതി കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനും മണ്ഡലത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പ്രഭാത ഭക്ഷണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാമോ?

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള അർഹതപ്പെട്ട കുട്ടികൾക്ക് പ്രാഭാതഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 28-05-2022-ലെ സ.ഉ(കൈ) നം.115/2022/തസ്വഭവ ഖണ്ഡിക 8.8.3 പ്രകാരം അനുവാദം നല്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലായുള്ള പ്രദേശങ്ങളിലെയും തീരദേശ മേഖലകളിലെയും സ്കൂളുകളിൽ ഈ പരിപാടി നിർബന്ധമായും നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ മുളപ്ര പാലം നിർമ്മാണം**

364 (377) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% നീക്കിവച്ചിരുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നതുമായ, പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ

ഗ്രാമപഞ്ചായത്തിലെ മുളപ്ര പാലം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ മുളപ്ര പാലം നിർമ്മാണപദ്ധതിയുടെ എസ്റ്റിമേറ്റ് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുടർപരിശോധന നടത്തി ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

365 (378) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി, റീബിൽഡ് കേരള പദ്ധതി എന്നിവ പ്രകാരം പാറശ്ശാല മണ്ഡലത്തിൽ

നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പേര്, പഞ്ചായത്ത്, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ചവയിൽ പൂർത്തീകരിക്കാത്ത റോഡുകളുടെ പേര്, ശേഷിക്കുന്ന പ്രവൃത്തികൾ, ആയതിനുള്ള കാരണം, ഇതുവരെ ചെലവായ തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

04-11-2020-ലെ സ.ഉ.(കൈ)നം.170/2020/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് കീഴിലെ KOOTTAPPU-CHIMMINIKKADU ROAD IN AMBOORI GP - 1000000/- എന്ന പ്രവൃത്തി സൈറ്റ് ഡിസ്പ്യൂട്ട് കാരണം പൂർത്തീകരിച്ചിട്ടില്ല.

**മുക്കം നഗരസഭയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട്**

366(379) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുതിയതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി മുക്കം നഗരസഭയ്ക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) മുക്കം നഗരസഭയ്ക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ശിപാർശ ലഭ്യമായിട്ടില്ല. വ്യക്തമായ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കെ-സ്മാർട്ട് പദ്ധതി**

367 (380) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതി പ്രകാരം എന്തെല്ലാം ഓൺലൈൻ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

കെ-സ്മാർട്ട് പദ്ധതി പ്രകാരം Building Permit -13, Civil Registration – 121, File Module – 81, License Module – 6, Property Tax Module – 15, Public Grievance Module – 64 എന്നിങ്ങനെ ആറ് മൊഡ്യൂളുകളിലായി ആകെ 300 സർവീസുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. സർവീസ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ കെ-സ്മാർട്ട് ജി.ഐ.എസ്. - Know Your Land എന്ന മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്നും പ്രസ്തുത സ്ഥലം എയർപോർട്ട് സോൺ, റെയിൽവെ സോൺ, കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്.) എന്നിവയിൽ ഉൾപ്പെട്ടതാണോ എന്ന വിവരവും അറിയാൻ സാധിക്കും.

(ബി) കെ-സ്മാർട്ട് പദ്ധതിപ്രകാരം സേവനങ്ങൾ തീർപ്പാക്കുന്നത് സീനിയോരിറ്റി പ്രകാരമാണോ; അല്ലെങ്കിൽ സീനിയോരിറ്റി പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സീനിയോരിറ്റി പ്രകാരമാണ്.

(സി) കെ-സ്മാർട്ട് പദ്ധതി പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി പ്രസ്തുത സ്ഥാപനങ്ങളിൽകൂടി നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2024 ജനുവരി 1 മുതൽ കെ-സ്മാർട്ട് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഈരാറ്റുപേട്ട മുനിസിലിറ്റിയിൽ നടപ്പാക്കുന്ന അമൃത്കുടിവെള്ള പദ്ധതി**

368 (381) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ സർവെ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനും വേണ്ടി 26-09-2023-ൽ 19.183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർവെ പൂർത്തിയാക്കി അമൃത് ഒന്നാംഘട്ടത്തിൽ 20 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് ഡീറ്റൈൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ആന്വൽ അക്ഷൻ പ്ലാനിന്റെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടുത്തിയ 20 കോടി രൂപയുടെ പദ്ധതി അമൃതിന്റെ അടുത്ത സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC), സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) എന്നിവയ്ക്ക് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

20 കോടി രൂപയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ:-

1. തേവരുപാറ ജംഗ്ഷനിൽനിന്നും തേവരുപാറ ടാങ്കിലേയ്ക്ക് 200 മീറ്റർ ദൂരത്തിൽ 300mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
2. നിലവിലെ പഴയ ടാങ്ക് പൊളിച്ചുമാറ്റൽ
3. 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി
4. 30 കിലോമീറ്റർ ദൂരത്തിൽ വിതരണശൃംഖല
5. 3000 കുടിവെള്ളകണക്ഷനുകൾ

ഘട്ടം മൂന്നിൽ ഉൾപ്പെടുത്തി Ministry of Housing & Urban Affairs (MoHUA)-ന്റെ അപെക്സ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കുന്നതിനായി ആയിരം പുതിയ കണക്ഷനുകൾ നൽകുന്നതിനുള്ള 11.67 കിലോമീറ്റർ വിതരണ ശൃംഖലയുടെ അഞ്ച് കോടി രൂപയുടെ പദ്ധതിയും 1500 പുതിയ കണക്ഷൻ, 24 കിലോമീറ്റർ വിതരണ ശൃംഖല എന്നിവ ഉൾപ്പെടുന്ന പത്ത് കോടി രൂപയുടെ പദ്ധതികളും പരിശോധന ഘട്ടത്തിലാണ്.

**കൂത്തുപറമ്പ് ബസ്സ്റ്റാൻഡ് ടെർമിനലിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി**

369 (382) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മിക്കാൻ നഗരസഭ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചെങ്കിലും ആവശ്യമായ ഫണ്ടില്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കഴിഞ്ഞ രണ്ട് സംസ്ഥാന ബജറ്റിലും പദ്ധതി ഉൾപ്പെടുത്തിയെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) 2024 -25 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് അനുബന്ധം-II-ൽ കൂത്തുപറമ്പ് നഗരസഭയിൽ ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മാണത്തിന് 100 രൂപ ടോക്കൺ മാത്രമേ അനുവദിച്ചിട്ടുള്ളൂ ആയത് അടങ്കൽ തുകയുടെ 20 ശതമാനമാക്കി വർദ്ധിപ്പിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) കൂത്തുപറമ്പ് ബസ്സ്റ്റാന്റ് ടെർമിനൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൂത്തുപറമ്പ് ബസ്സ്റ്റാന്റ് ടെർമിനൽ യാഥാർത്ഥ്യമാക്കുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളതാണ്. പദ്ധതിയുടെ പ്ലാൻ എസ്റ്റിമേറ്റ് വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയും പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ടെർമിനൽ-1 നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി നഗരത്തിലെ വെള്ളക്കെട്ട്**

370 (383) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ കൊച്ചി നഗരസഭ കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷാടിസ്ഥാനത്തിൽ കണക്ക് നൽകാമോ?

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൊച്ചി കോർപ്പറേഷൻ വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ഇതിൽ കാനകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി, സ്ലാബ് ഇടൽ, ചെളി കോരൽ, തോടുകളിലെ ചെളി നീക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2019-20 | 45,00,00,000/- | 41,99,67,242/- |
| 2 | 2020-21 | 40,00,00,000/- | 32,74,93,697/- |
| 3 | 2021-22 | 45,00,00,000/- | 27,92,92,112/- |
| 4 | 2022-23 | 41,00,00,000/- | 24,52,30,963/- |
| 5 | 2023-24 | 38,00,00,000/- | 32,99,42,908/- |
| **ആകെ** | | **209,00,00,000/-** | **160,19,26,922/-** |

**വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

371 (384) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

(എ&ബി) ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ മോഡ് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ട്രക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി സ്ട്രക്ചറൽ ഡ്രോയിംഗിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി കിഫ്ബിയിലും സാങ്കേതികാനുമതിക്കായി ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കും സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽനിന്നും റിവൈസ്ഡ് എമൗണ്ടിന് സാമ്പത്തിക അനുമതി

ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി കോർപ്പറേഷന്റെ അതിർത്തികൾ പുനർനിർണ്ണയിക്കേണ്ട സാധ്യത**

372 (385) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ.) പോലെയുള്ള സ്പെഷ്യൽ പർപ്പസ് വികസന ഏജൻസികളുടെ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോർപ്പറേഷൻ ഏരിയകളിൽ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ?

സ്മാർട്ട് സിറ്റി മാർഗനിർദേശങ്ങൾപ്രകാരം കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്, സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്നീ സ്പെഷ്യൽ പർപ്പസ് വികസന ഏജൻസികളുടെ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോർപ്പറേഷൻ ഏരിയകളിൽ മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ.

(ബി) എറണാകുളം ജില്ലയിലെ മുനിസിപ്പാലിറ്റികൾ കൊച്ചി കോർപ്പറേഷനേക്കാൾ നഗരസ്വഭാവം കാണിക്കുന്നതിനാൽ കൊച്ചി കോർപ്പറേഷന്റെ നിലവിലെ ഭൂപരിധി വർദ്ധിപ്പിക്കേണ്ട ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൊച്ചി കോർപ്പറേഷന്റെ അതിർത്തികൾ പുനർനിർണ്ണയിക്കേണ്ട സാധ്യത നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പുതിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റി രൂപീകരണവും അതിർത്തി പുനർനിർണയവും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സർവീസ് ആനുകൂല്യങ്ങൾ നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി**

373 (386) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവെ 2006-ൽ അന്തരിച്ച ശ്രീ. ഗോപി വി.-യുടെ

സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരിക്കെ 25-08-2006-ൽ മരണപ്പെട്ട ഗോപി വി.-യുടെ സർവീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 16 വർഷങ്ങൾക്കുശേഷം 18-07-2022-ലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 24-05-1999-ലെ G.O.(P)No.12/1999/P&ARD ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ രണ്ട് വർഷത്തിനകവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി മൂന്ന് വർഷത്തിനകവുമാണ്. നിശ്ചിത കാലയളവിനുള്ളിൽ നിർദിഷ്ട ഫോമിൽ ടിയാന്റെ അവകാശികളാരുംതന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല. 18-07-2022-ൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ടിയാന്റെ ഭാര്യ ശ്രീമതി സുലോചനയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിഞ്ഞിട്ടുള്ളതുമാണ്. ജീവനക്കാരൻ മരണപ്പെട്ട് മൂന്ന് വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ

കെ.എസ്.ആർ. പാർട്ട് III റൂൾ 120 പ്രകാരം സർക്കാർ അനുമതി ആവശ്യമായതിനാൽ ആശ്രിത നിയമനത്തിനായും പെൻഷൻ ആനുകൂല്യങ്ങൾക്കായും ശ്രീ. ഗോപി വി.-യുടെ ഭാര്യ സമർപ്പിച്ച അപേക്ഷയിന്മേൽ സ്പഷ്ടീകരണത്തിനായി നഗരസഭ സെക്രട്ടറി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അയച്ച 30-09-2023-ലെ കത്ത് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കോതമംഗലം നഗരസഭയിലെ മേഡേൺ ക്രിമിറ്റോറിയം**

374 (387) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ആധുനിക ശ്മശാനവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആധുനിക ശ്മശാനത്തിന്റെ നിർമ്മാണം സാങ്കേതിക തടസ്സങ്ങൾ നീക്കി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോതമംഗലം നഗരസഭയുടെ ആധുനിക വാതക ശ്മശാനം പദ്ധതിക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്ട്രക്ചറൽ സ്ക്രൂട്ടിണി, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് എന്നിവയും ലഭ്യമാക്കിയിട്ടുള്ളതാണ്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനുശേഷം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**പള്ളിയാംമൂല ഗവൺമെന്റ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ**

375(388) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പള്ളിയാംമൂല ഗവൺമെന്റ് ബഡ്സ് റീഹാബിലിറ്റേഷൻ

സെന്ററിൽ സ്കൂൾ ബസ് വാങ്ങിക്കുന്ന പ്രവൃത്തിക്ക് കണ്ണൂർ കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകാമോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

അഴീക്കോട് എം.എൽ.എ.-യുടെ 2022-23-ലെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി ഗവൺമെന്റ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പള്ളിയാംമൂലയ്ക്ക് സ്കൂൾ ബസ് വാങ്ങുന്നതിനായി സ്കൂൾ പി.ടി.എ.-യ്ക്ക് വാഹനത്തിന്റെ നടത്തിപ്പ്, സൂക്ഷിപ്പ്, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവർത്തന ചെലവുകൾ ബഡ്സ് സ്കൂൾ പി.ടി.എ. ഫണ്ടിൽനിന്നും നിർവഹിച്ചുകൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും ആയത് സാധ്യമല്ലെന്ന് ബഡ്സ് സ്കൂൾ പി.ടി.എ. അറിയിക്കുകയുണ്ടായി. കണ്ണൂർ കോർപ്പറേഷനിലെ 13-05-2024-ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം ബഡ്സ് സ്കൂളിന് വാഹനം വാങ്ങിയാൽ തുടർചെലവുകൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിനെക്കാൾ

ചെലവ് വരുമെന്നും തുടർ പരിപാലന ചെലവുകൾ പി.ടി.എ. ഏറ്റെടുക്കുന്നതാണെങ്കിൽ ആയതിന് അനുമതി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**പുഴാതി പി.എച്ച്.സി.-ക്ക് ആംബുലൻസ്**

376 (389) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഴീക്കോട് മണ്ഡലത്തിലെ പുഴാതി പി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങിക്കുന്നതിന് കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അനുമതി നൽകിയിട്ടില്ലെങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ആംബുലൻസ് ഡ്രൈവറുടെ വേതനം, വാഹന ഇൻഷ്വറൻസ്, ടാക്സ് എന്നീ ചെലവുകൾ ഒഴികെ ഇന്ധന ചെലവുകൾ, മെയിന്റനൻസ് ചെലവ്

എന്നിവ കണ്ണൂർ കോർപ്പറേഷൻ വഹിക്കാൻ തയ്യാറാണെന്ന് 06-06-2024-ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റിയുടെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

**കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതിയുടെ തടസ്സങ്ങൾ**

377 (390) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതിപ്രകാരം കെട്ടിട നികുതി അടയ്ക്കുവാൻ ചെല്ലുമ്പോൾ നിശ്ചിത സോഫ്റ്റ്‌വെയറിൽ കെട്ടിടം ഇല്ലെന്ന് കാണിക്കുന്നതുകൊണ്ട് നികുതി അടയ്ക്കുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സമയബന്ധിതമായി പരിഹരിച്ച് നികുതി അടയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശരിയായ വിവരങ്ങൾ നൽകി കെട്ടിടങ്ങൾ തിരഞ്ഞാൽ കെ-സ്മാർട്ടിൽ കെട്ടിടവിവരങ്ങൾ കാണിക്കുന്നതും നികുതി അടയ്ക്കുവാൻ സാധിക്കുന്നതുമാണ്. കെ-സ്മാർട്ട് നിലവിൽ വരുന്നതിനുമുൻപേ സഞ്ചയ

സോഫ്റ്റ്‌വെയറിൽ ഡിജിറ്റൈസേഷൻ നടത്താത്ത കെട്ടിടങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമാകുന്നതല്ല. ടി കെട്ടിടങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് കെ-സ്മാർട്ടിൽ ലെഗസി ഡാറ്റ മാനേജ്‌മെന്റ് സിസ്റ്റം (എൽ.ഡി.എം.എസ്.) എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനം പൂർത്തിയാക്കിയ നഗരസഭകളിൽ വസ്തുനികുതി അടയ്ക്കുന്നതിന് യാതൊരു പ്രശ്നവുമില്ല.

(ബി) തടസ്സങ്ങൾ ഉടനടി പരിഹരിച്ച് ഉദ്യോഗസ്ഥരെ സഹായിക്കുവാൻ ടി പദ്ധതി പ്രകാരം സപ്പോർട്ടിംഗ് സ്റ്റാഫുകളെ കോർപ്പറേഷനുകളിൽ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി സ്റ്റാഫുകൾ സമയബന്ധിതമായി തടസ്സങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും 01-01-2024 മുതൽ ഒരു മാസത്തേയ്ക്ക് എല്ലാ കോർപ്പറേഷനുകളിലും പത്ത് ടെക്നിക്കൽ ജീവനക്കാരുടെ സേവനവും (അഞ്ച് ഐ.കെ.എം. ടെക്നിക്കൽ ഓഫീസർമാർ, അഞ്ച് പഞ്ചായത്ത്

ടെക്നിക്കൽ അസിസ്റ്റന്റുമാർ), മുനിസിപ്പാലിറ്റികളിൽ ഏഴ് ടെക്നിക്കൽ ജീവനക്കാരുടെ സേവനവും (രണ്ട് ഐ.കെ.എം. ടെക്നിക്കൽ ഓഫീസർമാർ, അഞ്ച് പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റുമാർ) നൽകിയിട്ടുണ്ട്. നിലവിൽ കോർപ്പറേഷനുകളിൽ അഞ്ച് ഐ.കെ.എം. ടെക്നിക്കൽ ഓഫീസർമാരുടെയും മുനിസിപ്പാലിറ്റികളിൽ രണ്ട് ഐ.കെ.എം. ടെക്നിക്കൽ ഓഫീസർമാരുടെയും സേവനം നൽകിവരുന്നു. തടസ്സങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

378 (391) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്ന റോഡുകൾ, ഫുട്പാത്ത്, കൽവർട്ടുകൾ എന്നീ പ്രവൃത്തികൾ ലിസ്റ്റ് ചെയ്യാമോ;

(ബി) ആയതിന്റെ ഓരോന്നിന്റെയും പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദവിവരം നൽകാമോ?

(എ-സി) അഴീക്കോട് എം.എൽ.എ.-യുടെ ഫണ്ടിൽനിന്നുള്ള കണ്ണൂർ കോർപ്പറേഷനിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വേങ്ങേരി കളിസ്ഥലം നിർമ്മാണം**

379 (392) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വേങ്ങേരിയിൽ കളിസ്ഥലനിർമ്മാണത്തിനായി എത്ര രൂപ നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

75 ലക്ഷം രൂപ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ആർക്കിടെക്ട് പ്രാഥമിക പ്രസന്റേഷൻ നടത്തിയതിൽ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതും ആയതുകൂടി ഉൾക്കൊള്ളിച്ച് ഡി.പി.ആർ. തയ്യാറാക്കിവരികയും ചെയ്യുന്നു. ഫൈനൽ ഡി.പി.ആർ. അംഗീകരിച്ചിട്ടില്ല.

(സി) പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയ സ്ഥാപനം, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

പദ്ധതി നടത്തിപ്പിനായി കോഴിക്കോട് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം നഗരത്തിൽ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി**

380 (393) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ തിരുവനന്തപുരം നഗരസഭ കഴിഞ്ഞ എട്ട് വർഷങ്ങളിൽ ഓരോ വർഷവും എത്ര രൂപയാണ് വകയിരുത്തിയതെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ 2017-18 മുതൽ 2023-24 വരെ കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷൻ വകയിരുത്തിയ/ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | Rs.1,006,3339/- | Rs. 1,006,3339/- |
| 2018-19 | Rs.17,20,82,263/- | Rs. 17,20,82,263/- |
| 2019-20 | Rs. 9,49,41,996/- | Rs. 9,49,41,996/- |
| 2020-21 | Rs.4,43,62,036/- | Rs. 4,43,62,036/- |
| 2021-22 | Rs.2,39,08,585/- | Rs. 2,39,08,585/- |
| 2022-23 | Rs.67,89,141/- | Rs. 67,89,141/- |
| 2023-24 | Rs. 8,08,82,344/- | Rs. 2,62,87,064/- |
| **ആകെ** | **Rs. 43,30,29, 704/-** | **Rs. 37,84,34,424/-** |

(ബി) 2024 വർഷത്തിൽ തിരുവനന്തപുരം നഗരസഭ ഏത് സ്ഥാപനത്തെയാണ് പ്രസ്തുത നഗരത്തിലെ വെള്ളക്കെട്ട്

പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾക്ക് തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2024 വർഷത്തിൽ ഈ നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾക്ക് തിരുവനന്തപുരം നഗരസഭ ടെൻഡർ നടപടികളിലൂടെയാണോ സ്ഥാപനത്തെ തിരഞ്ഞെടുത്തിരിക്കുന്നതെന്നും ടെൻഡർ എത്ര രൂപയ്ക്കാണ് നൽകിയതെന്നും ടെൻഡറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ എത്ര രൂപയാണ് ക്വാട്ട് ചെയ്തതെന്നും വിശദമാക്കാമോ;

(ഡി) 2024 വർഷത്തിൽ പ്രസ്തുത നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾക്കുള്ള കരാർ എത്ര രൂപയ്ക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി 2024 വർഷത്തിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി 14 പ്രവൃത്തികൾ നടത്തുന്നതിന് വിവിധ

കരാറുകാരെയാണ് നഗരസഭ തിരഞ്ഞെടുത്തിരിക്കുന്നത്. ടെണ്ടർ നടപടികൾ വഴിയാണ് പ്രവൃത്തികൾ അവാർഡ് ചെയ്തിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ഏത് നിരക്കിൽ ക്വാട്ട് ചെയ്തുവെന്നതും പ്രവൃത്തികൾക്കുള്ള കരാർ എത്ര രൂപയ്ക്കാണ് നൽകിയതെന്നും സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ട കാരാറിന്റെ പകർപ്പുകളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്+.

(ഇ) തിരുവനന്തപുരം നഗരത്തിലെ എത്ര ഓടകളുടെ നിയന്ത്രണമാണ് പ്രസ്തുത നഗരസഭയ്ക്കുള്ളതെന്നും 2024 വർഷം എത്ര ഓടകൾ വൃത്തിയാക്കിയെന്നും വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലും കൂടി 1029 ഓടകളാണുള്ളത്. ആയതിൽ 2024 സാമ്പത്തിക വർഷം 879 ഓടകളുടെ ശുചീകരണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. 104 ഓടകളുടെ ശുചീകരണ പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം നഗരത്തിൽ സ്മാർട്ട് സിറ്റി പദ്ധതി**

381 (394) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

938 കോടി രൂപയുടെ പദ്ധതികളാണ് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നത്.

(ബി) തിരുവനന്തപുരം നഗരത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണത്തിനായി ഏതു സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷൻ റോഡുകൾ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് നേരിട്ടും പി.ഡബ്ല്യു.ഡി. റോഡുകൾ കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുമാണ് നടപ്പിലാക്കുന്നത്.

(സി) പദ്ധതിയുടെ ഭാഗമായി കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണത്തിനായി തിരുവനന്തപുരം നഗരസഭ ടെൻഡർ നടപടികളിലൂടെയാണോ സ്ഥാപനത്തെ തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും കേരള റോഡ് ഫണ്ട് ബോർഡും നേരിട്ടാണ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്.

(ഇ) ടെൻഡർ എത്ര രൂപയ്ക്കാണ് നൽകിയതെന്നും ടെൻഡറിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ എത്ര രൂപയാണ് ക്വാട്ട് ചെയ്തതെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(എഫ്) പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണം കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് മുഖേന നടപ്പാക്കുന്ന റോഡുകളെല്ലാംതന്നെ 30-06-2024-ൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതാണ്.

**തൃശ്ശൂർ നഗരത്തിലെ വെള്ളക്കെട്ട്**

382 (395) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എട്ട് വർഷങ്ങളിൽ തൃശ്ശൂർ നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ തൃശ്ശൂർ നഗരസഭ ഓരോ സാമ്പത്തിക വർഷവും എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചിലവഴിച്ചുവെന്നുമുള്ള കണക്കുകൾ വർഷാടിസ്ഥാനത്തിൽ നൽകാമോ?

കഴിഞ്ഞ എട്ടു വർഷങ്ങളിൽ തൃശ്ശൂർ നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ തൃശ്ശൂർ നഗരസഭ ഓരോ വർഷവും വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2016-17 | 1,85,60,000/- | 1,25,33,102/- |
| 2 | 2017-18 | 4,06,74,047/- | 3,98,98,836/- |
| 3 | 2018-19 | 2,30,00,000/- | 1,63,29,671/- |
| 4 | 2019-20 | 3,20,00,000/- | 3,06,32,062/- |
| 5 | 2020-21 | 16,65,00,000/- | 11,05,64,832/- |
| 6 | 2021-22 | 22,44,67,444/- | 5,53,85,029/- |
| 7 | 2022-23 | 5,78,87,000/- | 4,35,32,265/- |
| 8 | 2023-24 | 3,30,00,000/- | 3,23,04,004/- |

**കണ്ണൂർ പയ്യാമ്പലത്ത് ശ്മശാന നിർമ്മാണം**

383(396) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പരിധിയിലുള്ള പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക ശ്മശാനത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ച്, 22-06-2022-ൽ കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. 21-04-2023 വരെയായിരുന്നു പൂർത്തീകരണ കാലാവധി. സി.ആർ.ഇസഡ്. (തീരദേശ

പരിപാലന കമ്മിറ്റിയുടെ) എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) സി.ആർ.ഇസഡ്. എൻ.ഒ.സി. ലഭിക്കുന്നതിനായി ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ൽനിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. KSGWD-ൽനിന്നും എൻ.ഒ.സി. ആവശ്യമില്ലായെന്ന വിവരം ലഭ്യമായിട്ടുണ്ട്. കെ.പി.സി.ബി.-യുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി.ആർ.ഇസഡ്. സ്റ്റാറ്റസ് റിപ്പോർട്ട്, ഡിസാസ്റ്റർ മാനേജ്മെന്റ് റിപ്പോർട്ട്, റിസ്ക് അസസ്മെന്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനായി ഏജൻസിയെ കണ്ടെത്തുന്നതിന് രണ്ടുതവണ

ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പത്രപരസ്യം നൽകിയെങ്കിലും നാളിതുവരെ ആരും അപേക്ഷിച്ചിട്ടില്ല.

**കോതമംഗലത്ത് ആരംഭിക്കുന്ന പുതിയ മാലിന്യ നിർമ്മാർജ്ജന പദ്ധതി**

384 (397) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കോതമംഗലം നഗരസഭയെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ?

നിലവിൽ കെ.എസ്.ഡബ്ല്യു.എം.പി. ഒന്നാംവർഷ (2022-23) പദ്ധതിയിൽ 96 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഖരമാലിന്യ പരിപാലന പ്ലാൻ അന്തിമമാക്കുന്നതനുസരിച്ച് തുടർ വർഷങ്ങളിലെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കൂടാതെ കോതമംഗലം നഗരസഭയിലെ കുമ്പളത്തുമുറി ഡംപ് സൈറ്റിലെ മാലിന്യ നിക്ഷേപം ബയോമൈനിംഗ് നടത്തി വീണ്ടെടുക്കുന്നതിന് 6.08 കോടി രൂപയുടെ പദ്ധതി കേരള

സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേനയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി വേഗത്തിലാരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് കോതമംഗലം നഗരസഭയുടെ ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ-കൺസൾട്ടേഷൻ മീറ്റിംഗ് നടത്തുകയും, ചർച്ചയിൽ ലഭിച്ച അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് പ്ലാൻ അന്തിമമാക്കുന്നതിനുള്ള നടപടികളും നിലവിൽ ഏറ്റെടുത്തിട്ടുള്ള ഒന്നാംവർഷ പ്രോജക്ടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശീയ പാത 544-ൽ വീതികൂട്ടുന്നതുമൂലം കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്തത്

385 (398) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ വീതി കൂട്ടുന്നതിനായി എറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റുകയോ കൂട്ടിച്ചേർക്കലുകൾ നടത്തി താമസയോഗ്യമാക്കുകയോ ചെയ്യുമ്പോൾ മതിയായ സെറ്റ് ബാക്ക് ലഭിക്കാത്തതിനാൽ കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കെട്ടിടങ്ങൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് വികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുനൽകിയതിന്റെ ബാക്കി ഭൂമിയിൽ നടത്തുന്ന നിർമ്മാണങ്ങൾക്ക് ബാധകമാകുന്ന വ്യവസ്ഥകൾ സംബന്ധിച്ച് KMBR

2019/KPBR 2019 Chapter X-ൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ഇതിലെ ചട്ടം 66-ലെ വ്യവസ്ഥകൾ സൗജന്യമായി ഭൂമി വിട്ടുനൽകാത്തവർക്കും ബാധകമാക്കാവുന്നതാണ്. കൂടാതെ 30-03-2000-ന് നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളാകുന്ന പക്ഷം, KMBR 2019/KPBR 2019 ചട്ടം 72 ബാധകമാക്കാവുന്നതാണ്. ഇവയ്ക്കുപുറമേ, 09-02.-2024-ലെ സ.ഉ.(പി) നമ്പർ 20/2024/എൽ.എസ്.ജി.ഡി, സ.ഉ.(പി) നമ്പർ 21/2024/എൽ.എസ്.ജി.ഡി. എന്നിവ പ്രകാരമുള്ള ക്രമവത്കരണ ചട്ടങ്ങൾ, ബാധകമാകുന്ന നിർമ്മാണങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

**ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ**

386 (399) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് 2023 ജനവരി 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് 2023 ജനവരി 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 23387 അബ്കാരി കേസുകളും 9889 എൻ.ഡി.പി.എസ്. കേസുകളും 102303 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ ലഹരി മാഫിയയുടെ അക്രമങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ടി കാലയളവിൽ ലഹരി മാഫിയയുടെ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ടതും ഡ്യൂട്ടി തടസ്സപ്പെടുത്തിയതുമായ സംഭവങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്ത് പോലീസ് വകുപ്പിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2023 ജനുവരി 1 മുതൽ 2024 മാർച്ച് 31 വരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ടതും ഡ്യൂട്ടി തടസ്സപ്പെടുത്തിയതുമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ഡി) 2024 ജനുവരി 1 മുതൽ മേയ് 31 വരെയുള്ള കാലയളവിൽ ലഹരി ഉപയോഗം, വിൽപ്പന, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്കെതിരെ എക്സൈസ് വകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിദ്യാർഥികൾക്കെതിരെ തിരുവനന്തപുരം-5, കോട്ടയം-45, എറണാകുളം-19, വയനാട്-1 എന്നിങ്ങനെ 70 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മദ്യനയത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ**

387 (400) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മദ്യനയം പുതുക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലവിലെ മദ്യനയത്തിൽനിന്നും എന്തൊക്കെ മാറ്റങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

എല്ലാ സാമ്പത്തിക വർഷവും സർക്കാർ മദ്യനയം പ്രഖ്യാപിക്കാറുണ്ട്. 2024-25 വർഷത്തെ മദ്യനയം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഡ്രൈ ഡേ ഒഴിവാക്കുന്നത് സംബന്ധിച്ചും ഐ.ടി. പാർക്കുകളിലും മാളുകളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മദ്യം ലഭ്യമാക്കുന്നത് സംബന്ധിച്ചും സർക്കാർതലത്തിൽ ചർച്ചകൾ നടത്തുകയോ തീരുമാനങ്ങൾ എടുക്കുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഡ്രൈഡേ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഐ.റ്റി. പാർക്കുകളിൽ മദ്യം വിതരണം ചെയ്യുന്നതിന് ലൈസൻസ് നൽകാൻ

2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ആയതിന് ചട്ടം രൂപീകരിച്ചിട്ടില്ല. സൂപ്പർമാർക്കറ്റ്, മാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മദ്യം ലഭ്യമാക്കാൻ തീരുമാനമെടുത്തിട്ടില്ല.

(സി) മദ്യനിരോധനമല്ല മദ്യവർജനമാണ് വേണ്ടത് എന്നതാണോ ഈ സർക്കാരിന്റെ നയമെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ബാറുകളുടെയും മദ്യ വില്പനശാലകളുടെയും എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ മദ്യവർജനം എപ്രകാരം നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മദ്യനിരോധനമല്ല മദ്യവർജനമാണ് ഈ സർക്കാരിന്റെ നയം. മദ്യത്തിന്റെ ഉപഭോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി മദ്യഉപയോഗം കുറച്ചുകൊണ്ടുവരിക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ബാറുകളും വിദേശമദ്യശാലകളും ഭാഗികമായി അടച്ചിട്ടിരുന്ന 2011-16 കാലയളവിനേക്കാൾ ബാറുകളും എഫ്.എൽ.1 ഷോപ്പുകളും തുറന്ന് പ്രവർത്തിച്ച 2016-21 കാലയളവിൽ മദ്യവില്പന കുറവായിരുന്നു.

ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-ക്ക് രൂപം നൽകിയിട്ടുള്ളതാണ്. ലഹരിക്കെതിരെ വിമുക്തി മിഷൻ മറ്റ് വകുപ്പുകളുടെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി 14 ഡീ-അഡിക്ഷൻ സെന്ററുകളും മൂന്ന് മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

(ഡി) 2016-2021-ലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് തുറന്ന് പ്രവർത്തിച്ചിരുന്ന ബാറുകളുടെയും സർക്കാർ മദ്യ വില്പനശാലകളുടെയും ആകെ എണ്ണം എത്രയായിരുന്നു; ജില്ലയും മദ്യശാലയുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 5 സ്റ്റാർ ക്ലാസിഫിക്കേഷനുണ്ടായിരുന്ന 29 ഹോട്ടലുകൾക്കും 813 ബിയർ & വൈൻ പാർലറുകൾക്കും 306 വിദേശ മദ്യ ചില്ലറ വില്പനശാലകൾക്കും ഉൾപ്പെടെ 1148 മദ്യശാലകൾ പ്രവർത്തിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) 2016-ൽ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ ബാറുകളുടെയും സർക്കാർ, സർക്കാർ ഇതര മദ്യ വില്പനശാലകളുടെയും എണ്ണം എത്രയാണ്; ജില്ലയും മദ്യശാലയുടെ ഇനവും അനുമതി നൽകിയ വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2016-ൽ സർക്കാർ അധികാരമേറ്റത് മുതൽ മുൻസർക്കാരിന്റെ കാലയളവിൽ പ്രവർത്തനം നിർത്തിവച്ച 78 എഫ്.എൽ.-01 ഷോപ്പുകൾ ഉൾപ്പെടെ ആകെ 253 എഫ്.എൽ.-01 ഷോപ്പുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-ൽ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ ബാറുകളുടെയും ബിയർ/ വൈൻ പാർലറുകളുടെയും ജില്ലയും അനുമതി നൽകിയ വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ബാറുകളുടെ ലൈസൻസ്**

388 (401) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ബാറുകളുടെ എണ്ണം എത്രയാണ്?

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽവന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉണ്ടായിരുന്ന 29 ബാർ ലൈസൻസ് ഒഴികെയുള്ള ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണുണ്ടായത്. ഇത്തരത്തിൽ 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ & വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു.

(ബി) പ്രസ്തുത സർക്കാരിന്റെ കാലയളവിൽ മുൻ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ എത്ര ബാറുകൾക്കാണ് പ്രവർത്തനാനുമതി നൽകിയത്; വിശദാംശം നൽകുമോ?

2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ കാലയളവിൽ ബിയർ/ വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകുകയുണ്ടായി.

(സി) ഒന്നാം പിണറായി സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എത്ര ബാറുകൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്; എത്ര ബാറുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്; നിലവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ പുതിയതായി 303 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളതും ബിയർ & വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 480 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതും രണ്ട് ബാർ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ആകെ അനുവദിച്ചിട്ടുള്ള 810 ബാർ ലൈസൻസുകളിൽ എട്ട് ലൈസൻസുകൾ 2024-25 വർഷത്തേക്ക് പുതുക്കിയിട്ടില്ല. നിലവിൽ സംസ്ഥാനത്ത് 802 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

**ഐ.ടി പാർക്കുകളിൽ ബാർ ലൈസൻസ്**

389 (402) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനും ആയതിനുള്ള മാനദണ്ഡങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(ബി) ഏതൊക്കെ ഐ.ടി. പാർക്കുകൾക്കാണ് ബാർ ലൈസൻസ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ

എവിടെയാണ് ഇപ്രകാരം ബാർ ലൈസൻസ് നൽകുന്നത്; വിശദാംശം നൽകുമോ;

(ഡി) ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

(സി&ഡി) ചട്ട രൂപീകരണം പുരോഗതിയിലാണ്.

**കറുകച്ചാൽ കേന്ദ്രമാക്കി പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസ്**

390 (403) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശേരി എക്സൈസ് റെയ്ഞ്ചിനെ വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾ ഉൾപ്പെടുത്തി കറുകച്ചാൽ കേന്ദ്രമാക്കി പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

മാടപ്പള്ളി, വാഴപ്പള്ളി, കറുകച്ചാൽ, കുറിച്ചി, കങ്ങഴ, വെള്ളാവൂർ, നെടുങ്കുന്നം, തൃക്കൊടിത്താനം, പായിപ്പാട്, വാഴൂർ, വാകത്താനം എന്നീ

പഞ്ചായത്തുകൾ ഉൾപ്പെടുന്ന ചങ്ങനാശ്ശേരി റെയ്ഞ്ച് ഓഫീസ് ഉൾപ്പെടെ അധികാരപരിധി വലുതായ എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി 37 എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടമായി രൂപീകരിക്കുന്നതിനായി എക്സൈസ് വകുപ്പിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റെയ്ഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാംഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റെയ്ഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി എക്സൈസ് റെയ്ഞ്ച് വിഭജിച്ച് വാകത്താനം, തോട്ടയ്ക്കാട്, കറുക്കച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വാഴൂർ, വെള്ളാവൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി നെടുങ്കുന്നം

കേന്ദ്രമാക്കി പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസ് ഉൾപ്പെടെ 17 പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിത എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ലയെന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേസ്ഥലത്ത് പ്രവർത്തിക്കുന്നുവെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ

പൊതുവായി ഉപയോഗിച്ച് (Eg: sentry, Court duty) മാൻ പവർ സേവിംഗ്സ് കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുനഃക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ്**

391 (404) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്.

(ബി) എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ ആയത് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. അധികാരപരിധി വലുതായ എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി 37 എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടമായി രൂപീകരിക്കുന്നതിനായി എക്സൈസ് വകുപ്പിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റെയ്ഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാംഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റെയ്ഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 17 പുതിയ എക്സൈസ്

റെയ്ഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിത എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നുവെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (Eg: sentry, Court duty) മാൻ പവർ സേവിംഗ്സ് കണ്ടെത്തിയും പുതിയ

റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുനഃക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിന്റെ അധികാരപരിധി നിർണ്ണയിച്ച് റെയ്ഞ്ച് ഓഫീസ് രൂപീകരിക്കേണ്ടത് അനിവാര്യമായതിനാൽ പുതിയ തസ്തികകൾ അനുവദിക്കുന്നതുവരെ താൽകാലിക ക്രമീകരണമെന്ന നിലയിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാതെ വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിലെയും നീലേശ്വരം, ഹോസ്ദുർഗ് എന്നീ റെയ്ഞ്ച് ഓഫീസുകളിലെയും നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തി

വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിന് കീഴിൽ പുതിയ വെള്ളരിക്കുണ്ട് റെയ്ഞ്ച് ഓഫീസ് രൂപീകരിക്കണമെന്നുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ എക്സൈസ് വകുപ്പിന് ഭൂമി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകാമോ?

ഉണ്ട്. കാസർഗോഡ് ജില്ലാ കളക്ടറുടെ 28-02-2019-ലെ സി1-334/19 ഉത്തരവുപ്രകാരം നിലവിൽ പരപ്പ വില്ലേജിൽ പുലിയംകുളം ദേശത്ത് റീസർവ്വേ നമ്പർ 155-ൽ 30 സെന്റ് സ്ഥലം വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

**നിരോധിത ലഹരി പദാർത്ഥങ്ങളുടെ വില്പന**

392 (405) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത ലഹരി വസ്തുക്കൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിരോധിത ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിരോധിത ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം നടത്തിയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജില്ലയിലെ രണ്ട് വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ച് ദിവസേന രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ മുഖേന പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും അന്തർ സംസ്ഥാന ബസ്സുകളിലും പരിശോധന നടത്തിവരുന്നു. ഇത്തരത്തിലുള്ള പരിശോധനകളോടൊപ്പം മുൻകാല

പ്രതികളുടെ വിശദവിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷണം നടത്തിവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മുഖേന വിവരശേഖരണം നടത്തുന്നുണ്ട്. ജില്ലകളിലെ സ്ട്രൈക്കിംഗ് ഫോഴ്സുകളും സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളും ചെക്ക്പോസ്റ്റ് ഇല്ലാത്തിടത്ത് ഇടറോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമുവും (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) പ്രവർത്തിച്ചുവരുന്നു. അപ്രതീക്ഷിത ദിവസങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു.

(സി) കഴിഞ്ഞ സാമ്പത്തികവർഷം എത്ര കുറ്റകൃത്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം എക്സൈസ് വകുപ്പ് 18615 അബ്കാരി കേസുകളും 8285 എൻ.ഡി.പി.എസ്. കേസുകളും 79283 കോട്പ കേസുകളും കണ്ടെത്തിയിട്ടുണ്ട്.

(ഡി) കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുവാൻ നിയമഭേദഗതികൾക്കായി ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മയക്കുമരുന്നുകൾ സംബന്ധിച്ച എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമാണ്. അതിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവ് അനുസരിച്ച് കേസുകൾ സ്മോൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകൾ കുറച്ച് നിയമം കൂടുതൽ കർശനമാക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് അനുവദിച്ച ബാറുകളും ബിവറേജസ് ഔട്ട്‌ലെറ്റുകളും**

393 (406) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ, ബീവറേജസ് ഔട്ട്ലെറ്റുകൾ എന്നിവ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2016-ൽ മുൻസർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 306 ബിവറേജസ് ഔട്ട്ലെറ്റുകളും ഉണ്ടായിരുന്നു.

(ബി) 2016-നുശേഷം സംസ്ഥാനത്ത് എത്ര ബാറുകൾ, ബിവറേജസ് ഔട്ട്ലെറ്റുകൾ എന്നിവ നൽകിയിട്ടുണ്ടെന്ന് വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2016-നുശേഷം സംസ്ഥാനത്ത് 303 ബാറുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ ബിയർ വൈൻ പാർലറുകളായി മാറിയ 480 സ്ഥാപനങ്ങൾക്ക് മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ബാർ ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ട്.

2016-നുശേഷം സംസ്ഥാനത്ത് 175 ഔട്ട്ലെറ്റുകൾ അനുവദിച്ചിട്ടുണ്ട്. വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ അബ്കാരി നയത്തിന്റെ ഭാഗമായി പൂട്ടിയ 78 ചില്ലറ വില്പന ശാലകൾ പുനരാരംഭിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനത്ത് മദ്യനയത്തിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുവേണ്ടി ടൂറിസം വകുപ്പിൽനിന്ന് എന്തെങ്കിലും അപേക്ഷയോ നിർദ്ദേശമോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തെ മദ്യനയം രൂപീകരിക്കുന്ന അവസരത്തിൽ മാത്രമേ മാറ്റങ്ങൾ വരുമോ ഇല്ലയോ എന്ന കാര്യം വ്യക്തമാവുകയുള്ളൂ. മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പിൽനിന്നും അപേക്ഷയോ നിർദേശമോ ഇതുവരെ ഉണ്ടായിട്ടില്ല.

**ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ്**

394 (407) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ബാർ ലൈസൻസ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനും ആയതിനുള്ള മാനദണ്ഡങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഐ.ടി. പാർക്കുകളിൽ ബാറുകൾ പ്രവർത്തിച്ച് തുടങ്ങുമ്പോൾ ബാർ ലൈസൻസിന്റെ മറവിൽ അനധികൃത മദ്യവില്പനയും മയക്കുമരുന്ന് വില്പനയും ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് വിദേശമദ്യ ലൈസൻസ് സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ ഐ.ടി. പാർക്കുകളിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്ന ലൈസൻസുകൾക്കും ബാധകമായിരിക്കും.

(സി) ഐ.ടി. പാർക്കുകളിൽ എക്സൈസ് വകുപ്പിന്റെയും മറ്റും പരിശോധനകൾ അവിടുത്തെ ബിസിനസ് അന്തരീക്ഷത്തെ ദോഷകരമായി ബാധിക്കുമെന്ന പരിമിതിയുള്ളതിനാൽ, ബാർ ലൈസൻസ് അനുവദിക്കാനുള്ള സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഐ.ടി. പാർക്കുകളിൽ വിദേശമദ്യ ലൈസൻസ് അനുവദിക്കുമ്പോൾ ടി ലൈസൻസ് പരിധി ബന്ധപ്പെട്ട ഐ.ടി. പാർക്കിനുള്ളിലെ ഓഫീസ് ഏരിയ ഉൾപ്പെടാത്ത ഒരു പ്രത്യേക സ്ഥലം ആയിരിക്കണമെന്നും ആയതിന് പ്രത്യേകം പ്രവേശനമുണ്ടായിരിക്കണമെന്നും നിർദിഷ്ട ചട്ടത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**ഡ്രൈ ഡേ പിൻവലിക്കാനുള്ള തീരുമാനം**

395 (408) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈ ഡേ പിൻവലിച്ച് ഐ.ടി. പാർക്കുകളിൽ മദ്യം വിതരണം ചെയ്യുന്നതുകൊണ്ട് സർക്കാരിന് എത്ര തുക അധിക വരുമാനമായി

ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഡ്രൈ ഡേ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഡ്രൈ ഡേയും ഐ.ടി. പാർക്കുകളിൽ മദ്യം ലഭ്യമാക്കുന്നതും തമ്മിൽ ബന്ധമില്ല. ഐ.ടി. പാർക്കുകളിൽ മദ്യം ലഭ്യമാക്കുന്നതിന് ലൈസൻസ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ചട്ടം രൂപീകരിക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഇത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയെടുത്ത തീരുമാനമല്ല.

(ബി) സംസ്ഥാനത്ത് ക്രമാതീതമായി വലിയ ക്രിമിനൽ കുറ്റങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് മദ്യത്തിന്റെ അമിതമായ ഉപയോഗവും മദ്യം സുലഭമായി ലഭിക്കുന്നതുമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് പരിഹാരമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) ഡ്രൈ ഡേ പിൻവലിക്കുന്ന നടപടി ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചന നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**മയക്കുമരുന്ന് വിൽപനയും ഉപയോഗവും തടയാൻ നടപടി**

396 (409) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികളിലും യുവാക്കളിലും ഉണ്ടാകുന്ന മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ഗുരുതരമായ ഈ സാമൂഹ്യ പ്രശ്നം ലഘൂകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി വിൽപ്പന തടയുന്നതിനായി എക്സൈസ് വകുപ്പ് വിപുലമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും വിദ്യാലയങ്ങളുടെ

പരിസരത്തുള്ള കടകളിലും ഒഴിഞ്ഞുകിടക്കുന്നതും കുട്ടികൾ കൂട്ടംകൂടിയിരിക്കാൻ സാധ്യതയുള്ളതുമായ മൈതാനങ്ങൾ, പഴയ കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവിടങ്ങളിൽ പോലീസ്, ആരോഗ്യം, ഭക്ഷ്യസുരക്ഷ തുടങ്ങിയ സർക്കാർ വകുപ്പുകളുമായി ചേർന്നും ജനകീയ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും നടത്തുകയും വിദ്യാർഥികളുടെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും സഹകരണത്തോടുകൂടി രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും ലഹരിവസ്തുക്കൾ സൂക്ഷിക്കുകയും ഉപയോഗിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നവർക്കെതിരെ അബ്കാരി, എൻ.ഡി.പി.എസ്., കോട്പ ആക്ടുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള

പരിശോധന നടത്തി വരുകയും ലഹരി കേസ്സുകളിൽ ഉൾപ്പെട്ട് പിടികൂടുന്ന യുവാക്കളുടെ ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ച് എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ നിരന്തരം നിരീക്ഷിച്ചുവരുകയും ചെയ്യുന്നു. സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുകയും ആയതിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർഥികൾക്കും യുവാക്കൾക്കും ശരിയായ അവബോധം നല്കുന്നതിനും ലഹരിയിൽനിന്നും സ്വയംസംരക്ഷണം തീർക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തിവരുന്നു.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി "ഉണർവ്", "നേർവഴി" എന്നീ പേരുകളിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കോളേജ് തലത്തിൽ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ

നടത്തിവരുന്നു. കൗൺസിലിംഗ് ആവശ്യമുള്ള വിദ്യാർഥികൾക്ക് പരിശീലനം സിദ്ധിച്ച എക്സൈസ് ഉദ്യോഗസ്ഥർ മുഖേന കൗൺസിലിംഗ് നൽകിവരുന്നു.

ആദിവാസി-തീരദേശ മേഖലകളിൽ യുവാക്കൾക്കിടയിലെ ലഹരിവർജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പ്രവർത്തിച്ചുവരുന്നു. ഗോത്രമേഖലയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും വിമുക്തി മിഷന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മൂന്ന് മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

(സി) മയക്കമരുന്ന് കൈവശം വയ്ക്കുകയും വിൽക്കുകയും ചെയ്യുന്നവർക്ക് കടുത്തശിക്ഷ ഉറപ്പുവരുത്തുന്നതിന് നിയമഭേദഗതികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

മയക്കമരുന്നുകൾ സംബന്ധിച്ച എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമാണ്. ആയതിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവനുസരിച്ച് കേസുകൾ സ്മാൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകൾ കുറച്ച് നിയമം കൂടുതൽ കർശനമാക്കുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**പുതിയ മദ്യ നയം**

397 (410) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യ നയം രൂപീകരിക്കുന്നതിന് എക്സൈസ് വകുപ്പ് ടൂറിസം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ?

ഇല്ല.

(ബി) എങ്കിൽ പുതിയ മദ്യ നയത്തിൽ ഉൾപ്പെടുത്താനായി ഏതൊക്കെ വിഷയങ്ങളിലാണ് ടൂറിസം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) പുതിയ മദ്യ നയത്തിൽ ഉൾപ്പെടുത്താനായി ടൂറിസം വകുപ്പിൽ നിന്നും എന്തൊക്കെ ശിപാർശകളാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്താനായി ടൂറിസം വകുപ്പിൽനിന്നും ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(നക്ഷത്രചിഹ്നമിടാത്ത 7, 11, 21, 34, 61, 102, 105, 158, 239, 250, 252, 256, 264 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)